# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 16, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 16, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

436/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 72

**II തിരുത്തിയ ഉത്തരം**

17-5-2017-ലെ നക്ഷത്രചിഹ്നമിട്ട 454-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം .. 388

**III അടിയന്തരപ്രമേയം**

സ്വാശ്രയ മെഡിക്കൽ കോളേജ് ഫീസിലെ അവ്യക്തത—

(അവതരണാനുമതി നിഷേധിച്ചു) .. 388

**IV ശ്രദ്ധ ക്ഷണിക്കൽ**

1. തെക്കുപടിഞ്ഞാറൻ കാലവർഷം—

ശ്രീ. കെ. കൃഷ്ണൻകുട്ടി .. 405

2. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ—

ശ്രീ. മോൻസ് ജോസഫ് .. 410

**V റിപ്പോർട്ട് സമർപ്പണം**

വിഷയനിർണ്ണയ സമിതി IX-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക
റിപ്പോർട്ട് .. 417

**VI ധനകാര്യം**

2017-18 സാമ്പത്തികവർഷത്തെ ബജറ്റിലേക്കുള്ള
ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചു. .. 417

*പേജ്*

**VII നിയമനിർമ്മാണകാര്യം**

2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും .. 417

**VIII അറിയിപ്പ്**

കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരിചയപ്പെടുത്തൽ .. 419

**അനുബന്ധം-I-III** 420

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 16, ബുധൻ*

| വാല്യം 168] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 6 |
|---|---|---|

നിയമസഭ 2017 ആഗസ്റ്റ് മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.......... ചോദ്യം നമ്പർ (*181). ചോദ്യം *181-ഉം *186-ഉം ക്ലബ് ചെയ്യുന്നതിന് ശ്രീ. മഞ്ഞളാംകുഴി അലി നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ വ്യത്യസ്തമായതിനാൽ ക്ലബിംഗ് അനുവദിക്കുന്നില്ല.

### അന്തർദ്ദേശീയ നിലവാരത്തിൽ കായികതാരങ്ങളെ വളർത്തിയെടുക്കൽ

1 (*181) ശ്രീ. കെ. ബാബു :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർദ്ദേശീയ നിലവാരത്തിൽ കായികതാരങ്ങളെ വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ ;

(ബി) സ്പോർട്സ്, ഗെയിംസ് ഇനത്തിൽ മികവ് തെളിയിക്കുന്നവരെ സർക്കാർ സർവ്വീസിൽ നിയമിക്കാൻ നടപടിയുണ്ടാകുമോ ;

(സി) സ്പോർട്സിൽ മികവ് തെളിയിക്കുന്നവർക്ക് നൽകിവരുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കാനുള്ള നീക്കം അവസാനിപ്പിക്കാൻ ഇടപെടുമോയെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന സർക്കാരിന്റെ ഇടപെടലുണ്ടായിട്ടും കേരളത്തിന്റെ അഭിമാനതാരമായ പി.യു. ചിത്രയെ ലോക മത്സരത്തിൽ പങ്കെടുപ്പിക്കാതിരുന്നതിന്റെ പശ്ചാത്തലത്തിൽ കായികരംഗത്തെ സംഘടനകളുടെ പ്രവർത്തനം അവലോകനം നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ,

(എ) മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും ഓരോ കായികതാരങ്ങൾക്കും അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും വിദഗ്ധ പരിശീലനം നൽകുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരളത്തിലെ മികച്ച കായികപ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/ കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും താമസവും ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

എൽ.എൻ.സി.പി.-യിൽ പ്രവർത്തിച്ചുവരുന്ന എലൈറ്റ് അത്‌ലറ്റിക്സ് സ്കീം, തൃപ്രയാറിലെ ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ ഫോർ വോളിബോൾ എന്നിവിടങ്ങളിൽ നാഷണൽ/ഇന്റർ നാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിവുള്ള 13 അത്‌ലറ്റിക്സിനും 17 വോളിബോൾ കായികതാരങ്ങൾക്കും പരിശീലനം നൽകിവരുന്നുണ്ട്. ഫെൻസിംഗ് എലൈറ്റ് സ്കീമിൽ 5 കായികതാരങ്ങൾക്കും നിലവിൽ നാഷണൽ/ഇന്റർനാഷണൽ ലെവലിലുള്ള പരിശീലനം നൽകിവരുന്നുണ്ട്.

കൂടാതെ, 2020-2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റെസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി "ഓപ്പറേഷൻ ഒളിമ്പിയ" പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

2020-2024 വർഷങ്ങളിലെ ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ റെസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി) സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവുകൾ വീതം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ 2 ഒഴിവുവീതം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവുവീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്. 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ നിലവിലുള്ള ഒഴിവുകളിലേക്കുള്ള നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) മികച്ച കായികതാരങ്ങൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ അധിക മാർക്ക് നൽകുന്നതിന് 11-1-1978-ലെ G.O.(MS) No.21/78/GAD, 30-5-2012-ലെ G.O (MS) No.129/2012/GAD എന്നിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം 32 കായിക ഇനങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുണ്ട്. ആയതു നിർത്തലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല.

(ഡി) മലയാളിയായ ഇന്ത്യൻ അത്‌ലറ്റിക്സ് താരം പി.യു. ചിത്രയെ ലോക അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിൽനിന്ന് ഒഴിവാക്കിയ സംഭവത്തിലേക്ക് നയിച്ച സാഹചര്യത്തെപ്പറ്റി അന്വേഷണം നടത്തി വേണ്ട തിരുത്തൽനടപടി സ്വീകരിക്കാൻ കേന്ദ്ര കായിക മന്ത്രാലയത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു</u> : സർ, ഏഷ്യൻ അത്‌ലറ്റിക്സ് മീറ്റിൽ സ്വർണ്ണം നേടിയ മലയാളികളുടെ പ്രിയപ്പെട്ട കായികതാരത്തെ ലോക അത്‌ലറ്റിക്സ് മീറ്റിൽ നിന്നും ഒഴിവാക്കിയപ്പോൾ കായികലോകവും മലയാളികളും ഒരുപോലെ പ്രതിഷേധിച്ചു.

കൂലിപ്പണിക്കാരുടെ മകളായി പിറന്നതുകൊണ്ടാണോ, അതോ ഗോഡ് ഫാദർ ഇല്ലാത്തതുകൊണ്ടാണോ എന്ന് എല്ലാവരും സംശയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രതികരണവും ഇടപെടലും ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയും ബഹുമാന്യനായ പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും പി.യു. ചിത്രയുടെ വീട്ടിൽപ്പോയി ആശ്വസിപ്പിച്ചതും ഏറെ അഭിനന്ദനമർഹിക്കുന്നു. പി.യു. ചിത്രയ്ക്ക് ദിനബത്തയായി 500 രൂപയും മാസ സ്റ്റൈപ്പന്റായി 10,000 രൂപ നൽകുന്നതിനും ഈ കാലഘട്ടത്തിൽ ജോലിയിൽനിന്നും പുറത്താക്കിയ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് ജോലി നൽകാനെടുത്ത എൽ.ഡി.എഫ്. സർക്കാരിന്റെ തീരുമാനത്തേയും ഈയവസരത്തിൽ അഭിനന്ദിക്കുന്നു. കായികമേഖലയിൽ മികവ് തെളിയിച്ച പ്രതിഭകളുടെ ജീവിത സുരക്ഷിതത്വമാണ് സ്പോർട്സ് ക്വാട്ടയിൽ ഒരു ജോലി ലഭിക്കുകയെന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് സ്പോർട്സ് ക്വാട്ട നിയമനത്തിനാവശ്യമായ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

ശ്രീ. എ. സി. മൊയ്തീൻ : സർ, ദേശീയ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടിയ 72 കായിക താരങ്ങൾക്ക് നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു. അതിൽ മറ്റ് മെഡലുകൾ നേടിയ കായികതാരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആ ഇനങ്ങളിലുള്ള എല്ലാവർക്കും ജോലി നൽകാൻ കഴിയും. ഇതോടൊപ്പം 2010 മുതൽ സ്പോർട്സ് ക്വാട്ടയിലുള്ള അമ്പത് ഒഴിവുകൾ വീതം നികത്താൻ കഴിയാതെ കിടക്കുകയായിരുന്നു. 2010 മുതലുള്ള നിയമനങ്ങൾ കുടിശ്ശികയാണ്. അതിനുവേണ്ടി ഇപ്പോഴൊരു പ്രത്യേക സെൽ രൂപീകരിച്ച് അവരുടെ നിയമനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : സർ, പാലക്കാട്ടുനിന്നും നിരവധി കായികതാരങ്ങൾ ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ മികവ് തെളിയിച്ചിട്ടുണ്ട്. വളർന്നുവരുന്ന കായിക താരങ്ങൾക്കാവശ്യമായ പരിശീലനത്തിനും കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമായി എം.പി., എം.എൽ.എ., തദ്ദേശസ്വയംഭരണ സമിതികൾ എന്നിവരുടെ ഫണ്ടും ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സമിതിയും രൂപീകരിച്ച് പാലക്കാട് അന്തർദേശീയ നിലവാരത്തിലുള്ള ഒരു ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി 2010-ൽ ആരംഭിച്ചു. 2011-12 ബഡ്ജറ്റിൽ മൂന്ന് കോടി രൂപ മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് മാറ്റിവച്ചെങ്കിലും കഴിഞ്ഞ അഞ്ച്വർഷക്കാലം ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റ് അതിൽനിന്നും നയാപൈസപോലും പൂർത്തീകരിക്കാൻ കൊടുത്തില്ല. എന്നാൽ 7 കോടി രൂപ ചെലവഴിച്ച് മെഡിക്കൽ കോളേജിൽ ഒരു സിന്തറ്റിക്

ട്രാക്കുണ്ടാക്കിയിട്ടുണ്ട്. പക്ഷെ കഴിഞ്ഞ മഴക്കാലത്ത് ഒരു തവള ഓടിയപ്പോൾത്തന്നെ അത് തകർന്നുപോയെന്നാണ് പത്രമാധ്യമങ്ങൾ പറയുന്നത്. 9.6 കോടി രൂപ ചെലവഴിച്ച് ഇപ്പോഴും പൂർത്തീകരിക്കപ്പെടാത്ത, അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയരേണ്ട പാലക്കാട് ഇൻഡോർ സ്റ്റേഡിയം അടിയന്തരമായി പണി പൂർത്തീകരിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ശ്രീ. എ. സി. മൊയ്തീൻ : സർ, പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇടക്കാലത്ത് തടസ്സപ്പെട്ടുപോയി എന്നുള്ളത് വസ്തുതയാണ്. അതിനായി കുറെ പണം ചെലവഴിച്ചെങ്കിലും അത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ : സർ, കായികതാരങ്ങൾക്ക് ജോലി കൊടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും കായിക വകുപ്പുമന്ത്രിയേയും അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, ഒന്നാമത്, എല്ലാ പഞ്ചായത്തിനും കളിക്കളമെന്നത് നമ്മുടെ സർക്കാരിന്റെ നയമാണ്; ആ കളിക്കള നിർമ്മാണത്തിന്റെ പുരോഗതിയെന്തായി? രണ്ട്, സ്പോർട്സ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നുള്ള തീരുമാനം സംസ്ഥാന സർക്കാരെടുത്തു എന്നാണ് മനസ്സിലാക്കുന്നത്; അത് ഏത് അക്കാഡമിക് വർഷം മുതൽ തുടങ്ങാൻ സാധിക്കും? മൂന്ന്, പല സ്പോർട്സ് അസോസിയേഷനുകളിലും അതാത് കായികമേഖലകളുമായി ബന്ധമില്ലാത്തവരാണുള്ളത്; കായിക നിയമത്തിന്റെ ഭേദഗതി വരുമ്പോൾ അസോസിയേഷന്റെ തലപ്പത്ത് അതാത് കായിക മേഖലയെക്കുറിച്ച് അറിവുള്ള ആളുകളെ നിയമിക്കാൻ എന്തെങ്കിലും തരത്തിൽ ഇടപെടാൻ സാധിക്കുമോ; അത്തരത്തിലൊരു ഇടപെടൽ നടന്നാൽ ഒരു പരിധിവരെ നമുക്ക് അഴിമതി കുറയ്ക്കാൻ സാധിക്കും; ഇക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, കായിക മേഖലയിൽ അസോസിയേഷനുകളുടെ കിടമത്സരം കായിക താരങ്ങൾക്ക് വിഘാതമായി വരുന്നുണ്ടെന്നുള്ള ആക്ഷേപം നമുക്കെല്ലാം ബോധ്യമുള്ള കാര്യമാണ്. സ്പോർട്സിനെ സ്പോർട്സായി കാണുന്നതിനുപകരം തെറ്റായ മാർഗ്ഗങ്ങളിലേക്ക് പോകുന്ന അസോസിയേഷനുകളെ തിരുത്താൻ കഴിയണം. കായികനിയമം രൂപീകരിക്കുമ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച ഈ വസ്തുതകളുടെകൂടി അടിസ്ഥാനത്തിലുള്ള തീരുമാനങ്ങളുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിക്ക് രൂപം നൽകിയ സർക്കാരിനും മന്ത്രിക്കും അഭിനന്ദനങ്ങൾ. എന്റെ മണ്ഡലമായ ബാലുശ്ശേരിയിലാണ് പി. ടി. ഉഷ സ്കൂളുമായി ബന്ധപ്പെട്ട സിന്തറ്റിക് ട്രാക്ക്. പി. യു. ചിത്രയ്ക്ക് കൈത്താങ്ങായി നിന്നുവെന്നുള്ളത് ഇടതുപക്ഷ സർക്കാരിന്റെ പ്രതിജ്ഞാബദ്ധത തന്നെയാണ്.

മലയാളിയായ ഇന്ത്യൻ അത്‌ലറ്റിക് താരം പി. യു. ചിത്ര എന്ത് പിഴച്ചു? അവഗണനയും അധികാര സ്ഥാനങ്ങൾക്കുവേണ്ടിയുള്ള കിടമത്സരങ്ങളിൽ രക്തസാക്ഷിയായത് കഴിവുള്ള ഒരു താരമാണ്. ജോലിയും മറ്റ് കാര്യങ്ങളെല്ലാംകൊടുത്ത് അവരെ ആശ്വാസിപ്പിച്ചെങ്കിലും ഈ രംഗത്ത് വർണ്ണം, ജാതി, സൗന്ദര്യം എന്നിവ ഘടകമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, പി.യു. ചിത്രയുടെ അവസരം നിഷേധിക്കപ്പെട്ടത് നമ്മളെയെല്ലാം വേദനിപ്പിച്ച കാര്യമാണ്. കേരളവും കായികലോകവും ഒരു മനസ്സായി ആ കാര്യത്തിൽ പി.യു. ചിത്രയോടൊപ്പം നിന്നു. കേരളാ ഗവൺമെന്റും ആവുന്ന രീതിയിലെല്ലാം ഇടപെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് ഇടപെട്ട് കേന്ദ്ര കായിക വകുപ്പുമന്ത്രിയോട് ഇക്കാര്യം പറഞ്ഞു. അത്‌ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്തിയതെന്നാണ് പറയുന്നത്. പക്ഷെ ഒരു മാനദണ്ഡവും ബാധകമാക്കിയിരുന്നില്ല എന്ന് പിന്നീട് സെലക്ഷനിൽ ആ ടീമംഗങ്ങളുടെ പേര് കണ്ടപ്പോൾ ബോധ്യപ്പെട്ടു. ഒരു പാവപ്പെട്ട കുടുംബത്തിലെ, ഏറ്റവും ദരിദ്രമായ പശ്ചാത്തലത്തിലുള്ള, സ്വന്തം കഴിവുകൾവച്ച് പരിശീലനം നേടി മികവ് തെളിയിച്ച താരമാണ് പി. യു. ചിത്ര. ആ കുട്ടിക്ക് അവസരം നിഷേധിക്കപ്പെട്ടത് വളരെ ദുഃഖകരമാണ്; ഈ കാര്യം മേലിൽ ആവർത്തിക്കാതിരിക്കണമെന്നുള്ളതാണ് സർക്കാരിന്റെ അഭിപ്രായം. ഇത്തരം കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കാൻവേണ്ടി പി.യു. ചിത്രയ്ക്കായി ഇപ്പോൾ ചെയ്തിട്ടുള്ളത്, ഏറ്റവും ഉന്നതമായ പരിശീലനം ലഭിക്കാനുള്ള സൗകര്യമാണ്. ആ കുട്ടിയുടെ വീട്ടിലെ പശ്ചാത്തലം വളരെ മോശമാണ്. ആ കുട്ടിക്ക് പതിനായിരം രൂപ സ്കോളർഷിപ്പും ഭക്ഷണത്തിനുവേണ്ടി പ്രതിദിനം 500 രൂപയും കൊടുക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. വിദേശ കോച്ചുകളുടെ പരിശീലനമുൾപ്പെടെ പി. യു. ചിത്രയ്ക്ക് ലഭ്യമാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന മലയാളി താരങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പാരിതോഷികത്തിന്റെ തുക പത്തു വർഷം പഴക്കമുള്ള ഒരുത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നൽകിവരുന്നത്. മറ്റു പല സംസ്ഥാനങ്ങളും ഓരോ വർഷവും തുക പുതുക്കിക്കൊണ്ടിരിക്കുമ്പോൾ, കേരളം ആ തുക പുതുക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. നമ്മുടെ മലയാളി താരങ്ങളെ കേരളത്തിൽത്തന്നെ നിലനിർത്താനാവശ്യമായ വിധത്തിൽ സർക്കാർ തീരുമാനത്തിന്റെ ഭാഗമായി ഇക്കാര്യത്തിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഏഷ്യൻ അത്‌ലറ്റിക്ക് മീറ്റിൽ ഈ വർഷം കായികതാരങ്ങൾക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള സമ്മാനത്തുക ഏർപ്പെടുത്തിയിട്ടുണ്ട്. വ്യക്തിഗതയിനങ്ങളിൽ മെഡൽ നേടിയ ചിത്ര ഉൾപ്പെടെയുള്ള കേരളത്തിലെ കായിക താരങ്ങൾക്ക് പത്തു ലക്ഷം രൂപയാണ് നൽകാൻ തീരുമാനിച്ചത്. അതിൽ രണ്ടാം സമ്മാനം കിട്ടിയതിനപ്പുറത്തുള്ളവർക്ക് അഞ്ച് ലക്ഷം രൂപയും അതിനുതാഴെയുമായി കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതുപോലെ ഓരോ ഇനത്തിനും നിലവിലുണ്ടായിരുന്നതിന്റെ 200 ശതമാനം തുക വർദ്ധിപ്പിച്ചാണ് കായിക താരങ്ങൾക്ക് നൽകിയത്. പക്ഷേ ഓരോ ഇനത്തിനും ഓരോ ഇവന്റ് വരുമ്പോഴും വർദ്ധിപ്പിക്കുക എന്നുള്ളതിനുപകരം കാലാനുസൃതമായി എല്ലാ ഇനങ്ങളുടെയും മത്സരങ്ങളിൽ പങ്കെടുത്ത വിജയികൾക്ക് ഈ തുക വർദ്ധിപ്പിച്ച് നൽകുന്നതിനെ കുറിച്ച് ഒരു പൊതുനിർദ്ദേശമുണ്ടാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. അക്കാര്യം പരിഗണനയിലാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പഞ്ചായത്തുകൾതോറും സ്പോർട്സ് കോംപ്ലക്സുകൾ ആരംഭിക്കാനുള്ള പദ്ധതിയുടെ ഭാഗമായി 25-ഓളം കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മിക്കാൻ സർക്കാർ ഫണ്ട് വകയിരുത്തിയത് നല്ല കാര്യമാണ്. പക്ഷേ ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്പോർട്സ് കോംപ്ലക്സ് എന്നുള്ള നിലയിൽ, സ്പോർട്സ് കോംപ്ലക്സുകൾ ഇല്ലാത്ത സ്ഥലങ്ങളിലും മണ്ഡലങ്ങളിലും ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രത്യേക പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിൽ സ്പോർട്സ് കോംപ്ലക്സുകൾ ആരംഭിക്കുമെന്ന് ബജറ്റിൽ പറഞ്ഞിരുന്നു. 7 ജില്ലകളിലാണ് അതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുള്ളത്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി കിറ്റ്കോയെ എസ്.പി.വി. ആയി നിശ്ചയിച്ചിട്ടുണ്ട്; കിഫ്ബിക്ക് സമർപ്പിക്കാൻ തയ്യാറായിട്ടുണ്ട്. മറ്റ് ജില്ലകളിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ബജറ്റ് പ്രസംഗത്തിൽപ്പറഞ്ഞ 135 കോടി രൂപ ചെലവഴിച്ച 25 ഗ്രൗണ്ടുകളുടെ കാര്യമാണ് പ്രത്യേക സാമ്പത്തിക സഹായ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിരുന്നത്. അതിൽ 19 എണ്ണത്തിന് എ.എസ്. നൽകിയിട്ടുണ്ട്. അതുപോലെ 16 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകളിൽ ഒരു പൊതു കളിസ്ഥലം വികസിപ്പിച്ചെടുക്കുക എന്ന കാഴ്ചപ്പാടോടുകൂടി തുടർന്നുള്ള വർഷങ്ങളിൽ ബഡ്ജറ്റ് സഹായത്തോടുകൂടി ഇത്തരം പദ്ധതികൾ കേരളത്തിലാകമാനം നടപ്പാക്കി മുന്നോട്ടുപോകുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കായികതാരങ്ങളെ വളർത്താനെന്നുള്ള പേരിൽ പല സ്വകാര്യ സ്പോർട്സ് അക്കാഡമികളും നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. മാറിമാറി വരുന്ന ഓരോ ഗവൺമെന്റുകൾ സ്ഥലവും കോടിക്കണക്കിന് രൂപയും

അവർക്ക് അനുവദിച്ചിട്ടുണ്ട്. ഒരു പക്ഷേ അത്തരത്തിലുള്ള അക്കാഡമികളിൽ എന്താണ് നടക്കുന്നതെന്ന് പരിശോധിക്കാനുള്ള സംവിധാനം ഇതുവരെ സ്പോർട്സ് വകുപ്പിൽ ഉണ്ടായിട്ടില്ല. ഇത്തരം അക്കാഡമികളിലുള്ള പലരും പഴയ സ്പോർട്സ് താരങ്ങളായിരിക്കും; അവരൊക്കെയായിരിക്കും ഈ സ്ഥാപനങ്ങൾ നടത്തുന്നത്. അവർ നല്ല താരങ്ങളാണെങ്കിലും കോച്ചുമാരായിരിക്കണമെന്നില്ല. സ്വകാര്യ സ്വത്തു പോലെ അവരിതിനെ കൊണ്ടുനടക്കുകയാണ്. അവിടെ അനഭിലഷണീയമായ പല കാര്യങ്ങളും നടക്കുന്നുണ്ട്. എന്നാൽ നമ്മൾ പ്രതീക്ഷിക്കുന്നതുപോലെ പുതിയ താരോദയങ്ങളൊന്നും അവിടെയുണ്ടാകുന്നില്ല. സാധാരണഗതിയിൽ ഗവൺമെന്റിന്റെ പണം എവിടെ ചെലവഴിച്ചാലും അത് എ.ജി.-യോ മറ്റ് സംവിധാനങ്ങളോ പരിശോധിക്കാനുണ്ടാകും. എന്നാൽ ഇവിടെ അങ്ങനെയൊരു പരിശോധന നടക്കുന്നില്ല. ഗവൺമെന്റ് നൽകുന്ന ഭൂമിയും പണവും അവർ ദുരുപയോഗം ചെയ്യുകയാണ്. അത് ശരിയായ നിലയിലല്ലാതെ വിനിയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കേരളത്തിന്റെ അഭിമാനങ്ങളായ കായിക താരങ്ങളിൽ ചിലർ ഇത്തരം ട്രെയിനിംഗ് സെന്ററുകൾ നടത്തുന്നുണ്ട്. അതെല്ലാം മോശമാണെന്നുള്ള അഭിപ്രായം സർക്കാരിനില്ല. ചില സ്ഥലങ്ങളിലൊക്കെ അവർ മികച്ച പ്രവർത്തനം നടത്തുന്നുണ്ട്. പക്ഷേ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ, ഇതൊക്കെ സ്വന്തമെന്നുള്ള നിലയ്ക്ക് കൈകാര്യം ചെയ്യുന്ന ആളുകളുമുണ്ട്. സർക്കാരിന്റെ ഗ്രാന്റും സ്ഥലവുമൊക്കെ നൽകിയാണ് ഇത്തരം അക്കാഡമികൾ പല സ്ഥലത്തും പ്രവർത്തിക്കുന്നത്. ഇവയൊക്കെ പരിശോധിക്കുന്നതിന് ഇപ്പോൾ പരിമിതമായ രീതിയിലുള്ള സംവിധാനമുണ്ട്. അത് ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കും. ഇത്തരം സ്ഥാപനങ്ങളെക്കൂടി സ്പോർട്സ് മികവിന് വേണ്ടിയുള്ള സ്ഥാപനങ്ങളാക്കി മാറ്റണമെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

ശ്രീ. വി. ടി. ബൽറാം : സർ, ഇവിടെ നേരത്തെ പരാമർശിക്കപ്പെട്ട ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ ക്ലാരിറ്റിയോടുകൂടി മറുപടി പറഞ്ഞോയെന്ന് സംശയമുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ആദ്യ ബഡ്ജറ്റിൽ പല സ്ഥലങ്ങളിലും കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്റെ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് അടക്കമുള്ള കാര്യങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. അതിന്റെ ഡി.പി.ആർ. സമർപ്പിച്ച് ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്. പക്ഷേ ഇതുവരെ ടെണ്ടർ ചെയ്യാനോ മറ്റു നടപടികളിലേയ്ക്കോ കടന്നിട്ടില്ല. അവിടെ മാത്രമല്ല, ആ ബാച്ചിൽ വന്നിട്ടുള്ള മുഴുവൻ കളിസ്ഥലങ്ങളുടേയും അവസ്ഥ

ഇതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എത്രയും പെട്ടെന്ന് സ്പോർട്സ് വകുപ്പ് മുൻകയ്യെടുത്ത് ധനകാര്യവകുപ്പുമന്ത്രിയുമായി സംസാരിച്ചതിനുശേഷം കിഫ്ബി വഴി അതിനുള്ള ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കിഫ്ബിവഴി പ്രഖ്യാപിച്ച 25 പദ്ധതികളെക്കുറിച്ചും ക്ലാരിറ്റിയോടുകൂടിയാണ് ഞാൻ പറഞ്ഞത്. 25 പഞ്ചായത്തുകളുടെ പദ്ധതിയെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിലുണ്ടായിരുന്നു. 19 എണ്ണത്തിന് എ.എസ്. കൊടുത്തുകഴിഞ്ഞു. ചിലതിൽ സ്ഥലത്തിന്റെ പ്രശ്നവും മറ്റ് ചിലതിൽ സാങ്കേതിക പ്രശ്നത്തിന്റെ ഭാഗമായുള്ള അസൗകര്യങ്ങളുമുണ്ട്. അതിൽ 16 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. എസ്.പി.വി. ആയി കിറ്റ്കോയെ നിയമിക്കുകയും അത് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള പൂർണ്ണതയിലേക്ക് എത്തിയിരിക്കുകയുമാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ ഈ പ്രശ്നം പ്രത്യേകമായി നോക്കിയതിനുശേഷമേ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള കാര്യം പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ടി. എ. റഹീം: സർ, വിവിധ സ്ഥലങ്ങളിൽ സ്പോർട്സ് കോംപ്ലക്സുകൾ ആരംഭിക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ മാവൂർ പഞ്ചായത്തിൽ തെന്നിലക്കടവിൽ സർക്കാർ ഉടമസ്ഥതയിലുള്ള 7 ഏക്കർ സ്ഥലം പരിശോധിച്ചിരുന്നു. അത് ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അത് പരിശോധിച്ചതിനുശേഷം പറയാം. ഇപ്പോൾ മറുപടി പറയാൻ കഴിയില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, കായികതാരങ്ങളെ വാർത്തെടുക്കുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന മേഖല സ്കൂളുകളാണ്. സ്കൂൾ മീറ്റുകളിലും മറ്റും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്ന ചില സ്കൂളുകളുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ കല്ലടി സ്കൂൾ, പാലക്കാട് ജില്ലയിലെ പറളി-മുണ്ടൂർ സ്കൂളുകൾ എന്നിവയുണ്ട്. പി. യു. ചിത്ര ഉൾപ്പടെയുള്ളവർ കടന്നുവന്നത് അത്തരം സ്കൂൾ മീറ്റുകളിലൂടെയാണ്. ഇത്തരം ശ്രദ്ധേയമായ സ്കൂളുകൾ കോട്ടയം ജില്ലയിലുൾപ്പെടെ എല്ലാ ജില്ലകളിലുമുണ്ട്. വളരെ പരിമിതമായ സൗകര്യങ്ങൾവച്ചുകൊണ്ടാണ് ഇത്തരം സ്കൂളുകൾ കുട്ടികൾക്ക് പരിശീലനം നൽകുന്നത്. ദേശീയ മീറ്റുകളിലും അന്തർദ്ദേശീയ മീറ്റുകളിലും കല്ലടി സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളിലെ പ്രതിഭകൾ പങ്കെടുക്കുന്നുണ്ട്. നാഷണൽ ഗെയിംസിന്റെ ഭാഗമായി കഴിഞ്ഞതവണ ചില സൗകര്യങ്ങൾ ചെയ്തപ്പോൾ പല സ്കൂളുകൾക്കും ഒരു സിന്തറ്റിക് ട്രാക്ക് കൊടുത്തിരുന്നു. ഇത്തരം സ്കൂളുകൾക്ക് സ്പോർട്സ് വകുപ്പിൽനിന്ന് പ്രത്യേകമായ സഹായങ്ങൾ ചെയ്തുകൊണ്ട് ആധുനിക പരിശീലനങ്ങൾ നൽകാൻ സിന്തറ്റിക് ട്രാക്കുൾപ്പെടെ മൾട്ടി പർപ്പസ് സ്പോർട്സ് പ്ലെയ്സസ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ഇപ്പോൾ അത്തരം സ്കൂളുകൾക്ക് ചില പ്രത്യേക സഹായങ്ങൾ സ്പോർട്സ് കൗൺസിൽ മുഖാന്തരം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. കേരളത്തിലെ ചില സ്കൂളുകൾ മാതൃകാപരമായി കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനുവേണ്ടി അവിടത്തെ പി.ടി.എ.-യും നാട്ടുകാരും കായിക അദ്ധ്യാപകരും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. അത്തരം സ്ഥലങ്ങളിൽ സ്ഥലത്തിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് കോച്ചിംഗിനായി ആവശ്യമായ സൗകര്യങ്ങൾ സർക്കാർ ഏർപ്പെടുത്തിക്കൊടുക്കാൻ തയ്യാറാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, കഴിഞ്ഞ ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച അനസ് എന്ന ചെറുപ്പക്കാരൻ ചടയമംഗലം മണ്ഡലത്തിലുള്ളതാണ്. കേരളം സന്തോഷ് ട്രോഫി നേടിയപ്പോൾ ആ ഫുട്ബോൾ ടീമിലെ അംഗം ചടയമംഗലം മണ്ഡലത്തിലെ മഹാത്മാ ഫുട്ബാൾ ക്ലബ്ബിലെ അജയനാണ്. അവിടെ ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്. അനസിന്റെ അനുജൻ മിക്കവാറും 2020-ലെ ഒളിംമ്പിക്സിൽ പങ്കെടുക്കുമെന്ന് ഉറപ്പാണ്. കാരണം, ഇന്ത്യൻ ടീം വിന്നറാണ്. ഇപ്പോൾ ലോക അത്‌ലറ്റിക് മീറ്റിലും അനസ് പങ്കെടുത്തു. അനസ്സിന്റെ അമ്മ ഒരു നിവേദനം തന്നിട്ടുണ്ട്; അച്ഛൻ മരിച്ചുപോയ, അമ്മ വളർത്തുന്ന ഒരു കുട്ടിയാണ് അനസ് എന്നും താമസിക്കാൻ ഒരു വീട് അനുവദിക്കണമെന്നും നിവേദനത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2008-ൽ ചടയമംഗലത്ത് സ്പോർട്സ് അക്കാഡമിക്കുവേണ്ടി സ്പോർട്സ് വകുപ്പിന് 20 ഏക്കർ ഭൂമി നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതുമായി മുന്നോട്ടുപോയില്ല. ഇതുമായി ബന്ധപ്പെട്ട് ഞാനൊരു സബ്മിഷൻ കൊണ്ടുവന്നതിന് അങ്ങ് പോസിറ്റീവായി മറുപടി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനസ്സിനെപ്പോലെയുള്ളവർക്കും മറ്റുള്ളവർക്കും ആവശ്യമായ ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന് ചടയമംഗലം മണ്ഡലത്തിൽ സർക്കാർ നൽകിയ 20 ഏക്കർ ഭൂമിയിൽ സ്പോർട്സ് അക്കാഡമി കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. സ്പോർട്സിന് മറ്റ് മേഖലകളെപ്പോലെ പ്രാമുഖ്യം നൽകുന്ന ഒരാളാണ്. ശ്രീ. അനസിന്റെ സഹോദരനും ഇപ്പോൾ എൽ.എൻ.സി.പി.-യിൽ പരിശീലനത്തിലാണ്. ഈ വർഷം ലോകമീറ്റിൽ പങ്കെടുക്കാൻ കഴിയുന്ന മികച്ച കായിക താരമായി അനസിന്റെ അനുജനും വരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ച ലഭ്യമായ ഇരുപതേക്കർ ഭൂമി സ്പോർട്സ് അക്കാഡമിക്കുവേണ്ടി പ്രയോജനപ്പെടുത്തണമെന്ന ആവശ്യം കണക്കിലെടുത്ത് ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഈ വർഷത്തെ നിർദ്ദേശങ്ങളിൽ അക്കാര്യം ഉൾപ്പെടുത്തി ചെയ്യാൻ കഴിയുമോയെന്ന കാര്യം സജീവമായി സർക്കാർ പരിഗണിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളിയും അതുപോലെതന്നെ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കോരുത്തോട് ഉൾപ്പെടുന്ന മേഖലയും കേരളത്തിന്റെ കായിക മേഖലയ്ക്ക് ഒട്ടേറെ സംഭാവന ചെയ്തിട്ടുള്ള പ്രദേശമാണ്. അതുകൊണ്ടുതന്നെ കാഞ്ഞിരപ്പള്ളിയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന ഏകദേശം ആറേക്കർ സ്ഥലത്ത് സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായി. അങ്ങ് മന്ത്രിയായശേഷം അക്കാര്യത്തിൽ കുറെയേറെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. 2018 വിദ്യാഭ്യാസ വർഷത്തിലെങ്കിലും കാഞ്ഞിരപ്പള്ളിയിലെ സ്പോർട്സ് സ്കൂൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽത്തന്നെ ഇക്കാര്യത്തെ പറ്റിയുള്ള ഒരു പ്രത്യേക മീറ്റിംഗ് ചേർന്നിരുന്നു. അദ്ദേഹം ഉന്നയിക്കുന്നത് ന്യായമായ കാര്യമാണ്. അക്കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വം തന്നെ പരിഗണിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, കഴിഞ്ഞ നാഷണൽ ഗെയിംസിൽ വിജയികളായവർക്ക് സർക്കാർ ജോലി നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നു. വ്യക്തിഗത ഇനങ്ങളിൽ മാത്രമല്ല, ടീം ഇനങ്ങളിൽ വിജയിക്കുന്നവർക്കും പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകാമെന്ന് കഴിഞ്ഞ ഗവൺമെന്റ് പറഞ്ഞിരുന്നെങ്കിലും ആ വാഗ്ദാനം അവർ പാലിച്ചില്ല. പലരും മന്ത്രിയുടെ ഓഫീസിലും സർക്കാർ ഓഫീസുകളിലും ഇന്ന് കയറിയിറങ്ങുകയാണ്. അന്ന് ഗവൺമെന്റ് നൽകിയ വാഗ്ദാനം പാലിക്കാനാവശ്യമായ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, അതിനാവശ്യമായ രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ യോഗം ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ വിളിച്ചുചേർത്തു. പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങൾ പി.എസ്.സി.-യുടെ നിബന്ധനകളിൽ നിന്നൊഴിവാക്കി ഇലക്ട്രിസിറ്റി ബോർഡിന് കൊടുത്തതുപോലെ നിയമത്തിലാവശ്യമായ മാറ്റമുണ്ടാകണം. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ, സാധ്യതയുള്ള എല്ലാ സ്ഥലങ്ങളിലും നിയമനം നൽകാൻ തയ്യാറാണെന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾ അറിയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള നടപടി വളരെ വേഗത്തിൽ സ്വീകരിക്കും. മറ്റിനങ്ങളിൽ മെഡൽ കിട്ടിയിട്ടുള്ളവർക്ക് ജോലി കൊടുക്കുമെന്ന വാഗ്ദാനം പാലിക്കാനും കഴിയും.

ശ്രീ. പി. സി. ജോർജ് : സർ, സ്പോർട്സിന്റെ കുലപതിയായി അറിയപ്പെടുന്ന പൂഞ്ഞാർ രാജകുടുംബത്തിലെ അംഗം ജി. വി. രാജയുടെ പേരിലാണ് സ്പോർട്സിന്റെ അവാർഡ് കൊടുക്കുന്നത്. പൂഞ്ഞാറിൽ വച്ചുതന്നെ അവാർഡ് കൊടുക്കണമെന്ന

തീരുമാനം ഗവൺമെന്റ് എടുത്തിരുന്നെങ്കിലും തിരുവനന്തപുരത്തുകാർ അത് തട്ടിയെടുത്തിരിക്കുകയാണ്. ഒരു പ്രാവശ്യം തിരുവനന്തപുരത്തും ഒരു പ്രവാശ്യം പൂഞ്ഞാറും വച്ച് അവാർഡ് നൽകുന്നതിനെപ്പറ്റി തീരുമാനമെടുത്തിരുന്നതാണ്. ഈ വർഷമെങ്കിലും അത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ; ജി. വി. രാജയുടെ പേരിലുള്ള സ്റ്റേഡിയത്തിന്റെ നിർമ്മാണം വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ നിർമ്മാണത്തിൽ കുറച്ചുകൂടി ശ്രദ്ധചെലുത്താനുള്ള സന്മനസ് പ്രകടിപ്പിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, സ്പോർട്സിന്റെ പിതാവായ ഗോദവർമ്മ രാജയെ ഏതെങ്കിലുമൊരു പ്രദേശത്തിന്റെ ആളായി ഒതുക്കേണ്ടതില്ല. നമുക്കെല്ലാം അവകാശപ്പെട്ടതാണ്. പൂഞ്ഞാറിനോട് ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് വൈകാരികമായി ബന്ധമുണ്ടാകുന്നത് സ്വാഭാവികമാണ്. ഇപ്പോൾ തിരുവനന്തപുരത്തുവച്ചാണ് അവാർഡ് കൊടുക്കുന്നത്. തലസ്ഥാനത്തുവച്ചുതന്നെ അവാർഡ് കൊടുക്കുമ്പോൾ അതിന്റേതായ പ്രത്യേകതയുണ്ട്. അങ്ങ് സൂചിപ്പിച്ച രണ്ടാമത്തെ കാര്യം സർക്കാർ ഗൗരവത്തോടെ പരിഗണിക്കുന്നതാണ്.

**കയർ മേഖലയുടെ പുനഃസംഘടന**

2(*182) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് കയർ സംഘങ്ങളുടെ ആധുനികവൽക്കരണം സംബന്ധിച്ച് ഏതെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) കയർ മേഖലയെ പുനഃസംഘടിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) കയർ മേഖലയെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലേയ്ക്ക് മാറ്റുന്ന നടപടി ഏത് ഘട്ടത്തിലാണ് ;

(ഡി) ഇക്കഴിഞ്ഞ ഓണക്കാലത്ത് കയറുൽപ്പന്നങ്ങളുടെ റിബേറ്റ് വിൽപ്പനയിലൂടെ എത്ര രൂപയുടെ വിൽപ്പന നടന്നുവെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് കയർ സംഘങ്ങളുടെ ആധുനികവൽക്കരണം സംബന്ധിച്ച് 200 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കയർ മേഖലയുടെ പുനഃസംഘടനയ്ക്കായി രണ്ടാം കയർ പുനഃസംഘടനാ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) രണ്ടാം കയർ പുനഃസംഘടനാ സ്കീമിന്റെ ഒരു മുഖ്യ ഇനം ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണമാണ്. കയർ കോംപോസിറ്റുകളും കയർ നീഡിൽ ഫെൽട്ടുകളും ഏറ്റവും ആധുനിക ടഫ്റ്റിംഗ് രീതികളുമാണ് ഇവയിൽ മുഖ്യം. പൊതുമേഖലയിൽ കയർ കോംപോസിറ്റുകളുടെ ഫാക്ടറി നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഈ വർഷം മുതൽ ഈ സാങ്കേതിക വിദ്യകളുപയോഗിച്ച് ആലപ്പുഴയിലെ കയർ മാനുഫാക്ചറിംഗ് സഹകരണ സംഘങ്ങളെ നവീകരിക്കുന്ന പരിപാടികളും നടപ്പാക്കിത്തുടങ്ങും.

(ഡി) കഴിഞ്ഞ ഓണക്കാലത്ത് കയർ ഉൽപ്പന്നങ്ങൾക്ക് കയർ ഫെഡ്, ഫോമിൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രത്യേക റിബേറ്റുകളൊന്നുംതന്നെ ഏർപ്പെടുത്തിയിരുന്നില്ല. കയർ കോർപ്പറേഷൻ കഴിഞ്ഞ ഓണക്കാലത്ത് 75 ലക്ഷം രൂപയുടെ റിബേറ്റ് വിൽപ്പന നടത്തിയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജനപഥം മാസികയിൽ അങ്ങയുടെ ഒരു ലേഖനമുണ്ടായിരുന്നു. അതിൽ കയറിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി, കയർ ഉത്പാദന രംഗത്തുള്ളവരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ അങ്ങ് പറഞ്ഞിരുന്നു. കയർ ശേഖരിച്ച് വിറ്റഴിക്കുന്നതിനുവേണ്ടി ഉത്തർപ്രദേശ് ഗവൺമെന്റുമായി ഒരു ഉടമ്പടിയുണ്ടാക്കിയിട്ടുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. റോഡ് നിർമ്മാണം, മണ്ണൊലിപ്പ് തടയൽ, തീരദേശ സംരക്ഷണം, മണ്ണിലെ ഈർപ്പം നിലനിർത്തൽ തുടങ്ങി കൃഷിയുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾക്ക് കയർ വിനിയോഗിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 15 മാസം പൂർത്തിയായ ഈ ഗവൺമെന്റ് എത്ര ഏരിയയിൽ എത്ര കിലോമീറ്റർ സ്ഥലത്ത് കയർ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്; ഉത്തർപ്രദേശ് ഗവൺമെന്റുമായുള്ള എഗ്രിമെന്റ് തുടർന്നും മുന്നോട്ട് കൊണ്ടുപോകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഉത്തർപ്രദേശ് സർക്കാരിന്റെ പ്രതിനിധിസംഘം കേരളത്തിൽ വന്നിരുന്നു. കേരളത്തിൽ നിന്ന് അവിടേക്കും പോയിരുന്നു. അങ്ങനെ ഒരു ധാരണപത്രം ഒപ്പുവച്ചെങ്കിലും അതിനിടയിൽ സർക്കാർ

മാറി. അതിനൊരു സാവകാശം കൊടുത്തശേഷം ഇപ്പോൾ ചർച്ച ആരംഭിച്ചിരിക്കുകയാണ്. ഇതിനിടയിലുണ്ടായ പ്രധാനപ്പെട്ട ഒരു തീരുമാനം, ഇങ്ങനെയുള്ള ഏജൻസികളുടെ സഹായം ഉപയോഗപ്പെടുത്തുന്നതോടൊപ്പം തന്നെ നമ്മുടെ നേതൃത്വത്തിൽ ഇന്ത്യ മുഴുവൻ കവർ ചെയ്യുന്ന രീതിയൽ 500 സെയിൽസ് ഔട്ട്ലെറ്റുകളെങ്കിലും ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ വരുന്ന ഒരു വിപണന ശൃംഖല രൂപീകരിക്കുന്നതിനാണ്. ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് 34 കോടി രൂപയുടെ പ്രോജക്ടുകൾ ലേബർ ബജറ്റിൽ എടുത്തിട്ടുണ്ട്. ദൗർഭാഗ്യവശാൽ കഴിഞ്ഞവർഷം ഇതിനായിറങ്ങിയപ്പോൾ 750 കോടി രൂപയുടെ കുടിശ്ശിക തൊഴിലാളിക്ക് നൽകാനുണ്ടായിരുന്ന, സ്തംഭനത്തിൽ നിൽക്കുന്ന സ്ഥിതിവിശേഷമായിരുന്നു. ഇപ്പോൾ അതെല്ലാം മാറിയിട്ടുണ്ട്. ഈ വർഷം സർക്കാർ പ്രതീക്ഷിക്കുന്നത് നൂറ് കോടി രൂപയുടെയെങ്കിലും ജിയോ ടെക്സ്റ്റൈൽസ് മണ്ണ് ജലസംരക്ഷണ മേഖലയിൽ ഉപയോഗപ്പെടുത്തണമെന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്റെ ചോദ്യം, എത്ര കിലോമീറ്റർ ദൂരത്തിൽ റോഡിന്റെ കാര്യത്തിൽ ജിയോ ടെക്സ്റ്റൈൽസ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങ് നിയമസഭയെ കോൺഫിഡൻസിലെടുത്തുകൊണ്ട് കൃത്യമായ കണക്ക് പറയാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് കുളങ്ങളുടെ വശങ്ങൾ, നദികളുടെയും തോടുകളുടെയും പാർശ്വഭിത്തികൾ .......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റോഡിന്റെ കാര്യമാണ് ചോദിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആകെ നീളമല്ല, വിസ്തൃതിയാണ് നോക്കുന്നത്. ആകെ കയറിന്റെ മൂല്യം 34 കോടിരൂപ വരുമെന്നുള്ളതാണ്. നീളം തന്നെ വേണമെന്നുണ്ടെങ്കിൽ സമയം തന്നാൽ അന്വേഷിച്ച് പറയാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എത്ര കിലോമീറ്റിർ റോഡ് നിർമ്മാണത്തിന് ഇത് ഉപയോഗിച്ചിട്ടുണ്ടെന്നാണ് ചോദിച്ചത്.

മി. സ്പീക്കർ: സമയം തന്നാൽ അന്വേഷിച്ച് പറയാമെന്നാണ് മന്ത്രി പറഞ്ഞത്.

ശ്രീ. അനൂപ് ജേക്കബ്: സർ, എല്ലാ മേഖലകളിലും മോഡണൈസേഷൻ അനിവാര്യം തന്നെയാണ്. കയർ മേഖലയിലും യന്ത്രവത്ക്കരണം നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നുവെന്ന് അങ്ങ് തന്നെ മറുപടി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ടാൽ അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; അതോടൊപ്പംതന്നെ

ഇതിന്റെ വിപണനസാധ്യതകൾ വിപുലീകരിക്കുവാൻ, പ്രകൃതിദത്തമായ ഉത്പന്നങ്ങളോട് വളരെയേറെ താത്പര്യം ഇന്നത്തെ പൊതുസമൂഹത്തിനുണ്ട്. പ്രകൃതിയോട് ചേർന്ന് നിൽക്കാനാണ് ഇന്നത്തെ മനുഷ്യൻ ആഗ്രഹിക്കുന്നത്. ആ വിപണന സാധ്യത എത്രമാത്രം പ്രയോജനപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ദ്രുതഗതിയിലുള്ള യന്ത്രവത്ക്കരണം വരുമ്പോൾ നിലവിലുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിന് ഭീഷണിയാണ്. ആ സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി എത്ര യന്ത്രവൽക്കരണമുണ്ടെങ്കിലും പരമ്പരാഗത തൊഴിലാളികൾ പിരിക്കുന്ന കയറും കയറുത്പന്നങ്ങളും സർക്കാർ വാങ്ങി സംഭരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ട്. അത് സബ്സിഡൈസ് ചെയ്തേ വിൽക്കാൻ കഴിയൂ, അല്ലാതെ കമ്പോളത്തിൽ വിൽക്കാൻ കഴിയില്ല. സാങ്കേതിക നവീകരണത്തോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും സംരക്ഷിക്കുക എന്നുള്ളത് പുനഃസംഘടനയുടെ അഭേദ്യഭാഗമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആഗോളതലത്തിൽ വലിയ വികാസമാണ് കയർ നാരിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ കയറിന്റെ ആഗോള ഡിമാന്റ് ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്, പ്രത്യേകിച്ച് ഫൈബറിന്റേത്. അതുപയോഗിച്ച് നീഡിൽ ഫെൽട്ടുകൾപോലുള്ള, (അതായത് തിരിക്കുന്നതിന് പകരം ഫൈബർ തന്നെ നേരിട്ട് പിണച്ച് പായ പോലെയുണ്ടാക്കുന്നതാണ് നീഡിൽ ഫെൽട്ട്) സാങ്കേതിക വിദ്യ വളരെ വ്യാപകമായിക്കൊണ്ടിരിക്കുമ്പോൾ, മാർക്കറ്റ് ഉറപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴയിൽ നീഡിൽ ഫെൽട്ട് സാങ്കേതിക വിദ്യ, ആധുനിക ടഫ്റ്റിംഗ് യന്ത്രങ്ങൾ, കയർ കോംപോസിറ്റുകൾ എന്നിവയുടെ ഫാക്ടറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അത് നിലവിലുള്ള സഹകരണ ഫാക്ടറീസിനെ രൂപാന്തരപ്പെടുത്തിയായിരിക്കും ചെയ്യുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ മാർക്കറ്റ് കണക്കിലെടുത്തുകൊണ്ട് ഇന്ത്യയിൽ അതിവിപുലമായ വിപണന ശൃംഖല സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, കയർ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഇന്ന് വലിയ പ്രയാസത്തിലാണ്. സഹകരണ സംഘങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന മാനേജീരിയൽ സബ്സിഡിയും തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം വഴി ലഭിക്കേണ്ട പണവും സമയത്തിന് ലഭിക്കുന്നില്ല. കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി അത് കൊടുത്തിട്ടുണ്ട്. ഈ സംഖ്യ കാലാനുസൃതമായി വർദ്ധിപ്പിച്ചുകൊടുക്കേണ്ടതും നാരിന്റെ വിലയിൽ ഇന്നത്തെ സ്ഥിതിക്കനുസരിച്ചുള്ള പരിഷ്കരണവും ആ മേഖലയിൽ ആവശ്യമാണ്. വിലനിർണ്ണയ കമ്മിറ്റി പലപ്പോഴും യോഗം ചേരുന്നില്ല. വിലനിർണ്ണയ കമ്മിറ്റി യോഗം ചേർന്ന് വിലവർദ്ധനവുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കാനും മാനേജീരിയൽ സബ്സിഡിയും ഇൻകം സപ്പോർട്ട് സ്കീമിലുമുള്ള തുക വർദ്ധിപ്പിച്ച് സമയബന്ധിതമായി നൽകാനും നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗത്തിന് കയറിനെക്കുറിച്ച് വിശദമായ ധാരണയുണ്ടെന്നത് വളരെ നല്ല കാര്യമാണ്. പക്ഷേ അങ്ങയുടെ ഭയപ്പാടിന് അടിസ്ഥാനമില്ല. കയർ പുനഃസംഘടനാ സ്കീമിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വർഷം 12 കോടി രൂപ അനുവദിച്ചു. മറ്റ് പല കാര്യങ്ങൾക്കായി പത്തിരുപത് വർഷങ്ങളായി കൊടുത്ത 6 കോടി രൂപ അക്കൗണ്ടിൽ കിടക്കുന്നുണ്ട്. ആ തുകയൊക്കെ വർക്കിംഗ് ക്യാപ്പിറ്റലായി കൺവർട്ട് ചെയ്യാൻ തീരുമാനിച്ചു. 18 കോടി രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റൽ ഈ വർഷം അവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആറേഴ് വർഷമായി നിർത്തലാക്കിയ മാനേജീരിയൽ സബ്സിഡി പുനഃസ്ഥാപിക്കാനും ഒരു സംഘത്തിന് ഒരു വർഷം 5000 രൂപ വച്ച് നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. എം.ഡി.എ., പി.എം.ഐ. ഇനങ്ങളിൽ സംസ്ഥാന സർക്കാരിന് കുടിശ്ശികയില്ല. സംഘങ്ങളുടെ പുനഃസംഘടനയുടെ ഭാഗമായി 400 ഓട്ടോമാറ്റഡ് സ്പിന്നിംഗ് മെഷീനുകളാണ് ഇവിടെ ഡിപ്ലോയ് ചെയ്യാൻ പോകുന്നത്. അതുപോലെ പരമ്പരാഗത റാട്ടുകൾ നവീകരിക്കുന്നതിനും പരിപാടിയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പുതിയ കെട്ടിടങ്ങൾ, ക്രഷ് തുടങ്ങിയ സാമൂഹിക സൗകര്യങ്ങളെല്ലാം സൃഷ്ടിക്കപ്പെടും.

ശ്രീ. അടൂർ പ്രകാശ്: സർ, പരമ്പരാഗത വ്യവസായമായ കയർ മേഖലയിലെ കയർ പിരിക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന 300 രൂപ കൂടുതലാണെന്ന അഭിപ്രായം ഞങ്ങൾക്കാർക്കുമില്ല. അവർക്ക് വേതനം വർദ്ധിപ്പിച്ചുകൊടുക്കേണ്ട ആവശ്യകതയുണ്ട്. ഇന്ത്യയിലൊട്ടാകെ 500 ഔട്ട്ലെറ്റുകൾ തുടങ്ങാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്ന് അങ്ങ് തന്നെ ഇവിടെ സൂചിപ്പിച്ചു, അത് നല്ല കാര്യമാണ്. പക്ഷെ നിലവിലുണ്ടായിരുന്ന ഔട്ട്ലെറ്റുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നുകൂടി പരിശോധിക്കണം. പലയിടങ്ങളിലും പണ്ട് തുടങ്ങിയ ഔട്ട്ലെറ്റുകൾ ഇന്നും പ്രവർത്തനക്ഷമമല്ലാതെ ലക്ഷക്കണക്കിന് രൂപ സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ടതായ അവസ്ഥ വന്നിട്ടുണ്ട്. ക്രയ വിലസ്ഥിരതാ പദ്ധതിയുടെ ഭാഗമായി സംഭരിച്ച കയർ ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ഉല്പന്നങ്ങളാണ് വിറ്റഴിച്ചത്; എന്ത് റിബേറ്റാണ് കൊടുക്കുന്നത്? റിബേറ്റൊന്നും കൊടുത്തില്ല എന്ന് കഴിഞ്ഞ വർഷം അങ്ങ് പറഞ്ഞു. കയർഫെഡും ഫോം മാറ്റിംഗ്സും മറ്റും വിറ്റഴിച്ചു എന്ന് പറയുമ്പോൾ, അവിടെ യാതൊന്നും നടന്നിട്ടില്ല. കയർ കോർപ്പറേഷൻ 75 ലക്ഷം രൂപയുടെ ഉല്പന്നങ്ങൾ വിറ്റഴിച്ചുവെന്ന് പറയുമ്പോൾ, എക്സ്പോർട്ടർമാർ ഉൾപ്പെടെയുള്ള ആളുകൾക്ക് കൊടുത്തതിന്റെ കണക്കായിരിക്കും അങ്ങ് പറഞ്ഞത്. എന്താണെന്ന് എനിക്ക് വ്യക്തമായില്ല. ഏതായാലും കയർ മേഖലയിൽ എത്ര ശതമാനം റിബേറ്റ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം ഒരുപാട് പ്രശ്നങ്ങൾ ഉന്നയിച്ചു. ഓരോന്നിനോടും പ്രതികരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. അവസാന ചോദ്യത്തിനാണ് മറുപടി പറയുന്നത്. കയർ കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് വലിയ തെറ്റിദ്ധാരണയുണ്ടായിട്ടുണ്ട്. പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം പ്രകാരം 2015-16-ൽ 89 കോടി രൂപയ്ക്കാണ് സംഭരിച്ചത്. കഴിഞ്ഞ വർഷം 126 കോടി രൂപയുടെ ഉല്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്. അത് വിറ്റഴിക്കുന്നതിന് വലിയ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതുകൊണ്ട് ഈ വർഷം മുതൽ ഓണത്തിന് 50 ശതമാനം റിഡക്ഷനിൽ വിൽക്കുകയാണ്. പക്ഷെ പർച്ചേസ് പ്രൈസിന്റെ 50 ശതമാനമല്ല. അവരുടെ ഫിനിഷിംഗ് ചാർജ്ജും ലാഭവിഹിതവുംകൂടി ചേർത്ത വിലയുടെ 50 ശതമാനം വിലയ്ക്കാണ് വിൽക്കാനുദ്ദേശിക്കുന്നത്. കയർ കയറ്റുമതിക്കാർക്ക് നേരത്തെയുള്ളതുപോലെ 10 ശതമാനം ഇൻസെന്റീവ് നൽകുന്നതിന് തയ്യാറാണ്. ഇന്ത്യയിലുള്ള വിപണന ശൃംഖലയെക്കുറിച്ച് പറയുമ്പോൾ നിലവിലുള്ള നമ്മുടെ ഷോറൂമുകളൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും നേരിട്ട് നടത്തുന്നതാണ്. സൂറത്തിലും കൊൽക്കത്തയിലുമൊക്കെ നടത്താനുള്ളത് പ്രായോഗികമല്ലെന്ന അവലോകനത്തിൽ നിന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഫ്രാഞ്ചൈസി മോഡലിൽ ഏകീകൃത പ്രകൃതത്തിൽ 500 ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ മേൽനോട്ടത്തിനായി ഒരു പുതിയ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കുന്നതിനും തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അപ്പോൾ റിബേറ്റ് എന്നുപറയുന്നത് സർക്കാർ കൊണ്ടുവരുന്ന പ്രധാനപ്പെട്ട ഒരു കാര്യമാണ്. കൈത്തറി തൊഴിലാളികൾ നെയ്യുന്ന തുണി യൂണിഫോമിനായി സർക്കാർ വാങ്ങിനൽകുകയാണ്. കേന്ദ്രസർക്കാർ നൽകുന്ന പണം മാനേജ്മെന്റുകൾക്ക് കൈമാറുന്നതിന്റെ ഇരട്ടിച്ചെലവ് സർക്കാരിന് വരും. പക്ഷെ പരമ്പരാഗത തൊഴിലാളിക്ക് പണി നൽകുന്ന കാഴ്ചപ്പാട് നടപ്പാക്കുന്നതാണ്. അതുപോലെതന്നെ കയർത്തൊഴിലാളികൾക്ക് അവരുടെ ഉല്പന്നങ്ങൾ വാങ്ങുക, സ്റ്റോക്ക് ഒരു പരിധി വിട്ടുകഴിഞ്ഞിട്ടുണ്ടെങ്കിൽ അത് വിൽക്കുന്നതിനുവേണ്ടി ആവശ്യമായ റിബേറ്റ് നൽകുക തുടങ്ങി അത്തരം നഷ്ടം സർക്കാർ സഹിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ തൊഴിലാളികൾക്ക് മിനിമം 200 ദിവസത്തെ തൊഴിൽ ഉറപ്പുവരുത്തുക എന്നുള്ളതായിരിക്കും ഞങ്ങളുടെ പരിശ്രമം.

ശ്രീ. എ. എം. ആരിഫ്: സർ, കയർമേഖലയുമായി ബന്ധപ്പെട്ട് ഈ മേഖലയിലുള്ള കുത്തക നഷ്ടപ്പെടുന്നതിനുപോലും ഇടയാക്കിത്തീർത്ത പ്രധാനപ്പെട്ട കാരണം ചകിരിയുടെ ദൗർലഭ്യമാണ്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കാൻ കഴിയാത്തതുകൊണ്ട് കയർപിരി മേഖല വലിയ പ്രതിസന്ധിയിലാണ്. തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ നിന്ന് ചകിരി വരുന്നില്ലെങ്കിൽ കയർപിരി നടക്കില്ല. ഇതുസംബന്ധിച്ച്

ശ്രീ. ആനത്തലവട്ടം ആനന്ദൻ ചെയർമാനായി ശ്രീ. പി. തിലോത്തമൻ ഉൾപ്പെടെയുള്ളവർ അംഗങ്ങളായ കയർ കമ്മീഷൻ പഠിച്ച് വ്യക്തമായ ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും ചകിരി ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്. പൊള്ളാച്ചിയിലും തമിഴ്നാട്ടിലും ഉല്പാദിപ്പിക്കപ്പെടുന്ന ചകിരിയായാലും കയറായാലും കയർ പിത്തായാലും ചൈനപോലുള്ള പല രാജ്യങ്ങളും നേരിട്ട് വാങ്ങിക്കൊണ്ടു പോകുന്നതിനാൽ നമുക്ക് ലഭിക്കുന്നില്ല. അതിനാൽ തമിഴ്നാട് മാതൃകയിൽ, അവിടെ എങ്ങനെ തൊണ്ട് സംഭരിച്ച് ചകിരിയുണ്ടാക്കി, അതിൽ നിന്ന് കയർ ഉല്പാദിപ്പിക്കാമെന്നത് സംബന്ധിച്ച കമ്മീഷൻ ശിപാർശകളിന്മേൽ സമഗ്രപഠനം നടത്തി ഇവിടെത്തന്നെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചാൽ മാത്രമേ കയർ മേഖലയിലുള്ള പ്രാമുഖ്യം നമുക്ക് നിലനിർത്താൻ കഴിയൂ. അതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതുസംബന്ധിച്ച് വിശദമായ പഠനങ്ങളും ചർച്ചകളും പൂർത്തിയായിട്ടുണ്ട്. ഇതുവരെയുണ്ടായിരുന്ന ചകിരി ഉത്പാദന വികസനതന്ത്രത്തിന്റെ അടിസ്ഥാനപരമായ പോരായ്മ പരമ്പരാഗത കയർമേഖലയിലെ സഹകരണസംഘങ്ങളിൽ മില്ലുകൾ സ്ഥാപിക്കുക, തൊണ്ട് മറ്റ് പ്രദേശങ്ങളിൽനിന്നും കൊണ്ടുവരിക എന്നിവയാണ്. ഇപ്പോൾ തേങ്ങ ഉത്പാദനം വളരെ കുറവാണ്. ആയതിനാൽ പുറത്തുനിന്നും തൊണ്ട് കൊണ്ടുവരിക, സംഭരിക്കുക തുടങ്ങിയ സംവിധാനങ്ങൾ നടപ്പാക്കാൻ സാധിക്കില്ല. അതുകൊണ്ട് തൊണ്ട് ലഭ്യമായ സ്ഥലങ്ങളിൽ മിൽ സ്ഥാപിക്കുക എന്നൊരു പുതിയ നയം സ്വീകരിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി 3 വർഷത്തിനുള്ളിൽ 1000 പുതിയ മില്ലുകൾ സ്ഥാപിക്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. അതിനുവേണ്ടി നിയോജക മണ്ഡലാടിസ്ഥാനത്തിൽ കയർ മെഷീൻ ഫാക്ടറികളുണ്ടാക്കാനും തീരുമാനമായിട്ടുണ്ട്. കുടുംബശ്രീയുമായി സഹകരിച്ച് ബൈ-ബാക്ക് അറേഞ്ച്മെന്റ് രീതിയിലാണ് ചെയ്യാനുദ്ദേശിക്കുന്നത്. യന്ത്രങ്ങളും മറ്റ് കാര്യങ്ങളും കയർ ഡിപ്പാർട്ട്മെന്റ് നൽകും. തൊണ്ട് സംഭരിച്ചുണ്ടാക്കിയ ചകിരിയും ചകിരിച്ചോറും തിരിച്ചുവാങ്ങുകയും മിനിമം ഗ്യാരന്റി ഇൻകം അവർക്ക് ലഭ്യമാക്കുകയും ചെയ്യും. ഈ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളിലും ഒന്നുവീതം എന്ന രീതിയിൽ ഇക്കാര്യങ്ങൾ ചെയ്യുന്നതിനാണ് പരിശ്രമിക്കുന്നത്. മറ്റൊന്ന്, തേങ്ങ സംഭരിക്കുന്ന നാളികേര പ്രൊഡ്യൂസേഴ്സ് കമ്പനികൾക്ക് അവരുടെ തൊണ്ട് സംസ്കരിക്കുന്നതിനാവശ്യമായ യന്ത്രങ്ങൾ 90 ശതമാനം സബ്സിഡിയിൽ നൽകുന്നതാണ്. ഡീ-ഫൈബറിംഗ് മിൽ സ്ഥാപിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് പകുതിയോളം ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകാനും സർക്കാർ തയ്യാറാകും. അങ്ങനെ മൂന്ന് വർഷംകൊണ്ട് കേരളത്തിലെ തൊണ്ടിന്റെ 35 ശതമാനമെങ്കിലും ഇവിടെത്തന്നെ ചകിരിയാക്കുന്ന ഒരു പരിപാടിക്കാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, കഴിഞ്ഞ ദിവസം ആംസ്റ്റർഡാമിൽ ശ്രീ. വേണു രാജാമണി ഇന്ത്യൻ അംബാസഡർ ആയിരിക്കുന്ന സ്ഥലം സന്ദർശിക്കാൻ അവസരം ലഭിച്ചു. അദ്ദേഹം അവിടത്തെ ഹൈടെക് ഫാമിംഗ് മേഖലകളിലേക്ക് ഞങ്ങളെ കൊണ്ടുപോകുകയുണ്ടായി. വിഷലിപ്തമായ പച്ചക്കറി ഭക്ഷിക്കുന്ന നാടിനൊരു സജഷൻ എന്ന നിലയ്ക്ക് അവർ കുറച്ച് കാര്യങ്ങൾ പറഞ്ഞു. അവർ മണ്ണിലോ നിലത്തോ കൃഷി ചെയ്യുന്നില്ല. പകരം ഒരു ബെഡ് ഉണ്ടാക്കി, പാറ പൊടിച്ച് റോക്ക്സാന്റും റോക്ക് പൗഡറും ചേർത്ത് ഇതിന് അനുകൂലമാക്കിയാണ് കൃഷി ചെയ്യുന്നത്. കാരണം, പാറയിൽ ഒരിക്കലും വിഷമുണ്ടാകില്ല. കേരളത്തിലെ സാഹചര്യത്തിന് ഏറ്റവും അനുയോജ്യമായത് ചകിരിയും തൊണ്ടുമാണെന്നാണ് അവർ പറയുന്നത്. അത്തരം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം. ലോകത്തിലെ നൂറിലധികം രാജ്യങ്ങൾക്ക് ഇതിന്റെ സീഡ് അവർ ഇപ്പോൾ എക്സ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ തേർഡ് ലാർജസ്റ്റ് കമ്പനിയായി ഈ ഫാം മാറിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: നല്ല ചോദ്യമാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇപ്പോഴിത് ബാംഗ്ലൂരിലും വന്നിട്ടുണ്ട്. ഇത്തരം സാധ്യതകൾ കേരളത്തിൽ ഉപയോഗപ്പെടുത്താൻ ഗവൺമെന്റ് പരിശ്രമിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഇന്ന് ഇന്ത്യയിൽനിന്ന് നാല് ലക്ഷം ടൺ കയറ്റുമതി ചെയ്യുന്നതിൽ രണ്ട് ലക്ഷം ടൺ ചകിരിച്ചോറാണ്. കേരളത്തിൽ കയറിന്റെ ഏറ്റവും വലിയ മലിനീകരണപ്രശ്നം ചകിരിച്ചോറാണെന്ന് പറഞ്ഞുകൊണ്ടിരുന്ന സ്ഥാനത്ത് തമിഴ്നാട്ടിലുള്ളവർ ഇത് കയറ്റുമതി ചെയ്യാൻ തുടങ്ങി. ഇതിന് ഉപ്പുരസം കൂടുതലാണെന്നുള്ളതാണ് നമ്മുടെ പ്രശ്നം. അത് കൃഷിക്കും മറ്റൊന്നിനും ഉപയോഗിക്കാൻ സാധിക്കുകയില്ല. തമിഴ്നാട്ടിൽ പച്ചത്തൊണ്ടിൽനിന്നാണ് ചകിരി ഉണ്ടാക്കുന്നത്. അതുകൊണ്ട് ഈയൊരു പ്രശ്നമില്ല. അത് മനസ്സിലാക്കി നമ്മൾ പച്ചത്തൊണ്ടിലേക്കും ഉണക്കത്തൊണ്ടിലേയ്ക്കുമാണ് നീങ്ങാൻ പോകുന്നത്. അപ്പോൾ ലഭ്യമാകുന്ന ചകിരിച്ചോർ കൃഷിക്കെങ്ങനെ ഉപയോഗപ്പെടുത്താമെന്നുള്ളത് പരിശോധിക്കണം. ഇപ്പോൾ കമ്പോസ്റ്റാക്കി മാറ്റുകയാണ് ചെയ്യുന്നത്. നിങ്ങൾ പറഞ്ഞത് കമ്പോസ്റ്റിന്റെ കാര്യമല്ല, ഗ്രോത്ത് മീഡിയമായി ഉപയോഗിക്കുന്നതിനെക്കുറിച്ചാണ്. ഇപ്പോൾ ഗ്രോത്ത് മീഡിയമായി കേരളത്തിൽ നഴ്സറിയിൽ മാത്രമാണുപയോഗിക്കുന്നത്. അത് കൃഷി വകുപ്പുമായി ചർച്ച ചെയ്ത് ഉപയോഗപ്പെടുത്താം. അതുപോലെതന്നെ കയറ്റുമതി ചെയ്യുകയും ചെയ്യാം.

ശ്രീ. ബി. സത്യൻ: സർ, മുമ്പ് പല സന്ദർഭങ്ങളിലായി ചിറയിൻകീഴും വർക്കലഭാഗത്തും അങ്ങ് വന്നിട്ടുണ്ട്. പരമ്പരാഗതരംഗത്ത് ഏറ്റവുമധികം സ്ത്രീകൾ പണിയെടുത്തുകൊണ്ടിരുന്ന മേഖലയാണ് കയർ. അഞ്ചുതെങ്ങിലെ കയർ പ്രശസ്തിയാർജ്ജിച്ചതായിരുന്നു. ഇപ്പോൾ വളരെ ദയനീയമായ ചിത്രമാണ്. കയർ തൊഴിലാളികളെല്ലാം ഇപ്പോൾ തൊഴിലുറപ്പ് മേഖലയിലെ തൊഴിലാളികളായി മാറിയിരിക്കുകയാണ്. അങ്ങ് തന്നെ നിർദ്ദേശിച്ചതുപ്രകാരം എൻ.ആർ.ഇ.ജി.എസ്.-ഉം തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് ഒരു കർമ്മപദ്ധതി തയ്യാറാക്കി എല്ലാ മണ്ഡലത്തിലും അതിന്റെ നിർവ്വഹണത്തിലേക്ക് പോകുകയാണ്. ഞാൻ സൂചിപ്പിക്കുന്നത്, ഇതിന്റെ ഭാഗമായി കയർ സംഘങ്ങളുടെ കയ്യിലുള്ള ഭൂമി, ഇപ്പോൾ കയർ പിരിക്കലോ സംസ്കരണമോ വിതരണമോ ഇല്ല. കയർ മാറ്റ്, കയർ ഭൂവസ്ത്രം ഉണ്ടാക്കാനുള്ള ഒരുല്പാദനകേന്ദ്രം വക്കംപോലുള്ള ദ്വീപാൽ ചുറ്റപ്പെട്ടുകിടക്കുന്ന പ്രദേശത്ത് ആരംഭിക്കാൻ അങ്ങ് മുൻകയ്യെടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ അഞ്ചുതെങ്ങ് കയർ നമ്മുടെ കയർത്തരങ്ങളിലെ ഏറ്റവും പ്രസിദ്ധിയേറിയ ഇനമായിരുന്നു. വളരെയധികം മുറുക്കവും ഉറപ്പും നേർത്തതുമായതുകൊണ്ട് പായ നെയ്യാനാണ് അതുപയോഗിച്ചിരുന്നത്. പക്ഷെ ഇപ്പോൾ പായനെയ്ത്ത് നിലച്ചതോടുകൂടി അഞ്ചുതെങ്ങ് കയറിന് ആവശ്യക്കാരില്ലാതെ വന്നിരിക്കുകയാണ്. അഞ്ചുതെങ്ങ് കയർ മാത്രമേ പിരിക്കുകയുള്ളൂവെന്ന് ശഠിക്കരുത്. വക്കം കയറിനാണ് ഇപ്പോൾ ഡിമാൻഡുള്ളത്. പണ്ട് നാലുലക്ഷം പേർ തൊഴിലെടുക്കുന്നുവെന്ന് പറയുമ്പോഴും യഥാർത്ഥത്തിൽ ഒരുലക്ഷം പേർക്കുള്ള പണിയേ ഉണ്ടായിരുന്നുള്ളൂ. ഒരുലക്ഷം പേരുടെ പണി നാലു ലക്ഷം പേർക്ക് വീതം വയ്ക്കാനാണ് നാട്ടുനടപ്പനുസരിച്ച് ഓരോ പ്രദേശത്തും ഇന്ന കയർ മാത്രമേ പിരിക്കൂവെന്ന് പറയുന്നത്. അഞ്ചുതെങ്ങ് കയറിന് ഡിമാന്റില്ലെങ്കിൽ വേറെ കയർ പിരിക്കില്ല. അപ്പോൾ അഞ്ചുതെങ്ങിൽ വേണ്ടുന്ന മാറ്റം മലബാറിനും ബാധകമാണ്. ഡിമാൻഡുള്ള കയറിലേയ്ക്ക് മാറണം. വക്കം കയർ അവിടെ പിരിച്ചുകഴിഞ്ഞാൽ അത് ജിയോ ടെക്സ്റ്റൈൽസായി ഉപയോഗി ക്കുന്നതിന് ഒരു ഫാക്ടറി വേണമെന്നുള്ള കാര്യം പരിശോധിക്കാം.

**ഹൈഡൽ ടൂറിസം സെന്ററുകൾ**

3 (*183) ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈഡൽ ടൂറിസം സെന്ററുകളെ വൈദ്യുതി ബോർഡിന്റെ സബ്സിഡിയറി കമ്പനിയാക്കാൻ തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പുമായി കൂടിയാലോചിച്ച് ധാരണയുണ്ടാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) ഇക്കാര്യത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ ) ഉണ്ട്. 25-3-2017-ൽ കൂടിയ കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഗവേണിംഗ് ബോഡി യോഗം കമ്പനി രൂപീകരിക്കുന്നതിനുള്ള തുടർ നടപടികളെടുക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനാവശ്യമായ മറ്റു നടപടികൾ നടന്നുവരികയാണ്.

(ബി) ഹൈഡൽ ടൂറിസം സെന്ററുകൾ നിലവിൽ പൂർണ്ണമായും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭൂമിയിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ഇ. ബി. ലിമിറ്റഡിന്റെ സബ്സിഡിയറി കമ്പനിയായാണ് സെന്ററിന്റെ പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ടൂറിസം വകുപ്പുമായി ധാരണയുണ്ടാക്കിയിട്ടില്ല. ടൂറിസം, വനം, ഇറിഗേഷൻ, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

(സി) കമ്പനി രൂപീകരിക്കുന്നതിനുള്ള എല്ലാ വശങ്ങളും പരിശോധിക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിക്കുകയും പരിഹാരം കാണുകയും ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ മറ്റെല്ലാ ടൂറിസം കേന്ദ്രങ്ങളെയും പോലെ വികസിപ്പിച്ചെടുക്കാൻ ഏറെ സാദ്ധ്യതയുള്ള സ്കീമാണ് ഹൈഡൽ ടൂറിസം പദ്ധതി. കെ.എസ്.ഇ.ബി.-യ്ക്ക് കീഴിൽ, പ്രത്യേകമായൊരു സബ്സിഡിയറി കമ്പനിക്ക് കീഴിൽ ഈ ഹൈഡൽ പദ്ധതി കൊണ്ടുവരുന്നെന്നുപറയുന്നത് സന്തോഷകരമാണ്. മറ്റു ടൂറിസ്റ്റുകളെ ഈ കേന്ദ്രങ്ങളിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി ശ്രദ്ധിക്കുകയാണെങ്കിൽ അത് കൈവരിക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ ടൂറിസ്റ്റുകൾക്കാവശ്യമായ അക്കോമഡേഷനോ മറ്റ് സൗകര്യങ്ങളോ ഒന്നുംതന്നെ അവിടെയില്ല. ഈ സ്ഥലങ്ങളിൽ കൂടുതൽ അക്കോമഡേഷൻ സെന്ററുകൾ സ്ഥാപിച്ചുകൊണ്ടും റിഫ്രെഷ്മെന്റ് സൗകര്യങ്ങളേർപ്പെടുത്തിക്കൊണ്ടും കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം പദ്ധതികളായ, ഹൈഡൽ ടൂറിസ്റ്റുകേന്ദ്രങ്ങളെന്നു പറയുന്ന ബാണാസുരസാഗർ, കക്കയം, ഇടുക്കി, മാട്ടുപ്പെട്ടി, ഷോളയാർ തുടങ്ങിയ സെന്ററുകളെ വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എം. എം. മണി: സർ, അത് സംബന്ധിച്ച് വിശദമായ ആലോചനകൾ നടന്നിട്ടുണ്ട്. ഈ രംഗത്ത് എല്ലാവിധ സാദ്ധ്യതകളും ഉപയോഗപ്പെടുത്തണമെന്നതാണ് ഗവൺമെന്റിന്റെയും ബോർഡിന്റെയും നിലപാട്. കൂടുതൽ പരിശോധന ആവശ്യമായ കേന്ദ്രങ്ങൾ പരിശോധിക്കുന്നതാണ്. വിപുലമായൊരു സാദ്ധ്യതയുണ്ടെന്ന ബഹുമാന്യനായ മെമ്പറുടെ അഭിപ്രായം പൂർണ്ണമായും ശരിയാണ്. അത് ഉപയോഗപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മന്ത്രി പറഞ്ഞതുപോലെ ഇതിനാവശ്യമായ നടപടി സ്വീകരിക്കുക എന്നുപറയുമ്പോൾ, അവിടെയുള്ള ജീവനക്കാർ താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. അവരിൽ കുറച്ചാളുകളെയെങ്കിലും സ്ഥിരപ്പെടുത്തി അവർക്ക് എല്ലാ സൗകര്യവും നൽകുകയാണെങ്കിൽ ഒരു മികച്ച മാനേജ്മെന്റ് ഈ കാര്യത്തിലുണ്ടാക്കാൻ കഴിയും. അതുപോലെ ബാണാസുരസാഗർ പോലുള്ളവയുടെ നിർമ്മാണഘട്ടത്തിൽ പടിഞ്ഞാറേത്തറയിൽ തൊഴിലാളികൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള ചെറിയ ക്വാർട്ടേഴ്സുകളുണ്ട്. ഈ ക്വാർട്ടേഴ്സുകളെ റിനൊവേറ്റ് ചെയ്ത് ടൂറിസ്റ്റുകൾക്ക് അക്കോമഡേഷൻ കൊടുക്കാവുന്ന രീതിയിൽ മാറ്റിയെടുക്കാൻ സാധിക്കുമോ?

ശ്രീ. എം. എം. മണി: സർ, ഒന്ന്, ഹൈഡൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പി.എസ്.സി. മുഖാന്തരമാണ് നിയമനങ്ങൾ നടത്തുന്നത്. അതുകൊണ്ട് താൽക്കാലികമായി ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ ഇപ്പോൾ പ്രായോഗികമായും നിയമപരമായും ബുദ്ധിമുട്ടുണ്ട്. മറ്റൊന്ന്, ബാണാസുരസാഗർ അടക്കമുള്ള കേന്ദ്രങ്ങളിലെ സാദ്ധ്യതകൾ കൂടുതൽ വിപുലമായി ഉപയോഗപ്പെടുത്തുന്നതിന് എല്ലാവിധ പരിശോധനയും നടപടികളും സ്വീകരിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെടുത്തി ടൂറിസത്തെ പ്രോത്സാഹിപ്പിക്കുമ്പോൾ ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി : സർ, തീർച്ചയായും ഡാമുകളുടെ സുരക്ഷ ഉറപ്പാക്കി ഇത്തരം നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഭാവിയിൽ ദുരന്തമാകുമെന്നുള്ള കാര്യത്തെ സംബന്ധിച്ച് നല്ല വ്യക്തതയുണ്ട്. ഏറ്റവും വലിയ ഡാം സ്ഥിതി ചെയ്യുന്ന ഇടുക്കിയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ആ നിലയിൽ മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂ.

ശ്രീ. പി. കെ. ബഷീർ : സർ, ഹൈഡൽ ടൂറിസത്തിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് റെഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി.-യോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ ഭാഗമായി ബാണാസുരസാഗർ, കക്കയം, പെരുവണ്ണാമൂഴി ഹൈഡൽ ടൂറിസം ഇടനാഴി പദ്ധതിയിലെ ടെണ്ടറിൽ നടന്ന ക്രമക്കേടുകൾ അന്വേഷിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? 320 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ

തയ്യാറാക്കുന്നതിന് 92.80 ലക്ഷം രൂപ കൺസൾട്ടൻസി ഫീസായി നൽകിയിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി അറിയാതെയാണ് ഈ തീരുമാനം എടുത്തതെന്നാണ് റെഗുലേറ്ററി കമ്മീഷൻ അവരുടെ റിപ്പോർട്ടിൽ പറഞ്ഞത്. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്? വനം, കെ.എസ്.ഇ.ബി. വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം കക്കയം ഹൈഡൽ ടൂറിസം പദ്ധതി ഇല്ലാതാകുന്ന അവസ്ഥയാണുള്ളത്. വനം വകുപ്പും കെ.എസ്.ഇ.ബി.-യും തമ്മിൽ ഏകോപനമില്ലാത്തതുമൂലമുണ്ടായിട്ടുള്ള അവകാശ തർക്കങ്ങൾ പ്രസ്തുത പദ്ധതിയെ പുറകോട്ടടിക്കും. അതുകൊണ്ട് രണ്ട് വകുപ്പുകൾ തമ്മിൽ ചർച്ച ചെയ്ത് പ്രശ്നം പരിഹരിച്ചുകൊണ്ട് ഈ പദ്ധതികൾ ഭംഗിയായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി : സർ, ബാണാസുരസാഗർ ടൂറിസം ഇടനാഴി പദ്ധതിയിലെ ടെണ്ടറിൽ ക്രമക്കേടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം ബോർഡ് പരിശോധിച്ചതിനുശേഷം വ്യക്തമായ ഉത്തരം പിന്നീട് പറയാം. മറ്റ് കാര്യങ്ങളിന്മേൽ ആവശ്യമായ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. എം. ഉമ്മർ : സർ, ഹൈഡൽ ടൂറിസം പദ്ധതിയുടെ ജീവനാഡിയെന്ന് പറയുന്നത് അങ്ങയുടെ സ്വന്തം ജില്ലയാണ്. എട്ട് അണക്കെട്ടുകൾ കോർത്തിണക്കി കൊണ്ടുള്ള ഹൈഡൽ ടൂറിസത്തിന്റെ വലിയ സാധ്യതകൾ ഉപയോഗപ്പെടുത്തു ന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ രൂപീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? ഡൊമസ്റ്റിക് ടൂറിസ്റ്റുകളെ ഏറ്റവും കൂടുതൽ ആകർഷിക്കാൻ കഴിയുന്നത് ഹൈഡൽ ടൂറിസം പദ്ധതികളാണ്. ഇടുക്കിയിലെ എട്ട് അണക്കെട്ടുകളെ കൂട്ടിയിണക്കുന്ന പദ്ധതിയെ സംബന്ധിച്ച പ്രൊപ്പോസലിന്റെ പുരോഗതി എവിടം വരെയെത്തിയെന്ന് വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി : സർ, ഇടുക്കിയിൽ കുറേ പദ്ധതികൾ പ്രായോഗികമായി നടന്നുവരുന്നുണ്ട്. മാട്ടുപ്പെട്ടി, കുണ്ടള, ഇടുക്കി, ചെങ്കളം, പന്നിയാർ, പൊന്മുടി തുടങ്ങിയ സ്ഥലങ്ങളിൽ സ്വീകരിച്ച നടപടികൾ ഫലപ്രദമാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. പുതിയ സാധ്യതകളുപയോഗപ്പെടുത്തി എങ്ങനെ വിപുലീകരിക്കാമെന്നതിനെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. അതുസംബന്ധിച്ച സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തുമെന്നാണ് വ്യക്തമാക്കാനുള്ളത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ട്രക്കിംഗ്, സൈക്ലിംഗ് തുടങ്ങിയ അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് സാധ്യതയുണ്ടോ; ഇക്കാര്യം ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എം. എം. മണി : സർ, അതുസംബന്ധിച്ച് ആലോചിച്ചിട്ടില്ല. അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട കൂടുതൽ സാധ്യതകൾ ആലോചിക്കാവുന്നതാണ്; പരിഗണിക്കാവുന്നതാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ഇന്ത്യയിൽ ആദ്യമായി തദ്ദേശസ്വയംഭരണ സ്ഥാപനം ജലവൈദ്യുത പദ്ധതി രൂപപ്പെടുത്തിയത് എന്റെ മണ്ഡലത്തിലെ കരുമ്പ ഗ്രാമപഞ്ചായത്തിലാണ്. ഹൈഡൽ പ്രോജക്ടും വെള്ളച്ചാട്ടവും കാണുന്നതിനായി ആഭ്യന്തര ടൂറിസ്റ്റുകൾ ധാരാളമായി അവിടെ വരുന്നത് പതിവാണ്. ടൂറിസവും ഹൈഡൽ പ്രോജക്ടുംകൂടിയുള്ള ഒരു സംയുക്ത പ്രോജക്ടെന്ന നിലയിൽ അവയെ കാണാൻ ഇതുവരെ സർക്കാർ തയ്യാറായിട്ടില്ല. അത്തരത്തിൽ ടൂറിസം പ്രോജക്ടും മറ്റും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ടിന് ഗവൺമെന്റ് ശ്രമിക്കുമോ; അതിനാവശ്യമായ സഹായം നൽകുമോ?

ശ്രീ. എം. എം. മണി: സർ, പ്രസ്തുത വിഷയത്തിൽ സർക്കാരും കെ.എസ്.ഇ.ബി.-യും അതിന്റെ സാധ്യതകൾ വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ ശമ്പളം വളരെ തുച്ഛമാണ്. അവരുടെ ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടറിയാവുന്നതാണ്. ഇപ്പോൾ ഓണം വരുന്ന സമയമാണ്. അതെല്ലാം പരിഗണിച്ച് അവരുടെ ശമ്പളത്തിൽ വർദ്ധനവ് വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി : സർ, ഹൈഡൽ ടൂറിസം മേഖലയിലെ ജീവനക്കാർക്ക് വളരെ പരിമിതമായ ശമ്പളമേയുള്ളൂവെന്നത് എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. അവർക്ക് ന്യായമായ ശമ്പളം ഉറപ്പാക്കുന്നതിനായി ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്രമക്കേടുകൾ**

4 (*184) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. ബി. സത്യൻ:
ശ്രീ. എം. മുകേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും വലിയ അഴിമതി ദേവസ്വം ബോർഡുകളിലാണെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വ്യാപകമായതോതിൽ ഉണ്ടെന്നു പറയപ്പെടുന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; സ്ഥലംമാറ്റത്തിന് വ്യാപകമായ കോഴയിടപാട് നടക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുമോ ;

(ബി) ശബരിമല കുത്തകലേലത്തിലെ ക്രമക്കേടുകളെക്കുറിച്ച് ജുഡീഷ്യൽ കമ്മീഷൻ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലെ പ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്താമോ ;

(സി) ദേവസ്വം ബോർഡിലെ അഴിമതിയുടെയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്നും എഴുന്നൂറ്റി എഴുപത്തിയാറ് കിലോ സ്വർണ്ണം കാണാതായെന്ന് അമിക്കസ് ക്യൂറി റിപ്പോർട്ട് ചെയ്തെന്ന വാർത്തയുടെയും അടിസ്ഥാനത്തിൽ പ്രധാന ക്ഷേത്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികൾ സംബന്ധിച്ച് സംസ്ഥാന വിജിലൻസ് മുഖേനയും തിരുവിതാംകൂർ ദേവസ്വം ചീഫ് വിജിലൻസ് ഓഫീസർ മുഖേനയും അന്വേഷണം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2012-13-ൽ ശബരിമല കുത്തകലേലം സംബന്ധിച്ചുണ്ടായ പരാതികൾ ശ്രീ. പി. പ്രേമചന്ദ്രൻ (റിട്ടയേർഡ് ഡിസ്ട്രിക്ട് & സെഷൻസ് ജഡ്ജ്) അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കുത്തകയ്ക്ക് വരുന്നവർ ഒത്തുചേർന്ന് തുക കൂട്ടി വിളിക്കാത്ത പ്രവണത ഉണ്ടായിരുന്നതായി റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ശിപാർശപ്രകാരം തൊട്ടടുത്ത വർഷം മുതൽ ഇ-ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല എന്നീ ക്ഷേത്രങ്ങൾക്ക് പുറമേ ദേവസ്വംബോർഡോ ക്ഷേത്രഭരണ സമിതികളോ ആവശ്യപ്പെടുന്ന ക്ഷേത്രങ്ങൾക്ക് സർക്കാർ മതിയായ സുരക്ഷാ സംവിധാനങ്ങൾ നൽകിവരാറുണ്ട്. അമിക്കസ് ക്യൂറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിലാണ് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നതെന്ന് കോടതി നിരീക്ഷിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സ്ഥലംമാറ്റത്തിന് ലക്ഷങ്ങളുടെ കോഴയെന്ന പത്രവാർത്തയും വരികയുണ്ടായി. ദേവസ്വം ബോർഡിലെ വരുമാനമുള്ള പ്രധാന ക്ഷേത്രങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെ സ്ഥലംമാറ്റി നിയമിച്ചതിൽ അഴിമതി നടന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഇത്തരം നിയമനത്തിന് വലിയ തോതിൽ കോഴയിടപാട് നടന്നതായി പത്രങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം ക്ഷേത്രത്തിൽ വരുമാനച്ചോർച്ച ഉണ്ടാകുന്നതായും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അത് തടയുന്നതിനും ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : സർ, ശബരിമലയിൽ പാത്രം വാങ്ങുന്നതിലും അവിടെ സ്ഥാപിച്ച മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ പ്രവർത്തനങ്ങളിൽ അപാകതയുണ്ടെന്നുള്ള കാര്യം സംബന്ധിച്ചും പത്ര വാർത്തയുണ്ടായിരുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, രണ്ട് കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പാത്രം വാങ്ങിയതുമായി ബന്ധപ്പെട്ട അഴിമതിപ്രശ്നം അന്വേഷണത്തിലാണ്. മാലിന്യപ്ലാന്റ് പ്രവർത്തന സജ്ജമാണെങ്കിലും പ്ലാന്റിലേയ്ക്ക് മാലിന്യം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈനിന്റെ പണി കരാറുകാരൻ പൂർത്തിയാക്കാത്തത് പ്ലാന്റിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മണ്ഡല-മകരവിളക്ക് കാലത്തിനുമുമ്പായി അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ബി. സത്യൻ : സർ, ശബരിമലയിലും ദേവസ്വം ക്ഷേത്രങ്ങളിലും വ്യവസ്ഥാപിതമായി അവർതന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ് അഴിമതിയും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന വിഷയങ്ങളും. സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ആളെ കമ്മീഷണറാക്കിയതുപോലുള്ള നിരവധി സംഭവങ്ങൾ സമീപകാലത്തുണ്ടായി. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ? അഴിമതി കണ്ടുപിടിച്ചാൽ നടപടി സ്വീകരിക്കാൻ കഴിയുന്ന രീതിയിലുള്ള എന്തെങ്കിലും മാർഗ്ഗം അവലംബിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നതാണ്. പ്രസ്തുത വിഷയം ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നിർബന്ധിത അവധിയിൽ പ്രവേശിക്കണമെന്നുള്ള നിർദ്ദേശം ബോർഡ് കൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള അന്വേഷണം നടക്കുകയാണ്.

ശ്രീ. എം. മുകേഷ് : സർ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണം ഗുരുവായൂർ മാതൃകയിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നത് സംബന്ധിച്ച് 2011-ലെ ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള സർക്കാർ ശ്രമം നടത്തിയിരുന്നോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണം ഗുരുവായൂർ മാതൃകയിൽ നടത്തുന്നതിനാവശ്യമായ നിയമം നിർമ്മിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ അംഗീകാരത്തിനും തീരുമാനത്തിനുമായി കാത്തിരിക്കുകയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ദേവസ്വം ബോർഡ് ഭരണവുമായി ബന്ധപ്പെട്ട് അമ്പലങ്ങളിൽ എത്ര വിജിലൻസ് കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ; അതോടൊപ്പംതന്നെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഭരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, വിജിലൻസ് കേസ്സിന്റെ എണ്ണത്തെ സംബന്ധിച്ച് പ്രത്യേക ചോദ്യം ചോദിച്ചാൽ മാത്രമേ കൃത്യമായി പറയാൻ സാധിക്കുകയുള്ളൂ. ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് അമിക്കസ്ക്യൂറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതനുസരിച്ച് ശ്രീപത്മനാഭസ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. രതീശൻ ഐ.എ.എസ്.-നെ മുഴുവൻ സമയ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. ക്ഷേത്രത്തിന്റെ കണക്കുകളുടെ ആഡിറ്റിംഗിനായി വിരമിച്ച IA&AS (ഇൻഡ്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസ്) ഉദ്യോഗസ്ഥരുടെ പാനൽ ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ സുരക്ഷ ശക്തമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ : സർ, ഏത് ഭരണസമിതി വന്നാലും ദേവസ്വം ബോർഡിൽ സ്ഥിരം അഴിമതി പതിവാണ്. അതുകൊണ്ടാണ് ദേവസ്വം ബോർഡ് പ്രസിഡന്റായി വന്നവരൊക്കെ പിന്നീട് ഗതിപിടിക്കാതെ പോയത്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ 'ബി' നിലവറ തുറക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം എന്താണ്; രാജകുടുംബം എതിർക്കുന്നതെന്തുകൊണ്ടാണ്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആദ്യത്തെ സ്റ്റേറ്റ്മെന്റ് പൂർണ്ണമായും ശരിയല്ല. വളരെ സത്യസന്ധമായും സുതാര്യമായും ക്ഷേത്രനന്മയ്ക്കുവേണ്ടി പ്രവർത്തിച്ച പ്രസിഡന്റുമാരുണ്ടായിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച അഡ്വ. രാജഗോപാലൻ നായർ അക്കാര്യത്തിൽ മാതൃകാപരമായി പ്രവർത്തിച്ച ഒരാളാണ്. എം.പി. ഗോവിന്ദൻ നായരും അതുപോലെ പ്രവർത്തിച്ചിട്ടുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നല്ലരീതിയിൽ പ്രവർത്തിച്ച പ്രസിഡന്റുമാരും ഉണ്ടായിട്ടുണ്ട്. വൈസ് ചാൻസലറായിരുന്ന ശ്രീ. ബാബു

തുടങ്ങിയ ആളുകൾ അഴിമതിക്കുവേണ്ടി കൂട്ടുനിന്നിട്ടില്ല. പൊതുവേ ബാക്കി ചില ആളുകളെ സംബന്ധിച്ച് ആക്ഷേപം നല്ലതുപോലെ ഉയർന്നുവരുന്നുണ്ട്. 'ബി' നിലവറ തുറക്കുന്നത് സംബന്ധിച്ച് തിരുവിതാംകൂർ രാജകൊട്ടാരത്തിന് ചില റിസർവേഷനുണ്ട്. പണ്ട് കാലത്ത് 'ബി' നിലവറ തുറന്നതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള അപശകുനങ്ങളും പ്രശ്നങ്ങളുംമൂലമാണ് തുറക്കാൻ പാടില്ലായെന്ന നിലപാട് സ്വീകരിക്കാൻ കാരണമായതെന്നാണ് രാജകുടുംബവുമായിട്ടുള്ള ചർച്ചയിൽ മനസ്സിലാക്കാൻ സാധിച്ചത്. സുപ്രീംകോടതി നിലപാട് സ്വീകരിച്ചാൽ അതിനോടൊപ്പം രാജകുടുംബം നിൽക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സഹകരണ മേഖലയിൽ തൊഴിൽ വികസന പദ്ധതികൾ

5 (*185) ശ്രീ. എം. നൗഷാദ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷത്തിൽ ഇരുപതിനായിരം തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള ലക്ഷ്യത്തോടെ സഹകരണ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള തൊഴിൽ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ വികസന താല്പര്യത്തിന് പ്രയോജനപ്രദമാകുന്ന തരത്തിൽ കേരള ബാങ്ക് രൂപീകരിക്കാനുള്ള കർമ്മ പരിപാടിയുടെ പുരോഗതി അറിയിക്കാമോ ;

(സി) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന് 500 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അധികമായി അനുവദിച്ചതുവഴി പ്രതീക്ഷിക്കുന്ന നേട്ടം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സഹകരണ മേഖലയിൽ പ്രതിവർഷം 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 14 ജില്ലകളിൽ നിന്നും മികവുറ്റ 100 പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും

ഓരോ സംഘങ്ങളിലും 100 വ്യക്തികൾ/കുടുംബങ്ങൾ ഉൾപ്പെടുന്ന 10 വീതമുള്ള ചെറുകിട ഉല്പാദന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ചെയ്യും. പ്രസ്തുത ക്ലസ്റ്ററുകൾ മുഖേന പ്രാദേശിക വിഭവ ലഭ്യതയ്ക്കനുസരിച്ചുള്ള കാർഷിക ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ആയതിന് സംഘം മുഖേന വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യും. ഒരു സംഘത്തിന് 1000 തൊഴിലവസരങ്ങൾ വീതം സൃഷ്ടിക്കാൻ കഴിയുന്ന ടി പദ്ധതിക്കാവശ്യമായ സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി ഘട്ടംഘട്ടമായി പ്രാവർത്തികമാക്കുന്നതാണ്.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന് 500 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി അധികമായി അനുവദിച്ചതുവഴി പ്രതീക്ഷിക്കുന്ന നേട്ടം കൂടുതൽ വായ്പകൾ നൽകാൻ സാധിക്കും എന്നുള്ളതാണ്. അധികമായി അനുവദിച്ച സർക്കാർ ഗ്യാരന്റി ഉപയോഗിച്ച് നബാർഡിൽ നിന്നും റീഫിനാൻസ് ലഭിക്കുന്നതിനും ആയത് വായ്പകൾ നൽകുന്നതിന് ഉപയോഗിക്കാവുന്നതുമാണ്.

## കായികക്ഷമതാ മിഷൻ

6 (*186) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കിയും വരുന്നു. വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പദ്ധതി രൂപരേഖ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(സി) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നഴ്സറി തലം മുതൽ നാലാം ക്ലാസ് വരെയും അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും ആരോഗ്യ ശീലങ്ങളും ആരോഗ്യത്തെക്കുറിച്ചുള്ള പൊതു ബോധവും ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

**കെ.എസ്.എഫ്.ഇ. നവീകരണത്തിനായി പദ്ധതി**

7 (*187) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയുടെ മുഖ്യധനസമാഹരണ സ്രോതസ്സായി വിഭാവനം ചെയ്തിട്ടുള്ള കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രവാസി ചിട്ടി ആകർഷകമാക്കുന്നതിനും നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഇല്ല. പ്രവാസി ചിട്ടി തുടങ്ങുന്നതിന് കേന്ദ്ര ചിട്ട് ഫണ്ട് ആക്ടിലെ ചില ചട്ടങ്ങളിൽ റിസർവ് ബാങ്കിന്റെ അനുമതിയോടെ ഇളവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ ഇതുസംബന്ധിച്ച കൂടിയാലോചനകളും സാങ്കേതിക പ്രവർത്തനങ്ങളും സത്വരമായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അധികം താമസിയാതെതന്നെ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിക്കുന്നതാണ്.

(ബി) കേന്ദ്ര ചിട്ടി ആക്ട് 1982-ഉം കേരള ചിട്ടി റൂൾസ് 2012-ഉം അനുസരിച്ചാണ് പ്രവാസി ചിട്ടി തുടങ്ങുന്നത്. അതിനാൽ നിയമപരമായ എല്ലാ പരിരക്ഷയും പ്രവാസി ചിട്ടികൾക്കുണ്ട്. അതിനുപുറമെ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമായ കെ.എസ്.എഫ്.ഇ. നടത്തിവരുന്ന മറ്റ് ചിട്ടികൾക്കുള്ള അതേ സുരക്ഷിതത്വം പ്രവാസി ചിട്ടികൾക്കും ഉണ്ടായിരിക്കുന്നതാണ്. പ്രവാസി ചിട്ടികൾക്ക് പ്രത്യേകം നൽകേണ്ട ആനുകൂല്യങ്ങളെ കുറിച്ച് ചർച്ചകൾ നടന്നുവരുന്നു.

(സി) കെ.എസ്.എഫ്.ഇ.-യുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. 33 ലക്ഷത്തോളം ഇടപാടുകാരും 33,225 കോടിയുടെ വാർഷിക വിറ്റുവരവും (2017 ജൂൺ 30-ന്റെ കണക്കനുസരിച്ച്) നിലവിലുണ്ട്. നിലവിൽ 568 ബ്രാഞ്ചുകളാണുള്ളത്. പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതോടുകൂടി കെ.എസ്.എഫ്.ഇ.-യിൽ സമഗ്രമായി ഒരു വളർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വളർച്ചയെ ഉൾക്കൊള്ളാനാവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നത് സംബന്ധിച്ച ആലോചനകൾ നടന്നുവരുന്നു. ഉത്സവകാല ചിട്ടികൾ തിരിച്ചു കൊണ്ടുവന്നു. പൊന്നോണച്ചിട്ടികൾ, പുതുവർഷച്ചിട്ടികൾ എന്നിങ്ങനെ സമ്മാനത്തോടു കൂടിയ ബ്രാന്റഡ് ചിട്ടികൾ വിജയപ്രദമായി നടപ്പിലാക്കി. കെ.എസ്.എഫ്.ഇ.-യുടെ മുഴുവൻ ശാഖകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോർസൊല്യൂഷൻ സോഫ്റ്റ്‌വെയർ ആയ CASBA (Core Application Software for Business Accounting) നടപ്പിലാക്കി. സ്ഥാപനത്തിന്റെ ആസ്ഥാന മന്ദിരം മോടി പിടിപ്പിക്കുക, ലോഗോ മാറ്റം, സൈൻ ബോർഡ് തുടങ്ങി എല്ലാത്തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങളും പുതിയ ബിസിനസ്സ് മേഖലകൾ കണ്ടെത്തുവാനുള്ള അന്വേഷണങ്ങളും ആവിഷ്കരിച്ചു വരുന്നു.

**കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികൾ**

8 (*188) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി നാളിതുവരെ അംഗീകാരം നൽകിയ പദ്ധതികളിൽ പണി ആരംഭിച്ചവ ഏതെല്ലാമാണ് ; വിശദമാക്കാമോ ;

(ബി) ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതും അല്ലാത്തതുമായ പദ്ധതികളുടെ ഭരണാനുമതിയും തുടർനടപടികളും എന്തെല്ലാമാണ്;

(സി) പദ്ധതി നിർവ്വഹണ ഘട്ടത്തിൽ, പണി നടക്കുന്ന മുറയ്ക്ക് പണം നൽകുന്നതിനുള്ള കിഫ്ബിയുടെ മൂലധനസ്ഥിതിയും ധനസമാഹരണ മാർഗ്ഗങ്ങളും അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) കിഫ്ബിയുടെ 27,28,29-ാം ബോർഡ് യോഗങ്ങൾ 5722.41 കോടി രൂപയുടെ 80 പദ്ധതികൾക്ക് അംഗീകാരം നൽകുകയും, 6925.97 കോടി രൂപയുടെ 43 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇവയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള ഐ.ടി.@സ്കൂൾ, പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള അകത്തേത്തറ റെയിൽ മേൽ പാലം നിർമ്മാണം, കേരള വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള കോട്ടയം സെൻസസ് ടൗൺ- കണ്ണൂർ തലശ്ശേരി താലൂക്ക് ജല വിതരണം ശക്തിപ്പെടുത്തൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻ കീഴിലുള്ള ഡയാലിസിസ് യൂണിറ്റിന്റെ രൂപീകരണം എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 933.80 കോടി രൂപയുടെ പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ സ്റ്റാറ്റസ് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 8-8-2016-ലെ സ.ഉ.(കൈ.) നമ്പർ 315/16/ധന ഉത്തരവ് പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ കിഫ് ബോർഡിന്റെ പരിഗണനയ്ക്ക് യോഗ്യമാകും വിധം സമർപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ ഭരണാനുമതി, വിശദമായ പ്രോജക്ട് റിപ്പോർട്ട്, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് എന്നിവയുൾപ്പെടെയുള്ള പദ്ധതി വിശദാംശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പ് കിഫ്ബിയുടെ വെബ്സൈറ്റിൽ (www.kiifb.kerala.gov.in) ഓൺലൈനായി സമർപ്പിക്കേണ്ടതുണ്ട്. കൂടാതെ വാർഷിക ബജറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവുപ്രകാരം പദ്ധതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ മന്ത്രിസഭായോഗം പരിഗണിക്കേണ്ടതും മേൽ സൂചിപ്പിച്ച പദ്ധതി വിശദാംശങ്ങളോടുകൂടി കിഫ്ബിയിൽ ഓൺലൈനായി സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2015-16-ലെ ബജറ്റിലെ പ്രഖ്യാപനപ്രകാരം 2015-16 സാമ്പത്തിക വർഷം 5475-00-800-92 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 873.85 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 1624.56 കോടി രൂപയും കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ, 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗവും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് തുകയും കിഫ്ബി നിധിയിലേക്ക് നിക്ഷേപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇതിൻ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 729.53 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള ആദ്യ ഗഡുവായ 375 കോടി രൂപയും കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്. നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ 5722.41 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്ക് പൂർണ്ണമായ അംഗീകാരം നൽകിയിട്ടുള്ളതിൽ 3816.75 കോടി രൂപയുടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ 983.80 കോടി രൂപയുടെയുള്ള പദ്ധതികളുടെ ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ട്. കിഫ് ബോർഡ് നാളിതുവരെ അംഗീകരിച്ച പദ്ധതികളുടെ നടപ്പാക്കലിനായുള്ള ആദ്യഗഡുക്കൾ നൽകുവാൻ കിഫ്ബിയുടെ നിലവിലെ നിധി പ്രാപ്തമാണ്.

ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബിയുടെ ധനസമാഹരണ മാർഗ്ഗങ്ങൾ താഴെപ്പറയുന്നു :

1. ബജറ്റ് വിഹിതത്തിൽ നിന്നും കിഫ് ബോർഡിന് നൽകിയിട്ടുള്ള തുകകൾ (മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം - തുടക്കത്തിൽ 10 ശതമാനം, തുടർന്നുള്ള വർഷങ്ങളിൽ 10 ശതമാനം വീതം വർദ്ധനവ് വരുത്തി അഞ്ചാം വർഷം മുതൽ 50 ശതമാനം മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.)

2. ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ തുടങ്ങിയ കടപ്പത്രങ്ങൾ മുഖേന ബോർഡ് കടം വാങ്ങിയ തുക.

3. ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകൾ/വായ്പകൾ അല്ലെങ്കിൽ മുൻകൂർ തുകകൾ അതോടൊപ്പം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വാണിജ്യ സഹകരണ ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള ടേം ലോൺ.

4. ആർ.ബി.ഐ.-യും സെബിയും അംഗീകരിച്ചിട്ടുള്ള നൂതന സംവിധാനങ്ങളായ ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് എന്നിവ വഴി ബോർഡ് സമാഹരിച്ച ഏതൊരു തുകയും.

## സഹകരണ മേഖലയിലെ പ്രതിസന്ധികൾ

9 (*189) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ മേഖല നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാം; വിശദമാക്കാമോ ;

(ബി) ചെത്തു തൊഴിലാളി സഹകരണ സംഘത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ട്. 1949-ലെ ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ 2012-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം, വാണിജ്യ ബാങ്കുകൾക്ക് സമാനമായ രീതിയിൽ സഹകരണ ബാങ്കുകൾക്ക് റെഗുലേറ്ററി നോംസ് നിശ്ചയിച്ച് നൽകിയതും സേവന നികുതി സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയതും ആദായ നികുതി നിയമത്തിലെ വകുപ്പ് 80 പി പ്രകാരം സഹകരണ ബാങ്കുകൾക്ക് ഉണ്ടായിരുന്ന ഇളവ് ഒഴിവാക്കിയതും സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് RTGS, NEFT, ATM ഉൾപ്പെടെയുള്ള ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ RBI അനുമതി നൽകാത്തത് ബാങ്കിംഗ് മേഖലയുടെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൊമേഴ്സ്യൽ ബാങ്കുകളോട് മത്സരിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന സി.എം.എ. നോംസ് സഹകരണ ബാങ്കുകൾക്ക് ആകർഷകമായ പ്രോഡക്ട് ഡിസൈനിന് തടസ്സമായി നിൽക്കുന്നു. സംസ്ഥാനത്തെ വായ്പേതര സഹകരണ സംഘങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധി പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ്. ആശുപത്രി സഹകരണ സംഘങ്ങൾക്ക് മാനവവിഭവശേഷിയുടെ അഭാവവും വിവിധ തരത്തിലുള്ള നികുതി ഭാരവും ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഈട് പ്രമാണം തിരികെ നൽകാൻ കഴിയാത്ത അവസ്ഥയും പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളിൽ സ്ഥിരം സെക്രട്ടറിമാരുടെ അഭാവം, ഭരണസമിതിയുടെ അഭാവം, പ്രവർത്തന മേൽനോട്ടക്കുറവ്, അംഗത്വ ശോഷണം തുടങ്ങിയ പോരായ്മകളും ഇവയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. ഒരു കാലത്ത് വളരെ നന്നായി പ്രവർത്തിച്ചു വന്നിരുന്ന കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തിൽ പിന്നീടുണ്ടായ പാളിച്ചകൾ സംസ്ഥാനത്തെ പൊതുവിപണിയിൽ

സഹകരണ മേഖലയുടെ ഇടപെടലിന്റെ പ്രാധാന്യം കുറച്ചിരുന്നു. എന്നാൽ ഇത് ഇപ്പോൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്ലാൻ ഫണ്ട് ലഭിക്കുന്നതിന് ഈട് നൽകണമെന്ന വ്യവസ്ഥയും സ്റ്റാമ്പ് ഡ്യൂട്ടിയും പലപ്പോഴും സർക്കാർ സഹായം ഉപയോഗപ്പെടുത്തുവാൻ സംഘങ്ങൾക്ക് കഴിയാത്ത അവസ്ഥ ഉണ്ടാക്കുന്നു.

(ബി) സംസ്ഥാനത്തെ ചെത്ത് തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കള്ള് ഷാപ്പ് കോൺട്രാക്ട് ലഭിക്കാത്ത സാഹചര്യത്തിൽ മെമ്പർമാർ കള്ള് ചെത്തുന്ന ജോലി നിർത്തി പോകുകയും വളരെ ചെറിയ ശതമാനം മെമ്പർമാർ മാത്രം വ്യക്തിപരമായി കള്ള് ചെത്തി മറ്റ് കള്ളുഷാപ്പുകളിൽ നൽകുകയും ചെയ്യുന്നതിനാൽ സംഘങ്ങൾ ഈ മേഖലയിൽ നിർജ്ജീവാവസ്ഥയിലാണ്. കള്ള് ഷാപ്പുകൾ നടത്താനുള്ള ലൈസൻസ് സംഘങ്ങൾക്ക് നൽകിയാൽ മാത്രമേ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ. കള്ള് ഷാപ്പ് നടത്തുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ ഇത്തരം സംഘങ്ങളുടെ നിയമാവലിയിലെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി സംഘങ്ങൾക്ക് സാധിക്കുന്നില്ല. മറ്റ് സഹകരണ സംഘങ്ങൾ ചെയ്തുവരുന്ന പരിമിതമായ പ്രവർത്തനങ്ങൾ മാത്രമേ നിലവിൽ ഈ സംഘങ്ങൾക്ക് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 101 ചെത്തു തൊഴിലാളി സംഘങ്ങളിൽ നിലവിൽ 34 എണ്ണം മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. 61 എണ്ണം പ്രവർത്തന രഹിതവും 6 എണ്ണം ലിക്വിഡേഷൻ അവസ്ഥയിലുമാണ്.

## കയറ്റുമതി മേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ

10 (*190) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറ്റുമതി മേഖലയെ ജി.എസ്.ടി.-യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം സംസ്ഥാനത്തിന് ഗുണകരമാകുമോ എന്ന് വിശദമാക്കുമോ;

(സി) കയറ്റുമതി മേഖലയ്ക്ക് മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നതെന്നറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ&ബി) ചരക്കുസേവന നികുതി നിയമത്തിൽ കയറ്റുമതി മേഖലയെ 0% നികുതി നിരക്കിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കയറ്റുമതി ചെയ്യുന്ന നികുതി വിധേയ സാധനങ്ങൾക്ക് അവ വാങ്ങുമ്പോൾ അല്ലെങ്കിൽ അവയുടെ നിർമ്മാണ സാമഗ്രികൾ വാങ്ങുമ്പോൾ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട സേവന മേഖലയിലോ നൽകിയ നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ലഭിക്കുകയും അത് റീഫണ്ടായി ലഭിക്കുകയും ചെയ്യുമെന്നതിനാൽ മറ്റു രാജ്യങ്ങളിലെ ഉല്പാദകരുമായി മത്സരിക്കുന്നതിന് ഇന്ത്യൻ കയറ്റുമതിക്കാരെ പ്രാപ്തരാക്കുകയും കൂടുതൽ വിദേശവിപണി കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. ഇതിനാൽ രാജ്യത്തിന് കൂടുതൽ വിദേശനാണ്യം നേടിക്കൊടുക്കുന്നതിന് സഹായകമാകുകയും ചെയ്യും.

(സി) കയറ്റുമതി മേഖലയെപ്പോലെതന്നെ പ്രത്യേക മേഖലയിലേക്കുള്ള വിതരണവും 0% നിരക്കിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് Deemed Export ആയാണ് കണക്കാക്കുന്നത്. കയറ്റുമതിയിൽ ഐ.ജി.എസ്.ടി.-യാണ് ചുമത്തുന്നത്. ഒന്നുകിൽ കയറ്റുമതിക്കാരന് ഐ.ജി.എസ്.ടി. അടച്ച് കയറ്റുമതി നടത്തുകയും പിന്നീട് ഈ ഐ.ജി.എസ്.ടി. റീഫണ്ടായി അവകാശപ്പെടാവുന്നതുമാണ്. IPT Credit ഉപയോഗിച്ച് കയറ്റുമതിയുമായി ബന്ധപ്പെട്ട ഐ.ജി.എസ്.ടി. അടയ്ക്കുകയാണെങ്കിൽ അതിന്റെ 90% ഒരാഴ്ചയ്ക്കകം റീഫണ്ട് ലഭ്യമാകും. ബാക്കിയുള്ള 10% അപേക്ഷ സമർപ്പിച്ച് 60 ദിവസത്തിനകം റീഫണ്ട് നൽകും. ഇതല്ലാതെ ബോണ്ടിന്റെയോ ലെറ്റർ ഓഫ് അണ്ടർടേക്കിങ്ങിന്റെയോ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി അടയ്ക്കാതെ കയറ്റുമതി നടത്താവുന്നതാണ്. ഇത്തരത്തിലുള്ള കയറ്റുമതിയിൽ ക്രെഡിറ്റിലുള്ള ഇൻപുട്ട് ടാക്സ് പിന്നീട് റീഫണ്ടായി claim ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ജി.എസ്.ടി.-യിൽ കയറ്റുമതിയുമായി ബന്ധപ്പെട്ട റീഫണ്ട് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഇത് കേന്ദ്ര കസ്റ്റംസ് വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

**ആധുനിക വ്യവസായ രംഗത്തേക്ക് സ്വകാര്യ മൂലധനം**

11 (*191) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുവളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി, പരിസ്ഥിതിയും തൊഴിലാളികളുടെ അവകാശവും സംരക്ഷിച്ചുകൊണ്ട് ആധുനിക വ്യവസായ രംഗത്തേക്ക് സ്വകാര്യ മൂലധനത്തെ ആകർഷിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പശ്ചാത്തല സൗകര്യ വികസനത്തിനും സംരംഭകത്വ വികസനത്തിനുമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(സി) 17500 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ഡി) കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) കേരളത്തെ പരിസ്ഥിതി സൗഹൃദരീതിയിൽ നിക്ഷേപക സംസ്ഥാനമാക്കുന്നതിനും തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിക്കുന്നതിനും സ്വകാര്യ മൂലധനത്തെക്കൂടി ആശ്രയിക്കേണ്ടതുണ്ട്. എന്നാൽ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടായിരിക്കും പദ്ധതികൾ നടപ്പിലാക്കുക. നിലവിൽ കിൻഫ്ര വഴിയും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴിയും വ്യവസായ പാർക്കുകൾ ആരംഭിച്ചുവരുന്നു. അടിസ്ഥാനസൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഈ പാർക്കുകളിൽ ഒരുക്കികൊണ്ടിരിക്കുന്നു. കൂടാതെ വ്യവസായ സംരംഭകർക്ക് വേഗത്തിലും സുതാര്യമായും ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനായി നിലവിൽ ചട്ടങ്ങളിലെ കാർക്കശ്യങ്ങൾ ലഘൂകരിക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനുമായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട്" എന്ന പേരിൽ ഒരു ഏകീകൃത ആക്ട് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പരിസ്ഥിതി സംരക്ഷണത്തിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ, വിഷമാലിന്യ സംസ്കരണ സംരംഭങ്ങൾ എന്നിവ ഒരുക്കും.

സംരംഭകത്വ സഹായ പദ്ധതി :

ഈ പദ്ധതിയിലൂടെ വ്യവസായ വകുപ്പ് സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 15%, പരമാവധി 20 ലക്ഷം രൂപ വരെ സഹായമായി നൽകുന്നു. വനിതാ - യുവസംരംഭകർക്കും പട്ടികജാതി/ പട്ടികവർഗ്ഗ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം തരുന്നു. പരമാവധി 30 ലക്ഷം രൂപ.

ഇ.ഡി. ക്ലബ്ബ് :

യുവതയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽദാതാക്കളായി വികസിപ്പിക്കുന്നതിനും അവരിൽ വ്യക്തിത്വ വികസന വളർച്ച സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികളിലെ നവ ആശയങ്ങളെ രൂപകൽപ്പന ചെയ്ത് യുവസംരംഭകരാക്കി വളർത്തിയെടുക്കുന്നതിനായി ഇ. ഡി. (എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ്) ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

ഇൻകുബേഷൻ സെന്ററുകൾ :

പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകരുടെ സ്വപ്നം സാക്ഷാൽകരിക്കാനാവശ്യമായ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിനാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. മേൽപ്പറഞ്ഞവ കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലന പരിപാടികൾ, മെഷിനറി എക്സിബിഷൻ തുടങ്ങിയ പദ്ധതികൾ ബ്ലോക്ക് തലം മുതൽ ജില്ലാതലം വരെ നടത്തിവരുന്നു. കേരളത്തിലെ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് പശ്ചാത്തല സൗകര്യ വികസനം ഒരുക്കുന്നതിനായി പ്രധാന വ്യവസായവികസന മേഖലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് നൽകുന്ന പദ്ധതി നിലവിലുണ്ട്. അതിന്റെ തുടക്കമായി എറണാകുളം ജില്ലയിൽ എടയാറിൽ ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു കഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ പുഴക്കൽ പാടത്ത് മറ്റൊരു സമുച്ചയത്തിന്റെ പണി പൂർത്തിയായി. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലെ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്.

(സി) മേൽവിവരിച്ച പദ്ധതികൾ നടപ്പിലാക്കുക വഴി ലക്ഷ്യമിട്ട ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. കൂടാതെ ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി, നാനോ ഹൗസ് ഹോൾഡ് എന്റർപ്രൈസസ് പദ്ധതി, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നിവ വഴിയും ലക്ഷ്യമിട്ട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് സർക്കാരിന് ആത്മവിശ്വാസമുണ്ട്.

(ഡി) സംസ്ഥാനത്ത് വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അപ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

## സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

12 (*192) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോളാർ വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാൻ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം നല്കാമോ;

(ബി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണ്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെങ്കിലും വിഭാഗത്തിന് സോളാർ വൈദ്യുത ഉല്പാദന ഉപകരണങ്ങൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അമ്പതു ലക്ഷം രൂപയിലധികം ചെലവു ചെയ്തു നിർമ്മിക്കുന്ന വീടുകൾക്കും ഫ്ലാറ്റുകൾക്കും വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കും സോളാർ വൈദ്യുത ഉല്പാദന ഉപകരണങ്ങൾ നിർബന്ധമാക്കി ചട്ടങ്ങളിൽ മാറ്റം വരുത്തുമോ എന്ന് വെളിപ്പെടുത്താമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉല്പാദനം ലക്ഷ്യമിട്ട് സൗരോർജ്ജത്തിൽ നിന്നും ആകെ 90MW വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഉപയോഗ ശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ഡാമിന്റെ റിസർവ്വോയറുകളിലും നടപ്പാതകളിലും കൂടാതെ കനാൽ ടോപ്പ് കനാൽ ബാങ്ക് എന്നിവിടങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു. ഇവയിൽ 10.399 MW-ന്റെ പദ്ധതികൾ പൂർത്തീകരിക്കുകയും 8.515 MW പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയും 4.4175 MW-ന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.15 MW-ന്റെയും തെക്കൻ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 57.5KW-ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് 200 MW

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 MW-ൽ 36 MW-ന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇവ കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ മറ്റൊരു 200 MW ശേഷിയുള്ള സോളാർ പാർക്ക് കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കായംകുളത്ത് എൻ.റ്റി.പി.സി.-യുടെ അധീനതയിലുള്ള ഭൂമിയിൽ പരമാവധി സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി എൻ.റ്റി.പി.സി.-യുമായി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകാൻ പദ്ധതിയുണ്ട്. ഇതുകൂടാതെ ഒരു കിലോവാട്ട് മുതൽ അഞ്ച് കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിതമല്ലാത്ത സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾ കേന്ദ്ര സംസ്ഥാനസർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്നുമുണ്ട്. നിലയത്തിന്റെ ഉപകരണവിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ ധനസഹായവും ഒരു കിലോവാട്ട് ശേഷിക്ക് 22,500 രൂപ വച്ച് സംസ്ഥാന സർക്കാർ ധനസഹായവുമാണ് ലഭിക്കുക. ഈ പദ്ധതിയിലൂടെ 2016-17-ൽ ആകെ നാല് മെഗാവാട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 2017-18 വർഷം ആറ് മെഗാവാട്ട് സ്ഥാപിതശേഷിയാണ് ലക്ഷ്യമിടുന്നത്.

(ബി) മേൽ വിവരിച്ച പദ്ധതികളുടെ പ്രധാന നിർവ്വഹണ ഏജൻസി അനെർട്ട് (ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി & റൂറൽ ടെക്നോളജി) ആണ്. കെ.എസ്.ഇ.ബി.എൽ. മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ കെ.എസ്.ഇ.ബി. എൽ. ഇ-ടെണ്ടർ ക്ഷണിച്ച് ഇ.പി.സി. കരാർ വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി&ഡി) 25-11-2013-ലെ സ.ഉ.(പി) നമ്പർ 49/2013/ഊ.വ. പ്രകാരം പുറപ്പെടുവിച്ച 2013-ലെ സൗരോർജ്ജ നയം പ്രകാരം 2000 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനങ്ങളും സൗരോർജ്ജ വാട്ടർഹീറ്റർ സംവിധാനങ്ങളും നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഇതുകൂടാതെ ഉപയോഗമനുസരിച്ച് പലതരം കെട്ടിടങ്ങളിലും സൗരോർജ്ജ സംവിധാനങ്ങൾ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അമ്പത് ലക്ഷം രൂപയിലധികം ചെലവ് ചെയ്ത് നിർമ്മിക്കുന്ന വീടുകൾക്കും ഫ്ലാറ്റുകൾക്കും വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്കും സോളാർ വൈദ്യുത ഉല്പാദന ഉപകരണങ്ങൾ നിർബന്ധമാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയം ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109 C-യിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 103-ലും Solar Assisted Water Heating/Lighting System സംബന്ധിച്ച വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**ജനറൽ ഒബ്ലിഗേഷൻ ബോണ്ട് മുഖേനയുള്ള കടമെടുപ്പ്**

13 (*193) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം .ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനറൽ ഒബ്ലിഗേഷൻ ബോണ്ട് മുഖേനയുള്ള കടമെടുപ്പിൽ പാലിക്കേണ്ട തത്വങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ബോണ്ട് മുഖേന എത്ര തുക കടമെടുത്തു എന്നും തിരിച്ചുകൊടുക്കേണ്ട ടൈം ഷെഡ്യൂൾ എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗക്രമം വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കമ്പനികളോ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളോ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കേണ്ടത് സെക്യൂരിറ്റീസ് & എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി)-യുടെ നിയന്ത്രണ പരിധിയിൽ നിന്നുകൊണ്ടാണ്. മുനിസിപ്പൽ ബോണ്ടുകൾ ഒഴികെയുള്ള മറ്റ് ബോണ്ടുകളുടെ പുറപ്പെടുവിക്കലുകളും ലിസ്റ്റ് ചെയ്യലും 2008-ലെ സെബി (ഇഷ്യൂ & ലിസ്റ്റിംഗ് ഓഫ് ഡെറ്റ് സെക്യൂരിറ്റീസ്) റെഗുലേഷൻസ് (ഐ.എൽ.ഡി.എസ്. 2008) പ്രകാരമാണ്. പബ്ലിക് ഇഷ്യൂ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മുഖേനയും പ്രൈവറ്റ് പ്ലേസ്മെന്റ് മാർഗേണയും ബോണ്ടുകൾ പുറപ്പെടുവിക്കുവാൻ ഐ.എൽ.ഡി.എസ്. 2008 അനുവദിക്കുന്നു. എന്നാൽ പബ്ലിക് ഇഷ്യൂ മുഖേനയുള്ള ബോണ്ടുകൾ ഒരു അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യപ്പെടണമെന്നത് നിർബന്ധമായതും പ്രൈവറ്റ് പ്ലേസ്മെന്റ് ബോണ്ടുകൾക്ക് ഇത് ഓപ്ഷണലുമാണ്.

ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് ഐ.എൽ.ഡി.എസ്. 2008 നിർദ്ദേശിക്കുന്ന മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു :

1. ബോണ്ടുകൾ ലിസ്റ്റ് ചെയ്യപ്പെടുന്നതിനായി ഒരു അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചിൽ അപേക്ഷ സമർപ്പിക്കൽ.

2. ഐ.എൽ.ഡി.എസ്. 2008 റെഗുലേഷൻസ് നിഷ്കർഷിക്കും വിധം വിശദമായ വെളിപ്പെടുത്തലോടുകൂടിയ ഓഫർ ഡോക്യുമെന്റ് തയ്യാറാക്കൽ.

3. സെബിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒന്നോ അതിലധികമോ മെർചന്റ് ബാങ്കർമാരെ നിയമിക്കൽ.

4. 2013-ലെ കമ്പനീസ് ആക്ട് പ്രകാരം ഡിബഞ്ചർ ട്രസ്റ്റികളെ നിയമിക്കൽ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോണ്ടുകളൊന്നും കിഫ്ബി മുഖേന പുറപ്പെടുവിച്ചിട്ടില്ല.

(സി) ജനറൽ ഒബ്ലിഗേഷൻ ബോണ്ട് ഉൾപ്പെടെയുള്ള കടപ്പത്രങ്ങൾ മുഖേന സമാഹരിക്കുന്ന തുക കിഫ് നിധിയിലേക്കാണ് വകകൊള്ളിക്കുന്നത്. ഭേദഗതി ചെയ്ത 2016-ലെ കിഫ് ആക്ട് 3-ാം വകുപ്പ് പ്രകാരം കിഫ് ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന ബജറ്റ് വിഹിതം, ബോർഡ് കടം വാങ്ങുന്ന തുകകൾ, ഏതെങ്കിലും സ്ഥാപനം നൽകുന്ന ഗ്രാന്റുകൾ/വായ്പകൾ, മുൻകൂർ തുകകൾ തുടങ്ങി കിഫ്ബിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് സമാഹരിക്കുന്ന ഏതൊരു തുകയും വകകൊള്ളിക്കുന്നത് കിഫ് നിധിയിലാണ്. ഈ നിധിയിൽ നിന്നുമാണ് കിഫ്ബി പദ്ധതികളുടെ നിർമ്മാണ/നിർവ്വഹണ ഘട്ടത്തിൽ ആവശ്യം വരുന്ന ധനം ആക്ട് അനുശാസിക്കും വിധം വിനിയോഗിക്കപ്പെടുന്നത്.

**കൈത്തറി രംഗം സംരക്ഷിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ**

14 (*194) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെക്കാലമായി പ്രതിസന്ധിയിലായിരുന്ന കൈത്തറി രംഗത്തെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കാനായി ഈ സർക്കാർ കൈത്തറി മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ ;

(ബി) പരമ്പരാഗത തൊഴിലാളികൾക്ക് ഉപജീവനം ഉറപ്പാക്കുന്നതിനോടൊപ്പം കൈവേലയുടെ മഹത്വം കുട്ടികൾക്ക് മനസ്സിലാക്കാൻ കൂടി ഉപകരിക്കുന്ന സൗജന്യ കൈത്തറി യൂണിഫോം വിതരണം പദ്ധതി, കൈത്തറി മേഖലയിലുണ്ടാക്കിയ വികസനം അറിയിക്കാമോ; ആവശ്യത്തിന് യൂണിഫോം തുണി ലഭ്യമാക്കാൻ സാധിക്കുംവിധം വിപുലീകരണത്തിന് എന്തൊക്കെ പദ്ധതികളാണ് ഉള്ളത്; കൈത്തറിയെന്ന വ്യാജേന മിൽതുണി വിറ്റഴിക്കാതിരിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ;

(സി) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, കയറ്റുമതി പ്രോത്സാഹനം, കൈത്തറി വസ്ത്രങ്ങളുടെ പ്രചരണം തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) പരമ്പരാഗത മേഖലയിലെ പ്രധാനപ്പെട്ട വ്യവസായമായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്കൂളിലെയും എയ്ഡഡ് സ്കൂളുകളിലെയും ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 2017 അദ്ധ്യയന വർഷം 2 ജോഡി യൂണിഫോം തുണി കൈത്തറിയിൽ നെയ്തെടുത്തത് സൗജന്യമായി നൽകുന്നതിന് സാധിച്ചു. ഈ പദ്ധതിയിൽ നെയ്യുവാൻ തയ്യാറായി വന്നത് 2929 നെയ്ത്തുകാരാണ്. ഇത്രയും നെയ്ത്തുകാർ 9.40 ലക്ഷം മീറ്റർ ഉല്പാദിപ്പിച്ച് 2017 അദ്ധ്യയന വർഷം യൂണിഫോം തുണി വിതരണം ചെയ്യുകയും ചെയ്തു. ഏകദേശം 27000 നെയ്ത്തുകാർ കൈത്തറി മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതിൽ നിലവിൽ 9000-ത്തോളം മാത്രമാണ് ഈ മേഖലയിൽ നിൽക്കുന്നത്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യ വർഷം 2929 പേർ നേരിട്ട് തുണി നെയ്യുന്നതിനും ഇതിന്റെ ഇരട്ടിയിലധികം തൊഴിലാളികൾക്ക് പാവ് ചുറ്റൽ, താരു ചുറ്റൽ തുടങ്ങിയ അനുബന്ധ ജോലികളും ലഭിക്കുകയുണ്ടായി. സ്കൂൾ യൂണിഫോം പദ്ധതിക്ക് മാത്രമായി നെയ്ത്തുകാർക്ക് ഇതുവരെ കൂലിയിനത്തിൽ 8.50 കോടിയിലധികം രൂപ നൽകിയിട്ടുണ്ട്. ഇതുമൂലം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറിയിൽ പുത്തനുണർവ് സംജാതമായിട്ടുണ്ട്.

(ബി) കേരളത്തിൽ ഏകദേശം 29000 തറികൾ കൈത്തറി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ 9000 തറികൾ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച സ്കൂൾ യൂണിഫോം പദ്ധതിയിൽ ആദ്യവർഷം

2929 നെയ്ത്തുകാർ പങ്കെടുത്തിരുന്നു. ഇവർ അഞ്ച് മാസക്കാലം കൊണ്ട് ഏകദേശം 10.50 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചു. ഇതിലേക്കായി നെയ്ത്തുകാർക്ക് 8.50 കോടി രൂപ കൂലിയിനത്തിൽ ലഭിച്ചിട്ടുണ്ട്. 2018 അദ്ധ്യയന വർഷത്തേക്കുള്ള സ്കൂൾ യൂണിഫോം തുണിയുടെ ഉല്പാദനം ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ വർഷത്തേക്കാളും 350 നെയ്ത്തുകാർ ഇതിൽ അധികമായി പങ്കാളികളായിട്ടുണ്ട്. 2018-ലേക്ക് 24 ലക്ഷം മീറ്റർ തുണിയുടെ ആവശ്യമുണ്ട്. സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് യൂണിഫോം തുണി നൽകുന്നത്. യൂണിഫോം തുണി നെയ്യുന്നതിന് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിലേക്കായി കൃത്യമായി കൂലി അവരവരുടെ ബാങ്ക് അക്കൗണ്ട് വഴി DBT സംവിധാനത്തിലൂടെ നൽകിവരുന്നു. കൂടാതെ തറി അറ്റകുറ്റപ്പണി നടത്തുന്നതിനും നെയ്ത്തിന് സജ്ജമാക്കുന്നതിനും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ നിന്നും തറി ഒന്നിന് പരമാവധി 4000 രൂപാ ക്രമത്തിൽ നൽകുന്നുണ്ട്. പുതിയ തലമുറയിൽപ്പെട്ട ആൾക്കാരെ കണ്ടെത്തി അവർക്ക് മികച്ച പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

യൂണിഫോം തുണി സ്കൂളുകളിൽ നൽകിയത് പൂർണ്ണമായും കൈത്തറിയിൽ നെയ്തെടുത്തതാണ്. നൂൽ വാങ്ങൽ, പാവ് ചുറ്റൽ, നെയ്ത്ത തുണി മുറിച്ചെടുക്കൽ, ചായം മുക്കാൻ നൽകൽ, തിരികെ എത്തിക്കൽ, സ്കൂളുകളിൽ ആവശ്യമുള്ള തുണി എത്തിക്കൽ തുടങ്ങിയ ഓരോ ഘട്ടങ്ങളിലും നൂലിന്റെയും തുണിയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും പരിശോധനകളും നടത്തിയശേഷമാണ് തുണി സ്കൂളുകളിൽ എത്തിച്ചിട്ടുള്ളത്. ഇതിലേക്ക് ഐ.ഐ.എച്ച്.റ്റി., ഹാൻവീവ്, ഹാന്റക്സ് എന്നിവിടങ്ങളിലെ വിദഗ്ദ്ധരായ ക്വാളിറ്റി ചെക്കിംഗ് ഇൻസ്പെക്ടർമാരെ നിയോഗിച്ചിരുന്നു. കൂടാതെ, സ്കൂൾ യൂണിഫോം നെയ്യുന്ന വീവർക്കും തറിക്കും പ്രത്യേകം കോഡ് നമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത നമ്പർ ടിയാൻ നെയ്തെടുത്ത തുണിയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. തുണിയിൽ വല്ല കൃത്രിമവും കണ്ടാൽ ഈ കോഡ് നമ്പർ ഉപയോഗിച്ച് ആ വീവറെ കണ്ടെത്തുവാനും കഴിയും. ആയതിനാൽ സ്കൂൾ യൂണിഫോമിനായി വിതരണം ചെയ്തിട്ടുള്ള തുണി 100 ശതമാനവും കൈത്തറിയിൽ നെയ്തതാണെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. മിൽ തുണിയുടെ യാതൊരുവിധ കടന്നുകയറ്റവും ഉണ്ടായിട്ടില്ല. കൂടാതെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് മാത്രമായി ഹാന്റ്ലൂം മാർക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും എന്ന പദ്ധതിയിൻ കീഴിൽ താഴെപ്പറയുന്ന രീതിയിൽ ധനസഹായം നൽകാൻ സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

1. വർക്ക് ഷെഡ് നവീകരണ ഗ്രാന്റ്, വ്യക്തിഗത നെയ്ത്തുകാർക്കുള്ള വർക്ക്ഷെഡ് നവീകരണ ഗ്രാന്റ്.

2. മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും.

3. ഡൈഹൗസ് നവീകരണ ഗ്രാന്റ്.

മേൽ ചേർത്ത പദ്ധതികൾ ഉൾപ്പെടെ കൈത്തറി മേഖലയുടെ ആധുനിക വൽക്കരണത്തിനായി പത്ത് കോടി രൂപയും കയറ്റുമതി പ്രോത്സാഹനത്തിനായി പത്ത് ലക്ഷം രൂപയും നടപ്പുസാമ്പത്തിക വർഷം വക കൊള്ളിച്ചിട്ടുണ്ട്. കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം സംസ്ഥാന തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പ്രധാനമായും ദൃശ്യ, ശ്രവ്യ, മാധ്യമങ്ങളിലൂടെയും ആനുകാലിക പ്രസിദ്ധീകരണങ്ങൾ, മാഗസിനുകൾ, പ്രത്യേക പതിപ്പുകൾ, പരസ്യബോർഡുകൾ എന്നിവയിലൂടെയും പരസ്യപ്രചരണം നടത്തുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്ക് കൈത്തറി വസ്ത്രത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ചിത്രരചന മത്സരങ്ങൾ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ജില്ലാതല വിജയികൾക്ക് സംസ്ഥാനതല മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുന്നുമുണ്ട്. കൂടാതെ കോളേജ് തലത്തിൽ കൈത്തറി തുണിയുടെ പ്രചരണത്തിനുവേണ്ടി എക്സിബിഷൻ, സെമിനാർ എന്നിവ സംഘടിപ്പിക്കുന്നു. ഇതിനായി 220 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**ഖാദി മേഖലയുടെ പുനരുദ്ധാരണം**

15 (*195) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ ഭാഗമായി പുതിയ ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനായി 'വരുമാന താങ്ങൽ പദ്ധതി ' നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) അവരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) കേരള സംസ്ഥാനത്ത് ഖാദി പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴിയാണ്. ഖാദി മേഖലയിലെ ആധുനികവൽക്കരണം വഴി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയുള്ള ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ്, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ മുതലായവ ഏർപ്പെടുത്തൽ, അദ്ധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദി ഗ്രാമം പദ്ധതി, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയ പദ്ധതികൾ ഖാദി മേഖലയെ പുനരുദ്ധരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം പ്രോജക്ടിൽ വെഞ്ഞാറമൂട്ടിൽ ഒരു നെയ്ത്തു കേന്ദ്രം, അരുവിക്കരയിൽ ഒരു സിൽക്ക് നെയ്ത്ത് യൂണിറ്റ്, ഡൈ യൂണിറ്റും ആലപ്പുഴ പ്രോജക്ടിന് കീഴിൽ കരുവാറ്റയിൽ ഒരു സ്പിന്നിംഗ് യൂണിറ്റ്, കോട്ടയം പ്രോജക്ടിനു കീഴിൽ അമയന്നൂർ, പാമ്പാടി എന്നിവിടങ്ങളിൽ വാർപ്പിംഗ് ആന്റ് വീവിംഗ് യൂണിറ്റ്, ഇടുക്കി പ്രോജക്ടിന് കീഴിൽ ഉടുമ്പന്നൂരിൽ നെയ്ത്തു കേന്ദ്രം, എറണാകുളം പ്രോജക്ടിൽ കരിമ്പാടത്ത് സ്ലീറ്റ് വീവിംഗ് സെന്റർ, തിരുവാണിയൂരിൽ സ്പിന്നിംഗ് യൂണിറ്റ്, കരിമാല്ലൂരിൽ ഡൈയിംഗ് യൂണിറ്റ്, പാലക്കാട് പ്രോജക്ടിൽ ശ്രീകൃഷ്ണപുരത്ത് നെയ്ത്ത്, നൂൽപ്പ്, മാറ്റ് വീവിംഗ് യൂണിറ്റ്, മലപ്പുറം പ്രോജക്ടിൽ മാമാങ്കര സ്പിന്നിംഗ് യൂണിറ്റ്, പയ്യന്നൂർ ഖാദി കേന്ദ്രത്തിന് കീഴിൽ നെല്ലുന്നിയിൽ വാർപ്പിംഗ് യൂണിറ്റ്, പിണറായിയിൽ നെയ്ത്തു കേന്ദ്രം, വലിയപൊയിൽ നെയ്ത്തു കേന്ദ്രം, ചെറുവത്തൂരിൽ വാർപ്പിംഗ് യൂണിറ്റ്, കണ്ണപുരം, പൂക്കാനം എന്നിവിടങ്ങളിൽ നെയ്ത്തു കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം പ്രോജക്ടിന്റെ കീഴിൽ ഖാദിയുടെ ഒരു റിസർവ് ആന്റ് ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. 2010-2011 മുതൽ ഖാദി മേഖലയിൽ മിനിമം വേതനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ 2016-2017 സാമ്പത്തിക വർഷത്തിൽ 29.645 കോടി രൂപ 13000-ൽ പരം തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2017-18 വർഷത്തേക്ക് ഒന്നാം ഗഡുവായി 24.50 കോടി രൂപ നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുകയെല്ലാം തന്നെ വരുമാന താങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിൽ മേഖലയായിരുന്ന ഖാദി വ്യവസായ മേഖലയിൽ നിന്നും വേതന കുറവുമൂലം ധാരാളം തൊഴിലാളികൾ ഈ മേഖല വിട്ടു പോകാൻ ഇടയായ സാഹചര്യത്തിലാണ് സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2010/തൊഴിൽ തീയതി 8-1-2010 പ്രകാരം ഈ മേഖലയിൽ മിനിമം വേതനം 8-4-2011 മുതൽ നടപ്പിലാക്കിയത്. ഖാദി മേഖലയിലെ കൂലിയും ഉല്പന്നവിലയും താരതമ്യം ചെയ്ത് കാലാകാലങ്ങളിൽ ഖാദി കമ്മീഷൻ പരിഷ്കരിച്ച് പുറപ്പെടുവിക്കുന്ന 'കോസ്റ്റ് ചാർട്ട്' കൂലി അതാത് സ്ഥാപനങ്ങളിൽ നിന്നും അതാത് സമയത്തും മിനിമം വേതന പ്രകാരമുള്ള കൂലി വരുമാന താങ്ങൽ പദ്ധതി പ്രകാരം സർക്കാർ വർഷാവർഷം അനുവദിച്ച തരുന്ന തുകയിൽ നിന്നുമാണ് വിതരണം ചെയ്തുവരുന്നത്. 2-10-2016 മുതൽ ഈ മേഖലയിൽ കോസ്റ്റ് ചാർട്ട് പ്രകാരമുള്ള കൂലി ഖാദി കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. കോസ്റ്റ് ചാർട്ട് പ്രകാരമുള്ള കൂലിയും മിനിമം വേതനവും തമ്മിൽ അന്തരമില്ലാതെ വന്നതിന്റെ ഫലമായി മിനിമം കൂലിയുടെ പ്രസക്തി പ്രത്യക്ഷത്തിൽ ഇല്ലാതായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മിനിമം വേതനം പുതുക്കുന്നതിനായി 25-11-2016-ൽ സ.ഉ. (പി) 187/16 പ്രകാരം മിനിമം വേതന ഉപദേശക സമിതി രൂപീകരിച്ച് 9 സിറ്റിംഗ് നടത്തുകയും പരിഷ്കരണ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയുമാണ്.

**ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്**

16 (*196) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപ്പാദനക്ഷമത പ്രദർശിപ്പിക്കുന്നതിനും ഉല്പന്നങ്ങളെ വിപണിയിൽ അവതരിപ്പിക്കുന്നതിനും നിക്ഷേപകരിൽ താത്പര്യം സൃഷ്ടിക്കുന്നതിനുമായി 'ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത മേളയുടെ ട്രേഡ് പാർട്ട്ണർ ആരാണെന്നും ഏതെല്ലാം മേഖലകളിലുള്ള ഉല്പന്നങ്ങളാണ് ഇവിടെ പ്രദർശിപ്പിക്കപ്പെട്ടതെന്നും വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

I സംരംഭകത്വ സഹായ പദ്ധതി :

1. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു, പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.
2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.
3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.
4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും.

II ഇ. ഡി. ക്ലബ്ബ് :

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

(കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. ഓരോ ജില്ലയിലും മികച്ച നിലയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി. ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇ.ഡി. ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. വ്യക്തിത്വ വികസനം
2. വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കൽ
3. സ്വയം തൊഴിലിന്റെ മഹത്വം പകർന്ന് നൽകൽ
4. നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തൽ
5. വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യൽ
6. അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യൽ
7. വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കൽ

III <u>ഇൻക്യുബേഷൻ സെന്ററുകൾ</u> :

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ്സ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്.

കെ-ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) ഉണ്ട്. സ്ഥാപനത്തിന്റെ വികസന സാദ്ധ്യതകൾക്ക് അനുസൃതമായി വ്യവസായ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലത്തില വിപണി കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകർക്കുവേണ്ടി 'കേരള ബിസിനസ് ടു ബിസിനസ് മീറ്റ്' ('വ്യാപാർ 2017'), 2017 ഫെബ്രുവരി രണ്ട് മുതൽ നാല് വരെ കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ വച്ച് നടത്തി. പതിനാല് ജില്ലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 200 എം.എസ്.എം.ഇ.-കൾ പങ്കെടുത്തു. 'വ്യാപാർ 2017'-ൽ പങ്കെടുത്ത വ്യവസായ യൂണിറ്റുകളും സന്ദർശിച്ച 478 ബൈയേഴ്സും തമ്മിൽ 7300 ബിസിനസ്സ് മീറ്റിംഗുകളും 3700 വ്യാപാര അന്വേഷണങ്ങളും നടന്നു.

(സി) കേരള സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കെ-ബിപ്പ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി., കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ് എന്നിവരാണ് പ്രസ്തുത മേളയുടെ മുഖ്യ സംഘാടകർ. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി (FICCI) ആയിരുന്നു ട്രേഡ് & ഇൻഡസ്ട്രി പാർട്ട്ണർ. കേരളത്തിലെ സുപ്രധാന മേഖലകളായ ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, കയർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലകളിലെ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം നൽകിയിരുന്നത്.

## കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളുടെ ഭേദഗതി

17 (*197) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ധാതുക്കളുടെ നിയന്ത്രണവും വികസനവും സംബന്ധിച്ച 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ക്വാറികളുടെ ദൂരപരിധി കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങളിലെപ്പോലെ 50 മീറ്ററായി ചുരുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) 2015-ലെ കേരളാ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തി 22-6-2017-ലെ ജി.ഒ. (പി) 25/2017/ഐ.ഡി. (എസ്.ആർ.ഒ. 346/2017) സർക്കാർ ഉത്തരവിലൂടെ കേരള മൈനർ മിനറൽ കൺസഷൻ ഭേദഗതി ചട്ടങ്ങൾ, 2017 വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം അനുബന്ധമായി ചേർക്കുന്നു*.

(ബി) 1967-ലാണ് സംസ്ഥാനത്ത് ആദ്യമായി മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നത്. 1967 മുതൽ 2015 വരെ ഖനനം നടത്തുന്ന പ്രദേശത്തിന്റെ അതിരിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, മറ്റ് പൊതു നിർമ്മാണങ്ങൾ, ആൾ താമസമുള്ള വീടുകൾ, ആരാധനാലയങ്ങൾ, ശ്മശാനം, പഞ്ചായത്ത് റോഡുകൾ എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായിരുന്നു. എന്നാൽ 2015 ഫെബ്രുവരിയിൽ പുതിയ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചപ്പോൾ എക്സ്പ്ലോസീവ് ഉപയോഗിച്ച് ഖനനം നടത്തുന്ന കേസ്സുകളിൽ 50 മീറ്റർ എന്നത് 100 മീറ്ററായി ഉയർത്തുകയും തുടർന്ന് 2015 മേയ് 19-ന് 100 മീറ്റർ എന്നത് "കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്" 'കൺസന്റ് ടു ഓപ്പറേറ്റ് നൽകുന്നതിന് നിശ്ചയിക്കുന്ന ദൂരപരിധി" എന്ന് ഭേദഗതി വരുത്തുകയും ചെയ്തു. മേജർ മിനറലുകൾക്ക് കൺസഷൻ നൽകുന്നത് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മിനറൽ കൺസഷൻ ചട്ടങ്ങളിലും ദൂരപരിധി 50 മീറ്ററായാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ 1967 മുതൽ 2015 ഫെബ്രുവരി വരെ നിലനിന്നിരുന്ന 50 മീറ്റർ ദൂരപരിധി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി പുനഃസ്ഥാപിച്ചുകൊണ്ടാണ് 2017 ജൂണിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ചറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും മാറ്റിയിട്ടുണ്ട്.

### പ്രസരണ ശൃംഖലയുടെ ആധുനികവൽക്കരണം

18 (*198) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആന്റണി ജോൺ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനായി മുൻ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങിപ്പോയതുമായ തിരുനെൽവേലി-എടമൺ-കൊച്ചി-മാടക്കത്തറ പ്രസരണ ലൈനിന്റെ പണി പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ ;

(സി) പ്രസരണശൃംഖല ആധുനികവൽക്കരിച്ച് പ്രസരണശേഷി ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമാക്കിയുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ, വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, തുടങ്ങിയ കുറെയധികം രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ലൈ കോഡ്, 2014-ൽ നിഷ്കർഷിച്ചിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കാനായി നടപടിക്രമങ്ങൾ ലഘൂകരിക്കാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും നിർദ്ദേശിച്ചതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി. ലിമിറ്റഡ് അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവാകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കളുടെ വിവിധ അപേക്ഷകൾ (പുതിയ കണക്ഷൻ, ഉടമസ്ഥാവകാശമാറ്റം മുതലായവ) സ്വീകരിക്കുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കുമായി ഏകജാലക സംവിധാനം എന്ന നിലയിൽ ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്.

സംസ്ഥാനത്ത് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന ക്രമീകരണങ്ങൾ പുതിയതായി ഏർപ്പെടുത്തിയിട്ടുണ്ട്.

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്. എം. എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി.

3. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം. പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

4. അപ്നാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

5. Whatsapp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

6. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

7. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & അക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി.

8. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

9. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്താനുള്ള "1912" എന്ന കേന്ദ്രീകൃത കാൾസെന്ററിൽ ടോൾഫ്രീ സംവിധാനം.

(ബി) ഇടമൺ മുതൽ കൊച്ചി വരെയുള്ള 400 കെ. വി. ലൈനിന്റെ മുടങ്ങിക്കിടന്ന നിർമ്മാണ പ്രവർത്തനങ്ങൾ പവർഗ്രിഡ് കോർപ്പറേഷൻ ഇതിനകം പുനരാരംഭിച്ചിട്ടുണ്ട്. സർക്കാർ പുതുക്കി നിശ്ചയിച്ച നഷ്ടപരിഹാര പാക്കേജ് അനുസരിച്ചുള്ള തുക അതാത് പ്രദേശങ്ങളിലെ ഭൂവുടമസ്ഥർക്ക് വിതരണം ചെയ്തു

തുടങ്ങി. ആദ്യ ഘട്ടത്തിൽ ടവർ നിർമ്മിക്കുന്ന സ്ഥലത്തിനുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്. കൊല്ലം, എറണാകുളം, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ആകെ 445 ടവറുകൾ നിർമ്മിക്കാനുള്ളതിൽ 205 ടവറുകളുടെ ഫൗണ്ടേഷനുകളുടെ പണികളും 124 ലൊക്കേഷനുകളിൽ ഇറക്ഷൻ ജോലികളും 12 കിലോമീറ്റർ ലൈൻ വലിക്കലും ഇതിനകം പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിച്ച ഫൗണ്ടേഷനുകളുടെ സ്ഥല ഉടമകൾക്ക് നഷ്ടപരിഹാരം നൽകിക്കൊണ്ടിരിക്കുന്നു. ഇവിടെ ഉണ്ടായിരുന്ന വൃക്ഷങ്ങളുടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഭൂവുടമകൾക്ക് നഷ്ടപരിഹാരം അതാത് ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ മുഖേന ലഭ്യമാക്കുന്നതാണ്.

(സി) 400 കെ. വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുഗലൂർ-മാടക്കത്തറ 2000MW HVDC ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്ലാനിംഗ് നിലവാരമനുസരിച്ചുള്ള പ്രസരണശൃംഖല നിർമ്മിക്കുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആകെ 10,000 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയെ രണ്ട് പ്രധാന ഘട്ടങ്ങളിലായുള്ള വർക്കുകളും ഒരു ഹരിതോർജ്ജ ഇടനാഴി പദ്ധതിയും ഡൗൺ സ്ട്രീം ശൃംഖലയുടെ ശാക്തീകരണവുമായി തരംതിരിച്ചിരിക്കുന്നു. ഒന്നാം ഘട്ടത്തിലെ വർക്കുകൾ 2017-19 കാലയളവിലും രണ്ടാംഘട്ട വർക്കുകൾ 2019-22 കാലയളവിലും പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ എട്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും ഒരു 400 കെ.വി. സബ്സ്റ്റേഷന്റെയും നാല് ലൈൻ പാക്കേജുകളുടെയും നിർമ്മാണം തുടങ്ങാൻ ഉദ്ദേശിക്കുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഒന്നാംഘട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.49 കോടി രൂപയുടെ ചെലവ് ഉണ്ടാകുകയും 17 കോടി രൂപയുടെ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ഈ വർഷം തുടങ്ങാനുദ്ദേശിക്കുന്ന എല്ലാ ലൈനുകളുടെയും പ്രാരംഭ സർവ്വേ പൂർത്തിയായിട്ടുണ്ട്. 8 സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണ്. ഒരു 400 കെ.വി. സ്റ്റേഷന് കോട്ടയം ജില്ലയിലും ഒരു 220 കെ.വി. ട്രാൻസിഷൻ സ്റ്റേഷന് എറണാകുളത്തും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുന്ന മലപ്പുറം -മഞ്ചേരി 66 കെ.വി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ വർക്ക് ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ഏറനാട് 400/220 കെ.വി. ലൈൻസ് പാക്കേജിന്റെയും HTLS പാക്കേജിന്റെയും ജോലികൾ ടെൻഡർ ചെയ്യുകയുണ്ടായി.

HVDC ലിങ്ക് വഴി മാടക്കത്തറയിലെത്തുന്ന അധിക വൈദ്യുതി കേരളത്തിന്റെ വടക്കൻ ജില്ലകളിലേക്ക് എത്തിക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. മാടക്കത്തറ അരീക്കോട് ലൈനിന്റെ ശേഷി വർദ്ധിപ്പിക്കലും വോൾട്ടത ഉയർത്തലും ലക്ഷ്യമിട്ടുന്നതാണ് ഏറനാട് ലൈൻസ് പാക്കേജ്. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കക്കയം-നല്ലളം, നല്ലളം-കൊയിലാണ്ടി 110 കെ.വി. ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കാനുദ്ദേശിച്ചിട്ടുള്ളതാണ് ട്രാൻസ്ഗ്രിഡിലെ HTLS ലൈൻസ് പാക്കേജ്. കേന്ദ്രഗവൺമെന്റിന്റെ PSDF ഫണ്ടിൽ നിന്നും ഏറനാട് ലൈൻസ് പാക്കേജിന് 90% ഗ്രാന്റും HTLS പാക്കേജിന് 75% ഗ്രാന്റും അനുവദിച്ചിട്ടുണ്ട്. ആകെ 400 കോടി രൂപയാണ് ഗ്രാന്റായി പ്രസ്തുത പദ്ധതികൾക്ക് PSDF-ൽ നിന്നും അനുവദിച്ചിട്ടുള്ളത്.

**വ്യവസായ വികസനത്തിൽ പ്രവാസികളുടെ പങ്കാളിത്തം**

19 (*199) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ പ്രവാസികളെ പങ്കാളികളാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും പ്രവാസി സംഘടനകളുമായി ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിന് പ്രവാസിനിക്ഷേപം ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ പ്രവാസികളെക്കൂടി പങ്കാളികളാക്കുന്ന തരത്തിലാണ് സർക്കാരിന്റെ പുതിയ കരട് വ്യവസായ നയം തയ്യാറാക്കിയിട്ടുള്ളത്. പ്രവാസികളായ കേരളീയർ വിദേശത്ത് നിന്നും വരുമ്പോൾ അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും അവരുടെ പുനരധിവാസം, പരിശീലനം, എന്നിവയ്ക്കുവേണ്ട എല്ലാ സഹായങ്ങളും നൽകുന്നതാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 5% ഇവർക്കായി റിസർവ് ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് ഒറ്റയ്ക്കോ കൂട്ടായോ കടന്നുവരുന്നവർക്ക് സർക്കാർ

സാങ്കേതികവും നിയമപരവുമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നു. ഇതിൽ പ്രവാസികൾക്ക് പങ്കാളികളാകാം. വ്യവസായ വികസനത്തിന് വകുപ്പ് നടപ്പിലാക്കുന്ന സംരംഭകത്വ വികസന പരിശീലന പരിപാടികളിൽ പങ്കെടുത്ത് വിദഗ്ദ്ധ പരിശീലനം നേടി സംസ്ഥാനത്ത് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും "സംരംഭകത്വ സഹായ പദ്ധതി" അനുസരിച്ചുള്ള നിക്ഷേപ സബ്സിഡി ലഭിക്കുന്നതിനും പ്രവാസികൾക്ക് അവസരമുണ്ട്. നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കിവരുന്ന NDPREM പദ്ധതി നടത്തിപ്പിന്റെ ഭാഗമായി പ്രവാസികളുടെ സംരംഭകത്വ വികസന പരിശീലന പരിപാടികളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. വ്യവസായ വകുപ്പിൻ കീഴിൽ MSME യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവാസികളുടെ നിക്ഷേപം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.

**കയർമേഖലയുടെ സമഗ്ര വികസനത്തിന് പദ്ധതികൾ**

20 (*200) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. നൗഷാദ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധിയിലായിരുന്ന കയർമേഖലയുടെ സമഗ്രവികസനത്തിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിലെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കാൻ പരമ്പരാഗത കയറുൽപ്പന്നങ്ങളുടെ സമ്പൂർണ്ണ സംഭരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ഡിഫൈബറിംഗ് മില്ലുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ സംഭരണത്തിൽ എത്ര ശതമാനം വളർച്ച ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രതിസന്ധിയിലായിരുന്ന കയർ മേഖലയുടെ സമഗ്രവികസനത്തിനായി രണ്ടാം പുനഃസംഘടനാ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കയർ മേഖലയിലെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കാൻ കയർ ഉൽപ്പന്നങ്ങളുടെ സമ്പൂർണ്ണ സംഭരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

(സി) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയറിന്റെയും കയറുല്പന്നങ്ങളുടെയും സംഭരണത്തിൽ 26% വളർച്ചയുണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ പി.പി.എസ്.എസ്. പദ്ധതി പ്രകാരം സംഭരിച്ച കയറുൽപ്പന്നങ്ങൾക്ക് 77 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**വ്യാപാരികൾ പിരിച്ചെടുക്കുന്ന ജി.എസ്.ടി. തുക**

21 (*201) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വ്യാപാരികൾ പിരിച്ചെടുക്കുന്ന ജി.എസ്.ടി. തുക കൃത്യമായി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വീഴ്ച വരുത്തുന്നവർക്കെതിരെ പിഴചുമത്താനുള്ള അധികാരം കേന്ദ്ര സർക്കാരിനാണോ സംസ്ഥാന സർക്കാരിനാണോ എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി. അതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. ചരക്കിൻമേലോ സേവനത്തിൻമേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ, കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വീഴ്ച വരുത്തുന്നവർക്കെതിരെ പിഴ ചുമത്താനുള്ള അധികാരം കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനുമുണ്ട്. ജി.എസ്.ടി. കൗൺസിലിൽ എടുത്ത തീരുമാനപ്രകാരം ഒന്നര കോടി രൂപ വരെയുള്ള വിറ്റുവരവുകളെ സംബന്ധിച്ച ഫയലുകൾ 9:1 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന, കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്തുകയും അതിന് മുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കുകയും ചെയ്യും. കേന്ദ്രസർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ സംസ്ഥാന സർക്കാരിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വിനോദസഞ്ചാര വികസന കോർപ്പറേഷന്റെ നവീകരണം**

22 (*202) ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വികസന കോർപ്പറേഷൻ നവീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് നവീകരണം നടപ്പാക്കുകയെന്നറിയിക്കുമോ;

(സി) കെ.ടി.ഡി.സി.-യുടെ ഹൗസ് ബോട്ട് സർവ്വീസ് പുനരാരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കെ.ടി.ഡി.സി.-യുടെ മിക്കവാറും യൂണിറ്റുകൾ നവീകരണത്തിന് വിധേയമാക്കേണ്ട സ്ഥിതിയിലാണുള്ളത്. ഇന്നത്തെ സ്ഥിതിയിൽ സ്വകാര്യ മേഖലയുമായി മത്സരാധിഷ്ഠിതമാണെങ്കിൽ നവീകരിക്കുക മാത്രമേ പോംവഴിയായിട്ടുള്ളൂ. അതിനാൽ കെ.ടി.ഡി.സി.-യെ പൂർണ്ണമായും നവീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 1. ഹോട്ടലുകൾ സ്റ്റാർ കാറ്റഗറിയിലേയ്ക്ക് ഉയർത്തുക.

2. ബിയർ പാർലറുകളും മോട്ടലുകളും ബ്രാൻഡ് ചെയ്യൽ.

3. ബോട്ടുകൾ നവീകരിക്കൽ.

4. പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കൽ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടി

23 (T*203) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനമേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രദേശവാസികളായ ജനങ്ങളുടെ സഹായ സഹകരണത്തോടെയുള്ള ഇക്കോ ടൂറിസം പദ്ധതികൾക്ക് ഊന്നൽ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വനാശ്രിത സമൂഹത്തിൽ നിന്നുള്ള യുവാക്കൾക്ക് ഇക്കോ ടൂറിസം ഗൈഡുകളായി പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ഇക്കോ ടൂറിസം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പരിസ്ഥിതി വിദ്യാഭ്യാസം ഊർജ്ജിതമാക്കുന്നതിനായി വനം വകുപ്പിന്റെ അധീനതയിലുള്ള തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ സന്ദർശകർക്കായി കൂടുതൽ താമസ സൗകര്യം ഒരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്ത് വനമേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഈ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം വനംവകുപ്പിന്റെ സഹകരണത്തോടെ നടത്തി വരുന്നു.

(ബി) ഉണ്ട്. ഇക്കോടൂറിസം വികസനത്തിന്റെ ഭാഗമായി യുവാക്കൾ ഉൾപ്പെടെയുള്ള തദ്ദേശവാസികൾക്ക് പരിശീലനം നൽകി വരുന്നു. സംരക്ഷിത വനമേഖലകളിലെ വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയെ വനസംരക്ഷണ സമിതി എന്നാണ് അറിയപ്പെടുന്നത്. വന്യജീവി സങ്കേതങ്ങളെയും ദേശീയ ഉദ്യാനങ്ങളെയും ആശ്രയിച്ച് കഴിയുന്ന വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയെ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി എന്നും അറിയപ്പെടുന്നു. വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വനസംരക്ഷണ സമിതി/ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളാണ് ഇക്കോടൂറിസം കേന്ദ്രങ്ങൾ നടത്തിപ്പോരുന്നത്. കമ്മിറ്റി അംഗങ്ങളിൽ നിന്നും ടൂറിസം ഗൈഡുകൾ, ഇന്റർപ്രട്ടർ തുടങ്ങിയ സേവനങ്ങൾ നൽകുവാൻ വേണ്ടി വിനോദസഞ്ചാര വകുപ്പ് യുവാക്കൾ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഇക്കോടൂറിസം പദ്ധതികൾ പ്രദേശവാസികളായ ജനങ്ങളുടെ സഹായ സഹകരണത്തോടെയാണ് വനം വകുപ്പ് നടത്തിവരുന്നത്.

(ഡി) ഉണ്ട്. വനാശ്രിത സമൂഹത്തിൽ നിന്നും യുവാക്കൾ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ഇ) ഇത് വനംവകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. ഇക്കോടൂറിസം പ്രദേശങ്ങൾ വനപ്രദേശങ്ങളിലാണ്.

**കാർഷികമേഖലയിൽ ജി.എസ്.ടി.-യുടെ പ്രത്യാഘാതം**

24 (*204) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യുടെ പശ്ചാത്തലത്തിൽ കർഷകർക്കും കാർഷികമേഖലയിലും പ്രതീക്ഷിക്കുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദീകരിക്കാമോ; ജി.എസ്.ടി.-യിലൂടെ കാർഷികമേഖലയിൽ പ്രതിവർഷം എത്ര കോടി രൂപയുടെ വരുമാനമാണ് കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സെസ്സുകളും സർചാർജ്ജുകളുമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) പ്രധാനപ്പെട്ട കാർഷികോല്പന്നങ്ങളും യന്ത്രവൽകൃതമല്ലാത്ത കാർഷികോപകരണങ്ങളും ജി.എസ്.ടി.-യിൽ നികുതി വിമുക്തമാണ്. പ്രധാന നാണ്യവിളകളായ റബ്ബർ, ഏലം, സുഗന്ധദ്രവ്യങ്ങൾ മുതലായവയ്ക്ക് 5% ആണ് നികുതി. കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദകരായ കർഷകർക്ക് നികുതി ഒടുക്കേണ്ട ബാധ്യതയില്ല. കച്ചവടക്കാർ റിവേഴ്സ് ചാർജ് മെക്കാനിസത്തിലൂടെ അതിന്മേലുള്ള നികുതി സർക്കാരിലേക്ക് ഒടുക്കാവുന്നതാണ്. ജി.എസ്.ടി. പുതിയ നികുതി

സമ്പ്രദായമാണ്. ജി.എസ്.ടി. നടപ്പാക്കുകമൂലം സർക്കാരിനുണ്ടാകുന്ന വരുമാന ലാഭനഷ്ട കണക്കുകൾ എത്രയെന്ന് പരിശോധിച്ചിട്ടില്ല. ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി നേട്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് സെസ്സുകളും സർചാർജ്ജുകളും നിലവിലില്ല.

**സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച**

25 (*205) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്തുണ്ടായതായി ആക്ഷേപമുള്ള സാമ്പത്തിക അരാജകത്വം വികസനത്തെ അസാധ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിൽ നിന്ന് സംസ്ഥാനത്തെ കരകയറ്റാനായി സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കുമോ;

(ബി) സാമ്പത്തിക സുസ്ഥിരതയിലേക്ക് സംസ്ഥാന സമ്പദ് വ്യവസ്ഥയെ നയിക്കുന്നതിനിടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നോട്ട് നിരോധനം വികസനത്തെ എത്രമാത്രം പ്രതികൂലമായി ബാധിച്ചെന്ന് വിലയിരുത്തിയിട്ടുണ്ടോ; അതു പരിഹരിക്കാനായി കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായം നൽകിയോ;

(സി) ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നികുതി നിർണ്ണയാധികാരം ചോർത്തിക്കളയുകയും ചെറുകിട വ്യവസായങ്ങളെയും ചെറുകിട വ്യാപാരികളെയും ഉപഭോക്താക്കളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യു ജി.എസ്.ടി. സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും 2016-17 ബജറ്റിൽ വ്യവസ്ഥ ചെയ്ത് തുടർനടപടി സ്വീകരിച്ചു.

2. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്നവയടക്കമുള്ള പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കെ.ഐ.ഐ.എഫ്.ബി.) പന്ത്രണ്ടായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

4. 2016-17-ൽ 24000 കോടി രൂപയുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തപ്പോൾ നടപ്പുവർഷം 26500 കോടി രൂപയുടെ വാർഷിക പദ്ധതി നടപ്പിലാക്കി വരുന്നു.

5. 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

7. ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ മുൻ സർക്കാർ വരുത്തിയ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

8. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

9. തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

10. വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

11. 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണതോതിൽ അനുവദിച്ചു.

(ബി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിനോ നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ആഘാതങ്ങളുടെ വ്യാപ്തി ലഘൂകരിക്കുന്നതിനോ ഉതകുന്ന തരത്തിലുള്ള ഒരു സഹായവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) നിലവിൽ കേന്ദ്രസർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവനനികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിത നികുതി, ആഡംബര നികുതി, വാങ്ങൽ നികുതി, ലോട്ടറി നികുതി തുടങ്ങിയവയ്ക്ക് പകരമായാണ് ചരക്കുസേവന നികുതി നടപ്പിലാക്കിയത്. ജി.എസ്.ടി.-യിൽ നികുതിക്കുമേൽ നികുതി ചുമത്തുമ്പോഴുള്ള cascading effect ഉണ്ടാകുന്നില്ല. ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കു മേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് നമ്മുടെ രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ജി.എസ്.ടി. നിയമപ്രകാരം 20 ലക്ഷത്തിനുമേൽ മൊത്തം വിറ്റുവരവുള്ള വ്യാപാരികളാണ് രജിസ്ട്രേഷൻ

എടുക്കേണ്ടത്. 75 ലക്ഷം രൂപവരെ വിറ്റുവരവുള്ള സംസ്ഥാനത്തിനുള്ളിൽ മാത്രം വിപണനം/നിർമ്മാണം നടത്തുന്ന വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് ആനുകൂല്യം നൽകിയിട്ടുണ്ട്. നിലവിൽ കോമ്പൗണ്ടിംഗ് ആനുകൂല്യം 60 ലക്ഷം രൂപയ്ക്ക് താഴെ വിറ്റുവരവുള്ള ഉല്പാദനം നടത്താത്ത വ്യാപാരികൾക്ക് മാത്രമായിരുന്നു. ജി.എസ്.ടി. നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് അഖിലേന്ത്യാടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന ആകെ നികുതിഭാരത്തിന്റെ ശരാശരി പരിഗണിച്ചുകൊണ്ടും കേന്ദ്ര എക്സൈസ് നികുതിയടക്കമുള്ള ഭാരങ്ങൾ കണക്കിലെടുത്തുകൊണ്ടുമാണ്. കേന്ദ്ര എക്സൈസ് നേരത്തെ ബാധകമല്ലാതിരുന്ന ചെറുകിട മേഖലയ്ക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ജി.എസ്.ടി. നിരക്കുകൾ അധികഭാരമായിട്ടുണ്ട്. മാത്രമല്ല, സംസ്ഥാനം പ്രത്യേക പരിഗണന നൽകി ഇളവുകൾ നൽകിയിരുന്ന ചില മേഖലകൾക്കും പ്രയാസം നേരിടുന്നുണ്ട്. സംസ്ഥാനങ്ങളുടെ ധനാധികാരങ്ങൾ ചുരുക്കുക എന്ന സമീപനമാണ് കേന്ദ്ര സർക്കാരുകൾ തുടർച്ചയായി സ്വീകരിച്ചുപോരുന്നത്. ജി.എസ്.ടി.-യിലും ഈ പ്രശ്നമുണ്ട്. ജി.എസ്.ടി. നികുതി സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിന് ഭരണ ഘടനാഭേദഗതി വന്ന സാഹചര്യത്തിൽ ഈ പുതിയ നികുതി സമ്പ്രദായം എത്രത്തോളം സംസ്ഥാനത്തിന് അനുകൂലമാക്കാൻ കഴിയുമെന്ന പരിഗണന വച്ചാണ് സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചിട്ടുള്ളത്.

### ലോട്ടറി വകുപ്പ് പരിഷ്കരിക്കുന്നതിന് നടപടി

26 (*206) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി വകുപ്പ് കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ലോട്ടറി ടിക്കറ്റുകളുടെ അച്ചടി നവീകരിക്കുകയും സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ടിക്കറ്റുകളുടെ വില കുറച്ചും സമ്മാനങ്ങൾ വർദ്ധിപ്പിച്ചും സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമായി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതര സംസ്ഥാന ലോട്ടറികൾ ഉയർത്തുന്ന ഭീഷണി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വകുപ്പ് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 15 സബ് ഓഫീസുകൾ വിവിധ ജില്ലകളിലായി പ്രവർത്തനമാരംഭിച്ചു. ഈ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി 113 പുതിയ തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1,72,89,000 രൂപയും പ്രതിമാസം ആവർത്തന ചെലവായി 8,46,000 രൂപയും അനുവദിച്ചിട്ടുണ്ട്. വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ആസ്ഥാനമാക്കി ഒരു ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എറണാകുളം മുതൽ കാസർഗോഡുവരെയുള്ള വിവിധ ഭാഗ്യക്കുറി ഓഫീസുകളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായിട്ടാണ് ഈ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ലോട്ടറി ടിക്കറ്റുകളുടെ അച്ചടി നവീകരിക്കുന്നതിന്റേയും സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റേയും ഭാഗമായി കൂടുതൽ സുരക്ഷാ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ നവീകരണത്തിനായി ചുവടെ ചേർക്കുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്. വകുപ്പിൽ നിലവിൽ ഉപയോഗത്തിലുള്ള എട്ട് വർഷത്തിലധികം പഴക്കമുള്ള IT ഹാർഡ്‌വെയർ ഉപകരണങ്ങൾ മാറ്റി പുതിയ കമ്പ്യൂട്ടർ ഹാർഡ്‌വെയർ വാങ്ങുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വകുപ്പിൽ കാലാകാലങ്ങളായി ഉപയോഗിക്കുന്ന LIMS സോഫ്റ്റ്‌വെയറിന്റെ പുതിയ പതിപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Online receipt accounting system ആയ www.etreasury.kerala.gov.in എന്ന പോർട്ടലിന്റെ സഹായത്തോടുകൂടി ഭാഗ്യക്കുറി ഏജന്റുമാർ ഓൺലൈനായി പണം ഒടുക്കുന്ന e-treasury പദ്ധതി നടപ്പിലാക്കുവാൻ www. Portal. keralalotteries.in എന്ന പോർട്ടൽ ആരംഭിച്ചു. ഓഫീസിലെ ഫയൽ സംവിധാനം കടലാസ് രഹിതമാക്കുന്നതിനും ഫയലുകളെല്ലാം ഡിജിറ്റലായി കൈകാര്യം ചെയ്യുന്നതിനുമുള്ള ഇ-ഗവേണൻസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനവും ആധാർ അടിസ്ഥാനമാക്കിയുള്ള Biometric Attendance Management System-വും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നടപ്പിലാക്കി.

(ബി) ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ് എന്നീ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ മൈക്രോ പ്രിന്റിംഗ്, ഒപേക് ടെക്സ്റ്റ്, ഗില്ലോചെ, റിലീഫ് പ്രിന്റിംഗ് മുതലായ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 50 രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ കാരുണ്യപ്ലസ്, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയായി ഏകീകരിക്കുകയും അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ നൽകുന്നതിന് തീരുമാനിച്ചുകൊണ്ടും 30 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ നിലവിലുള്ള ഡിസ്കൗണ്ട് നിലനിർത്തിയും സമ്മാനങ്ങളുടെ എണ്ണത്തിൽ വൻവർദ്ധനവ് വരുത്തിക്കൊണ്ടും 2017 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ ആകർഷകമാക്കി പരിഷ്കരിച്ചിരുന്നു. കേന്ദ്രസർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 2017 ജൂലൈ 1 മുതൽ 12% ചരക്കുസേവന നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തിയും 12% ചരക്കുസേവന നികുതി കൂടി ചേർത്ത് പരമാവധി വിൽപ്പന വില 30 രൂപയാക്കി നിലനിർത്തിക്കൊണ്ടും 50%-ന് മുകളിൽ സമ്മാനത്തുക അനുവദിച്ചുകൊണ്ടും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടന പരിഷ്കരിച്ചിട്ടുണ്ട്. 12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്. ടിക്കറ്റുകളുടെ വില ഏകീകരിക്കുകയും സമ്മാന തുക വർദ്ധിപ്പിക്കുകയും ചെയ്തതിനെ തുടർന്ന് വിറ്റുവരവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 2017 മേയ് മാസത്തിൽ 684.87 കോടി രൂപയായിരുന്ന വിറ്റുവരവ് ജൂൺ മാസത്തിൽ 707.81 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറിയുടെ ഭീഷണി മറികടക്കുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1998-ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010-ലെ ലോട്ടറി റെഗുലേഷൻ റൂൾ എന്നിവ പ്രകാരം സംസ്ഥാനത്തിനകത്ത് സിക്കിം ലോട്ടറിയുടെ വിൽപ്പന 2013 മുതൽ കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ളതാകുന്നു. ജി.എസ്.ടി.-യുടെ മറവിൽ അന്യ സംസ്ഥാന ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/ പരിശോധനകൾ കൊണ്ടുവന്നിട്ടുണ്ട്. അതുകൂടാതെ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏജന്റുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാൻ പാടുള്ളൂ എന്നും നിയമവിധേയമല്ലാത്ത അന്യ സംസ്ഥാന ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ടിയാളുകളുടെ ഏജൻസി റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിസോറാം ലോട്ടറി അവരുടെ വിതരണക്കാർ മുഖേന ചട്ടങ്ങൾ ലംഘിച്ച് കേരളത്തിൽ വിൽപ്പനയ്ക്കൊരുങ്ങിയതിനെ

തുടർന്ന് പ്രസ്തുത നിയമലംഘനം കേന്ദ്ര ആഭ്യന്തര വകുപ്പിനേയും മിസ്സോറാം സർക്കാരിനേയും അറിയിക്കുകയും ഇത്തരം ലോട്ടറികൾ പോലീസ് മുഖാന്തരം പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മിസ്സോറാം സർക്കാർ കേരളത്തിനകത്തെ ലോട്ടറി നടത്തിപ്പിൽ നിന്നും പിൻമാറിയതായി അറിയിച്ചിട്ടുണ്ട്.

**ജൈവവ്യവസ്ഥയ്ക്ക് കോട്ടമുണ്ടാക്കുന്ന ഖനന വ്യവസ്ഥകൾ**

27 (*207) ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറഖനനത്തിന് നിലവിലുള്ള വ്യവസ്ഥകൾ പുതുക്കി സർക്കാർ പുറത്തിറക്കിയ ഉത്തരവിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ ജൈവവ്യവസ്ഥയ്ക്ക് സാരമായ കോട്ടമുണ്ടാക്കുന്നതിന് വഴിതെളിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള നിയമത്തിൽ ഇളവ് അനുവദിക്കുന്നതിന് മുമ്പ് പാരിസ്ഥിതിക വിദഗ്ധരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(സി) പുതുക്കിയ ഉത്തരവിനെതിരെ എതിരഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ ഉത്തരവ് മരവിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അഞ്ച് ഹെക്ടറിൽ താഴെയുള്ള ക്വാറികൾക്ക് അനുമതി നൽകുന്നതിനുള്ള അവകാശം സംസ്ഥാനതല അതോറിറ്റിയിൽ നിന്നും ജില്ലാ പരിസ്ഥിതി നിർണ്ണയ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള തീരുമാനം എടുക്കുവാനുണ്ടായ കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൈനർ മിനറലുകളുടെ കൺസഷൻ സംബന്ധിച്ച ചട്ടങ്ങളിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. ഖനനത്തിന് പാരിസ്ഥിതിക അനുമതി നൽകുന്നത് 2006-ലെ എൻവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ പ്രകാരമാണ്. കേന്ദ്ര സർക്കാരിന് മാത്രമേ എൻവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് നോട്ടിഫിക്കേഷൻ ഭേദഗതി വരുത്തുവാൻ അധികാരമുള്ളൂ. അതുകൊണ്ടുതന്നെ പരിസ്ഥിതി വിദഗ്ധരുടെ അഭിപ്രായം ആരായേണ്ടതുണ്ടായിരുന്നില്ല.

(സി) പുതുക്കിയ ഭേദഗതി ഉത്തരവ് മരവിപ്പിക്കാനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല.

(ഡി) 5 ഹെക്ടറിൽ താഴെയുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിനുള്ള അധികാരം സംസ്ഥാനതല അതോറിറ്റിയിൽ നിന്നും ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 14-9-2006-ലെ എൻവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് നോട്ടിഫിക്കേഷനിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് വരുത്തിയ 15-1-2016-ലെ ഭേദഗതി പ്രകാരമാണ് ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് അധികാരം നൽകിയിട്ടുള്ളത്.

## പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിനുള്ള നടപടി

28 (*208) ശ്രീ. എം. മുകേഷ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി സ്കൂളുകളിൽ എന്തെല്ലാം ഭൗതിക സാഹചര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എല്ലാ ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) മികച്ച കായികതാരങ്ങളെ സൃഷ്ടിക്കുന്നതിന് സഹായകമായ തരത്തിൽ എല്ലാ സ്കൂളുകളിലും കായിക പരിശീലനം പഠനത്തിന്റെ ഭാഗമാക്കുന്നതിനായി ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധമായ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. എസ്.എസ്.എ. വഴി കായികാദ്ധ്യാപകരെ നിയമിച്ചിട്ടുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്.

(സി) എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിക്കായി 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണമാരംഭിക്കും.

(ഡി) 2016-17 സാമ്പത്തികവർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായി 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 7 സ്റ്റേഡിയങ്ങൾക്ക് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## റബ്ബർതടിക്ക് ചരക്ക്സേവന നികുതി

29 (*209) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർതടിക്ക് ചരക്ക്സേവന നികുതി ചുമത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് ചുമത്തുന്നതെന്ന് വിശദമാക്കുമോ ;

(ബി) റബ്ബർ വിലയിടിവിൽ കഷ്ടപ്പെടുന്ന കർഷകർക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുന്ന ചരക്കുസേവന നികുതി ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്ക്സേവന നികുതി നിയമത്തിൽ റബ്ബർതടിക്ക് 18% നികുതിയുണ്ട്. ഇത് റിവേഴ്സ് ചാർജ്ജായി വാങ്ങുന്നയാളാണ് നൽകേണ്ടത്. ഇതിന് തടി ഉല്പന്നങ്ങൾ വിൽക്കുമ്പോൾ ഇയാൾക്ക് ഇൻപുട്ട് ക്രെഡിറ്റും ലഭിക്കും.

(ബി) ജി.എസ്.ടി.-യിൽ നികുതി നിരക്ക് നിർണ്ണയിക്കാനുള്ള അധികാരം കേന്ദ്ര ധനകാര്യമന്ത്രി അദ്ധ്യക്ഷനും സംസ്ഥാന കേന്ദ്രപ്രദേശ ധന/നികുതി വകുപ്പ് മന്ത്രിമാർ അംഗങ്ങളുമായ ജി.എസ്.ടി. കൗൺസിലിനാണ്. സംസ്ഥാന സർക്കാരിന് മാത്രമായി ഇതിൽ തീരുമാനമെടുക്കാനാകില്ല. ഈ നികുതി കുറയ്ക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൈത്തറി, ഖാദി തൊഴിലാളികളുടെ ക്ഷേമം

30 (*210) ശ്രീ. പി. ജെ. ജോസഫ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി, ഖാദി തൊഴിലാളികൾക്ക് വേണ്ടി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിൽ മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനെക്കാൾ ഉല്പാദനം ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറിയെ സംരക്ഷിക്കുന്നതിനുവേണ്ടി 2017 അദ്ധ്യയനവർഷം ഒന്ന് മുതൽ അഞ്ച് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് രണ്ട് ജോഡി കൈത്തറി യൂണിഫോം വിതരണം ചെയ്യുകയുണ്ടായി. ഇതിലേക്കായി 9.4 ലക്ഷം മീറ്റർ തുണി അധികമായി ഉല്പാദിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി 2929 നെയ്ത്തുകാർ നേരിട്ടും ഏകദേശം 6000 തൊഴിലാളികൾ അനുബന്ധമായും ജോലി ചെയ്തു. സംസ്ഥാനത്തെ കൈത്തറി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി 2017-18 വർഷത്തിൽ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു :

1. 2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% ഗവണ്മെന്റ് സഹായം നൽകും. ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും.

2. അടുത്ത അദ്ധ്യയനവർഷം 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിലേക്കായി ഏകദേശം 24 ലക്ഷം മീറ്റർ തുണി ഉല്പാദിപ്പിക്കുന്നതിലേക്കായി കുറഞ്ഞത്

4000 നെയ്ത്തുകാരും 8000 അനുബന്ധ തൊഴിലാളികളും ആവശ്യമായി വരും. അവർക്ക് മെച്ചപ്പെട്ട വേതനവും അർഹമായ ആനുകൂല്യങ്ങളും ഉറപ്പ് വരുത്തും.

3. കേരള ഹാന്റ്ലൂം ഉല്പന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റോടുകൂടിയ നിലവാരത്തിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ധനസഹായം നൽകുന്നു. കേരള ഹാന്റ്ലൂം വിൽപ്പനശാലകൾക്കുള്ള ധനസഹായമായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിഫ്റ്റ്, ഐ.ഐ.എച്ച്.റ്റി. തുടങ്ങിയ അംഗീകൃത സ്ഥാപനങ്ങളുടെ സഹായത്തോടെ ബ്രാന്റ് ചെയ്യപ്പെടേണ്ട ഉല്പന്നങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്.

4. നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഐ.ഐ.എച്ച്.റ്റി.) മുഖേന ആവശ്യമനുസരിച്ച് പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ ഉൾപ്പെടുത്തി നെയ്ത്തുകാരെ സഹായിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ഒരു പ്രദേശത്ത് ഒരു ഡിസൈനറെ ഉൾപ്പെടുത്തുവാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഖാദി മേഖലയിലെ ആധുനികവൽക്കരണം വഴി കുറഞ്ഞ ആയാസം മാത്രം ആവശ്യമുള്ള ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയുള്ള ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ്, എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സ്ട്രീറ്റ് വീവിംഗ്, ഖാദി ഗ്രാമം പദ്ധതി, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങി ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. കൂടാതെ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള ചർക്കകളും തറികളും ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പഠനവും ഗവേഷണവും നടന്നുവരുന്നു.

(ബി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നശേഷം കൈത്തറി മേഖലയിൽ മുൻവർഷത്തേക്കാൾ ഉല്പാദനം വർദ്ധിച്ചിട്ടുണ്ട്. യൂണിഫോം പദ്ധതിക്കു വേണ്ടി മാത്രമായി 2016-17 വർഷം 9.40 ലക്ഷം മീറ്റർ തുണി ഉല്പാദിപ്പിച്ചെടുക്കുകയുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ അവസാന വർഷകാലയളവിൽ ഖാദി നൂൽ ഉല്പാദനം 9.74 കോടി രൂപയും ഖാദി തുണി ഉല്പാദനം 20.20 കോടി രൂപയും ആയിരുന്നു. പുതിയ സർക്കാരിന്റെ ആദ്യ വർഷ കാലയളവിൽ ഇത് യഥാക്രമം 12.37 കോടിരൂപയും 23.98 കോടി രൂപയുമായിരുന്നു. 3.78 കോടി രൂപയുടെ ഖാദി തുണിയുടെ അധിക ഉല്പാദനം നേടാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന കൈത്തറി തൊഴിലാളികൾക്ക് പരമാവധി തൊഴിൽദിനങ്ങളും മാന്യമായ വേതനവും ഉറപ്പുവരുത്തുന്ന രീതിയിൽ നൂലും കൂലിയും സർക്കാർ വക നൽകി സർക്കാർ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സൗജന്യ യൂണിഫോം പദ്ധതിയിൽ ഈ വർഷം ഏകദേശം 24 ലക്ഷം മീറ്റർ തുണി നെയ്തെടുക്കേണ്ടതുണ്ട്. ഖാദി മേഖലയിലെ തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി തൊഴിലുപകരണങ്ങളായ ചർക്കകളും തറികളും ആധുനികവൽക്കരണം നടത്തുന്നതിനും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുപയോഗിച്ച് ചർക്കകളും തറികളും പ്രവർത്തിപ്പിക്കുന്നതിനും സാധ്യതകൾ ആരായുന്നുണ്ട്. കൂടാതെ ബോർഡ് സ്വന്തമായി ഒരു ചർക്ക തറി യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അഞ്ചുവർഷംകൊണ്ട് 5000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഖാദി ഗ്രാമം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പദ്ധതി വിഹിതത്തിലുൾപ്പെടുത്തി സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതം ഉപയോഗിച്ച് നിലവിലെ ഖാദി ഉല്പാദനകേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്പെയർപാർട്സുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും കഴിയുന്നതാണ്. മേൽ സൂചിപ്പിച്ചിരിക്കുന്നവ നടപ്പിലാക്കുന്നത് വഴി കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കിഫ്ബി മുഖേനയുള്ള ഭരണാനുമതി

1 (2000) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നടപ്പ് സാമ്പത്തികവർഷം ചടയമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

" ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന പദ്ധതികളാണ് കിഫ്ബി അംഗീകാരം നൽകുന്നതിനായി പരിഗണിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം ഭരണ വകുപ്പ് പുറപ്പെടുവിച്ച ചടയമംഗലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾക്കുള്ള ഭരണാനുമതികളുടെ വിവരമോ പകർപ്പുകളോ ഭരണ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. ചടയമംഗലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന നാല് പദ്ധതികളുടെ ഭരണാനുമതി മുൻ സാമ്പത്തിക വർഷം പുറപ്പെടുവിച്ചിട്ടുള്ളത് അനുബന്ധമായി ചേർക്കുന്നു."*

**ബില്ലുകൾ മാറുന്നതിനുള്ള ഫണ്ട്**

2 (2001) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള ഫണ്ട് അനുവദിച്ചപ്പോൾ അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം, അരൂക്കുറ്റി എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകൾക്ക് അടിയന്തിരമായി പ്രസ്തുത ബില്ലുകൾ മാറുന്നതിനുള്ള ഫണ്ട് അനുവദിച്ച് ഉത്തരവാകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രാദേശിക സർക്കാരുകൾ 2016-17 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിന് 11-8-2017-ലെ സ.ഉ.(സാധാ) നമ്പർ 6390/2017/ധന ഉത്തരവ് പ്രകാരം വികസന ഫണ്ട് ഇനത്തിൽ അധിക ധനവിനിയോഗ അനുമതിക്കായി 1,88,49,673 (ഒരു കോടി എൺപത്തി എട്ടു ലക്ഷത്തി നാല്പത്തി ഒമ്പതിനായിരത്തി അറുന്നൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) രൂപയും 11-8-2017-ലെ സ.ഉ. (സാധാ) നമ്പർ 6389/2017/ധന ഉത്തരവ് പ്രകാരം സംരക്ഷണ ഗ്രാന്റ് ഇനത്തിൽ 1,54,20,854 (ഒരു കോടി അൻപത്തിനാല് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി അൻപത്തിനാല് രൂപ മാത്രം) രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം, അരൂക്കുറ്റി എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഫണ്ട് അനുവദിച്ച് ഇതിനോടകംതന്നെ ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### ബാങ്കുകളുടെ ലയനം

3 (2002) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ തനത് നാഷണലൈസ്ഡ് ബാങ്കായ എസ്.ബി.ടി-യെ എസ്.ബി.ഐ.-യിൽ ലയിപ്പിച്ചതിന് പുറമേ ഷെഡ്യൂൾഡ് ബാങ്കായ കാത്തലിക് സിറിയൻ ബാങ്ക്,ധനലക്ഷ്മി, സൗത്ത് ഇന്ത്യൻ, ഫെഡറൽ ബാങ്കുകളെയും ലയിപ്പിക്കുന്നതായുള്ള വിഷയത്തിൽ സർക്കാരിന് എന്തു ചെയ്യാനാകും;

(ബി) സംസ്ഥാനത്തെ ജനങ്ങളെ ബാങ്കിംഗ് മേഖലയുമായി അടുപ്പിച്ചു നിറുത്തുന്ന പ്രസ്തുത ബാങ്കുകളുടെ ലയനത്തെ ചെറുത്ത് തൻമൂലമുണ്ടാകുന്ന സാമൂഹികാഘാതം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 1934-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിയമത്തിലെ ഷെഡ്യൂൾ II-ൽ ഉൾപ്പെട്ടിട്ടുള്ള ഷെഡ്യൂൾഡ് ബാങ്കുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. അതുകൊണ്ടുതന്നെ ബാങ്കുകളുടെ ലയനം സംബന്ധിച്ച കാര്യത്തിൽ ഇടപെടുന്നതിന് സംസ്ഥാനത്തിന് വളരെയധികം പരിമിതികളുണ്ട്. എന്നാൽ കേരളത്തിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളുടെ ലയനം സംബന്ധിച്ച വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ കൂട്ടിയോജിപ്പിച്ച് ഒരു കേരള ബാങ്ക് എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം മുന്നോട്ടുനീങ്ങുന്നുണ്ട്.

### നവ ഉദാര പരിഷ്കാരങ്ങൾ

4 (2003) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നവ ഉദാര പരിഷ്കാരങ്ങളുടെ ഭാഗമായി കേന്ദ്രസർക്കാർ നടപ്പാക്കിയ ജി.എസ്.ടി, കോർപ്പറേറ്റുകൾക്ക് അനുകൂലമായി മാറുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കുക വഴി നികുതി നിരക്ക് കുറച്ച മേഖലകൾ ഏതെല്ലാമെന്നും തൻമൂലം ഉപഭോക്താവിന് പ്രയോജനം ലഭിക്കുന്നുവോ എന്നും സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഭിന്നശേഷിയുള്ളവർ ഉപയോഗിക്കുന്ന ഉപകരണങ്ങൾ, സാനിറ്ററി നാപ്കിൻ, കണ്ണടകൾ, റസ്റ്റോറന്റ് ഭക്ഷണം, ജീവൻ രക്ഷാ ഔഷധങ്ങൾ, ചെറുകിട വ്യാപാര ഉൽപ്പന്നങ്ങൾ, കോഴിയിറച്ചി, ഭക്ഷ്യ എണ്ണ, പഞ്ചസാര, തേയില, ധാന്യങ്ങൾ തുടങ്ങി നിത്യോപയോഗ സാധനങ്ങൾക്ക് വിപണിയിൽ വില കൂടുതലാണോ കുറവാണോ നാളിതുവരെ അനുഭവപ്പെടുന്നത് എന്ന് സർക്കാർ പരിശോധിച്ചുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം പുതുക്കിയ എം.ആർ.പി. വിലയിട്ട് സംസ്ഥാനത്ത് വിപണനം നടത്തുന്ന മേഖലകളും ഉൽപ്പന്നങ്ങളും ഏതെല്ലാം എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി. നിയമപ്രകാരം 20 ലക്ഷം രൂപയ്ക്കുമേൽ മൊത്തം വിറ്റുവരവുള്ള വ്യാപാരികളാണ് രജിസ്ട്രേഷൻ എടുക്കേണ്ടത്. 75 ലക്ഷം രൂപവരെ വിറ്റുവരവുള്ളതും സംസ്ഥാനത്തിനുള്ളിൽ മാത്രം വിപണനം/ നിർമ്മാണം നടത്തുന്നതുമായ വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് ആനുകൂല്യം നൽകിയിട്ടുണ്ട്. നിലവിൽ കോമ്പൗണ്ടിംഗ് ആനുകൂല്യം 60 ലക്ഷം രൂപയ്ക്കുതാഴെ വിറ്റുവരവുള്ള, ഉല്പാദനം നടത്താത്ത വ്യാപാരികൾക്ക് മാത്രമായിരുന്നു. ആയതിനാൽ ചെറുകിട വ്യാപാരികളെയും ഉപഭോക്താക്കളേയും ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുക യില്ലെന്നാണ് കരുതുന്നത്.

(ബി) ജി.എസ്.ടി. നടപ്പിലാക്കുകവഴി പൊതുവെ എല്ലാ മേഖലകളിലും നികുതി നിരക്ക് കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജന താല്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു. ജി.എസ്.ടി.-യുടെ പ്രാരംഭ ഘട്ടത്തിൽ നീക്കിയിരുപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യസാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരുംമാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജി.എസ്.ടി. നടപ്പിലാക്കുക വഴി പൊതുവെ എല്ലാ മേഖലകളിലും നികുതി നിരക്ക് കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ മിക്കവാറും അവശ്യ ഉല്പന്നങ്ങളുടെ നികുതി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ നിലവില്യ

ണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി. ജി.എസ്.ടി.-യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കുപോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളുമുണ്ടായി. ആയതിനെ തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) ഇതിനെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി നിരക്കിലുണ്ടായ വർദ്ധനവനുസരിച്ച് MRP കൂടാൻ സാധ്യതയുള്ള പാക്കേജ്ഡ് കമ്മോഡിറ്റികൾ MRP വർദ്ധിപ്പിക്കുകയാണെങ്കിൽ ഉല്പാദകർ ദേശീയതലത്തിൽ പത്രപരസ്യം, വില കൂടാനുണ്ടായ കാരണ സഹിതം നൽകുകയും പുതിയ MRP പ്രത്യേക സ്റ്റിക്കറായി പ്രദർശിപ്പിക്കുകയും വേണമെന്ന് കേന്ദ്രസർക്കാർ കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**ജി.എസ്.ടി. പ്രകാരമുള്ള വില**

5 (2004) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന് ലഭിച്ച നികുതി വരുമാനം എത്ര; നികുതി വരുമാനത്തിൽ എത്ര കുറവു വന്നിട്ടുണ്ടെങ്കിൽ അതു തരണം ചെയ്യുവാനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ;

(ബി) നടപ്പുസാമ്പത്തിക വർഷം വ്യാപാരികൾ കണക്കുകൾ സമർപ്പിക്കേണ്ടുന്ന കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; ജി.എസ്.ടി. നടപ്പാക്കുന്നതിനു മുൻപും പിൻപുമുള്ള കണക്കുകൾ എപ്രകാരമാണ് സമർപ്പിക്കേണ്ടത്; ഇതിനായി പുതുക്കിയ ബിൽ മാതൃക തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ മാതൃകയുടെ പകർപ്പു സഹിതം വിശദാംശം ലഭ്യമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പാക്കിയ ശേഷം ഇതര സംസ്ഥാനത്തു നിന്നുമെത്തുന്ന ഉല്പന്നങ്ങൾക്ക് ജി എസ് ടി പ്രകാരമുള്ള വില താരതമ്യപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ ഏതെല്ലാം ഉല്പന്നങ്ങൾക്ക് എന്നും ജി.എസ്.ടി വിലയിൽ മാത്രം ഉല്പന്നങ്ങളുടെ പൂർണ്ണ വിപണനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം കച്ചവടക്കാർ ഉല്പന്നങ്ങൾക്ക് കൃതിമ ക്ഷാമവും അമിത വിലയും ഈടാക്കുന്ന പരാതി സർക്കാർ പരിശോധിച്ചുവോ, വിശദാംശം വ്യക്തമാക്കുമോ;

(ഇ) സർക്കാരിന്റെ പുതിയ ബിൽ ഫോർമേറ്റ് (ജി.എസ്.ടി. പ്രകാരമുള്ളത്) പ്രകാരം വ്യാപാരശാലകളിൽ ബിൽ നല്കുവാനും ആയത് പരിശോധിക്കാൻ നികുതി വകുപ്പു ജീവനക്കാരെ പരിശീലിപ്പിക്കാനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ഇത് കുറ്റമറ്റ രീതിയിൽ എപ്പോൾ നടപ്പാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ;

(എഫ്) കോഴിയിറച്ചി ഉൾപ്പെടെ പല ഉപഭോക്തൃ ഉല്പന്നങ്ങൾക്കും വ്യാപാരികൾ വില പ്രദർശിപ്പിക്കാതെ പല വിലയ്ക്ക് വിൽക്കുന്നതു തടയുവാൻ എല്ലാ വ്യാപാരികളും അവർ വിപണനം നടത്തുന്ന സാധനങ്ങളുടെ ജി.എസ്.ടി. പ്രകാരമുള്ള വില പ്രദർശിപ്പിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. ഒരു പുതിയ നികുതി സമ്പ്രദായമാണ്. ഇത് 2017 ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. വ്യാപാരികൾക്ക് ജൂലൈ മാസത്തെ പ്രാഥമിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതി ആഗസ്റ്റ് 20 ആണ്. അതിനുശേഷം മാത്രമേ നികുതി വരുമാനത്തെക്കുറിച്ച് കണക്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) നടപ്പുസാമ്പത്തിക വർഷം വ്യാപാരികൾ കണക്കുകൾ സമർപ്പിക്കേണ്ട കാലാവധി 2018 ഡിസംബർ 31 ആണ്. ജി.എസ്.ടി. നടപ്പാക്കുന്നതിന് മുമ്പും പിമ്പുമുള്ള കണക്കുകൾ സമർപ്പിക്കേണ്ട മാതൃക അധികം താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പൊതുവെ നിലവിലുള്ള സ്റ്റോക്കാണ് വ്യാപാരികൾ വിറ്റഴിക്കുന്നത്. നിലവിലുള്ള സ്റ്റോക്കിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണെങ്കിലും ജി.എസ്.ടി.-യുടെ ശരിയായ Impact മനസ്സിലാക്കാൻ അത് നടപ്പിലാക്കിയശേഷം ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില്പന നടക്കുമ്പോഴേ സാധിക്കുകയുള്ളൂ. ഇതിനുശേഷം മാത്രമേ വിലകളുടെ താരതമ്യവും ജി.എസ്.ടി. പ്രകാരമുള്ള ഉല്പന്നങ്ങളുടെ പൂർണ്ണ വിപണനവും സാധിക്കുകയുള്ളൂ.

(ഡി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ചില മേഖലകളിൽ കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം മേഖലകളിലെ വ്യാപാരികളുമായും വ്യാപാര സംഘടനകളുമായും ചർച്ച നടത്തുകയും പ്രശ്നപരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ജി.എസ്.ടി. പ്രകാരം വിവിധതരം വ്യാപാരികൾ നൽകേണ്ട ബില്ലുകളുടെ ഫോർമാറ്റ് തയ്യാറാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. നിലവിൽ ബില്ലുകൾ പരിശോധിച്ചിരുന്ന രീതിയിൽത്തന്നെയാണ് ജി.എസ്.ടി. നിയമപ്രകാരവും ബിൽ പരിശോധന നടത്തേണ്ടത്. ഇതിനായി ജീവനക്കാർക്ക് പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല.

(എഫ്) വ്യാപാരികൾ വിലവിവരം പ്രദർശിപ്പിക്കണമെന്ന നിബന്ധന നിലവിലുണ്ട്.

## എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന് ഭരണാനുമതി നൽകുന്നതിന് ജില്ലാ കേന്ദ്രങ്ങളിലെ ക്രമീകരണങ്ങൾ

6 (2005) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ചുള്ള ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ജില്ലാ കേന്ദ്രങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം ഭരണാനുമതി നൽകാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസുകളിൽ ആവശ്യത്തിന് കമ്പ്യൂട്ടറുകളും സ്റ്റേഷനറി സാധനങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പിലാക്കുന്നതിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നമ്പർ 86/2017/ധന തീയതി 4-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. നിലവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ്‌വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും

കളക്ടറേറ്റുകളിലെ FO-മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28-7-2017-ന് വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കളക്ടറേറ്റുകളിൽ ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളും ആവശ്യങ്ങളും ധനകാര്യ വകുപ്പിൽ ഉന്നതതലത്തിൽ പരിശോധിച്ചു വരികയാണ്.

**ജി.എസ്.ടി. പ്രകാരം വില കുറയുന്ന സാധനങ്ങളുടെ പട്ടിക**

7 (2006) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. പ്രകാരം വില കുറയുന്ന സാധനങ്ങളുടെ പട്ടിക സർക്കാർ പുറത്തിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സാധനങ്ങളാണ് പ്രസ്തുത പട്ടികയിലുള്ളത്;

(സി) പ്രസ്തുത പട്ടികയിൽ ഉള്ള എല്ലാ സാധനങ്ങൾക്കും ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം വില കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിയിറച്ചി എത്ര രൂപയ്ക്കു വിൽക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയത് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജന താല്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരുപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. നിലവിലുണ്ടായിരുന്ന 14.5 ശതമാനം നികുതി പൂർണ്ണമായും ഇല്ലാതായ സാഹചര്യത്തിൽ അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് ലഭിക്കണമെന്ന് വ്യാപാരികളോട് ആവശ്യപ്പെടുകയും ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

**ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപ് നികുതി**

8 (2007) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുൻപ് 20 ലക്ഷം രൂപ മാസ വരുമാനമുള്ള ഹോട്ടലുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നികുതി ഉണ്ടായിരുന്നോ; എങ്കിൽ ഏത് നികുതിയായിരുന്നു; അത് എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഹോട്ടലുകളിൽനിന്നും ജി.എസ്.ടി നമ്പർ അടക്കമുള്ള ബില്ല് ഉപഭോക്താക്കൾക്ക് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാറ്റ് നിയമപ്രകാരം 10 ലക്ഷം രൂപയ്ക്കുമുകളിൽ വാർഷിക വരുമാനമുള്ള ഹോട്ടലുകൾക്ക് 5% വാറ്റ് അടയ്ക്കണമായിരുന്നു. കൂടാതെ വിറ്റുവരവ് പരിധിയില്ലാതെ അര ശതമാനം കോമ്പൗണ്ടിംഗ് നികുതിയും ഉണ്ടായിരുന്നു. കൂടുതൽ ഹോട്ടലുകളും അത്തരം നികുതിയാണ് അടച്ചുവന്നിരുന്നത്.

(ബി) സ്വീകരിക്കുന്നതാണ്. ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷനുള്ള വ്യാപാരികൾ മാത്രമേ നികുതി പിരിക്കാവൂ. കൂടാതെ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ നികുതി പിരിയ്ക്കാൻ പാടില്ല. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഇതിനെക്കുറിച്ചുള്ള ബോധവൽകരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇന്റലിജൻസ് വിംഗിന്റെ സേവനവും ഇതിനായി വിനിയോഗിക്കുന്നതാണ്.

**ജി.എസ്.ടി.**

9 (2008) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട-വൻകിട ഹോട്ടലുകളും മറ്റ് സ്ഥാപനങ്ങളും ബില്ലിൽ ജി.എസ്.ടി. ചുമത്തി ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ തുകകൾ സർക്കാരിൽ അടയ്ക്കുന്നുണ്ടെന്ന് എങ്ങനെ ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ജി.എസ്.ടി. യുടെ പേരിൽ ഈടാക്കുന്ന തുക അതേപടി സർക്കാരിൽ അടയ്ക്കുന്നു എന്ന് എങ്ങനെ ഉറപ്പാക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ;

(സി) ഉപഭോക്താവ് ജി.എസ്.ടി. ഇനത്തിൽ സ്ഥാപനങ്ങൾക്ക് നൽകിയ തുക സർക്കാരിൽ അടച്ചുവെന്ന് എങ്ങനെ പരിശോധിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-സി) പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി. അതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. ചരക്കിന്മേലോ സേവനത്തിന്മേലോ നികുതി വെട്ടിപ്പ് നടത്തിയെന്ന് സംശയിക്കുകയോ കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്താൻ ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വീഴ്ച വരുത്തുന്നവർക്കെതിരെ പിഴ ചുമത്താനുള്ള അധികാരം കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനുമുണ്ട്. വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകളും രേഖകളും ഭരണാനുമതിയുള്ള ജി.എസ്.ടി. ഉദ്യോഗസ്ഥന് പരിശോധിക്കാനും കഴിയും.

**ജി.എസ്.ടി. കാരണം പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച**

10 (2009) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉൽപ്പാദനം നടത്തുന്ന സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ സാധനങ്ങൾ കേരളത്തിലേക്കു വരുന്നത് ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ കേരളത്തെ സാമ്പത്തികമായി എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഉയർന്ന ഉൽപ്പാദനച്ചെലവ് കാരണം കേരളത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഉൽപ്പന്നങ്ങളുമായി മത്സരിച്ച് കേരളത്തിലെ വിപണിപോലും പിടിച്ചു നിർത്താൻ സാധിക്കാതെ തകർച്ചയിലേക്കു നീങ്ങാൻ സാധ്യതയുണ്ടെന്ന് പറയുന്നത് ശരിയാണോ;

(സി) എങ്കിൽ നമ്മുടെ കാർഷിക മേഖല ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ എല്ലാം തന്നെ തകരാൻ ഇടയില്ലേ;

(ഡി) എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. സംസ്ഥാനത്തിന് പുറത്തുനിന്നും സ്വന്തം ആവശ്യത്തിലേയ്ക്ക് വ്യക്തികൾ കൊണ്ടുവരുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും സംസ്ഥാനത്തിന് ലഭിക്കും. ഇത്തരം നികുതികൾ അന്തർ സംസ്ഥാന കൈമാറ്റ സമയത്തുതന്നെ സർക്കാരിന് ലഭ്യമാകും. മുമ്പുണ്ടായിരുന്നതുപോലെ തുടർ വില്പനവരെ കാത്തിരിക്കേണ്ട കാര്യമില്ല.

(ബി) നികുതിക്കുമേൽ നികുതി ഇല്ലാത്തതും അടച്ച നികുതിക്ക് ഇൻപുട്ട് ക്രെഡിറ്റ് ലഭ്യമാകുകയും ചെയ്യുമെന്നതിനാൽ അത്തരം അനുകൂല സാഹചര്യങ്ങൾ കേരളത്തിലെ ഉല്പാദകരും പ്രയോജനപ്പെടുത്തേണ്ടതാണ്.

(സി&ഡി) സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയെ ദോഷകരമായി ബാധിക്കുന്ന നിരക്കുകൾ ചിലയിനങ്ങളിൽ നിലനിൽക്കുന്നുണ്ട്. ആയത് കുറച്ചു തരണമെന്ന് കൗൺസിലിൽ നിരന്തരമായി ആവശ്യപ്പെടുന്നതാണ്.

**ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം അധിക നികുതി**

11 (2010) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഏതെല്ലാം മേഖലകളിലാണ് നികുതി കൂടുതലാണെന്ന പരാതി ലഭിച്ചിട്ടുള്ളത്;

(ബി) മീൻ പിടുത്തത്തിനുള്ള പല ഉപകരണങ്ങൾക്കും, ഹൗസ് ബോട്ടുകൾക്കും ഉയർന്ന നികുതി ഈടാക്കിയത് അതാത് മേഖലകളെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പരാതികൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ടോ; കൗൺസിലിന്റെ സമീപനം എന്തായിരുന്നെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോട്ടൽ മേഖല, വിനോദസഞ്ചാരം, ഹോളോബ്രിക്സ് നിർമ്മാണം, സർക്കാർ കരാർ പണി, പ്ലൈവുഡ് തുടങ്ങിയ മേഖലകളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിച്ച പരാതികളും ആശങ്കകളും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിലും ജി.എസ്.ടി. കൗൺസിലിലും ഉന്നയിച്ചിട്ടുണ്ട്. കൗൺസിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ fitment committee ഇത് പരിശോധിച്ചുവരുന്നു.

## ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഹോട്ടൽ ഭക്ഷണത്തിന്റെ വില വർദ്ധന

12 (2011) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഹോട്ടൽ ഭക്ഷണത്തിന് അമിതമായി വില വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ വിഭാഗം ഹോട്ടലുകളിലും എല്ലാതരം ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്നതിനോടൊപ്പം സി.ജി.എസ്.ടി.-യും എസ്.ജി.എസ്.ടി.-യും ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഹോട്ടൽ ഭക്ഷണത്തിന് വില വർദ്ധിപ്പിച്ചിട്ടുള്ളതായി പല ഭാഗങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) ഇതുമായി ബന്ധപ്പെട്ട പരാതികൾ പല ഭാഗത്തുനിന്നും ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ബില്ലുകൾ ശേഖരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോട്ടൽ വ്യാപാരികളുമായും സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ജി.എസ്.ടി.-യുടെ മറവിൽ ഉല്പന്നങ്ങൾക്ക് കൃത്രിമക്ഷാമം

13 (2012) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി.യുടെ മറവിൽ ഉല്പന്നങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ജി.എസ്.ടി.-യുടെ മറവിൽ എം.ആർ.പി.യിൽ കൂടുതൽ വില ഈടാക്കുന്നത് തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പഴയ നികുതിയടക്കമുള്ള വില്പന വിലയിന്മേൽ ജി.എസ്.ടി. ചുമത്തുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജി.എസ്.ടി. നിരക്കുകൾ പഴയ കേന്ദ്ര-സംസ്ഥാന നികുതിയേക്കാൾ കൂടുതലാണോ, കുറവാണോ എന്നും ഉല്പന്നങ്ങളും സേവനങ്ങളും സംബന്ധിച്ച ജി.എസ്.ടി. നിലവാരം എന്ത് എന്നും വ്യക്തമാക്കുമോ;

(ഇ) ജി.എസ്.ടി. നടപ്പാക്കിയതുവഴി ഹോട്ടൽ ഭക്ഷണ നികുതിയിലെ ആശയക്കുഴപ്പം, പോലീസ് ക്യാന്റീനുകൾ നടത്താനാവാത്ത അവസ്ഥ, കെട്ടിട നിർമ്മാണ സാധനങ്ങൾ/സിമന്റ് വിലയിലെ മാറ്റം വിലകുറയേണ്ട 101 ഉല്പന്നങ്ങളിൽ വിലകുറയാത്തത് ,കോഴിയിറച്ചി തുടങ്ങി ഇറച്ചികൾക്ക് അമിത വില ഈടാക്കുന്നത്, കോഫി ഹൗസുകളുടെ പ്രവർത്തനം, റെയിൽവേ സ്റ്റേഷനുകളിലെ പാർക്കിംഗ് ഫീസ്, സേവന ഉപനികുതിയ്ക്കും നാല് വർഷത്തെ മുൻകാല പ്രാബല്യം എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എന്തെല്ലാം എന്നും ഇവ പരിശോധിച്ച് പ്രസ്തുത മേഖലയിലെ നിലവിലെ അവസ്ഥ തരണം ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി നിരക്കിലുണ്ടായ വർദ്ധനവനുസരിച്ച് എം.ആർ.പി. കൂടാൻ സാധ്യതയുള്ള പാക്കേജ്ഡ് കമോഡിറ്റികൾ എം.ആർ.പി. വർദ്ധിപ്പിക്കുകയാണെങ്കിൽ ഉല്പാദകർ ദേശീയതലത്തിൽ പത്രപരസ്യം ചെയ്ത് വില കൂടാനുണ്ടായ കാരണ സഹിതം നൽകുകയും പുതിയ എം.ആർ.പി. പ്രത്യേകം തയ്യാറാക്കി പ്രദർശിപ്പിക്കുകയും വേണമെന്ന് കേന്ദ്രസർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ 171 വകുപ്പ് പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അതോറിറ്റി എത്രയുംപെട്ടന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉല്പന്നങ്ങളിൽ അച്ചടിച്ചിരിക്കുന്ന എം.ആർ.പി.-യിൽ കൂടുതൽ വില ഈടാക്കുന്നത് ചട്ടവിരുദ്ധമാണ്. ഇതുസംബന്ധിച്ച കർശന നിർദ്ദേശം കേന്ദ്രസർക്കാർ ഇതിനകംതന്നെ നൽകിയിട്ടുണ്ട്. കൂടാതെ നികുതിയ്ക്കുമേൽ നികുതി പാടില്ലെന്ന ജി.എസ്.ടി.യുടെ പ്രാഥമിക ലക്ഷ്യത്തിനും ഇത്തരം നടപടികൾ വിരുദ്ധമാണ്.

ജി.എസ്.ടി. നടപ്പിലാക്കുന്ന സമയത്ത് നീക്കിയിരിപ്പായി ഉണ്ടായിരുന്ന സാധനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി സെൻട്രൽ എക്സൈസിന്റെയും വാറ്റിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുമെന്നതിനാൽ ജി.എസ്.ടി. നിരക്കുകൂടി കൂട്ടിയാലും വില എം.ആർ.പി.-ക്ക് പുറത്തുപോകുന്ന സാഹചര്യമുണ്ടാകില്ല.

(ഡി) സംസ്ഥാനങ്ങൾ ഈടാക്കിയിരുന്ന പരോക്ഷ നികുതികളായ മൂല്യവർദ്ധിത നികുതി, വില്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി, സർച്ചാർജ്ജ്, സെസ്സ്, വിനോദ നികുതി എന്നിവയും കേന്ദ്ര നികുതികളായ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർച്ചാർജ്ജ്, സെസ്സ് എന്നിവയും ജി.എസ്.ടി.-യിൽ ലയിക്കുന്നു. ഇതുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ടി. നിരക്ക് കുറവാണ്. പലതിനും ടാക്സ് ക്രെഡിറ്റ് ഉള്ളതിനാൽ ഉല്പന്നങ്ങളും സേവനങ്ങളും സംബന്ധിച്ച ജി.എസ്.ടി. നിരക്ക് മുമ്പ് ഉണ്ടായിരുന്നതിനെക്കാൾ കുറവാണ്.

(ഇ) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതിക്ക് മേൽ നികുതി എന്ന സ്ഥിതി ഒഴിവാകുകയും എല്ലാം ഒറ്റ നികുതി നിരക്കായി പരിമിതപ്പെടുകയും ചെയ്യുന്നതിനാൽ ഉല്പന്നത്തിനുമേൽ ഈടാക്കുന്ന നികുതി എത്രയെന്ന് കൃത്യമായും സുതാര്യമായും മനസ്സിലാക്കാവുന്നതാണ്. വാറ്റ് നിരക്കുമായി മാത്രം താരതമ്യം ചെയ്യുമ്പോഴാണ് ഉയർന്ന നികുതി നിരക്ക് എന്ന തോന്നൽ ഉണ്ടാകുന്നത്. എന്നാൽ ആ ഉൽപ്പന്നത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ടായിരുന്ന പലയിനം നികുതികൾ മൊത്തമായി പരിഗണിക്കുമ്പോൾ ജി.എസ്.ടി. നിരക്ക് കുറവാണ്. ആയതിനാൽ തുടക്കത്തിലെ അവ്യക്തതകൾ മാറുമ്പോൾ വില കുറയാനാണ് സാധ്യത. നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾക്കും ഇത് പരിഹാരമാകും. ജി.എസ്.ടി. നിയമപ്രകാരം ക്യാന്റീൻ സ്റ്റോറുവഴി Defence personal-ന് നൽകുന്ന നികുതിക്ക് മാത്രമേ ഒഴിവുള്ളൂ. പോലിസ് ക്യാന്റീനിന് ഇത് ബാധകമല്ല. അഖിലേന്ത്യാതലത്തിൽ ജി.എസ്.ടി. കൗൺസിലിൽ എടുത്ത തീരുമാനം സംസ്ഥാനത്തിന് മാത്രമായി മാറ്റാനോ നികുതി നിരക്കിൽ വ്യതിയാനം വരുത്താനോ അധികാരമില്ല. ജി.എസ്.ടി.-യിൽ ഇറച്ചിക്കോഴി നികുതി വിമുക്തമാണ്. ജി.എസ്.ടി. നിലവിൽ വരുന്നതിന് മുമ്പ് കേരളത്തിൽ കോഴിയിറച്ചിക്ക് 14.5% നികുതിയുണ്ടായിരുന്നു. ആയതിനാൽ കോഴിയുടെ വില സ്വാഭാവികമായും കുറയേണ്ടതാണ്. മുൻപ് സേവന നികുതി കേന്ദ്രസർക്കാരാണ് പിരിച്ചിരുന്നത്. ആയതിനാൽ മുൻകാല പ്രാബല്യത്തോടെ സേവന നികുതി ചുമത്തുന്ന പ്രശ്നം കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. ഇതുസംബന്ധിച്ച പല പ്രശ്നങ്ങളും ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ജി.എസ്.ടി.-യുടെ നേട്ടം

14 (2013) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട പല ഉത്പന്നങ്ങൾക്കും വില കുറഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി.-യുടെ നേട്ടം പൊതുജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇല്ലെങ്കിൽ കാരണക്കാർക്കെതിരെ നടപടിയെടുക്കുന്നതിന് Anti Profiteering Authority എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി. നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധന സേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേല്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് ഈ അതോറിറ്റി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിന് നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസംവരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്.

ഇതിനുപുറമെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനുവേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്ക് ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശിപാർശയോടുകൂടി സമർപ്പിക്കുന്നതുമാണ്. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ജി.എസ്.ടി. നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി കേരളത്തിലുടനീളം വിവിധ പദ്ധതികളും നിരവധി ബോധവൽക്കരണ ക്ലാസ്സുകളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

## ജി.എസ്.ടി.-യുടെ മറവിൽ വ്യാപാരികളുടെ ചൂഷണം

15 (2014) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതുമൂലം സംസ്ഥാനത്ത് വില കുറയാൻ സാധ്യതയുള്ളതും വില വർദ്ധിക്കാൻ സാധ്യതയുള്ളതുമായ സാധന സേവനങ്ങളുടെ വിവരം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി.-യുടെ മറവിൽ ഉപഭോക്താവിനെ വ്യാപാരികൾ ചൂഷണം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്താനും ഇതിന് മേൽനോട്ടം വഹിക്കാനുമായി സംസ്ഥാനത്ത് ഏതെങ്കിലും പ്രത്യേക സമിതി ധനവകുപ്പോ സർക്കാരോ രൂപീകരിച്ചിട്ടുണ്ടോ;

(സി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജന താല്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*. നിലവിൽ 14.5% വാറ്റ് നികുതി ഉണ്ടായിരുന്ന സാധനങ്ങളുടെ നികുതി 28% ആയി ഉയരേണ്ടതായിരുന്നു. എന്നാൽ ഈ കാറ്റഗറിയിൽ ഉൾപ്പെട്ട സാധനങ്ങളെ ജി.എസ്.ടി.-യിൽ 12%, 18% എന്നീ വിഭാഗങ്ങളിലാണ് ഉൾപ്പെടുത്തിയത്. ആയതിനാൽ നിരവധി സാധനങ്ങളുടെ മേലുള്ള നികുതിഭാരം കുറയുകയും അത് സാധനങ്ങളുടെ വിലക്കുറവിന് ഇടയാക്കുകയും ചെയ്യും. ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ഉല്പാദിപ്പിക്കുകയും അത് സാധനങ്ങളുടെ വിലക്കുറവിന് ഇടയാക്കുകയും ചെയ്യും. ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ഉൽപ്പാദിപ്പിക്കുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സെൻട്രൽ എക്സൈസ് ഡ്യൂട്ടി പരിധിക്ക് പുറത്തായിരുന്ന വിവിധ ഉൽപ്പന്നങ്ങളുടെ വിലയിൽ നികുതി നിരക്കിലെ വ്യത്യാസത്തിനനുസരിച്ച് വില വർദ്ധിക്കാൻ ഇടയുണ്ട്. ജി.എസ്.ടി. നടപ്പിലാക്കു ന്നതിന് മുമ്പ് സേവന നികുതി ഏതാണ്ട് 15 ശതമാനത്തിന് അടുത്തായിരുന്നു. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം അവ 5, 12, 18, 28 എന്ന വ്യത്യസ്ത നിരക്കുകളിലാണ് നിശ്ചയിച്ചിട്ടുള്ളതെങ്കിലും ജി.എസ്.ടി.-യിൽ സേവനത്തിനും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. ആയതിനാൽ നിരവധി സേവനങ്ങളുടെയും നികുതിയിൽ കുറവ് വരാനാണ് സാധ്യത. എന്നാൽ ചില ആഡംബര സേവനങ്ങൾക്ക് 28% സർവ്വീസ് ടാക്സ് ചുമത്തിയിട്ടുള്ളതിനാൽ ഈ മേഖലയിലെ സേവനങ്ങൾക്ക് നികുതി വർദ്ധനവ് ഉണ്ടാകാം. ഉദാഹരണമായി പഞ്ചനക്ഷത്ര ഹോട്ടലുകളിലെ സേവനങ്ങൾ.

(ബി) ജി.എസ്.ടി. നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധന സേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേല്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് ഈ അതോറിറ്റി . ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിന് നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശയും ചേർത്ത് നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുവേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിക്ക് ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശിപാർശയോടുകൂടി സമർപ്പിക്കാവുന്നതുമാണ്. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് സംസ്ഥാനം കേന്ദ്ര ധനകാര്യ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉയർന്ന പരാതികളിൽ വ്യാപാരികളുമായും വ്യാപാരി സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ട് ജില്ലാതലത്തിലും താലൂക്ക് തലത്തിലും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും അവർക്ക് നിരന്തരം സംശയനിവാരണം നടത്തുന്നതിനു വേണ്ടി ജില്ലാകേന്ദ്രങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. അവർ ഉന്നയിക്കുന്ന സാങ്കേതിക/നിയമ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ സെന്ററുകൾക്ക് കഴിയുന്നുണ്ട്. മാത്രവുമല്ല postgstquetions@kerala.gov.in എന്ന ഇ-മെയിൽ വഴി പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം നേടാനും സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്.

## എം.എൽ.എ. ഫണ്ട്

16 (2015) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2015-16 വരെയുള്ള സാമ്പത്തികവർഷത്തിൽ എം.എൽ.എ. ഫണ്ട് ഇനത്തിൽ നേമം നിയോജക മണ്ഡലത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിയുടെ പേര്, വകയിരുത്തിയിട്ടുള്ള തുക എന്നിവ വിശദമാക്കാമോ ; ഇതിൽ പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ് ?

ഉത്തരം

(എ&ബി) 2006-07 മുതൽ 2015-16 വരെയുള്ള സാമ്പത്തികവർഷത്തിൽ എം.എൽ.എ. ഫണ്ട് ഇനത്തിൽ നേമം നിയോജക മണ്ഡലത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് സംവിധാനം

17 (2016) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 ബജറ്റിൽ 1000 കോടി രൂപ വകയിരുത്തിയ കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് സംവിധാനം നടപ്പിലാക്കുന്നതിന് 18-5-2017-ൽ 1028.26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി. മിഷൻ ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുകയും പദ്ധതി രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് KIIFB-യിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കിലൂടെ ഒരു സംസ്ഥാനതല ഒപ്റ്റിക്കൽ ഫൈബർ ശൃംഖല രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ 30000-ത്തോളം വരുന്ന സർക്കാർ വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥാപനങ്ങൾക്ക് ഒപ്റ്റിക്കൽ ഫൈബർ കണക്റ്റിവിറ്റി നൽകാൻ സാധിക്കും. കൂടാതെ ടെലികോം/ഇന്റർനെറ്റ് സേവന ദാതാക്കൾക്ക് ഈ നെറ്റ്‌വർക്കിലൂടെ വിവിധ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കും. 20 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്. ഉദ്ദേശം 2 വർഷത്തിനുള്ളിൽ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**നേമം നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ**

18 (2017) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത് എന്നറിയിക്കാമോ ?

ഉത്തരം

(എ) ഇതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ 2017-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ 136-ാം ഖണ്ഡികയിൽ 20-ാം ഇനമായി 200 കോടി രൂപ മുതൽമുടക്കുള്ള നേമം നിയോജകമണ്ഡലത്തിലെ കരമന-കളിയിക്കാവിള രണ്ടാം ഘട്ടം (പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെ) ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി ബന്ധപ്പെട്ട ഭരണ വകുപ്പ് സമർപ്പിച്ച 162.46 കോടി രൂപയുടെ ഡി.പി.ആർ. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാം ബോർഡ് യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡിന്റെ NIDA Assistance സ്കീമിൽ ഉൾപ്പെടുത്തി കിഫ്ബിയിലൂടെ ഈ പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(ബി&സി) കിഫ്ബി ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന ഉത്തരവുപ്രകാരം

യോഗ്യമായ പദ്ധതികളെ വരും കിഫ്ബോർഡ് യോഗങ്ങളിൽ സമർപ്പിക്കുകയും കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ കിഫ്ബി ധനസഹായം ലഭിക്കുന്നതിനായി ടി ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള ടെണ്ടർ ഉൾപ്പെടെയുള്ള നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി (SPV) സ്വീകരിക്കുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ബന്ധപ്പെട്ട എസ്.പി.വി.-കൾ കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകൾക്കനുസരണമായി നൽകേണ്ട തുകകൾ കിഫ്ബിയിൽനിന്നും കോൺട്രാക്ടർ, സപ്ലൈയർ, സേവനദാതാവ് എന്നിവരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിക്കുന്നതാണ്. കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടവും കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധിക്കുകയും ചെയ്യുന്നു. കിഫ്ബിയിലെ ഈ നൂതന സംവിധാനമനുസരിച്ച് പദ്ധതി നടപ്പിലാക്കലും ധനസഹായം നൽകുന്നതും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നു.

## ആസ്തി വികസന പദ്ധതി

19 (2018) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതി പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) 2017-18 സാമ്പത്തികവർഷം മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ)നമ്പർ 86/2017/ധന തീയതി 4-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതാത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്.

(ബി) നിലവിൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ 22-7-2015-ലെ സർക്കുലർ നമ്പർ 67/2015/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ആസ്തി വികസന പദ്ധതി**

20 (2019) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ആസ്തി വികസന പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തികവർഷം മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പിലാക്കുന്നതിനായി 4-7-2017-ലെ സ.ഉ.(അ)നമ്പർ 86/2017/ധന പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതി അതത് ജില്ലാ കളക്ടറേറ്റുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്നതാണ്.

(ബി) ഇല്ല.

**ആസ്തി വികസന പദ്ധതിയും ജി.എസ്.ടി.-യും**

21 (2020) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതിയായ പ്രവൃത്തികൾക്ക് ജി.എസ്.ടി.-യുമായി ബന്ധപ്പെടുത്തി സാങ്കേതികാനുമതി നൽകാതെയും പദ്ധതികൾ നടപ്പിലാക്കാതെയും വൈകിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മണലൂർ എം.എൽ.എ.-യുടെ 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്ത പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഇതുവരെ സാങ്കേതികാനുമതി നൽകിയെന്ന കാര്യം അറിയിക്കാമോ;

(സി) ജി.എസ്.ടി.-യുടെ പേരിൽ പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്ന സാഹചര്യം ഇല്ലാതാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതിയായ പ്രവൃത്തികൾക്ക് ജി.എസ്.ടി.-യുമായി ബന്ധപ്പെടുത്തി സാങ്കേതികാനുമതി നൽകാതിരിക്കുകയോ പ്രവൃത്തികൾ നടപ്പിലാക്കാതിരിക്കുകയോ ചെയ്തിട്ടില്ല.

(ബി) മണലൂർ എം.എൽ.എ.-യുടെ 2016-17-ലെ ആസ്തി വികസന പദ്ധതി പ്രകാരം ശിപാർശ ചെയ്ത പ്രവൃത്തികളിൽ 'മണലൂർ മണ്ഡലത്തിലെ 13 സ്ഥലങ്ങളിൽ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ', 'ഇളവള്ളി ഗ്രാമപഞ്ചായത്ത് വാർഡ് 10-ലെ കർഷക റോഡ് നിർമ്മാണം' എന്നിവയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(സി) ജി.എസ്.ടി.-യുടെ പേരിൽ പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല.

**ആസ്തി വികസന ഫണ്ട് പദ്ധതികൾക്ക് ഭരണാനുമതി**

22 (2021) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ച പദ്ധതികൾ പലതിനും കൃത്യമായി ഭരണാനുമതി ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം പ്രസ്തുത സാമ്പത്തിക വർഷം എം.എൽ.എ.-മാർ സമർപ്പിച്ച പല പദ്ധതികളും നടപ്പിലാകാതെ പോകുന്ന അവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഒരു സാമ്പത്തികവർഷം നിയമസഭാ സാമാജികർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് അതേ സാമ്പത്തിക വർഷംതന്നെ ധനാനുമതിയും ഭരണാനുമതിയും നൽകുന്ന രീതിയിലാണ് ആസ്തി വികസന പദ്ധതിക്കായുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ആസ്തി വികസന പദ്ധതി 2015-16-ന് കീഴിൽ ബഹു. എം.എൽ.എ.-മാർ സമർപ്പിച്ച പ്രവൃത്തികൾക്ക് പലതിനും പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ കൃത്യസമയത്ത് ഭരണാനുമതി ലഭിച്ചില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ വർക്കുകളായി പരിഗണിച്ച് നടപ്പിലാക്കുന്നതിനായി 12-4-2016-ലെ സർക്കുലർ നമ്പർ 33/2016/ധന പ്രകാരം അനുമതി നൽകിയിരുന്നു. 31-3-2017-ൽ ധനകാര്യ വകുപ്പിൽ ലഭിച്ച എല്ലാ പ്രവൃത്തികൾക്കും മേൽ സർക്കുലർ പ്രകാരം ധനാനുമതി നൽകുകയും ബന്ധപ്പെട്ട ഭരണവകുപ്പുകൾ ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ആസ്തി വികസന ഫണ്ട് പ്രവർത്തനങ്ങൾക്കായി സൗകര്യങ്ങൾ**

23 (2022) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-മാരുടെ വികസന ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തനങ്ങൾ ജില്ലാ കളക്ടറേറ്റുകളിൽ എ.ഡി.സി.(അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ജനറൽ) യുടെയും ഫിനാൻസ് ഓഫീസറുടെയും കാര്യാലയങ്ങൾ മുഖേന നടത്തുന്നതിനാൽ ഈ ഓഫീസുകളിൽ ഇതിനായി ഇപ്പോഴുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ആസ്തി വികസന ഫണ്ട് കൂടി കളക്ടറേറ്റുകളിലേക്ക് മാറ്റാൻ തീരുമാനിച്ചതോടെ ഈ ഓഫീസുകളുടെ അധിക ജോലിഭാരം പരിഗണിച്ച് അതിനനുസരിച്ചുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പല എ.ഡി.സി. ഫിനാൻസ് ഓഫീസുകളിലും വേണ്ടത്ര ജീവനക്കാരും വാഹനങ്ങളും ഇല്ലാത്തതിനാൽ എസ്.ഡി.എഫ്. പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നതും ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ ചെയ്യേണ്ടി വരുന്നതും പരിഗണിച്ച് ഇത്തരം ന്യൂനതകൾ വളരെ പെട്ടെന്ന് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) എം.പി. ഫണ്ടുപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള രണ്ട് ശതമാനം അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് എം.എൽ.എ. ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്കും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ഡി) നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പിലാക്കണമെന്ന നിയമസഭാ സാമാജികരുടെ ആവശ്യം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (അ) നമ്പർ 86/2017/ധന തീയതി 4-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ്വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO-മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28-7-2017-ന് വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കളക്ടറേറ്റുകളിൽ ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നും ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കേണ്ടതാണെന്നും രണ്ടുശതമാനം അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾക്ക് അനുവദിക്കണമെന്നുമുള്ള നിർദ്ദേശങ്ങൾ ഉയർന്നിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിൽ ഉന്നത തലത്തിൽ പരിശോധിച്ചുവരികയാണ്.

## വിവിധ മേഖലകളിൽ ജി.എസ്.ടി. ഏർപ്പെടുത്തിയതിന്റെ പരിണിത ഫലം

24 (2023) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. രാജ്യത്തെ ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിച്ച് ജനജീവിതം ദുരിതപൂർണ്ണമാക്കി മാറ്റിയതായ ആക്ഷേപം പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) സാധാരണ ജനങ്ങൾ, ചെറുകിട സംരംഭങ്ങൾ, വ്യാപാരികൾ, അസംഘടിത മേഖല, കരകൗശല മേഖല ഉൾപ്പെട്ട ആർട്ടിസാൻസ് മേഖല തുടങ്ങി സകല വിഭാഗം ജനങ്ങൾക്കും ജി.എസ്.ടി. നടപ്പാക്കുക വഴിയുണ്ടായ ദോഷഫലങ്ങളും ഗുണഫലങ്ങളും എന്തെല്ലാമാണെന്ന് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ടെക്സ്റ്റൈൽ, ബീഡി, ഔഷധം, ഉന്നൽ, തീപ്പെട്ടി, പടക്കം, ചെറുകിട വ്യവസായം, കാർഷികം, കാർഷിക അനുബന്ധ മേഖല, ചെറുകിട നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണമേഖല തുടങ്ങിയ മേഖലകൾക്ക് ജി.എസ്.ടി. നടപ്പാക്കുക വഴിയുണ്ടായ കോട്ടങ്ങളും നേട്ടങ്ങളും വിലയിരുത്തിയോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ജനങ്ങൾക്ക് നാളിതുവരെ ലഭിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും ദോഷഫലങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കുക വഴി പൊതുവേ എല്ലാ മേഖലകളിലും ആ മേഖലയുമായി ബന്ധപ്പെട്ട സാധനങ്ങളുടെ മൊത്തത്തിലുള്ള നികുതി കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ മിക്കവാറും അവശ്യ ഉല്പന്നങ്ങളുടെ നികുതി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി. ജി.എസ്.ടി.-യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കുപോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളുമുണ്ടായി. ആയതിനെ തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(ബി&സി) ജി.എസ്.ടി.-യിൽ 20 ലക്ഷം രൂപയ്ക്ക് താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ രജിസ്ട്രേഷന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 75 ലക്ഷം രൂപവരെ വിറ്റുവരവുള്ള വ്യാപാരികൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള അവസരമുണ്ട്. ജൂൺ 30 വരെയുള്ള ക്ലോസിംഗ് സ്റ്റോക്കിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതാണ്. ഇതുസംബന്ധിച്ച് വ്യാപാരികൾക്ക് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായപ്പോൾ നികുതിക്കുമേൽ നികുതി എന്ന സ്ഥിതി ഒഴിവാക്കുകയും എല്ലാം ഒറ്റ നികുതി നിരക്കായി പരിമിതപ്പെടുത്തുകയും ചെയ്തു. ഉല്പന്നത്തിനുമേൽ ഈടാക്കുന്ന നികുതി എത്രയെന്ന് കൃത്യമായും സുതാര്യമായും മനസ്സിലാക്കാവുന്നതാണ്. വാറ്റ് നിരക്കുമായി മാത്രം താരതമ്യം ചെയ്യുമ്പോഴാണ് ഉയർന്ന നികുതി നിരക്ക് എന്ന തോന്നൽ ഉണ്ടാകുന്നത്. എന്നാൽ വാറ്റിൽ ഒരു ഉല്പന്നത്തിന്റെ വിവിധ ഘട്ടങ്ങളിലുണ്ടായിരുന്ന നികുതി മൊത്തമായി പരിഗണിക്കുമ്പോൾ ഇപ്പോഴുള്ള ജി.എസ്.ടി. നിരക്ക് കുറവാണ്. ആയതിനാൽ തുടക്കത്തിലെ അവ്യക്തതകൾ മാറുമ്പോൾ വില കുറയാനാണ് സാധ്യത.

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതിഭാരത്തിലുണ്ടായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ കുറേയിനം സാധനങ്ങളുടെ വില കുറയ്ക്കുന്നതിന് ചില നിർമ്മാണ കമ്പനികളും വ്യാപാര ഹൗസുകളും തയ്യാറായിട്ടുണ്ട്. അതോടൊപ്പം

തന്നെ ഏതാനും ചില സേവനങ്ങളുടെയും സാധനങ്ങളുടെയും നികുതി നിരക്കിലുണ്ടായ അന്തരത്തിന്റെ അടിസ്ഥാനത്തിൽ വില വർദ്ധനവും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയിട്ട് കഷ്ടിച്ച് ഒന്നര മാസമേ ആയിട്ടുള്ളൂ. ഗുണ ദോഷഫലങ്ങൾ കൃത്യമായി വിലയിരുത്താൻ ഇനിയും സമയം ആവശ്യമാണ്.

**ദേശീയ പെൻഷൻ പദ്ധതി**

25 (2024) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന കേന്ദ്രസർക്കാർ ജീവനക്കാർക്ക് ഡി.സി.ആർ.ജി, കുടുംബ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് കേന്ദ്രം ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത ആനുകൂല്യങ്ങൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാനത്തെ ജീവനക്കാർക്ക് പുനഃസ്ഥാപിച്ചു നൽകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന കേന്ദ്രസർക്കാർ ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് ഈ വിഭാഗം ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ തൽക്കാലം അനുവദിക്കേണ്ടതി ല്ലായെന്ന് വിവിധ തലങ്ങളിൽ പരിശോധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗം കേന്ദ്രസർക്കാർ ജീവനക്കാർക്ക് കുടുംബ പെൻഷൻ അനുവദിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കിഫ്ബി**

26 (2025) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ നാളിതുവരെ എവിടെനിന്നെല്ലാമായി ആകെ എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ കീഴിലുള്ള എത്ര പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഈ പ്രവൃത്തികൾക്കായി ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 ബജറ്റിലെ പ്രഖ്യാപന പ്രകാരം 2015-16 സാമ്പത്തിക വർഷം 5475-00-800-92 (പ്ലാൻ) മേജർ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്സ് എന്ന ശീർഷകത്തിൽ നിന്നും 873.85 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 1624.56 കോടി രൂപയും സർക്കാർ പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ 52-ാം വകുപ്പുപ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗവും പെട്രോളിയം ഉല്പന്നങ്ങളിന്മേലുള്ള സെസ്സ് തുകയും കിഫ്ബി നിധിയിലേയ്ക്ക് നിക്ഷേപിക്കുന്നതിനുമുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇതിൻ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 729.53 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിലെ നാളിതുവരെയുള്ള ആദ്യഗഡുവായ 375 കോടി രൂപയും കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്.

(ബി) നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ 5722.41 കോടി രൂപ മുതൽമുടക്കുള്ള 80 പദ്ധതികൾക്ക് പൂർണ്ണമായ അംഗീകാരവും 6925.97 കോടി രൂപ മുതൽമുടക്കുള്ള 43 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരവും നൽകിയിട്ടുണ്ട്. ഇതിൽ 3816.75 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുകയ്ക്കായി കരാറിൽ ഒപ്പുവച്ചിട്ടുള്ളതും 983.80 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. റെയിൽവേയ്ക്ക് നൽകാനുള്ള അഡ്വാൻസ് തുകയായ 16,50,000 (പതിനാറ് ലക്ഷത്തി അൻപതിനായിരം) രൂപ പൊതുമരാമത്ത് വകുപ്പിൻകീഴിലെ അകത്തേത്തറ-നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയ്ക്കായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയുടെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യവകുപ്പിന് കിഴിലെ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി 17,11,940 (പതിനേഴ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി നാല്പത്) രൂപയുടെ ഡിമാന്റും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഐ.ടി. @ സ്കൂൾ പദ്ധതിയ്ക്കായി 1,21,54,000 (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അൻപത്തിനാലായിരം) രൂപയുടെ ഡിമാന്റും ജലസേചന വകുപ്പിന് കീഴിലെ കോട്ടയം സെൻസസ് ടൗൺ-കണ്ണൂർ തലശ്ശേരി താലൂക്ക് ജലവിതരണം ശക്തിപ്പെടുത്തൽ പദ്ധതിയ്ക്കായി 38,87,304 (മുപ്പത്തിയെട്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി മുന്നൂറ്റി നാല്) രൂപയുടെ ഡിമാന്റും യഥാക്രമം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL), കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE), കേരള വാട്ടർ അതോറിറ്റി (KWA) എന്നീ പദ്ധതി നിർവ്വഹണ ഏജൻസികളിൽനിന്നും ലഭിച്ചിട്ടുണ്ട്. ഈ തുകകൾ റിലീസ് ചെയ്യുന്നതിനുള്ള സത്വര നടപടികൾ പൂർത്തിയായി വരുന്നു.

**കിഫ്ബി വഴി ഭരണാനുമതി നൽകിയ പദ്ധതികൾ**

27 (2026) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി വഴി എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരം ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികളാണ് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി പരിഗണിക്കുന്നത്. ഇതനുസരിച്ച് വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ നവീകരണത്തിനായി ബന്ധപ്പെട്ട ഭരണ വകുപ്പായ ജലസേചന വകുപ്പ് 27-10-2016 സ.ഉ. (ആർ.ടി.) നമ്പർ 843/16/WRD പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയും കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 12 കോടി രൂപയുടെ ഈ പദ്ധതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട എസ്.പി.വി.-കൾ ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നതാണ്.

**ചരക്ക് സേവന നികുതി**

28 (2027) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ഈയിടെ നടപ്പിലാക്കിയ ചരക്ക് സേവന നികുതി സംസ്ഥാന താൽപ്പര്യങ്ങളെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കും എന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിനുണ്ടായതായി കരുതപ്പെടുന്ന വൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ&ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ വികസിത രാജ്യങ്ങളിൽ സേവന മേഖല പൊതുവേ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവന മേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ല. "ജി.എസ്.ടി." നടപ്പിലാക്കുന്നതിന്റെ ഫലമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് സർക്കാർ മനസ്സിലാക്കിയിട്ടുണ്ട്. വ്യാപാരികൾക്കുണ്ടാകുന്ന പ്രധാന ബുദ്ധിമുട്ടുകളെല്ലാം തന്നെ ജി.എസ്.ടി.എൻ. ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടതാണ്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിച്ചിട്ടുള്ളത് അഖിലേന്ത്യാതലത്തിൽ നിലവിലുണ്ടായിരുന്ന വ്യത്യസ്ത നികുതികളുടെ അടിസ്ഥാനത്തിലാണ്. ആയതിൽ സംസ്ഥാനത്ത് നികുതി ഭാരം താരതമ്യേന ലഘുവായിരുന്നതും കേരളത്തിലെ സാമൂഹ്യ ജീവിതത്തിൽ സുപ്രധാനവുമായ ചില മേഖലകളിൽ ഉയർന്ന നികുതി ഭാരം വന്നിട്ടുണ്ട്. ഹോട്ടൽ ഇതിന് ഉദാഹരണമാണ്. പരമ്പരാഗത തൊഴിൽ മേഖലകളെ ബാധിക്കുന്ന തരത്തിലുള്ള നികുതി നിരക്കുകളുമുണ്ട്. ഇതെല്ലാം കുറയ്ക്കണമെന്നോ ഒഴിവാക്കണമെന്നോ എന്ന ശക്തമായ നിലപാടാണ് കേരളം സ്വീകരിക്കുന്നത്.

## റാന്നി നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകൾ

29 (2028) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിലെ എത്ര പ്രോജക്ടുകളാണ് ഇതിനോടകം കിഫ്ബിയിൽ എത്തിയിട്ടുള്ളത്; ഇവയിൽ അനുമതി നൽകിയിട്ടുള്ളവ ഏതൊക്കെ; അനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 2016-17 ബജറ്റിലെ ഇനിയും എത്ര പദ്ധതികൾക്കാണ് കിഫ്ബി വഴി അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഗ്രീൻ ബുക്കിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ പട്ടിക ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇവയുടെ പട്ടിക പ്രസിദ്ധീകരിക്കാമോ?

<u>ഉത്തരം</u>

(എ) നാളിതുവരെ റാന്നി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത്, പൊതുവിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽനിന്നായി ആകെ നാലു പ്രവൃത്തികളാണ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത്. പദ്ധതി വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ പദ്ധതികളിൽ വിവിധ ജില്ലകളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന 69 കോടി രൂപയുടെ പദ്ധതിക്ക് കിഫ് ബോർഡിന്റെ 27-ാം ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പ് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം ടി സ.ഉ. പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി യോഗ്യമായവയെ വരും കിഫ് ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നു. നാളിതുവരെ ഇപ്രകാരം യോഗ്യമായ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന് കാലതാമസം വന്നിട്ടില്ല. മാത്രമല്ല അംഗീകാരം ലഭ്യമാക്കിയ പദ്ധതികളിന്മേൽ ടെണ്ടർ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി.-യാണ്. ഈ നടപടികൾ പൂർത്തിയാക്കി ഡിമാന്റുകൾ/ബില്ലുകൾ കിഫ്ബിയിൽ ഓൺലൈനായി സമർപ്പിക്കുന്നപക്ഷം കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നു.

(ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ 98 പദ്ധതികളുടെ വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരം യോഗ്യമായവയെ കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. കിഫ് ബോർഡിന്റെ അംഗീകാരത്തിന് ശേഷമേ പദ്ധതികളെ സംബന്ധിച്ച ധാരണയുണ്ടാകൂ.

(സി) ബജറ്റിനോടൊപ്പം നിയമസഭയിൽ സമർപ്പിക്കുന്ന രേഖകളിലൊന്നാണ് ഗ്രീൻ ബുക്ക്. ഗ്രീൻ ബുക്കിൽ പ്രതിപാദിക്കുന്ന പദ്ധതികളുടെ പട്ടികയും അതോടൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത രേഖകളോടൊപ്പം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ പട്ടിക ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി നിക്ഷേപം

30 (2029) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ നിന്നും ജില്ല, താലൂക്ക് ജനറൽ ആശുപത്രികൾക്കായി അനുവദിക്കും എന്ന് പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) മേല്പറഞ്ഞ ആശുപത്രികളിൽ ഏതൊക്കെ തരത്തിലുള്ള ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പ്രസ്തുത തുക അനുവദിക്കുന്നത് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2016-17 പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 101-ാം ഖണ്ഡിക പ്രകാരം മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവയുടെ നവീകരണത്തിനായി 1000 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളിൽ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായ പദ്ധതികൾ കിഫ് ബോർഡിന് മുമ്പാകെ സമർപ്പിക്കുകയും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ മാനസികാരോഗ്യ ആശുപത്രി, കൊച്ചിൻ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും കാത്ത് ലാബുകളും എന്ന പ്രധാന പദ്ധതിയിൻകീഴിൽ ആവശ്യമുള്ള ജനറൽ ആശുപത്രികളിൽ കാത്ത് ലാബുകളും താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളും സ്ഥാപിക്കുന്ന പദ്ധതികൾ കിഫ്ബോർഡിന്റെ 27-ാം ബോർഡ് യോഗം അംഗീകരിക്കുകയും എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായും അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ നിലവിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *.

(ബി) പൊതു ആരോഗ്യ സൗകര്യങ്ങൾ സ്വകാര്യ മേഖലയെക്കാൾ മെച്ചപ്പെടുത്തുന്നതിനായി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രകാരം ജില്ലാ/ താലൂക്ക്/ ജനറൽ ആശുപത്രികളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ഓരോ ആശുപത്രിയും പ്രത്യേകം പരിശോധിച്ച് വേണ്ടുന്ന കെട്ടിട സൗകര്യങ്ങൾ, മേജർ ആശുപത്രി ഉപകരണങ്ങൾ തുടങ്ങിയവ സംബന്ധിച്ച പ്ലാൻ തയ്യാറാക്കി മെയിന്റനൻസ് ചുമതലയോടുകൂടി പദ്ധതി നിർവ്വഹണ ഏജൻസിയിലൂടെ നടപ്പാക്കുക.
2. ജനറൽ ആശുപത്രികളിൽ കാത്ത് ലാബുകൾ
3. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ
4. മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ, തിരുവനന്തപുരം മാനസികാരോഗ്യ ആശുപത്രി തുടങ്ങിയ ആശുപത്രികളിൽ പശ്ചാത്തല സൗകര്യമൊരുക്കുക.
5. കോഴിക്കോട് മാനസികാരോഗ്യ ആശുപത്രിയിലെ പ്രത്യേക വിപുലീകരണം.
6. തലശ്ശേരി വിമൺ & ചൈൽഡ് ആശുപത്രി ആരംഭിക്കുക.
7. രോഗപ്രതിരോധത്തിന്റെയും സാന്ത്വന പരിചരണത്തിന്റെയും സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

**വായ്പ തുകയെക്കാൾ കൂടുതൽ പലിശ**

31 (2030) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഗവൺമെന്റ് ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവരിൽ നിന്നും വായ്പാ തുകയെക്കാൾ കൂടുതൽ തുക പലിശയായി തിരിച്ചടവിൽ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പാ തുകയെക്കാൾ കൂടുതൽ തുക പലിശയായി വാങ്ങരുതെന്ന റിസർവ് ബാങ്ക് നിർദ്ദേശം ധനകാര്യ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതിൽ ബോധപൂർവ്വമായ ലംഘനം, ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വായ്പാ തുകയെക്കാൾ കൂടുതൽ തുക പലിശയായി വാങ്ങരുതെന്ന റിസർവ് ബാങ്കിന്റെ നിർദ്ദേശം നിലവിലുണ്ടോ എന്നത് സംബന്ധിച്ച സ്പഷ്ടീകരണം റിസർവ് ബാങ്കിനോട് എസ്.എൽ.ബി.സി. മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

32 (2031) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ പ്രൈവറ്റ് ആശുപത്രികളേയും ഉൾപ്പെടുത്തുമോ;

(ബി) എല്ലാ പ്രൈവറ്റ് ആശുപത്രികളേയും ഉൾപ്പെടുത്താതെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കുകയാണെങ്കിൽ ടി ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മാനദണ്ഡങ്ങൾ ഏർപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികളുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുടെ പൂർത്തീകരണത്തിന് ശേഷമേ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തേണ്ട പ്രൈവറ്റ് ആശുപത്രികളുടെ കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

**എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രവൃത്തികൾക്കു ഭരണാനുമതി**

33 (2032) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തിയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കലക്ടർമാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പുതുക്കിയ നടപടിക്രമം വിശദമാക്കാമോ;

(സി) ഇതിനായി കളക്ടറേറ്റുകളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2017-18 സാമ്പത്തികവർഷം മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ. (അ) നമ്പർ 86/2017/ധന തീയതി

4-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാ തലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. നിലവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിയ്ക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ്‌വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട എ.ഡി.സി./ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ എഫ്.ഒ.-മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28-7-2017-ന് വിളിച്ചുചേർക്കുകയുണ്ടായി. തുടർ പരിശീലനത്തിന് എൻ.ഐ.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാന ലോട്ടറി**

34 (2033) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതിയിൽ സംസ്ഥാന സർക്കാരുകളുടെ ലോട്ടറിക്ക് 12 ശതമാനവും സർക്കാർ അംഗീകൃത സ്വകാര്യ ലോട്ടറികൾക്ക് 28 ശതമാനവും എന്ന നിരക്കിൽ നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാന ലോട്ടറിക്ക് ഏപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളുടെ അടക്കം, മറ്റ് ലോട്ടറികൾ വിൽക്കുന്നവർക്ക് ഇനി കേരള ലോട്ടറിയുടെ ഏജൻസി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സമ്മാന ഘടന പരിഷ്കരിച്ച് സംസ്ഥാന ലോട്ടറിയെ കൂടുതൽ സ്വീകാര്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും സർക്കാർ അംഗീകൃത ലോട്ടറികൾക്ക് 28 ശതമാനവും ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വില്പന നടത്തണമെങ്കിൽ 28 ശതമാനം ചരക്കുസേവന നികുതി ഒടുക്കേണ്ടതായി വരും. പ്രൈസ്, ഡിസ്കൗണ്ട്, മറ്റ് ചെലവുകൾ എന്നിവയ്ക്ക് പുറമെ 28% ജി.എസ്.ടി. കൂടി ഒടുക്കി അന്യസംസ്ഥാന ഭാഗ്യക്കുറികൾ ലാഭകരമായി നടത്താനാവുമെന്ന് കരുതുന്നില്ല. ഇത്തരത്തിൽ അന്യസംസ്ഥാന ഭാഗ്യക്കുറികൾ കേരളത്തിൽ വിൽപ്പന നടത്താതിരുന്നാൽ കേരള സംസ്ഥാന ഭാഗ്യക്കുറികൾ കൂടുതൽ വിറ്റഴിക്കപ്പെടുന്നതുവഴി റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നതാണ്.

(ബി) ഉണ്ട്.

(സി) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30 രൂപയാക്കി ഏകീകരിച്ചും സമ്മാനങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് വരുത്തിയും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 2017 ജൂൺ 1-ാം തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം പരിഷ്കരിച്ചിരുന്നു. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 1-7-2017 മുതൽ 12 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12 ശതമാനം ജി.എസ്.ടി. കൂടി ചേർത്ത് പരമാവധി വില്പന വില 30 രൂപയാക്കി നിലനിർത്തിക്കൊണ്ടും 50 ശതമാനത്തിന് മുകളിൽ സമ്മാനത്തുക നൽകിയും 3 സ്ലാബുകളിലായി 24%, 24.5%, 25.25% എന്നിങ്ങനെ ഡിസ്കൗണ്ട് അനുവദിച്ചുകൊണ്ടും (upto 2000-24%, 2001 to 10000-24.5%, above 10000-25.25%) സമ്മാന ഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. 12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാന ഘടനകൾ ആവിഷ്കരിച്ചിട്ടുള്ളത്.

**സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ**

35 (2034) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടുണ്ട് ; മണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ബജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ മങ്കട നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾക്കുള്ള ഭരണാനുമതി സംബന്ധിച്ച വിവരം മോണിറ്റർ ചെയ്യുന്നതിന് ധനകാര്യ വകുപ്പിൽ നിലവിൽ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളും പ്രവൃത്തികളും നടപ്പിലാക്കുന്നതിനുവേണ്ടി ധനകാര്യവകുപ്പ് ഭരണവകുപ്പുകൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകുകയും നിർവ്വഹണ പുരോഗതി പരിശോധിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പുതിയ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ഉപധനാഭ്യർത്ഥനകളിൽ ആവശ്യമായ ബജറ്റ് വിഹിതം ഉൾപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

36 (2035) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലെന്റ് ഫണ്ട് മുഖേന കാൻസർ, തലച്ചോർ, വൃക്ക, കരൾ, ഹൃദയം എന്നിവ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം രണ്ട് ലക്ഷം രൂപയിൽ നിന്നും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഒരു കുടുംബത്തിന് നൽകുന്ന പരമാവധി ധനസഹായം എത്രയാണ്;

(ബി) പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യ ബെനവലെന്റ് ഫണ്ട് പദ്ധതി വഴിയുള്ള ചികിത്സയ്ക്ക് എത്ര രൂപ കുടിശ്ശികയുണ്ട് ; കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മുഖേന വൃക്കരോഗങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, കാൻസർ, ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്കും നട്ടെല്ല്, സുഷുമ്നാനാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ എന്നിവയ്ക്കും പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം

നൽകുന്നു. മേൽ രോഗങ്ങൾക്കുള്ള പരമാവധി ധനസഹായത്തുക ഒരേ റേഷൻ കാർഡിൽ വരുന്ന കുടുംബത്തിലെ ഒരാൾക്കോ ഒന്നിലധികം പേർക്കോ ഒരു തവണയോ ഒന്നിലധികം തവണകളോ ലഭിക്കുന്നതാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം പരിയാരം മെഡിക്കൽ കോളേജിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിന് രജിസ്റ്റർ ചെയ്ത 6332 അപേക്ഷകൾക്കായി 68.93 കോടി രൂപ നൽകേണ്ടതുണ്ട്. പരിയാരം ആശുപത്രിക്ക് 30-6-2017 വരെ അനുവദിച്ച 144.07 കോടി രൂപയിൽ 46.70 കോടി രൂപയുടെ കണക്ക് ആശുപത്രിയിൽനിന്നും ലഭിച്ചിട്ടില്ല. കണക്ക് ലഭിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതാണ്.

## കാരുണ്യ ബെനവലന്റ് സ്കീമിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി

37 (2036) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലെന്റ് സ്കീമിൽ ചികിത്സ ലഭ്യമാക്കിയിരുന്ന സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്ന് പിൻമാറിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്ന് പിൻമാറാനുള്ള സാഹചര്യം എന്താണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) സ്വകാര്യ ഡയാലിസിസ് സെന്ററുകൾ ഉൾപ്പെടെ 104 സ്വകാര്യ ആശുപത്രികൾ കാരുണ്യ പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിരുന്നു. ഇതിൽ 12 ആശുപത്രികൾ കരാർ പുതുക്കിയിട്ടില്ല. ആശുപത്രികളുടെ പേര് ചുവടെ ചേർക്കുന്നു :

1. ഗോകുലം മെഡിക്കൽ കോളേജ്, വെഞ്ഞാറമൂട്, തിരുവനന്തപുരം
2. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്
3. മദർ കെയർ ഹോസ്പിറ്റൽ, പാലക്കാട്
4. സെന്റ്മേരീസ്, തൊടുപുഴ, ഇടുക്കി
5. ഹോളി ഫാമിലി, ഇടുക്കി

6. ആസ്റ്റർ മെഡിസിറ്റി, എറണാകുളം
7. ലക്ഷ്മിമേഘലൻ സ്പെഷ്യാലിറ്റി, കാസർഗോഡ്
8. ശാന്തിഫ്രീ ഹോസ്പിറ്റൽ, കോതമംഗലം, എറണാകുളം
9. ഹോളിക്രോസ് ഹോസ്പിറ്റൽ, കൊട്ടിയം, കൊല്ലം
10. ലൂർദ്ദ് ഹോസ്പിറ്റൽ, എറണാകുളം
11. സെന്റ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന, ഇടുക്കി
12. ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ, കോട്ടയം.

(ബി) കാരുണ്യ പദ്ധതി നിഷ്കർഷിച്ചിരിക്കുന്ന ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഏതാനും ആശുപത്രികൾ ടി പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുണ്ട്. കൂടാതെ ഏതാനും സ്വകാര്യ ആശുപത്രികൾ ടി പദ്ധതി പ്രകാരമുള്ള കരാർ പുതുക്കാതെ വരുന്നതായും കാണുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

38 (2037) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി ഇൻഷ്വറൻസ് കമ്പനികളെയും ആശുപത്രികളെയും എം പാനൽ ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്താണ് കാലതാമസത്തിനുള്ള കാരണം; എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ പ്രാരംഭഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്കുശേഷം ടെണ്ടർ ക്ഷണിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുടെ പൂർത്തീകരണത്തിനുശേഷമേ ഇൻഷ്വറൻസ് കമ്പനികളെപ്പറ്റിയും എംപാനൽഡ് ആശുപത്രികളെപ്പറ്റിയുമുള്ള വ്യക്തത കൈവരികയുള്ളൂ.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

39 (2038) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കാൻ 24-4-2017-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ഉത്തരവായിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ സംബന്ധമായ പ്രാരംഭ നടപടിക്രമങ്ങൾ നടന്നുവരുന്നു.

## വർക്കല നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

40 (2039) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പിലാക്കുവാനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ നമ്പരും തീയതിയും ഓരോ പ്രവൃത്തിക്കും എന്ത് തുകയ്ക്കുള്ള അനുമതിയാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി നൽകിയിട്ടുള്ളവയിൽ എഗ്രിമെന്റ് വയ്ക്കാത്ത ഏതെങ്കിലും പ്രവൃത്തികളുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വർക്കല നിയോജക മണ്ഡലത്തിൽ എം.എൽ.എ. ശിപാർശ ചെയ്യുതും ഇതുവരെ നടപ്പിലാക്കാത്തതുമായ പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

41 (2040) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച എത്ര പദ്ധതികൾ ഇതിനകം ടെൻഡർ ചെയ്തു കഴിഞ്ഞു;

(ബി) പ്രവൃത്തികൾ ഒന്നും ടെൻഡർ ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി ടെൻഡർ ചെയ്യുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുമോ; ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുമോ?

ഉത്തരം

(എ-സി) തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ഡെപ്പോസിറ്റ് വർക്കായി പൊതുമരാമത്ത് വകുപ്പ് ചെയ്യുന്ന പ്രവൃത്തികളായതിനാൽ ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളൊന്നുംതന്നെ ടെണ്ടർ ചെയ്യുന്നതിനായി സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ചെയ്യുന്നതാണ്. കൂടാതെ ടെണ്ടർ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള വകുപ്പുതല നിർദ്ദേശങ്ങൾ നിലവിലുണ്ട്. സ.ഉ.(അ)നമ്പർ 86/2017/ധന തീയതി 4-7-2017-ന്റെ അനുബന്ധം* പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി സാങ്കേതികാനുമതി എന്നിവ പുറപ്പെടുവിക്കുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിൽ കിഫ്ബി പദ്ധതികൾക്കുള്ള ഭരണാനുമതി

42 (2041) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ജില്ലയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരം ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയോടുകൂടി കിഫ്ബിയിൽ സമർപ്പിക്കുന്ന പദ്ധതികൾക്കാണ് കിഫ് ബോർഡ് അംഗീകാരം നൽകുന്നത്. ഇത്തരത്തിൽ സമർപ്പിക്കപ്പെട്ട കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടുള്ള പാലക്കാട് ജില്ലയിലെ പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**മാന്നാർ സബ്ട്രഷറിക്ക് കെട്ടിടം**

43 (2042) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മാന്നാർ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സബ് ട്രഷറിയുടെ കെട്ടിടനിർമ്മാണം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സബ് ട്രഷറിയുടെ കെട്ടിടനിർമ്മാണ ജോലികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 16-7-2017-ലെ ജി.ഒ. (ആർ.റ്റി.) 5721/2017/ഫിൻ നമ്പർ ഉത്തരവ് പ്രകാരം മാന്നാർ സബ്ട്രഷറി ഉൾപ്പെടെ 10 പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായുള്ള പ്ലാൻ ഫണ്ടിൽ 2017-18 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 7 കോടി രൂപ ട്രഷറി കെട്ടിട നിർമ്മാണത്തിനായി നീക്കിവച്ചിട്ടുള്ളതാണ്. ഈ ഫണ്ടിൽനിന്നും തുക ചെലവഴിച്ച് മാന്നാർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതാണ്.

(ബി) പ്രസ്തുത സബ്ട്രഷറിയുടെ കെട്ടിട നിർമ്മാണം ഇൻകെൽ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) മാന്നാർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ടെക്നിക്കൽ അനുമതി കൂടി ലഭിച്ചുകഴിഞ്ഞാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹരിപ്പാട് നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

44 (2043) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തി ഹരിപ്പാട് നിയോജകമണ്ഡലത്തിൽ 2014 മുതൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തി ഹരിപ്പാട് നിയോജക മണ്ഡലത്തിൽ 2014 മുതൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ച് ബില്ലുകൾ സമർപ്പിക്കുമെന്ന് 8-6-2017-ലെ എഫ്-28047/2017 നമ്പർ സർക്കുലർ പ്രകാരം ജില്ലയിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിലും അവലോകന യോഗങ്ങൾ കൂടി പുരോഗതി വിലയിരുത്താറുണ്ട്.

## കരാറുകാർ നൽകേണ്ട ജി.എസ്.ടി.

45 (2044) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതോടെ വിവിധ വകുപ്പുകളിലെ ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) കരാറുകാർ നൽകേണ്ട ജി.എസ്.ടി. എത്ര ശതമാനമാണ്;

(ഡി) മെറ്റീരിയൽസിന്റെ നികുതികൾ നേരത്തേതന്നെ അടച്ച സാഹചര്യത്തിൽ സർവ്വീസിന് മാത്രമാണോ ജി.എസ്.ടി. ബാധകമാവുക; അടക്കുന്ന ജി.എസ്.ടി. കരാറുകാർക്ക് തീരികെ നൽകാൻ വ്യവസ്ഥയുണ്ടോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായി ഭരണവകുപ്പ്/വകുപ്പുകൾ ചൂണ്ടിക്കാട്ടിയിട്ടില്ല. എന്നാൽ കരാറുകാർക്ക് ചില അവ്യക്തതകൾ നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ജി.എസ്.ടി.-യെ സംബന്ധിച്ച് കരാറുകാരുടെ അവ്യക്തതകൾ പരിഹരിക്കുന്നതിനായി ചരക്ക് സേവന നികുതി വകുപ്പ് അഡ്വൈസറി പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി. നിയമപ്രകാരം പൊതുവെ കരാർ പണികൾക്കുള്ള നികുതി നിരക്ക് 18% ആണ്. ഇത് സ്ഥാവര വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള നികുതിയാണ്. അല്ലാതെയുള്ള ഇലക്ട്രിക്കൽ എയർ കണ്ടീഷനിംഗ് പോലെയുള്ള പ്രവൃത്തികൾക്ക് കോമ്പോസിറ്റ് സപ്ലൈ ആയതിനാൽ 28% ആണ് നികുതി നിരക്ക്. വാറ്റ് നിയമത്തിലുണ്ടായിരുന്നതുപോലെയുള്ള TDS സമ്പ്രദായം (മൊത്തം നികുതി അവാർഡർ TDS ആയി കുറച്ച് സർക്കാരിന് ലഭിക്കുന്ന രീതി) ജി.എസ്.ടി.-യിൽ ഇല്ല. ഒരു മൊത്തം പ്രവൃത്തിയുടെ തുക 2.5 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ അവാർഡർ 2 ശതമാനം നികുതി (1% CGST & 1% SGST) എന്ന നിലയിൽ TDS പിടിച്ച് റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. അത് കരാറുകാരന് GST നികുതി അടയ്ക്കുമ്പോൾ ഇൻപുട്ടായി എടുക്കാവുന്നതാണ്. കൂടാതെ കോൺട്രാക്ടർമാർക്ക് അവർ സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന നികുതി അടയ്ക്കേണ്ട നികുതിയുമായി തട്ടിക്കിഴിക്കാവുന്നതാണ്. ഇരുപതാം ജി.എസ്.ടി. കൗൺസിൽ സർക്കാർ കരാറുകാരുടെ നികുതി 12% ആക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) ജി.എസ്.ടി.-യിൽ കരാർ തുകയ്ക്ക് അടയ്ക്കേണ്ടുന്ന നികുതി അത്തരം പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനായി വാങ്ങിയ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി തട്ടിക്കിഴിച്ചതിനുശേഷമുള്ളതാണ്. ജി.എസ്.ടി.-യിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കാൻ കരാറുകാർക്ക് വ്യവസ്ഥയില്ലാത്തതിനാൽ അവർക്ക് മുഴുവൻ ഇൻപുട്ട് ടാക്സിന്റെയും ക്രെഡിറ്റ് ലഭ്യമാകുന്നതാണ്.

**റബ്ബറിന്റെ വിലസ്ഥിരതാ പദ്ധതി പ്രകാരമുള്ള സബ്സിഡി**

46 (T* 2045) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലസ്ഥിരതാ പദ്ധതി പ്രകാരം ഒരു കിലോ റബ്ബറിന് 150 രൂപ എന്ന കണക്കിൽ നൽകിവരുന്ന തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതു തീയതി വരെ സബ്സിഡി നൽകിയിട്ടുണ്ടെന്നും 2017 ജൂലൈ ഒന്നുവരെ എത്ര തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) മുൻ വർഷങ്ങളിലെ റബ്ബറിന്റെ ശരാശരി വിലയുടെ അടിസ്ഥാനത്തിലും വിപണിയിലെ വിലനിലവാരങ്ങൾ കണക്കിലെടുത്തുകൊണ്ടുമാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ റബ്ബറിന് 150 രൂപ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 17-7-2017 തീയതിവരെ റബ്ബർ ബോർഡ് അംഗീകരിച്ച എല്ലാ ബില്ലുകളിന്മേലും കർഷകർക്ക് സബ്സിഡി വിതരണം ചെയ്യുന്നതിനായി ഫണ്ട് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

**ഇതര സംസ്ഥാന ലോട്ടറികൾ**

47 (2046) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര സംസ്ഥാന ലോട്ടറികൾ നിരോധനം ലംഘിച്ച് സംസ്ഥാനത്ത് വിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളുടെ ലോട്ടറികളാണ് ഇപ്രകാരം വിൽക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന ലോട്ടറിയുടെ കടന്ന് വരവിന്റെ ഭാഗമായി 28-7-2017-ൽ പത്രത്തിൽ മിസോറാം ലോട്ടറിയുടെ പരസ്യം പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാന ലോട്ടറി ഏജന്റുമാർ ഇതര സംസ്ഥാന ലോട്ടറികൾ വിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതര സംസ്ഥാന ലോട്ടറിയുടെ വരവ് സംസ്ഥാന ലോട്ടറിയുടെ വരുമാനത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) മിസോറാം ലോട്ടറി നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള പ്രതികരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ഇ) 1998-ലെ ലോട്ടറി നിയന്ത്രണചട്ടപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ ഏതെങ്കിലും ഇതര സംസ്ഥാന ലോട്ടറി ഏജന്റുമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന ലോട്ടറികൾ നിരോധനം ലംഘിച്ച് സംസ്ഥാനത്ത് വില്പന നടത്തുന്നില്ല. അനധികൃതമായി സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന മിസോറാം ലോട്ടറി പിടിച്ചെടുക്കുകയും കർശന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർശന നടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് മിസോറാം ലോട്ടറി മിസോറാം സർക്കാർ പിൻവലിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ ഇതര സംസ്ഥാന ലോട്ടറികൾ വിൽക്കുന്നുണ്ടോ എന്നകാര്യം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങളും പരിശോധനകളും ഏർപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിൽ സംസ്ഥാന ലോട്ടറി ഏജന്റുമാർ, ഇതര സംസ്ഥാന ലോട്ടറികൾ, നിയമവിരുദ്ധ ലോട്ടറികൾ എന്നിവയ്ക്ക് പ്രചാരം നൽകുകയോ വിൽക്കുകയോ ചെയ്യുന്നപക്ഷം ടി ഏജന്റുമാരുടെ ഏജൻസി റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. അന്യസംസ്ഥാന ലോട്ടറികളുടെ വില്പന സംസ്ഥാനത്തിനകത്ത് നടക്കുന്നില്ല. ആയതിനാൽ അത് സംസ്ഥാന ലോട്ടറിയുടെ വരുമാനത്തെ ബാധിക്കുന്നില്ല.

(ഡി) കത്ത് നൽകിയിട്ടുണ്ട്. നേരത്തെ നൽകിയ കത്തിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* മിസോറാം ലോട്ടറി സംബന്ധിച്ച പരസ്യം പത്രത്തിൽ വരികയും അനധികൃതമായി ടിക്കറ്റുകൾ സംസ്ഥാനത്തിനകത്തേയ്ക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെടുകയും ചെയ്തപ്പോൾ ശക്തമായ നടപടി ആവശ്യപ്പെട്ട് വീണ്ടും കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ലോട്ടറി വിൽപ്പനയിൽ നിന്നും പിൻമാറിയതായി മിസോറാം സർക്കാർ സംസ്ഥാന സർക്കാരിനേയും മാധ്യമങ്ങളേയും അറിയിച്ചിട്ടുണ്ട്.

(ഇ) മിസോറാം ലോട്ടറി സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുവാൻ സ്റ്റോക്ക് ചെയ്തതിന്റെ അടിസ്ഥാനത്തിൽ M/s.Teesta Distributors-ന് എതിരെ ക്രൈം നമ്പർ 892/17 U/s 7/3 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തതുൾപ്പെടെ നിയമ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികൾക്ക് സഹായം നൽകുന്ന പദ്ധതി

48 (2047) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതി, സർക്കാർ മെരിറ്റ് സീറ്റിൽ പഠിച്ച വിദ്യാർത്ഥികൾക്ക് മാത്രമാണോ ബാധകമെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പ എടുത്ത് മാനേജ്മെന്റ് സീറ്റിൽ പഠിച്ചവർക്കും ഈ ആനുകൂല്യം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മാനേജ്മെന്റ് /എൻ.ആർ.ഐ. ക്വാട്ടയിലോ അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പാ കുടിശ്ശിക സഹായ പദ്ധതി

49 (T* 2048) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പാ കുടിശ്ശിക സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ നൽകേണ്ടതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് വിശദാംശം പൊതുസമൂഹത്തിന് നൽകുന്നതിന് സർക്കാർ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) എങ്കിൽ നാളിതുവരെ എത്ര അപേക്ഷകളാണ് സ്വീകരിച്ചത്; അതിൽ എത്രയെണ്ണത്തിന് തീർപ്പ് നൽകിയിട്ടുണ്ട്; ആയതിനുവേണ്ടി സർക്കാർ എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദമാക്കാമോ ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു :

(i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പ/ സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA/Standard Account)

(ii) 31-3-2016-നോ അതിന് മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്.

ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. 1-4-2016-ന് മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷത്തേക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

2. കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

3. 31-3-2016-നോ അതിന് മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 60%-ഉം 4 ലക്ഷത്തിനുമേൽ 9 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50%-ഉം (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതാണ്.

4. വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്നപക്ഷം പഠന കാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ

മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെതന്നെ സർക്കാർ വഹിക്കുന്നതാണ്.

5. മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.

6. മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

7. ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

8. ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ഗ്രാജ്വേറ്റ്/ പോസ്റ്റ് ഗ്രാജ്വേറ്റ്/ ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

വായ്പയെടുത്ത വിദ്യാർത്ഥികളുടെ വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40 ശതമാനമോ അതിലധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

(ബി) സ.ഉ. (പി) 65/2017 തീയതി 16-5-2017, സ.ഉ.(പി) 89/2017 തീയതി 12-7-2017 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2-8-2017-ലെ 61/2017/ധന നമ്പർ സർക്കുലർ പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിന് elrs.kerala.gov.in എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയെ കുറിച്ച് അച്ചടി, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വേണ്ടത്ര പ്രചാരണം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ വിശദാംശങ്ങൾ എല്ലാ ബാങ്ക് ശാഖകളിൽ പ്രദർശിപ്പിച്ചുകൊണ്ടും ബാങ്കുകളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചുകൊണ്ടും ഈ പദ്ധതിയെക്കുറിച്ച് പ്രചാരണം നൽകുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017 ആണ്. അതിനുശേഷം മാത്രമേ അപേക്ഷകളുടെ കണക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇതിലേക്കായി അനുവദിക്കപ്പെടേണ്ട സർക്കാർ വിഹിതം കണക്കാക്കിയശേഷം ആവശ്യാനുസരണം തുക അനുവദിക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് ആനുകൂല്യം

50 (2049) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിനായി 16-5-2017-ലെ ജി.ഒ.(പി) 65/2017/ഫിൻ. എന്ന ഉത്തരവിന്റെ ആനുകൂല്യം 2015- ൽ പഠനം പൂർത്തിയാക്കി 2016-ൽ തിരിച്ചടവ് തുടങ്ങിയവർക്ക് മാത്രമാണോ ബാധകമെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ 2016-ൽ പഠനം പൂർത്തിയാക്കി 2017-ൽ തിരിച്ചടവ് തുടങ്ങിയിട്ടുള്ള വിദ്യാർത്ഥികൾക്ക് കൂടി ഈ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 1-4-2016-ന് മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങി കുടിശ്ശികയില്ലാതെ വായ്പാ തിരിച്ചടവ് നടത്തിവരുന്ന വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾക്കും 31-3-2016-നോ അതിന് മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾക്കുമാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് മുടങ്ങി കടക്കെണിയിലായവരെ സഹായിക്കാൻ പദ്ധതി

51 (2050) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് മുടങ്ങി കടക്കെണിയിലായവരെ സഹായിക്കുവാൻ പ്രഖ്യാപിച്ച പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിമൂലം എത്ര കുട്ടികൾക്ക് ആനുകൂല്യം ലഭിച്ചുവെന്നും എത്ര കോടി രൂപ സർക്കാരിന് ഇതുമൂലം ബാധ്യതയുണ്ടായിയെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനപരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 16-5-2017-ന് സ.ഉ.(പി) 65/2017/ധന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് ചില ഭേദഗതികൾ വരുത്തിക്കൊണ്ട് 12-7-2017-ന് സ.ഉ. (പി) 89/2017/ധന നമ്പർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനു വേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 4-8-2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017 ആണ്. ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇതിലേയ്ക്കായി അനുവദിക്കപ്പെടേണ്ട സർക്കാർ വിഹിതം കണക്കാക്കിയശേഷം ആവശ്യാനുസരണം തുക അനുവദിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആലത്തൂരിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ

52 (2051) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ ജലസേചനം, ആരോഗ്യം, പൊതുമരാമത്ത് എന്നീ മേഖലകളിൽ നിന്നായി 3 പദ്ധതികളാണ് 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപന പ്രകാരവും 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരവും ഇതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ടി പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇവയുടെ ഭരണാനുമതിയാണ് കിഫ്ബിയിൽ ലഭിച്ചിട്ടുള്ളത്.

(സി) ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയോടുകൂടിയ പദ്ധതികളുടെ ഡി.പി.ആർ. ഉൾപ്പെടെയുള്ള പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിക്കുന്നപക്ഷം 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി പദ്ധതി അവലോകന വിഭാഗം അവയുടെ സൂക്ഷ്മ പരിശോധന നടത്തുകയും യോഗ്യമായവയെ വരും കിഫ് ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. അംഗീകാരത്തിനു വിധേയമായി ബന്ധപ്പെട്ട എസ്.പി.വി./ ഭരണ വകുപ്പ് ടെണ്ടർ /സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി ആവശ്യമായ ഡിമാന്റ്/ബില്ലുകൾ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും കോൺട്രാക്ടർ, സപ്ലയർ, സേവന ദാതാവ് എന്നിവരുടെ അക്കൗണ്ടുകളിലേക്ക് തുക നേരിട്ട് നിക്ഷേപിക്കപ്പെടുന്നു. ഈ നൂതന സംവിധാനമനുസരിച്ച് കാലതാമസം കൂടാതെ പദ്ധതികൾ നടപ്പിലാക്കപ്പെടുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ**

53 (2052) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നറിയിക്കാമോ;

(ബി) 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പ്രവൃത്തികൾക്കാണ് കോഴിക്കോട് ജില്ലയിൽ കിഫ്ബി ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിവഴി നടപ്പിലാക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* ബോർഡ് അംഗീകാരം നൽകിയ പദ്ധതികളുടെ ടെണ്ടർ/സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള തുടർ നടപടികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിദ്യാഭ്യാസ വായ്പയിന്മേലുള്ള ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും വായ്പ എഴുതിത്തള്ളുന്നതിനും നടപടി

54 (2053) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് ജപ്തി നടപടികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആശ്വാസമായി ജപ്തി നടപടികൾ ഒഴിവാക്കുന്നതിനും വായ്പ എഴുതിത്തള്ളുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറത്തിറക്കിയതിനുശേഷം ലഭ്യമായ ആകെ അപേക്ഷകൾ എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സ.ഉ. (പി) 65/2017 തീയതി 16-5-2017, സ.ഉ. (പി) 89/2017 തീയതി 12-7-2017 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന നമ്പർ സർക്കുലർ പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് 31-3-2016-നോ അതിന് മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പത്തുകയുടെ 60 ശതമാനവും 4 ലക്ഷം രൂപയ്ക്കുമേൽ 9 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50 ശതമാനവും (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 4-8-2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017 ആണ്. അതിനുശേഷം മാത്രമേ അപേക്ഷകളുടെ കണക്ക് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**ബാലസാന്ത്വനം പദ്ധതി**

55 (2054) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഡിസംബർ 23-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 575/2014 ധനം ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ ബാലസാന്ത്വനം 2014 പദ്ധതിക്ക് എന്ത് തുക സംഭാവനയായി ലഭിച്ചു ;

(ബി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ഇതിനകം വിനിയോഗിച്ചത്; ഇതിനകം എത്ര തുക ചെലവഴിച്ചുവെന്നും പ്രസ്തുത ഫണ്ടിൽ നീക്കിയിരിപ്പ് എത്രയുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ബാലസാന്ത്വനം പദ്ധതിക്കായി ഇതുവരെ 1,42,05,715 (ഒരു കോടി നാല്പത്തിരണ്ട് ലക്ഷത്തി അയ്യായിരത്തി എഴുന്നൂറ്റി പതിനഞ്ച്) രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക അർബുദബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായാണ് വിനിയോഗിച്ചത്. ഇതുവരെ 14,75,000 (പതിനാല് ലക്ഷത്തി എഴുപത്തയ്യായിരം) രൂപ വിനിയോഗിച്ചു. പ്രസ്തുത ഫണ്ടിൽ 1,27,30,715 (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി മുപ്പതിനായിരത്തി എഴുന്നൂറ്റി പതിനഞ്ച്) രൂപ നീക്കിയിരുപ്പുണ്ട്.

**ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ**

56 (2055) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയുടെ യോഗങ്ങളിൽ വികസനപ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ള കൊല്ലക്കടവ്-കുളനട, ഹരിപ്പാട് -ഇലഞ്ഞിമേൽ, മാന്നാർ - വീയപുരം റോഡുകളുടെ നിർമ്മാണം സംബന്ധിച്ച് കിഫ്ബി യോഗത്തിൽ എന്ത് തീരുമാനം എടുത്തു എന്ന് വിശദീകരിക്കുമോ;

(സി) ഈ റോഡുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പദ്ധതികളുടെ മുൻഗണന നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 6 എഫ് വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രസ്തുത ഭാഗങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* വാർഷിക ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. കിഫ്ബി ധനസഹായത്തിനായി പദ്ധതികൾ സമർപ്പിക്കേണ്ട മാനദണ്ഡങ്ങൾ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികളിൽ ടി സ.ഉ. പ്രകാരം യോഗ്യമായവയെയാണ് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. ഇവയുടെ മുൻഗണന നിശ്ചയിക്കുന്നത് സർക്കാരാണ്.

(ബി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ കൊല്ലക്കടവ്-കുളനട റോഡ് പദ്ധതിക്കായി ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനയിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് അവ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. ഹരിപ്പാട് - ഇലഞ്ഞിമേൽ റോഡ്, മാന്നാർ-വീയപുരം റോഡുകളുടെ നിർമ്മാണ പദ്ധതിയുടെ പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അവയുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി വരുന്നു.

(സി) കൊല്ലക്കടവ് -കുളനട റോഡ് പദ്ധതിയുടെ ഡി.പി.ആർ. ന്യൂനതകൾ പരിഹരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പക്ഷവും ഹരിപ്പാട് -ഇലഞ്ഞിമേൽ റോഡ്, മാന്നാർ-വീയപുരം റോഡ് പദ്ധതികളുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷവും വരും കിഫ്ബോർഡ് യോഗങ്ങളിൽ സമർപ്പിക്കപ്പെടുന്നതും അംഗീകാരത്തിന് വിധേയമായി എസ്.പി.വി.-യ്ക്ക് പദ്ധതിയുടെ നിർവ്വഹണം ആരംഭിക്കാവുന്നതുമാണ്.

**പൊതുമരാമത്ത് പണികൾക്ക് ജി.എസ്.ടി. ബാധകമാക്കൽ**

57 (2056) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് പണികൾക്കും ജി.എസ്.ടി. നടപ്പിലായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പൊതുമരാമത്ത് പണികൾക്ക് മുൻകാലപ്രാബല്യത്തോടെയാണോ ജി.എസ്.ടി. നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എഗ്രിമെന്റ് വച്ച് നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കും പൂർത്തിയായ പ്രവൃത്തികൾക്കും ജി.എസ്.ടി. ബാധകമാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമപ്രകാരം പ്രവർത്തികൾക്കുള്ള നികുതി നിരക്ക് 18 ശതമാനമാണ്. ഇത് സ്ഥാവര വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള നികുതിയാണ്. അല്ലാതെയുള്ള ഇലക്ട്രിക്കൽ എയർ കണ്ടീഷനിംഗ് സമാനരീതിയിലുള്ള പ്രവൃത്തികൾക്ക് അത് കോമ്പോസിറ്റ് സപ്ലൈ ആയതിനാൽ 28 ശതമാനമാണ് നികുതി നിരക്ക്. വാറ്റ് നിയമത്തിലുണ്ടായിരുന്നതുപോലെയുള്ള TDS സമ്പ്രദായം (മൊത്തം നികുതി അവാർഡർ TDS ആയി കുറച്ച് സർക്കാരിന് നൽകുന്ന രീതി) ജി.എസ്.ടി.-യിൽ ഇല്ല. ഒരു പ്രവൃത്തിയുടെ ആകെ തുക 2.5 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ അവാർഡർ 2 ശതമാനം നികുതി (1% CGST & 1% SGST) എന്ന നിലയിൽ TDS പിടിച്ച് റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. അത് കരാറുകാരന് GST നികുതി അടയ്ക്കുമ്പോൾ ഇൻപുട്ടായി എടുക്കാവുന്നതാണ്.

(ബി&സി) 30-6-2017 വരെ പൂർത്തിയാക്കിയ കരാർ പണികൾക്ക് പേയ്മെന്റ് എന്നു ലഭിച്ചാലും വാറ്റ് നികുതിയാണ് ബാധകം.

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

58 (2057) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്ലാനും സമീപനരേഖകളും ഓൺലൈനായി പ്രസിദ്ധീകരിക്കുമോ; വിശദീകരിക്കുമോ ;

(സി) കരുനാഗപ്പള്ളി മാളിയേക്കൽ ലെവൽക്രോസിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ രൂപരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയത് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കിഫ്ബിയിലേക്ക് പദ്ധതികൾ സമർപ്പിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പോ ഭരണ വകുപ്പ് ടെണ്ടറിലൂടെ തെരഞ്ഞെടുത്ത ഏതെങ്കിലും ഏജൻസിയോ ആണ്. കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ "ഓരോ നിയോജക മണ്ഡലത്തിൽനിന്നും ഒരു സ്കൂളിനെ Centre for Excellence ആക്കി ഉയർത്തുക" എന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയത് കിറ്റ്കോയും മാളിയേക്കൽ ROB-യുടെ ഡി.പി.ആർ. തയ്യാറാക്കിയത് RBDCK-യും ആണ്.

(ബി&സി) കിഫ്ബി പദ്ധതിയുടെ വിശദാംശങ്ങൾ ഓൺലൈനായി കിഫ്ബിയുടെ വെബ്സൈറ്റിലാണ് ബന്ധപ്പെട്ട ഭരണ വകുപ്പുകൾ സമർപ്പിക്കുന്നത്. ഈ വിശദാംശങ്ങളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതും കിഫ് ബോർഡിന് മുമ്പാകെ സമർപ്പിക്കുന്നതും കിഫ്ബിയാണ്. പദ്ധതി വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. മാളിയേക്കൽ ഓവർബ്രിഡ്ജ് നിർമ്മാണ പദ്ധതി കിഫ് ബോർഡിന്റെ 29-ാം ബോർഡ് യോഗം അംഗീകരിച്ചിട്ടുള്ളതാണ്. ഇതിന്മേലുള്ള തുടർ നടപടികൾ ഭരണ വകുപ്പ് സ്വീകരിച്ചു വരുന്നു.

**വില്ലേജാഫീസർ തസ്തിക ഉയർത്താൻ നടപടി**

59 (2058) <u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസർമാരുടെ ജോലിഭാരവും ഉത്തരവാദിത്തവും സംബന്ധിച്ച് വിശദമായ പഠനം നടത്തി 10-ാം ശമ്പള പരിഷ്കരണ കമ്മീഷൻ അവരുടെ തസ്തികയെ ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിലേക്ക് ഉയർത്താൻ നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും പ്രസ്തുത തസ്തികയ്ക്ക് ജൂനിയർ സൂപ്രണ്ടിനും ഹെഡ് ക്ലാർക്കിനും ഇടയിലുള്ള ഒരു ശമ്പളസ്കെയിൽ നിശ്ചയിച്ച് ഉത്തരവിറക്കിയത് എന്തുകൊണ്ടാണെന്ന് അറിയിയിക്കുമോ ;

(ബി) മറ്റു വകുപ്പുകളിലും സെക്രട്ടേറിയറ്റിലും ശമ്പളപരിഷ്കരണ കമ്മീഷൻ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവിലൂടെ നടപ്പിലാക്കിയപ്പോൾ റവന്യൂ വകുപ്പിലും അപ്രകാരം ശമ്പളപരിഷ്കരണ കമ്മീഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിക്കുമോ എന്നറിയിക്കാമോ ;

(സി) വില്ലേജാഫീസർമാരുടെ സമാന തസ്തികകളായിരുന്ന പഞ്ചായത്ത് സെക്രട്ടറി, സബ് രജിസ്ട്രാർ, സബ് ഇൻസ്പെക്ടർ തസ്തികകൾ ഗസറ്റഡും അതിന് തൊട്ടടുത്ത സ്കെയിലുകളിലും എത്തിയെങ്കിലും നിയമങ്ങൾ കൈകാര്യം ചെയ്യുന്ന ഉത്തരവാദിത്വപ്പെട്ട ജോലിഭാരം പേറുന്ന വില്ലേജാഫീസറുടെ തസ്തികയിൽ മാത്രം ഉയർച്ച ഉണ്ടാകാത്തത് നമ്മുടെ സംവിധാനത്തെത്തന്നെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്നതിനാൽ വില്ലേജാഫീസർ തസ്തിക ശമ്പള കമ്മീഷൻ ശിപാർശ പ്രകാരം ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത അളവിലുള്ള ശമ്പള വർദ്ധനവ് നടപ്പിലാക്കുവാൻ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തൃപ്തികരമല്ലാത്തതിനാൽ ശമ്പള കമ്മീഷൻ ശിപാർശകൾ സർക്കാർ കൈക്കൊണ്ട പൊതു നയത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തിയാണ് ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) സെക്രട്ടേറിയറ്റ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള പൊതുനയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പള സ്കെയിലുകൾ നിർണ്ണയിച്ചിട്ടുള്ളത്. അതേ തീരുമാനമാണ് റവന്യൂ വകുപ്പിലും നടപ്പിലാക്കിയിട്ടുള്ളത്.

(സി) അത്തരം ആവശ്യങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കിഫ്ബിയിലേക്ക് സ്വരൂപിച്ച ഫണ്ട്**

60 (2059) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി യിലേക്ക് നാളിതുവരെ സ്വരൂപിച്ച തുക എത്രയെന്നും ഇത് ഏതൊക്കെ സ്രോതസ്സിൽ നിന്നുമാണ് ലഭ്യമായതെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി ഇതുവരെ അംഗീകാരം നൽകിയ പദ്ധതികൾക്ക് വേണ്ടി വരുന്ന ആകെ തുക എത്ര;

(സി) ഇങ്ങനെ കിഫ്ബി അംഗീകാരം നൽകിയതിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിവരം നൽകാമോ?

(ഡി) ഇതുവരെ കിഫ്ബി നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുക പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം 2015-16 സാമ്പത്തിക വർഷം 5475-00-800-92 (പ്ലാൻ) മേജർ ഇൻഫ്രാസ്ടക്ചർ പോജക്ട്സ് എന്ന ശീർഷകത്തിൽ നിന്നും 873.85 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ 1624.56 കോടി രൂപയും സർക്കാർ പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 52-ാം വകുപ്പുപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം ഉല്പന്നങ്ങളിന്മേലുള്ള സെസ്സ് തുകയായ 448.10 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 20 ശതമാനത്തിന്റെ ആദ്യ ഗഡുവായ 210 കോടി രൂപയും പെട്രോളിയം ഉല്പന്നങ്ങളിന്മേലുള്ള സെസ്സ് തുകയുടെ ആദ്യ ഗഡുവായ 165 കോടി രൂപയും നാളിതുവരെ കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്.

(ബി) നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ 5722.41 കോടി രൂപ മുതൽമുടക്കിയുള്ള പദ്ധതികൾക്ക് പൂർണ്ണമായ അംഗീകാരവും 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായ അംഗീകാരവും നൽകിയിട്ടുണ്ട്. വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച പദ്ധതികൾ അവയുടെ ന്യൂനതകൾ പരിഷ്കരിച്ച് കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷം കിഫ് ബോർഡിന്റെ അംഗീകാരത്തിന് വിധേയമാക്കി ധനസഹായം നൽകിത്തുടങ്ങുന്നതാണ്.

(സി) കിഫ് ബോർഡിന്റെ അംഗീകാരം ലഭിച്ച പദ്ധതികളിൽ 933.80 കോടി രൂപയുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) റെയിൽവേയ്ക്ക് നൽകാനുള്ള അഡ്വാൻസ് തുകയായ 16,50,000 (പതിനാറ് ലക്ഷത്തി അമ്പതിനായിരം) രൂപ പൊതുമരാമത്ത് വകുപ്പിൻ കീഴിലെ അകത്തേത്തറ-നടക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്കായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയുടെ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന് കീഴിലെ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 17,11,940 (പതിനേഴ് ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി നാല്പത്) രൂപയുടെ ഡിമാന്റും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഐ.ടി. @ സ്കൂൾ പദ്ധതിയ്ക്കായി 1,21,54,000 (ഒരു കോടി ഇരുപത്തൊന്ന് ലക്ഷത്തി അൻപത്തിനാലായിരം)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

രൂപയുടെ ഡിമാന്റും ജലസേചന വകുപ്പിന് കീഴിലെ കോട്ടയം സെൻസസ് ടൗൺ-കണ്ണൂർ, തലശ്ശേരി താലൂക്ക് ജല വിതരണം ശക്തിപ്പെടുത്തൽ പദ്ധതിക്കായി 38,87,304 (മുപ്പത്തിയെട്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി മുന്നൂറ്റി നാല്) രൂപയുടെ ഡിമാന്റും യഥാക്രമം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL), കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE), കേരള വാട്ടർ അതോറിറ്റി (KWA) എന്നീ പദ്ധതി നിർവ്വഹണ ഏജൻസികളിൽനിന്നും ലഭിച്ചിട്ടുണ്ട്. ഈ തുകകൾ റിലീസ് ചെയ്യുന്നതിനുള്ള സത്വര നടപടികൾ പൂർത്തിയായി വരുന്നു.

## ശമ്പള പരിഷ്കരണ അനോമലി

61 (2060) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളപരിഷ്കരണ അനോമലി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) പ്രസക്തമല്ല.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

62 (2061) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷം, കേന്ദ്രസർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനത്തിന് എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ഇതിൽ 2017 ജൂലൈ വരെ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി വരവ് ചെലവ് കണക്കുകളും, നടത്തിപ്പ് റിപ്പോർട്ടും സമർപ്പിക്കാത്തതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക ലഭിക്കാത്ത സാഹചര്യം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇപ്രകാരം ഏതൊക്കെ പദ്ധതികൾക്കുള്ള തുകയാണ് ലഭിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിൽ നിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ളത് 7958.93 കോടി രൂപയാണ്.

(ബി) പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിൽ (പി.എഫ്.എം.എസ്.) നിന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 ജൂലൈ വരെ 2236.72 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി&ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ട് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാകുന്നതാണ്. വിവിധ കാരണങ്ങളാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക് ഫണ്ട് കേന്ദ്ര സർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. ടി പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കെതിരായി ചെലവഴിച്ചാൽ മാത്രമേ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുകയുള്ളൂ.

## വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്ന പദ്ധതി

63 (2062) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടികൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. (i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പ/സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA/Standard Account) (ii) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ

ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്. സ.ഉ.(പി) 65/2017 തീയതി 16-5-2017, സ.ഉ.(പി) 89/2017 തീയതി 12-7-2017 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. 1-4-2016-നുമുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷത്തേയ്ക്ക് 90 ശതമാനം, 75 ശതമാനം, 50 ശതമാനം, 25 ശതമാനം എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

2. കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

3. 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പാത്തുകയുടെ 60 ശതമാനവും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50 ശതമാന (പരമാവധി 2,40,000 രൂപ വരെ)വും സർക്കാർ സഹായം നൽകുന്നതാണ്.

4. വായ്പയിന്മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ മരണപ്പെട്ട് പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

5. മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.

6. മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

7. ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

8. ഈ സ്കീം പ്രകാരം ഇന്ത്യയിലെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

9. വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40 ശതമാനമോ അധികമോ അംഗ പരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനു വേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കുന്നത്. 4-8-2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017-നാണ്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് സർക്കാർ പ്രഖ്യാപിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

64 (2063) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് സർക്കാർ പ്രഖ്യാപിച്ച മാർഗ നിർദ്ദേശങ്ങളിൽ പുതിയ മാറ്റം വരുത്തിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ:

(ബി) പല ബാങ്കുകളും സർക്കാരിന്റെ ഉദ്യമത്തെ നിരുത്സാഹപ്പെടുത്തുന്നതും വിമുഖത കാണിക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് 10-5-2017-ന് ജി.ഒ.(പി)നമ്പർ 65/2017/ധന. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് ചില ഭേദഗതികൾ വരുത്തിക്കൊണ്ട് 12-7-2017-ന് ജി.ഒ. (പി)നമ്പർ 89/2017/ധന. നമ്പർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എസ്.എൽ.ബി.സി.-യുമായി ചർച്ച ചെയ്തും അവരുടെ അംഗീകാരത്തോടെയുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഏതെങ്കിലും ബാങ്കുകൾ പദ്ധതിയോട് വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ തലത്തിൽ അത് ഉന്നയിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ്-ഇളവുകൾക്കുള്ള മാനദണ്ഡങ്ങൾ**

65 (2064) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടക്കാനുള്ള ഇളവുകൾക്കുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പലതും അപ്രായോഗികമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ വില്ലേജ് ഓഫീസർക്ക് അപേക്ഷകരെ പരിചയം വേണമെന്ന നിബന്ധന അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സ.ഉ.(പി) 65/2017 തീയതി 16-5-2017, സ.ഉ.(പി) 89/2017 തീയതി 12-7-2017 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക്

അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. (i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ/സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA/Standard Account) (ii) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്. ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. 1-4-2016-നുമുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷത്തേയ്ക്ക് 90 ശതമാനം, 75 ശതമാനം, 50 ശതമാനം, 25 ശതമാനം എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

2. കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

3. 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാത്തുകയുടെ 60 ശതമാനവും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50 ശതമാനവും (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതാണ്.

4. വായ്പയിന്മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ മരണപ്പെട്ട് പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

5. മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.

6. മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

7. ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

8. ഈ സ്കീം പ്രകാരം ഇന്ത്യയിലെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

9. വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40 ശതമാനമോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) 12-7-2017-ലെ ജി.ഒ.(പി) നമ്പർ 89/2017/ധന. ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസർക്ക് അപേക്ഷകരെ പരിചയം വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്.

## ചെക്ക്പോസ്റ്റുകളിൽ അധികമായ ജീവനക്കാരുടെ പുനർവിന്യാസ നടപടി

66 (2065) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളുടെ ചുമതല എക്സൈസ് വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ചെക്ക്പോസ്റ്റുകളിൽ അധികമായി വരുന്ന ജീവനക്കാരുടെ പുനർവിന്യാസ നടപടി ഏത് ഘട്ടത്തിലാണ്;

(സി) ചെക്ക്പോസ്റ്റുകളിൽ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള തീരുമാനം ഏത് ഘട്ടത്തിലാണ്; ഇതിനായി എന്ത് തുകയാണ് വകയിരുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പുനർവിന്യാസ നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(സി) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിയമം രാജ്യത്താകമാനം നടപ്പിലാക്കിയ സാഹചര്യത്തിൽ വാണിജ്യ നികുതി വകുപ്പിന് പ്രത്യേകമായി ചെക്ക് പോസ്റ്റുകൾ ആവശ്യമില്ലാത്തതിനാൽ സർക്കാർ 20-05-2017-ലെ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 36/2017/റ്റി.ഡി. പ്രകാരം എക്സൈസ് വകുപ്പിനെ ഇന്റഗ്രേറ്റഡ് ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ നടപ്പിലാക്കുന്നതിലേക്ക് നോഡൽ ഡിപ്പാർട്ട്മെന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി വകുപ്പ്, ഫോറസ്റ്റ്, ട്രാൻസ്പോർട്ട്, ആനിമൽ ഹസ്ബന്ററി, ഫുഡ് സേഫ്റ്റി എന്നീ വകുപ്പുകളിലെ നോഡൽ ആഫീസർമാരുമായി 29-6-2017-ൽ എക്സൈസ് കമ്മീഷണർ ഒരു യോഗം വിളിച്ചു ചേർക്കുകയും കിറ്റ്കോയുമായി ബന്ധപ്പെട്ട പുതിയ സിസ്റ്റം റിക്വയർമെന്റ് സൊല്യൂഷൻ, റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ എന്നിവ തയ്യാറാക്കുന്നതിനുവേണ്ടി ഓരോ വകുപ്പും അവരവരുടെ റിക്വയർമെന്റ്സ് തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രാരംഭ ഫണ്ടായി 10 കോടി രൂപ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും കൃഷി ഓഫീസർമാർക്കും ശമ്പള വ്യത്യാസം**

67 (2066) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന സർവ്വീസിൽ ഒരേ ശമ്പള സ്കെയിലിൽ ജോലിയിൽ പ്രവേശിക്കുന്ന അസിസ്റ്റ്റന്റ് എഞ്ചിനീയർമാർക്കും കൃഷി ഓഫീസർമാർക്കും 15 വർഷം പൂർത്തിയാക്കുന്നമുറയ്ക്ക് നല്കുന്ന ഹയർ ഗ്രേഡിൽ എത്ര രൂപയുടെ വ്യത്യാസമാണുള്ളത്; ഈ വ്യത്യാസം പരിഹരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

പത്താംശമ്പള പരിഷ്കരണ ഉത്തരവിലെ (20-1-2016-ലെ ജി.ഒ. (പി) നമ്പർ 7/2016/ഫിൻ.) അനുബന്ധം III, ഖണ്ഡിക 9 പ്രകാരം 35,700-75,600 രൂപ മുതൽ 40500-85000 രൂപ വരെ ശമ്പള സ്കെയിലിൽ വരുന്ന തസ്തികകൾക്ക് പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽകൂടിയും സമയബന്ധിത ഹയർ ഗ്രേഡുകൾ പട്ടിക II പ്രകാരം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മേൽ പ്രസ്താവിച്ചിട്ടുള്ള ഉത്തരവ്

പ്രകാരം കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾക്ക് 39,500-83,000 രൂപ എന്ന ശമ്പള സ്കെയിലാണ് നിലവിലുള്ളത് എന്നതിനാൽ 15 വർഷ യോഗ്യകാല രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് പട്ടിക II പ്രകാരം 45,800-89,000 രൂപ എന്ന ശമ്പള സ്കെയിലാണ് അനുവദിച്ച് നൽകി വരുന്നത്. ആകയാൽ മേൽ തസ്തികകളുടെ രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് ശമ്പള സ്കെയിലുകളിൽ വ്യത്യാസമുണ്ടായിട്ടില്ല.

**ജി.എസ്.ടി.മൂലം വ്യവസായ മേഖലയിലുണ്ടായ പ്രതിസന്ധി**

68 (2067) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.മൂലം സംസ്ഥാനത്തെ പല വ്യവസായങ്ങളും പ്രതിസന്ധിയിലേക്ക് നീങ്ങുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്ലൈവുഡ്, ഹൗസ് ബോട്ടുകൾ, കാറ്ററിംഗ്, കാർഷിക മേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ജി.എസ്.ടി മുഖേന ഉണ്ടായ നികുതി വർദ്ധനവിൽ വഴിമുട്ടി നിൽക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം മേഖലകളിലെ പ്രതിസന്ധി മറികടക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ഡി) ജി.എസ്.ടി. മുഖേന കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്നതിന് പകരം വിലക്കയറ്റവും നികുതി ചോർച്ചയും വന്നുചേർന്നതായ സാഹചര്യം പരിശോധിക്കുമോ;

(ഇ) വിലക്കുറവും നികുതി ഇളവും ജനങ്ങൾക്ക് ലഭ്യമാക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നേരത്തെ കേന്ദ്ര എക്സൈസ് പരിധിയിൽ വരാതിരുന്ന ചെറുകിട ഉല്പാദകർക്ക് ഇപ്പോഴത്തെ ജി.എസ്.ടി. നിരക്ക് അധിക ഭാരം സൃഷ്ടിക്കുന്നുണ്ട്. ആയത് ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി&സി) നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന കരാർ പണിക്കാർക്ക് ചില ആശങ്കകൾ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി 18-7-2017-ൽ ചരക്ക്സേവന നികുതി വകുപ്പ് വിശദീകരണം (Advisory No.3) പ്രസിദ്ധീകരിച്ചിട്ടുണ്ട്. നികുതി വർദ്ധനവ് ഉണ്ടായ ചരക്കുകൾക്കെല്ലാം അവർ

വാങ്ങിയ നികുതി വിധേയ സാധനങ്ങൾക്ക് ക്രെഡിറ്റ് എടുക്കാവുന്നതാണ്. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട ഹൗസ്ബോട്ട് ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് ഉയർന്ന നികുതി ബാദ്ധ്യത വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പ്രധാനമായും അവരുടെ ഇൻപുട്ടായ ഡീസൽ, ജി.എസ്.ടി.-യുടെ പരിധിയിൽ വരാത്തതുകൊണ്ടാണ്. ഇതും പ്ലൈവുഡിന്റെ നികുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജി.എസ്.ടി.-യുടെ പ്രാപ്യസ്ഥാനതത്വമനുസരിച്ചും സേവന മേഖലയിലെ കേരളത്തിന്റെ ഉപഭോഗമനുസരിച്ചും കേരളത്തിലെ ധനസ്ഥിതി മെച്ചപ്പെടുമെന്ന് തന്നെയാണ് വിലയിരുത്തുന്നത്. ജി.എസ്.ടി. നടപ്പിലാക്കുക വഴി പൊതുവെ എല്ലാ മേഖലകളിലും ആ മേഖലയുമായി ബന്ധപ്പെട്ട സാധനങ്ങളുടെ മൊത്തത്തിലുള്ള നികുതി കുറഞ്ഞിട്ടുണ്ട്. എന്നാൽ നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി. ജി.എസ്.ടി.-യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കുപോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും ഉണ്ടായി. ആയതിനെ തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാദ്ധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജന താൽപ്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു. ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നികുതി നിരക്കിലുണ്ടായ വർദ്ധനവ് അനുസരിച്ച് എം.ആർ.പി. കൂടാൻ സാദ്ധ്യതയുള്ള പാക്കേജ്ഡ് കമ്മോഡിറ്റികൾ എം.ആർ.പി. വർദ്ധിപ്പിക്കുകയാണെങ്കിൽ ഉല്പാദകർ ദേശീയതലത്തിൽ പത്ര പരസ്യം ചെയ്ത് വില കൂടാനുണ്ടായ കാരണ സഹിതം നൽകുകയും പുതിയ എം.ആർ.പി. പ്രത്യേകം തയ്യാറാക്കി പ്രദർശിപ്പിക്കുകയും വേണമെന്ന് കേന്ദ്ര സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 171 പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അതോറിറ്റി എത്രയും പെട്ടന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള വിലക്കയറ്റം

69 (2068) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയ ശേഷമുള്ള വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച എന്നറിയിക്കാമോ;

(ബി) സംസ്ഥാന സർക്കാർ വിലകുറയുമെന്ന് പ്രഖ്യാപിച്ച 100-ഓളം ഉൽപ്പന്നങ്ങളിൽ എത്രയെണ്ണത്തിന് വിലകുറഞ്ഞു എന്നറിയിക്കാമോ; ഇവയ്ക്കൊന്നും വിലകുറയാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) കേരളത്തിന് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഒട്ടനവധി ഉത്പന്നങ്ങളുമായി മത്സരിച്ച് വിപണിയിൽ പിടിച്ചു നിൽക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;ഇത് മറികടക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ.?

ഉത്തരം

(എ) ജി.എസ്.ടി.-യിൽ നികുതി ഒഴിവാക്കിയതും നികുതി കുറച്ചതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുള്ളതായി മനസ്സിലാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വ്യാപാരികളുമായും വ്യാപാര സംഘടനകളുമായും നേരിട്ടു ചർച്ച നടത്തുകയും കൃത്രിമമായി സൃഷ്ടിക്കുന്ന വിലക്കയറ്റം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെയുണ്ടായിരുന്ന ആകെ നികുതി ഭാരം ജി.എസ്.ടി. നിരക്കുകൾ വരുമ്പോൾ കുറയുന്ന ചരക്കുകളാണ് അധികവും എന്നാൽ ഈ നികുതി ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാൻ തയ്യാറാകാത്തതും തുടക്കത്തിലെ ആശയക്കുഴപ്പവുമെല്ലാം വിലക്കയറ്റത്തിന് വഴിവച്ചിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിലെ അമിത ലാഭവിരുദ്ധ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യും.

(ബി) ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പു സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. നീക്കിയിരിപ്പ് സാധനങ്ങൾക്ക് നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാദ്ധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സാമ്പത്തിക ഉദാരവൽക്കരണത്തെ തുടർന്ന് കമ്പോളത്തിലുണ്ടായിരിക്കുന്ന മത്സരം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. ഒരു സംസ്ഥാനത്തിനും അതിൽ നിന്നും പുറം തിരിഞ്ഞുനിൽക്കാൻ സാധ്യമല്ല എന്ന യാഥാർത്ഥ്യമുണ്ട്. നികുതിക്കുമേൽ നികുതി ഇല്ലാത്തതും അടച്ച നികുതിക്ക് ഇൻപുട്ട് ക്രെഡിറ്റ് ലഭ്യമാകുകയും ചെയ്യുമെന്നതിനാൽ അത്തരം അനുകൂല സാഹചര്യങ്ങൾ കേരളത്തിലെ ഉല്പാദകരും പ്രയോജനപ്പെടുത്തേണ്ടതാണ്.

**ജി.എസ്.ടി.മൂലം വിലവർദ്ധന**

70 (2069) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യിൽ പ്രഖ്യാപിച്ച നികുതി നിരക്കുകൾ ഉൽപന്നങ്ങളുടെ നിലവിലുള്ള വിലയുടെ കൂടെ അധികമായി കൂട്ടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറച്ചിക്കോഴിയുടെ വാറ്റിൽ 14.5 ശതമാനം കുറവുണ്ടായ സാഹചര്യത്തിൽ കിലോയ്ക്ക് 87 രൂപ നിരക്കിൽ വിൽക്കണമെന്ന സർക്കാർ നിർദ്ദേശം സംസ്ഥാനത്ത് ഒരിടത്തും പാലിക്കപ്പെട്ടില്ലെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) ജി.എസ്.ടി.-യിൽ നിന്ന് സർക്കാർ അധിക നികുതിയാണ് പ്രതീക്ഷിച്ചതെങ്കിലും ആദ്യത്തെ ഒരു മാസം അത് ഗണ്യമായി കുറയുകയാണുണ്ടായതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് പല ഭാഗത്തുനിന്നും നികുതി കുറഞ്ഞ സാധനങ്ങളുടെ ഉൾപ്പെടെ വില വർദ്ധിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി നിരക്കിലുണ്ടായ വർദ്ധനവ് അനുസരിച്ച് എം.ആർ.പി. കൂടാൻ സാദ്ധ്യതയുള്ള പാക്കേജ്ഡ് കമ്മോഡിറ്റികൾ എം.ആർ.പി. വർദ്ധിപ്പിക്കുകയാണെങ്കിൽ ഉല്പാദകർ ദേശീയതലത്തിൽ പത്രപരസ്യം ചെയ്ത് വില കൂടാനുണ്ടായ കാരണ സഹിതം നൽകുകയും പുതിയ എം.ആർ.പി. പ്രത്യേകം തയ്യാറാക്കി പ്രദർശിപ്പിക്കുകയും വേണമെന്ന് കേന്ദ്രസർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 'കെപ്കോ' ശീതീകരിക്കാത്ത കോഴിയിറച്ചിയുടെ വിലയിൽ 14.5% കുറവ് വരുത്തിയിട്ടുണ്ട്.

(സി) ജി.എസ്.ടി. ഒരു പുതിയ നികുതി സമ്പ്രദായമാണ്. ഇത് 2017 ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. വ്യാപാരികൾക്ക് ജൂലൈ മാസത്തെ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതി ആഗസ്റ്റ് 20 ആണ്. ആയതിനാൽ നികുതിയിലുണ്ടായ വ്യതിയാനത്തെക്കുറിച്ച് ഇപ്പോൾ പറയാനാകില്ല.

## ജി.എസ്.ടി.മൂലം നികുതി മാന്ദ്യം

71 (2070) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. ശൃംഖല പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നികുതി വരുമാനത്തെ ദോഷകരമായി ബാധിക്കുമോ;

(ബി) ജൂലൈ മാസത്തിലെ താൽക്കാലിക റിട്ടേണുകൾ വ്യാപാരികൾ സമർപ്പിക്കേണ്ടത് എന്നാണ്;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നികുതി പിരിവിലുണ്ടാകുന്ന മാന്ദ്യം മറികടക്കുവാൻ കടപത്രമിറക്കുവാൻ ആലോചനയുണ്ടോ; എങ്കിൽ എത്ര രൂപയുടെ കടപത്രമാണ് ഇറക്കുന്നത്?

### ഉത്തരം

(എ) ജി.എസ്.ടി. ശൃംഖല പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല. അത് നികുതി പിരിവിനെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

(ബി) ജൂലൈ മാസത്തിലെ താൽക്കാലിക റിട്ടേൺ വ്യാപാരികൾ ആഗസ്റ്റ് 20-ന് സമർപ്പിക്കേണ്ടതാണ്.

(സി) വാർഷിക കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടുമാത്രമേ കടം എടുക്കാൻ സാധിക്കുകയുള്ളൂ.

## ചരക്ക് സേവന നികുതി ഈടാക്കുന്നതിന് ഏകീകൃത ഫോർമാറ്റ്

72 (2071) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി നിയമം നടപ്പിലാക്കിയതിനു ശേഷം സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന ബില്ലിൽ നികുതി ഈടാക്കുന്നത് സാധാരണക്കാരായ ജനങ്ങൾക്ക് മനസ്സിലാകാത്ത രീതിയിലാണ് എന്ന ആക്ഷേപം പരിഹരിക്കുന്നതിന് ഏകീകൃതമായ ഫോർമാറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ വ്യാപാരികൾ നൽകുന്ന ബില്ലിൽ നികുതി ഐറ്റം തിരിച്ച് കാണിക്കാത്തതിനാൽ ഏത് സാധനത്തിനാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് അറിയാൻ കഴിയാത്ത അവസ്ഥയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. പ്രകാരം വിവിധതരം വ്യാപാരികൾ നൽകേണ്ട ബില്ലുകളുടെ ഫോർമാറ്റ് തയ്യാറാക്കിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചരക്ക് സേവന നികുതിയിൽ മൂന്ന് ശതമാനം അധിക സർവ്വീസ് ചാർജ്

73 (2072) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതിയിൽ മൂന്ന് ശതമാനം സർവ്വീസ് ചാർജ് കൂടിയത് സേവനമേഖലയ്ക്ക് പ്രാമുഖ്യമുള്ള സംസ്ഥാന സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) ഏതൊക്കെ സേവനങ്ങളെയാണ് പ്രസ്തുത വർദ്ധനവ് ദോഷകരമായി ബാധിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വിവിധ തലത്തിലുള്ള പ്രവേശന പരീക്ഷാ പരിശീലന ക്ലാസ്സുകളെ പ്രസ്തുത വർദ്ധനവ് എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ജി.എസ്.ടി.-യിൽ സേവന നികുതി 15%-ൽ നിന്നും 18 % ആക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ സേവനത്തിനായി വാങ്ങുന്ന സാധന സാമഗ്രികളിന്മേൽ കൊടുത്ത നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ജി.എസ്.ടി.-യിൽ ലഭിക്കുമെന്നതിനാൽ സേവനമേഖലയെ ദോഷകരമായി ബാധിക്കില്ല. നികുതിക്കുമേൽ നികുതിയില്ലാത്തതിനാൽ ഗുണകരമാകാനാണ് സാദ്ധ്യത. എന്നാൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട ഹൗസ്ബോട്ട് ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് ഉയർന്ന നികുതി ബാദ്ധ്യത വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പ്രധാനമായും അവരുടെ ഇൻപുട്ടായ ഡീസൽ ജി.എസ്.ടി.-യുടെ പരിധിയിൽ വരാത്തതുകൊണ്ടാണ്. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന വിദ്യാഭ്യാസ സേവനങ്ങൾ പൂർണ്ണമായും ജി.എസ്.ടി.-യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രവേശന പരീക്ഷാ പരിശീലനം പോലെയുള്ള സേവനങ്ങൾക്ക് ജി.എസ്.ടി. ബാധകമാണ്. ഇത് ജനങ്ങളെ പൊതുവായി ബാധിക്കുന്ന പ്രശ്നമല്ല.

## സെയിൽസ് ടാക്സ് ജീവനക്കാർ

74 (2073) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ എത്ര സെയിൽസ് ടാക്സ് ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) നിലവിൽ ചെക്ക് പോസ്റ്റുകളിലെ ജോലി സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ അതിർത്തി ചെക്ക് പോസ്റ്റിലെ ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) KER ഡിക്ലറേഷനുകളും ബില്ലുകളുടെ പകർപ്പുകളും ശേഖരിച്ചുവയ്ക്കലാണ് ചെക്ക്പോസ്റ്റുകളിൽ വാണിജ്യ നികുതി ജീവനക്കാർ ചെയ്യുന്നത്.

## വ്യാപാരികൾ നികുതി വെട്ടിക്കുന്നത് തടയാൻ നടപടി

75 (2074) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം വാറ്റ്-ൽ നിന്നും വ്യത്യസ്തമായി ഏതെല്ലാം മേഖലകളിൽ നിന്നുമാണ് സംസ്ഥാനത്ത് പുതുതായി നികുതി വരുമാനം ലഭിക്കുന്നത്;

(ബി) വ്യാപാരികൾ നികുതി വെട്ടിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉപഭോക്താക്കൾ ബില്ല് ചോദിച്ചു വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മുൻപ് നടപ്പിലാക്കിയ ലക്കിവാറ്റ് പോലുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സേവനങ്ങൾക്കുമേലുള്ള നികുതി സംസ്ഥാനത്തിന് ലഭ്യമാകും. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും സ്വന്തം ആവശ്യത്തിലേക്ക് വ്യക്തികൾ കൊണ്ടുവരുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും സംസ്ഥാനത്തിന് ലഭിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി. ആയതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവെ പ്രതീക്ഷിക്കുന്നത്. ചരക്കിൻമേലോ സേവനത്തിന്മേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇന്റലിജൻസ് വിംഗിന്റെ സേവനവും ഇതിനായി വിനിയോഗിക്കുന്നതാണ്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കോട്ടയ്ക്കൽ ട്രഷറിയെ ജില്ലാ ട്രഷറിയുടെ തലത്തിലേക്ക് ഉയർത്തുന്നതിന് നടപടി**

76 (2075) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ ട്രഷറിയെ ജില്ലാ ട്രഷറിയായി ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രഷറി ജില്ലാതലത്തിലേക്ക് ഉയർത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയ്ക്കൽ ട്രഷറിയെ ജില്ലാ ട്രഷറിയായി ഉയർത്തുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ട്രഷറി ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് നിരസിച്ചിരുന്നു.

(ബി) ട്രഷറികളിൽ ആധുനികവത്കരണവും കമ്പ്യൂട്ടർവത്കരണവും പൂർത്തിയാക്കി നിലവിലെ ട്രഷറികളിലെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം മാത്രമേ ട്രഷറികളുടെ പദവി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുകയുള്ളൂ.

**ഇതര സംസ്ഥാന ലോട്ടറികൾ**

77 (2076) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമപരമായ വ്യവസ്ഥകൾ ലംഘിച്ച് സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിലുള്ള വിൽപ്പന നിരോധിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്: വിശദാംശം ലഭ്യമാക്കാമോ;

(സി) നിയമപരമായ വ്യവസ്ഥകൾ പാലിച്ച് സംസ്ഥാനത്ത് ഏതെല്ലാം ലോട്ടറികൾ വിൽക്കുന്നുണ്ട്; അതിലൂടെ സംസ്ഥാനത്തിന് എത്ര തുകയുടെ വരുമാനം ലഭിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നില്ല. അനധികൃതമായി കടത്തിക്കൊണ്ടുവന്ന മിസോറാം ലോട്ടറി പിടിച്ചെടുത്ത് കേസ്സെടുത്തിട്ടുണ്ട്.

(ബി) സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ അന്യസംസ്ഥാന ലോട്ടറികൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും ജി.എസ്.ടി. നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കും.

(സി) നിയമപരമായ വ്യവസ്ഥകൾ പാലിച്ച് സംസ്ഥാനത്തിനകത്ത് കേരള സംസ്ഥാന ലോട്ടറി മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ. 2016-17 സാമ്പത്തിക വർഷം ഭാഗ്യക്കുറിയുടെ ആകെ വിറ്റുവരവ് 7394.90 കോടി രൂപയും വകുപ്പിന്റെ ലാഭം 1691.05 കോടി രൂപയുമാണ്.

**ഇതര സംസ്ഥാന ലോട്ടറികൾ**

78 (2077) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിപണനം പുനരാരംഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ലോട്ടറികളാണ് വിപണനം പുനരാരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാന ലോട്ടറികളുടെ സംസ്ഥാനത്തിനുള്ളിലെ വിപണനം തടയുന്നതിന് സർക്കാരിന് നിയമപരമായ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ അറിയിക്കുമോ;

(സി) ഇതര സംസ്ഥാന ലോട്ടറികളുടെ വിപണനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമല്ലാതാകുന്നതിന്റെ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിയമവിരുദ്ധമായ മിസോറാം സ്റ്റേറ്റ് ലോട്ടറി ടിക്കറ്റുകൾ സംസ്ഥാനത്തിനുള്ളിൽ സ്റ്റോക്ക് ചെയ്യുന്നതായ വാർത്തയെ തുടർന്ന് അനധികൃതമായി സ്റ്റോക്ക് ചെയ്ത ടിക്കറ്റുകൾ റെയ്ഡ് നടത്തി പോലീസ് പിടിച്ചെടുക്കുകയും അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കേരളത്തിൽ മിസ്സോറാം സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നതല്ലായെന്ന് മിസോറാം സർക്കാർ അറിയിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജി.എസ്.ടി. നിയമം പ്രയോഗത്തിൽ വന്നതിനുശേഷം ടി നിയമം അനുശാസിക്കുന്ന 28% ജി.എസ്.ടി. ഒടുക്കിയും 1998-ലെ കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം, 2010-ലെ കേന്ദ്ര ലോട്ടറി റെഗുലേഷൻ റൂൾ, എസ്.ജി.എസ്.ടി. നിയമം, ചട്ടങ്ങൾ എന്നിവ പാലിച്ചുകൊണ്ട് മാത്രമേ സംസ്ഥാനത്തിനകത്ത് ലോട്ടറികൾ നടത്താനാകൂ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കർശന നിലപാടാണ് സ്വീകരിക്കുന്നത്.

(സി) ഇതര സംസ്ഥാന ലോട്ടറികളുടെ വിപണനം നേരിടാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാണ്. നിയമപരമല്ലാതെ വിപണനം നടത്താനൊരുങ്ങിയ മിസോറാം സർക്കാരിന്റെ ലോട്ടറികൾ റെയ്ഡ് നടത്തി പോലീസ് പിടിച്ചെടുക്കുകയും അതിനുത്തരവാദികളായവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ, ഇതര സംസ്ഥാന ഭാഗ്യക്കുറികൾ വിൽക്കാൻ മുതിരുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും ജി.എസ്.ടി. നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കുന്നുണ്ട്.

**ഇതര സംസ്ഥാന ലോട്ടറികളുടെ കടന്നുവരവ്**

79 (2078) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ അനുമതി ഇല്ലാതെ ഇതര സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിതരണം നടത്തുന്നുണ്ടോ;

(ബി) ഇതര സംസ്ഥാന ലോട്ടറികളുടെ കടന്നുവരവുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാന ലോട്ടറികൾ നിലവിൽ സംസ്ഥാനത്തിനുള്ളിൽ വിതരണം നടത്തുന്നില്ല. അനധികൃതമായി കടത്തിക്കൊണ്ടുവന്ന മിസോറാം ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനം എതിർപ്പ് രേഖപ്പെടുത്തുകയും നടപടികളെടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മിസോറാം സർക്കാർ കേരളത്തിൽ നിന്ന് അവരുടെ ലോട്ടറി ഇപ്പോൾ പിൻവലിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

## ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ വിൽപ്പന നിരോധിക്കുന്നതിന് നടപടി

80 (2079) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. പ്രകാരമുള്ള നികുതി ഘടന നിലവിൽ വന്നതിനെത്തുടർന്ന് അനുമതിയില്ലാതെ ഇതര സംസ്ഥാന ഭാഗ്യക്കുറികൾ സംസ്ഥാനത്ത് യഥേഷ്ടം വിൽപ്പന നടത്തുവാൻ സാധിക്കുന്ന എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ;

(ബി) അത്തരമൊരു വ്യവസ്ഥ നിലവിലില്ലെങ്കിൽ, ഇതരസംസ്ഥാന ഭാഗ്യക്കുറികളുടെ വിൽപ്പനയും വിതരണവും കർശനമായി നിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) അത്തരം വ്യവസ്ഥകൾ നിലവിലില്ല. ജി.എസ്.ടി. നികുതി ഘടന നിലവിൽ വന്നതിനാൽ 28 ശതമാനം നികുതി ഒടുക്കി, ലോട്ടറി നടത്തിപ്പ് സംബന്ധിച്ച എല്ലാ വിശദാംശങ്ങളും സമർപ്പിച്ച് 1998-ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010-ലെ ലോട്ടറി റൂൾസ് എന്നിവയ്ക്ക് വിധേയമായി മാത്രമേ അന്യ സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്താൻ സാധിക്കുകയുള്ളൂ.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്ത് അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങളും

പരിശോധനകളും ഏർപ്പെടുത്തിയിട്ടുണ്ട്. മിസോറാം സംസ്ഥാനത്തിന്റെ ലോട്ടറി അവരുടെ വിതരണക്കാരായ M/s.Teesta Distributors മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും ഇത്തരം നിയമാനുസൃതമല്ലാത്ത ലോട്ടറികൾ പോലീസ് മുഖാന്തരം പിടിച്ചെടുത്ത് നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്വീകരിച്ച കർശന നിലപാടിനെത്തുടർന്ന് മിസോറാം കേരളത്തിൽ നടത്തുമെന്ന് പ്രഖ്യാപിച്ച ലോട്ടറി സ്കീമുകൾ പിൻവലിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ അറിയിപ്പ് നൽകിയിട്ടുണ്ട്.

## സ്ത്രീ ശക്തി ഭാഗ്യക്കുറി

81 (2080) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീശാക്തീകരണ വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്കായി ആരംഭിച്ച സ്ത്രീ ശക്തി ഭാഗ്യക്കുറിയിൽ നിന്നും ഇതുവരെ എന്ത് ലാഭം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഈ തുക ഉപയോഗിച്ച് നടത്തിയ സ്ത്രീശാക്തീകരണ ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീശക്തി ഭാഗ്യക്കുറിയിൽ നിന്നും ഇതുവരെ (3-5-2017 മുതൽ 1-8-2017 വരെ) ഏകദേശം 236.52 കോടി രൂപയുടെ ലാഭം ലഭിച്ചിട്ടുണ്ട്.

(ബി) 19-2-2016-ലെ ജി.ഒ.(എംഎസ്.) 38/2016/നി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീശക്തി ലോട്ടറി ആരംഭിച്ചത്. ഇതിൽ നിന്നുള്ള ലാഭം വിനിയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സമർപ്പിക്കപ്പെടുമ്പോൾ ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## ലോട്ടറി സമ്മാനഘടനയിൽ മാറ്റം

82 (2081) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര സംസ്ഥാന ലോട്ടറികൾ എത്തുന്നതോടെ കേരള ലോട്ടറികളുടെ വിൽപ്പനയെ ബാധിക്കുമെന്നുള്ളത് കണക്കിലെടുത്ത് വിൽപ്പന വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സമ്മാന ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി 2017 ജൂൺ 1-ാം തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി, എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയാക്കി ഏകീകരിച്ചുകൊണ്ടും സമ്മാനയിനത്തിൽ 5 ശതമാനം കൂടി വർദ്ധനവ് വരുത്തിയും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ പരിഷ്കരിച്ചിരുന്നു. എന്നാൽ 1-7-2017 മുതൽ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വരികയും കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിന്മേലുള്ള നികുതി 12 ശതമാനമായി നിജപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് ടിക്കറ്റുകളുടെ മുഖവില 26.8 രൂപയും ജി.എസ്.ടി. ഉൾപ്പെടെ പരമാവധി വില്പന വില 30 രൂപയാക്കി നിശ്ചയിച്ചുകൊണ്ടും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി വീണ്ടും പരിഷ്കരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും 12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലും ആകർഷണീയമായാണ് സമ്മാനഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്. ഇതുകൂടാതെ നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ വില്പന തടയുന്നതിന് കർശനമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## കാരുണ്യ ലോട്ടറി

83 (2082) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ലോട്ടറിയിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക സമാഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതിൽ എത്ര തുക നിർദ്ധനരായ രോഗികൾക്ക് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ ;

(സി) ഒരു റേഷൻ കാർഡിൽ പരമാവധി എത്ര തുകയാണ് നിലവിൽ നൽകുന്നത്;

(ഡി) ഈ തുക വർദ്ധിപ്പിച്ച് നൽകുന്ന വിഷയം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിലൂടെ സമാഹരിച്ച തുക (മൊത്തം വിറ്റുവരവ്) സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | കാരുണ്യ ലോട്ടറി മൊത്തം വിറ്റുവരവ് (കോടി രൂപയിൽ) | കാരുണ്യ പ്ലസ് ലോട്ടറി മൊത്തം വിറ്റുവരവ് (കോടി രൂപയിൽ) |
|---|---|---|
| 2016-17 | 745.97 | 745.31 |
| 2017-18 (5-8-17 വരെ) | 397.69 | 384.66 |
| ആകെ | 1143.66 | 1129.97 |

കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽ നിന്നുള്ള അറ്റാദായമാണ് കാരുണ്യ ചികിത്സാ സഹായത്തിനായി വിനിയോഗിക്കുന്നത്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള അറ്റാദായം യഥാക്രമം ഏകദേശം 231.44 കോടി രൂപ, 221.43 കോടി രൂപ വീതമാണ്.

(ബി) 1-6-2016 മുതൽ 31-7-2017 വരെയുള്ള കാലയളവിൽ 377.89 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മുഖേന വൃക്കരോഗങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 3 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ എന്നിവയ്ക്കും നട്ടെല്ല്/സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾക്കും ഒരു കുടുംബത്തിന് 2 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## മിസോറാം ലോട്ടറി

84 (2083) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതിയുടെ മറവിൽ സംസ്ഥാനത്ത് മിസോറാം ലോട്ടറി വില്പന നടത്തുന്നുണ്ടോ;

(ബി) നമ്മുടെ സംസ്ഥാനത്തുള്ള അനധികൃത ലോട്ടറികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. സർക്കാർ സ്വീകരിച്ച ശക്തമായ നടപടികളെത്തുടർന്ന് മിസോറാം സർക്കാർ കേരളത്തിൽ നടത്തുമെന്ന് അറിയിച്ചിരുന്ന ലോട്ടറി സ്കീമുകൾ പിൻവലിച്ചു.

(ബി) സംസ്ഥാനത്തിനകത്തുള്ള അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനും ലോട്ടറി നിയന്ത്രണ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഇന്റലിജൻസ് എ.ഡി.ജി.പി.-യെ മേധാവിയാക്കി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലകളിൽ ജില്ലാ കളക്ടർമാരെ മേധാവിയാക്കി ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃത ഒറ്റ അക്ക ലോട്ടറി തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ അന്വേഷിക്കുന്നതിനായി സംസ്ഥാനതല മോണിറ്ററിംഗ് സമിതി, സോണൽ തലത്തിൽ ഐ.ജി. ഓഫ് പോലീസ് ക്രൈംസിന്റെ നേതൃത്വത്തിൽ സി.ബി.സി.ഐ.ഡി. ഓഫീസർമാരെ കൂടി ഉൾപ്പെടുത്തി എ.ഡി.ജി.പി. ക്രൈംസിന്റെ മേൽനോട്ടത്തിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികളുടെ ഭീഷണി മറികടക്കുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുടെ മറവിൽ അനധികൃതമായി നടത്താനിടയുള്ള ലോട്ടറി വില്പന തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങളും പരിശോധനകളും ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൂടാതെ, കേരള സംസ്ഥാന ലോട്ടറി ഏജന്റുമാർ സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാൻ പാടുള്ളൂവെന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**കാരുണ്യ ചികിത്സാ സഹായനിധി**

85 (2084) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് , എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ചികിത്സാ പദ്ധതി നടപ്പിലാക്കി വരുന്നത് എന്നറിയിക്കാമോ;

(ബി) കാരുണ്യാ ചികിത്സാ സഹായ നിധി കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട്, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. കൂടാതെ പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും ചികിത്സ ലഭ്യമാണ്. ടി ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇപ്പോൾ പരിഗണിക്കുന്നില്ല.

**ലോട്ടറി വകുപ്പിന്റെ നവീകരണം**

86 (2085) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതര സംസ്ഥാന ലോട്ടറികളുടെ നിയന്ത്രണത്തിനായി സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ലോട്ടറി വകുപ്പിന്റെ നവീകരണത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും ജി.എസ്.ടി. നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും വിട്ടുവീഴ്ചയില്ലാതെ സ്വീകരിക്കുന്നുണ്ട്. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. മിസോറാം സംസ്ഥാനത്തിന്റെ ലോട്ടറി അവരുടെ വിതരണക്കാരായ M/s.Teesta Distributors മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും ഇത്തരം നിയമാനുസൃതമല്ലാത്ത ലോട്ടറികൾ പോലീസ് മുഖാന്തരം പിടിച്ചെടുത്ത് നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വകുപ്പ് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 15 സബ് ഓഫീസുകൾ വിവിധ ജില്ലകളിലായി പ്രവർത്തനമാരംഭിച്ചു. ഈ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി 113 പുതിയ തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1,72,89,000 രൂപയും പ്രതിമാസ ആവർത്തന ചെലവായി 8,46,000 രൂപയും അനുവദിച്ചിട്ടുണ്ട്. വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുകയും കോഴിക്കോട് ആസ്ഥാനമാക്കി ഒരു ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള വിവിധ ഭാഗ്യക്കുറി ഓഫീസുകളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായിട്ടാണ് ഈ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ലോട്ടറി ടിക്കറ്റുകളുടെ അച്ചടി നവീകരിക്കുന്നതിന്റെയും സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെയും ഭാഗമായി കൂടുതൽ സുരക്ഷാ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ നവീകരണത്തിനായി ചുവടെ ചേർക്കുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

വകുപ്പിൽ നിലവിൽ ഉപയോഗത്തിലുള്ള 8 വർഷത്തിലധികം പഴക്കമുള്ള IT ഹാർഡ്‌വെയർ ഉപകരണങ്ങൾ മാറ്റി പുതിയ കമ്പ്യൂട്ടർ ഹാർഡ്‌വെയർ വാങ്ങുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വകുപ്പിൽ കാലാകാലങ്ങളായി ഉപയോഗിക്കുന്ന LIMS സോഫ്റ്റ്‌വെയറിന്റെ പുതിയ പതിപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Online receipt accounting system ആയ www.etreasury.kerala.gov.in. എന്ന പോർട്ടലിന്റെ സഹായത്തോടുകൂടി ഭാഗ്യക്കുറി ഏജന്റുമാർ ഓൺലൈനായി പണം ഒടുക്കുന്ന e-treasury പദ്ധതി നടപ്പിലാക്കുവാൻ www.portal.keralalotteries.in എന്ന പോർട്ടൽ ആരംഭിച്ചു. ഓഫീസിലെ ഫയൽ സംവിധാനം കടലാസ് രഹിതമാക്കുന്നതിനും ഫയലുകളെല്ലാം ഡിജിറ്റലായി കൈകാര്യം ചെയ്യുന്നതിനുമുള്ള ഇ-ഗവേണൻസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനവും ആധാർ അടിസ്ഥാനമാക്കിയുള്ള Biometric Attendance Management System-വും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നടപ്പിലാക്കി.

## സംസ്ഥാന ലോട്ടറിയുടെ പ്രോത്സാഹനത്തിന് നടപടി

87 (2086) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയുടെ പ്രോത്സാഹനത്തിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ ;

(ബി) ഇതര സംസ്ഥാന ലോട്ടറികളെ പ്രോത്സാഹിപ്പിക്കുക എന്നത് സർക്കാരിന്റെ നയമാണോ എന്നറിയിക്കാമോ;

(സി) ഇതരസംസ്ഥാന ലോട്ടറികൾക്ക് സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമോ നിരോധനമോ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതരസംസ്ഥാന ലോട്ടറികൾ നിയന്ത്രിക്കുന്നതിനോ നിരോധിക്കുന്നതിനോ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന ലോട്ടറികളുടെ പ്രോത്സാഹനത്തിന് വേണ്ടി പുതുതായി 15 സബ് ഓഫീസുകൾ കൂടി വിവിധ ജില്ലകളിലായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി 113 പുതിയ തസ്തികകൾ കൂടി അനുവദിച്ചിട്ടുണ്ട്. 50 രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യ പ്ലസ്, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവിലകൂടി 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില ഏകീകരിക്കുകയും സമ്മാനത്തിൽ 5 ശതമാനം കൂടി വർദ്ധനവ് വരുത്തിക്കൊണ്ടും സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയും 1-6-2017-ാം തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ പരിഷ്കരിച്ചിരുന്നു. 1-7-2017 മുതൽ കേരള സംസ്ഥാന ഭാഗ്യക്കുറിയിന്മേൽ 12% ജി.എസ്.ടി. നിലവിൽ വന്നതിനെ തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8 രൂപയായും ചരക്കുസേവന നികുതി ചേർത്ത് പരമാവധി വിൽപ്പനവില 30 രൂപയാക്കി നിജപ്പെടുത്തിക്കൊണ്ടും 50%-ത്തിനു മുകളിൽ സമ്മാനത്തുക അനുവദിച്ചുകൊണ്ടും 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ വീണ്ടും പരിഷ്കരിച്ചിട്ടുണ്ട്. ഇതിനുപുറമെ വിപണിയിലെ ഡിമാന്റിന് അനുസൃതമായി ടിക്കറ്റ് അച്ചടി ക്രമേണ വർദ്ധിപ്പിച്ച് വരുന്നുണ്ട്.

(ബി) സർക്കാരിന്റെ നയമല്ല.

(സി&ഡി) നിയന്ത്രണം നിലവിലുണ്ട്. കേന്ദ്രസർക്കാരിന്റെ 1998-ലെ ലോട്ടറി റെഗുലേഷൻ അക്ട്, 2010-ലെ ലോട്ടറി റൂൾ എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന റൂളുകളും വ്യവസ്ഥകളും കർശനമായി പാലിച്ചു മാത്രമേ സംസ്ഥാനത്തിനകത്ത് ലോട്ടറി നടത്തിപ്പ് സാദ്ധ്യമാവുകയുള്ളൂ. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും ജി.എസ്.ടി. നിയമപ്രകാരമുള്ള നിയന്ത്രണങ്ങളും കർശനമായി സ്വീകരിക്കുന്നുണ്ട്. ആയത് കൂടാതെ കേരള ഭാഗ്യക്കുറി ഏജന്റുമാർ അന്യസംസ്ഥാന ലോട്ടറി വിതരണം, വിൽപ്പന എന്നീ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാൽ ഏജൻസി റദ്ദുചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ, പരിശോധനകൾ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവ്

88 (2087) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-2017-ലെ സംസ്ഥാന ഭാഗ്യക്കുറിയുടെ ആകെ വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 2016-2017-ൽ വിവിധ ഭാഗ്യക്കുറികളിൽ നൽകിയ സമ്മാനത്തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) 2016-2017-ൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ അറ്റ ലാഭം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) 2017-2018-ലെ പ്രതീക്ഷിത വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ സംസ്ഥാന ഭാഗ്യക്കുറിയുടെ ആകെ വിറ്റുവരവ് 7394.90 കോടി രൂപയാണ്.

(ബി) 2016-17 സാമ്പത്തികവർഷം വിവിധ ഭാഗ്യക്കുറികളിലായി സമ്മാനയിനത്തിൽ ആകെ 3016.71 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം വകുപ്പിന്റെ ലാഭം 1691.05 കോടി രൂപയാണ്.

(ഡി) 2017-18 സാമ്പത്തികവർഷത്തിൽ ഭാഗ്യക്കുറി വകുപ്പിലെ പ്രതീക്ഷിത വിറ്റുവരവ് ഏകദേശം 9000 കോടി രൂപയാണ്.

## ലോട്ടറി ടിക്കറ്റുകൾക്ക് സുരക്ഷാ സംവിധാനം

89 (2088) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയുടെ വ്യാജ ടിക്കറ്റുകൾ ഹാജരാക്കി സമ്മാനത്തുക കരസ്ഥമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ ലോട്ടറി ടിക്കറ്റുകൾ തടയുന്നതിന് സുരക്ഷാസംവിധാനം ശക്തമാക്കിയിട്ടുണ്ടോ; ഏതൊക്കെ പുതിയ സംവിധാനങ്ങളാണ് ഭാഗ്യക്കുറി ടിക്കറ്റുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) ഏജന്റുമാർ സമ്മാനം വിതരണം ചെയ്യുന്ന കേസ്സുകളിൽ ഇത്തരം പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമ്മാനാർഹമായ ടിക്കറ്റുകളുടെ ഫോട്ടോകോപ്പി നൽകിയാണ് വില്പനക്കാർ/ഏജന്റുമാർ എന്നിവരിൽ നിന്നും സമ്മാനത്തുക കൈക്കലാക്കുന്നത്. ഇത് തടയുന്നതിനായി നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ്, കടക്കുറ്റിയുമായി യോജിപ്പിക്കൽ എന്നീ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ Microprinting, Opaque text, guilloche, Relief printing എന്നീ അധിക സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് കള്ളത്തരം കണ്ടുപിടിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും പരിശീലനം നൽകിവരുന്നു.

## സ്വകാര്യ ആശുപത്രികളെ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

90 (2089) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികളേയും ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഉൾപ്പെടെ നടത്തുന്ന സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ഓപ്പറേഷന് വിധേയരാകുന്നവർക്കും പ്രസ്തുത ആശുപത്രി പട്ടികയിൽ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ ആനുകൂല്യം നിഷേധിക്കുന്നതായ പ്രശ്നത്തിന് പരിഹാരം കാണുമോ?

ഉത്തരം

(എ) കൂടുതൽ ആശുപത്രികളെ അക്രഡിറ്റ് ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ മാനദണ്ഡപ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് മാത്രമേ നിലവിൽ ടി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാൻ കഴിയുകയുള്ളു.

**ഇതര സംസ്ഥാന ലോട്ടറി വില്പനയ്ക്ക് നിയന്ത്രണം**

91 (2090) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ, ഇതര സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരം നൽകുന്നുണ്ടോ; വിശദമാക്കാമോ ;

(ബി) ഇതര സംസ്ഥാന ലോട്ടറി വില്പനയ്ക്ക് നിയന്ത്രണമേർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കാമോ;

(സി) ഇതര സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് അനുവദിക്കുന്നതിലൂടെ എന്തെല്ലാം സാമ്പത്തിക പ്രത്യാഘാതങ്ങളാണ് സംസ്ഥാനം നേരിടുന്നത്; ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ 1998-ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010-ലെ ലോട്ടറി റൂൾസ് എന്നിവ പ്രകാരം നിഷ്കർഷിക്കുന്ന റൂളുകളും വ്യവസ്ഥകളും കർശനമായി പാലിച്ചു മാത്രമേ സംസ്ഥാനത്തിനകത്ത് ലോട്ടറി വിൽപ്പന നടത്താൻ സാധിക്കുകയുള്ളൂ. നിയമവിധേയമല്ലാത്ത മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നത് നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

(ബി) കേരള ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ഓർഡിനൻസ് 2017 സെക്ഷൻ 164-ന്റെ അടിസ്ഥാനത്തിൽ ജൂലൈ 27-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 93/2017/ടാക്സസ് പ്രകാരം ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെടുത്തി റൂൾ ഭേദഗതി ചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതര സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കാൻ അനുവദിച്ചാൽ സംസ്ഥാനത്തിന് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ഭാഗ്യക്കുറിയിലൂടെ ലഭിക്കേണ്ട വരുമാനത്തെ അത് ദോഷകരമായി ബാധിക്കും. കൂടാതെ ലാഭം മാത്രം ലക്ഷ്യമാക്കി നിയമവിധേയമല്ലാത്ത മാർഗ്ഗങ്ങളിലൂടെയുള്ള ഇതര സംസ്ഥാന ലോട്ടറി നടത്തിപ്പ് സംസ്ഥാനത്തിനകത്ത് സാമൂഹിക അരക്ഷിതാവസ്ഥയും സൃഷ്ടിക്കും.

**ഇതര സംസ്ഥാന ലോട്ടറികളുടെ വ്യാജ വിൽപ്പന**

92 (2091) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വ്യാജമായി വിറ്റഴിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറിയുടെ ഭീഷണി മറികടക്കുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും പ്രകാരം കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1998-ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010-ലെ ലോട്ടറി റെഗുലേഷൻ റൂൾ എന്നിവ പ്രകാരം സംസ്ഥാനത്തിനകത്ത് സിക്കിം ലോട്ടറിയുടെ വിൽപ്പന 2013 മുതൽ കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ളതാകുന്നു. ജി.എസ്.ടി.-യുടെ മറവിൽ സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികളുടെ പ്രവർത്തനം തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/ പരിശോധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ലോട്ടറി ഏജന്റുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാൻ പാടുള്ളൂവെന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. ജി.എസ്.ടി.യുടെ മറവിൽ മിസോറാം ലോട്ടറി അവരുടെ വിതരണക്കാരായ M/s.Teesta Distributors മുഖേന റൂളുകൾ ലംഘിച്ച് വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം കേന്ദ്ര ആഭ്യന്തര വകുപ്പിനെയും മിസോറാം സർക്കാരിനെയും അറിയിക്കുകയുണ്ടായി. നിയമാനുസൃതമല്ലാത്ത ഇത്തരം ടിക്കറ്റുകൾ പോലീസ് മുഖാന്തരം പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മിസോറാം സർക്കാർ കേരളത്തിനകത്തെ ലോട്ടറി നടത്തിപ്പിൽ നിന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പിന്മാറിയതായി സംസ്ഥാന സർക്കാരിനെയും മാധ്യമങ്ങളെയും അറിയിച്ചിട്ടുണ്ട്.

## ഭാഗ്യക്കുറി മേഖലയെ കരകയറ്റാനായുള്ള പരിഷ്കാരങ്ങൾ

93 (2092) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടുനിരോധനം തകർച്ചയിലാക്കിയ ഭാഗ്യക്കുറി മേഖലയെ കരകയറ്റാനായി നടത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചരക്ക് സേവന നികുതി ഓർഡിനൻസ് പ്രകാരം 2005-ലെ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് റദ്ദായതിനാൽ ഇതര സംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിക്കാനായി പുതുതായി നിയമ നിർമ്മാണം നടത്തുമോ; സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തനം ആരംഭിച്ച മിസോറാം ലോട്ടറി നിരോധിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഒറ്റ നമ്പർ ലോട്ടറികളെയും വ്യാജ ലോട്ടറികളെയും തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെയും വില 30 രൂപയാക്കി ഏകീകരിക്കുകയും സമ്മാനഘടനകൾ ആകർഷകമായി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി പരസ്യചിത്രങ്ങൾ നിർമ്മിച്ച് പ്രമുഖ ടി.വി ചാനലുകളിലും സിനിമാ തിയേറ്ററുകളിലും പ്രദർശിപ്പിക്കുകയുണ്ടായി. പ്രമുഖ ദിനപത്രങ്ങൾ, എഫ്.എം. ചാനലുകൾ എന്നിവ വഴിയും പരസ്യം നൽകി വരുന്നു.

(ബി) കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ സംസ്ഥാനത്ത് ലോട്ടറികൾ നടത്താനാകൂ എന്ന് എസ്.ജി.എസ്.ടി. നിയമത്തിലും ചട്ടങ്ങളിലും കർശന വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ട്. ജി.എസ്.ടി.-യുടെ മറവിൽ മിസോറാം ലോട്ടറി, തങ്ങളുടെ വിതരണക്കാരായ M/s.Teesta Distributors മുഖേന ചട്ടങ്ങൾ ലംഘിച്ച് വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം കേന്ദ്ര ആഭ്യന്തര വകുപ്പിനെയും മിസോറാം സർക്കാരിനെയും അറിയിക്കുകയുണ്ടായി. അതുകൂടാതെ, ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/പരിശോധനകൾ എന്നിവ കൊണ്ടു വരികയും സംസ്ഥാന ലോട്ടറി ഏജന്റുമാർ സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ

വിൽക്കാൻ പാടുള്ളുവെന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. അനധികൃതമായി കടത്തിക്കൊണ്ടുവന്ന മിസോറാം ലോട്ടറി ടിക്കറ്റുകൾ പിടിച്ചെടുക്കുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. സംസ്ഥാനം കേന്ദ്രത്തിന് നടപടിയാവശ്യപ്പെട്ട് കത്തയയ്ക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് മിസോറാം സർക്കാർ അവരുടെ ലോട്ടറി സ്കീം കേരളത്തിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

(സി) ഒറ്റനമ്പർ ലോട്ടറികളെയും വ്യാജ ലോട്ടറികളെയും തടയുന്നതിനായി ഇന്റലിജൻസ് എ.ഡി.ജി.പി.-യെ മേധാവിയാക്കി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലകളിൽ ജില്ലാ കളക്ടർമാരെ മേധാവിയാക്കി ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വകുപ്പിൽ ലഭിക്കുന്ന അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ്, കടക്കറ്റിയുമായി യോജിപ്പിക്കൽ എന്നീ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ വ്യാജ ഭാഗ്യക്കുറി ടിക്കറ്റുകൾ തടയുന്നതിനായി Microprinting, Opaque text, guilloche, Relief printing എന്നീ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗ്യക്കുറി വിൽപ്പന രംഗത്തുണ്ടായ മാറ്റങ്ങൾ

94 (2093) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭാഗ്യക്കുറിവിൽപ്പന രംഗത്ത് ഉണ്ടായ കാതലായ മാറ്റങ്ങൾ വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. ഭാഗ്യക്കുറിവിൽപ്പന രംഗത്തുണ്ടാക്കിയ ഗുണദോഷഫലങ്ങൾ വിശദീകരിക്കാമോ;

(സി) വാറ്റ് നികുതി ഘടനയിലെയും ജി.എസ്.ടി. നികുതി ഘടനയിലെയും കേരള സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനരംഗത്തെ താരതമ്യം വിശദീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി കേരള സംസ്ഥാന ഭാഗ്യക്കുറികൾക്ക് 1-7-2017 മുതൽ 12 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1-7-2017 മുതൽ 14-7-2017 വരെയുള്ള പ്രതിവാര

ഭാഗ്യക്കുറി നറുക്കെടുപ്പുകൾക്കും 19-7-2017-ലെ മൺസൂൺ ബമ്പർ ഭാഗ്യക്കുറിക്കും 6 ശതമാനം ജി.എസ്.ടി. തുക മാത്രം ഏജന്റുമാരിൽ നിന്ന് ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി. ഈടാക്കിത്തുടങ്ങിയ ഘട്ടത്തിൽ ടിക്കറ്റ് വിൽപ്പനയിൽ ചെറിയ കുറവുണ്ടായെങ്കിലും ഏജന്റുമാരുടെ ആശങ്കകൾ ദുരീകരിക്കാൻ സാധിച്ചതുവഴി പിന്നീട് വിൽപ്പന പൂർവ്വസ്ഥിതിയിലായിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പിലായതോടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന Tax on Paper Lotteries Act അസാധുവായി. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലുണ്ടായിരുന്ന ചില അധികാരങ്ങൾ ഇതുമൂലം ഇല്ലാതായി. എന്നാൽ എസ്.ജി.എസ്.ടി. നിയമത്തിലും ചട്ടങ്ങളിലും ലോട്ടറി സംബന്ധിച്ച കർശന വ്യവസ്ഥകൾ ചേർത്ത് ലോട്ടറികൾ നിയമത്തിനും ചട്ടത്തിനും അനുസരിച്ച് മാത്രമേ നടത്തുവാൻ കഴിയൂ എന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12 ശതമാനവും സർക്കാർ അംഗീകൃത ലോട്ടറികൾക്ക് 28 ശതമാനവുമാണ് ജി.എസ്.ടി. നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 28 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയത് അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ നിർബാധമുള്ള കടന്നുവരവിന് സഹായകമാവുന്നതല്ല എന്നുള്ളതാണ് ഗുണകരമായിട്ടുള്ളത്.

(സി) കേരള സംസ്ഥാന ഭാഗ്യക്കുറികൾക്ക് വാറ്റ് നികുതി ഘടന നിലവിലില്ലാതിരുന്നതിനാൽ ഇവ തമ്മിലുള്ള താരതമ്യം സാധ്യമാകുന്നതല്ല.

## വ്യാജലോട്ടറി

95 (2094) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ ലോട്ടറികളുടെ വ്യാജ ടിക്കറ്റ് ഇതര സംസ്ഥാനങ്ങളിൽ വിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സർക്കാർ ലോട്ടറികളുടെ വ്യാജ ടിക്കറ്റ് വിൽപ്പന തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വ്യാജ ടിക്കറ്റ് വിൽപ്പനമൂലം ഉണ്ടാകുന്ന റവന്യൂ നഷ്ടം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) കേരള സർക്കാരിന്റെ ഔദ്യോഗിക മുദ്രയും ലോട്ടറിയുടെ ടൈറ്റിലും ദുർവിനിയോഗം ചെയ്ത് ഫെയ്സ്ബുക്ക്/വാട്ട്സ്ആപ് എന്നീ സാമൂഹ്യ മാധ്യമങ്ങളിലൂടെ മൂന്നക്ക നമ്പർ ചൂതാട്ടം ഇതര സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും ഉത്തർപ്രദേശിലും

നടക്കുന്നതായുള്ള മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നതിന് ഡി.ജി.പി.-ക്കും എ.ഡി.ജി.പി.(സി.ബി.സി. ഐ.ഡി.)-ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വ്യാജ ടിക്കറ്റ് വില്പന തടയുന്നതിനായി ഇന്റലിജൻസ് എ.ഡി.ജി.പി.-യെ മേധാവിയാക്കി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും ജില്ലകളിൽ ജില്ലാ കളക്ടർമാരെ മേധാവിയാക്കി ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾക്കും രൂപം നൽകിയിട്ടുണ്ട്. ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഡയറക്ടറേറ്റിൽ ലഭിക്കുന്ന അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ്, കടക്കുറ്റിയുമായി യോജിപ്പിക്കൽ എന്നീ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമേ Microprinting, Opaque text, guilloche, Relief printing എന്നീ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വ്യാജ ടിക്കറ്റ് വിൽപ്പന സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയെ ബാധിക്കുന്നതായോ അതുമൂലം റവന്യൂ നഷ്ടം ഉണ്ടായതായോ കണ്ടെത്തിയിട്ടില്ല.

## വ്യാജ ലോട്ടറി ടിക്കറ്റ്

96 (2095) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വ്യാജ ലോട്ടറി ടിക്കറ്റുകൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഒറ്റനമ്പർ/മൂന്നക്ക നമ്പർ ലോട്ടറി ചൂതാട്ടം, സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ ഫോട്ടോസ്റ്റാറ്റുകൾ, വ്യാജ പ്രിന്റുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ അനധികൃത ലോട്ടറി വിൽക്കുന്നുവെന്ന പരാതി സംബന്ധിച്ച് ലോട്ടറി വകുപ്പ് നൽകിയ പരാതിയിൽ സംസ്ഥാന പോലീസ് കർശനമായ നടപടി സ്വീകരിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 കാലയളവിൽ 74 കേസ്സുകളും 2017-18 കാലയളവിൽ ഇതുവരെ 23 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ഇന്റേണൽ ഓഡിറ്റ്

97 (2096) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്റേണൽ ഓഡിറ്റ് നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) ഇതുപ്രകാരം കൃത്യമായി ഇന്റേണൽ ഓഡിറ്റ് വർഷാവർഷം നടത്തുന്ന സ്ഥാപനങ്ങൾ/വകുപ്പുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഇലക്ഷൻ വകുപ്പിൽ ഇന്റേണൽ ഓഡിറ്റ് ഏത് വർഷം വരെ കൃത്യമായി നടത്തിയിട്ടുണ്ട്; പ്രസ്തുത വകുപ്പിൽ ഇത് കൃത്യമായി നടത്താത്തത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ എന്തെങ്കിലും പരാമർശം നടത്തിയിരുന്നോ; എങ്കിൽ വിശദ വിവരം നൽകുമോ;

(ഡി) പ്രസ്തുത വകുപ്പിൽ ഏതൊക്കെ താലൂക്കുകളെ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ഇ) ഓഡിറ്റിംഗ് കൃത്യമായി നടത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; സമയബന്ധിതമായി ഓഡിറ്റിംഗ് നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സർക്കാർ വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തണമെന്നത് സംബന്ധിച്ച് 19-12-2003-ലെ 96/2003/ധന. 10-6-2005-ലെ 32/2005/ധന സർക്കുലറുകൾ പ്രകാരവും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ അക്കൗണ്ടുകൾ എല്ലാ വർഷവും ഓഡിറ്റ് ചെയ്ത് ഫൈനലൈസ് ചെയ്യണമെന്നും അതിനുമുമ്പായി ഇന്റേണൽ ഓഡിറ്റ് നടത്തിയിരിക്കണമെന്നും 6-5-1991-ലെ 21295/ബി.പി.ഇ.2/90/പ്ലാനിംഗ് സർക്കുലർ പ്രകാരവും വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ലാൻഡ് റവന്യൂ, സ്റ്റേഷനറി, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ്, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്, എക്സൈസ്, കൊളീജിയേറ്റ് എഡ്യൂക്കേഷൻ, ഡയറി ഡെവലപ്മെന്റ്, അഗ്രികൾച്ചർ, പ്രിസൺ, ടെക്നിക്കൽ എഡ്യൂക്കേഷൻ, ഹെൽത്ത് സർവ്വീസ്, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രജിസ്ട്രേഷൻ, ഫോറസ്റ്റ്, ലാന്റ് ബോർഡ്, സിവിൽ സപ്ലൈസ്, സ്റ്റേറ്റ് ഓഡിറ്റ്, മ്യൂസിയം & സൂ, സൈനികക്ഷേമം, സംസ്ഥാന ജലഗതാഗത വകുപ്പ്, ഡ്രഗ്സ് കൺട്രോളർ, ഇൻഡസ്ട്രീസ് & കോമേഴ്സ്,

മെഡിക്കൽ എജ്യൂക്കേഷൻ, സംസ്ഥാന ലോട്ടറി വകുപ്പ്, എൻ.സി.സി. ഡയറക്ടറേറ്റ് എന്നീ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ആഭ്യന്തര പരിശോധന റിപ്പോർട്ടുകൾ സർക്കാരിലേക്ക് ലഭിച്ചുവരാറുണ്ട്. കൂടാതെ മൃഗസംരക്ഷണം, എക്സൈസ്, സർവ്വേയും ഭൂരേഖയും, പട്ടികവർഗ്ഗ വികസനം, പട്ടികജാതി വികസനം, ജലസേചനം, ആർക്കൈവ്സ്, തൊഴിൽ, വിനോദസഞ്ചാരം, സഹകരണം, മോട്ടോർ വെഹിക്കിൾസ്, കെമിക്കൽ എക്സാമിനേഴ്സ്, ഗ്രാമവികസനം, സാംസ്കാരികം, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം, ലീഗൽ മെട്രോളജി, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എംപ്ലോയ്മെന്റ്, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, പൊതുവിദ്യാഭ്യാസം, കയർ വികസനം, സംസ്ഥാന ആസൂത്രണ ബോർഡ്, തുറമുഖം, ഹോമിയോപ്പതി, മൈനിംഗ് ആന്റ് ജിയോളജി, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, അഡ്വക്കേറ്റ് ജനറൽ, സാമൂഹ്യനീതി, ഹാർബർ, കൈത്തറി ആന്റ് ടെക്സ്റ്റൈൽസ്, ഫിഷറീസ്, ഫയർ ആന്റ് റെസ്ക്യൂ, ടൗൺ പ്ലാനിംഗ്, തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, പഞ്ചായത്ത്, ഭൂജലം, ഭക്ഷ്യസുരക്ഷ എന്നീ വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് നടക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കേരള ക്ലെയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, ദ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ദ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ദ ട്രാവൻകൂർ ഷുഗർസ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, ദ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, ദ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ഓട്ടോകാസ്റ്റ് ലിമിറ്റഡ്, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, ദ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, ദ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരള, വാഴക്കുളം അഗ്രോ ആന്റ് ഫുഡ് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ്, കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്നീ പൊതു മേഖലാ സ്ഥാപനങ്ങളിലും ഇന്റേണൽ ഓഡിറ്റ് നടക്കുന്നുണ്ട്.

(സി) 2014-15, 2015-16 വർഷങ്ങളിലായി 26 താലൂക്കുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഇലക്ഷൻ വകുപ്പിൽ പൂർണ്ണമായ ഇന്റേണൽ ഓഡിറ്റ് നടത്തുന്നതിന് 7 വർഷത്തെ ഷോട്ട് ഫാൾ ഉണ്ടായിട്ടുണ്ട്. ടി വകുപ്പിൽ 2016-ൽ ഓഡിറ്റ് നടത്തിയതുമായി ബന്ധപ്പെട്ട റിപ്പോർട്ടിലാണ് അക്കൗണ്ടന്റ് ജനറൽ ഈ കാര്യം പരാമർശിച്ചത്.

(ഡി)2014-15 2015-16 വർഷങ്ങളിൽ കാസർഗോഡ്, തലശ്ശേരി, കണ്ണൂർ, മാനന്തവാടി, സുൽത്താൻബത്തേരി, വടകര, കോഴിക്കോട്, തിരൂരങ്ങാടി, തിരൂർ, മണ്ണാർക്കാട്, പാലക്കാട്, തൃശ്ശൂർ, കൊച്ചി, കണയന്നൂർ, തൊടുപുഴ, കോട്ടയം, ചെങ്ങന്നൂർ, അമ്പലപ്പുഴ, തിരുവല്ല, റാന്നി, കരുനാഗപ്പള്ളി, കൊല്ലം, ചിറയിൻകീഴ്, നെയ്യാറ്റിൻകര, നെടുമങ്ങാട്, തിരുവനന്തപുരം എന്നീ താലൂക്കുകളെ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്.

(ഇ) ഒരേ വകുപ്പിന് കീഴിലുള്ള സബ് ഓഫീസുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തുന്നത് അതാത് വകുപ്പുകളിൽ തന്നെ രൂപീകരിച്ചിട്ടുള്ള ആഭ്യന്തര പരിശോധന സംവിധാനം മുഖേനയാണ്. ഈ സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി 10-8-2017-ലെ 64/2017/ധന സർക്കുലർ പ്രകാരം ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടുകൾ ധനവകുപ്പിന്റെ പരിശോധനയ്ക്കായി ലഭിക്കാത്ത വകുപ്പുകളുടെ പട്ടിക ഉൾപ്പെടുത്തുകയും പ്രസ്തുത വകുപ്പ് മേധാവികൾക്ക് ഇന്റേണൽ ഓഡിറ്റ് കൃത്യമായി നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേശീയ ഗെയിംസിലെ ക്രമക്കേടുകൾ**

98 (2097) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടന്ന ദേശീയ ഗെയിംസിലെ ക്രമക്കേടുകളെക്കുറിച്ച് ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ തുടരന്വേഷണം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ എത്ര രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഏതൊക്കെ ഉദ്യോഗസ്ഥരിലാണ് ബാധ്യത ചുമത്തിയിട്ടുള്ളതെന്നും എത്ര തുക വീതമാണ് ചുമത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ഇനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; ക്രമക്കേടുകളെക്കുറിച്ച് വിശദമായി അന്വേഷിക്കാൻ വിജിലൻസിനെയോ മറ്റേതെങ്കിലും ഏജൻസിയെയോ ചുമതലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-സി) 35-ാമത് ദേശീയ ഗെയിംസിന്റെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ നടന്നതായി പ്രത്യേക പരാമർശമില്ലെങ്കിലും 24.89 കോടി രൂപയുടെ അധിക നഷ്ടം/പാഴ്ച്ചെലവ് ഉണ്ടായതായി ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള കായിക യുവജനകാര്യ വകുപ്പിന്റെ നടപടി റിപ്പോർട്ടിന്മേൽ ആഡിറ്റ് ഡയറക്ടർ തുടർ പരാമർശങ്ങൾ 16-8-2017-ലെ കത്തുപ്രകാരം കായിക യുവജനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

(ഡി) ദേശീയ ഗെയിംസ് നടത്തിപ്പിൽ അഴിമതി നടന്നതായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയിന്മേൽ സി.ബി.ഐ. അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായതായും സി.ബി.ഐ. വിശദമായ പരിശോധനകൾക്കുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ അഴിമതി നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ആഡിറ്റ് ഡയറക്ടർ 16-8-2017-ൽ കായിക യുവജനകാര്യ വകുപ്പിൽ സമർപ്പിച്ച തുടർ പരാമർശങ്ങൾ പരിശോധിച്ച് നടപടി കൈക്കൊള്ളേണ്ടതുണ്ട്.

**കെ.എസ്.എഫ്.ഇ. പുതുതായി ആരംഭിച്ച ശാഖകൾ**

99 (2098) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മുതൽ കെ.എസ്.എഫ്.ഇ. പുതുതായി ആരംഭിച്ച ശാഖകളുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ശാഖകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതിയ ശാഖകൾ ആരംഭിച്ച് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) പുതിയ ശാഖകൾ അനുവദിക്കുന്നതിലെ മാനദണ്ഡം വ്യക്തമാക്കാമോ; ഓരോ പഞ്ചായത്തിലും ഓരോ ശാഖ ആരംഭിച്ച് പ്രവർത്തനം വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2014 സാമ്പത്തികവർഷം മുതൽ കെ.എസ്.എഫ്.ഇ. പുതുതായി 80 ശാഖകൾ ആരംഭിച്ചിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | തസ്തിക | സൃഷ്ടിച്ച തസ്തികളുടെ എണ്ണം |
|---|---|---|
| 1 | മാനേജർ | 80 |
| 2 | അസിസ്റ്റന്റ് മാനേജർ | 56 |
| 3 | അസിസ്റ്റന്റ് | 80 |
| 4 | ഓഫീസ് അറ്റൻഡന്റ് | 80 |
| 5 | പാർട്ട് ടൈം സ്വീപ്പർ | 80 |

(സി&ഡി) ഓരോ പ്രദേശത്തിന്റെയും സാമ്പത്തിക സ്വഭാവം പഠിച്ച് തയ്യാറാക്കുന്ന ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ അനുവദിക്കുന്നത്. ഓരോ പഞ്ചായത്തിലും ഓരോ ശാഖ എന്നത് കെ.എസ്.എഫ്.ഇ.-യുടെ ആസന്ന ലക്ഷ്യമല്ല.

**കെ.എസ്.എഫ്.ഇ.-യിലെ ഒഴിവുകൾ**

100 (2099) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിൽ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന തീയതി വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ ഏതെല്ലാം തസ്തികകളിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്; തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) ആശ്രിത നിയമന വ്യവസ്ഥയിൽ 2014 ഏപ്രിൽ ഒന്ന് മുതൽ നിയമനം നേടിയവരുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; എത്ര ശതമാനം ഒഴിവുകളാണ് ഇത്തരത്തിൽ നികത്തപ്പെടുന്നതിന് വ്യവസ്ഥയുള്ളത്; വിശദാംശം നൽകുമോ;

(ഡി) ഏതൊക്കെ തസ്തികകളിൽ എത്ര പേർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഇ) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികയിലും പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരുടെ എണ്ണവും വിരമിച്ച ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യിലെ എൻട്രി കേഡർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരം തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം | നിലവിൽ വന്ന തീയതി |
|---|---|---|---|
| 1 | മാനേജർ ഗ്രേഡ് IV (Spl.Recruitment for SC/ST) | 3 | 1 - 31-12-2015<br>2 - 31-3-2016 |
| 2 | അസിസ്റ്റന്റ് | 110 | 5 - 12-7-2011<br>1 - 9-12-2011<br>103-3-5-2017<br>1 - 31-5-2017 |
| 3 | ഓഫീസ് അറ്റൻഡന്റ് | 144 | 2 - 20-6-2014<br>1 - 4-1-2016<br>16 - 21-4-2017<br>9 - 31-5-2017<br>116 - 8-6-2017 |
| 4 | ഡ്രൈവർ | 2 | 2- 30-11-2016 |

(ബി) നിയമനം നടത്തിയത് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ആകെ നിയമനങ്ങളുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് | 969 |
| 2 | ഓഫീസ് അറ്റൻഡന്റ് | 201 |
| 3 | പാർട്ട് ടൈം സ്വീപ്പർ | 62 |

(സി) ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തിക | നിയമനങ്ങളുടെ എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് | 11 |
| 2 | ഓഫീസ് അറ്റൻഡന്റ് | 7 |
| 3 | പാർട്ട് ടൈം സ്വീപ്പർ | 2 |

പൊതുമേഖലാ സ്ഥാപനങ്ങളിൽ ആശ്രിത നിയമന വ്യവസ്ഥ വഴി നടത്തുന്ന നിയമനങ്ങളുടെ ശതമാനം നിശ്ചയിച്ചിട്ടില്ല.

(ഡി) കെ.എസ്.എഫ്.ഇ. കരാർ അടിസ്ഥാനത്തിൽ 6 സെക്യൂരിറ്റി ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്.

(ഇ) ആവശ്യപ്പെട്ട വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തിക | നിയമനം ലഭിച്ചവരുടെ എണ്ണം | വിരമിച്ച വരുടെ എണ്ണം |
|---|---|---|---|
| 1 | അസിസ്റ്റന്റ് ജനറൽ മാനേജർ | 0 | 3 |
| 2 | മാനേജർ | 8 | 109 |
| 3 | അസിസ്റ്റന്റ് മാനേജർ | 0 | 134 |
| 4 | അസിസ്റ്റന്റ് | 1579 | 44 |
| 5 | ഓഫീസ് അറ്റൻഡന്റ് | 514 | 38 |
| 6 | ഡ്രൈവർ | 1 | 3 |

## കെ.എസ്.എഫ്.ഇ.-യിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

101 (2100) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പെൻഷൻ പ്രായം വർധിപ്പിച്ച നടപടി സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് കോടതി നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കോടതി ഉത്തരവ് പ്രകാരം പിരിച്ചുവിട്ട ജീവനക്കാരുടെ എല്ലാ ഒഴിവുകളും അതത് റാങ്ക് ലിസ്റ്റ് കാലാവധിക്കുള്ളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദേശം കെ.എസ്.എഫ്.ഇ.-യിൽ പാലിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം തസ്തികകളിൽ എന്നുവരെയുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അംഗീകരിച്ചിട്ടില്ല.

(ബി) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം വിരമിക്കൽ പ്രായമായ 58 വയസ്സിനുശേഷവും കമ്പനിയിൽ തുടർന്നവരെ ഒഴിവാക്കിയിട്ടുണ്ട്.

(സി) കെ.എസ്.എഫ്.ഇ.-യിലെ എൻട്രി കേഡർ തസ്തികകളായ ഓഫീസ് അറ്റൻഡന്റ്, അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് ആറ് മാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ് പുനരവലോകനങ്ങൾ ആധാരമാക്കിയാണ്. എങ്കിലും ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒഴിവുകൾ പുനർനിർണ്ണയിക്കുകയും 116 പുതിയ ഒഴിവുകൾ 8-6-2017-ൽ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ഇതിൽ കോടതി ഉത്തരവുപ്രകാരം കമ്പനിയിൽ തുടർന്ന ഓഫീസ് അറ്റൻഡന്റുമാരെ പിരിച്ചുവിടുന്നതുമൂലം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകളും ഉൾപ്പെടുത്തിയിരുന്നു.

(ഡി&ഇ) ഉണ്ട്. കെ.എസ്.എഫ്.ഇ.-യിലെ എൻട്രി കേഡർ തസ്തികകളിലെ 2015 കലണ്ടർ വർഷം വരെയുള്ള വിരമിക്കൽമൂലമുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും നിയമന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ വിരമിക്കൽ പ്രായം സംബന്ധിച്ച അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ വിരമിക്കുന്നവരുടെ എണ്ണം കണക്കാക്കാൻ നിർവ്വാഹമുണ്ടായിരുന്നില്ല.

## കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തിക

102 (2101) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിൽ, ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 110 എൻ.ജെ.ഡി. ഒഴിവുകളുണ്ട്.

(ബി) മേൽ സൂചിപ്പിച്ച 110 എൻ.ജെ.ഡി. ഒഴിവുകളിലേക്കും പി.എസ്.സി. ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രസ്തുത 110 ഉദ്യോഗാർത്ഥികൾക്കും 17-8-2017-ൽ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിച്ചുകൊണ്ട് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

103 (2102) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന പദ്ധതികൾക്ക് ധനസഹായത്തിനായി രൂപം നൽകിയ കിഫ്ബിക്ക് പണം കണ്ടെത്തുന്നതിന്, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ ഇതിനകം ചിട്ടിയിൽ അംഗങ്ങളായി;

(ബി) സംസ്ഥാനത്തെ കെ.എസ്.എഫ്.ഇ.യുടെ എത്ര ബ്രാഞ്ചുകളിലാണ് പ്രവാസി ചിട്ടി ആരംഭിക്കുന്നത്;

(സി) പ്രസ്തുത ചിട്ടിയിൽ ചേരുന്നവർക്കെല്ലാം ഇൻഷ്വറൻസും, പെൻഷനും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പ്രവാസി ചിട്ടി ആരംഭിച്ചിട്ടില്ല. ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രവാസി ചിട്ടി ശാഖകളെ ആശ്രയിച്ചല്ല, കേന്ദ്രീകൃതമായ ഒരു പ്രതീതി ശാഖ (Virtual Branch) രൂപീകരിച്ച് പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത സംവിധാനത്തിലാണ് പ്രവാസി ചിട്ടികൾ നടത്തുക. എല്ലാ ശാഖകളും പ്രവാസിച്ചിട്ടികളുടെ കച്ചവട വികസനത്തിനുവേണ്ടിയുള്ള കേന്ദ്രങ്ങളായിരിക്കും.

(സി) പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ. അവയുടെ വിശദാംശങ്ങൾ തീരുമാനിക്കപ്പെട്ടിട്ടില്ല.

**കെ.എസ്.എഫ്.ഇ. പ്രവാസിചിട്ടികൾ**

104 (2103) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ., പ്രവാസികൾക്കായി ചിട്ടികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനം ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതിന് മുന്നോടിയായുള്ള സോഫ്റ്റ്‌വെയർ രൂപകൽപ്പനയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ടോ;

(ഡി) പ്രവാസി ചിട്ടികളിൽ ചേർന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയും പെൻഷൻ പദ്ധതിയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അവലോകനം ചെയ്യാറുണ്ട്. ആഭ്യന്തര ഓഡിറ്റ്, എ.ജി. ഓഡിറ്റ് എന്നിവയ്ക്ക് പുറമെ സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ പുനരവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നുമുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. പ്രവാസി ചിട്ടി തുടങ്ങുന്നതിന് കേന്ദ്ര ചിറ്റ് ഫണ്ട് ആക്ടിലെ ചില ചട്ടങ്ങളിൽ റിസർവ് ബാങ്കിന്റെ അനുമതിയോടെ ഇളവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ ഇതുസംബന്ധിച്ച് കൂടിയാലോചനകൾ നടന്നുവരുന്നു.

(സി) പ്രവാസി ചിട്ടിയിൽ നിന്നുള്ള വരുമാനം കിഫ്ബി വഴി നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായിരിക്കും ഉപയോഗിക്കുക. സൂക്ഷ്മാംശങ്ങൾ തീരുമാനിച്ചു വരുന്നതേയുള്ളൂ.

(ഡി) തീരുമാനമായിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യുടെ എൻ.ആർ.ഐ. ചിട്ടി**

105 (2104) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യുടെ എൻ.ആർ.ഐ ചിട്ടിയിൽ ആദ്യവർഷം ഒരു ലക്ഷം പ്രവാസികൾ ചേരുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്രപേർ ചേർന്നുവെന്ന് അറിയിക്കുമോ;

(ബി) പതിനായിരം കോടിയുടെ തീരദേശ, മലയോര ഹൈവേക്ക് വേണ്ടിയുള്ള ബോണ്ടുകൾ പൂർണ്ണമായും പ്രവാസി ചിട്ടി വഴി സമാഹരിക്കുന്നതിനുള്ള നടപടികൾ സഫലമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.ആർ.ഐ. ചിട്ടി ആരംഭിച്ചിട്ടില്ല. തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) പ്രതീക്ഷിക്കുന്നുണ്ട്.

**കെ.എസ്.എഫ്.ഇ.-യിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ**

106 (2105) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ/ക്ലാർക്ക്/ എൽ.ഡി.ക്ലാർക്ക്/ടൈംകീപ്പർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ 110 എൻ.ജെ.ഡി. ഒഴിവുകളുണ്ട്. മറ്റ് തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല.

(ബി&സി) മേൽ സൂചിപ്പിച്ച 110 എൻ.ജെ.ഡി. ഒഴിവുകളിലേക്കും പി.എസ്.സി. ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രസ്തുത 110 ഉദ്യോഗാർത്ഥികൾക്കും 17-8-2017-ൽ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

107 (2106) ശ്രീ. കെ. സി.ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിറങ്ങി മൂന്ന് മാസം കഴിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ വേഗത്തിലാക്കി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും കാലതാമസം കൂടാതെ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കാൻ ഉത്തരവായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ടെണ്ടർ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കയർ വ്യവസായ പുനരുദ്ധാരണ പദ്ധതികൾ

108 (2107) ശ്രീ. എസ്. ശർമ്മ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തകർച്ചയിലായിരുന്ന കയർ വ്യവസായത്തെ പുനരുദ്ധരിക്കാനായി നടപ്പിലാക്കുന്ന പദ്ധതികൾ അറിയിക്കാമോ;

(ബി) സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം ഏതൊക്കെ മേഖലകളിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഒരു ലക്ഷത്തിലധികം വരുന്ന പരമ്പരാഗത തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ, പ്രസ്തുത രംഗത്തുള്ള തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണോ കയർ വ്യവസായ പുനരുദ്ധാരണത്തിനായുള്ള നവീകരണം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനായി കൈക്കൊണ്ടിട്ടുള്ള ഉപാധികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കയർ വ്യവസായത്തെ പുനരുദ്ധരിക്കാനായി താഴെ പറയുന്ന പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു.

1. രണ്ടാം പുനഃസംഘടനാ പദ്ധതി
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം
3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
5. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൊണ്ട് സംസ്കരണം, ചകിരി ഉത്പാദനം എന്നീ മേഖലകളിൽ ഡീ-ഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ചും ഉത്പന്ന വൈവിദ്ധ്യവത്കരണത്തിന് ആവശ്യമായ യന്ത്രങ്ങൾ വികസിപ്പിച്ചുമാണ് കയർ മേഖലയിൽ പ്രധാനമായും

യന്ത്രവൽക്കരണത്തിന് സർക്കാർ ലക്ഷ്യമിടുന്നത്. അതുപോലെ പിരിമേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും ഉൽപ്പന്ന മേഖലയിൽ നീഡിൽ ഫെൽട്ട്, കയർ കോമ്പോസിറ്റുകൾ, ടഫ്റ്റിംഗ് സമ്പ്രദായം എന്നിവ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

(സി) കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളി മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ ജോലിയും കൂലിയും ഉറപ്പുവരുത്തിക്കൊണ്ടാണ് യന്ത്രവൽക്കരണത്തിലേക്കും ആധുനീകരണ ത്തിലേക്കും നീങ്ങുന്നത്. പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ സർക്കാർ പരിധിയില്ലാതെ സംഭരിക്കുകയാണ്.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.
3. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകി വരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ പദ്ധതിയിലൂടെ സബ്സിഡി നൽകി വരുന്നു.
6. കയർ വ്യവസായത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
10. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.
11. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

13. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.

14. ഈ ഓണക്കാലത്ത് സംസ്ഥാനത്തുടനീളം 118 സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

**കയർ മേഖലയുടെ ഉന്നമനം**

109 (2108) <u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കയർ മേഖല പുനഃസംഘടിപ്പിച്ച് ആധുനികവൽക്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പരമ്പരാഗതമായി ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ മേഖലയുടെ പുരോഗതിക്കായി ഇനിയും ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒരു രണ്ടാം പുനഃസംഘടനയിലൂടെ കേരളത്തിലെ പരമ്പരാഗത കയർ വ്യവസായത്തെ ആധുനികവത്കരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കയർ വ്യവസായ മേഖലയിൽ ഉല്പാദനക്ഷമതാ വർദ്ധനവിന് യന്ത്രവൽക്കരണം അനിവാര്യമാണെന്ന് ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും ബാധിക്കാതെ ആയിരിക്കും നടപ്പിൽ വരുത്തുക. ചകിരിയുടെ ലഭ്യതക്കുറവ്

പരിഹരിക്കുന്നതിന് ഡി.എഫ്.മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടി സ്വീകരിച്ചുവരുന്നു. 2017-18-ൽ 100 ചെറുകിട ചകിരി ഉല്പാദന മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വികസിപ്പിച്ചെടുത്ത 'കയർ ഭൂവസ്ത്രം' തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന MGNREGS പ്രവൃത്തികളിൽ വിപുലമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കുകയും തന്മൂലം തൊഴിൽശക്തി കേന്ദ്രീകൃതമായ കയർ മേഖലയുടെ അഭിവൃദ്ധിക്ക് അനുഗുണമാവുകയും ചെയ്യും.

(ബി&സി) കയർ വ്യവസായത്തേയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുനഃസംഘടന പദ്ധതിയാണ് സർക്കാർ നടപ്പാക്കുന്നത്. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. പ്രസ്തുത കയർ ഉപയോഗിച്ച് നിർമ്മിക്കുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷനും ന്യായവില നൽകി സംഭരിക്കും. ഇതിനായി 2016-17 സാമ്പത്തിക വർഷം 77 കോടി രൂപ കയർഫെഡിനും കയർ കോർപ്പറേഷനുമായി അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷവും ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം കയർഫെഡുവഴി ഒരു ലക്ഷം ക്വിന്റൽ കയറും കയർ കോർപ്പറേഷൻ വഴി 100 കോടി രൂപയുടെ ഉൽപ്പന്നങ്ങളും സർക്കാർ സംഭരിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ പരമ്പരാഗത കയർ മേഖലയ്ക്ക് വേണ്ടി 160,69,12,959 രൂപ ചെലവഴിച്ചിട്ടുണ്ട്. കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണന മേളകളിൽ സജീവമായി പങ്കെടുത്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

യു.പി. സ്റ്റേറ്റ് ഹാന്റ്ലൂം ഫെഡറേഷനുമായി MoU ഒപ്പുവച്ചിട്ടുണ്ട്. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ ആരംഭിക്കാൻ നടപടിയായിട്ടുണ്ട്. 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000 രൂപയുടെ തെരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കാൻ ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## കയർ വ്യവസായം ആധുനികവത്കരിക്കുന്നതിന് പദ്ധതികൾ

110 (2109) <u>ശ്രീ. എ. എം. ആരിഫ്</u> :

<u>ശ്രീ. എൻ. വിജയൻ പിള്ള</u> :

<u>ശ്രീ. കെ. ദാസൻ</u> :

<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായത്തെ കൂടുതൽ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ദ്വിമുഖ തന്ത്രം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) കയർ മേഖലയിൽ പരമ്പരാഗതമായി ജോലി ചെയ്യുന്നവരുടെ തൊഴിൽ ലഭ്യതയെ പ്രതികൂലമായി ബാധിക്കാത്തവിധം ഈ മേഖലയെ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത്;

(ഡി) പരമ്പരാഗതമായി കയർ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സ്ഥിരമായി ജോലിയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത തൊഴിൽ മേഖലയിൽപ്പെട്ട കയർ വ്യവസായത്തെ സംരക്ഷിക്കാൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. രണ്ടാം പുനഃസംഘടനാ പദ്ധതി
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം.

3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
5. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
6. പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.
7. നിയന്ത്രിത യന്ത്രവൽക്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്.

ഇതുകൂടാതെ ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. MGNREGS പ്രവൃത്തികളിൽ വ്യാപകമായി കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജിയോ ടെക്സ്റ്റൈൽസിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർ മേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുകയും പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോംമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ ആരംഭിച്ചിട്ടുണ്ട്. 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000 രൂപയുടെ തെരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കാൻ ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി&സി) പരമ്പരാഗത കയർ വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലേക്ക് എത്തിച്ചേരുക എന്ന ദ്വിമുഖ തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) പരമ്പരാഗതമായി കയർ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സ്ഥിരമായി ജോലിയും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. നിയന്ത്രിത യന്ത്രവത്കരണം എന്ന പദ്ധതിയിൽ നിന്നും സമ്പൂർണ്ണ യന്ത്രവത്കരണം കയർ മേഖലയിൽ നടപ്പാക്കുമ്പോൾ പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. ഈ പദ്ധതിപ്രകാരം 2016-17 വർഷത്തിൽ 77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു.

## ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി

111 (2110) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആയിരം ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ ഏജൻസികളുടെ സഹായത്താലാണ് ഈ പദ്ധതി നടപ്പാക്കുക എന്നറിയിക്കുമോ;

(സി) ചകിരി സംസ്കരണ യൂണിറ്റുകളുടെ പ്രവർത്തന രീതിയും സവിശേഷതകളും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ അടുത്ത 5 വർഷത്തിനുള്ളിൽ ആയിരം ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.

(സി) നാളികേരളത്തിന്റെ തൊണ്ടിനെ തല്ലി ചകിരിയാക്കുന്ന പ്രക്രിയയാണ് ഡി.എഫ്. മില്ലുകളിലൂടെ നടത്തുന്നത്. മോട്ടോറൈസ്ഡ് ചെയ്ത വിവിധ കപ്പാസിറ്റിയിലുള്ള മെഷീനുകൾ തൊണ്ട് ക്രഷ് ചെയ്തതിനുശേഷം അടിച്ച് പരുവപ്പെടുത്തി ചകിരിയും ചകിരിച്ചോറും ബേബി ഫൈബറും ആയി വേർതിരിക്കുന്നു. മൂന്നുല്പന്നങ്ങളും വെവ്വേറെ സംഭരിച്ചതിനുശേഷം ലഭിക്കുന്ന ചകിരി വീണ്ടും സംസ്കരിച്ച് കരടുകൾ മാറ്റുന്നതിന് വില്ലോയിംഗ് മെഷീനിലൂടെ (ചകിരി അലിയിക്കുന്ന മെഷീൻ) കടത്തി വിടുമ്പോൾ വ്യത്യസ്ത വലിപ്പത്തിലുള്ള ചകിരി വെവ്വേറെ സംഭരിക്കാൻ കഴിയും. ഇതിനുശേഷം ആവശ്യാനുസരണം വ്യത്യസ്തയിനം കയർ പിരിക്കുന്നതിന് ഇവ ഉപയോഗിക്കാം. നീളം കൂടിയ ചികിരി ഉപയോഗിച്ച് ഫൈബർ മാറ്റ്, ചവിട്ടികൾ എന്നിവ നേരിട്ട് നിർമ്മിക്കാൻ കഴിയും. കയറിന്റെയും ചകിരിയുടെയും വ്യത്യസ്ത അനുപാതത്തിലൂടെ വ്യത്യസ്ത ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും. മുൻകാലങ്ങളിൽ അഴുക്കിയ തൊണ്ട് തല്ലി ചികിരിയാക്കുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി പച്ചത്തൊണ്ടിനെയും ഉണക്കത്തൊണ്ടിനെയും കുതിർത്തും ഡി.എഫ്. മെഷീനിലൂടെ ചകിരിയാക്കാം. ഉപോല്പന്നമായി ലഭിക്കുന്ന ചകിരിച്ചോറ് വളമാക്കിയും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിയും ഉപയോഗിക്കാം.

## തൊണ്ടുതല്ലൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

112 (2111) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായത്തിനാവശ്യമായ ചകിരിക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കുടുംബശ്രീയുടെ തൊഴിലുറപ്പ് പദ്ധതി മുഖേന തൊണ്ട്തല്ലൽ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കയർ മെത്ത, കയർ കമ്പോസ്റ്റ് ഉടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പുതിയ ഫാക്ടറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരമ്പരാഗത കയർ വ്യവസായ രംഗത്തെ ചകിരിക്ഷാമം പരിഹരിക്കുന്നതിന് 2017-18-ൽ 100 ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതാണ്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പൊന്നാനി കയർ പ്രോജക്ട് പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാനുള്ള രണ്ട് ഡീഫൈബറിംഗ് മെഷീൻ ഉൾപ്പെടുന്ന യൂണിറ്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഒരെണ്ണം പ്രവർത്തനസജ്ജമായി. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 3000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കുവാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് പച്ചത്തൊണ്ട് ചകിരിയാക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കയർ മെത്ത സ്ഥാപിക്കുന്നതിനുള്ള പുതിയ ഫാക്ടറി ഫോം മില്ലിന്റെ കീഴിൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കയർ കോമ്പോസിറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിക്കുന്നുണ്ട്.

**കയറുൽപ്പന്നങ്ങൾ പ്രചരിപ്പിക്കാൻ നടപടി**

113 (2112) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്തെ വിപണനം ലക്ഷ്യമാക്കി കയറുല്പന്നങ്ങൾക്ക് പ്രത്യേക വിലക്കിഴിവ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) കയറും കയറുല്പന്നങ്ങളും പ്രചരിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓണക്കാലത്തെ വിപണനം ലക്ഷ്യമാക്കി കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമിൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന കയർ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക വിലക്കിഴിവും സമ്മാന പദ്ധതികളും പ്രഖ്യാപിച്ച് 118 സ്റ്റാളുകൾ വഴി വിൽപ്പന ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 20 ശതമാനം മുതൽ 50 ശതമാനം വരെ റിബേറ്റ് നൽകുന്നതാണ്. കൂടാതെ 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് കിഴിവോടെ 2000 രൂപ വിപണി വിലയുള്ള തെരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങൾ ലഭിക്കും.

(ബി) കയറും കയറുല്പന്നങ്ങളും പ്രചരിപ്പിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. വിവിധ സംസ്ഥാനങ്ങളിൽ പുതിയ ഷോറൂമുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണന മേളകളിൽ സജീവമായി പങ്കെടുത്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. യു.പി. സ്റ്റേറ്റ് ഹാന്റ്ലൂം ഫെഡറേഷനുമായി MoU ഒപ്പുവച്ചിട്ടുണ്ട്. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോംമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118-ഓളം സ്റ്റാളുകൾ ആരംഭിക്കാൻ നടപടിയായിട്ടുണ്ട്. ഉത്സവകാലത്ത് സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് പരമാവധി 15,000 രൂപയുടെ ഉൽപ്പന്നങ്ങൾ ക്രെഡിറ്റ് വ്യവസ്ഥയിൽ വിതരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000 രൂപയുടെ തെരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ**

114 (2113) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രസ്തുത മണ്ഡലത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ പട്ടാമ്പി മണ്ഡലത്തിൽ കൊപ്പം വില്ലേജിൽ 9.53 ഏക്കർ വ്യവസായ ഭൂമിയുണ്ട്. ഇതിൽ 6.53 ഏക്കർ ഭൂമി അമ്പതോളം കുടുംബങ്ങൾ അനധികൃതമായി കയ്യേറിയിരിക്കുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ അധികാരികളെയും പൊതുപ്രവർത്തകരെയും ഉൾപ്പെടുത്തി യോഗം ചേർന്ന്

ചർച്ചകൾ നടത്തിയെങ്കിലും ലക്ഷ്യം ഫലവത്തായില്ല. വിവിധ സംരംഭങ്ങൾക്ക് അനുവദിച്ചിട്ടും യൂണിറ്റ് ആരംഭിക്കാതിരുന്ന 3 ഏക്കർ സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമി പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടി വ്യവസായ ഭൂമിക്കായി അപേക്ഷിച്ച 75 സംരംഭകരുടെ മുൻഗണനാ പട്ടിക നിലവിലുണ്ട്. പ്രസ്തുത അപേക്ഷകർക്ക് ഭൂമി അനുവദിക്കുന്നതിന് 26.52 ഏക്കർ വ്യവസായ ഭൂമിയുടെ ആവശ്യമുണ്ട്. പട്ടാമ്പി മണ്ഡലത്തിൽ കൊപ്പം വില്ലേജിൽ ലഭ്യമായ സ്ഥലം സംരംഭകർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രസ്തുത മണ്ഡലത്തിൽ പുതിയ പദ്ധതികളൊന്നും തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല. എന്നിരുന്നാലും ഇപ്പോൾ ലഭ്യമായ 3 ഏക്കർ വ്യവസായ ഭൂമി വിവിധ സംരംഭകർക്ക് ലഭ്യമാക്കി നിരവധി യൂണിറ്റുകളുള്ള വ്യവസായ എസ്റ്റേറ്റ് ഉടൻ പ്രവർത്തനക്ഷമമാക്കുന്നതാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ളതും എന്നാൽ നാട്ടുകാർ കയ്യേറിയതുമായ ഭൂമി കൂടി പ്രയോജനപ്പെടുത്തി വ്യവസായ എസ്റ്റേറ്റ് വിപുലീകരിക്കാവുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

115 (2114) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ എ ഗ്രേഡ് മുതൽ ഡി ഗ്രേഡ് വരെ ഇനം തിരിച്ച് ഏതെല്ലാമെന്നും, ഓരോ വിഭാഗത്തിലും ലാഭത്തിൽ പ്രവർത്തിക്കുന്നവ നഷ്ടത്തിലുള്ളവ ഏതെല്ലാമെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗ്രേഡ് നില വർദ്ധിപ്പിച്ച് നൽകുവാൻ പുലർത്തുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും ആയതിന് യോഗ്യതയുള്ള സ്ഥാപനങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയെ കൂടുതൽ ലാഭത്തിലെത്തിക്കുവാനും നഷ്ടത്തിലുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കാനും സർക്കാർ എന്തു നടപടി സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഈ സർക്കാർ ബജറ്റുകൾ വഴി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എന്തെല്ലാം ധനസഹായം പ്രഖ്യാപിച്ചു;

(ഇ) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് സഹായധനം ലഭ്യമാക്കിയെന്നും, ഇനിയും ലഭ്യമാക്കാനുള്ളവ ഏതെല്ലാമെന്നും ആയത് എപ്പോൾ ലഭ്യമാക്കും എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് (ബി.പി.ഇ.) വകുപ്പിന്റെ ജി.ഒ. (എംഎസ്) നമ്പർ 19/09/plg. തീയതി 20-5-2009 ഉത്തരവ് പ്രകാരം സ്ഥാപനങ്ങളെ എ, ബി, സി, ഡി എന്നീ കാറ്റഗറികളിലായി തിരിച്ചിട്ടുണ്ട്. ഈ ഓരോ കാറ്റഗറിയിലുമുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2016-17 കാലയളവിലെ ആഡിറ്റിന് മുമ്പുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ചുവരുന്നവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* 13 സ്ഥാപനങ്ങൾ ലാഭത്തിലും 27 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചുവരുന്നു.

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗ്രേഡ് നില വർദ്ധിപ്പിച്ച് നൽകുവാൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പുതിയ തരംതിരിവിന് RIAB ചെയർമാൻ മേധാവിയായ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കി പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും കമ്പനികൾ സന്ദർശിച്ച് അവയുടെ സൗകര്യങ്ങൾ വിലയിരുത്തുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 270 കോടി രൂപയുടെ പദ്ധതി വിഹിത സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തേക്കാൾ ഉയർന്ന തുകയാണ്. ഇത് കൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവദിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക ധനസഹായം നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിന് സമർപ്പിക്കുകയും അതനുസരിച്ചുള്ള പദ്ധതികൾ സർക്കാർ പരിശോധിച്ചുവരികയും ചെയ്യുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഉദാ:- കെ.എസ്.ഇ.ബി.-യിൽ നിന്നും കൂടുതൽ ഓർഡറുകൾ ഇലക്ട്രിക്കൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലഭ്യമാക്കും. കൂടാതെ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും കെ.എസ്.ഡി.പി.-ക്ക് കൂടുതൽ ഓർഡറുകൾ ലഭ്യമാക്കി. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി. ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 25 സ്ഥാപനങ്ങൾ 2015-16 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി&ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി ലാഭകരമാക്കുന്നതിന്റെ ഭാഗമായുള്ള വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ അനുവദിച്ചതിനെക്കാൾ കൂടുതൽ പദ്ധതി വിഹിതം നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്

116 (2115) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും നടപടി ക്രമങ്ങളുടെ ലഘൂകരണത്തിനുമായി "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സി"നായി നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വിവിധ സംരംഭകത്വ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ആവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിന് 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്.

(ബി) വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, നൈപുണ്യ വികസന പദ്ധതി (Skill Development Programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു. ബോധവൽക്കരണ/പരിശീലന ക്ലാസ്സുകൾക്കും സംരംഭകത്വ വികസന പരിശീലന പരിപാടികൾക്കും പുറമെ MSME ഉല്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, ബിസിനസ്സ് റ്റു ബിസിനസ്സ് മീറ്റ് എന്നീ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

(സി) 2017-18 സാമ്പത്തികവർഷത്തിൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി 96 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്.

(ഡി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.) 2012-2013 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ജി.ഒ. (ആർ.ടി.) നമ്പർ1747/12/ഐഡി. തീയതി 26-11-2012, ജി.ഒ. (ആർ.ടി.) നമ്പർ 156/12/ഐ.ഡി. തീയതി 28-12-2012 പ്രകാരമുള്ള ഗൈഡ് ലൈൻസിന് വിധേയമായാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ജനറൽ കാറ്റഗറിയിലുള്ള സംരംഭകർക്ക് ഫിക്സഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 15%, പരമാവധി 20 ലക്ഷം രൂപ വരെയും, വനിതകൾ/എസ്.സി.,എസ്.ടി. യുവസംരംഭകർ എന്നിവർക്ക് ഫിക്സഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ 20%, പരമാവധി 30 ലക്ഷം രൂപ വരെയും മുൻഗണന വ്യവസായങ്ങൾക്ക് 10%, അധിക സഹായം പരമാവധി 10 ലക്ഷം രൂപ വരെയും പിന്നോക്ക ജില്ലകളായ പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ വ്യവസായം ആരംഭിക്കുന്നവർക്ക് അധികസഹായമായി 10%, പരമാവധി 10 ലക്ഷം രൂപ വരെയും നൽകി വരുന്നു. പരമാവധി സഹായം 30 ലക്ഷം രൂപയാണ്. ടി സഹായം 3 ഘട്ടങ്ങളിലായാണ് (സ്റ്റാർട്ടപ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ടെക്നോളജി സപ്പോർട്ട്) വിതരണം ചെയ്യുന്നത്.

**കേരള കരകൗശല വികസന കോർപ്പറേഷന് അനുവദിച്ച തുക**

117 (2116) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കരകൗശല വികസന കോർപ്പറേഷന് കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും 1996 മുതൽ 2017-വരെയുള്ള കാലയളവിൽ ഓരോ വർഷവും അനുവദിച്ച തുകയെത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് ഓരോ വർഷവും അനുമതി നൽകിയതെന്നും ഓരോ വർഷവും വിനിയോഗിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവുകളിൽ ഓരോ വർഷവും എത്ര തുകയ്ക്കുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകി എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കരകൗശല വികസന കോർപ്പറേഷനിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും അനുവദിച്ച തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|
| 2007-08 | 22,05,625 | 22,20,911 |
| 2008-09 | 26,72,625 | 26,72,625 |
| 2009-10 | 1,00,00,000 | 1,01,06,572 |
| 2012-13 | 15,14,000 | 15,14,000 |
| 2013-14 | 9,00,000 | 9,00,000 |
| 2014-15 | 31,75,000 | 31,75,000 |
| 2015-16 | 9,42,34,800 | 2,03,52,189 |

മുകളിൽ പറഞ്ഞിട്ടുള്ള വർഷങ്ങളിൽ 2014-15 വരെ അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കുകയും അവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2015-16-ൽ അനുവദിച്ച പദ്ധതികളിൽ പൂർത്തിയായവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

**വൈഗ ത്രെഡ്സ് കമ്പനി**

118 (2117) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്നതും നേരത്തെ മദുരാ കോട്സ് എന്ന പേരിലും പിന്നീട് വൈഗ ത്രഡ്സ് എന്ന പേരിലും അറിയപ്പെട്ടിരുന്നതുമായ കമ്പനി അതിന്റെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥലം തിരിച്ചെടുക്കുന്നതിനും അനുയോജ്യമായ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കമ്പനിയിലെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് കൂടുതൽ നഷ്ടപരിഹാരം നൽകുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ കമ്പനിക്ക് അനുവദിച്ച നൽകിയിരുന്ന 84.85 ഏക്കർ സ്ഥലം സർക്കാരിലേക്ക് തിരിച്ച പിടിച്ചിട്ടുണ്ട്. കൂടാതെ കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ഇതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ കമ്പനി പമ്പ് ഹൗസിന്റെ സ്ഥലം റവന്യൂ റിക്കവറി നടപടികളിലൂടെ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കമ്പനി ലിക്വിഡേഷനുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് നിയമപരമായി കുടിശ്ശികയൊന്നും നിലവിലില്ല. അതിലുപരിയായി തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

**സിഡ്കോ ടൂൾ റൂം-കം-ട്രെയിനിംഗ് സെന്റർ**

119 (2118) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഒളവണ്ണ സിഡ്കോ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ ആനുകൂല്യം തടഞ്ഞുവച്ചത് സംബന്ധിച്ച് സിഡ്കോ എം.ഡി.യോട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോ; എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) കോഴിക്കോട് ഒളവണ്ണ സിഡ്കോ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിന്റെ സ്റ്റാഫ് ഘടന സംബന്ധിച്ച് പഠനം നടത്തുന്നതിന് സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കരകൗശല വികസന കോർപ്പറേഷന് അനുവദിച്ച തുക**

120 (2119) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷന് കഴിഞ്ഞ സർക്കാർ 18-2-2016-ാം തീയതിയിലെ G.O(Rt)No.180/2016/ID ഉത്തരവ് പ്രകാരം അനുവദിച്ച 2.86 കോടി രൂപ e-LAMS-ൽ ( ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിങ് സിസ്റ്റം) പോസ്റ്റ് ചെയ്ത് വിനിയോഗിച്ചത് വഴി എത്ര കരകൗശല തൊഴിലാളികൾക്ക് ഏതൊക്കെ രീതിയിലുള്ള പ്രയോജനം ലഭിച്ചുവെന്ന് വിശദീകരിക്കുമോ ;

(ബി) ഇല്ലെങ്കിൽ കരകൗശല തൊഴിലാളികൾക്ക് പ്രയോജനകരമാകേണ്ടിയിരുന്ന ഈ പദ്ധതി എന്തുകൊണ്ട് നടപ്പാക്കിയില്ല എന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കരകൗശല വികസന കോർപ്പറേഷന് 18-2-2016-ലെ ജി.ഒ. (ആർ.ടി.) നമ്പർ 180/2016/ഐ.ഡി. ഉത്തരവ് പ്രകാരം "Employment generation in Traditional Sector" എന്ന സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ "Training Programme for Handicrafts in various mediums" എന്ന പദ്ധതി നിർദ്ദേശത്തിനായി 2015-16 സാമ്പത്തിക വർഷം 2.86 കോടി രൂപ e-LAMS-ൽ (ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിംഗ് സിസ്റ്റം) പോസ്റ്റ് ചെയ്തിരുന്നുവെങ്കിലും വിഭവ ലഭ്യതയുടെ പരിമിതിമൂലം 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി നിർദ്ദേശത്തിനായി തുക വകയിരുത്തുവാൻ കഴിഞ്ഞില്ല.

**സിറ്റി ഗ്യാസ് പദ്ധതി**

121 (2120) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി ഗ്യാസ് പദ്ധതിയിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗാർഹികാവശ്യങ്ങൾക്കുള്ള കണക്ഷനുകൾ പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; നടപടിക്രമം വിശദമാക്കാമോ ;

(ഡി) സിറ്റി ഗ്യാസ് പദ്ധതിക്ക് തുടക്കം കുറിക്കുന്ന എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) എറണാകുളം ജില്ല പൂർണ്ണമായും സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഗാർഹിക കണക്ഷനുകൾക്കുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നു. കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾ അപേക്ഷാ ഫോം പൂരിപ്പിച്ച് വിലവിവര പട്ടികയനുസരിച്ചുള്ള തുക അടച്ചാൽ മതിയാകും.

(ഡി) ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഏകജാലക ക്ലിയറൻസ് സംവിധാനം

122 (2121) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചെറുകിട വ്യവസായ സംരംഭകർക്കായി ഏകജാലക ക്ലിയറൻസ് സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ, പ്രസ്തുത സംവിധാനം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽ ചെറുകിട വ്യവസായ സംരംഭകർക്കായി ഏകജാലക ക്ലിയറൻസ് സംവിധാനം നിലവിലുണ്ട്.

## അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

123 (2122) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സമഗ്രമായ വികസനത്തിനായി സമർപ്പിച്ച പ്രോജക്ട് കേന്ദ്രസംസ്ഥാന സർക്കാരിന്റെ സംയുക്ത സഹായത്തോടെ നടപ്പാക്കുന്നതിനുള്ള അനുമതി ലഭ്യമായോ ;

(ബി) എത്ര കോടി രൂപയുടെ പ്രോജക്ടിനാണ് അംഗീകാരം നൽകിയിട്ടുള്ളത്;

(സി) ആയതിന്റെ നിർവ്വഹണത്തിനുള്ള നടപടി ക്രമങ്ങൾ എപ്രകാരമാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷത്തിൽ അരൂർ വ്യവസായ എസ്റ്റേറ്റിന്റെ നവീകരണത്തിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടില്ല.

(ബി) 10 കോടി രൂപയുടെ പ്രോജക്ടാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. അംഗീകാരം ലഭ്യമായിട്ടില്ല.

(സി) അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലും സംസ്ഥാന സർക്കാരിന്റെ 40 ശതമാനം പദ്ധതി വിഹിതത്താലുമാണ് ഇതിന്റെ നടപടിക്രമങ്ങൾ പ്രാവർത്തികമാക്കുന്നത്.

## ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതി

124 (T*2123) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയ്ൽ പൈപ്പ് ലൈൻ സംസ്ഥാനത്ത് എത്ര ജില്ലകളിലൂടെയാണ് കടന്നുപോകുന്നതെന്നും കേരളത്തിലെ അതിന്റെ ദൈർഘ്യം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഗെയ്ൽ പൈപ്പ് ലൈൻ പദ്ധതിക്കായി ആകെ എത്ര ഭൂമിയുടെ കൈവശാവകാശം ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്ക് വിട്ടു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭൂവുടമകളിൽ നിന്നും ഇതിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ അല്ലെങ്കിൽ ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഭൂമിയുടെ പൂർണ്ണമായും സ്ഥിരമായും ഉള്ള കൈവശാവകാശം ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എപ്രകാരമാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിച്ച ഭൂമിയിൽ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യക്കും ഭൂവുടമകൾക്കും അവകാശം നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പദ്ധതി എപ്പോൾ പൂർത്തീകരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലൂടെയാണ് ഗെയ്ൽ പൈപ്പ് ലൈൻ കടന്നുപോകുന്നത്. പൈപ്പ് ലൈനിന്റെ കേരളത്തിലെ മൊത്തം ദൈർഘ്യം 503 കിലോമീറ്ററാണ്.

(ബി) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഏകദേശം 1257.5 ഏക്കർ ഭൂമിയുടെ ഉപയോഗാവകാശമാണ് ഗെയ്ൽ ഏറ്റെടുക്കുന്നത്. മേൽപ്പറഞ്ഞ ഏക്കർ സ്ഥലത്തിന്റെയും ഉപയോഗാവകാശം ഇതിനോടകം ഗെയിൽ ഏറ്റെടുത്തുകഴിഞ്ഞു.

(സി) പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ (ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കൽ) ആക്ട്, 1962 പ്രകാരം 6(1) ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പൈപ്പ് ലൈൻ പദ്ധതിക്കാവശ്യമായ ഭൂമിയുടെ ഉപയോഗാവകാശം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത് ഗെയ്‌ലിന് നൽകിയിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഡി) ഏറ്റെടുത്ത ഭൂമിയിലൂടെ പൈപ്പ് ലൈൻ വിന്യസിക്കാനുള്ള ഉപയോഗാവകാശം മാത്രമാണ് ഗെയ്‌ലിൽ നിക്ഷിപ്തമായിട്ടുള്ളത്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെയായിരിക്കും.

(ഇ) 2018 ഡിസംബറോടുകൂടി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**വ്യവസായ വകുപ്പിനുകീഴിൽ പാറശ്ശാല മണ്ഡലത്തിൽ പദ്ധതികൾ**

125 (2124) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പാറശ്ശാല മണ്ഡലത്തിൽ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ ;

(ബി) തികച്ചും മലയോര മേഖലയായ പാറശ്ശാലയിൽ ഏറ്റവും കൂടുതൽ ലഭ്യമാകുന്ന റബ്ബർ ഉൽപന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനായി ഒരു റബ്ബർ സംഭരണ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; റബ്ബർ ഉല്പന്നങ്ങൾ ഉപയോഗിച്ച് ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റബ്ബർ സംഭരണ വിപണന കേന്ദ്രം, റബ്ബർ ഉൽപ്പന്നങ്ങളുടെ വ്യവസായ യൂണിറ്റ് എന്നിവയുടെ സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

**കൊരട്ടി കിൻഫ്രയുടെ വികസനം**

126 (2125) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഗവ. ഓഫ് ഇന്ത്യാ പ്രസ്സിന്റെ ഉപയോഗശൂന്യമായ സ്ഥലം കൊരട്ടി കിൻഫ്രയ്ക്ക് വിട്ടുകിട്ടുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊരട്ടിയിലെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി 70000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതിന്റെ ശിലാസ്ഥാപനം 2017 ജൂൺ 5-ന് വ്യവസായ വകുപ്പുമന്ത്രി നിർവ്വഹിച്ചു. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കിൻഫ്ര പാർക്കിന് സമീപമുള്ള കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ അധീനതയിലുള്ള ഗവൺമെന്റ് പ്രസ്സിന്റെ ഭൂമി ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ശ്രമങ്ങൾ നടത്തിവരുന്നു.

**പൊതുമേഖലാ ജീവനക്കാരുടെ ശമ്പളം**

127 (2126) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ടെക്സ്റ്റൈൽ മേഖലയിലെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ലഭ്യമാക്കാമോ;

(സി) ജീവനക്കാർക്ക് എത്രമാസമായി ശമ്പളം ലഭിക്കുന്നില്ലായെന്നും എന്നത്തേക്ക് ശമ്പളം ലഭ്യമാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് പാൽമിറ പ്രോഡക്ട്സ് ഡെവലപ്മെന്റ് വർക്കേഴ്സ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡിൽ 7 മാസത്തെ ശമ്പളവും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ 2 മാസത്തെ ശമ്പളവും ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷന്റെ കീഴിലുള്ള സ്ഥാപനമായ പ്രിയദർശിനി മിൽ എന്നീ സ്ഥാപനങ്ങളിൽ ജൂലൈ മാസത്തെ ശമ്പളവും നൽകുവാനുണ്ട്. ഇതിൽ ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങളിലെ ശമ്പളം ആഗസ്റ്റ് മാസം അവസാനത്തോടെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പാൽമിറ പ്രോഡക്ട്സിലും കേരള ആട്ടോമൊബൈൽസിലും ശമ്പളം വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇന്ത്യൻ കോഫി ഹൗസുകളിലെ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുവാനുള്ള നടപടി

128 (2127) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ കോഫി ബോർഡ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായിരുന്ന കാലയളവിൽ ഇന്ത്യൻ കോഫി ഹൗസുകളിൽ ചരക്ക് സേവന നികുതി സംവിധാനം ഏർപ്പെടുത്തുന്നതിന് വേണ്ടി സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാറ്റം വരുത്താത്തതുമൂലം ജൂലൈ 1-ന് ശേഷം കോഫി ഹൗസുകളിൽ വിറ്റ ഭക്ഷണസാധനങ്ങൾക്ക് 12 ശതമാനം ജി.എസ്.ടി സ്ഥാപനം നേരിട്ട് അടയ്ക്കേണ്ടതായി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം പ്രസ്തുത സൊസൈറ്റിക്ക് എത്ര കോടിയുടെ ബാധ്യതയാണ് ഉണ്ടായതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിരുന്നു.

(ബി) ജൂലൈ മാസത്തിലെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

## പരിസ്ഥിതി സൗഹൃദ വ്യവസായ പാർക്കുകൾ

129 (2128) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഏതെല്ലാം വ്യവസായങ്ങളാണ് ഇത്തരം പാർക്കുകളിൽ ആരംഭിക്കുകയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭക്ഷ്യ സംസ്കരണം, ആയുർവേദ മരുന്നുകൾ, കാർഡ് ബോർഡ്/ കോറുഗേറ്റഡ് ബോക്സ്, തടി ഉല്പന്നങ്ങൾ, ഫ്ലോർ മില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, സ്പൈസ് ബ്ലെന്റിംഗ് എന്നീ വ്യവസായങ്ങൾ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളുടെ പട്ടികയിൽ വരുന്നവയാണ്.

## പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

130 (2129) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഓരോ പരമ്പരാഗത മേഖലയിലുമുള്ള വ്യവസായങ്ങളിലെ തൊഴിലാളികളുടെ പ്രയത്നം പ്രത്യേകമായി പഠിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരുന്നു. പരമ്പരാഗത കൈത്തറി മേഖലയിൽ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പഠിക്കുന്നതിന്റെ ഭാഗമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന സ്ഥാപനത്തെ ഒരു സർവ്വേ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഖാദി മേഖലയിലെ തൊഴിലാളികളുടെ അഭിവൃദ്ധിയുടെ ഭാഗമായി തറികളുടേയും ചർക്കകളുടേയും ആധുനികവൽക്കരണത്തിനുവേണ്ടിയും ഖാദി മേഖലയുടെ നവീകരണത്തിനുവേണ്ടിയും ഈ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുവാനായി ശ്രീ. ഗോപിനാഥൻ നായർ ചെയർമാനായ കമ്മിറ്റി പഠനം നടത്തിയിരുന്നു. കരകൗശല മേഖലയിൽ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള സമഗ്ര വികസനത്തിന്റെ ഭാഗമായി അടിസ്ഥാന സർവ്വേയും ഡയഗ്നോസ്റ്റിക് സ്റ്റഡിയും നടത്തിവരുന്നു. പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺ ബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ

സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും പദ്ധതി, അംശദാന സമ്പാദ്യ പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷിവികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം, ഹാന്റെക്സ്, ഹാന്റ്‌വീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കി വരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ഈറ്റ-പനമ്പനെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസ്സിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു. ഉൽപ്പാദനോപാധികളുടെ ആധുനികവൽക്കരണവും നടന്നുവരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ മേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം,

വിപണി വികസന സഹായം, കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഓരോ പരമ്പരാഗത വ്യവസായ മേഖലയിലുമുള്ള തൊഴിലാളികളുടെ പ്രയത്നവും നേരിടുന്ന പ്രതിസന്ധികളും സമഗ്രമായി വിലയിരുത്തി പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി, ഉൽപ്പാദന വർദ്ധനവിനനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവ്, ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇൻഷ്വറൻസ് പരിരക്ഷ, വീടിനോട് ചേർന്ന് പണിപ്പുര സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം, സ്കൂൾതലത്തിൽ പഠിക്കുന്ന നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കരകൗശല മേഖലയിലെ തൊഴിലാളികളുടെ ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവം, ഉൽപ്പദാനക്ഷമത കുറവ്, മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവം എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി സ്വയംസംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പുനെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മിനിമം വേജസ് പദ്ധതി/ഡി.എ. ആനുകൂല്യം എന്നിവ നടപ്പിലാക്കി വരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ചർക്കകളുടേയും തറികളുടേയും ആധുനികവത്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ ഉൽപ്പാദനക്ഷമതയും വേതനവർദ്ധനവും കൈവരിക്കുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ പൂരക വേതന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർമേഖലയിൽ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി സംഭരിക്കുന്നതിനും ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ ന്യായവില നൽകി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസനം**

131 (2130) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണ പ്രവർത്തനത്തിനും മറ്റുമായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു. വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 270 കോടി രൂപയുടെ പദ്ധതി വിഹിത സഹായം സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു.*

**പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ**

**മിനി ഇൻഡസ്ട്രി**

132 (2131) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള മിനി ഇൻഡസ്ട്രി ഏതെങ്കിലും സ്വകാര്യ വ്യക്തിക്ക് ലീസിന് കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എന്നാണ് ലീസിന് കൊടുത്തതെന്നും എത്ര വർഷത്തേയ്ക്കാണ് എന്നും വിശദമാക്കുമോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് നിലവിൽ അവിടെയുള്ളതെന്നും എത്ര തുകയാണ് ലീസായി ലഭിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പാലക്കാട് ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന്റെ കീഴിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്വകാര്യ വ്യക്തിക്ക് ലീസിന് കൊടുത്തിട്ടില്ല.

(ബി) ഒരേക്കർ ഭൂമിയാണ് അവിടെയുള്ളത്. ഹയർ പർച്ചേസ്/ഔട്ട് റൈറ്റ് പർച്ചേസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത സ്ഥാപനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത് :

| ഷെഡ് നമ്പർ | ഉൽപ്പാദന പ്രവർത്തനം |
|---|---|
| 1 | ഷീറ്റ് മെറ്റൽ കമ്പോണന്റ്സ് |
| 2 | ഷീറ്റ് മെറ്റൽ കമ്പോണന്റ്സ് |
| 3 | പവർ പ്രസ്സ് |
| 4 | ടൂൾ ഡിസൈൻ |

5, 6, 7, 8, 9, 10 എന്നീ ഷെഡ്ഡുകൾ പ്രവർത്തനരഹിതമായതിനാൽ അവ തിരിച്ചുപിടിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. നിയമനം**

133 (2132) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. നിയമനത്തിന് റിയാബ് തയ്യാറാക്കിയ യോഗ്യരായ ആളുകളുടെ പട്ടികയിൽനിന്നും എത്രപേരെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത ആരെയെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാരായി നിയമിച്ചിട്ടുണ്ടോ; ഇവർ ആരൊക്കെയാണെന്നും, ഏതെല്ലാം സ്ഥാപനങ്ങളിലാണെന്നും വ്യക്തമാക്കുമോ;

(സി) അപ്രകാരം നിയമനം ലഭിച്ചവർ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഇവരെ ഒഴിവാക്കി പട്ടികയിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുമോ;

(ഡി) പട്ടികയിൽ ഉൾപ്പെടാത്തവരെ പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാരായി നിയമിക്കുന്നതിനും, ഉൾപ്പെട്ടവരെ നിയമിക്കാതിരിക്കുവാനും ഉള്ള കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിന്റെ ഭാഗമായി 2016-ൽ നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിരുന്നു. ഇതിൽ 12 പേർ ഇതുവരെ ചുമതലയെടുത്തിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-ൽ നടത്തിയ മാനേജിംഗ് ഡയറക്ടർമാരുടെ നിയമന പ്രക്രിയയുടെ ഭാഗമായുള്ള ശിപാർശയുടെ അടിസ്ഥാനത്തിലല്ലാതെ, നിലവിൽ പുതിയതായി മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) മുൻ കാലങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.-മാരായി പ്രവർത്തന മികവ് തെളിയിച്ച വ്യക്തികളെ നിലനിർത്തിക്കൊണ്ടാണ് റിയാബ് തയ്യാറാക്കിയ പട്ടികയിൽനിന്നും യോഗ്യരായ ആളുകളെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.-മാരായി നിയമിച്ചത്.

**പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന തകർച്ച**

134 (2133) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുകയാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തകർച്ചയുടെ കാരണം വിശദമാക്കുമോ ;

(ബി) കയർ, കശുവണ്ടി, കൈത്തറി, ഈറ്റ, ബീഡി, മൺപാത്രം എന്നീ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ജീവിത നിലവാരത്തെപ്പറ്റി നാളിതുവരെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഈ മേഖലകളിൽ ഇപ്പോൾ എത്ര തൊഴിലാളികളാണ് തൊഴിൽ ചെയ്യുന്നത് എന്നത് സംബന്ധിച്ച് വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിലെ കുറഞ്ഞ വിലയുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൈത്തറി ഉൽപ്പന്നങ്ങളുടെ ലഭ്യത, യന്ത്രതറി ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലക്കൂടുതലും അവയുടെ ലഭ്യതക്കുറവും, പവർ ലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലക്കൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജതുണികൾ വിപണിയിൽ എത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വീട്ടിൽ ഒരു തറി പദ്ധതിയിലൂടെ കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിടുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. കൈത്തറി തുണി എന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഹാന്റ്ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

പരമ്പരാഗത കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കാത്തതും അസംസ്കൃത വസ്തുക്കളുടെ അഭാവവും പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവവും ആധുനിക സാങ്കേതിക വിദ്യയുടെ അഭാവവും നൂതന വിപണന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയാത്തതും പ്രധാന പ്രതിസന്ധികളാണ്. പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കാത്തത് തുടങ്ങിയ ഈറ്റ, പനമ്പ് നെയ്ത്ത് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദി ഗ്രാമവ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞ കൂലി, പരമ്പരാഗത രീതിയിൽ തൊഴിൽ ചെയ്യുന്നതിനുള്ള അദ്ധ്വാനഭാരം, സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കയർ മേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതക്കുറവാണ്. ചകിരി ഉത്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) കൈത്തറി മേഖലയിൽ തൊഴിലാളികളുടെ ജീവിത നിലവാരത്തെപ്പറ്റി പഠനം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർ മേഖലയിൽ കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്. ബീഡി മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കുസാറ്റ് എന്ന സ്ഥാപനം മുഖേന പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ച് പാക്കേജ് നടപ്പിലാക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ വികസനവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗത കയർ മേഖലയിൽ കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന സർവ്വേ പ്രകാരം സഹകരണ മേഖലയിൽ 63957 തൊഴിലാളികളുള്ളതായി കണക്കാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന കയർ തൊഴിലാളികളുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ല. പരമ്പരാഗത കൈത്തറി മേഖലയിൽ ഏകദേശം 21000 തൊഴിലാളികളും കരകൗശല മേഖലയിൽ ഏകദേശം പതിനായിരത്തോളം തൊഴിലാളികളും ജോലി ചെയ്തുവരുന്നതായി കണക്കാക്കപ്പെടുന്നു. പരമ്പരാഗത ഈറ്റ, പനമ്പ് നെയ്ത്ത് മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബു കോർപ്പറേഷനെ ആശ്രയിച്ച് ഏകദേശം പതിനായിരത്തോളം പനമ്പ് നെയ്ത്ത് തൊഴിലാളി കുടുംബങ്ങളും ആയിരത്തി അഞ്ഞൂറോളം ഈറ്റവെട്ട് തൊഴിലാളി കുടുംബങ്ങളും ആയിരത്തോളം വരുന്ന മറ്റ് ഇതര തൊഴിലാളികളും ഉപജീവനം നടത്തുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിൽ 10874 പേരും ഈ മേഖലയിലെ അപ്പെക്സ് സഹകരണ സ്ഥാപനമായ കാപ്പെക്സിൽ ഏകദേശം 3893 തൊഴിലാളികളും 215 സ്റ്റാഫ് അംഗങ്ങളും ജോലി ചെയ്തുവരുന്നു.

## സിഡ്കോയിലെ ശമ്പള പരിഷ്കരണം

135 (2134) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ വർക്കർ കാറ്റഗറിയിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ എന്ന് പൂർത്തിയാകും; വിശദമാക്കുമോ;

(ബി) മേൽ സ്ഥാപനത്തിലെ സ്റ്റാഫ് കാറ്റഗറിക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്ത അടക്കമുള്ള ആനുകൂല്യങ്ങൾ വർക്കർ തസ്തികയിലെ ജീവനക്കാർക്ക് നൽകേണ്ടതില്ല എന്ന മാനേജിംഗ് ഡയറക്ടറുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് റദ്ദാക്കി ഉല്പാദക യൂണിറ്റുകളിലും മാർക്കറ്റിംഗ് വിഭാഗങ്ങളിലുമടക്കം പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷാമബത്ത അടക്കമുള്ള അലവൻസുകളും, പരിഷ്കരിച്ച ശമ്പളവും യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർക്കർമാരുടെ വേതന പരിഷ്കരണത്തിനായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടും ഇതുസംബന്ധിച്ച് തൊഴിലാളി യൂണിയനുകളുടെ നിവേദനവും അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിഡ്കോ ഡയറക്ടർ ബോർഡ് യോഗം ചേർന്ന് ഒരു ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അത് ഡയറക്ടർ ബോർഡിന്റെ പരിഗണനയ്ക്ക് വച്ച് സർക്കാരിന് നൽകും. സർക്കാർ അംഗീകാരം നൽകുന്ന മുറയ്ക്ക് വർക്കർമാരുടെ വേതന പരിഷ്കരണ നടപടികൾ പൂർത്തിയാകും.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കോഴിക്കോട് ജില്ലയിലെ ഓട് കമ്പനികൾ നേരിടുന്ന പ്രതിസന്ധി

136 (2135) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഫെറോക്ക്, കല്ലായി എന്നീ മേഖലകളിലെ ഓട് കമ്പനികൾ കളിമണ്ണ് ലഭിക്കാത്തതുമൂലം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനും തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008-ലെ നെൽവയൽ നീർത്തട നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽനിന്ന് മാത്രമേ കളിമൺ ഖനനം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിലെ സാഹചര്യത്തിൽ കളിമൺ ഖനനത്തിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽനിന്നും എൻവയോൺമെന്റൽ ക്ലിയറൻസ് സമ്പാദിക്കേണ്ടതുണ്ട്. കൂടാതെ ജില്ലാ കളക്ടർ തന്നെ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറിൽനിന്നും നിരാക്ഷേപ പത്രം കൂടി ആവശ്യമാണ്. ഈ രണ്ട് സർട്ടിഫിക്കറ്റുകളും നൽകേണ്ടത് ജില്ലാ കളക്ടർ തന്നെയായതിനാൽ മേൽപ്പറഞ്ഞ നിരാക്ഷേപ പത്രം ഒഴിവാക്കുന്നതിനുള്ള നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ കോഴിക്കോട് ജില്ലയിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽ കളിമൺ ഖനനം സാധ്യമായ സ്ഥലങ്ങളെ സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് തയ്യാറാക്കി വരുന്നു. ഇത്തരം സ്ഥലങ്ങളിൽ പാരിസ്ഥിതികാനുമതിയോടുകൂടി ഖനനാനുമതി ലഭിക്കുന്നതിനുവേണ്ട നടപടികൾ ബന്ധപ്പെട്ടവർക്ക് സ്വീകരിക്കാവുന്നതാണ്.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

137 (2136) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ സമയത്ത് കേരളത്തിലെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം പുതിയതായി എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലായത്; അവയുടെ പേരും ലാഭത്തിന്റെ കണക്കും ലഭ്യമാക്കുമോ;

(സി) കേരളത്തിലെ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ സർക്കാർ വന്നതിനുശേഷം വ്യവസായ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ സമയത്ത് ലാഭത്തിലായിരുന്ന 10 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ സർക്കാർ വന്നതിനുശേഷം താഴെപ്പറയുന്ന അഞ്ച് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കി.

| നമ്പർ | സ്ഥാപനങ്ങൾ | ലാഭം (ലക്ഷത്തിൽ) |
|---|---|---|
| 1 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 853 |
| 2 | ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 633 |
| 3 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 214 |
| 4 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 152 |
| 5 | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 106 |

(സി) കേരളത്തിലെ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ സർക്കാർ വന്നതിനുശേഷം വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

## പൊതുമേഖലാ സ്ഥാപനങ്ങൾ ആദായ നികുതി അടയ്ക്കുന്നതിൽ വരുത്തിയ വീഴ്ച

138 (T*2137) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ നിയമാനുസൃതം ആദായ നികുതി അടയ്ക്കാത്തതിനാൽ വൻതുക പലിശ ഇനത്തിൽ നൽകേണ്ടി വരുന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ വീഴ്ച വരുത്തുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ&ബി) പൊതുമേഖലാ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ അടയ്ക്കേണ്ട നിയമാനുസൃത നികുതിതുക വീഴ്ചകൂടാതെ ഒടുക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ അപാകത കണ്ടെത്തുന്ന പക്ഷം സർക്കാർ ഉചിതമായി ഇടപെടുകയും വീഴ്ച പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. നിയമനത്തിന് സാമുദായിക സംവരണം

139 (2138) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. നിയമനത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ച ജി ഒ (ആർ.ടി)നമ്പർ 942/2012/ID തീയതി 23-6-12, ജി ഒ (ആർ.ടി) നമ്പർ 31/2013/ID തീയതി 5-1-2013 എന്നീ ഉത്തരവുകൾ പ്രകാരം നിർബന്ധമാക്കിയ സാമുദായിക സംവരണം പാലിച്ചിട്ടുണ്ടോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. നിയമനത്തിന് റിയാബ് തയ്യാറാക്കിയ വിജ്ഞാപനം മേഖല തിരിച്ച് (Sector wise) ആണെന്നതിനാലും, ഒരു മേഖലയിൽ ഒന്നിലധികം സ്ഥാപനങ്ങൾ ഉൾപ്പെടുന്നതിനാലും, റിയാബ് തയ്യാറാക്കിയ യോഗ്യരായവരുടെ പട്ടികയിലെ ദളിത്, മുസ്ലീം വിഭാഗങ്ങളിൽ നിന്നും എത്ര പേരെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം. ഡി.-മാരായി നിയമിച്ചിട്ടുണ്ട് ;

(സി) അവർ ആരൊക്കെയാണെന്നും, ഏതൊക്കെ സ്ഥാപനങ്ങളിലാണെന്നും വ്യക്തമാക്കുമോ;

(ഡി) നിയമനം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും കഴിഞ്ഞ സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരമുള്ള സാമുദായിക സംവരണം പാലിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി 2012-ൽ പുറപ്പെടുവിച്ച 23-6-2012-ലെ സ.ഉ.(സാധാ) നമ്പർ 942/2012/വ്യ.വ. പ്രകാരം സാമുദായിക സംവരണം പാലിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. മാനേജിംഗ് ഡയറക്ടർ ഒഴികെയുള്ള

ജീവനക്കാരുടെ നിയമനത്തിനായിരുന്നു ഇത് ബാധകമാക്കിയിരുന്നത്. കൂടാതെ നിയമനങ്ങളുടെ ചുമതല റിയാബിനെയും ഏൽപ്പിച്ചിരുന്നു. എന്നാൽ പിന്നീട് 10-8-2012-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നമ്പർ 1228/2012/വ്യ.വ. പ്രകാരം ജീവനക്കാരുടെ നിയമനങ്ങളുടെ അധികാരം അതാത് ഡയറക്ടർ ബോർഡുകളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. 5-1-2013-ലെ സ.ഉ. (സാധാ) നമ്പർ 31/2013/വ്യ.വ. എന്ന സർക്കാർ ഉത്തരവിൽ ജീവനക്കാരുടെ നിയമനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളുടെ വിശദീകരണമായിരുന്നു പ്രസ്താവിച്ചിരുന്നത്. മാത്രമല്ല മാനേജിംഗ് ഡയറക്ടർമാരെ സർക്കാർ നേരിട്ടാണ് നിയമിച്ചുവരുന്നത്. നിലവിൽ വ്യവസായ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരുടെ ഒരു തസ്തിക മാത്രമുള്ളതിനാൽ സുപ്രീം കോടതിയുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സംവരണ തത്വം പാലിക്കുവാൻ കഴിയുകയില്ലെന്ന് 7-10-2006-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 100/2006/വ്യ.വ. (Point No.5) എന്ന സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. (അനുബന്ധം)*

(ബി-ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ നടപടികളിലൂടെ നിയമിക്കുന്നതിന്റെ ഭാഗമായി 2016 ജൂലൈ മാസം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിരുന്നു. ഇതിൽ 12 പേർ ഇതുവരെ ചുമതലയെടുത്തിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* മാനേജിംഗ് ഡയറക്ടർമാരുടെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുവാൻ സാധിക്കുകയില്ലെന്ന് 7-10-2006-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 100/2006/വ്യ.വ. (Point No.5) എന്ന സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

## റാന്നിയിൽ റബ്ബർ പാർക്ക്

140 (2139) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നിയിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം ചേർന്നത് എന്നാണ് എന്നറിയിക്കുമോ ;

(ബി) ഉന്നതതല യോഗതീരുമാനപ്രകാരം റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള മണിയാർ എസ്റ്റേറ്റിൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആരാണ്; സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എത്ര നാളുകൾ കൊണ്ട് സർവ്വേ പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഒരു സമയക്രമം നിശ്ചയിച്ച് നടപടികളുടെ പുരോഗതി വിലയിരുത്താനായി എന്തെങ്കിലും സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) റാന്നിയിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം ചേർന്നത് 16-5-2017-നാണ്.

(ബി&സി) പ്രസ്തുത ഭൂമിയുടെ സർവ്വെയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതുസംബന്ധിച്ച വിവരങ്ങൾ സർവ്വേ ഡയറക്ടറേറ്റിൽനിന്നും ശേഖരിച്ചുവരുന്നു.

**റാന്നിയിൽ കിൻഫ്രയ്ക്ക് അനുവദിച്ച ഭൂമിയിൽ വ്യവസായ സംരംഭം**

141 (2140) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കിൻഫ്രയ്ക്ക് അനുവദിച്ച ഭൂമിയിൽ വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കേണ്ടതില്ല എന്ന് കിൻഫ്ര അന്തിമമായി തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതിന് പകരം എന്ത് വ്യവസായ സംരംഭമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെങ്കിലും നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) ഈ ഭൂമിയുടെ പാട്ടത്തുക എത്രയാണ്; എന്നുമുതൽ ഇതിന് പാട്ടത്തുക അടയ്ക്കുന്നുണ്ട്; ഏതെങ്കിലും വർഷം പാട്ടത്തുക അടയ്ക്കാതിരുന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) വ്യവസായം ആരംഭിക്കാത്ത സാഹചര്യത്തിൽ പാട്ടക്കരാർ കാലഹരണപ്പെടുക വഴി ഭൂമി കിൻഫ്രയ്ക്ക് നഷ്ടപ്പെടുമെന്ന സ്ഥിതി കൂടി പരിഗണിച്ച് അടിയന്തരമായി എന്തെങ്കിലും വ്യവസായ സംരംഭം ഇവിടെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ സംരംഭകർ മുന്നോട്ടുവരുന്ന പക്ഷം അവർക്ക് പ്രഥമ പരിഗണന നൽകുന്നതാണ്. അല്ലാത്തപക്ഷം മറ്റ് മേഖലയിലുള്ള സംരംഭകരെ പരിഗണിക്കുന്നതിന് തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ട്.

(സി) 24,856 രൂപയാണ് പാട്ടത്തുക. 2011 മുതൽ പാട്ടത്തുക അടയ്ക്കുന്നുണ്ട്. പാട്ടത്തുക കാലാകാലങ്ങളിൽ കൃത്യമായി കിൻഫ്ര അടയ്ക്കാറുണ്ട്.

(ഡി) ഭൂമി നഷ്ടപ്പെടാത്ത രീതിയിൽ വ്യവസായ ആവശ്യത്തിനായി ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്ന തരത്തിലുള്ള നടപടികളാണ് കിൻഫ്ര സ്വീകരിച്ചു വരുന്നത്.

**ഫർണിച്ചർ ഹബ്ബ്**

142 (2141) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റിൽ എറണാകുളം, തൃശ്ശൂർ ജില്ലകളെ ബന്ധിപ്പിച്ച് ഒരു ഫർണിച്ചർ ഹബ്ബ് പ്രഖ്യാപിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഫർണിച്ചർ ഹബ്ബ് ഏറ്റവും കൂടുതൽ ഫർണിച്ചർ വ്യാപാര സ്ഥാപനങ്ങളുള്ള കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴിയിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഫർണിച്ചർ ഹബ്ബിനായി ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കോതമംഗലം നെല്ലിക്കുഴിയിൽ ഒരു ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പൊതുമേഖലയിൽ പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ**

143 (2142) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമേഖലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുകയോ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടില്ല. നിലവിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നവീകരണ വിപുലീകരണ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## കല്ല്യാശ്ശേരി കെൽട്രോൺ കംപോണന്റ് കോംപ്ലക്സിൽ കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം

144 (2143) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ പുതുക്കിയ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മാരക മ്യൂസിയം കല്ല്യാശ്ശേരി കെൽട്രോൺ കംപോണന്റ് കോംപ്ലക്സിൽ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് കെ.പി.പി. നമ്പ്യാർ ഫൗണ്ടേഷൻ രൂപീകരിക്കുന്നതിനായി കെൽട്രോൺ എന്തെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മാരകമായി 'കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം' ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പു ചുമതലയ്ക്കായി ഒരു സൊസൈറ്റി രൂപീകരിക്കാനുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസൽ തൃപ്തികരമല്ലാത്തതിനാൽ ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കെൽട്രോണിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുതകുന്ന വ്യവസായങ്ങൾ

145 (2144) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുതകുന്ന വ്യവസായങ്ങൾ ഏതൊക്കെ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

ഉണ്ട്. കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്കരണം, റബ്ബർ അധിഷ്ഠിത വ്യവസായം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ജൈവവള നിർമ്മാണം, മരാധിഷ്ഠിത വ്യവസായം, ഫർണിച്ചർ നിർമ്മാണം, പ്രിന്റിംഗ്, എഞ്ചിനീയറിംഗ് ആന്റ് ഫാബ്രിക്കേഷൻ, ഇലക്ട്രോണിക്സ്, ഐ.ടി. അധിഷ്ഠിത സേവനങ്ങൾ, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ്, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം തുടങ്ങിയവയാണ് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന വ്യവസായങ്ങൾ.

**ഇലക്ട്രോണിക്സ് സർവ്വീസ് ഏജൻസികളുടെ അമിത ഫീസ്**

146 (2145) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കമ്പനികളുടെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളെ കമ്പനികൾ പലതരത്തിൽ വഞ്ചിക്കുകയും ചതിക്കുകയും ചെയ്യുന്ന കാര്യം പരിശോധിക്കുമോ ;

(ബി) ടെലിവിഷൻ, ഫ്രിഡ്ജ്, എ.സി., വാഷിംഗ് മെഷീൻ തുടങ്ങിയ സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾ സൗജന്യ സർവ്വീസും മെയിന്റനൻസും ആവശ്യമുള്ളപ്പോൾ ബന്ധപ്പെട്ട അംഗീകൃത സർവ്വീസ് ഏജൻസികളെ വിളിച്ചാൽ അവർ അമിതമായി ഫീസ് ഈടാക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുമോ;

(സി) സർവ്വീസ് സെന്ററുകളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ ആർക്കാണ് അധികാരമെന്ന് വ്യക്തമാക്കാമോ; ഇവയെ വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; ഓരോ ജില്ലയിലും ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് സെന്ററുകളുടെ വിവരം ശേഖരിച്ച് സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്) റൂൾസ്, 2011-ൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് ജില്ലാ സംസ്ഥാന ഉപഭോക്തൃ കോടതികളെ സമീപിക്കാവുന്നതാണ്.

(സി) വ്യവസായ വകുപ്പ് നിലവിൽ രജിസ്ട്രേഷനുകളൊന്നും നൽകുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് എടുക്കാവുന്നതാണ്. വ്യവസായ ജാലകം പദ്ധതി പ്രകാരം കേരളത്തിലെ വ്യവസായ സേവന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനോടൊപ്പം ഇലക്ട്രോണിക്സ് സെന്ററുകളുടെ വിവരങ്ങളും ശേഖരിക്കുന്നുണ്ട്.

## പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ

147 (2146) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നിലവിൽ പദ്ധതികളില്ല. എന്നാൽ ഇവിടെ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവരുന്ന വ്യവസായ സംരംഭകർക്ക് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)-യെ സമീപിക്കാവുന്നതാണ്.

## ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കാൻ നടപടി

148 (2147) ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) ഇതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കോറിഡോർ സ്ഥാപിക്കുന്നതിന് എങ്ങനെ ധനസമാഹരണം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development

and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അപ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വിശദപഠനം നടത്തിയശേഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട് എത്ര ഏക്കർ സ്ഥലം ആവശ്യമായി വരുമെന്നും എത്ര ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും പദ്ധതി അടങ്കൽ എത്രയാണെന്നും അറിയുവാൻ സാധിക്കുകയുള്ളൂ. ധനസമാഹരണ കാര്യം പിന്നീട് തീരുമാനിക്കുന്നതാണ്.

**കായികതാരങ്ങൾക്ക് സർക്കാർ ജോലി**

149 (2148) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക രംഗങ്ങളിൽ മികവ് തെളിച്ചവർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) ഓരോ കായിക ഇനത്തിലും പ്രത്യേകമായാണോ ജോലിക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്;

(സി) കായികതാരങ്ങൾക്ക് സർക്കാർജോലി നൽകുന്നതിന് ഏറ്റവുമൊടുവിൽ എന്നാണ് അപേക്ഷ ക്ഷണിച്ചത്;

(ഡി) ഇതു പ്രകാരം ലഭിച്ച അപേക്ഷകളിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഇ) കായികതാരങ്ങൾക്ക് സർക്കാർജോലി നൽകുന്നതിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) താഴെപ്പറയും വിധം കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ളതും വിജ്ഞാപനം ചെയ്തിട്ടുള്ള തസ്തികകൾക്ക് ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ കായിക താരങ്ങൾക്കാണ് സ്പോർട്സ് ക്വാട്ടാ നിയമനം ലഭിക്കുവാൻ അർഹതയുള്ളത്.

(i) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോക കപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം

ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

(ii) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

(iii) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

(ബി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് അപേക്ഷകരുടെ കായിക നേട്ടങ്ങൾ ഉൾപ്പെടുത്തി ഓരോ വർഷത്തേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷകളാണ് സമർപ്പിക്കേണ്ടത്. ഒരു ഉദ്യോഗാർത്ഥി പല ഇനങ്ങളിൽ വിജയങ്ങൾ നേടിയിട്ടുണ്ടെങ്കിൽ ആ വ്യക്തിയുടെ ഏറ്റവും ഉയർന്ന വിജയം പരിഗണിക്കുന്നതായിരിക്കും.

(സി) 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനത്തിനായി 7-12-2015-ലെ 14652/എസ്.ഡി.1/2012/പൊ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരമാണ് അപേക്ഷകൾ ക്ഷണിച്ചത്.

(ഡി&ഇ) ലഭ്യമായ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്ന ജോലികൾക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ കീഴിൽ നിയമന നടപടികൾ പുരോഗമിക്കുന്നു.

**കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ അനധികൃത ഖനനങ്ങൾ**

150 (T* 2149) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ റവന്യൂ,പഞ്ചായത്ത്,ജിയോളജി വകുപ്പ് അധികൃതരുടെ അനുമതി ഇല്ലാതെ ഖനനങ്ങൾ നടക്കുന്നതെവിടെയൊക്കെ യാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഖനനം നടത്തുന്നവർക്കെതിരെ കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ ആവശ്യമായ നടപടികൾ ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ താഴെപ്പറയുന്ന വില്ലേജുകളിൽ കണ്ടെത്തിയ അനധികൃത ഖനനം നിയമാനുസൃത നടപടി സ്വീകരിച്ച് നിർത്തി വയ്പ്പിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ല :

ബേളൂർ, ബളാൽ, കൊളത്തൂർ, പരപ്പ, മാലോത്ത്, കയ്യാർ, തായന്നൂർ, പൈവളിക, പനത്തടി, വോർകാടി, ചീമേനി, മടിക്കൈ, കൊടലമൊഗരു, പെരിയ, കള്ളാർ, വെസ്റ്റ് എളേരി, കയ്യൂർ, മുഗു, ബേഡക, മുന്നാട്, പുല്ലൂർ, കിണാനൂർ, തെക്കിൽ.

കണ്ണൂർ ജില്ല :

പായം, നെടിയങ്ങ, മുഴക്കുന്ന്, കൂടാളി, തില്ലങ്കേരി, കല്ല്യാട്, പരിയാരം, കയരളം, കൊളവല്ലൂർ, തോലാമ്പ്ര, പെരിങ്ങോം, കൊളാരി, കീഴൂർ, ചാവശ്ശേരി, മാനന്തേരി, ആലപ്പടമ്പ്, ചെറുവാഞ്ചേരി, കുറുമാത്തൂർ, മാത്തിൽ, അയ്യംകുന്ന്, പയ്യാവൂർ, എരുവേശി, കുളച്ചേരി, നൊച്ചിയാട്, കേളകം, പന്നിയൂർ, മലപ്പട്ടം, ശ്രീകണ്ഠപുരം, ചുഴലി, ആറളം, രാമന്തളി, പട്ടാനൂർ, കൂത്തുപറമ്പ്, പുത്തൂർ, മയ്യിൽ, എരമം, വയക്കര, പെരുന്തട്ട, തിമിരി, കണ്ടൻകുന്ന്, പട്ടുവിലായി, കൂവേരി, വയത്തൂർ, മുകേരി, തളിപ്പറമ്പ്, കീഴല്ലൂർ, കുറ്റൂർ കാങ്കോൽ.

(ബി) ഉണ്ട്. അനധികൃത ഖനനം തടയുന്നതിന് 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടും അതിനോടനുബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരവും അനധികൃത ധാതു ഖനനത്തിനെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## ക്വാറികൾക്ക് റോഡ്, തോട്, നദികൾ, വീടുകൾ തുടങ്ങിയവയിൽ നിന്നുള്ള ദൂരപരിധി

151 (2150) ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്വാറികൾക്ക് റോഡ്, തോട്, നദികൾ, വീടുകൾ തുടങ്ങിയവയിൽ നിന്നും ഏർപ്പെടുത്തിയിരുന്ന ദൂരപരിധി 50 മീറ്ററായി കുറച്ചു കൊണ്ട് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് റോഡ്, തോട്, നദികൾ, വീടുകൾ തുടങ്ങിയവയിൽ നിന്നും ക്വാറികളിലേക്ക് നിജപ്പെടുത്തിയിരുന്ന ദൂരപരിധി എത്രയായിരുന്നു;

(സി) പ്രസ്തുത ദൂരപരിധി കുറയ്ക്കുവാനും ക്വാറി പെർമിറ്റിന്റെ കാലാവധി വർദ്ധിപ്പിക്കുവാനുമുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ദൂരപരിധിയിൽ മാറ്റം വരുത്തിയശേഷം നിർമ്മാണ സാമഗ്രികളുടെ വിലയിൽ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ദൂരപരിധി കുറച്ചത് സംസ്ഥാനത്തിന്റെ പരിസ്ഥിതിക്ക് കടുത്ത ആഘാതം സൃഷ്ടിക്കുമെന്ന ആക്ഷേപം കണക്കിലെടുത്ത് പ്രസ്തുത ഭേദഗതിയിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) 1967-ലാണ് സംസ്ഥാനത്ത് ആദ്യമായി മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നത്. 1967 മുതൽ 2015 വരെ ഖനനം നടത്തുന്ന പ്രദേശത്തിന്റെ അതിരിൽനിന്നും റിസർവ്വോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, മറ്റ് പൊതുനിർമ്മാണങ്ങൾ, ആൾ താമസമുള്ള വീടുകൾ, ആരാധനാലയങ്ങൾ, ശ്മശാനം, പഞ്ചായത്ത് റോഡുകൾ എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായിരുന്നു. എന്നാൽ 2015 ഫെബ്രുവരിയിൽ പുതിയ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചപ്പോൾ എക്സ്പ്ലോസീവ് ഉപയോഗിച്ച് ഖനനം നടത്തുന്ന കേസ്സുകളിൽ 50 മീറ്റർ എന്നത് 100 മീറ്ററായി ഉയർത്തുകയും തുടർന്ന് 2015 മേയ് 19-ന് 100 മീറ്റർ എന്നത് "കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് 'കൺസന്റ് ടു ഓപ്പറേറ്റ്' നൽകുന്നതിന് നിശ്ചയിക്കുന്ന ദൂരപരിധി" എന്ന് ഭേദഗതി വരുത്തുകയും ചെയ്തു. മേജർ മിനറലുകൾക്ക് കൺസഷൻ നൽകുന്നത് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ്. കേന്ദ്ര സർക്കാർ 1960-ലും 2016-ലും പുറപ്പെടുവിച്ചിട്ടുള്ള മിനറൽ കൺസഷൻ ചട്ടങ്ങളിലും ദൂരപരിധി 50 മീറ്ററായാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ 1967 മുതൽ 2015 ഫെബ്രുവരി വരെ നിലനിന്നിരുന്ന 50 മീറ്റർ ദൂരപരിധി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി പുനഃസ്ഥാപിച്ചുകൊണ്ടാണ് 2017 ജൂണിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും മാറ്റിയിട്ടുണ്ട്.

(സി) 2006-ലെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരവും 2-12-2016-ലെ ബഹു. സുപ്രീം കോടതി ഉത്തരവ് പ്രകാരവും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ മുമ്പ് 50 മീറ്റർ ദൂരപരിധിയിൽ പ്രവർത്തിച്ചുവന്നിരുന്ന സംസ്ഥാനത്തെ ചെറുകിട ക്വാറികളിൽ ഭൂരിഭാഗത്തിനും പാരിസ്ഥിതികാനുമതിക്കായി അപേക്ഷ സമർപ്പിക്കാൻ കഴിയാതെ വന്നു. പാരിസ്ഥിതികാനുമതി ഇല്ലാത്തതുമൂലം സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർമ്മാണ വസ്തുക്കളിൽ ഭൂരിഭാഗവും സംഭാവന ചെയ്യുന്ന ചെറുകിട ക്വാറികൾക്ക് പ്രവർത്തനം അവസാനിപ്പിക്കേണ്ടിവന്നു. ഇതുമൂലം നിർമ്മാണ സാമഗ്രികൾക്ക് ദൗർലഭ്യവും അതുവഴി വിലക്കയറ്റത്തിന് വഴിവയ്ക്കുന്ന സ്ഥിതി സംജാതമാകുകയും നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലേയ്ക്ക് നീങ്ങുകയും ചെയ്യുമെന്ന അവസ്ഥ രൂപപ്പെട്ടുവന്നു. മേൽ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ മിനറൽ കൺസഷൻ ചട്ടങ്ങളിൽ നിശ്ചയിച്ചിട്ടുള്ള 50 മീറ്റർ ദൂരപരിധി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി പുനഃസ്ഥാപിച്ചുകൊണ്ട് 2017 ജൂണിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതുമൂലം കൂടുതൽ ക്വാറികൾക്ക് പാരിസ്ഥിതികാനുമതിക്കായി അപേക്ഷിക്കാൻ സാധിക്കുന്നതാണ്. ഖനനത്തിനായി പാരിസ്ഥിതികാനുമതി നൽകുന്നത് 5 വർഷത്തേക്കാണ്. ഇതനുസരിച്ചാണ് പെർമിറ്റ് നൽകുന്നതിനുള്ള കാലയളവ് പരമാവധി 5 വർഷമായി വർദ്ധിപ്പിച്ച് ചട്ടം ഭേദഗതി ചെയ്തത്.

(ഡി) 22-6-2017-നാണ് ദൂരപരിധിയിൽ ഇളവ് വരുത്തിയ സർക്കാർ ഉത്തരവ് നിലവിൽ വന്നത്. ആയതനുസരിച്ച് പുതിയ ഖനനാനുമതികൾക്കായി അപേക്ഷ ലഭിച്ചു വരുന്നതേയുള്ളൂ. അതനുസരിച്ചുള്ള ഖനനാനുമതികൾ നൽകി തുടങ്ങിയിട്ടില്ല.

(ഇ) പുതുക്കിയ ഭേദഗതി ഉത്തരവ് മാറ്റം വരുത്തുവാനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല.

**ഖനന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ**

152 (2151) <u>ശ്രീ. പി. ടി. തോമസ്</u>:

<u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ ഖനന നിർമ്മാണമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടി 28-12-2016-ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളിൽ ഐറ്റം നമ്പർ iii,v,vi,vii എന്നിവയിന്മേൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

28-12-2016-ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളിൽ ഐറ്റം നമ്പർ (iii) പ്രകാരം കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പെർമിറ്റ് കാലാവധി പരമാവധി 5 വർഷമാക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. ഐറ്റം നമ്പർ v-ൽ പറയുന്ന പ്രകാരം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തുകയും, റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ടി സ്ഥാപനം തൃശ്ശൂർ ജില്ലയിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ തുടർ പഠനം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടത്തിയിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കൂടി പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഐറ്റം നമ്പർ vi-ൽ പറയുന്ന പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഐറ്റം നമ്പർ vii-ൽ പ്രതിപാദിക്കുന്ന ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ സമ്പാദിച്ചിട്ടുണ്ട്.

**കൈത്തറി മേഖലയിലെ വികസന പദ്ധതികൾ**

153 (2152) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി പ്രകാരം കൈത്തറി തുണി നൽകുവാൻ കൈത്തറി സംഘങ്ങൾക്ക് സാധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂൾ കുട്ടികൾക്കും സൗജന്യമായി യൂണിഫോം നൽകുന്നതിന് എത്ര മീറ്റർ തുണി ആവശ്യമുണ്ട്; പ്രസ്തുത തുണി നെയ്ത് നൽകുന്നതിനുള്ള തറികൾ ഈ സഹകരണ സംഘങ്ങൾക്ക് നിലവിലുണ്ടോ ;

(സി) പുതുതായി കൈത്തറി മേഖലയിലേയ്ക്ക് കടക്കുന്നവർക്ക് തറികൾ ഇട്ടുകൊടുക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തറികൾ ഇതിനകം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിലെ എല്ലാ സ്കൂൾ കുട്ടികൾക്കും യൂണിഫോം നൽകുന്നതിന്റെ കണക്കെടുത്തിട്ടില്ല. സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിനനുസരിച്ച്

130 ലക്ഷം മീറ്റർ തുണിയുടെ ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് കൈത്തറി മേഖലയിൽ 29000-ത്തോളം തറികൾ രജിസ്റ്റർ ചെയ്തതിൽ നിലവിൽ പ്രവർത്തിക്കുന്ന തറികളുടെ എണ്ണം ഏകദേശം 9000 മാത്രമാണ്. എല്ലാ തറികളും ഈ പദ്ധതിക്ക് പൂർണ്ണമായും വിനിയോഗിച്ചാൽ നെയ്യുവാൻ കഴിയും.

(സി) 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ 75 ശതമാനം സർക്കാർ ധനസഹായം നൽകുന്നു. കൂടാതെ പ്രവർത്തനക്ഷമമല്ലാത്ത തറികൾ കേടുപാട് തീർത്ത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പദ്ധതികൾകൂടി നടപ്പിലാക്കിവരുന്നു. സ്കൂൾ യൂണിഫോം പദ്ധതിയിൽ തുണി ഉൽപ്പാദിപ്പിക്കുന്നതിലേയ്ക്കായി തറികളുടെ അറ്റകുറ്റപ്പണിക്കായി നെയ്ത്തുകാർക്ക് 4000 രൂപ വീതം നൽകിവരുന്നുണ്ട്.

## കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

154 (2153) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും ശക്തി പ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൈത്തറി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വൈവിധ്യവൽക്കരണ ത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

(സി) കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ തലങ്ങളിലുള്ള വിവിധ എക്സ്പോകളിൽ പങ്കെടുക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ടോ;

(ഡി) കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഒരു പൊതുവായ ഗുണമേന്മാ മാനദണ്ഡം ഉണ്ടാക്കുന്നതിനും അവയെ ഒരു പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൈത്തറി മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണത്തിന് പുതുതായി 2016-17 വർഷം

മുതൽ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിവരുന്നു. തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യ ലഭ്യമാക്കൽ, നിലവാരം മെച്ചപ്പെടുത്തൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണം എന്നിവയ്ക്കായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പുതിയ ഡിസൈൻ/പുതിയ സാമഗ്രികൾ എന്നിവ ഉപയോഗിച്ച് മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനത്തിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കേരള ഹാന്റ്ലൂം കൈത്തറി ഉൽപ്പന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാൻഡിംഗ് കൈത്തറി ഉൽപ്പന്നങ്ങൾക്ക് നൽകുന്നതിനും ധനസഹായം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരള ഹാന്റ്ലൂം വിൽപ്പനശാലകൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും നെയ്ത്തുകാർക്കും നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുംവേണ്ടി പ്രത്യേകം പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ ഉൾപ്പെടുത്തി പരിശീലനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും എന്ന പദ്ധതിയിൻ കീഴിൽ താഴെപ്പറയുന്ന രീതിയിൽ ധനസഹായം നൽകാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

| | | |
|---|---|---|
| വർക്ക്ഷെഡ് നവീകരണ ഗ്രാന്റ്, വ്യക്തിഗത നെയ്ത്തുകാർക്കുള്ള വർക്ക്ഷെഡ് നവീകരണ ഗ്രാന്റ് | - | 140 ലക്ഷം |
| മൂല്യവർദ്ധിതവും അധികമൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും പ്രോത്സാഹനവും | - | 200 ലക്ഷം |
| ഡൈഹൗസ് നവീകരണ ഗ്രാന്റ് | - | 40 ലക്ഷം |

(സി) ഉണ്ട്.

(ഡി) ഉണ്ട്. കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഒരു പൊതുവായ ഗുണമേന്മാ മാനദണ്ഡം ഉണ്ടാക്കുന്നതിനും അവയെ ഒരു പൊതു ബ്രാന്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനുമായി 'കേരള ഹാന്റ്ലൂം ഉൽപ്പന്നങ്ങൾ' എന്ന പേരിൽ പ്രത്യേക ബ്രാന്റോടുകൂടിയ നിലവാരമുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കായുള്ള ധനസഹായം, കേരള ഹാന്റ്ലൂം വിൽപ്പനശാലകൾക്കുള്ള ധനസഹായം എന്നിവയ്ക്കായി 200 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപ്രകാരം പ്രസ്തുത പദ്ധതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, കണ്ണൂർ (നിഫ്റ്റ്)-ന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ (ഡി.പി.ആർ. തയ്യാറാക്കൽ) ആരംഭിച്ചിട്ടുണ്ട്.

**കൈത്തറി മേഖലയിലെ പദ്ധതികൾ**

155 (2154) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണവുമായി ബന്ധപ്പെട്ട് കൈത്തറി മേഖലയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത മേഖലയുടെ വികസനത്തിനായി മുൻ സർക്കാരിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(സി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനവും സംരക്ഷണവും മുൻനിർത്തി ജനങ്ങൾക്ക് കൂടുതൽ ഉല്പന്നങ്ങൾ എത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓണവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽ സംഘടിപ്പിക്കുന്ന എക്സ്പോകളിൽ കൈത്തറി ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി സ്റ്റാളുകൾ സജ്ജീകരിക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾക്കായി സംസ്ഥാനത്താകെ 206 സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്. ഈ ഓണക്കാലത്തെ കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പനയ്ക്ക് 20 ശതമാനം റിബേറ്റും സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത കൈത്തറി മേഖലയുടെ പാരമ്പര്യവും പ്രൗഢിയും നിലനിർത്താൻ, ആ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് മാന്യമായ കൂലിയും സ്ഥിരമായ തൊഴിലും ഉറപ്പാക്കുവാനായി നടപ്പിലാക്കിയ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. തറി സ്വന്തമായി ഇല്ലാത്ത നെയ്ത്തുകാർക്ക് തറി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, നെയ്ത്തുകാർ കൂടുതലുള്ള ജില്ലകളിൽ ഡിസൈനേഴ്സിനെ നിയമിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, മറ്റ് പ്രാദേശിക ഉത്സവങ്ങൾ എന്നീ അവസരങ്ങളിൽ കൈത്തറി എക്സ്പോകൾ സംഘടിപ്പിക്കുന്നുണ്ട്. ഈ വർഷം ഓണത്തോടനുബന്ധിച്ച് 206 സ്റ്റാളുകളിലൂടെ കൈത്തറി മേഖലയിൽ ഉൽപ്പാദിപ്പിച്ചെടുത്ത ഏകദേശം 70 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കൈത്തറി ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും

156 (2155) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം മെച്ചപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കുമോ;

(സി) ഉത്പന്നങ്ങളുടെ വിപണനത്തിന് ഗവൺമെന്റ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) ഉത്സവ കാലത്ത് ഗവൺമെന്റ് പ്രഖ്യാപിക്കുന്ന റിബേറ്റ് അനുവദിക്കുന്ന സംഘങ്ങൾക്ക് സഹായ ധനം ലഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ ?

### ഉത്തരം

(എ) പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ പ്രോത്സാഹനത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി
2. പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം
3. ഹാന്റെക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം
4. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ്സിഡി
5. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ
6. കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ഹാന്റ്ലൂം ബിസിനസ്സ് ഇൻക്യുബേറ്റർ
7. നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/ കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായം

8. അംശദാന സമ്പാദ്യ പദ്ധതി

9. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബുങ്കർ ബീമാ യോജന)

10. വിപണന കയറ്റുമതി പ്രോത്സാഹനം

11. കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും

12. ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതി

13. പരിശീലനം, നൈപുണ്യം, ശേഷി വികസനം

14. കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം

15. കൈത്തറി തൊഴിലാളികളുടെ സർവ്വേ

(ബി) ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് കണ്ണൂരിലുള്ള നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും യാൺ ബാങ്കുകൾ വഴി യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിന് 'ഹാങ്ക് യാൺ സബ്സിഡി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കഴിനൂൽ വാങ്ങുന്നതിനുള്ള സബ്സിഡി, ചായങ്ങൾ, രാസവസ്തുക്കൾ എന്നിവയ്ക്കും സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ സബ്സിഡി നെയ്ത്തുകാർക്ക് നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകിവരുന്നു.

(സി) കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനതലത്തിൽ ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ, പ്രാദേശിക ഉത്സവങ്ങൾ പോലുള്ള അവസരങ്ങളിൽ എക്സ്പോകൾ നടത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 20 ശതമാനം റിബേറ്റും വിൽപ്പനയ്ക്ക് അനുവദിക്കുന്നു. (വർഷം 56 ദിവസം) നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, ഹാന്റ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള ഏജൻസികൾ സംഘടിപ്പിക്കുന്ന ദേശീയ, അന്തർദ്ദേശീയ മേളകളിലും പ്രാദേശിക കൈത്തറി മേളകളിലും പങ്കെടുക്കുന്നതിനും പ്രാഥമിക കൈത്തറി സഹകരണ നെയ്ത്തുസംഘങ്ങൾ/ഹാന്റെക്സ്/ഹാൻവീവ് എന്നിവർക്കും ധനസഹായം നൽകിവരുന്നു.

(ഡി) റിബേറ്റ് വിൽപ്പന കാലാവധി കഴിഞ്ഞ് ഒരു മാസത്തിനകം റിബേറ്റ് ക്ലെയിമിനുള്ള അപേക്ഷയും അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട ഹാന്റ്ലൂം സർക്കിൾ ഇൻസ്പെക്ടർ മുഖാന്തരം അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ

മാനേജർക്ക് സംഘങ്ങൾ സമർപ്പിക്കുന്നു. ജനറൽ മാനേജർമാരുടെ ശിപാർശയോടെ കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടർക്ക് ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുകയും മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള സംഘങ്ങൾക്ക് റിബേറ്റ് ക്ലെയിം അനുവദിക്കുകയും ചെയ്യുന്നു. സംഘങ്ങൾക്ക് അനുവദിക്കുന്ന തുകയുള്ള അലോട്ട്മെന്റ് ബന്ധപ്പെട്ട ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നൽകി ഓരോ സംഘത്തിന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് ജനറൽ മാനേജർമാരെ ചുമതലപ്പെടുത്തുന്നു.

## പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം

157 (2156) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലെ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പൊതുമേഖലയിലേയും സഹകരണമേഖലയിലേയും സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തന ശേഷി 95% ആക്കി ഉയർത്തണമെന്ന് ശ്രീ. നന്ദകുമാർ ചെയർമാനായ വിദഗ്ധസമിതി ശിപാർശ ചെയ്തിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ മറ്റ് പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ശിപാർശകളിന്മേൽ നിലപാട് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയത്തിൽ എത്രയും വേഗം നടപടി സ്വീകരിക്കുമോ;

(ഡി) വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശം നടപ്പിലാക്കാൻ ഈ മേഖലയിൽ അധികമായി എത്ര തുക മുടക്കേണ്ടി വരുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) 18-1-2017-ലെ ജി.ഒ.(ആർ.ടി.) നമ്പർ 88/2017/വ്യവ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ടെക്സ്റ്റൈൽ മില്ലുകളെക്കുറിച്ച് പഠിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്തതിലുള്ള വരുമാനം

158 (2157) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോമുകൾ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പിൽ നിന്നാണോ വിതരണം ചെയ്തതെന്ന കാര്യം വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എത്ര രൂപയുള്ള എത്ര മീറ്റർ തുണി ഈയിനത്തിൽ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഈയിനത്തിൽ വകുപ്പിന് ലഭിച്ച വരുമാനം എത്രയെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഖാദി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കുള്ള യൂണിഫോമുകൾ ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പിൽനിന്നും വിതരണം ചെയ്തിട്ടില്ല.

(ബി &സി) ബാധകമല്ല.

(ഡി) ഉത്സവ സീസണിൽ ഖാദിക്ക് 30 ശതമാനം സ്പെഷ്യൽ റിബേറ്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായി വിൽപ്പന മേളകൾ സംഘടിപ്പിച്ചുകൊണ്ടും പത്രമാധ്യമങ്ങൾ, ആകാശവാണി തുടങ്ങിയവ വഴി പരസ്യങ്ങൾ നൽകിയും, വാഹന പ്രചരണം, നോട്ടീസ്, പോസ്റ്ററുകൾ എന്നിവ മുഖേനയും ഖാദി വസ്ത്രങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

## പി.യു. ചിത്രയ്ക്ക് ലോക മീറ്റിൽ പങ്കെടുക്കുവാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ

159 (2158) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കായിക ഫെഡറേഷന്റെ ഇടപെടലുകൾ പി.യു. ചിത്രയ്ക്ക് എതിരായി വന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം അനഭിലഷണീയമായ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്നും ഇതിനു പിന്നിൽ ഏതെങ്കിലും വ്യക്തികൾ പ്രവർത്തിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഇക്കാര്യത്തിൽ എടുത്തിട്ടുള്ള മാതൃകാപരമായ സമീപനം തുടർന്നും അവഗണിയ്ക്കപ്പെടുന്ന താരങ്ങൾക്കും നൽകുന്നതിൽ ജാഗ്രത പുലർത്തുമോ?

<u>ഉത്തരം</u>

(എ) ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്നവർക്ക് ലോക ചാമ്പ്യൻഷിപ്പിൽ മത്സരിക്കുന്നതിന് എൻട്രി ലഭിക്കുന്നതിന് അർഹതയുണ്ടായിട്ടും കുമാരി പി.യു. ചിത്രയെ ഇൻഡ്യൻ ടീമിൽനിന്നും ഒഴിവാക്കുകയായിരുന്നു. കുമാരി പി.യു. ചിത്ര തന്നെ ടീമിൽ ഉൾപ്പെടുത്താത്ത ഫെഡറേഷന്റെ തീരുമാനത്തെ ബഹു. കേരള ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും, കോടതി കുമാരി പി.യു. ചിത്രയെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തുന്നതിന് ഉത്തരവ് നൽകുകയുണ്ടായി. എന്നിട്ടും ടിയാൾക്ക് ഇന്ത്യൻ ടീമിൽ അംഗമാകാൻ കഴിഞ്ഞില്ല.

(ബി) പരിശോധിച്ചിട്ടുണ്ട്. മലയാളികളായ സെലക്ഷൻ കമ്മിറ്റി അംഗവും സഹ പരിശീലകനും സെലക്ഷൻ കമ്മിറ്റിയിൽ ഉണ്ടായിരുന്നെങ്കിലും കുമാരി പി.യു. ചിത്രയെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്താത്ത കാര്യം കൗൺസിലിനേയോ പി.യു. ചിത്രയെയോ സർക്കാരിനെയോ യഥാസമയം അറിയിച്ചിരുന്നില്ല. ഇതുകാരണം കുമാരി പി.യു. ചിത്രയ്ക്ക് സെലക്ഷൻ കമ്മിറ്റിയിലോ ബന്ധപ്പെട്ട അധികാരികൾ മുമ്പാകെയോ കോടതിയെ സമീപിക്കുന്നതിനോ കാലതാമസം നേരിട്ടു. മേൽ സാഹചര്യമാണ് സർക്കാരിനും, കൗൺസിലിനും ഇക്കാര്യത്തിൽ ഇടപെടുന്നതിന് കാലതാമസമുണ്ടായത്.

(സി) ഇത്തരം സന്ദർഭങ്ങളിൽ മാതൃകാപരമായ സമീപനം തന്നെയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**ലോക അത്‌ലറ്റിക് മീറ്റിൽനിന്നും പി.യു. ചിത്രയെ ഒഴിവാക്കിയ സംഭവം**

160 (2159) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക അത്‌ലറ്റിക് മീറ്റിനുള്ള ഇൻഡ്യൻ ടീമിനെ തിരഞ്ഞെടുത്ത രീതിയെ നിശിതമായി വിമർശിച്ച സെലക്ഷൻ കമ്മിറ്റി ചെയർമാൻ ജി.എസ്. രൺധാവെയുടെ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണം നേടിയ പി.യു.ചിത്രയെ ലോക അത്‌ലറ്റിക് മീറ്റിനുള്ള ഇൻഡ്യൻ ടീമിന്റെ അന്തിമ പട്ടികയിൽ നിന്ന് സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ദേശീയ അത്‌ലറ്റിക് ഫെഡറേഷൻ തഴഞ്ഞതാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരളത്തിൽ നിയമസഭ പാസ്സാക്കിയ സ്പോർട്സ് ആക്ട് ഉള്ളതുപോലെ കേന്ദ്രത്തിലും പാർലമെന്റ് പാസ്സാക്കുന്ന സ്പോർട്സ് നിയമമുണ്ടായെങ്കിൽ മാത്രമേ ഫെഡറേഷനുകളെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂവെന്ന് കാണിച്ച് കേന്ദ്ര ഗവൺമെന്റിന് (കായിക മന്ത്രാലയത്തിന്) കത്തയച്ചിട്ടുണ്ട്. കൂടാതെ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ദേശീയ ഫെഡറേഷനുകൾക്ക് നിർദ്ദേശം നൽകണമെന്ന് കാണിച്ച് കേന്ദ്ര യുവജനകാര്യ കായിക സെക്രട്ടറിക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും കത്ത് നൽകുന്നതാണ്.

**നേമം മണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

161 (2160) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നേമം നിയോജക മണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

സ്പോർട്സുമായി ബന്ധപ്പെട്ട പുതിയ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മികവ് തെളിയിച്ച കായികതാരങ്ങൾക്ക് പ്രോത്സാഹനം**

162 (2161) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് മികവ് തെളിയിച്ച താരങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ;

(ബി) അവരുടെ മികവ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം സഹായങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും ഓരോ കായിക താരങ്ങൾക്കും അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". ഏകദേശം 250 കായികതാരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അതിൽ ആദ്യ വർഷ ചെലവ് ഉദ്ദേശം 47.2 കോടി രൂപയാണെങ്കിലും പല ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പാക്കാൻ പോകുന്നത്. ആദ്യഘട്ടത്തിന്റെ ഭാഗമായി 7 കായിക ഇനങ്ങൾ സെപ്റ്റംബർ മാസത്തിൽ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 2017-18-ലെ ബജറ്റിൽ 2 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വിദേശ പരിശീലകരുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിനും തീരുമാനി ച്ചിട്ടുണ്ട്.

<u>എലൈറ്റ് സ്കീം</u> :

കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/ കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായിക താരങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. എൽ.എൻ.സി.പി.-യിൽ പ്രവർത്തിച്ചുവരുന്ന എലൈറ്റ് അത്‌ലറ്റിക്സ് സ്കീം, തൃപ്രയാറിലെ ഹൈ പെർഫോർമൻസ് ട്രെയിനിംഗ് സെന്റർ ഫോർ വോളിബോൾ എന്നിവിടങ്ങളിൽ നാഷണൽ/ ഇന്റർനാഷണൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിവുള്ള 13 അത്‌ലറ്റിക്സ്, 17 വോളിബോൾ കായികതാരങ്ങൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഫെൻസിംഗ് എലൈറ്റ് സ്കീമിൽ 5 കായിക താരങ്ങൾക്കും നിലവിൽ നാഷണൽ/ഇന്റർനാഷണൽ ലെവലിലുള്ള പരിശീലനം നൽകിവരുന്നുണ്ട്.

വിദേശ പരിശീലനത്തിനായി ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവർഡ് നൽകുന്ന പദ്ധതിയും, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി. രാജ അവാർഡ് എല്ലാ വർഷവും ഒരു പുരുഷ കായിക താരത്തിനും വനിതാ കായിക താരത്തിനും നൽകി വരുന്ന പദ്ധതിയും നിലവിലുണ്ട്. സംസ്ഥാനത്തെ മികച്ച കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പ്രതിമാസം 10,000 രൂപ വീതം നൽകുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് സ്കീം എന്ന നൂതന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സ്പോർട്സ് /ഗെയിംസ് ഇനങ്ങളിൽ നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവ് വീതം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ 2 ഒഴിവ് വീതം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവു വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്. കൂടാതെ അന്തർദ്ദേശീയ തലത്തിൽ മെഡൽ കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് കാലാകാലങ്ങളിൽ ക്യാഷ് അവാർഡുകളും നൽകിവരുന്നുണ്ട്.

**ദേശീയ ഗെയിംസിനായി രൂപീകരിച്ച സെക്രട്ടേറിയറ്റ്**

163 (2162) ശ്രീ. കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഗെയിംസ് സംഘടിപ്പിക്കുവാൻ രൂപീകരിച്ച സെക്രട്ടേറിയറ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര ജീവനക്കാർ പ്രസ്തുത സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്നു; അവരുടെ നിലവിലെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. 26-9-2016-ലെ സ.ഉ. (കൈ.)നമ്പർ 45/2016/കാ.യു.വ. പ്രകാരം ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം അവസാനിപ്പിച്ച് അവശേഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കായിക യുവജനകാര്യ ഡയറക്ടറേറ്റിന് കൈമാറിയിരുന്നു. ഗെയിംസ് വില്ലേജിൽ പ്രീ-ഫാബ് യൂണിറ്റുകളും എയർ കണ്ടീഷണറുകളും ഉൾപ്പെടെ കോടിക്കണക്കിന് രൂപ വില മതിപ്പുള്ള നിരവധി വസ്തുക്കൾ ഇനിയും അവശേഷിക്കുന്നതിനാൽ ഗെയിംസ് വില്ലേജിന്റെ സംരക്ഷണത്തിനും മേൽനോട്ട

ത്തിനുമായി അതിന്റെ ചുമതല വഹിക്കുന്ന 3 കരാർ ജീവനക്കാരെയും (ഒരു അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ഒരു പ്രോജക്ട് അസിസ്റ്റന്റ്, ഒരു അസിസ്റ്റന്റ്) 3 താൽക്കാലിക സെക്യൂരിറ്റി ജീവനക്കാരെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെയും കായിക യുവജനകാര്യാലയത്തിന് കീഴിൽ നിലനിർത്തിയിട്ടുണ്ട്.

**കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടി**

164 (2163) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് പൊതു വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിൽ ഗ്രൗണ്ട്, സിന്തറ്റിക് ട്രാക്ക്, സ്വിമ്മിംഗ് പൂളുകൾ, സ്റ്റേഡിയങ്ങൾ ഇവ നിർമ്മിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ, മറ്റ് നടപടിക്രമങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലായിരുന്ന ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ്. എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്പോർട്സ് സ്കൂൾ എന്ന നിലയിൽ അവയെ ദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി ഇവയുടെ പൂർണ്ണ നിയന്ത്രണവും സമഗ്ര പുരോഗതിക്ക് ആവശ്യമായ നയങ്ങൾ, പദ്ധതികൾ, ഉദ്ദേശ്യങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള ചുമതലയും പൂർണ്ണ മേൽനോട്ടവും ഭരണ നിയന്ത്രണ ചുമതലയും കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഭരണ നിയന്ത്രണ ചുമതല കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്തശേഷം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ ഹോസ്റ്റൽ പുതുക്കിപണിയുന്നതിനും, കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്കുള്ള സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ എന്നിവ പുതിയ അധ്യയന വർഷം ആരംഭിച്ച ഉടനെ തന്നെ വിതരണം ചെയ്തിട്ടുണ്ട്. പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയെയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രധാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായിക ക്ഷമതയു

ളളവരാക്കുന്നതിന് ലക്ഷ്യമിട്ട് പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പറളി, മേപ്പയ്യൂർ, ഫറൂക്ക് ഗണപത് എന്നിവിടങ്ങളിലെ സ്കൂളുകളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) നിലവിലുള്ള സ്കീമിൽ പദ്ധതി പ്രകാരം സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്കും മറ്റും ഫോർലൈൻ സിന്തറ്റിക് ട്രാക്കുകളും മിനി സ്റ്റേഡിയങ്ങളും സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് നിർമ്മിച്ച് നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് സ്പോർട്സ് വികസിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി സംബന്ധിച്ച് പ്രത്യേകിച്ച് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

**കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഡി.എ.**

165 (2164) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് നൽകുന്ന ഡി.എ. വളരെ പരിമിതമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ദേശീയ മത്സരങ്ങളിലും മേഖലാ മത്സരങ്ങളിലും പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് പ്രതിദിനം 400 രൂപ നിരക്കിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഡി.എ. നൽകി വരുന്നു. ഇത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം**

166 (2165) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര തുകയാണ് ഓരോ പഞ്ചായത്തിനും അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പഞ്ചായത്തുകളെ ഇതിനായി പരിഗണിക്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശവും നടപടിക്രമവും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം ' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

**സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം**

167 (2166) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം സുഗമമാക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഇപ്പോൾ എത്ര അംഗങ്ങളാണ് കൗൺസിലിൽ ഉള്ളത്; ഇവർ ആരൊക്കെയാണ്; വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുവദിച്ച 'പൈക്ക' ഫണ്ട് പാഴാക്കിയത് സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര താൽക്കാലിക നിയമനം നടത്തി; ഇവർ ആരെല്ലാമാണ്; എത്ര പേരെ സ്ഥിരപ്പെടുത്തി; ഇനി എത്ര ഒഴിവുകൾ ഏതെല്ലാം തസ്തികകളിൽ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) കായിക പരിശീലർക്കിടയിലുള്ള രാഷ്ട്രീയം വിദ്യാർത്ഥികളുടെ സെലക്ഷനെയും പരിശീലനത്തെയും ബാധിക്കുന്നതായുള്ള ആക്ഷേപം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിൽ സർക്കാർ സഹായത്തോടെ ഈ വർഷം എവിടെയെല്ലാമാണ് സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യവസായ കായിക യുവജനകാര്യ വകുപ്പുമന്ത്രി ചെയർമാനായും, ശ്രീ. ടി. പി. ദാസൻ പ്രസിഡന്റായും, ഒളിമ്പ്യൻ ശ്രീമതി മേഴ്സിക്കുട്ടൻ വൈസ് പ്രസിഡന്റായും സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

79 അംഗങ്ങൾ നിലവിലുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗങ്ങളുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ശ്രീ. ടി. പി. ദാസൻ | - | ചെയർമാൻ |
| 2. | ശ്രീമതി മേഴ്സികുട്ടൻ | - | മെമ്പർ |
| 3. | സെക്രട്ടറി, സ്പോർട്സ് വകുപ്പ് | - | അംഗം |
| 4. | സെക്രട്ടറി, ധനകാര്യ വകുപ്പ് (എക്സ്പെൻഡിച്ചർ) | - | അംഗം |
| 5. | ഡയറക്ടർ, കായിക യുവജനകാര്യാലയം | - | അംഗം |
| 6. | ശ്രീ. ഡി. വിജയകുമാർ | - | അംഗം |
| 7. | ശ്രീ. എം.ആർ. രഞ്ജിത്ത് | - | അംഗം |
| 8. | ശ്രീ. ഒ. കെ. വിനീഷ് | - | അംഗം |
| 9. | ശ്രീ. പി. ശശിധരൻ നായർ | - | അംഗം |
| 10. | ഡോ. റ്റി. ഐ. മനോജ് | - | അംഗം |
| 11. | ശ്രീ. ജോർജ്ജ് തോമസ് | - | അംഗം |
| 12. | ശ്രീമതി കെ. സി. ലേഖ | - | അംഗം |
| 13. | സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ | - | അംഗം |

(ബി) പൈക്ക ഫണ്ടുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളൊന്നും നിലവിലില്ല.

(സി) 40 പേരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ആർക്കും സ്ഥിര നിയമനം നൽകിയിട്ടില്ല. നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി (ടെക്നിക്കൽ - 1), ക്ലാർക്ക് - 11, പ്യൂൺ - 2, പരിശീലകർ - 18, ടൈപ്പിസ്റ്റ് /സ്റ്റെനോ - 1, നൈറ്റ് വാച്ചർ - 1, പാർട്ട് ടൈം സ്വീപ്പർ -1, പാർട്ട് ടൈം അറ്റൻഡർ - 1, ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി - 6 എന്നീ തസ്തികകളിൽ ഒഴിവുണ്ട്.

(ഡി) ഇത്തരത്തിലുള്ള ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) ഈ വർഷം പുതുതായി സ്റ്റേഡിയങ്ങളൊന്നും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ ഫിഫ അണ്ടർ 17 ലോകകപ്പിന്റെ ഭാഗമായി കൊച്ചി പനമ്പിള്ളി നഗർ സ്പോർട്സ് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങളും തിരുവനന്തപുരം, ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ് എന്നിവയുടെ തുടർനിർമ്മാണ പ്രവൃത്തികളും നടന്നു വരുന്നു.

**ദേവികുളം മണ്ഡലത്തിൽ കായിക വകുപ്പിന്റെ പുതിയ പദ്ധതികൾ**

168 (2167) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ സ്ഥാപിച്ചിട്ടുള്ള ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ പുനരുദ്ധരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദഗ്ദ്ധരായ പൊട്ടൻഷ്യൽ ഡെവലപ്പേഴ്സ്, ആർക്കിടെക്ട് എന്നിവർക്കായി പത്രങ്ങളിലൂടെയും കൗൺസിലിന്റെ വെബ്സൈറ്റ് വഴിയും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

**കായികരംഗം പരിപോഷിപ്പിക്കുന്നതിനായി പദ്ധതികൾ**

169 (2168) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികരംഗം പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കായികതാരങ്ങളെ ഒളിമ്പിക്സിൽ മെഡൽ നേടുവാൻ പ്രാപ്തരാക്കുന്ന തരത്തിൽ ഫലപ്രദവും ശാസ്ത്രീയവുമായ പരിശീലനം നൽകുന്നതിന് ' ഓപ്പറേഷൻ ഒളിമ്പ്യ ' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഏതെല്ലാം കായിക ഇനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വിദേശ കോച്ചുമാരെയും വിദഗ്ധരായ ദേശീയ കോച്ചുമാരെയും ഇതിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2020, 2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. താഴെ സൂചിപ്പിക്കുന്ന 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

| | | |
|---|---|---|
| 1 | ആർച്ചറി | 20 |
| 2 | അത്‌ലറ്റിക്സ് | 40 |
| 3 | ബാഡ്മിന്റൺ (ഷട്ടിൽ) | 40 |
| 4 | ബോക്സിംഗ് | 20 |
| 5 | കനോയിംഗ് & കയാക്കിംഗ് | 20 |
| 6 | സൈക്ലിംഗ് | 20 |
| 7 | ഫെൻസിംഗ് | 20 |
| 8 | റോവിംഗ് | 20 |
| 9 | ഷൂട്ടിംഗ് | 10 |

| | | |
|---|---|---|
| 10 | സ്വിമ്മിംഗ് | 20 |
| 11 | റസ്‌ലിംഗ് | 20 |
| | ആകെ | 250 |

ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നിവ കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, റോവിംഗ് ആലപ്പുഴയിലും, ബാഡ്മിന്റൺ എറണാകുളത്തും, ആർച്ചറി വയനാടും ജില്ലകളിലായി (ഒളിമ്പിക്സ് സെന്ററുകൾ) ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം സെപ്റ്റംബർ 15-ന് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2017-18 മുതൽ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ വർഷത്തെ നടത്തിപ്പിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഉണ്ട്. ചുവടെ പറയും പ്രകാരമാണ് തീരുമാനിച്ചിട്ടുള്ളത്.

| കായിക ഇനം | വിദേശ പരിശീലകൻ (എണ്ണം) | ദേശീയ പരിശീലകൻ (എണ്ണം) |
|---|---|---|
| (1) | (2) | (3) |
| ആർച്ചറി | 1 | 2 |
| അത്‌ലറ്റിക്സ് | 2 | 2 |
| ബാഡ്മിന്റൺ (ഷട്ടിൽ) | 1 | 2 |
| ബോക്സിംഗ് | 1 | 2 |

| (1) | (2) | (3) |
|---|---|---|
| കനോയിംഗ് & കയാക്കിംഗ് | 2 | 2 |
| സൈക്ലിംഗ് | 1 | 3 |
| ഫെൻസിംഗ് | 3 | 2 |
| റോവിംഗ് | 1 | 3 |
| ഷൂട്ടിംഗ് | 2 | 2 |
| സ്വിമ്മിംഗ് | 1 | 2 |
| റസ്‌ലിംഗ് | 1 | 2 |

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

170 (2169) ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) പദ്ധതിയനുസരിച്ച് പരിശീലനം നൽകാനുള്ള കായിക താരങ്ങളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി "ഓപ്പറേഷൻ ഒളിമ്പ്യ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ , ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". 2020, 2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

| | | |
|---|---|---|
| 1 | ആർച്ചറി | 20 |
| 2 | അത്‌ലറ്റിക്സ് | 40 |
| 3 | ബാഡ്മിന്റൺ | 40 |
| 4 | ബോക്സിംഗ് | 20 |
| 5 | കനോയിംഗ് & കയാക്കിംഗ് | 20 |
| 6 | സൈക്ലിംഗ് | 20 |
| 7 | ഫെൻസിംഗ് | 20 |
| 8 | റോവിംഗ് | 20 |
| 9 | ഷൂട്ടിംഗ് | 10 |
| 10 | സ്വിമ്മിംഗ് | 20 |
| 11 | റസ്‌ലിംഗ് | 20 |
| | ആകെ | 250 |

ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്,

ഫെൻസിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നിവ കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, റോവിംഗ് ആലപ്പുഴയിലും, ബാഡ്മിന്റൺ എറണാകുളത്തും, ആർച്ചറി വയനാടും ജില്ലകളിലായി (ഒളിമ്പിക്സ് സെന്ററുകൾ) ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ കേരളീയ കായിക താരങ്ങളെ മെഡൽ നേടുന്നതിന് സജ്ജരാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത കായിക ഇനത്തിൽ ഒളിമ്പിക് സെന്ററുകളിലേക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷന്റെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയോഗിക്കുന്ന പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ സെലക്ഷൻ ട്രയൽസ് നടത്തി കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**കാട്ടാക്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നവീകരണം**

171 (2170) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട മണ്ഡലത്തിലെ മൂന്ന് സ്റ്റേഡിയങ്ങൾ നവീകരിക്കുന്നത് സംബന്ധിച്ച് നൽകിയ 266/VIP/M/17-ാം നമ്പർ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ആയതിന്മേൽ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനായി സ്വീകരിക്കേണ്ട തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അപേക്ഷയിന്മേൽ കായിക യുവജനകാര്യാലയം ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭിച്ചാലുടനെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നടുവണ്ണൂർ വോളിബോൾ അക്കാദമി**

172 (2171) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) അക്കാദമിയുടെ സ്റ്റേഡിയം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാനാണോ ഉദ്ദേശിക്കുന്നത്;

(സി) വോളിബോൾ അക്കാദമിയുടെ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി ഏതെങ്കിലും കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിക്ക് സ.ഉ. (ആർ.ടി.) നമ്പർ 95/17/കാ.യു.വ. തീയതി 15-5-2017 പ്രകാരം 10.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സ്റ്റേഡിയം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി കിറ്റ്കോയെ തെരഞ്ഞെടുത്തിട്ടുണ്ട്.

## ആറ്റിങ്ങൽ സ്പോർട്സ് ഹോസ്റ്റൽ

173 (2172) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിൽ എത്ര കായിക താരങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്;

(ബി) നിലവിൽ എത്ര കായിക താരങ്ങളാണ് ഹോസ്റ്റലിൽ ഉള്ളത്;

(സി) കായിക താരങ്ങളുടെ എണ്ണം അധികരിച്ചതുമൂലമുള്ള ഹോസ്റ്റലിലെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിൽ 100 കായിക താരങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്.

(ബി) നിലവിൽ 132 കായിക താരങ്ങൾ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിലെ 22 തായ്ക്കോണ്ടോ കായിക താരങ്ങളെ പിരപ്പൻകോട് സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പയ്യന്നൂർ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ

174 (2173) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ സ്പോർട്സ് കൗൺസിലിന് കീഴിൽ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ടോയെന്നും എങ്കിൽ എവിടെയെന്നും അറിയിക്കുമോ ;

(ബി) വർഷത്തിൽ എത്ര കുട്ടികൾക്കാണ് അവിടെ പ്രവേശനം നൽകുന്നത്;

(സി) ഈ അക്കാദമിക് വർഷം എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകിയത്; പ്രവേശനം നൽകിയില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പയ്യന്നൂർ പഴയ ബസ് സ്റ്റാൻഡിന് സമീപം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു.

(ബി) 25 കായിക താരങ്ങൾക്ക് താമസിച്ച് പരിശീലനം നടത്തി വരുന്നതിനുള്ള സൗകര്യങ്ങൾ മാത്രമാണ് പയ്യന്നൂർ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിലുള്ളത്.

(സി) ഈ അദ്ധ്യയന വർഷം പുതുതായി കായിക താരങ്ങളെ പ്രവേശിപ്പിച്ചിട്ടില്ല. നിലവിൽ 25 കായിക താരങ്ങൾ പയ്യന്നൂർ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിൽ പരിശീലിച്ച് വരുന്നതിനാലാണ് പുതിയ കായിക താരങ്ങൾക്ക് പ്രവേശനം നൽകാത്തത്. ഓരോ വർഷവും പരിശീലനം പൂർത്തിയാക്കുന്ന കായിക താരങ്ങൾക്ക് അനുസരിച്ച് പുതിയ ഹാന്റ്ബോൾ താരങ്ങൾക്ക് പ്രവേശനം നൽകിവരുന്നു.

## പുല്ലൂരാംപാറ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം

175 (2174) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച പുല്ലൂരാംപാറ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ബി) ഇതിനായി ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ വിശദമാക്കുമോ;

(സി) കോംപ്ലക്സ് നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുല്ലൂരാംപാറ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. സ.ഉ. (സാധാ) നമ്പർ 99/2017/കാ.യു.വ. തീയതി 27-5-2017 പ്രകാരം കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി തെരഞ്ഞെടുത്തിട്ടുള്ള കിറ്റ്കോയെ പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രത്യേക യോഗം ചേർന്നിട്ടില്ല.

(സി) കിറ്റ്കോ കൺസെപ്റ്റ് നോട്ട് തയ്യാറാക്കി ഭരണാനുമതി നൽകിയശേഷം ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി അംഗീകാരം ലഭിച്ചാലുടൻ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുകയും ചെയ്യുന്നതാണ്.

**കളിസ്ഥലങ്ങൾ നവീകരിക്കാൻ ധനസഹായം**

176 (2175) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാദേശികതലത്തിൽ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന ക്ലബ്ബുകൾക്ക് ഗ്രൗണ്ടുകളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിന് ധനസഹായം നൽകാൻ പദ്ധതികൾ നിലവിലുണ്ടോ;

(ബി) സ്കൂളുകളുടെ കളിസ്ഥലങ്ങൾ നവീകരിക്കാൻ ധനസഹായം ലഭ്യമാക്കുന്നുണ്ടോ ;

(സി) എങ്കിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുള്ളിൽ ഈ ഇനത്തിൽ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്കൂളുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) നിലവിലുള്ള സ്കൈൽ പദ്ധതി പ്രകാരം സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്ക് ഫോർലൈൻ സിന്തറ്റിക് ട്രാക്കുകളും മിനി സ്റ്റേഡിയങ്ങളും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് നിർമ്മിച്ച് നൽകി വരുന്നുണ്ട്. കുട്ടികളുടെ സമഗ്ര ആരോഗ്യ കായിക വികസനത്തിനായി പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നിലവിലുണ്ട്.

**ഭിന്നശേഷിയുള്ള ശ്രീജിഷ്ണ എന്ന അത്‌ലറ്റിന്**

**സർക്കാർ ആനുകൂല്യങ്ങൾ**

177 (2176) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ തുടർച്ചയായി നാഷണൽ ഡഫ് ഗെയിംസ്, 2015-ൽ തയ്‌വാനിൽ ഏഷ്യാ പസഫിക് ഒളിമ്പിക്സ്, 2016-ൽ ബൾഗേറിയയിലെ ഡഫ് വേൾഡ് ഒളിമ്പിക്സ് തുടങ്ങിയവയിൽ പങ്കെടുത്ത് സ്വർണ്ണം ഉൾപ്പെടെ നിരവധി മെഡലുകൾ കരസ്ഥമാക്കിയിട്ടുള്ള തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ ശ്രീജിഷ്ണ എന്ന ഭിന്നശേഷിയുള്ള അത്‌ലറ്റിന് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾക്കായി മണലൂർ എം.എൽ.എ. വഴി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിവേദനം 3-8-2017 തീയതിയിൽ ലഭിച്ചിട്ടുണ്ട്. നിവേദനത്തിന്മേൽ കായിക യുവജനകാര്യ ഡയറക്ടറുടെയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെയും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും 17-7-2017-ലെ 149117/എ 3/17/കാ.യു.വ. നമ്പർ കത്ത് പ്രകാരം തുർക്കിയിൽ നടന്ന 23-ാമത് ധാക്ക ഒളിമ്പിക്സിൽ പങ്കെടുത്ത കുമാരി ശ്രീജിഷ്ണയ്ക്ക് 10,000 രൂപ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

## ഗ്രീൻഫീൽഡ് സ്റ്റേഡിയം

178 (2177) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കാര്യവട്ടത്തുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം കേരള ക്രിക്കറ്റ് അസോസിയേഷന് കൈമാറിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച കരാർ വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(സി) അന്താരാഷ്ട്ര മത്സരങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഈ സ്റ്റേഡിയത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം കൺസെഷനെയറായ മെസ്സേഴ്സ് കാര്യവട്ടം സ്റ്റേഡിയം ഫെസിലിറ്റീസ് ലിമിറ്റഡ് (കെ.എസ്.എഫ്.എൽ.), കേരള ക്രിക്കറ്റ് അസോസിയേഷന് ഗ്രൗണ്ടും അനുബന്ധ സൗകര്യങ്ങളും വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്.

(ബി) കളിസ്ഥലവും മറ്റനുബന്ധ സൗകര്യങ്ങളും ഒരു വർഷത്തിൽ 180 ദിവസം എന്ന പ്രകാരം 11 വർഷത്തേയ്ക്കാണ് നൽകിയിരിക്കുന്നത്.

വ്യവസ്ഥ :

കേരള ക്രിക്കറ്റ് അസോസിയേഷൻ ലൈസൻസ് ഫീസും, വ്യത്യസ്ത ഉപയോഗമനുസരിച്ചുള്ള വേദി ചാർജ്ജും കാര്യവട്ടം സ്റ്റേഡിയം ഫെസിലിറ്റീസ് ലിമിറ്റഡ് (കെ.എസ്.എഫ്.എൽ.)-ന് നൽകണം.

1. ഇന്ത്യൻ പ്രീമിയർ ലീഗ് മത്സര പ്രാക്ടീസ് നടക്കുന്ന ദിവസങ്ങളിൽ പ്രതിദിനം 1 ലക്ഷം രൂപ
2. ഐ.പി.എൽ. മത്സരങ്ങൾക്ക് പ്രതിദിനം 10 ലക്ഷം രൂപ
3. അന്താരാഷ്ട്ര ഏകദിനം, അന്താരാഷ്ട്ര ട്വന്റി 20 മത്സരം എന്നിവയ്ക്കായി വിൽക്കുന്ന ടിക്കറ്റിന്റെ 15 ശതമാനം അല്ലെങ്കിൽ പ്രതിദിനം 10 ലക്ഷം രൂപ, ഇവയിൽ ഏതാണോ കൂടുതൽ ആ തുക.

4. ടെസ്റ്റ് മാച്ചിന് വിൽക്കുന്ന ടിക്കറ്റ് തുകയുടെ 15 ശതമാനം അല്ലെങ്കിൽ മാച്ച് ഒന്നിന് 20 ലക്ഷം രൂപ ഇവയിൽ ഏതാണോ കൂടുതൽ ആ നിരക്കിൽ നൽകണം.

5. ഏകദിനം, അന്താരാഷ്ട്ര ട്വന്റി 20, ടെസ്റ്റ് മാച്ച് എന്നിവയ്ക്കായി കളിസ്ഥലവും മറ്റനുബന്ധ സൗകര്യങ്ങളും ഉപയോഗിക്കുന്നതിന് പ്രതിദിനം 1 ലക്ഷം രൂപ.

6. പ്രാക്ടീസിനായി കേരള ക്രിക്കറ്റ് അസോസിയേഷൻ ഒരുക്കുന്ന പ്രാക്ടീസ് പിച്ചിന് പ്രതിദിനം 500 രൂപ പ്രകാരം.

7. ഏതെങ്കിലും അനുബന്ധ ഗെയിമുകൾക്കോ മേൽ പ്രസ്താവിച്ചവയ്ക്കോ പുറമെ വരുന്ന തുക പരസ്പരധാരണ പ്രകാരം നിശ്ചയിക്കുന്നതാണ്.

8. മേൽ പ്രസ്താവിച്ച ചാർജ്ജുകൾ ഓരോ മൂന്ന് വർഷവും 10 ശതമാനം നിരക്കിൽ വർദ്ധിപ്പിക്കുന്നതാണ്.

9. ബാധകമായ എല്ലാ നികുതികളും കേരള ക്രിക്കറ്റ് അസോസിയേഷൻ വഹിക്കേണ്ടതാണ്.

(സി) അന്താരാഷ്ട്ര മത്സരങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മിക്കവയും ഏർപ്പെടുത്തിയിട്ടുണ്ട്.

## എളങ്കുന്നപ്പുഴ സാന്താക്രൂസ് മിനി സ്റ്റേഡിയം

179 (2178) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളങ്കുന്നപ്പുഴ സാന്താക്രൂസ് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും എസ്.പി.വി.-യെ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി കായിക യുവജനകാര്യാലയ എഞ്ചിനീയറിംഗ് വിംഗ് മുഖാന്തരം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എളങ്കുന്നപ്പുഴ സാന്താക്രൂസ് മിനി സ്റ്റേഡിയം നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുള്ളതാണ്. 27-5-2017-ലെ സ.ഉ.(സാധാ) നമ്പർ 99/2017/ കാ.യു.വ. പ്രകാരം കായിക വകുപ്പുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി കിറ്റ്കോയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) കായിക എഞ്ചിനീയറിംഗ് വിംഗ് മുഖാന്തരം ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കിറ്റ്കോ കൺസപ്റ്റ് നോട്ട് തയ്യാറാക്കി, ഭരണാനുമതി നേടിയശേഷം ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി അംഗീകാരം നൽകിയശേഷം പ്രവൃത്തി ആരംഭിക്കുകയും ചെയ്യുന്നതാണ്.

## മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ

180 (2179) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ നിന്നും തുക വിനിയോഗിച്ച് എല്ലാ ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) എത്ര ഭൂമിയാണ് ഇതിനായി ആവശ്യമായി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കൊല്ലം ജില്ലയിൽ ഒളിമ്പ്യൻ സുരേഷ്ബാബുവിന്റെ സ്മരണാർത്ഥം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം ഇതിനായി പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിൽ ഉൾപ്പെടാതെ പോയതിന്റെ കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ & ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടിപ്പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതി പ്രകാരം 7 ജില്ലകളിലെ സ്റ്റേഡിയം നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 27-5-2017-ലെ സ.ഉ. (സാധാ) നമ്പർ 99/2017/കാ.യു.വ. പ്രകാരം കായികവുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി കിറ്റ്കോയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ചുരുങ്ങിയത് 10 ഏക്കർ ഭൂമി വേണ്ടിവരും. കളിസ്ഥലം കൂടാതെ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടിയാണിത്.

(ഡി) കൊല്ലം ജില്ലയിൽ ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സ്മരണാർത്ഥം പ്രഖ്യാപിച്ചിട്ടുള്ള മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം ഉൾപ്പെടുന്ന സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടില്ല.

**കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

181 (2180) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മുഴുവൻ കായികതാരങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് ഇത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

കായികതാരങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഇതുമായി ബന്ധപ്പെട്ട് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്ത് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**യുവജനക്ഷേമ ബോർഡ് മുഖേനയുള്ള പദ്ധതികൾ**

182 (2181) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ ബോർഡ് വഴി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പാക്കി വരുന്നത് എന്നറിയിക്കാമോ ;

(ബി) യുവാക്കളുടെ സർഗ്ഗശേഷിയും തൊഴിൽ സംരംഭകത്വവും വർദ്ധിപ്പിക്കുംവിധം സർവ്വതോന്മുഖമായ വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന യുവജനനയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ചുമതല. ഈ ലക്ഷ്യം മുൻനിർത്തി താഴെപ്പറയുന്ന പദ്ധതികളാണ് ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. കേരളോത്സവം,

ഗോത്രായനം, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷര യുവത്വം, യുവ മാധ്യമപ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപ്പശാല, ഡി.റ്റി.പി./പി.എസ്.സി. ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണം, നാടിക, യുവജന ദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപ്പശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായിനി (രക്തദാന പദ്ധതി).

(ബി) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

1. ബോർഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

2. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ യൂത്ത് ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുകയും പുതിയ യൂത്ത് ക്ലബ്ബുകളെ ബോർഡിലേയ്ക്ക് അഫിലിയേറ്റ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുക.

3. കേരളോത്സവം പോലുള്ള ബോർഡിന്റെ പ്രധാന പരിപാടികളിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.

4. യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമപ്രദേശങ്ങളിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകുക.

5. മാലിന്യ വിമുക്ത കേരളം എന്ന ആശയത്തിന് അധിഷ്ഠിതമായി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

6. ഹരിത കേരളത്തിന് മുൻതൂക്കം നൽകി കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

7. യുവാക്കളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽ ദായകരാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുക.

8. ലഹരിവിരുദ്ധ പ്രചാരണ പദ്ധതികൾ നടപ്പിലാക്കുക.

**മാനന്തവാടിയിൽ നടത്തിയ അഗ്രിഫെസ്റ്റ്**

183 (2182) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് യുവജനകാര്യ വകുപ്പ് മാനന്തവാടിയിൽ അഗ്രിഫെസ്റ്റ് എന്ന പരിപാടി നടത്തിയിരുന്നോ;

(ബി) ഈ പരിപാടിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഈ പരിപാടിയുടെ വരവുചെലവ് കണക്കുകൾ വകുപ്പ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ടോ;

(ഡി) എത്ര രൂപയാണ് ഈ പരിപാടിക്കായി വകുപ്പ് ചെലവഴിച്ചിട്ടുള്ളത്;

(ഇ) എന്തെല്ലാം കാര്യങ്ങൾക്കാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്;

(എഫ്) ഈ പരിപാടിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ കാലത്ത് 2015 ജനുവരി 10 മുതൽ 17 വരെ വയനാട് ജില്ലയിലെ മാനന്തവാടിയിൽ വച്ച് വിവിധ വകുപ്പുകളുമായി സഹകരിച്ച് അഗ്രിഫെസ്റ്റ് സംഘടിപ്പിച്ചത് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിലായിരുന്നു. ടി മേളയുടെ ഭാഗമായി യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ട്രൈബൽ ഫെസ്റ്റ് നടത്തിയിരുന്നു. നാടൻപാട്ട്, തെയ്യം, നൃത്തസന്ധ്യ, ഗാനമേള, മാജിക് ഷോ, ഡോക്യുമെന്ററി, പൂരക്കളരി, ഗദ്ദിക തുടങ്ങിയ സാംസ്കാരിക പരിപാടികളാണ് ട്രൈബൽ ഫെസ്റ്റിൽ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചത്.

(സി) യുവജനക്ഷേമ ബോർഡ് അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് സംഘടിപ്പിച്ച ട്രൈബൽ ഫെസ്റ്റിന് അനുവദിച്ച തുകയുടെ കണക്കുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

(ഡി) 19,81,654 രൂപയാണ് (പത്തൊൻപത് ലക്ഷത്തി എൺപത്തി ഒന്നായിരത്തി അറുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) യുവജനക്ഷേമ ബോർഡ് ആകെ ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 10 ലക്ഷം രൂപ അഗ്രിഫെസ്റ്റിനായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് അനുവദിക്കുകയും ബാക്കി തുകയായ 9,81,654 രൂപ (ഒൻപത് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അറുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) യൂത്ത് വെൽഫെയർ ബോർഡ് ട്രൈബൽ ഫെസ്റ്റിന് ചെലവഴിക്കുകയും ചെയ്തു.

(ഇ) ട്രൈബൽ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ച കലാപരിപാടികൾക്കുള്ള പ്രതിഫലം, യാത്രാബത്ത, ഭക്ഷണം എന്നീ ഇനങ്ങളിലാണ് യുവജനക്ഷേമ ബോർഡ് തുക ചെലവഴിച്ചത്.

(എഫ്) ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് അനുവദിച്ച തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധന നടന്നുവരികയാണ്.

## ലോഡ് ഷെഡ്ഡിംഗ്

184 (2183) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത് ഏതെല്ലാം കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് ;

(സി) പ്രസ്തുത ഉത്തരവ് എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിന്റെ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) ഇല്ല.

(ഡി) നിലവിൽ സംസ്ഥാനത്ത് ലോ ടെൻഷൻ (LT), ഹൈ ടെൻഷൻ (HT), എക്സട്രാ ഹൈടെൻഷൻ (EHT) എന്നീ മൂന്ന് വിഭാഗങ്ങളിൽ വൈദ്യുതി നൽകി വരുന്നുണ്ട്. ഇത് സപ്ലൈ വോൾട്ടേജ് അടിസ്ഥാനത്തിലുള്ള തരംതിരിക്കലാണ്. എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിൽപ്പെടുന്ന (66 KV/110 KV/220 KV)

ഉപഭോക്താക്കളുടെ നിരക്ക് ലോ ടെൻഷൻ (230V/415V) വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ നിരക്കിനേക്കാൾ കുറവാണ്. സംസ്ഥാനത്തെ വൈദ്യുതി വില നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങൾ ഉൽപാദന ചെലവ്, വൈദ്യുതി വാങ്ങൽ ചെലവ്, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, അറ്റകുറ്റ പണികൾക്കുള്ള ചെലവ്, പ്രസരണ-വിതരണ മേഖലയിലുള്ള നഷ്ടം (വാണിജ്യ നഷ്ടമുൾപ്പെടെ) എന്നിവ ആകുന്നു. ഇതിൽ വൈദ്യുതി ഉത്പാദക/വാങ്ങൽ ചെലവ് ഒരു പൊതു ചെലവ് ആയതിനാൽ, നിരക്കിലുള്ള വ്യത്യാസം, ഓരോ വോൾട്ടേജ് ലെവലിലുള്ള പ്രസരണ-വിതരണ നഷ്ടം, ഓരോ വോൾട്ടേജ് ലെവലിലും മെച്ചപ്പെട്ട ഗുണനിലവാരമുള്ള വൈദ്യുതി നൽകുന്നതിനാവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും (Employee cost), വിവിധ അറ്റകുറ്റപണികൾക്കായി ആവശ്യമായ ചെലവ് (Repairs & maintenance) എന്നിവയെ ആശ്രയിച്ചിരിക്കുന്നു. പ്രസ്തുത ചെലവുകളെല്ലാം തന്നെ എക്സ്ട്രാ ഹൈടെൻഷനിൽ, ലോടെൻഷനേക്കാൾ കുറവാണ്. എക്സ്ട്രാ ഹൈ ടെൻഷനിൽ വൈദ്യുതിയുടെ പ്രസരണ നഷ്ടം 4.5 ശതമാനം ആണെന്നിരിക്കെ ലോ ടെൻഷനിലുള്ള വൈദ്യുതി നഷ്ടം 11.39 ശതമാനം ആകുന്നു. ആയതിനാൽ എക്സ്ട്രാ ഹൈടെൻഷനിൽ ഉൾപ്പെടുന്ന ഉപഭോക്താക്കളുടെ നിരക്ക് ഇതര വോൾട്ടേജ് ലെവലുകളിൽ നൽകി വരുന്ന വൈദ്യുതിയേക്കാൾ കുറവാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുകളിൽ സൂചിപ്പിച്ച വസ്തുതകളും ലൈസൻസികളുടെയും പൊതുജനങ്ങളുടേയും അഭിപ്രായവും പരിഗണിച്ചാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് നിർണ്ണയിക്കുന്നത്.

**സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കുവാൻ നടപടി**

185 (2184) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പദ്ധതിക്ക് പരസ്യങ്ങൾ നൽകുവാനും പദ്ധതി വ്യാപിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുമ്പോൾ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രസ്തുത ചട്ടങ്ങളിൽ പ്രത്യേക വകുപ്പ് ഉൾപ്പെടുത്തുമോ;

(സി) 2016-17 വർഷത്തിൽ സൗരോർജ്ജ സബ്സിഡി നൽകുവാൻ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു ; എത്ര തുക വിതരണം ചെയ്തു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) സോളാർ എനർജി പാർക്കുകൾ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഇ) കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇത്തരത്തിൽ സോളാർ എനർജി പാർക്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അക്ഷയ ഊർജ്ജ പദ്ധതികൾക്ക് (സൗരോർജ്ജ പദ്ധതി, ജൈവോർജ്ജ പദ്ധതി, പവനോർജ്ജ പദ്ധതി) എല്ലാം തന്നെ ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിൽ കൂടി പരസ്യങ്ങൾ നൽകി പദ്ധതി വ്യാപകമാക്കുന്നതിന് അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു. ഐ.&പി.ആർ. വകുപ്പ് മുഖേനയും പരസ്യ ഏജൻസികളെ എംപാനൽ ചെയ്തും പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) സോളാർ വൈദ്യുത ഉല്പാദന ഉപകരണങ്ങൾ നിർബന്ധമാക്കി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന വിഷയം ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 109 C-യിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 103-ലും Solar Assisted Water Heating/Lighting System സംബന്ധിച്ച വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്.

(സി) കേന്ദ്ര സർക്കാർ 2016-17, 2017-18-ൽ സോളാർ ഓഫ് ഗ്രിഡ് പദ്ധതിക്കായി 46.35 കോടി രൂപയും 2016-17 വർഷത്തെ ഗ്രിഡ് കണക്ടഡ് പദ്ധതിക്കായി 9.75 കോടി രൂപയും ഇതുവരെ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ ആകെ 98,55,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു :

| ജില്ല | തുക (രൂപയിൽ) |
|---|---|
| എറണാകുളം | 16,20,000 |
| ഇടുക്കി | 18,00,000 |
| കൊല്ലം | 9,00,000 |
| കോട്ടയം | 37,35,000 |
| പാലക്കാട് | 18,00,000 |

(ഡി) കേന്ദ്ര നവനവീകരണ ഊർജ്ജ മന്ത്രാലയം വിവിധ ഏജൻസികൾ വഴി സോളാർ എനർജി പാർക്കുകൾ നടപ്പിലാക്കിവരുന്നു. കാസർഗോഡ് 200 മെഗാവാട്ട് സോളാർ പാർക്കിന്റെ ആദ്യ ഘട്ടമായ 50 മെഗാവാട്ടിൽ 36 മെഗാവാട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർ പാർക്ക് കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) പരിഗണനയിലില്ല.

## പുതുതായി സൃഷ്ടിച്ച മസ്ദൂർ തസ്തികകൾ

186 (2185) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഇ.ബി. എത്ര സെക്ഷനുകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പുതിയ സെക്ഷനുകൾ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മസ്ദൂർ (ഇലക്ട്രിസിറ്റി വർക്കർ) തസ്തികയിൽ എത്ര പുതിയ തസ്തികകളാണ് ആവശ്യമുള്ളത്; ഇതിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇത്തരത്തിൽ തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ എത്ര തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്;

(സി) തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് തീയതിലാണ് ഇവ യഥാക്രമം റിപ്പോർട്ട് ചെയ്തിട്ടുള്ളത്; കാലാവധി കഴിഞ്ഞ, മസ്ദൂർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ജില്ലകളിലെ എത്ര പേർക്ക് ഇപ്രകാരമുള്ള നിയമന ശിപാർശകൾ ലഭിച്ചിട്ടുണ്ട്;

(ഡി) പുതുതായി സൃഷ്ടിക്കപ്പെട്ട ഏതെങ്കിലും ഒഴിവ് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ കാലാവധി കഴിഞ്ഞ, മസ്ദൂർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എത്രപേർക്ക് ഇത്തരത്തിൽ അവസരം നഷ്ടപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 14 സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| സെക്ഷൻ ഓഫീസ് | ജില്ല |
|---|---|
| (1) | (2) |
| കാച്ചാണി | തിരുവനന്തപുരം |
| റാന്നി പെരുനാട് | പത്തനംതിട്ട |
| വള്ളിക്കുന്നം | |
| വെണ്മണി | ആലപ്പുഴ |

| (1) | (2) |
|---|---|
| എടത്തല | |
| നെല്ലിക്കുഴി | എറണാകുളം |
| മഞ്ഞള്ളൂർ | |
| ഉടുമ്പൻചോല | ഇടുക്കി |
| ആലക്കോട് തൊടുപുഴ | |
| വാളയാർ | പാലക്കാട് |
| കോറോം | വയനാട് |
| ചെറുപുഴ | കണ്ണൂർ |
| സീതാംഗോളി | കാസർഗോഡ് |
| കുമ്പാറ | കോഴിക്കോട് |

(ഡി) പുതുതായി പ്രവർത്തനം ആരംഭിച്ച സെക്ഷനുകളിൽ പുതുതായി തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള ജീവനക്കാരെ ടി സെക്ഷനുകളിലേക്ക് പുനർവിന്യസിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

**കെ.എസ്.ഇ.ബി.-യിൽ റെഗുലേറ്ററി കമ്മീഷന്റെ ഇടപെടലുകൾ**

187 (2186) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ റെഗുലേറ്ററി കമ്മീഷൻ ഇടപെടൽ സാധ്യമായ മേഖലകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ബോർഡിന്റെ ചെലവ് ചുരുക്കലുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദേശങ്ങളും പഠന റിപ്പോർട്ടുകളും കമ്മീഷൻ അവതരിപ്പിച്ചിട്ടുണ്ട്; പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) കെ.എസ്.ഇ.ബി.-യിൽ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറക്കുന്നതിനോ ഏതെങ്കിലും തസ്തികകളിൽ നിയമന നിരോധനം ഏർപ്പെടുത്തുന്നതിനോ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) റെഗുലേറ്ററി കമ്മീഷൻ, ബോർഡ് ജീവനക്കാരുടെ ശമ്പളം സംസ്ഥാന സർക്കാർ ജീവനക്കാരുടേതുമായി താരതമ്യം ചെയ്ത് പഠനം നടത്തിയിട്ടുണ്ടോ; എന്ത് നിഗമനത്തിലാണ് കമ്മീഷൻ എത്തിച്ചേർന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിയമം 2003-ലെ 86-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കാനുള്ള അധികാരമുണ്ട്. അതിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ റെഗുലേറ്ററി കമ്മീഷനു ഇടപെടാൻ കഴിയുന്ന മേഖലകൾ താഴെ പറയുന്നവയാണ്.

(i) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന വൈദ്യുതിയുടെ താരിഫ് നിർണ്ണയിക്കുക.

(ii) വൈദ്യുതി ഉൽപ്പാദക കമ്പനികളിൽ നിന്നോ മറ്റു സ്രോതസ്സുകളിൽ നിന്നോ വാങ്ങുന്ന വൈദ്യുതിയുടെ വിലയിൽ നിയന്ത്രണങ്ങൾ (പരിധി) ഏർപ്പെടുത്തുക.

(iii) കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾക്ക് മാനദണ്ഡങ്ങൾ (സമയപരിധി മുതലായവ) നിർണ്ണയിച്ചുനൽകുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കുക (Standards of performance regulations).

(iv) കെ.എസ്.ഇ.ബി. ലിമിറ്റഡ് അതിന്റെ ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾക്കുള്ള നടപടിക്രമങ്ങൾ (സർവ്വീസ് കണക്ഷൻ, മീറ്റർ മാറ്റിവയ്ക്കൽ, ബില്ലുകൾ നൽകൽ) സംബന്ധിക്കുന്ന ചട്ടങ്ങൾ രൂപീകരിക്കുക (Supply Code Regulations).

(v) കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകുന്ന പുതിയ കണക്ഷനുകൾക്കും അനുബന്ധ ജോലികൾക്കും മറ്റു സേവനങ്ങൾക്കും നൽകേണ്ടുന്ന ചാർജ്ജുകൾ അംഗീകരിച്ച് നൽകുക (cost data approval).

(vi) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾക്ക് അംഗീകാരം നൽകുക. (ARR&ERC Orders).

(vii) യഥാർത്ഥ വരവ് ചെലവ് കണക്കുകളെ അടിസ്ഥാനപ്പെടുത്തി (ARR&ERC) ഉത്തരവിൽ ഭേദഗതികൾ വരുത്തി ട്രൂ അപ്പ് ഉത്തരവുകൾ പുറപ്പെടുവിക്കുക.

(viii) മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വരവ് ചെലവിനങ്ങളിൽ (താരിഫ്, താരിഫേതര വരുമാനം, വൈദ്യുതി വാങ്ങൽ ചെലവ്,

ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ആർ.&എം. ചെലവുകൾ, എ.&ജി. ചെലവുകൾ) എന്നിവ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി പരിശോധന നടത്തി നിജപ്പെടുത്തുക.

(ix) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്കീമുകൾ പരിശോധിച്ച് അംഗീകാരം നൽകുക.

(x) മെച്ചപ്പെട്ട ഉപഭോക്തൃ സേവനം മുൻനിർത്തി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഡയറക്ടീവ്സുകൾ പാലിക്കപ്പെടുന്നുവോ എന്നുള്ള പരിശോധന നടത്തുകയും ഇല്ലാത്തപക്ഷം നടപ്പിലാക്കാൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

(xi) കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവുചുരുക്കലുമായി ബന്ധപ്പെട്ട് പ്രത്യേകമായി നിർദ്ദേശങ്ങളോ പഠന റിപ്പോർട്ടുകളോ റെഗുലേറ്ററി കമ്മീഷൻ അവതരിപ്പിച്ചിട്ടില്ല. എന്നാൽ കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ARR&ERC ഉത്തരവുകളിലൂടെയും ട്രൂ-അപ്പ് ഉത്തരവുകളിലൂടെയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചെലവിനങ്ങളിൽ (പ്രധാനമായും വൈദ്യുതി വാങ്ങൽ ചെലവ്, ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും തുടങ്ങിയവ) നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നുള്ള പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനോ ഏതെങ്കിലും തസ്തികകളിൽ നിയമന നിരോധനം ഏർപ്പെടുത്തുന്നതിനോ ഉള്ള നിർദ്ദേശങ്ങളൊന്നുംതന്നെ നൽകിയിട്ടില്ല. എന്നാൽ നിലവിലുള്ള ജീവനക്കാരുടെ ശേഷി ക്രിയാത്മകമായി അവശ്യം വേണ്ട മേഖലകളിൽ വിനിയോഗിച്ച് ആധുനിക സാങ്കേതിക വിദ്യയും കൂടി ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകാനുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. ഇതുകൂടാതെ ജീവനക്കാരുടെ അധിക മാനവശേഷി, താരിഫേതര വരുമാനം ലഭ്യമാകത്തക്ക വിധത്തിൽ വിദഗ്ദ്ധാഭിപ്രായം നൽകുന്ന കാര്യത്തിലും (consultancy service), കരാർമേഖലയിലും ഉപയോഗപ്പെടുത്തണമെന്നുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ഡി) റെഗുലേറ്ററി കമ്മീഷൻ, ബോർഡ് ജീവനക്കാരുടെ ശമ്പളവും സർക്കാർ ജീവനക്കാരുടെ ശമ്പളവുമായി ബന്ധപ്പെടുത്തി പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല.

## കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ

188 (2187) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പളം കണക്കാക്കുന്നത് മാസ്റ്റർ സ്കെയിൽ അടിസ്ഥാനപ്പെടുത്തിയാണോയെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള തസ്തികകളും അവയുടെ ശമ്പള സ്കെയിലും അനുവദനീയമായ ക്ഷാമബത്തയും എത്രയാണ് എന്ന് പട്ടിക തിരിച്ചു കണക്കു വിശദമാക്കാമോ ;

(സി) സബ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാരന് തുടക്കത്തിൽ ലഭിക്കുന്ന ശമ്പളം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഒരേ തസ്തികയിലുള്ള സ്ഥിരം ജീവനക്കാരും കരാർ ജീവനക്കാരും വാങ്ങുന്ന ശമ്പളത്തിന്റെ അന്തരം വ്യക്തമാക്കുമോ; താൽക്കാലിക/കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ ബോർഡിന് ഉണ്ടാകുന്ന ലാഭം കണക്കാക്കിയിട്ടുണ്ടോ;

(ഇ) സ്ഥിരം ജീവനക്കാർക്കും താൽക്കാലിക/കരാർ ജീവനക്കാർക്കും ശമ്പളത്തിനായും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾക്കായും പ്രതിവർഷം ചെലവാകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാരുടെ ശമ്പളം മാസ്റ്റർ സ്കെയിലിനെ അടിസ്ഥാനപ്പെടുത്തിയാണ് കണക്കാക്കുന്നത്. നിലവിലുള്ള തസ്തികകളും അവയുടെ ശമ്പള സ്കെയിലും സംബന്ധിച്ച നിലവിലെ ശമ്പളപരിഷ്കരണ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* അടിസ്ഥാന ശമ്പളത്തിന്റെ 24% ആണ് നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്ത. ഇതുസംബന്ധിച്ച കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സബ് എഞ്ചിനീയർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരന് തുടക്കത്തിൽ അടിസ്ഥാന ശമ്പളമായി 28,855 രൂപയും അതിന്റെ 24% ക്ഷാമബത്തയും ജോലിചെയ്യുന്ന ഓഫീസിന്റെയും സ്ഥലത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ച് വ്യത്യസ്തങ്ങളായ അലവൻസുകളും ശമ്പളത്തിന്റെ ഭാഗമായി ലഭിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സമയബന്ധിതമായി പൂർത്തീകരിച്ചുനൽകേണ്ട ജോലിക്ക് സ്ഥിരം ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന അവസരങ്ങളിൽ ചില ജോലികൾ പുറംകരാറായി നൽകേണ്ടി വരുമ്പോൾ ബന്ധപ്പെട്ട ഫീൽഡ് ഓഫീസിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പ്രസ്തുത ജോലിയുടെ വിശദാംശങ്ങൾ നൽകിക്കൊണ്ടുള്ള ക്വട്ടേഷൻ പുറപ്പെടുവിക്കുകയും ക്വട്ടേഷനിൽ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്കിന് ജോലി കരാർ നൽകുകയുമാണ് ചെയ്തുവരുന്നത്. അതിനാൽ തന്നെ സ്ഥിരം ജീവനക്കാരുടെ ശമ്പളവും കരാർ അടിസ്ഥാനത്തിൽ ചെയ്യുന്ന ജോലികൾക്ക് നൽകുന്ന തുകയും തമ്മിൽ താരതമ്യപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

(ഇ) 2011-12 മുതൽ 2016-17 വരെ സ്ഥിരം ജീവനക്കാർക്ക് ശമ്പളത്തിനായും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾക്കായും പ്രതിവർഷം ചെലവാക്കിയ തുകകൾ ഓപ്പറേഷൻ പ്രവർത്തനങ്ങൾക്ക് കരാർ ജോലികൾക്ക് ചെലവായ തുകയും ചേർക്കുന്നു :

| ക്രമ നമ്പർ | സമ്പത്തിക വർഷം | സ്ഥിരം ജീവനക്കാരുടെ ശമ്പളം (തുക കോടിയിൽ) | കരാർ ജോലികൾക്ക് ചെലവായ (തുക കോടിയിൽ) (ഓപ്പറേറ്റിംഗ് ചെലവുകൾ) |
|---|---|---|---|
| 1 | 2011-12 | *1192.28 | ലഭ്യമല്ല |
| 2 | 2012-13 | 1337.67 | 9.61 |
| 3 | 2013-14 | 1673.91 | 49.30 |
| 4 | 2014-15 | 1929.92 | 60.61 |
| 5 | 2015-16 | 2288.31 | 94.44 |
| 6 | 2016-17 | 2409.45 | 121.44 |

*2011-12 വർഷത്തിൽ ഓപ്പറേഷൻ കരാർ ജോലികളുടെ ചെലവ് പ്രത്യേകമായി കണക്കെടുത്തിരുന്നില്ല.

## കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ

189 (2188) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി-യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ നിർദ്ദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിലവിലുള്ള 48 (3 ശതമാനം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തത്) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടിയുടെയും പി.ഡി.എ. അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലെ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകും എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ നികത്തുന്നതിനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.ഇ.ബി.-യിലെ മീറ്റർ റീഡർ തസ്തിക

190 (2189) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ?

<u>ഉത്തരം</u>

(എ-സി) റിപ്പോർട്ട് ചെയ്തിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികയാണ് (എണ്ണം) ആവശ്യമെന്നത് സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തുകയും റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായി ഈ റിപ്പോർട്ട് പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തികകൾ (മീറ്റർ റീഡർ ഉൾപ്പെടെ) ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഏകദേശം 50% മേൽ സെക്ഷൻ ഓഫീസുകളിലും പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (പി.ഡി.എ.) സമ്പ്രദായം വഴിയാണ് മീറ്റർ റീഡിംഗ് ജോലികൾ നടന്നുവരുന്നത്. ഇത് മീറ്റർ റീഡറുടെ ജോലിയെ ഏത് രീതിയിൽ ബാധിക്കുമെന്ന വിഷയം കൂടി പരിഗണിച്ചും, ഐ.ഐ.എം. റിപ്പോർട്ടിന്റെ വെളിച്ചത്തിലും, മീറ്റർ റീഡർ തസ്തിക ബോർഡ് കാലോചിതമായി പരിഷ്കരിക്കും, അതിനുശേഷം മാത്രമേ കൃത്യമായി എത്ര ഒഴിവുകൾ മീറ്റർ റീഡർ തസ്തികയിലുണ്ടെന്ന് ബോർഡ് തീരുമാനം ആകുകയുള്ളൂ. ഇത്തരത്തിൽ ഒഴിവുകളുണ്ടെന്ന് കണ്ടെത്തുന്ന മുറയ്ക്ക് അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

191 (2190) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25,000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ

ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സംസ്ഥാനത്ത് നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ അനുവദിക്കുന്നത് നിലവിൽ പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു. മേൽകാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പോട്ടയിലും കാട്ടുകുറ്റിയിലും സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള ആവശ്യങ്ങൾ പരിശോധിക്കുന്നതും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

### കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ

192 (2191) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ വിവിധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് അവസാനമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.-യിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പി.എസ്.സി. മുഖാന്തരം, നേരിട്ട് നിയമനം നടത്തേണ്ടുന്ന വിവിധ തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു :

1. ചീഫ് ഇന്റേണൽ ഓഡിറ്റർ - 1
2. കമ്പനി സെക്രട്ടറി - 1
3. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) പി.എസ്.സി. വഴി നിയമിക്കേണ്ട 40% ക്വാട്ടയിൽ 51 ഒഴിവുകൾ,
4. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 40%, പി.എസ്.സി. വഴി നികത്തേണ്ട ക്വാട്ടയിൽ 14 ഒഴിവുകൾ,

5. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) 30%, പി.എസ്.സി. വഴി നികത്തേണ്ട ക്വാട്ടയിൽ 90 ഒഴിവുകൾ,

6. ഡിവിഷൻ അക്കൗണ്ട്സ് ഓഫീസർ - 1

വൈദ്യുതി ബോർഡിൽ നടപ്പാക്കിയ ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വന്ന വ്യത്യാസങ്ങൾ കണക്കിലെടുത്ത് തസ്തികകളുടെ എണ്ണം പുനർ നിർണ്ണയിക്കേണ്ടുന്ന കാഷ്യർ/ജൂനിയർ അസിസ്റ്റന്റ്, മീറ്റർ റീഡർ തസ്തികകളിൽ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടില്ല. നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)-ലെ 4 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡിവിഷൻ അക്കൗണ്ട്സ് ഓഫീസർ തസ്തിക-1 റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചീഫ് ഇന്റേണൽ ഓഡിറ്ററുടെയും കമ്പനി സെക്രട്ടറിയുടെയും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) 2017 ഏപ്രിൽ 6-ന് റിപ്പോർട്ട് ചെയ്ത 48 കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികകളാണ് അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒരു തസ്തികയിലും താൽക്കാലികമായി, ആരെയും നിയമിച്ചിട്ടില്ല. എന്നാൽ ചില തസ്തികകളിലെ ചില ജോലികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകിവരുന്നുണ്ട്. കൂടാതെ പി.എസ്.സി. വഴി നിയമനം നടക്കുന്നതുവരെ ചീഫ് ഇന്റേണൽ ഓഡിറ്ററുടെ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിട്ടുണ്ട്.

**കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

193 (2192) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയ എസ്.എം.എസ്. അലെർട്ട്, ഓൺലൈൻ പേയ്മെന്റ്, വാട്സ് ആപ് ഹെൽപ്പ്ലൈൻ, മൊബൈൽ ആപ് എന്നിവ കാര്യക്ഷമമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബില്ലടയ്ക്കുവാൻ 24 മണിക്കൂറും സൗകര്യമെന്ന നിലയിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) റീസ്ട്രക്ചേർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്മെന്റ് റിഫോംസ് പ്രോഗ്രാം (ആർ.എ.പി.ഡി.ആർ.പി.) എന്ന പദ്ധതി പ്രകാരം നടപ്പിലാക്കിയ ഈ പദ്ധതിക്ക് എന്ത് തുകയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചത്;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചത്; പൂർത്തിയാക്കാനായിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ഇതുവരെ 141.23 കോടി രൂപ ലഭിച്ചു.

(ഡി) ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ പദ്ധതികൾ 2017 സെപ്റ്റംബർ 30-ഓടുകൂടി പൂർത്തിയാക്കാനുള്ള സമയപരിധിയാണ് കേന്ദ്ര സർക്കാർ നൽകിയിരിക്കുന്നത്.

**കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

194 (2193) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) കെ.എസ്.ഇ.ബി.-യിൽ കാഷ്യർ/ക്ലാർക്ക്/എൽ.ഡി. ക്ലാർക്ക്/ ടൈംകീപ്പർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടികളുടെയും പി.ഡി.എ. അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലിഭാരത്തിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലെ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും ഒഴിവുകൾ ഉണ്ടോയെന്നും തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

ഇങ്ങനെ തിട്ടപ്പെടുത്തുന്നതും വൈദ്യുതി ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അനിവാര്യമായതുമായ ഒഴിവുകൾ മാത്രമേ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. ഈ ഒഴിവുകൾ തിട്ടപ്പെടുത്തുന്ന മുറയ്ക്ക് അവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## കെ.എസ്.ഇ.ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക

195 (2194) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ 2015-16, 2016-17 വർഷങ്ങളിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുള്ള തസ്തികകളിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടികളുടെയും പി.ഡി.എ. അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലെ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകും എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒഴിവുകൾ കണ്ടെത്താൻ കഴിയുകയുള്ളൂ. മേൽ നടപടികളുടെ ഭാഗമായി ഒഴിവുകൾ കണ്ടെത്തുന്ന മുറയ്ക്ക് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) 2015-16-ഇല്ല. 2016-17-3 എൻ.ജെ.ഡി. ഒഴിവുകൾ (2 എൻ.ജെ.ഡി.പി.എച്ച്)

(ഡി) മേൽ നടപടികൾ പ്രകാരം ഒഴിവുകൾ കണ്ടെത്തുന്ന മുറയ്ക്ക് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ഒഴിവുകൾ

196 (2195) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമിക്കേണ്ട 30 ശതമാനം ക്വാട്ടയിൽ 90 ഒഴിവുകളും തസ്തികമാറ്റം വഴി നിയമിക്കേണ്ട 10 ശതമാനം ക്വാട്ട വഴി നിയമിക്കേണ്ട 53 ഒഴിവുകളും സ്ഥാനകയറ്റം വഴി നിയമിക്കേണ്ട 60 ശതമാനം ക്വാട്ടയിൽ 71 ഒഴിവുകളുമുണ്ട്.

(ബി) ശമ്പള ചെലവുകൾ നിയന്ത്രിക്കണമെന്ന സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് ഓരോ തസ്തികയിലും ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനെ സംബന്ധിച്ച് കമ്പനിയുടെ ഫുൾടൈം ഡയറക്ടർമാരുടെ യോഗം വിലയിരുത്തി തീരുമാനം എടുക്കുന്നതാണ്.

## ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ് പ്രവർത്തന സംവിധാനം

197 (2196) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വലിയ അളവിൽ വൈദ്യുതി കൊണ്ടുവരാൻ ഹൈ വോൾട്ടേജ് ഡയറക്ട് കറന്റ് പ്രവർത്തന സംവിധാനം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. ചത്തീസ്ഗഡ്, സംസ്ഥാനത്തെ റായിഗർ എന്ന സ്ഥലത്തുനിന്നും തമിഴ്നാട്ടിലെ പുഗലൂർ വഴി 2000 മെഗാവാട്ട് ശേഷിയുള്ള 320 കെ.വി. എച്ച്.വി.ഡി.സി. ലൈൻ കേരളത്തിലെ മാടക്കത്തറയിലേയ്ക്ക് (തൃശ്ശൂർ) വലിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് പവർ ഗ്രിഡ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ധനസമാഹരണം പവർഗ്രിഡ് കോർപ്പറേഷനാണ് നടത്തുന്നത്. പ്രസരണ ചാർജ്ജായി ഉപയോഗമനുസരിച്ച് ഇത് താരിഫ് വഴി സി.ഇ.ആർ.സി. (സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ) റെഗുലേഷൻ പ്രകാരം പവർഗ്രിഡ് കോർപ്പറേഷൻ വാങ്ങുന്നതാണ്.

(ഡി) ഈ പദ്ധതി 2019-20-ൽ പൂർത്തിയാക്കാനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

**നേമം നിയോജക മണ്ഡലത്തിലെ സമ്പൂർണ വൈദ്യുതീകരണം**

198 (2197) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ വൈദ്യുതീകരണത്തിന്റെ ഭാഗമായി നേമം നിയോജക മണ്ഡലത്തിലെ എത്ര വീടുകളാണ് വൈദ്യുതീകരിച്ചതെന്ന് വാർഡ് അടിസ്ഥാനത്തിലുള്ള വിശദമായ വിവരം നൽകുമോ;

(ബി) ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കെ.എസ്.ഇ.ബി.-യും എത്ര തുക വീതം ചെലവാക്കി; എം.എൽ.എ ഫണ്ടിൽ നിന്ന് എത്ര തുക ചെലവാക്കി; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിലെ 601 വീടുകളിൽ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രാഥമിക കണക്കുകൾ പ്രകാരം ഇതിനായി ഉദ്ദേശം 49 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇതിൽ 13.46 ലക്ഷം രൂപ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി തുക നിലവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡാണ് ചെലവഴിച്ചിട്ടുള്ളത്. നേമം നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുകയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലോഡ് ഷെഡ്ഡിംഗ്

199 (2198) ഡോ. എന്‍. ജയരാജ് :

ശ്രീ. പി. ജെ.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏര്‍പ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര പൂളില്‍നിന്നും അര്‍ഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ജലവൈദ്യുത പദ്ധതികള്‍ തടസ്സം കൂടാതെ പ്രവര്‍ത്തിപ്പിച്ചു കൊണ്ടു പോകുന്നതിനുള്ള ജലം ഇപ്പോള്‍ ജലസംഭരണികളിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് ഏര്‍പ്പെടുത്തിയിട്ടില്ല.

(ബി) കേന്ദ്ര പൂളില്‍ നിന്നും വാര്‍ഷിക അറ്റകുറ്റപ്പണികളുള്ള നിലയങ്ങളൊഴിച്ച് മറ്റ് താപനിലയങ്ങളില്‍ നിന്നുള്ള വൈദ്യുതി വിഹിതം സാധാരണഗതിയില്‍ ലഭ്യമാകുന്നുണ്ട്. എന്നാല്‍ അവിചാരിതമായുണ്ടാകുന്ന യന്ത്ര തകരാറുകളും കല്‍ക്കരി ലഭ്യത കുറവുമൂലമുള്ള ഉല്‍പ്പാദനക്കുറവും വൈദ്യുതി വിഹിതത്തില്‍ കുറവ് വരുത്തുന്നുണ്ട്. കൂടാതെ കൂടംകുളം ആണവ നിലയത്തിലെ രണ്ട് ജനറേറ്ററുകളും അറ്റകുറ്റപ്പണികള്‍ക്കായി നിര്‍ത്തിവച്ചതുകൊണ്ട് 260 മെഗാവാട്ടിന്റെ കുറവ് 5-8-2017 മുതല്‍ നിലനില്‍ക്കുന്നുണ്ട്.

(സി) ജലവൈദ്യുത പദ്ധതികള്‍ പൂര്‍ണ്ണതോതില്‍ പ്രവര്‍ത്തിപ്പിക്കാനുള്ള വെള്ളം നിലവില്‍ ജലസംഭരണികളില്‍ ഇല്ല. കാലവര്‍ഷക്കുറവുമൂലം ജല വൈദ്യുതി നിലയങ്ങളിലെ ഉല്‍പ്പാദനം ക്രമീകരിച്ച്, പുറമേ നിന്ന് കുറഞ്ഞ നിരക്കില്‍ വൈദ്യുതി ലഭ്യമായ സമയങ്ങളിലെല്ലാം പവര്‍ എക്സ്ചേഞ്ച് വഴിയും മറ്റ് സംസ്ഥാനങ്ങള്‍ വേണ്ടെന്ന് വയ്ക്കുന്ന കേന്ദ്ര നിലയങ്ങളിലെ വൈദ്യുതിയും ലഭ്യമാക്കി, ജലസംഭരണശേഷി കൂടുതലുള്ള ഇടുക്കി, ഇടമലയാര്‍, ശബരിഗിരി എന്നീ നിലയങ്ങളിലെ ഉല്‍പ്പാദനം സാധ്യമായ സമയങ്ങളിലെല്ലാം കുറയ്ക്കുന്നു. 2017 ജൂണ്‍ 1-ാം തീയതി മുതല്‍ ജൂലൈ 31-ാം തീയതി വരെ 1145 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്‍പ്പാദിപ്പിക്കാനുള്ള നീരൊഴുക്കാണ് ലഭ്യമായിട്ടുള്ളത്. ഇത് കഴിഞ്ഞ പത്ത് വര്‍ഷത്തെ ശരാശരി നീരൊഴുക്കിന്റെ 49% മാത്രമാണ്. എങ്കിലും ഉല്‍പ്പാദന ആസൂത്രണത്തിലൂടെ ഈ വര്‍ഷം മുഴുവന്‍ ജലവൈദ്യുതി ലഭ്യമാക്കാനുള്ള നടപടികള്‍ സ്വീകരിച്ചുവരുന്നു.

## കൃഷി ആവശ്യത്തിനുള്ള വൈദ്യുതി

200 (2199) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ആവശ്യത്തിന് വൈദ്യുതി ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സാധാരണഗതിയിൽ ഉടമസ്ഥാവകാശരേഖ, അപേക്ഷകന്റെ തിരിച്ചറിയൽ രേഖ എന്നിവയുടെ അടിസ്ഥാനത്തിലാണ് വൈദ്യുതി കണക്ഷൻ നൽകുന്നത്. കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കണമെന്ന് കൃഷി വകുപ്പ് നിർദ്ദേശിച്ചിരുന്നു.

1. 30 സെന്റിൽ കുറയാത്ത ഭൂമിയുള്ളതും അതിൽ 75% കാർഷിക വിളകളുള്ളതുമായ വ്യക്തി.
2. 10 സെന്റിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകൻ.
3. 5 സെന്റിൽ കുറയാത്ത വിസ്തീർണ്ണമുള്ള ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകൻ.

കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് സർക്കാർ മാനദണ്ഡം പാലിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ രേഖകളുടെ അടിസ്ഥാനത്തിൽ തികച്ചും സുതാര്യമായാണ് വൈദ്യുതി കണക്ഷനുകൾ അനുവദിക്കുന്നത്.

## ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന

201 (2200) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം സംസ്ഥാനത്ത് വൈദ്യുതീകരണത്തിനായി എത്ര കോടി രൂപ അനുവദിച്ചു; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ വൈദ്യുതീകരണത്തിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപ ലഭിച്ചു; അതിൽ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്ന ശേഷം സമ്പൂർണ്ണ വൈദ്യുതി പദ്ധതിക്കായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയുടെ മൊത്തം പദ്ധതി തുക 482.96 കോടി രൂപയാണ്. ഇതിന്റെ 60% ഗ്രാന്റായ 289.776 കോടി രൂപയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. നാളിതുവരെ 86.932 കോടി രൂപ ലഭിച്ചു. ഇതിൽ 75.354 കോടി രൂപ ചെലവഴിച്ചു.

(ബി) ഉണ്ട്. ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയിൽ ആകെ ലഭിച്ച 86.932 കോടി രൂപയിൽ 46.002 കോടി രൂപ ഗ്രാമീണ വൈദ്യുതീകരണത്തിനായി ഉപയോഗിച്ചു.

(സി) ജൂലൈ 2017-ലെ കണക്കുപ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി ഏകദേശം 171 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കേടായ വൈദ്യുതി മീറ്ററുകൾ

202 (2201) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കളുടെ കേടായ വൈദ്യുതി മീറ്ററുകൾ സമയബന്ധിതമായി മാറ്റാത്തതിനാൽ ബോർഡിന് പ്രതിമാസം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാകുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) കേടായ മീറ്ററുകൾ മാറ്റണമെന്ന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ 2017 ജനുവരിക്കുശേഷം കേടായ എത്ര മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സപ്ലൈക്കോഡ് 2014 പ്രകാരം മീറ്റർ നിലച്ചുപോകുകയോ ഉപഭോഗം രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ മീറ്റർ കേടാകുന്നതിന് തൊട്ടുമുമ്പുള്ള മൂന്ന് ബില്ലിംഗ് സൈക്കിളിലെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി ചാർജ്ജ്

ഈടാക്കിവരുന്നു. മുൻ ശരാശരി കണക്കാക്കാൻ കഴിയാതെ വരുമ്പോൾ മീറ്റർ മാറ്റിവച്ചശേഷം തുടർന്നുള്ള 3 ബില്ലിംഗ് സൈക്കിളിലെ ഉപഭോഗം കണക്കിലെടുത്ത് ബിൽ നൽകി ഉപഭോക്താക്കളിൽ നിന്നും തുക ഈടാക്കുന്നു. മീറ്റർ കേടായ സാഹചര്യങ്ങളിൽ ഇപ്രകാരം ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല.

(ബി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. 15.56 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 70,000 ത്രീ ഫേസ് മീറ്ററുകളും ബോർഡ് വാങ്ങുകയും, കേടായ മീറ്ററുകൾ ഉടൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഫീൽഡ് ഓഫീസുകളിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2017 ജനുവരി മുതൽ ജൂലൈ വരെ 6.69 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

**ഹൈഡൽ ടൂറിസം പ്രോജക്ട്**

203 (2202) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാറിൽ ആരംഭിക്കുവാനുദ്ദേശിക്കുന്ന ഹൈഡൽ ടൂറിസം പ്രൊജക്ട് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിവരുന്നു.

**വയനാട് ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണം**

204 (2203) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ എത്ര വീടുകൾ വൈദ്യുതീകരിക്കുകയുണ്ടായി;

(ബി) ഇതിനായി എന്ത് തുക ചെലവഴിച്ചു; എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും പട്ടികവർഗ്ഗ വികസന ഫണ്ടിൽ നിന്നും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം പ്രത്യേകം നൽകുമോ;

(സി) ഇക്കാര്യത്തിനായി കേന്ദ്രത്തിന്റെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജനയിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വയനാട് ജില്ലയിൽ 15021 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം ഇതിനായി ഉദ്ദേശം 15.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ലഭിച്ചിട്ടില്ല. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വൈദ്യുതീകരണത്തിനായി ഉദ്ദേശം 27 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പദ്ധതിക്കുവേണ്ടി ആദ്യ ഗഡുവായി അനുവദിച്ച 11.5 കോടി രൂപയിൽ വയനാട് ജില്ലയുടെ വൈദ്യുതീകരണം വകയിരുത്തിയിട്ടില്ല. 10-8-2017-ലെ കണക്കുകൾ പ്രകാരം പദ്ധതിക്കായി വയനാട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 83.22 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ വയനാട് ജില്ലയിൽ 4.43 കോടി രൂപ ലഭിച്ചിട്ടുണ്ട്.

**തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്ന പദ്ധതി**

205 (2204) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2016-2017 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ നടപടികൾ ഏതു ഘട്ടത്തിലാണ്?

<u>ഉത്തരം</u>

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ബോർഡും ഇ.ഇ.എസ്.എൽ.-ഉം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ത്രികക്ഷി ഉടമ്പടി വെയ്ക്കാനിരിക്കെ തെരുവ് വിളക്കുകൾ ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി ചാർജ്ജ് ആയി 15% നല്കണമെന്ന് ഇ.ഇ.എസ്.എൽ. അറിയിക്കുകയുണ്ടായി. ഇത് കുറയ്ക്കണമെന്ന് ഇ.ഇ.എസ്.എൽ.-നോട് ആവശ്യപ്പെട്ടതിൻ പ്രകാരം കൺസൾട്ടൻസി ചാർജ്ജ് 5% ആയി കുറയ്ക്കാമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് കാലതാമസം

206 (2205) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത വിഷയം യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിന് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിലുള്ള ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം തുടങ്ങുന്നതിന് കാലതാമസം നേരിടുന്നത് മുഖ്യമായും പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാലതാമസവും പദ്ധതി നടത്തിപ്പിനാവശ്യമായി വരുന്ന വനഭൂമി, ആദിവാസി ഭൂമി എന്നിവ കൈമാറികിട്ടുന്നതിനുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതയും കൊണ്ടാണ്. സ്വകാര്യ മേഖലയിൽ കോഴിക്കോട് ജില്ലയിലെ അരിപ്പാറ (4.5 MW), ആനക്കാംപൊയിൽ (8 MW), കക്കാടംപൊയിൽ ഒന്നാംഘട്ടം (21 MW) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ കക്കാടം പൊയിലിന്റെ തടയണ വിഭാവന ചെയ്തിരിക്കുന്നത് മലപ്പുറം ജില്ലയിലും പവർഹൗസ് കോടിക്കോട് ജില്ലയിലുമാണ്. ആനക്കാംപോയിൽ പദ്ധതിയുടെ പണികൾ നന്നായി നടക്കുന്നു. അരിപ്പാറ പദ്ധതി പ്രദേശത്തെ ജനങ്ങളുടെയും നദി സംരക്ഷണ സമിതിയുടെയും എതിർപ്പുകളും കേസ്സുകളും കഴിഞ്ഞ് പണി പുനരാരംഭിച്ചിട്ടുണ്ട്. 21 MW-ന്റെ കക്കാടംപൊയിൽ ഒന്നാംഘട്ടം (സിയാൽ കമ്പനിക്ക് അനുവദിച്ചത് 1PP)-ത്തിന്റെ DPR അന്തിമരൂപം കൊടുക്കുന്ന സമയത്താണ് ഇതിന് ചാലിയാർ പഞ്ചായത്തിലെ വെള്ളം divert ചെയ്യുന്നു എന്ന പരാതി ഉയർത്തിയിട്ടുള്ളത്. ഇതു ചർച്ച ചെയ്യാൻ എം.എൽ.എ.മാരും കളക്ടറും മറ്റു stake holders തല്പര കക്ഷികളുമായുള്ള ഒരു മീറ്റിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

## വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ

207 (2206) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വൈദ്യുതി മുടങ്ങിയാൽ കാലതാമസം കൂടാതെ പുനഃസ്ഥാപിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് ടോൾഫ്രീ നമ്പർ നിലവിലുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനുമായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. പുതിയ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷാഫോറത്തിനോടാപ്പം തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശ രേഖ എന്നീ രണ്ട് രേഖകൾ മാത്രം സമർപ്പിച്ചാൽ മതി. വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി ലൈൻ നീട്ടൽ ആവശ്യമില്ലാത്തതും സപ്പോർട്ട് പോസ്റ്റ്, പോസ്റ്റ് സ്ഥാപിക്കൽ എന്നിവ വേണ്ടാത്തതുമായ കണക്ഷനുകൾ അപേക്ഷ ലഭിച്ച് രണ്ട് പ്രവൃത്തി ദിവസങ്ങൾക്കുള്ളിലും, വൈദ്യുതി ലൈൻ നീട്ടൽ ആവശ്യമില്ലാത്തതും പോസ്റ്റ് ആവശ്യമുള്ളതുമായ (സപ്പോർട്ട് പോസ്റ്റ് ഉൾപ്പെടെ) കണക്ഷനുകൾ 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിലും ലൈൻ നീട്ടൽ ആവശ്യമുള്ള എൽ.റ്റി. കണക്ഷനുകൾ 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിലും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത എച്ച്.റ്റി. കണക്ഷനുകൾ 30 പ്രവർത്തി ദിവസങ്ങൾക്കുള്ളിലും നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വിതരണ ശൃംഖല സുരക്ഷിതമാക്കുക, വിതരണ നഷ്ടം കുറയ്ക്കുക എന്നിവയ്ക്കായി പുതിയ 11 കെ.വി.എൽ.റ്റി. ലൈനുകൾ എന്നിവ നിർമ്മിക്കുക,

ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പനികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പനികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയതിനുള്ള നടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നു.

ഉപഭോക്താക്കളുടെ വിവിധ അപേക്ഷകൾ (പുതിയ കണക്ഷൻ, ഉടമസ്ഥാവകാശമാറ്റം മുതലായവ) സ്വീകരിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ.-മായി ബന്ധപ്പെട്ട പണമിടപാടുകൾക്കുമായി ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇവ വഴി ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസിൽ എത്താതെ തന്നെ വിവിധ അപേക്ഷകൾ സമർപ്പിക്കാൻ സാധിക്കും. സംസ്ഥാനത്ത് വൈദ്യുതി വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന സൗകര്യങ്ങൾ പുതിയതായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

1. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ് ദൂത്' പദ്ധതി.

2. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

3. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റു അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനും വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രത്തിന്റെ നമ്പർ 1912 ടോൾ ഫ്രീ ആക്കുന്ന പദ്ധതി.

4. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം

5. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

6. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും ഏതൊരു സെക്ഷൻ ഓഫീസിൽ നിന്നും ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം, കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനുള്ള സൗകര്യം, പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം. പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം, അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

7. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

8. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

9. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റൗദ്യോഗികാവശ്യങ്ങൾക്കുവേണ്ടിയും ഒരുമാ നെറ്റ് ബില്ലിംഗ് സോഫ്റ്റ്വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

10. പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി.) പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇത്തരം പരാതികൾ 1912 എന്ന ടോൾ ഫ്രീ നമ്പർ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. കേരളത്തിലെ ഏത് ടെലിഫോൺ നെറ്റ്വർക്കിൽ നിന്നും 1912-ലേക്ക് സൗജന്യമായി വിളിക്കാവുന്നതാണ്. തിരുവനന്തപുരം വൈദ്യുതി ഭവനിൽ 24

മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കോൾ സെന്ററിൽ ഒരേ സമയം 50 കസ്റ്റമർ റിലേഷൻ അസിസ്റ്റന്റുമാർക്ക് 1912 എന്ന നമ്പർ മുഖേനയോ IVRS വഴി നേരിട്ടോ കാളുകൾ സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വൈദ്യുതി സംബന്ധമായ എല്ലാവിധ പരാതികളും പ്രസ്തുത കാൾ സെന്ററിൽ 24 മണിക്കൂറും രജിസ്റ്റർ ചെയ്യാവുന്നതാണ്.

## വൈദ്യുതി വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമി

208 (2207) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും സ്ഥലം വ്യക്തികൾക്കോ/സ്ഥാപനങ്ങൾക്കോ/ഏജൻസികൾക്കോ പാട്ടത്തിന് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം നൽകിയ ഭൂമിയുടെ വിശദാംശങ്ങളും, ആർക്ക്, എത്ര വർഷത്തേക്ക്, പാട്ട സംഖ്യ തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കാമോ;

(സി) ഇങ്ങനെ പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ഡി) പാട്ടക്കാലവധി കഴിഞ്ഞതിന് ശേഷവും വകുപ്പിന് തിരിച്ച് നൽകാത്ത ഭൂമിയുണ്ടോ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) (I) ഇടുക്കി അഗ്മെന്റേഷൻ സ്കീമിന്റെ പരിധിയിൽ താഴെപ്പറയുന്ന സ്ഥലങ്ങൾ പാട്ടത്തിന് നൽകിയിട്ടുണ്ട്.

1. പാമ്പാട്ടും പാറ വില്ലേജിൽ എസ്.സി. കോളനിയിൽ വാട്ടർ സപ്ലൈ സ്കീമിനായി '6' സെന്റ് സ്ഥലം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 30 വർഷത്തേയ്ക്ക് പ്രതിവർഷം '100' രൂപ നിരക്കിൽ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.

2. ഇരട്ടയാർ അംഗനവാടിക്ക് കെട്ടിടം പണിയാനായി '4' സെന്റ് സ്ഥലം ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 30 വർഷത്തേക്ക് പ്രതിവർഷം '600' രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.

3. പാറത്തോട് വില്ലേജിൽ ജലനിധി പ്രോജക്ടിനായി '2' സെന്റ് സ്ഥലം നെടുകണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ 13,968 രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.

4. പാറത്തോട് വില്ലേജിൽ രണ്ടാർമുക്കിൽ ജലനിധി പ്രോജക്ടിന് വേണ്ടി '3' സെന്റ് സ്ഥലം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ '12,146 'രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.

5. പാറത്തോട് വില്ലേജിൽ കല്ലാറിൽ ജലനിധി പ്രോജക്ടിന് വേണ്ടി '3' സെന്റ് സ്ഥലം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ '2,095' രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.

6. പാറത്തോട് വില്ലേജിൽ ഹാജിയാർപടിയിൽ ജലനിധി പ്രോജക്ടിനായി '3' സെന്റ് സ്ഥലം നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 10 വർഷത്തേയ്ക്ക് ആകെ '5,664' രൂപ പാട്ടത്തുക നിശ്ചയിച്ച് പാട്ടത്തിന് നൽകിയിട്ടുണ്ട്.

II. വാഴത്തോപ്പ് കെ.എസ്.ഇ.ബി. ലിമിറ്റഡ് കോളനിയിൽ ബി.എസ്.എൻ.എൽ.-ന് ഭൂമി പാട്ടത്തിന്, മൊബൈൽ സർവ്വീസിന്റെ ബേസ് സ്റ്റേഷൻ നിർമ്മാണത്തിനായി '2' സെന്റ് ഭൂമി പ്രതിമാസം '500' രൂപ പാട്ടസംഖ്യ നിരക്കിൽ 15 വർഷത്തേക്കാണ് നൽകിയിട്ടുള്ളത്.

III. തൊട്ടിയാർ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത വാളയാറിലുള്ള '6' സെന്റ് സ്ഥലം ജലനിധി കുടിവെള്ള പദ്ധതിക്കുവേണ്ടി അടിമാലി ഗ്രാമപഞ്ചായത്തിന് 10 വർഷത്തേയ്ക്ക് '2,429' രൂപ പാട്ടത്തുക നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

IV. ആനയിറങ്കൽ ഡാമിന് ചുറ്റുമായി സ്ഥിതി ചെയ്യുന്ന സ്ഥലം, ഉടുമ്പൻചോല താലൂക്കിൽ പൂപ്പാറ രാജകുമാരി, ചിന്നക്കനാൽ വില്ലേജുകളിലായി '49' ഏക്കർ സ്ഥലം ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന കമ്പനിക്ക് 1965-ൽ ഏക്കറിന് പ്രതിമാസം '10' രൂപ നിരക്കിൽ തേയില നുള്ളുവാനാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്.

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ റീസർവ്വേ നമ്പർ 118-ൽപ്പെട്ട 30 സെന്റ് ഭൂമി 30 വർഷത്തേക്ക് 1,50,548 രൂപ പ്രതിവർഷ നിരക്കിൽ ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് പാട്ടത്തിന് നൽകിയിട്ടുണ്ട് (1-8-2016 മുതൽ). പ്രസ്തുത സ്ഥലത്തിന്റെ കമ്പോളവില പുതുക്കി നിശ്ചയിക്കുന്നതനുസരിച്ച് ഓരോ മൂന്നുവർഷം കൂടുമ്പോഴും പാട്ടസംഖ്യ പുതുക്കി നിശ്ചയിക്കുന്നതാണ്.

(സി) പാട്ടത്തിന് നൽകുന്ന സമയത്ത് ആ പ്രദേശങ്ങളിൽ നിലവിലുള്ള ഭൂമി വിലയുടെ അടിസ്ഥാനത്തിലും കാലാകാലങ്ങളിൽ നിലനിൽക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലുമാണ്.

(ഡി&ഇ) ഉണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന കമ്പനി പാട്ടക്കരാറിനുശേഷം ഭൂമി തിരിച്ച് നൽകിയിട്ടില്ല. ടി ഭൂമി സംബന്ധമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എ.എസ്. നമ്പർ 142/2003 നമ്പറായി ഒരു വ്യവഹാരം തീർപ്പ് കൽപ്പിക്കാതെ നിലവിലുണ്ട്.

## വൈദ്യുതി ബോർഡിലെ നിയമന നിരോധനം

209 (2208) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ നിയമന നിരോധനമുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ബോർഡിൽ പി.എസ്.സി. വഴി നിയമനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരെ നിയമിച്ചുവെന്ന് ഇനം തിരിച്ച് ഉദ്യോഗാർത്ഥികളുടെ പേര് സഹിതം വിശദമാക്കുമോ ;

(സി) വൈദ്യുതി ബോർഡിൽ നിലവിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുണ്ട്; തസ്തിക തിരിച്ച് എണ്ണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അറിയിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ആശ്രിത നിയമനം വൈദ്യുതി ബോർഡിൽ നടന്നുവരുന്നുണ്ടോ;എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; എത്ര ആശ്രിത നിയമനങ്ങൾ പെന്റിംഗിലുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), കാഷ്യർ, മസ്ദൂർ തസ്തികകളിൽ പി.എസ്.സി. മുഖാന്തരം 1100 ഓളം പേരെ നിയമിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ പേരു വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി) വൈദ്യുതി ബോർഡിലെ പി.എസ്.സി. മുഖാന്തരം നേരിട്ട് നിയമനം നടത്തേണ്ട വിവിധ തസ്തികകളിലെ ഒഴിവുകൾ തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | ചീഫ് ഇന്റേണൽ ഓഡിറ്റർ | - | 1 |
| 2. | കമ്പനി സെക്രട്ടറി | - | 1 |
| 3. | അസിസ്റ്റന്റ് എഞ്ചിനീയർ | - | 51 |
| 4. | അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ | - | 14 |
| 5. | സബ് എഞ്ചിനീയർ ഇലക്ട്രിക്കൽ | - | 90 |
| 6. | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | - | 1 |

വൈദ്യുതി ബോർഡിൽ നടപ്പാക്കിയ ആധുനികവൽക്കരണ നടപടികളുടെ ഭാഗമായി ജോലി ഭാരത്തിൽ വന്ന വ്യത്യാസങ്ങൾ കണക്കിലെടുത്ത് തസ്തികകളുടെ എണ്ണം പുനർനിർണ്ണയിക്കുന്ന കാഷ്യർ/ജൂനിയർ അസിസ്റ്റന്റ്, മീറ്റർ റീഡർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)-ലെ 4 എൻ.ജെ.ഡി. ഒഴിവുകൾ, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ-1 ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 22-2-2016 & 13-10-2016 തീയതികളിലാണ് അറിയിച്ചിട്ടുള്ളത്. കത്തുകളുടെ പകർപ്പുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

<u>ചീഫ് ഇന്റേണൽ ആഡിറ്ററുടെ ഒഴിവ്</u> :

12-12-2012-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കമ്പനി സെക്രട്ടറിയുടെ ഒഴിവ് :

8-10-2015-ലെ സർക്കാർ കത്ത് മുഖേനയും, 7-9-2016-ലെ ബോർഡ് കത്തു മുഖേനയും പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

(ഇ) ഉണ്ട്. 2011 മുതൽ 2016 വരെയുള്ള കാലഘട്ടങ്ങളിൽ വിവിധ തസ്തികകളിലായി 311 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. അതിനുശേഷം ഇതുവരെയായി 94 പേർക്ക് വിവിധ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്. നിലവിൽ 4 പേർക്ക് നിയമനം നൽകാനുണ്ട്.

## വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം നിയന്ത്രിക്കണമെന്ന നിർദ്ദേശം

210 (2209) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം നിയന്ത്രിക്കണമെന്നും വിരമിക്കുന്നവരുടെ ഒഴിവിൽ പുതിയ ആളുകളെ നിയമിക്കരുതെന്നും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) ബോർഡിലെ ഓഫീസുകളിൽ പല മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യ നിലവിൽ വന്നതിനാൽ ജീവനക്കാരുടെ ജോലിഭാരം കുറഞ്ഞതായി റെഗുലേറ്ററി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(സി) ബോർഡിന്റെ പ്രവർത്തനത്തെ കുറിച്ച് പഠിച്ച കോഴിക്കോട് ഐ.ഐ.എം. നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ ജീവനക്കാരുടെ പുനർവിന്യാസം, സിവിൽ വിഭാഗത്തിന്റെ പുനഃസംഘടന, പരിശീലനത്തിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നിവയിൽ എന്ത് തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം നിയന്ത്രിക്കണമെന്നും വിരമിച്ചവരുടെ ഒഴിവുകളിൽ പുതിയ ആളുകളെ നിയമിക്കരുതെന്നും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സേവന നിലവാരം മെച്ചപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിച്ച് കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനായി ഒരു പഠനം നടത്തുവാൻ 13-3-2014-ൽ ഐ.ഐ.എം. കോഴിക്കോടുമായി കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രകടനം ലോകോത്തരമായ മറ്റ് പവർ യൂട്ടിലിറ്റികളുമായി തുലനം ചെയ്യുക, കെ.എസ്.ഇ.ബി.എൽ.-ന്റെ സേവന നിലവാരം വിലയിരുത്തുക, ഘടനാപരമായ മാറ്റത്തിന്റെ ആവശ്യകത പഠിക്കുക, ഓരോ വിഭാഗത്തിലും ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുക, ജീവനക്കാരുടെ പരിശീലന ആവശ്യകതകൾ കണ്ടെത്തുക, ജീവനക്കാരുടെ പുനർവിന്യാസത്തെ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക തുടങ്ങിയവയായിരുന്നു പ്രധാന പഠന വിഷയങ്ങൾ. തുടർന്ന് ഐ.ഐ.എം. കോഴിക്കോട് ഉപഭോക്താക്കൾക്ക് ഇടയിലും, ജീവനക്കാരുടെ ഇടയിലും വിവിധ പഠനങ്ങളും സർവ്വേകളും നടത്തുകയും 3-5-2016-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് മുമ്പാകെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അന്നേ ദിവസം കൂടിയ ബോർഡ് യോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ പ്രസ്തുത കമ്മിറ്റി ഐ.ഐ.എം. കോഴിക്കോടിനോട് ആരായുകയും ആയവ സംബന്ധിച്ച് തുടർ പഠനങ്ങൾ ഐ.ഐ.എം. കോഴിക്കോട് നടത്തുകയും 7-6-2017-ന് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും, ഫുൾടൈം ഡയറക്ടർമാർ അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതി വിവിധ ചർച്ചകൾ നടത്തിയതിനു ശേഷം ബോർഡിന്റെ അംഗീകാരത്തോട് കൂടി തീരുമാനമെടുക്കുന്നതാണ്.

## സ്വകാര്യ വസ്തുവിലൂടെ കടന്നുപോകുന്ന ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ്

211 (2210) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം വസ്തുവിലൂടെ കടന്നു പോയിട്ടുള്ള ഇലക്ട്രിക് ലൈനുകൾ അപകട സാധ്യതകണക്കിലെടുത്തും പുതിയ ഗൃഹ നിർമ്മാണത്തിന് തടസ്സമാവുമ്പോഴും മാറ്റി സ്ഥാപിക്കുന്നതിന് വരുന്ന ഭീമമായ തുക ഉപഭോക്താവ് തന്നെ വഹിക്കണമെന്നുള്ള നിയമം നിലവിൽ ഉണ്ടോ ;

(ബി) എങ്കിൽ അതിന് വരുന്ന ചെലവ് മുഴുവനായോ അല്ലെങ്കിൽ ഭാഗികമായോ വഹിക്കാൻ സർക്കാരിന് കഴിയുമോ ?

ഉത്തരം

(എ&ബി) സപ്ലൈ കോഡ് 2014 റെഗുലേഷൻ 95 സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (Measures relating to safety and Electric Supply), 2010 റെഗുലേഷൻ 63 എന്നിവ പ്രകാരം സ്വകാര്യ വസ്തുവിലൂടെ കടന്നുപോകുന്ന ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന ചെലവ് അപേക്ഷകൻ വഹിക്കേണ്ടതാണ്.

## പാറശ്ശാല മണ്ഡലത്തിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്

212 (2211) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട് കേന്ദ്രീകരിച്ച് ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത നിവേദനം അടിയന്തരമായി പരിഗണിച്ച് സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള മേൽ നടപടികൾ കൈക്കൊള്ളാമോ;

(സി) ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർഡാമും ആദിവാസി മേഖലയും ഉൾപ്പെടെ വിസ്തൃതമായ കള്ളിക്കാട് പഞ്ചായത്ത് ഒറ്റശേഖരമംഗലം, ആര്യനാട് സെക്ഷനുകളുടെ പരിധിയിൽ വരുന്നതിനാൽ ഇവിടുത്തുകാർക്ക് കെ.എസ്.ഇ.ബി. സേവനങ്ങൾക്കായി ദൂരെയാത്ര വേണ്ടിവരുന്നതിനു പരിഹാരമെന്നോണം ഇവിടം കേന്ദ്രീകരിച്ച് ഒരു സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാകുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിച്ചുവരുന്നത്. എന്നാൽ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി വിതരണ മേഖലയിൽ നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നത് പുനഃപരിശോധിക്കുകയാണ്. കസ്റ്റമർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം കൂടി കണക്കിലെടുത്തുകൊണ്ടു മാത്രമേ ആര്യൻകോട് കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് അനുവദിക്കാനുള്ള നിവേദനത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

213 (2212) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതുവഴി 165 മെഗാവാട്ട് അധികമായി വൈദ്യുതി ലഭിക്കും. കൂടാതെ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതുവഴി 156.5 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവ് ലക്ഷ്യമിടുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് സൗരോർജ്ജത്തിൽ നിന്നും ആകെ 90 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള

ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ഡാമിന്റെ റിസർവ്വേയറുകളിലും നടപ്പാതകളിലും കൂടാതെ കനാൽ ടോപ്പ്, കനാൽ ബാങ്ക് എന്നിവിടങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു. ഇവയിൽ 10.399 MW-ന്റെ പദ്ധതികൾ പൂർത്തീകരിക്കുകയും 8.515 MW പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയും 4.4175 MW-ന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.15 MW-ന്റെയും തെക്കൻ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 57.5 KW-ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ഇവ കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 MW ശേഷിയുള്ള സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതി ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായ 50 MW-ൽ 36 MW-ന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

കായംകുളത്ത് എൻ.റ്റി.പി.സി.യുടെ അധീനതയിലുള്ള ഭൂമിയിൽ പരമാവധി സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി എൻ.റ്റി.പി.സി.-യുമായി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്, സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്വകാര്യ സംരംഭകരിലൂടെ കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതി ബില്ലിനോടൊപ്പം ഈടാക്കുന്ന അധിക തുക**

214 (2213) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻ വൈദ്യുതി തട്ടിപ്പ് നടത്തുന്നത് ശ്രദ്ധിക്കുവാൻ പ്രത്യേക സംവിധാനം ഉണ്ടാക്കുമോ; വൈദ്യുതി തട്ടിപ്പുമൂലം കെ.എസ്.ഇ.ബി.-ക്ക് വർഷം തോറും ശരാശരി എത്ര തുക നഷ്ടപ്പെടുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിനോടൊപ്പം അധികമായി ഈടാക്കുന്ന തുക തിരികെ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ബില്ലിന്റെ കൂടെ അധിക തുക ഈടാക്കുവാൻ വൈദ്യുതി ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) അനാവശ്യമായി അധിക തുക ഈടാക്കുന്ന സെക്ഷനുകളിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം, ദുരുപയോഗം തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും പ്രത്യേക സംവിധാനമുണ്ട്. ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ആന്റിപവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതിൽ എല്ലാ ജില്ലകളിലും പോലീസുകാർ കൂടി ഉൾപ്പെട്ട 14 ആന്റിപവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ നിലവിലുണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടുപിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി മീറ്ററുകൾ സീൽ ചെയ്യുന്നുമുണ്ട്. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. എ.പി.റ്റി. സ്ക്വാഡുകളുടെ പ്രവർത്തനഫലമായി 2016-17 കാലയളവിൽ വൈദ്യുതി മോഷണം, ദുരുപയോഗം തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തിയതിൽ 4133 കേസ്സുകളിലായി ഏകദേശം 49.5 കോടി രൂപ പിഴയായി ചുമത്തിയിട്ടുണ്ട്.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003, കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 തുടങ്ങിയ ചട്ടങ്ങൾ പ്രകാരം അനുവദിച്ച തുക മാത്രമാണ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്. ഇത് കണക്കാക്കിയതിൽ ഏതെങ്കിലും വിധത്തിൽ തെറ്റ് സംഭവിക്കുന്നപക്ഷം, ആയത് ചൂണ്ടിക്കാണിക്കുന്ന മുറയ്ക്ക് തെറ്റ് തിരുത്തുന്നതാണ്. എല്ലാ ഉപഭോക്താക്കളുടെയും കരുതൽ നിക്ഷേപം ഓരോ വർഷവും പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. നിലവിലുള്ള നിക്ഷേപം ചട്ടങ്ങൾ അനുശാസിക്കുന്നതിലും കുറവാണ് എന്ന് കണ്ടാൽ, കുറവ് നികത്താനായി ഉപഭോക്താക്കളോട് ആവശ്യപ്പെടാറുണ്ട്. പിന്നീടുള്ള വർഷങ്ങളിൽ ശരാശരി വൈദ്യുതി ചാർജ്ജ് കുറയുന്നപക്ഷം അധികമുള്ള

കരുതൽ നിക്ഷേപം തിരികെ നൽകാറുണ്ട്. കൂടാതെ വൈദ്യുതി ദുരുപയോഗം തുടങ്ങിയ ക്രമക്കേടുകൾ കണ്ടാൽ, നിലവിലുള്ള നിയമപ്രകാരം ഈടാക്കേണ്ട തുകയും ഒടുക്കാൻ ഉപഭോക്താക്കൾ ബാധ്യസ്ഥരാണ്.

(സി&ഡി) നിയമപരമായി ഈടാക്കേണ്ടുന്ന തുകയല്ലാതെ അധിക തുക ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

**വൈദ്യുതി സബ് ഡിവിഷനുകളുടെ പുനർവിഭജനം**

215 (2214) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതി സബ് ഡിവിഷനുകൾ ഉപഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുനർവിഭജിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡമെന്താണെന്ന് വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനിൽ വെളുത്തമണൽ കേന്ദ്രമാക്കിയും വള്ളിക്കാവ് കേന്ദ്രമാക്കിയും സബ് ഡിവിഷനുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ, വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) വിതരണ വിഭാഗത്തിന്റെ കീഴിലുള്ള ഓഫീസുകൾ (സെക്ഷൻ, സബ് ഡിവിഷൻ മുതലായവ) ഉപഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കാൻ തീരുമാനിച്ചിട്ടില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു. വെളുത്തമണൽ, വള്ളിക്കാവ് എന്നിവ കേന്ദ്രമാക്കി സബ് ഡിവിഷനുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിൽ വൈദ്യുതി ബോർഡിന്റെ പരിഗണനയിലില്ല.

**വൈദ്യുതി നിയന്ത്രണം**

216 (2215) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലുണ്ടോ;

(ബി) കേന്ദ്ര വിഹിതത്തിൽ ഉണ്ടായ കുറവ് മാത്രമാണോ ഇത്തരത്തിൽ ഒരു സാഹചര്യം സൃഷ്ടിച്ചത് എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഈ കുറവ് പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വൈദ്യുതി പ്രസരണ വിതരണ നഷ്ടം തടയുന്നതിലൂടെ ഇത്തരത്തിൽ ഉണ്ടാകുന്ന വൈദ്യുത നിയന്ത്രണം ഒഴിവാക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേന്ദ്ര വിഹിതത്തിൽ ഏകദേശം 300 മെഗാവാട്ടിന്റെ കുറവ് നിലവിലുണ്ട്. ഇത് തരണം ചെയ്യുന്നതിനായി പവർ എക്സ്ചേഞ്ച് മുഖേനയും മറ്റ് ലഭ്യമായ സ്രോതസ്സുകളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. എങ്കിലും അവിചാരിതമായ കാരണങ്ങളാൽ വൈദ്യുതി കൊണ്ടുവരുന്നതിന് തടസ്സം ഉണ്ടായാൽ ചെറിയ തോതിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരും. ഇപ്രകാരം ജൂലൈ മാസം ഒരു ദിവസം (26-7-2017) നിയന്ത്രണമേർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. പ്രതീക്ഷിച്ച രീതിയിലുള്ള കാലവർഷം ലഭിക്കാത്തതും ഇതിന് കാരണമായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

**വൈദ്യുതി ഉപഭോഗത്തിലെ വർദ്ധന**

217 (2216) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സാഹചര്യത്തിൽ വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ഉപഭോഗം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ലൈൻ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ലക്ഷ്യമിടുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുത ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള LED ബൾബുകളും മറ്റും ഗുണഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നാണ് കരുതുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ ലഭ്യമാക്കിയ വൈദ്യുത കണക്ഷനുകളുടെ വാർഷിക ഉപഭോഗം 40 ദശലക്ഷം യൂണിറ്റിൽ താഴെ എന്നാണ് കണക്കാക്കുന്നത്. ഇത് നിലവിലുള്ള കേരളത്തിലെ ഉപഭോഗത്തിന്റെ 0.2 ശതമാനം മാത്രമാണ്.

(ബി) വൈദ്യുതി ഉപഭോഗം നടത്തുമ്പോൾ പാഴാകുന്ന ഊർജ്ജ സംരക്ഷണത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടത്തിയിട്ടുള്ള പദ്ധതികളും നടത്താനുദ്ദേശിക്കുന്ന പദ്ധതികളും ചുവടെ ചേർക്കുന്നു :

1. ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി നടന്നുവരുന്നു. ഈ പദ്ധതിയിലൂടെ 1.5 കോടി ബൾബുകൾ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 1 കോടിയിൽപരം ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു.

2. 2016 ഡിസംബർ 14 ഊർജ്ജസംരക്ഷണ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഊജ്ജസംരക്ഷണ സന്ദേശം ഉൾക്കൊള്ളിച്ച് കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിച്ച സൈക്കിൾ റാലി പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണത്തെ കുറിച്ചുള്ള അവബോധം വളർത്തുന്നതിന് സഹായിച്ചു. എല്ലാ ജില്ലകളിലും ഊർജ്ജ സംരക്ഷണ ദിനത്തിൽ മാസ് റാലി സംഘടിപ്പിച്ചു.

3. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

4. നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റെസിഡൻസ് അസോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്ന് സംസ്ഥാനത്തുടനീളം വിവിധ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഡിമാന്റ് സൈഡ് മാനേജ്മെന്റ് (ഡി.എസ്.എം.) സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പതിവായി നടന്നുവരുന്നു.

5. വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 1000 ഫാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പദ്ധതി സർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കാവുന്നതാണ്.

6. സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

7. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

8. സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു.

9. എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി വിദ്യാർത്ഥികളെ വൈദ്യുതി സംരക്ഷണവുമായി ബന്ധപ്പെടുന്നതിലേക്കായി നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മലപ്പുറം ജില്ലയിൽ 708216 ഗാർഹിക ഉപഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ലഘുലേഖകൾ വിതരണം ചെയ്യുകയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

10. കെ.എസ്.ഇ.ബി.എൽ.-ന്റെ സബ് ഡിവിഷൻ തലത്തിലുള്ള ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകളുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശം നൽകുകയും ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 1.5 ലക്ഷം ഡയറികൾ അച്ചടിച്ച് വിദ്യാർത്ഥികൾക്കിടയിൽ വിതരണം നടത്തുകയും ചെയ്തു. എനർജി വോളന്റിയേർസ് വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഊർജ്ജ സംരക്ഷണ ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു.

ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ആവശ്യം കുറച്ചുകൊണ്ടുവരുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കു വേണ്ടി ഊർജ്ജ ക്ലിനിക് പരിപാടി നടത്തിവരുന്നു. പൊതുജന ബോധവൽക്കരണത്തിനായി വിവിധ എക്സിബിഷനുകളും റിസോഴ്സ് പേഴ്സൺസ് മുഖാന്തരം 200-ൽപ്പരം ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തി വരുന്നു. പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജനബോധവൽക്കരണത്തിനായി നൽകി വരുന്നു. വിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലേയും വീടുകളിലേയും വൈദ്യുതി ലാഭത്തിന് സാധിക്കുന്നുണ്ട്. സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഊർജ്ജസംരക്ഷണ പരിപാടികളിലൂടെ വിദ്യാർത്ഥികളിലെ ഊർജ്ജ സംരക്ഷണ അവബോധം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികൾ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ വീടുകളിലും പ്രാവർത്തികമാക്കുന്നുണ്ട്. 4270 സ്കൂളുകളിലും, ഐ.ടി.ഐ., എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങി 200-ഓളം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് എനർജി പ്രോഗ്രാം നടത്തുന്നുണ്ട്.

(സി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത മേഖലകളിൽ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടികളെടുത്തിട്ടുണ്ട്. വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തര മേഖലകൾ, ഒറ്റപ്പെട്ട മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക വൈദ്യുതി ഉപഭോഗമാണ് ലക്ഷ്യമിടുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി ഇടുക്കി,

പാലക്കാട്, വയനാട് ജില്ലകളിൽ കെ.എസ്.ഇ.ബി. വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഒറ്റപ്പെട്ട കോളിനികളിൽ അനെർട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനം നടപ്പിലാക്കി. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ 1620 വീടുകളിൽ സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. കൂടാതെ വയനാട് ജില്ലയിൽ 12 വീടുകളിലും പാലക്കാട് ജില്ലയിൽ 539 വീടുകളിലും സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. രണ്ട് ലൈറ്റ് യൂണിറ്റ്, ബാറ്ററി, സോളാർ മൊഡ്യൂൾ, ഡി.സി. ടേബിൾ ഫാൻ, മൊബൈൽ ചാർജർ എന്നിവ അടങ്ങുന്ന സോളാർ സംവിധാനങ്ങളാണ് വീടുകളിൽ സ്ഥാപിച്ചത്. കൂടാതെ എല്ലാ വീടുകളിലും സോളാർ റാന്തലുകളും നൽകി.

## സമ്പൂർണ്ണ വൈദ്യുതീകരണത്തിന് കേന്ദ്ര ധനസഹായം

218 (2217) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളം സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിന് കേന്ദ്ര ധന സഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഇതിലേക്കായി കേന്ദ്രം നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഉണ്ട്. ഗ്രാമീണ വൈദ്യുതീകരണത്തിനും വൈദ്യുതി ശൃംഖലാ നവീകരണ ത്തിനുമായുള്ള ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ നിന്നുള്ള ധനസഹായത്തിന്റെ പങ്കുകൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 46.002 കോടി രൂപയുടെ പ്രവൃത്തികളാണ് ഗ്രാമീണ വൈദ്യുതീകരണത്തിനായി ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ പെടുത്തി പൂർത്തിയാക്കിയിട്ടുള്ളത്.

ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർത്തിരിക്കുന്നു :

| നമ്പർ | ജില്ല | തുക (കോടി) |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 4.968 രൂപ |
| 2 | കൊല്ലം | 2.604 രൂപ |
| 3 | പത്തനംതിട്ട | 1.902 രൂപ |

| (1) | (2) | (3) |
|---|---|---|
| 4 | കോട്ടയം | 1.746 രൂപ |
| 5 | ആലപ്പുഴ | 0.588 രൂപ |
| 6 | എറണാകുളം | 1.242 രൂപ |
| 7 | ഇടുക്കി | 5.364 രൂപ |
| 8 | തൃശ്ശൂർ | 1.044 രൂപ |
| 9 | പാലക്കാട് | 4.938 രൂപ |
| 10 | മലപ്പുറം | 5.31 രൂപ |
| 11 | കോഴിക്കോട് | 3.798 രൂപ |
| 12 | വയനാട് | 6,246 രൂപ |
| 13 | കണ്ണൂർ | 4.032 രൂപ |
| 14 | കാസർഗോഡ് | 2.22 രൂപ |
| | ആകെ | 46.002 കോടി രൂപ |

ഈ തുകയിൽ സംസ്ഥാനം നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉപയോഗപ്പെടുത്തിയ തുക തിട്ടപ്പെടുത്തി വരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഇതുവരെ ആകെ 171 കോടി രൂപയോളം ചെലവഴിച്ചിട്ടുണ്ട്.

**കസ്റ്റമർ കെയർ സെന്റർ**

219 (2218) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ സർവ്വീസ് സംബന്ധമായ പരാതികൾക്ക് ഹെൽപ്പ് ലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ;

(ബി) കസ്റ്റമർ ഫീഡ്ബാക്ക് ലഭ്യമാക്കി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആലോചന ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേന്ദ്രീകൃത കസ്റ്റമർ കെയർ/കാൾ സെന്റർ, സെക്ഷൻ ഓഫീസുകൾ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ മറ്റ് ഓഫീസുകൾ, കസ്റ്റമർ മീറ്റിംഗുകൾ എന്നിവ മുഖേന ലഭിക്കുന്ന കസ്റ്റമർ ഫീഡ്ബാക്ക് കമ്പനിയുടെ നിലവിലുള്ള പ്രവർത്തനം മെച്ചപ്പെടുത്താൻ ഉപയോഗിക്കുന്നുണ്ട്. ഉപഭോക്തൃസേവനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാനേജ്മെന്റ് തലത്തിൽ എല്ലാ 6 മാസത്തിലൊരിക്കലും പ്രധാന ഉപഭോക്തൃ ഗ്രൂപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കസ്റ്റമർ മീറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**വയനാട്ടിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി**

220 (2219) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട്ടിലെ ചെട്ട്യാലത്തൂർ, പുത്തൂർ, മണിമുണ്ട, ഞണ്ടൻകൊല്ലി, ഹസ്സൻ കൊല്ലി എന്നിവിടങ്ങളിലെ ആദിവാസി കോളനികളിലെ 244 കുടുംബങ്ങൾക്ക് ഇപ്പോഴും വൈദ്യുതി ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപനം നടത്തിയ സാഹചര്യത്തിൽ ഈ കോളനികളിൽ അടിയന്തരമായി വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ചെട്ട്യാലത്തൂർ, മണിമുണ്ട, പുത്തൂർ, പാമ്പൻ കൊല്ലി എന്നീ ആദിവാസി കോളനികളിലെ കുടുംബങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വനത്തിലൂടെ വൈദ്യുതി ലൈൻ വലിക്കേണ്ടതുണ്ട്. ഇതിനായി വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലാണ് വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാത്തത്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഞണ്ടൻ കൊല്ലി, ഹസ്സൻ കൊല്ലി എന്നീ പേരുകളിൽ കോളനികൾ കണ്ടെത്താൻ ആയിട്ടില്ല.

**ഭൂതത്താൻകെട്ടിൽ വഴിവിളക്ക് സ്ഥാപിക്കുന്നതിന് നടപടി**

221 (2220) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ ഭൂതത്താൻ കെട്ട് മുതൽ വടാട്ടുപാറ മീരാൻ സിറ്റി വരെ വൈദ്യുതി ലൈൻ വലിച്ച് വഴിവിളക്ക് സ്ഥാപിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ ശല്യമുള്ള ഈ പ്രദേശത്ത് വഴിവിളക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പ്രസ്തുത പ്രവൃത്തിക്കുള്ള ഫണ്ട് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷൻ**

222 (2221) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ എത്ര സെക്ഷനുകൾ ഉണ്ടെന്നും ഓരോ സെക്ഷന് കീഴിലും എത്ര ഉപഭോക്താക്കൾ ഉണ്ടെന്നും വിശദമാക്കാമോ ;

(ബി) ഓരോ സെക്ഷന് കീഴിലും എത്ര ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) കൂടുതൽ കണക്ഷനുകളുള്ള സെക്ഷനുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ;

(ഡി) മാനന്തവാടി സെക്ഷന് കീഴിൽ ഉപഭോക്താക്കൾ കൂടുതലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) മാനന്തവാടി ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ 9 ഇലക്ട്രിക്കൽ സെക്ഷനുകളാണുള്ളത്. ടി സെക്ഷനുകളും ഇവയുടെ കീഴിലുള്ള ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

| സെക്ഷൻ | ഉപഭോക്താക്കളുടെ എണ്ണം |
|---|---|
| മാനന്തവാടി | 24727 |
| തവിഞ്ഞാൽ | 11656 |
| വെള്ളമുണ്ട | 14840 |
| കാട്ടിക്കുളം | 10749 |
| കോറോം | 8386 |
| പനമരം | 16754 |
| പുൽപ്പള്ളി | 15360 |
| പാടിച്ചിറ | 8548 |
| പടിഞ്ഞാറെത്തറ | 13201 |

(ബി) ഓരോ സെക്ഷന് കീഴിലുമുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു :

<u>മാനന്തവാടി മോഡൽ സെക്ഷൻ</u> :

| | |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| സബ് എഞ്ചിനീയർ | 3 |
| ഓവർസീയർ | 6 |

| | | |
|---|---|---|
| | മീറ്റർ റീഡർ | 1 |
| | ലൈൻമാൻ | 12 |
| | മസ്ദൂർ | 6 |
| | കാഷ്യർ | 2 |
| | ആകെ | 32 |

<u>പനമരം മോഡൽ സെക്ഷൻ</u> :

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സീനിയർ സൂപ്രണ്ട് | 1 |
| 3 | സബ് എഞ്ചിനീയർ | 3 |
| 4 | ഓവർസീയർ | 6 |
| 5 | ലൈൻ മാൻ | 12 |
| 6 | മസ്ദൂർ | 6 |
| 7 | കാഷ്യർ | 1 |
| | ആകെ | 30 |

<u>പുൽപ്പള്ളി മോഡൽ സെക്ഷൻ</u> :

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സബ് എഞ്ചിനീയർ | 3 |
| 3 | ഓവർസീയർ | 6 |
| 4 | സീനിയർ അസിസ്റ്റന്റ് | 1 |

| | | |
|---|---|---|
| 5 | മീറ്റർ റീഡർ | 3 |
| 6 | ലൈൻ മാൻ | 12 |
| 7 | മസ്ദൂർ | 6 |
| 8 | കാഷ്യർ | 2 |
| | ആകെ | 34 |

<u>തവിഞ്ഞാൽ മോഡൽ സെക്ഷൻ</u> :

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സീനിയർ സൂപ്രണ്ട് | 1 |
| 3 | സബ് എഞ്ചിനീയർ | 3 |
| 4 | ഓവർസീയർ | 6 |
| 5 | ലൈൻ മാൻ | 12 |
| 6 | മസ്ദൂർ | 6 |
| 7 | കാഷ്യർ | 2 |
| | ആകെ | 31 |

<u>വെള്ളമുണ്ട മോഡൽ സെക്ഷൻ</u> :

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സീനിയർ സൂപ്രണ്ട് | 1 |
| 3 | സബ് എഞ്ചിനീയർ | 3 |
| 4 | ഓവർസീയർ | 5 |

| | | |
|---|---|---|
| 5 | ലൈൻമാൻ | 12 |
| 6 | മസ്ദൂർ | 5 |
| | ആകെ | 27 |

<u>കാട്ടിക്കുളം മോഡൽ സെക്ഷൻ</u> :

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സീനിയർ സൂപ്രണ്ട് | 1 |
| 3 | സബ് എഞ്ചിനീയർ | 3 |
| 4 | ഓവർസീയർ | 6 |
| 5 | മീറ്റർ റീഡർ | 1 |
| 6 | ലൈൻമാൻ | 12 |
| 7 | മസ്ദൂർ | 6 |
| | ആകെ | 30 |

<u>പാടിച്ചിറ മോഡൽ സെക്ഷൻ</u> :

| | | |
|---|---|---|
| 1 | സബ് എഞ്ചിനീയർ | 2 |
| 2 | ഓവർസീയർ | 6 |
| 3 | സീനിയർ അസിസ്റ്റന്റ് | 1 |
| 4 | ലൈൻമാൻ | 11 |
| 5 | മസ്ദൂർ | 6 |
| 6 | കാഷ്യർ | 1 |
| | ആകെ | 27 |

പടിഞ്ഞാറത്തറ മോഡൽ സെക്ഷൻ :

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സീനിയർ സൂപ്രണ്ട് | 1 |
| 3 | സബ് എഞ്ചിനീയർ | 3 |
| 4 | ഓവർസീയർ | 5 |
| 5 | ലൈൻമാൻ | 12 |
| 6 | മസ്ദൂർ | 6 |
| | ആകെ | 28 |

കോറോം മോഡൽ സെക്ഷൻ :

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | സബ് എഞ്ചിനീയർ | 3 |
| 3 | ഓവർസീയർ | 5 |
| 4 | മീറ്റർ റീഡർ | 1 |
| 5 | ലൈൻമാൻ | 12 |
| 6 | മസ്ദൂർ | 5 |
| | ആകെ | 27 |

(സി) ഇല്ല. ഉപഭോക്താക്കളുടെ എണ്ണം മാത്രം കണക്കിലെടുത്ത് സെക്ഷൻ ഓഫീസുകൾ വിഭജിക്കാറില്ല. പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സംസ്ഥാനത്ത് നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ അനുവദിക്കുന്നത് പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് മുൻഗണന നൽകുന്നത്.

(ഡി) മാനന്തവാടി സെക്ഷന്റെ കീഴിൽ നിലവിൽ 24727 ഉപഭോക്താക്കൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## കുന്ദമംഗലം ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസ്

223 (2222) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുവാനായി തറക്കല്ലിട്ടിരുന്നുവോ;

(ബി) എങ്കിൽ ആയതിന്റെ ശിലാസ്ഥാപനം ആര്, എന്ന് നിർവ്വഹിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിരുന്നത് എന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. എളമരം കരീം (ബഹുമാനപ്പെട്ട മുൻ വ്യവസായ വകുപ്പുമന്ത്രി) 2010 ആഗസ്റ്റ് 15-ന് നിർവ്വഹിച്ചു.

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് 72 ലക്ഷം രൂപയുടെ ഭരണാനുമതി 27-7-2010-ന് നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

(ഡി) പ്രസ്തുത പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും വളരെ ഉയർന്ന തുകകൾ ക്വാട്ട് ചെയ്തതിനാൽ അന്ന് നിലവിലുണ്ടായിരുന്ന ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം കരാർ നൽകുവാൻ കഴിഞ്ഞില്ല. തുടർന്ന് കുന്ദമംഗലത്ത് നിലവിലുള്ള 110 കെ.വി. സബ് സ്റ്റേഷൻ 220 കെ. വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർദ്ദേശമുണ്ടാവുകയും പ്രസ്തുത നിർദ്ദേശത്തിന് അംഗീകാരമാവുകയും ചെയ്തതിനാൽ സബ് സ്റ്റേഷന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയതിനുശേഷം അതിനനുബന്ധമായി സെക്ഷൻ ഓഫീസ് കെട്ടിടനിർമ്മാണത്തിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധി

224 (2223) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴ കുറഞ്ഞതോടെ സംസ്ഥാനം കടുത്ത വൈദ്യുത പ്രതിസന്ധിയിലേക്ക് നീങ്ങുകയാണോ;

(ബി) കഴിഞ്ഞ ദിവസങ്ങളിൽ അല്പസമയത്തേക്കെങ്കിലും ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയുണ്ടായോ;

(സി) പവർ എക്സ്ചേഞ്ചിൽ നിന്നും ദിവസേന കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങിയാണോ ഇപ്പോഴത്തെ പ്രതിസന്ധി മറികടക്കുന്നത്; അല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര പൂളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ഇ) മഴ കുറഞ്ഞതോടെ വേനലിന് സമാനമായി വൈദ്യുതി ഉപഭോഗം വർദ്ധിക്കുകയുണ്ടായോ; എങ്കിൽ ഇക്കഴിഞ്ഞ ജൂലൈ മാസത്തിലെ പ്രതിദിന ഉപഭോഗം എത്ര യൂണിറ്റാണ്; വിശദാംശങ്ങൾ നൽകുമോ;

(എഫ്) ഈ നില തുടർന്നാൽ ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഏർപ്പെടുത്തേണ്ടിവരുമോ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) മഴ കുറഞ്ഞതിനാൽ സംസ്ഥാനത്തെ ജലാശയങ്ങളിലേയ്ക്കുള്ള നീരൊഴുക്കിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഇത് വൈദ്യുതി ലഭ്യതയിൽ കുറവുവരുത്തിയിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് അധിക വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. അതിനാൽ കടുത്ത പ്രതിസന്ധി നിലവിലില്ല.

(ബി) 2017 ജൂലൈ മാസം 26-ാം തീയതി വൈകുന്നേരം ഉപഭോഗം കൂടുതലായിരുന്ന സമയത്ത് സംസ്ഥാനത്ത് ഭാഗികമായി ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു. ഇത് അന്തർ റീജിയണൽ പ്രസരണ ശൃംഖലയിലെ പ്രശ്നങ്ങൾമൂലവും, കേന്ദ്ര വിഹിതത്തിൽ പൊടുന്നനെയുണ്ടായ കുറവും നിമിത്തമായിരുന്നു.

(സി) പവർ എക്സ്ചേഞ്ചിൽ നിന്നുകൂടി വൈദ്യുതി വാങ്ങിയാണ് കാലവർഷ കുറവുമൂലമുണ്ടായ ലഭ്യതക്കുറവ് നികത്തുന്നത്. മിക്കവാറും ദിവസങ്ങളിൽ കുറഞ്ഞ വിലയ്ക്കാണ് വൈദ്യുതി ഇപ്രകാരം ലഭ്യമാക്കുന്നത്.

(ഡി) കൂടംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയിൽ കുറവ് വന്നിട്ടുണ്ട്. ഈ കാലയളവിൽ കിട്ടേണ്ടിയിരുന്ന ഏകദേശം 260 മെഗാവാട്ട് ഒട്ടും ലഭ്യമല്ല. മറ്റു നിലയങ്ങളിൽ ആസൂത്രണം ചെയ്തിരുന്ന അറ്റകുറ്റപ്പണികൾമൂലമുള്ള ലഭ്യതക്കുറവ് നിലവിലുണ്ട്. ഇതുകൂടാതെ അപ്രതീക്ഷിതമായ സാങ്കേതിക പ്രശ്നങ്ങൾമൂലം ചില ദിവസങ്ങളിൽ കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതിയിൽ കുറവ് വരുന്നുണ്ട്.

(ഇ) മഴ കുറഞ്ഞതിനാൽ ഉപഭോഗം കുറഞ്ഞ തോതിൽ വർദ്ധിച്ചിട്ടുണ്ട്. 2017 ജൂലൈ മാസത്തിലെ പ്രതിദിന ശരാശരി ഉപഭോഗം 62.688 ദശലക്ഷം യൂണിറ്റാണ്. ഇത് പ്രതീക്ഷിച്ചിരുന്നതിനേക്കാൾ 0.18 ദശലക്ഷം യൂണിറ്റ് കൂടുതലാണ്.

(എഫ്) ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഒഴിവാക്കുന്നതിനായി പുറമേ നിന്നും കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായുള്ള നടപടികളെടുത്തിട്ടുണ്ട്. 2017 ഒക്ടോബർ മാസം മുതൽ DBFOO പ്രകാരം 407 മെഗാവാട്ട് ലഭ്യമായി തുടങ്ങും. കൂടാതെ കുറഞ്ഞ നിരക്കിൽ ലഭ്യമായ സമയങ്ങളിലെല്ലാം പവർ എക്സ്ചേഞ്ച് മുഖേന വൈദ്യുതി വാങ്ങിയും കേന്ദ്ര നിലയങ്ങളിൽ നിന്ന് മറ്റു സംസ്ഥാനങ്ങൾ വേണ്ടെന്ന് വയ്ക്കുന്ന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി വാങ്ങിയും വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ജലവൈദ്യുത ഉൽപ്പാദനം പരമാവധി ക്രമീകരിച്ച് വേനൽ മാസങ്ങളിൽ ഉൽപ്പാദനം നടത്തുന്നതിനായി ഉപയോഗപ്പെടുത്താനും ഉദ്ദേശിക്കുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണം

225 (2224) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ച സാഹചര്യത്തിൽ നിലവിൽ ഇവിടെ വൈദ്യുതീകരിക്കാത്ത ഒരു വീടും ഇല്ല എന്നത് ശരിയാണോ; വ്യക്തമാക്കാമോ;

(ബി) വീടുകളിലല്ലാതെ വാടക ക്വാർട്ടേഴ്സുകളിലും മറ്റും വൈദ്യുതി വെളിച്ചമില്ലാതെ ഏതെങ്കിലും ആളുകൾ താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം സ്ഥലങ്ങളിൽ കൂടി വൈദ്യുതി എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുതീകരിക്കാത്ത വീടുകൾ കേരളത്തിൽ ഇനിയും ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശേഷിക്കുന്ന വീടുകളിൽക്കൂടി വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 150807 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. 31-3-2017-ലെ സ്ഥിതിയനുസരിച്ച് അപേക്ഷിച്ചതും വാസയോഗ്യവുമായിരുന്ന വീടുകളിൽ (വാടക ക്വാർട്ടേഴ്സ് ഉൾപ്പെടെ), കോടതി, റവന്യൂ/വനം വകുപ്പുകൾ തുടങ്ങിയവയുടെ അനുമതി ലഭിക്കാതിരുന്ന ഏതാനും ഗുണഭോക്താക്കൾ ഒഴികെ എല്ലാ വീടുകൾക്കും നിലവിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തര മേഖലകൾ, ഒറ്റപ്പെട്ട മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരെ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് നടപടികളെടുത്തു. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക ഉപഭോഗം നിജപ്പെടുത്തിയതിൽ ജനങ്ങൾ എതിർപ്പ് രേഖപ്പെടുത്തിയതിനാൽ പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നൂതന ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിക്കാൻ കഴിയുന്ന വൈദ്യുതി ശൃംഖലയാണ് ഇവർ പ്രതീക്ഷിക്കുന്നത്. ആയതിനാൽ ഈ മേഖലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 31-3-2017-ന് ശേഷം പുതുതായി പൂർത്തീകരിച്ച് വാസയോഗ്യമാക്കിയ വീടുകളുടെ കണക്ക് ലഭ്യമല്ലാത്തതിനാൽ (അപേക്ഷകൻ പണം അടച്ച് അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമേ പുതുതായുള്ള അപേക്ഷകരെ സംബന്ധിച്ച വിവരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കുകയുള്ളൂ). നിലവിൽ എത്ര ശതമാനം വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട് എന്ന കണക്ക് ലഭ്യമല്ല. ഗ്രാമീണ വൈദ്യുതീകരണം ലക്ഷ്യമിട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി യോജന (DDUGJY) സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്. അതിൽ ഉൾപ്പെടുത്തി പദ്ധതി പ്രദേശത്തെ ബി.പി.എൽ. കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കാനാകുന്നതാണ്. ഉൾനാടൻ വനാന്തര മേഖലയിൽ താമസിക്കുന്ന ജന വിഭാഗങ്ങളിൽ വൈദ്യുതീകരണം നടപ്പിലാക്കാനുണ്ട്. സോളാർ പാനൽ ഉപയോഗിച്ചിട്ടുള്ള ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി

226 (2225) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ ഗാർഹിക വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; ഓരോ ഇലക്ട്രിക് സർക്കിൾ തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഗാർഹികാവശ്യത്തിനായി പുതിയ വൈദ്യുതി കണക്ഷൻ മെയിൻ പോസ്റ്റിൽ നിന്ന് പോസ്റ്റ് വഴി സർവ്വീസ് വയർ വലിച്ച് കൊടുക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ ഉപഭോക്താവിന്റെ ചെലവിൽ മെയിൻ പോസ്റ്റിൽ നിന്ന് അണ്ടർ ഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടോ നിയമതടസ്സമോ ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; ഇത് സംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോ;

(ഡി) ഉപഭോക്താവ് ചെലവ് വഹിക്കുവാൻ തയ്യാറാണ് എങ്കിൽ ഭൂഗർഭകേബിൾ വഴി വൈദ്യുതി കൊടുക്കാൻ നടപടി സ്വീകരിക്കുമോ; ഇതിന് പുതിയ ഉത്തരവ് ഇറക്കുവാൻ തയ്യാറാകുമോ; വിശദാംശങ്ങൾ വിവരിക്കുമോ?

ഉത്തരം

(എ) 9-8-2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1,50,405 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. റവന്യൂ/വനം വകുപ്പുകളുടെ അനുമതി ലഭിക്കാനുള്ള ഏതാനും ഗുണഭോക്താക്കൾ ഒഴിച്ച് എല്ലാവർക്കും വൈദ്യുതി എത്തിച്ച് പദ്ധതി പൂർത്തീകരിക്കുകയും 2017 മേയ് 29-ന് രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2,78,147 ഗാർഹിക വൈദ്യുത കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) മുൻകാലങ്ങളിൽ എൽ.ടി. ഉപഭോക്താക്കൾക്ക് ഭൂഗർഭ കേബിൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. എന്നാൽ ഇത് വൈദ്യുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതിനാലും, കേബിളുകളിലെ അറ്റകുറ്റപ്പണികൾ ബുദ്ധിമുട്ടേറിയതും കാലതാമസം വരുത്തുന്നതിനാലും കെ.എസ്.ഇ.ബി. നേരത്തെ ഉണ്ടായിരുന്ന സംവിധാനം പുനഃപരിശോധിച്ച് സാധാരണഗതിയിൽ എൽ.ടി. ഉപഭോക്താക്കളുടെ മീറ്ററിംഗ് സംവിധാനത്തിന് മുമ്പായി ഭൂഗർഭ കേബിളുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു. കോളനികളിലും പാർപ്പിട സമുച്ചയങ്ങളിലും മറ്റ് മാർഗ്ഗങ്ങളിലൂടെ വൈദ്യുതി എത്തിക്കുക പ്രായോഗികമല്ലാത്ത സാഹചര്യങ്ങളിൽ കേബിളിന് മുമ്പായി ഒരു ചെക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി നൽകാറുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ നിലവിലുള്ള സംവിധാനം പുനഃപരിശോധിക്കുന്ന വിഷയം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാർ സ്ഥാപനങ്ങളിൽ സോളാർ വൈദ്യുതി

227 (2226) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളെ സോളാർ വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാക്കാനുള്ള സമഗ്ര പദ്ധതി പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ സിയാൽ മാതൃക സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിന് മുന്നോടിയായി സർക്കാർ സ്ഥാപനങ്ങളുടെ വൈദ്യുതി ഉപയോഗം സംബന്ധിച്ച വിവര ശേഖരണം നടത്താൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 13-4-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 16/2016/പി.എൽ.ജി. 27-4-2016-ലെ സ.ഉ. (എംഎസ്) നമ്പർ 19/2016/പി.എൽ.ജി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, സംസ്ഥാന പ്ലാനിംഗ് ബോർഡ് അഡീഷണൽ പ്ലാൻ ഫണ്ട് അലോക്കേഷനായി, 2016-17 വാർഷിക പദ്ധതികളിൽ ജില്ലാ പഞ്ചായത്തുകൾക്ക് അവരുടെ ഉടമസ്ഥതയിലുള്ള സർക്കാർ സ്കൂൾ കെട്ടിടങ്ങളിലെ മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. 14 ജില്ലാ പഞ്ചായത്തുകളുടേയും ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും മേൽക്കൂരയിൽ സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പരിശോധന കെ.എസ്.ഇ.ബി.എൽ. നടത്തിയതിന്റെ അടിസ്ഥാനത്തിൽ, 14 ജില്ലാ പഞ്ചായത്തുകളിലും കൂടി മൊത്തം 18.589 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ സ്ഥാപിക്കാനാകുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്തെ കളക്ടറേറ്റ് കെട്ടിടങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സർവ്വേ നടത്തി തയ്യാറാക്കുകയും അനെർട്ടിന് കൈമാറുകയും ചെയ്ത വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) പ്രകാരം സംസ്ഥാനത്തെ 14 കളക്ടറേറ്റുകളിൽ 9 ഇടത്ത് സോളാർ നിലയങ്ങൾ സ്ഥാപിക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ആകെ സ്ഥാപിത ശേഷി 390 കിലോവാട്ടാണ്. ഇതുകൂടാതെ മറ്റ് ചില സ്ഥാപനങ്ങളും സോളാർ പദ്ധതി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സമീപിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 10.50 കോടി രൂപയുടെ

പദ്ധതി നടപ്പിലാക്കാൻ അനെർട്ട് ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എം. പാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചുനൽകാൻ പദ്ധതിയുണ്ട്.

(ബി) സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി പദ്ധതിയുടെ മുഴുവൻ പ്രവൃത്തിയും ഇ.പി.സി. കരാർ അടിസ്ഥാനത്തിൽ ആണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള കരാറുകാരനെ കെ.എസ്.ഇ.ബി.എൽ. ഇ-ടെണ്ടർ വഴി കണ്ടെത്തും.

(സി) സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് വേണ്ടി പ്രസ്തുത സ്ഥാപനത്തിന്റെ വൈദ്യുതി ഉപയോഗം സംബന്ധിച്ച വിവരശേഖരണം നടത്തുന്നുണ്ട്.

**നെയ്യാർഡാമിലെ വൈദ്യുതി കണക്ഷൻ കട്ട് ചെയ്ത നടപടി**

228 (2227) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കുടിശ്ശിക അഞ്ചരലക്ഷം വരുത്തിയതിന്റെ പേരിൽ 21-7-17-ന് നെയ്യാർ ഡാമിലെ വൈദ്യുതി ഫ്യൂസ് ഊരി അധികൃതർ വൈദ്യുതി വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്ത് മാനദണ്ഡത്തിന്റെ പേരിലാണ് ഉച്ചയ്ക്ക് ഫ്യൂസ് ഉരുകയും വൈകിട്ട് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ച് നൽകുകയും ചെയ്തത്; വിശദമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശിക തുക ഇറിഗേഷൻ വകുപ്പ് അടച്ചോ; ഇല്ലെങ്കിൽ കുടിശ്ശിക അടയ്ക്കാതെ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ ആരാണ് ഉത്തരവിട്ടത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഒരു ഗാർഹിക ഉപഭോക്താവിന്റെ തുച്ഛമായ വൈദ്യുതി ബിൽ കുടിശ്ശികയായാൽ ഫ്യൂസ് ഊരുന്ന കെ.എസ്.ഇ.ബി., ഇപ്രകാരം കുടിശ്ശിക അടയ്ക്കാതെ ഇറിഗേഷൻ വകുപ്പിന് വൈദ്യുതി നൽകിയത് നിയമാനുസൃതമാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഇ) നെയ്യാർ ഡാമിലേയ്ക്കുള്ള വൈദ്യുത കണക്ഷനാണ് വിച്ഛേദിച്ചത്. കുടിശ്ശിക അടയ്ക്കാത്തതിനാൽ ആദ്യം നോട്ടീസ് നൽകുകയും നോട്ടീസിന്റെ കാലാവധി കഴിഞ്ഞിട്ടും കുടിശ്ശിക അടയ്ക്കാത്തതിനെ തുടർന്നാണ് വൈദ്യുതി വിച്ഛേദിച്ചത്. അടിയന്തര സാഹചര്യങ്ങളിൽ ജലനിരപ്പ് നിയന്ത്രിക്കുന്ന ഷട്ടറും സംരക്ഷിത മേഖലയായ നെയ്യാർ ഡാമിലെ റിസർവോയർ ഉൾപ്പെടെയുള്ളിടത്തെ വൈദ്യുതി വിളക്കുകളും പ്രവർത്തിക്കാതിരിക്കുന്നത് സുരക്ഷാ ഭീഷണിയാകുമെന്ന പ്രത്യേക പരിഗണന നൽകിയാണ് അന്നുതന്നെ തുക അടയ്ക്കാമെന്ന ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി പുനഃസ്ഥാപിച്ചത്. കുടിശ്ശിക തുക ഇറിഗേഷൻ വകുപ്പ് അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

**ധനശേഷിയില്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ**

229 (2228) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീട് വയറിംഗിന് ധനശേഷിയില്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ വൈദ്യുതി ബോർഡ് നേരിട്ട് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; എത്ര വീടുകളുടെ വയറിംഗ് ജോലികൾ ആണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്;

(സി) ഇത് നടപ്പാക്കുന്നതിന് ആരുടെയെല്ലാം പങ്കാളിത്തമാണ് പ്രയോജന പ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സാധാരണഗതിയിൽ വീടുകളുടെ വയറിംഗ് കെ.എസ്.ഇ.ബി. ഏറ്റെടുത്ത് നടത്താറില്ല. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആരംഭിച്ച സമയത്ത് ഗുണഭോക്താക്കളുടെ വീടിന്റെ വയറിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ പലർക്കും സാധിക്കുന്നില്ലെന്ന് ബോധ്യമായതിനെതുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ

ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളായ REC, KSPIFC തുടങ്ങിയവരുടെ Corporate Social Responsibility-യിൽപ്പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത ബി.പി.എൽ., എസ്.ടി. കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി. ഏറ്റെടുത്തു പൂർത്തിയാക്കിയിരുന്നു. ജീവനക്കാരും ജനപ്രതിനിധികളും അടങ്ങുന്ന സമിതികൾ ഫീൽഡ് സർവ്വേ നടത്തിയാണ് ഇത്തരം ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതനുസരിച്ച് പ്രാഥമിക കണക്കുകൾ പ്രകാരം 11500-ഓളം വീടുകളുടെ വയറിംഗ് നടത്തിയതായാണ് കണക്കാക്കുന്നത്. കൂടാതെ കെ.എസ്.ഇ.ബി.-യിലെ വിവിധ സംഘടനകൾ, ജീവനക്കാർ, സന്നദ്ധ സംഘടനകൾ, എൻ.എസ്.എസ്. പോലെയുള്ള സ്ഥാപനങ്ങൾ, മറ്റു സുമനസ്സുകൾ മുഖേനയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ വയറിംഗ് നടത്തിയിട്ടുണ്ട്.

**സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി**

230 (2229) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ നിന്ന് ഈ പദ്ധതിയിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസുകളിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് സൗരോർജ്ജത്തിൽ നിന്നും ആകെ 90 MW വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലും ഡാമിന്റെ റിസർവ്വോയറുകളിലും നടപ്പാതകളിലും കൂടാതെ കനാൽ ടോപ്പ്, കനാൽ ബാങ്ക് എന്നിവിടങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു. ഇവയിൽ നിന്നും 10.399 MW-ന്റെ പദ്ധതികൾ പൂർത്തീകരിക്കുകയും 8.515 MW പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുകയും 4.4175 MW-ന്റെ പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.15 MW-ന്റെയും തെക്കൻ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മേൽക്കൂരയിൽ 57.5 KW-ന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് 200 MW സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 MW-ൽ 36 MW-ന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇവ കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 MW ശേഷിയുള്ള ഒരു സോളാർ പാർക്ക് കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കായംകുളത്ത് എൻ.റ്റി.പി.സി.യുടെ അധീനതയിലുള്ള ഭൂമിയിൽ പരമാവധി സോളാർ വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്കായി എൻ.റ്റി.പി.സി.-യുമായി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ allocation അനുസരിച്ച് 1870 മെഗാവാട്ടാണ് അനെർട്ട് 2022-ലേയ്ക്ക് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ 800 മെഗാവാട്ട് മേൽക്കൂര വൈദ്യുത പദ്ധതിക്കായാണ് ലക്ഷ്യമിടുന്നത്.

(ബി) സോളാർ പാർക്ക് പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി ചുവടെ ചേർക്കും പ്രകാരം ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

| | |
|---|---|
| ഒന്നാംഘട്ടം 50 mw | അമ്പലത്തറ കിനാന്നൂർ കരിന്തളം വില്ലേജ് |
| രണ്ടാം ഘട്ടം 70 mw | |
| മൂന്നാം ഘട്ടം 80 mw | പൈവളിഗെ, മീന്ജ, പിപ്പാർ വില്ലേജ് |

ചീമേനിയിൽ 200 MW ശേഷിയുള്ള ഒരു പുതിയ സോളാർ പാർക്ക് കൂടി സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**വൈദ്യുതോൽപ്പാദനത്തിനുള്ള വെള്ളം**

231 (2230) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന വൈദ്യുതോൽപാദന കേന്ദ്രങ്ങളിലെ സംഭരണികളിൽ ഇപ്പോഴുള്ള വെള്ളത്തിന്റെ അളവ് വ്യക്തമാക്കാമോ; നിലവിൽ എത്ര ദിവസത്തെ വൈദ്യുതോൽപ്പാദനത്തിനുള്ള വെള്ളമാണ് ഡാമുകളിൽ സംഭരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 5 വർഷക്കാലം ഇതേ കാലയളവിൽ പ്രസ്തുത സംഭരണികളിൽ എത്ര വെള്ളം ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ മഴയുടെ ദൗർലഭ്യം വൈദ്യുതോൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വൈദ്യുതോൽപ്പാദനത്തിന് സോളാർ ഉൾപ്പെടെയുള്ള നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017 ആഗസ്റ്റ് 1-ാം തീയതിയിലെ കണക്കനുസരിച്ച് പ്രധാന ജലവൈദ്യുതോൽപ്പാദന കേന്ദ്രങ്ങളിൽ 1056 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലം ലഭ്യമാണ്. പ്രധാന ജലസംഭരണികളിലെ ഇപ്പോഴത്തെ വെള്ളത്തിന്റെ അളവ് അനുബന്ധം* ആയി ചേർത്തിരിക്കുന്നു. 10 ദശലക്ഷം യൂണിറ്റ് വൈദ്യുതി ദിവസേന ഉപയോഗിക്കുകയാണെങ്കിൽ 105 ദിവസത്തേയ്ക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമുണ്ട്.

(ബി) കഴിഞ്ഞ 5 വർഷക്കാലം ഇതേ കാലയളവിൽ പ്രധാന ജല സംഭരണികളിലുണ്ടായിരുന്ന വെള്ളത്തിന്റെ അളവ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിൽ മഴയുടെ ദൗർലഭ്യം വൈദ്യുതോൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് ഒരു പരിധിവരെ പരിഹരിക്കുന്നതിനായി കൂടുതൽ വൈദ്യുതി പുറമെ നിന്ന് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ചിൽ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിലെല്ലാം എടുത്തുവരുന്നു. കൂടാതെ കേന്ദ്ര നിലയങ്ങളിൽ നിന്ന് മറ്റ് സംസ്ഥാനങ്ങൾ വേണ്ടെന്നുവയ്ക്കുന്ന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമായ സമയങ്ങളിലെല്ലാം എടുത്തും ജലവൈദ്യുതോൽപ്പാദനം പരമാവധി ക്രമീകരിച്ചുകൊണ്ടും സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റാൻ ഉദ്ദേശിക്കുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്ന് കഴിയാവുന്നിടത്തോളം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലക്ഷ്യമിടുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ സ്ഥലങ്ങളിലും, കെട്ടിടങ്ങളുടെ മേൽക്കൂരകളിലും, ഡാമിന്റെ റിസർവ്വോയറുകളിലും നടപ്പാതകളിലും, കൂടാതെ കനാൽടോപ്പ്, കനാൽ ബാങ്ക് എന്നിവിടങ്ങളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചുനൽകാൻ പദ്ധതിയുണ്ട്.

**കേളകത്ത് 33 കെ.വി. സബ് സ്റ്റേഷൻ**

232 (2231) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കേളകത്ത് അനുവദിച്ച 33 KV സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; സബ് സ്റ്റേഷൻ നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; പ്രവൃത്തി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കേളകത്ത് അനുവദിച്ച 33 കെ.വി. സബ് സ്റ്റേഷന്റെ കൺട്രോൾ റൂം, ചുറ്റുമതിൽ തുടങ്ങിയ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സബ് സ്റ്റേഷൻ നിർമ്മാണത്തിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് യാതൊരു വിധ തടസ്സവുമില്ല.

**ആഡിറ്റ് നോംസിലെ ഭേദഗതിക്ക് നടപടി**

233 (2232) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ട് നിരോധനത്തെത്തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ മേഖലയിലെ വായ്പാ തിരിച്ചടവ് കുറയുകയും പല സംഘങ്ങളുടെയും ലാഭത്തിൽ ഗണ്യമായ കുറവുണ്ടാവുകയും ചെയ്തുതുമൂലം ആഡിറ്റ് പ്രകാരം നഷ്ടത്തിലാകുമ്പോൾ സംഘങ്ങളുടെ ക്ലാസിഫിക്കേഷനെ അത് ബാധിക്കുമെന്നതിനാൽ ആഡിറ്റ് നോംസിൽ ഭേദഗതി വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ആഡിറ്റ് നോംസിൽ എന്തെങ്കിലും ഭേദഗതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ആഡിറ്റ് നോംസിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ആഡിറ്റ് നോംസിൽ ഭേദഗതിക്ക് നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ നോട്ട് നിരോധനത്തെ തുടർന്ന് ഉണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലം വായ്പാ തിരിച്ചടവ് കുറയുകയും സംഘങ്ങൾ നഷ്ടത്തിലാവുകയും ചെയ്യുന്ന സാഹചര്യത്തിൽ സംഘങ്ങളുടെ ആഡിറ്റിൽ വായ്പാ കുടിശ്ശികയിന്മേലുള്ള പലിശത്തുകയിൽ കരുതൽ വയ്ക്കുന്നതിൽ ഇളവ് അനുവദിച്ചു കൊണ്ട് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. നോട്ട് നിരോധന കാലയളവായ 2016 നവംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ തിരിച്ചടവ് വരേണ്ടിയിരുന്ന പലിശ തുകയ്ക്ക് കരുതൽ വയ്ക്കുന്നത് കൊണ്ടുമാത്രം സംഘങ്ങൾ നഷ്ടത്തിലാകുന്ന പക്ഷം പ്രസ്തുത തുക മാത്രം കരുതൽ വയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ആഡിറ്റ് പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്വീപ്പർമാർക്ക് പ്യൂൺ തസ്തികയിലേയ്ക്ക് പ്രൊമോഷൻ**

234 (2233) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ അർഹതയുള്ള സ്വീപ്പർമാർക്ക് പ്യൂൺ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ യോഗ്യതയും സർവ്വീസുമുള്ള സ്വീപ്പർമാർക്ക് പ്യൂണായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജില്ലാ സഹകരണ ബാങ്കിന്റെ അംഗീകൃത റിക്രൂട്ട്മെന്റ് റൂൾസിലെ വ്യവസ്ഥയ്ക്ക് വിധേയമായി വിദ്യാഭ്യാസ യോഗ്യതയും സർവ്വീസുമുള്ള സ്വീപ്പർമാർക്ക് പ്യൂൺ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കേരള ബാങ്ക് രൂപീകരണം**

235 (2234) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുന്നതിന് രൂപീകരിച്ച പ്രൊ.എം.എസ്. ശ്രീറാം കമ്മിറ്റി ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം നൽകാമോ?

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) കേരള ബാങ്ക് രൂപീകരണം സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പ്രൊഫ.എം.എസ്.ശ്രീറാം കമ്മിറ്റി വിലയിരുത്തിയിട്ടുണ്ടോ? എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച ശ്രീറാം കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ശ്രീറാം കമ്മിറ്റിയുടെ പ്രധാനപ്പെട്ട വിലയിരുത്തലുകൾ/ശിപാർശകൾ താഴെ പറയുന്നവയാണ് :

1. നിലവിലുള്ള ത്രിതല സമ്പ്രദായം നിർത്തലാക്കി ദ്വിതല സമ്പ്രദായം നടപ്പിലാക്കണം.

2. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് ഒരു പൂർണ്ണ സേവനം പ്രദാനം ചെയ്യുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് ആരംഭിക്കണം. പ്രാഥമിക ബാങ്കുകളായിരിക്കും ഈ ബാങ്കിന്റെ മുഖ്യ ഓഹരി ഉടമകൾ.

3. പ്രാഥമിക സംഘങ്ങളെ ശക്തിപ്പെടുത്തി സഹകാരികളുടെ ആവശ്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു സേവന കേന്ദ്രമാക്കണം.

4. കേരള ബാങ്കിന്റെയും പ്രാഥമിക സഹകരണ ബാങ്കുകളുടെയും സേവനങ്ങൾ വ്യക്തമായി വേർതിരിച്ച് നിർവ്വചിക്കണം.

5. കേരളത്തിന്റെ വികസനത്തിന് ഗുണഫലമാകുന്ന രീതിയിൽ ധനകാര്യ സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകാൻ നടപടി സ്വീകരിക്കണം.

6. ആധുനിക ബാങ്കിംഗ് രംഗത്തെ മാറ്റങ്ങൾ പുതിയ ബാങ്കിലും പ്രദാനം ചെയ്യണം.

7. ഒരു ധനകാര്യ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണം.

**കേരള ബാങ്ക് രൂപീകരണം**

236 (2235) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബാങ്ക് രൂപീകരണം ഏത് ആക്ട് പ്രകാരമാണ് നടപ്പിലാക്കുകയെന്നും ഇതിനായി പുതുതായി നിയമ നിർമ്മാണം വേണ്ടി വരുമോയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ബാങ്ക് രൂപീകരിക്കുമ്പോൾ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരണം, കേരള സഹകരണ സംഘം നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി നടപ്പാക്കാമെന്നാണ് കരുതുന്നത്.

(ബി) നിലവിലുള്ള കേരള സഹകരണ നിയമപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭരണസമിതിയിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് ഭരണസമിതിയിൽ സംവരണം നൽകുന്നതിനുള്ള നിയമവ്യവസ്ഥ കേരള സഹകരണ നിയമത്തിൽ പ്രതിപാദിച്ചിട്ടില്ല. ഇക്കാര്യങ്ങൾ യഥാസമയം പരിശോധിക്കുന്നതാണ്.

## കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച പഠനം

237 (2236) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ബാങ്കിന്റെ ഘടനയും, പ്രവർത്തനവും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകൾക്കൊപ്പം ലയിക്കുന്ന മറ്റ് സംസ്ഥാന ബാങ്കുകൾ എതെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. ഇപ്രകാരം നിയോഗിച്ച വിദഗ്ദ്ധ സമിതി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളുടെയും അഭ്യുദയാകാംക്ഷികളുടെയും അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പൊതുജനാഭിപ്രായം ലഭിച്ചശേഷം നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ഘടനയും പ്രവർത്തനവും എപ്രകാരമായിരിക്കണം എന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) സമർപ്പിച്ചിട്ടുണ്ട്.

(സി) 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിക്കുന്നതിനാണ് സമിതി നിർദ്ദേശിച്ചിട്ടുള്ളത്.

## സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നടപടി

238 (2237) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്ന പദ്ധതിയിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതിയിൽ സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ നൽകണമെന്ന് നിർദ്ദേശിച്ച് 12-12-2006-ലെ 60/2006, 27-7-2010-ലെ 40/2010 എന്നീ സർക്കുലറുകൾ സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**സഹകരണ മേഖലയുടെ ഉന്നമനം**

239 (2238) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെയ്തിട്ടുള്ള കാര്യങ്ങൾ ചുവടെ ചേർക്കുന്നു:

<u>വായ്പാമേഖല</u> :

1. കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ബാംഗ്ലൂർ ഐ.എ.എം.-ലെ പ്രൊഫസർ ശ്രീറാം ചെയർമാനായി അഞ്ചംഗ വിദഗ്ദ്ധ സമിതി സർക്കാരിലേയ്ക്ക് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് രൂപീകരണത്തിനുള്ള ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ആരംഭിച്ചു.

2. സഹകരണ സംഘങ്ങൾ ബാങ്കുകളിലെ കുടിശ്ശിക/നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സഹകാരികളെ വായ്പാ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനുമായി വിവിധ ഇളവുകളോടെ 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2017" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി. 2016 ഡിസംബർ മാസം വരെ കുടിശ്ശികയായുള്ള വായ്പകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി.

4. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണമേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ച ക്യാമ്പയിനിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു.

5. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വിവിധ വായ്പകളുടെ പരിധി വർദ്ധിപ്പിച്ചു. കൂടാതെ ഒരംഗത്തിന് നൽകാവുന്ന പരമാവധി വായ്പാ പരിധിയും വർദ്ധിപ്പിച്ചു.

<u>ഉപഭോക്തൃ മേഖല</u> :

1. കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഉപഭോക്തൃ മേഖലയിൽ താഴെ പറയുന്ന പ്രവർത്തനങ്ങളും നേട്ടങ്ങളും കൈവരിച്ചിട്ടുണ്ട്. 26-6-2016 മുതൽ 5-7-2016 വരെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുകൊണ്ട് "റംസാൻ വിപണി 2016" നടത്തി.

2. സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 സെപ്റ്റംബർ 4 മുതൽ സെപ്റ്റംബർ 13 വരെ സഹകരണ ഓണ വിപണികൾ ആരംഭിച്ചു. ഈ കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 2012 S ഓണ വിപണികൾ ആരംഭിച്ച 208 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും 19 മൊബൈൽ ത്രിവേണി വിൽപ്പനശാലകളിലും സബ്സിഡി സാധനങ്ങൾ ലഭ്യമാക്കി. സർക്കാർ നിശ്ചയിച്ച നിരക്കിൽ 13 ഇനങ്ങളും സബ്സിഡി ഇല്ലാതെ 26 ഇനങ്ങളുമാണ് വിൽപ്പന നടത്തിയത്. മാർക്കറ്റ് വിലയേക്കാൾ ഗണ്യമായ വിലക്കുറവിൽ ഇവ ഓണച്ചന്തകളിൽ ലഭ്യമാക്കി. ഗുണമേന്മയെക്കുറിച്ച് പരാതിയില്ലാതെ 15 ലക്ഷം ഉപഭോക്താക്കൾക്ക് 12061 ടൺ ഭക്ഷ്യ വസ്തുക്കളും (13 ഇനം സബ്സിഡി സാധനങ്ങൾ) ലഭ്യമാക്കി. ഇതുകൂടാതെ 26 ഇനം ഭക്ഷ്യവസ്തുക്കൾ 15 ലക്ഷത്തോളം ജനങ്ങൾക്ക് 20 മുതൽ 70 ശതമാനം വരെ വിലക്കുറവിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓണം വിപണികളിലൂടെ 63.06 കോടി രൂപയുടെ വിൽപ്പന കൈവരിക്കുന്നതിനും, പൊതുജനങ്ങൾക്ക് 12 കോടി രൂപയുടെ വിലക്കുറവിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2015 വർഷത്തെ അപേക്ഷിച്ച് ഓണച്ചന്തയുടെ വിൽപ്പനയിൽ 200 ശതമാനത്തിലേറെ വളർച്ച നേടാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ "ക്രിസ്തുമസ് വിപണി 2016" ഉം സംഘടിപ്പിക്കുകയുണ്ടായി.

<u>പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ</u> :

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി 133 സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ സബ്സിഡിയായി 61.74 ലക്ഷം രൂപയും സംഘം പ്രവർത്തനസജ്ജമാക്കുന്നതിന് 67 സംഘങ്ങൾക്ക് 1.34 കോടി രൂപയും, സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് 39 സംഘങ്ങൾക്ക് 1.58 കോടി രൂപയും, സംഘം കെട്ടിടം പുനരുദ്ധരിക്കുന്നതിന് 74 സംഘങ്ങൾക്ക് 2.04 കോടി രൂപയും, പട്ടികവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി 2 സംഘങ്ങൾക്ക് 10 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

1. 83 വനിതാ സഹകരണ സംഘങ്ങൾക്ക് 1.26 കോടി രൂപ ധനസഹായം അനുവദിച്ചു.

2. 8 ആശുപത്രി സഹകരണ സംഘങ്ങൾക്ക് 1.77 കോടി രൂപയും ഒരു ആശുപത്രി സംഘത്തിന് ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം 9 കോടി രൂപയും ധനസഹായം അനുവദിച്ചു.

3. 8 വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് 6.89 കോടി രൂപ ധനസഹായം അനുവദിച്ചു.

4. 29 പലവക സംഘങ്ങൾക്ക് 41 ലക്ഷം രൂപയും, 6 മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾക്ക് 27 ലക്ഷം രൂപയും, ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് 5 ലക്ഷം രൂപയും ധനസഹായം അനുവദിച്ചു.

5. ഹൗസിംഗ് ഫെഡറേഷന് സർക്കാർ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി 410 ലക്ഷം രൂപ അനുവദിച്ചു.

6. കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) പദ്ധതിയിനത്തിൽ 9.50 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 2.00 കോടി രൂപയും ഉൾപ്പെടെ ആകെ 11.50 കോടി രൂപയുടെ ധനസഹായം അനുവദിച്ചു.

7. നീതി സ്കീം പ്രകാരം 6.80 കോടി രൂപ അനുവദിച്ചു.

8. 19 കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് 45,18,300 രൂപ സർക്കാർ ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി അനുവദിച്ചു.

<u>കൺസ്യൂമർ ഫെഡിന്റെ പ്രവർത്തന നേട്ടങ്ങൾ</u> :

പ്രതിമാസ ഭരണ ചെലവ് 7.25 ശതമാനത്തിൽ നിന്നും 6.75 ശതമാനമായി കുറയ്ക്കുവാൻ കഴിഞ്ഞു. പ്രതിമാസ പലിശ ചെലവ് 6.50 കോടി രൂപയിൽ നിന്നും 3.45 കോടി രൂപയായി കുറയ്ക്കാനായി. പ്രതിമാസ ശരാശരി വില്പന 152.50 കോടി രൂപയിൽ നിന്നും 162 കോടി രൂപയായി വർദ്ധിച്ചു. പ്രതിദിന വിറ്റുവരവ് 4 കോടിയിൽ നിന്നും 6 കോടി രൂപയായി വർദ്ധിച്ചു. പ്രതിമാസം 2.25 കോടി രൂപ നഷ്ടത്തിൽ നിന്നും 8 കോടി രൂപ ലാഭം നേടാൻ കഴിഞ്ഞു. 3-11-2016-ലെ കണക്കനുസരിച്ച് കൺസ്യൂമർ ഫെഡ് 27.13 കോടി രൂപ ലാഭത്തിലാണ്.

1. ത്രിവേണി നോട്ട് ബുക്ക് ഗുണമേന്മയോടുകൂടി പരിഷ്കരിച്ച് പുറത്തിറക്കുന്നു. 37.96 ലക്ഷം ത്രിവേണി നോട്ടുബുക്കുകൾ ഈ വർഷം നിർമ്മിക്കുന്നു.

2. കൺസ്യൂമർ കൂപ്പൺ സിസ്റ്റം, ഇ-കൊമേഴ്സ് പോർട്ടൽ എന്നിവ ആരംഭിക്കാനുദ്ദേശിക്കുന്നു.

3. തൃശ്ശൂർ ജില്ലയിൽ ഐ.സി.ഡി.പി. രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കുന്നതാണ്. അഞ്ച് വർഷങ്ങളിലായി ആകെ 80.04 കോടി രൂപ ചെലവുള്ള പദ്ധതി ഈ വർഷം ആരംഭിക്കും. ഇതിനുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. പത്തനംതിട്ട ജില്ലയിൽ ഐ.സി.ഡി.പി. രണ്ടാംഘട്ടം ആരംഭിക്കുന്നതിന് പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് സമർപ്പിച്ച പ്രൊപ്പോസലിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി പ്രകാരമുള്ള 5 തരം പെൻഷനുകൾ സഹകരണ ബാങ്കുകൾ/ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ടം 2016 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായും, രണ്ടാംഘട്ടം 2016 ഡിസംബർ, ജനുവരി മാസങ്ങളിലായും 2017 ഏപ്രിൽ മാസവും 2017 ജൂലൈ മാസങ്ങളിലായും വിജയകരമായി നടപ്പിലാക്കി.

6. സഹകരണ ആഡിറ്റ് മാനുവൽ പരിഷ്കരണത്തിനുള്ള വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടിപ്പിച്ച് ആഡിറ്റ് മാനുവൽ പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെ സജീവമായി നടന്നുവരുന്നു. ആദ്യപടിയായി കോർ-ബാങ്കിംഗ് സൊലൂഷൻസ് ഓഡിറ്റ് സംബന്ധിച്ച് മാനുവൽ ഈ വർഷം പ്രസിദ്ധീകരിക്കുന്നതാണ്.

7. 2016-17 സാമ്പത്തിക വർഷം റിസ്ക് ഫണ്ട് പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് 6 കോടി രൂപ നൽകാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

8. നെൽ കൃഷിക്ക് പലിശരഹിത വായ്പ നൽകിയതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾക്ക് പലിശ സബ്സിഡി നൽകി.

9. അർബൻ സഹകരണ ബാങ്കുകൾക്ക് ഓഹരി തുകയായി 22 ലക്ഷം രൂപ നൽകി.

10. പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾക്ക് 66.63 ലക്ഷം രൂപ അനുവദിച്ചു.

11. ഇക്കാലയളവിൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം 399 പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 2017 ഏപ്രിൽ 26, 27, 28 തീയതികളിൽ പാലക്കാട് ജില്ലയിൽവച്ച് എസ്.പി.സി.എസ്.-ന്റെ നേതൃത്വത്തിൽ നാലാമത് ലൈബ്രറി കോൺഗ്രസ് സംഘടിപ്പിക്കുകയുണ്ടായി.

(ബി) 1. ഉണ്ട്. സഹകരണ സംഘം ജീവനക്കാരുടെ ക്ഷാമബത്ത 1-7-2016 മുതൽ 7 ശതമാനവും, 1-1-2017 മുതൽ 4 ശതമാനവും വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. സർക്കാരിന്റെ 4-8-2017-ലെ ജി.ഒ. (എംഎസ്) നമ്പർ 29/2017/സഹ. നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിലെ അംഗങ്ങളായിട്ടുള്ള സഹകരണ സംഘം ജീവനക്കാർ സർവ്വീസിലിരിക്കെ മരണമടഞ്ഞാൽ ആശ്രിതർക്ക് മരണാനന്തര ധനസഹായം 1.5 ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ജീവനക്കാർക്ക് നൽകിവരുന്ന ചികിത്സാ ധനസഹായപരിധിയായ 10,000, 15,000, 50,000, 75,000 എന്നത് യഥാക്രമം 15,000, 25,000, 75,000, 1,25,000 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ ബോർഡിൽ അംഗങ്ങളായ ജീവനക്കാരുടെ ആശ്രിതരുടെ ചികിത്സയ്ക്ക് നൽകിവരുന്ന ധനസഹായം 25,000 രൂപയിൽ നിന്നും 45,000 രൂപയായി വർദ്ധിപ്പിച്ചു.

3. സർക്കാരിന്റെ 4-8-2017-ലെ ജി.ഒ.(ആർറ്റി.) 416/2017/സഹ. ഉത്തരവ് പ്രകാരം പ്രാഥമിക സഹകരണ സംഘം, സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ മിനിമം പെൻഷൻ യഥാക്രമം 1,300, 2,000 ഉണ്ടായിരുന്നത് 3,000 രൂപയായി

വർദ്ധിപ്പിച്ചു. പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ മിനിമം ഫാമിലി പെൻഷൻ 1,000 രൂപയായിരുന്നത് 2,000 രൂപയായും സംസ്ഥാന ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ മിനിമം ഫാമിലി പെൻഷൻ 1,500 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചു. സമാശ്വാസ പെൻഷൻ 1,000 രൂപയിൽ നിന്നും 1,250 രൂപയായി വർദ്ധിപ്പിച്ചു. പെൻഷൻകാരുടെ ക്ഷാമബത്ത 5 ശതമാനത്തിൽ നിന്നും 7 ശതമാനമായി വർദ്ധിപ്പിച്ചു.

**സഹകരണ സംഘങ്ങൾ മുഖേന ഓണച്ചന്തകൾ**

240 (2239) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ മുഖേന ഓണച്ചന്തകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3,500-ഓളം ഔട്ട്ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. ഓണവിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കുന്നുണ്ട്. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടയിൽ ഓണത്തിന്റെ ഉപയോഗത്തിനുള്ള സാധനങ്ങളെല്ലാം ഉൾപ്പെടുത്തും. വിലക്കുറവിനോടൊപ്പം തന്നെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് കൂടിയാണ് ഇത്തവണത്തെ വിപണി ഇടപെടലിന്റെ സവിശേഷത. കേരളത്തിലെ 941 പഞ്ചായത്തുകളിൽ 2575 ഓണചന്തകളും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമായി 691 ഓണചന്തകളും 196 ത്രിവേണികളും, 15 മൊബൈൽ ത്രിവേണികളും വഴി 3477 ചന്തകൾ സജ്ജമാകും. ഇതിൽ 213 വനിതാ സഹകരണ സംഘങ്ങളും, 60 എസ്.സി./എസ്.ടി. സംഘങ്ങളും, 143 എംപ്ലോയീസ് സഹകരണ സംഘങ്ങളും, 91 കാർഷിക സഹകരണ സംഘങ്ങളും ഉൾപ്പെടുന്നു. ഇതുകൂടാതെ 2481 പ്രൈമറി സഹകരണ ബാങ്കുകളും മറ്റു വിഭാഗത്തിൽപ്പെട്ട 249 സംഘങ്ങളും 29 ഫിഷർമാൻ സംഘങ്ങളും സംഘാടകരായിട്ടുണ്ട്.

## സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സമ്പ്രദായം

241 (2240) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സമ്പ്രദായം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ബാങ്കിംഗ് രംഗത്തുണ്ടായ സാങ്കേതിക മുന്നേറ്റം സഹകരണ ബാങ്കുകളിലും പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്ന കാലഹരണപ്പെട്ട ഓഡിറ്റിംഗ് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services)മായി നടത്തിയ ചർച്ചയെ തുടർന്നു സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും കോമൺ സോഫ്റ്റ്‌വെയറിലേക്ക് എത്തിക്കുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയെ നവീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് ടാസ്ക്ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും, ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും, ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും ഒരു കോമൺ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്നതിനുമുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്ന കാലഹരണപ്പെട്ട ഓഡിറ്റിംഗ് സമ്പ്രദായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ വകുപ്പിന്റെ സ്മാർട്ട് ക്ലാസ് റൂം പ്രോജക്ട്

242 (2241) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പ് അനെർട്ടുമായി സഹകരിച്ചുകൊണ്ട് സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകളും സൗരോർജ്ജ അടുപ്പുകളും വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ തുടർനടപടികൾ വിശദമാക്കാമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും പ്രസ്തുത പ്രോജക്ടിലേക്കായി നിർദ്ദേശിക്കപ്പെട്ട സ്കൂളുകൾ ഏതൊക്കെയാണെന്നും ഈ നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. എല്ലാ നിയോജക മണ്ഡലങ്ങളിൽ നിന്നും 7 സ്കൂളുകളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുവാൻ ബഹു. എം.എൽ.എ.മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കിയ ശേഷം മാത്രമേ ഏതെല്ലാം സ്കൂളുകൾ ഓരോ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തു എന്നുള്ള വിവരം വ്യക്തമാകുകയുള്ളൂ.

(സി) പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും പ്രസ്തുത പ്രോജക്ടിലേക്കായി നിർദ്ദേശിക്കപ്പെട്ട സ്കൂളുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

## സഹകരണ ബാങ്കുകളിൽ സിസ്റ്റം സൂപ്പർവൈസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകളിലെ ഒഴിവുകൾ

243 (2242) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ സിസ്റ്റം സൂപ്പർവൈസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് സഹകരണ പരീക്ഷാ ബോർഡിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ അതിന് കാരണമെന്താണ് ;

(സി) ഇത് സംബന്ധിച്ച ഉത്തരവിൽ എന്തെങ്കിലും അപാകതയുണ്ടോ; എങ്കിൽ ഉത്തരവിലെ അപാകത നീക്കിയും തസ്തികയുടെ യോഗ്യത വ്യക്തമാക്കിയും ഒഴിവുകളിലേക്ക് സഹകരണ പരീക്ഷാ ബോർഡ് മുഖാന്തിരം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽ സിസ്റ്റം സൂപ്പർവൈസർ തസ്തിക നിലവിലില്ല. എന്നാൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ 9 ഒഴിവുകളും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 309 ഒഴിവുകളും നിലവിലുണ്ട്.

(ബി & സി) ഉണ്ട്. നിയമന യോഗ്യത നിർണ്ണയിച്ചതിൽ അപാകതയുണ്ട്. പ്രസ്തുത തസ്തികയിലെ നിയമനത്തിന് വിദ്യാഭ്യാസ യോഗ്യത, ശമ്പള സ്കെയിൽ എന്നിവ നിശ്ചയിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സഹകരണ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

244 (2243) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന് കീഴിൽ വരുന്ന ആശുപത്രികളിൽ നഴ്സുമാർക്ക് മിനിമം വേതനം നടപ്പിലാക്കിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്;

(സി) സഹകരണ ആശുപത്രികളിലെ നഴ്സുമാരുടെ ഡ്യൂട്ടി സമയം എത്രയാണെന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. 1-10-2015-ലെ സ.ഉ.(പി)നമ്പർ125/2015/സഹ. പ്രകാരം സഹകരണ ആശുപത്രി സംഘങ്ങളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംഘം ക്ലാസിഫിക്കേഷൻ അനുസരിച്ച് 1-1-2013 മുതൽ പ്രാബല്യത്തിൽ പരിഷ്ക്കരിച്ച് ഉത്തരവായിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) എട്ട് മണിക്കൂർ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് വരുമാന നികുതി

245 (2244) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 മുതൽ സഹകരണ സ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ചവർക്കും പിൻവലിച്ചവർക്കും ആദായനികുതി വകുപ്പിന്റെ നോട്ടീസ് ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ സംഘങ്ങളിലെ സ്ഥിര നിക്ഷേപങ്ങൾക്കുള്ള പലിശ വരുമാനങ്ങൾക്ക് റ്റി.ഡി.എസ്. പിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സഹകരണ സംഘങ്ങളെ ആദായനികുതി പരിധിയിൽ കൊണ്ടു വരുന്നത് നിക്ഷേപകരുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതിനും അതുവഴി സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്കും ഇടയാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ വിവരം ആവശ്യപ്പെടുന്ന ആദായനികുതി വകുപ്പിന്റെ നടപടി മുഖേന സഹകരണ മേഖലയിലെ നിക്ഷേപകരുടെ എണ്ണത്തിൽ കുറവുണ്ടാകുമെന്നും സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക് ഇടയാക്കുമെന്നും കരുതുന്നില്ല.

## സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമന നടപടിക്രമം

246 (2245) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘത്തിന്റെ ഭരണസമിതിക്ക് നേരിട്ട് നിയമനം നടത്താവുന്ന തസ്തികകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ഈ നിയമനത്തിന് ഏതെങ്കിലും തരത്തിലുള്ള സംവരണ തത്വങ്ങൾ പാലിക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ജീവനക്കാർക്ക് പ്രൊമോഷൻ നൽകാൻ പ്രാഥമിക സഹകരണ സംഘം ഭരണ സമിതിക്ക് അർഹതയുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ഇ) സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനത്തിന് സ്വീകരിക്കുന്ന നടപടിക്രമം, സംവരണ തത്വം തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലെ ക്ലാർക്ക് തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിനുവേണ്ടി എഴുത്ത് പരീക്ഷ നടത്തുന്നതിലേക്കായി സഹകരണ നിയമത്തിലെ വകുപ്പ് 80 (ബി) പ്രകാരം സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പരിധിയിൽപ്പെടാത്ത സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ തസ്തികകളിലേക്കുള്ള നിയമനങ്ങൾ സഹകരണ നിയമത്തിലെ ചട്ടം 182(5) പ്രകാരം സഹകരണ സംഘം രജിസ്ട്രാറിന്റെ 7-6-1991-ലെ 18/91, 23-3-1999-ലെ 11/1999 എന്നീ സർക്കുലറുകൾ പ്രകാരമാണ് നടത്തുന്നത്.

(ബി) സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പരിധിയിൽപ്പെടാത്ത തസ്തികകളിലേക്കുള്ള നിയമനങ്ങൾ സഹകരണ നിയമത്തിലെ ചട്ടം 182(5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണസമിതിക്ക് നേരിട്ട് നിയമനം നടത്താവുന്നതാണ്.

(സി) ഉണ്ട്. ഓരോ സഹകരണ സംഘത്തിലേയും ജീവനക്കാരുടെ 10%, 3% തസ്തികകൾ യഥാക്രമം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്തിരിക്കുന്നു.

(ഡി) അർഹതയുണ്ട്. കേരള സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും പോഷക വിഭാഗം ഉപനിബന്ധനകൾക്കും വിധേയമായി സഹകരണ സംഘം ഭരണസമിതിക്ക് അർഹരായവർക്ക് പ്രൊമോഷൻ നൽകാവുന്നതാണ്.

(ഇ) സഹകരണ സംഘം/ബാങ്കിൽ ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നേരിട്ട് നിയമനം നടത്തുന്നതിലേക്കായി സംഘം/ബാങ്ക് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതിന്റെ പകർപ്പും നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് പരീക്ഷാ ബോർഡ് ടി ബാങ്കിന്റെ അപേക്ഷ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തി ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിച്ച് എഴുത്ത് പരീക്ഷ നടത്തി യോഗ്യത നേടിയവരുടെ ലിസ്റ്റ് 1:10 എന്ന

അനുപാതത്തിൽ സംഘം/ബാങ്കിന് അയച്ചുകൊടുക്കുകയും ടി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സംഘം/ബാങ്ക് ഭരണസമിതി ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി ആയതിന്റെ ലിസ്റ്റ് പരീക്ഷാ ബോർഡിലേക്ക് അയച്ചുതരുന്ന മുറയ്ക്ക് എഴുത്തുപരീക്ഷയുടെയും അഭിമുഖത്തിന്റേയും മാർക്ക് കൂട്ടി കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് തയ്യാറാക്കി അതാത് സംഘം/ബാങ്കുകളിൽ അയച്ചുകൊടുക്കുകയും ടി ലിസ്റ്റിൽ നിന്നും സംഘം/ബാങ്ക് ഭരണസമിതി റാങ്ക് ലിസ്റ്റ് തയ്യാറാക്കി പരീക്ഷാ ബോർഡിന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുകയും ആയത് അംഗീകരിച്ച് സംഘം/ബാങ്കിന് അയച്ചുകൊടുക്കുകയും അതോടൊപ്പം പരീക്ഷാ ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. 1969-ലെ കേരള സഹകരണ നിയമം 80(4) പ്രകാരം സഹകരണ സംഘം/ബാങ്കിൽ നടത്തുന്ന മൊത്തം നിയമനങ്ങളിൽ 10% ഒഴിവുകൾ (10:1) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സംവരണം ചെയ്യേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യം ഉള്ള വ്യക്തികൾക്ക് 3% പ്രാതിനിധ്യം, സഹകരണ സംഘം രജിസ്ട്രാറുടെ 14-7-2011 തീയതിയിലെ 54/2011-ാം നമ്പർ സർക്കുലർ പ്രകാരം ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ സംവരണം ജൂനിയർ ക്ലാർക്ക് തസ്തികയ്ക്ക് മാത്രമായിരിക്കും. സഹകരണ സംഘം/ബാങ്കുകളിൽ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ നൂറ് വീതം എടുത്ത് 33, 66, 99 എന്നീ ക്രമ നമ്പറുകളിൽ കാഴ്ച വൈകല്യമുള്ളവർ, ശ്രവണ വൈകല്യമുള്ളവർ, ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിതർ എന്ന മുൻഗണനാ ക്രമത്തിലാണ് പരിഗണിക്കുന്നത്.

## റിസ്ക് ഫണ്ട്

247 (2246) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ റിസ്ക് ഫണ്ട് ബാധകമായ സഹകരണ സംഘങ്ങളിൽ, റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരാത്തവ എത്രയെന്നും ഏതൊക്കെയെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരാത്ത സംഘങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ റിസ്ക് ഫണ്ട് ബാധകമായ സഹകരണ സംഘങ്ങളിൽ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരാത്ത ഇരുപത് സഹകരണ സംഘങ്ങളുണ്ട്. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു :

1. വർക്കല അർബൻ സഹകരണ സംഘം

2. ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ 2026

3. ഏജീസ് ഓഫീസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 291

4. ബാങ്ക് ഓഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.884

5. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 4392

6. സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷ്വറൻസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2116

7. രാജധാനി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.1913

8. സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.960

9. സെൻട്രൽ ഗവൺമെന്റ് ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 394

10. വാസുദേവ വിലാസം എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2015

11. കേരള കൗമുദി എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.387

12. ഫൈൻ ആർട്സ് കോളേജ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 412

13. സി.ഡിറ്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2139

14. മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.306

15. സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് സഹകരണ സംഘം

16. കെ.എഫ്.സി. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.777

17. ഗവൺമെന്റ് പ്രസ്സ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4356

18. ഐ.എം.ജി. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 916

19. ഡിപ്പാർട്ട്മെന്റ് ഓഫ് സ്പെയ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1388

20. ഐ.റ്റി.ഐ. എംപ്ലോയീസ് സഹകരണ സംഘം

(ബി) പ്രസ്തുത പദ്ധതിയിൽ ചേരാത്ത സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകൾ

248 (2247) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്ക് 15 ഒഴിവുകൾ നിലവിലുണ്ടായിട്ടും പി.എസ്.സി. നിയമനശിപാർശ നൽകാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി.-യുടെ അഡ്വൈസ് കിട്ടുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റിസ്ക് ഫണ്ട് ആനുകൂല്യം

249 (2248) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കിൽ നിന്ന് ലോണെടുക്കുകയും പിന്നീട് മരണപ്പെടുകയും തുടർന്ന് തിരിച്ചടവ് സാധിക്കാതെ പോവുകയും ചെയ്തവരുടെ ബാദ്ധ്യത ഒഴിവാക്കുന്നതിന് റിസ്ക് ഫണ്ട് സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഈ പദ്ധതി എന്ന് നിലവിൽ വന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(സി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം എവിടെ നിന്ന് ലഭിക്കുമെന്നും അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും വിശദീകരിക്കുമോ ?

### ഉത്തരം

(എ) വായ്പാ സഹകരണ സംഘങ്ങളിൽ / ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. ഈ ആനുകൂല്യത്തിനായി വായ്പക്കാർ നിശ്ചിത ഒറ്റത്തവണ പ്രീമിയം അടച്ച് പദ്ധതിയിൽ ചേരേണ്ടതുണ്ട്. ഈ പദ്ധതി 1-4-2008 മുതൽ പ്രാബല്യത്തോടെ നിലവിൽ വന്നു.

(ബി) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം, ബാങ്കുകളിൽനിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽനിന്നും നൽകും. കൂടാതെ റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള 7 മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75000 രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശിപാർശയോടെ സഹകരണ വികസന ക്ഷേമനിധി ബോർഡ്

സെക്രട്ടറിക്ക് സമർപ്പിക്കണം. വായ്പാക്കാരൻ മരിച്ചുപോയ കേസ്സാണെങ്കിൽ മരണ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ എടുക്കുന്ന സമയത്ത് വായ്പാ തുകയുടെ 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/ മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം / ചികിത്സാ ധനസഹായം ലഭിക്കുക. വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിനുള്ളിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(സി) റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ ഫോറം വായ്പയെടുത്ത സഹകരണ സ്ഥാപനത്തിൽനിന്നും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട സഹകരണ സ്ഥാപനം മുഖേന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിനാണ്.

## ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തിക

250 (2249) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്/കാഷ്യർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണ്;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്/ കാഷ്യർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | ഒഴിവുകൾ |
|---|---|
| തിരുവനന്തപുരം | നിലവിൽ ഒഴിവുകളില്ല |
| കൊല്ലം | നിലവിൽ ഒഴിവുകളില്ല |
| പത്തനംതിട്ട | 5 |
| ആലപ്പുഴ | നിലവിൽ ഒഴിവുകളില്ല |
| കോട്ടയം | നിലവിൽ ഒഴിവുകളില്ല |
| ഇടുക്കി | 20 |
| എറണാകുളം | 13 |
| തൃശ്ശൂർ | നിലവിൽ ഒഴിവുകളില്ല |
| പാലക്കാട് | നിലവിൽ ഒഴിവുകളില്ല |
| മലപ്പുറം | 7 |
| കോഴിക്കോട് | 13 |
| വയനാട് | നിലവിൽ ഒഴിവുകളില്ല |
| കണ്ണൂർ | 9 |
| കാസർഗോഡ് | 14 |

(ബി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി ചുവടെ ചേർക്കുന്നു :

| ജില്ല | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി |
|---|---|
| തിരുവനന്തപുരം | 2-3-2017 |
| കൊല്ലം | 18-1-2017 |
| പത്തനംതിട്ട | 31-1-2017 |

| | |
|---|---|
| ആലപ്പുഴ | 23-2-2017 |
| കോട്ടയം | 22-12-2016 |
| ഇടുക്കി | 10-1-2017 |
| എറണാകുളം | 5-1-2017 |
| തൃശ്ശൂർ | 30-12-2016 |
| പാലക്കാട് | --1-2017 |
| മലപ്പുറം | 31-1-2017 |
| കോഴിക്കോട് | 7-2-2017 |
| വയനാട് | 18-1-2017 |
| കണ്ണൂർ | 23-1-2017 |
| കാസർഗോഡ് | 23-1-2017 |

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകിയവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| ജില്ല | നിയമനം നൽകിയവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | - |
| കൊല്ലം | 1 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | - |
| കോട്ടയം | 10 |

| | |
|---|---|
| ഇടുക്കി | 6 |
| എറണാകുളം | 6 |
| തൃശ്ശൂർ | - |
| പാലക്കാട് | 32 |
| മലപ്പുറം | 28 |
| കോഴിക്കോട് | - |
| വയനാട് | 14 |
| കണ്ണൂർ | - |
| കാസർഗോഡ് | 14 |

**ജില്ലാ സഹകരണ ബാങ്കുകളുടെ സംയോജനം**

251 (2250) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിച്ചു കൊണ്ട് സംസ്ഥാനതലത്തിൽ പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും

കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുമുണ്ട്.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ നിയമനം**

252 (2251) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലർക്ക്/ കാഷ്യർ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഓരോ ജില്ലയിലും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കേരളാ ബാങ്കിന്റെ രൂപീകരണ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള തസ്തികകളിൽ നിയമനം നടത്തേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

| ജില്ല | നിയമനം നൽകിയവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | - |
| കൊല്ലം | 1 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | - |
| കോട്ടയം | 10 |

| | |
|---|---|
| ഇടുക്കി | 6 |
| എറണാകുളം | 6 |
| തൃശ്ശൂർ | - |
| പാലക്കാട് | 32 |
| മലപ്പുറം | 28 |
| കോഴിക്കോട് | - |
| വയനാട് | 14 |
| കണ്ണൂർ | - |
| കാസർഗോഡ് | 14 |

(സി&ഡി) തീരുമാനിച്ചിട്ടില്ല. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നോട്ട് നിരോധനംമൂലം സഹകരണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി

253 (2252) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനംമൂലം സഹകരണ മേഖലയിൽ ഉണ്ടായ പ്രതിസന്ധിയും തന്മൂലം ഉണ്ടായ നഷ്ടവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രതിസന്ധി മറികടക്കാൻ സഹകരണ മേഖലയിൽ പ്രത്യേക പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിരുന്നോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരം ലഭ്യമാക്കുമോ;

(സി) നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറി കടക്കാൻ കേരളത്തിലെ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. സഹകരണ മേഖലയിൽ 1.90 കോടി

ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ മേൽ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം പ്രാഥമിക സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന പ്രവർത്തനമായ വായ്പാ വിതരണവും തിരിച്ചടവും നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമായി. സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു.

സഹകരണ ബാങ്കുകളിലെ സ്ഥിരനിക്ഷേപങ്ങൾ മറ്റു ബാങ്കുകളിലേക്ക് മാറ്റുന്ന സാഹചര്യമുണ്ടായി. നോട്ട് നിരോധനത്തിന് ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടി രൂപയുടെ കുറവ് വന്നിരുന്നു. സഹകരണ ബാങ്കുകൾ നൽകുന്ന വായ്പയിൽ ഏകദേശം 30% കുറവും വായ്പാ തിരിച്ചടവിൽ 44.2% കുറവും വന്നിരുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും ജപ്തി നടപടികൾ നേരിട്ടവർക്കും ആശ്വാസം നൽകുന്നതിനായി 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ 'നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി' എന്ന പേരിൽ വായ്പ എടുത്തവർക്ക് ഇളവ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നോട്ട് നിരോധനം മുഖേന സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടായ പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾക്ക് 31-3-2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

(സി) നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിലേക്കായി, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്ന തിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം

സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. മേൽ നടപടികളുടെ അടിസ്ഥാനത്തിൽ നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂം പദ്ധതി

254 (2253) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന എൽ.പി., യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂം, ഊർജ്ജക്ഷമതയുള്ള അടുക്കള എന്നീ പദ്ധതികളുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി എന്ന് പ്രാവർത്തികമാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എല്ലാ നിയോജക മണ്ഡലങ്ങളിൽനിന്നും ഏഴ് സ്കൂളുകളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുവാൻ ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കിയ ശേഷം മാത്രമേ പദ്ധതിയിലുൾപ്പെടുന്ന സ്കൂളുകൾ വ്യക്തമാകുകയുള്ളൂ. പൊതുവിദ്യാഭ്യാസ നവീകരണ പരിപാടിയുടെ തുടർച്ചയായി പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ത്രിവേണി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

255 (2254) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) കൺസ്യൂമർഫെഡ് മുഖേന നടപ്പിലാക്കുന്ന പുതിയ സംരംഭങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) ജനങ്ങളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട് ത്രിവേണി സ്റ്റോറുകളുടെ സൗകര്യം വർദ്ധിപ്പിക്കുക, അവശ്യ വസ്തുക്കളുടെ ലഭ്യത, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുക, വിലനിയന്ത്രണം സാധ്യമായ തരത്തിലുള്ള ഇടപെടൽ നടത്തുക, വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തികൊണ്ട് ഓൺലൈൻ വ്യാപാരം ശക്തിപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ വഴിയും പ്രിവിലേജ് കാർഡ് മുഖേനയും വ്യാപാരം വർദ്ധിപ്പിക്കുവാനും ത്രിവേണി സ്റ്റോറുകളുടെയും സൂപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം ജനകീയമാക്കാനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൺസ്യൂമർഫെഡ് മുഖേന നടപ്പിലാക്കുന്ന പുതിയ സംരംഭങ്ങൾ ചുവടെ ചേർക്കുന്നു :

ഇ-ത്രിവേണികളുടെ പ്രവർത്തനം വ്യാപിപ്പിക്കൽ :

ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡ് ആരംഭിച്ച നാല് ഇ-ത്രിവേണികൾക്ക് പുറമേ 24 എണ്ണം കൂടി പുതിയതായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവയിൽ പത്തനംതിട്ട, കോട്ടയം, വയനാട്, പാലക്കാട്, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, ഇടുക്കി എന്നിവിടങ്ങളിലായി 9 ഇ-ത്രിവേണികൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 15 ത്രിവേണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

ത്രിവേണി ഓൺലൈൻ ഓർഡറിംഗ് സിസ്റ്റം :

ഷോപ്പുകളിൽ വന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കും. ഈ ഓണക്കാലത്ത് തിരുവനന്തപുരം ജില്ലയിൽ ഓർഡറിംഗ് സിസ്റ്റം നടപ്പിലാക്കുന്നതാണ്.

ഓണവിപണി :

ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500-ഓളം ഔട്ട്‌ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിനാണ് രൂപം നൽകിയിട്ടുള്ളത്. ഓണ വിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതു വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിലക്കുറവിനോടൊപ്പം ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

ഓണം ബാസ്കറ്റ് :

ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കുന്നതാണ്. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടയിൽ ഓണത്തിന്റെ ഉപയോഗത്തിനുള്ള സാധനങ്ങൾ എല്ലാം ഉൾപ്പെടുത്തുന്നതാണ്.

നീതി ശൃംഖലയുടെ വ്യാപനം :

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുൻകയ്യെടുത്ത് 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മുഴുവൻ സമയ സബ്സിഡി വിതരണം :

സെപ്റ്റംബർ 1 മുതൽ മാർച്ച് 31 വരെ 13 ഇനങ്ങൾക്ക് സബ്സിഡി നിരക്കിൽ പ്രാഥമിക സർവ്വീസ് സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും ത്രിവേണി സ്റ്റോറുകളിലൂടെയും വിൽപ്പന നടത്തുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നുണ്ട്.

നീതി കൊമേഴ്സ്യൽ ഗ്യാസ് :

നിലവിലുള്ള ഡൊമസ്റ്റിക്ക് ഗ്യാസ് വിതരണം കൊമേഴ്സ്യൽ ആക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

**നിക്ഷേപം സ്വീകരിക്കുന്നതിന് നിയന്ത്രണങ്ങൾ**

256 (2255) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി.ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അംഗങ്ങൾ അല്ലാത്തവരിൽ നിന്നോ, അസോസിയേറ്റ് അംഗങ്ങളിൽ നിന്നോ നിക്ഷേപം സ്വീകരിക്കുന്നതിന് റിസർവ് ബാങ്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) വോട്ടവകാശമില്ലാത്ത ബി, സി ക്ലാസ്സ് അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സഹകരണ മേഖലയെ എപ്രകാരം ബാധിക്കും എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധിച്ച് റിസർവ് ബാങ്കിന് സർക്കാർ തലത്തിൽ കത്തയച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രതികരണം എന്തായിരുന്നു?

ഉത്തരം

(എ) നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല

(സി) ഇല്ല

**സഹകരണ മേഖല അഴിമതി മുക്തമാക്കാനായി നടപടികൾ**

257 (2256) ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയെ അഴിമതി മുക്തമാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിൽ അഴിമതിയും ക്രമക്കേടും നടന്നതായുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സഹകരണ വകുപ്പ് കൂടുതൽ ജനസൗഹൃദമാക്കുന്നതിനും നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വിജിലൻസ് വിഭാഗത്തെ കാര്യക്ഷമമാക്കുകയും നടപടികൾ വേഗത്തിലാക്കുകയും ചെയ്തിട്ടുണ്ട്. അഴിമതി ബോധ്യപ്പെട്ട സംഘങ്ങൾക്കെതിരെ അന്വേഷണം നടത്തുന്നുണ്ട്. ഗവൺമെന്റ് ഫലപ്രദമായ ഇടപെടലിനായി സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച് മുൻ മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം സഹകരണ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള അഡീഷണൽ രജിസ്ട്രാർ/ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ അന്വേഷണവും നടന്നുവരുന്നു.

(സി) ഇ-ഫയലിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അതോടെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുകയും ചെയ്യുന്നതാണ്. അദാലത്തുകൾ സംഘടിപ്പിച്ച് ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. നടപടിക്രമങ്ങൾ ലഘൂകരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ ഒരേ പേരിലെ വനിതാ സഹകരണ സംഘങ്ങൾ

258 (2257) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്ത് വനിതാ സഹകരണ സംഘത്തിന്റെ പേരും പ്രവർത്തനങ്ങളും തടസ്സപ്പെടുത്തും വിധം അതേ പേരിലും ഉദ്ദേശ്യത്തിലും പ്രവർത്തിക്കുന്ന മറ്റൊരു സംഘത്തിനെതിരെയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പേരിൽ സാമ്യതയുള്ള പുതുതായി രൂപീകരിച്ച സംഘത്തിന്റെ ആസ്ഥാനം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി &സി) അടുത്തടുത്ത കെട്ടിടങ്ങളിൽ സമാന പേരും സ്വാഭാവവുമുള്ള സംഘങ്ങൾ പ്രവർത്തിക്കുന്നത് സഹകരണ മേഖലയിൽ അനാരോഗ്യകരമായ പ്രവണതകൾ സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ യുക്തമായ തീരുമാനം എടുക്കുന്നതിനും പേരിൽ സാമ്യതയുള്ള പുതുതായി രൂപീകരിച്ച സംഘത്തിന്റെ ആസ്ഥാനം മാറ്റുന്നതിനും സംഘം പ്രസിഡന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കാൻ നടപടി

259 (2258) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും സ്റ്റാഫ് പാറ്റേണും നിശ്ചയിക്കാത്തതുകാരണം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഒന്നുംതന്നെ ക്രമീകരിക്കുവാൻ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ;

(സി) 21-6-2013-ലെ സ.ഉ.(സാധാ) നമ്പർ 401/13 പ്രകാരം സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറി അദ്ധ്യക്ഷനായി നിയമിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ? ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ഡി) ഈ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കുന്ന നടപടി അടുത്ത ആറ്മാസത്തിനുള്ളിൽ പൂർത്തിയാക്കി ഇക്കാര്യത്തിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ പ്രിന്റിംഗ് സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷനും സ്റ്റാഫ് പാറ്റേണും പുതുക്കി നിശ്ചയിക്കുന്നതിലേക്കായി ഇക്കാര്യം പഠിച്ച് ശിപാർശ ചെയ്യുന്നതിന് നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി&ഡി) പ്രിന്റിംഗ് സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് സർക്കാരിൽ ശിപാർശ സമർപ്പിക്കുന്നതിന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി എട്ടംഗ പഠനസമിതി രൂപീകരിച്ച് 23-11-2012-ലെ സ.ഉ.(സാധാ)നമ്പർ 660/2012/സഹ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ ചുമതല സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറി വഹിച്ച സാഹചര്യത്തിൽ സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയെ ചെയർമാനാക്കി 21-6-2013 ലെ സ.ഉ. (സാധാ)നമ്പർ 401/13/സഹ.പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 17-1-2014-ലെ സ.ഉ.(സാധാ)നമ്പർ. 57/2014/ സഹ. ഉത്തരവുപ്രകാരം സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി എട്ടംഗ പഠനസമിതി രൂപീകരിച്ച് പുറപ്പെടുവിച്ച 23-11-2012-ലെ സ.ഉ.(സാധാ) നമ്പർ 660/2012/ സഹ. നമ്പർ ഉത്തരവ് വീണ്ടും നിലനിർത്തുകയും ചെയ്തു. പ്രസ്തുത എട്ടംഗ സമിതി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ സഹകരണസംഘം രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഠനകമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൺസ്യൂമർഫെഡ് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

260 (2259) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ത്രിവേണി സ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സുസ്ഥിര വികസനം എന്ന ലക്ഷ്യത്തോടെ സംഘടനാപരമായ പുനഃസംഘാടനം, ധന മാനേജ്മെന്റ്, ക്യാപ്പിറ്റൽ റീസ്ട്രക്ച്ചറിംഗ്, കൺസോർഷ്യം രൂപീകരണം, പ്രൊഫഷണൽവൽക്കരണം എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) വിൽപ്പന സാദ്ധ്യതയുള്ള സ്ഥലവും അനുയോജ്യമായ വാടകയ്ക്ക് കെട്ടിടവും ലഭിക്കുകയാണെങ്കിൽ വ്യാപാര സാധ്യത പരിശോധിച്ച് കൂടുതൽ ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

## കോട്ടയ്ക്കൽ സഹകരണ ആശുപത്രി കെട്ടിടനിർമ്മാണം

261 (T*2260) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ സഹകരണ ആശുപത്രി കെട്ടിട നിർമ്മാണത്തിന് വേണ്ടി ചെയർമാൻ നൽകിയ നിവേദനം പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമോ;

(ബി) പൊതു ആവശ്യം എന്ന ഗണത്തിൽപ്പെടുത്തി അനുമതി നൽകുന്ന കാര്യം അനുകൂലമായി പരിഗണിക്കുമോ; വ്യക്തമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ&ബി) കോട്ടയ്ക്കൽ സഹകരണ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിലേക്ക് വയൽ നികത്തുന്നതിനായി സമർപ്പിച്ച അപേക്ഷ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം അനുവദിക്കാൻ കഴിയാത്തതിനാലാണ് നിരസിച്ചിട്ടുള്ളത്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചേ ഈ വിഷയത്തിന്മേൽ തീരുമാനം കൈക്കൊള്ളാനാകുകയുള്ളൂ.

**സഹകരണ മേഖലയിലെ നിക്ഷേപം**

262 (2261) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഇതിനായി ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലേക്കുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കാറുണ്ട്.

(ബി&സി) ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപകരുടെ വിശ്വാസം നേടിയെടുക്കുന്നതിനായി സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഭവന സന്ദർശനം നടത്തി നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിലനിർത്തുന്നതിനും നടപടി സ്വീകരിച്ചു. നിക്ഷേപ സുരക്ഷാ സ്കീം നടപ്പിലാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക് നൽകിവരുന്നു.

## തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ

263 (2262) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ സഹകരണ വകുപ്പ് എത്ര സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ പേര്, മേൽവിലാസം എന്നിവ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-7-2017 വരെ തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ എത്ര; അവയുടെ പേര്, മേൽവിലാസം എന്നിവ നൽകാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിൽ ആകെ 388 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേര്, മേൽവിലാസം എന്നിവ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-7-2017 വരെ തിരുവനന്തപുരം ജില്ലയിൽ ആകെ 29 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേര്, മേൽവിലാസം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്- 2 നിയമനം

264 (2263) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-5-2016-ന് പ്രസിദ്ധീകരിച്ച അപ്പെക്സ് കോ-ഓപ്പറേറ്റീവ് സെക്ടറുകളിൽ സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഏതൊക്കെ അപ്പെക്സ് സൊസൈറ്റികളിലാണ് സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്-2 തസ്തികകളിൽ നിലവിൽ ഒഴിവുകളുള്ളത്; വിശദാംശം നൽകുമോ ;

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഏഴ് പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഒരു വേക്കൻസി നിലവിലുണ്ട്.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക് എസ്.സി./എസ്.ടി. ഫെഡറേഷൻ എന്നീ സ്ഥാപനങ്ങളിൽ മാത്രമേ സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് രണ്ട് തസ്തിക നിലവിലുള്ളൂ. ഇതിൽ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ഏഴ് പേർക്ക് നിയമനം നൽകിയിട്ടുണ്ട്. എസ്.സി./എസ്.ടി. ഫെഡറേഷനിൽ ഒരു ഒഴിവ് നിലവിലുണ്ട്.

(സി) ഒഴിവ് വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

## തലശ്ശേരി ടൂറിസം മേഖലാ വികസനം

265 (2264) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ ടൂറിസം മേഖലയുടെ വികസനത്തിനായുള്ള പദ്ധതിയിൽ ഇനി എത്ര പദ്ധതികൾ ആണ് പൂർത്തിയാക്കാനുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കും ; അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ടൂറിസം മേഖലയുടെ വികസനത്തിനായി ആറ് പദ്ധതികളാണ് പൂർത്തിയാക്കാനുള്ളത്.

(ബി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള സ്ഥാപനങ്ങൾ

266 (2265) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്ഥാപനത്തിൽ നിന്നും വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രവർത്തനരഹിതമായവയുണ്ടോ ; എങ്കിൽ അവയുടെ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിൽ ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള സ്ഥാപനങ്ങളും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും ചുവടെ ചേർക്കുന്നു :

| | |
|---|---|
| ആക്കുളം ടൂറിസ്റ്റ് വില്ലേജ് വേളി സ്വിമ്മിംഗ്പൂൾ | കുട്ടികളുടെ കളിസ്ഥലം, പാർക്ക്, നീന്തൽ സൗകര്യം |
| ആക്കുളം ബോട്ട് ക്ലബ്ബ് | നീന്തൽ സൗകര്യം |
| കാപ്പിൽ ബോട്ട് ക്ലബ്ബ് | ബോട്ടിംഗ് സൗകര്യം |
| ചിറയിൻകീഴ് ബോട്ട് ക്ലബ്ബ് | ബോട്ടിംഗ് സൗകര്യം |
| ശംഖുമുഖം ചാച്ചാ നെഹ്റു ട്രാഫിക് ട്രെയിനിംഗ് പാർക്ക്, മുത്തുച്ചിപ്പി പാർക്ക്, സുനാമി ബീച്ച് പാർക്ക് ടേക്ക്-എ-ബ്രേക്ക് | കുട്ടികളുടെ കളിസ്ഥലം, പാർക്ക്, സൈക്ലിംഗ് സൗകര്യം, വിവിധ വിനോദങ്ങൾ, പാർക്കിംഗ് സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം |
| നെയ്യാർഡാം ബോട്ട് ക്ലബ്ബ് | ബോട്ടിംഗ് സൗകര്യം |
| കല്ലാർ ടൂറിസ്റ്റ് ക്യാമ്പിംഗ് സെന്റർ ആന്റ് റെസ്റ്റോറന്റ് | താമസ സൗകര്യം |

| | |
|---|---|
| പാറശ്ശാല അമിനിറ്റി സെന്റർ | ഭക്ഷണ സൗകര്യം |
| വാമനപുരം അമിനിറ്റി സെന്റർ | ഭക്ഷണ സൗകര്യം |
| സ്വരാജ് പാർക്ക്, വിതുര | ലഘുഭക്ഷണശാലാ സൗകര്യം |
| സമുദ്ര ബീച്ച് പാർക്ക്, കോവളം | വിശ്രമ വിനോദ സൗകര്യം |
| ഇടക്കല്ല് പാർക്ക്, കോവളം | വിശ്രമ വിനോദ സൗകര്യം |

(സി) 1. ആക്കുളം ബോട്ട് ക്ലബ്ബ് പ്രവർത്തിക്കുന്നില്ല. ആക്കുളം കായലിലെ രണ്ട് പാലങ്ങൾക്കും കീഴിലുള്ള ബണ്ട് ഡ്രഡ്ജിംഗ് പ്രവൃത്തികൾ, അമിതമായ പോളയുടെ സാന്നിദ്ധ്യം എന്നിവ കാരണം ബോട്ടിംഗ് നിർത്തിയിരുന്നു. ബോട്ട് ക്ലബ്ബ് നവീകരിക്കുവാനും ബോട്ടിംഗ് പുനരാരംഭിക്കുവാനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. ശംഖുമുഖം ചാച്ചാനെഹ്റു ട്രാഫിക് ട്രെയിനിംഗ് പാർക്കിലെ സൈക്ലിംഗ്, ഐസ്ക്രീം പാർലർ എന്നിവയുടെ കരാർ കാലാവധി കഴിഞ്ഞതിനാൽ അറ്റകുറ്റ പണികൾ സംബന്ധിച്ച് പുതിയ കരാർ നൽകുന്നതിന്റെ ഭാഗമായി താത്കാലികമായി പ്രവർത്തിക്കുന്നില്ല.

3. സ്വരാജ് പാർക്ക്, വിതുര ലീസ് ഔട്ട് ചെയ്യുന്നതിനായി ടെണ്ടർ നടപടികൾ നടന്നുവരുന്നു.

## കെ.ടി.ഡി.സി.-യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി

267 (2266) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി.- യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കെ.ടി.ഡി.സി-യുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.ടി.ഡി.സി.-യുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കെ.ടി.ഡി.സി.യുടെ മിക്കവാറും യൂണിറ്റുകൾ ഘട്ടം ഘട്ടമായി നവീകരിക്കുവാൻ തീരുമാനിച്ചു. നിലവിൽ മസ്കറ്റ് ഹോട്ടൽ, ബോൾഗാട്ടി പാലസ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നിവയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിൻപ്രകാരം പൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ സ്ഥലങ്ങൾ കണ്ടുപിടിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പുതിയ സംരംഭങ്ങളായ മുഴപ്പിലങ്ങാട് ബീച്ച്, കോഴിക്കോട് ബീച്ച് എന്നിവിടങ്ങളിൽ റിസോർട്ട് പണിയുവാനുള്ള പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചുകഴിഞ്ഞു. പുതിയ ടൂർ പാക്കേജുകൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ പല വിനോദസഞ്ചാര കേന്ദ്രങ്ങളും വികസിക്കുവാൻ കാരണമായത് കെ.ടി.ഡി.സി.-യുടെ പ്രഥമ സാന്നിദ്ധ്യം കൊണ്ടാണ്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാനുള്ള നടപടികൾ ആലോചനയിലുണ്ട്.

**കെ.ടി.ഡി.സി.-യുടെ പുതിയ പദ്ധതികൾ**

268 (2267) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ കാലത്തിനനുസൃതമായ വിപണന തന്ത്രം ആവിഷ്കരിക്കുന്നതിനും ലാഭകരമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ വിമാനത്താവളം ഉടൻ പ്രവർത്തനക്ഷമമാകുന്ന സാഹചര്യത്തിൽ വടക്കൻ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് എന്തൊക്കെ പുതിയ പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്കരിച്ചിട്ടുള്ളത്;

(സി) സാധാരണക്കാർക്ക് കൂടി കുറഞ്ഞ ചെലവിൽ താമസിക്കുവാൻ കഴിയുന്നതരത്തിലുള്ള ബജറ്റ് ഹോട്ടലുകൾ ടൂറിസം കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ആരംഭിക്കുന്നതിന് കെ.ടി.ഡി.സി. നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ഹോട്ടൽ ആന്റ് റിസോർട്ട് ശൃംഖലയുള്ള കെ.ടി.ഡി.സി. ഏറ്റവും ചുരുങ്ങിയ ചെലവിൽ ഉപഭോക്താവിന്റെ അടുത്ത് എത്തുക എന്നതാണ് പ്രധാന തന്ത്രം. കെ.ടി.ഡി.സി.-യുടെ സ്ഥാപനങ്ങൾ വിവിധ വരുമാന ശ്രേണിയിലുള്ളവർക്കും വിവിധങ്ങളായ താത്പര്യങ്ങൾ ഉള്ളവർക്കും വേണ്ടിയുള്ളതാണ്. കൂടുതൽ കെ.ടി.ഡി.സി. ഹോട്ടലുകളും പത്ത് മുറികൾ മുതൽ ഇരുപത് മുറികൾ വരെയുള്ളതുമാണ്. അതിനാലാണ് മേൽപ്പറഞ്ഞ തന്ത്രം ആവിഷ്കരിക്കുന്നത്. മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുസരിച്ച് അന്തർദ്ദേശീയ ഓൺലൈൻ ട്രാവൽ ഏജൻസികളായ അഗോഡ, എക്സ്പീഡിയ, ബുക്കിങ്-കോം തുടങ്ങിയ വെബ് പോർട്ടലുകൾ വഴിയും ആഗോള താത്പര്യമുള്ള ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ മെയ്ക്ക് മൈട്രിപ്പ്, യാത്ര, ക്ലിയർ ട്രിപ്പ് തുടങ്ങിയവ വഴിയും ആഗോള സാന്നിദ്ധ്യവും വിപണനവും നടത്തുന്നു. വരും വർഷങ്ങളിൽ സോഫ്റ്റ്‌വെയർ സാങ്കേതിക വിദ്യ ഉപയോഗിച്ച് അവ വിപുലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ടും ബേക്കലിൽ നിലവിലുള്ള ആറ് കോട്ടേജുകൾക്കൊപ്പം ഇരുപത്തിനാല് എണ്ണം കൂടി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആലോചനയിലാണ്.

(സി) പരിഗണിക്കാവുന്നതാണ്.

**ബി.ആർ.ഡി.സി.-യുടെ കൈവശമുള്ള റിസോർട്ടുകൾ**

269 (2268) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി(ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ)യുടെ കൈവശം നിലവിൽ എത്ര റിസോർട്ടുകളാണുള്ളത്;

(ബി) ഈ റിസോർട്ടുകൾ ആർക്കൊക്കെയാണ് പാട്ടത്തിനു നൽകിയിട്ടുള്ളതെന്നും പാട്ടത്തുക എത്രയാണെന്നും തരംതിരിച്ച് വിശദമാക്കാമോ;

(സി) നിലവിൽ എത്ര റിസോർട്ടുകളുടെ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ളവ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാതിരിക്കാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലീസ് ഇനത്തിൽ ബി.ആർ.ഡി.സി.-ക്ക് ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ബി.ആർ.ഡി.സി.-യുടെ കൈവശം ആറ് റിസോർട്ട് സൈറ്റുകളാണുള്ളത്.

(ബി) 1. സൈറ്റ് നമ്പർ 1. ജോയ്സ് എന്റർപ്രൈസസ്- 34,00,000 രൂപ

2. സൈറ്റ് നമ്പർ 2-ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്-92,01,211 രൂപ

3. സൈറ്റ് നമ്പർ 4 ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്ൻ മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്- 44,70,165 രൂപ

4. സൈറ്റ് നമ്പർ 5 ഖന്ന ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്- 69,72,797 രൂപ

5. സൈറ്റ് നമ്പർ 6-ഭാരത് ഹോട്ടൽസ് ലിമിറ്റഡ്- 70, 68,936 രൂപ

6. സൈറ്റ് നമ്പർ 7-ഹോളിഡേ ബേക്കൽ റിസോർട്സ് പ്രൈവറ്റ് ലിമിറ്റഡ്- 7316128 രൂപ

(സി) നിലവിൽ 2 റിസോർട്ടുകൾ (വിവന്താ ബൈ താജ് ബേക്കൽ, ലളിത് റിസോർട്ട്സ് & സ്പാ ബേക്കൽ) എന്നിവ പണി പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ഡി) സൈറ്റ് നമ്പർ 1 നൽകിയിട്ടുള്ള ജോയ്സ് എന്റർപ്രൈസസ് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് തീരദേശ പരിപാലന നിയമപ്രകാരം സ്ഥലലഭ്യത കുറവായതിനാൽ സ്ഥലം തിരിച്ച് ബി.ആർ.ഡി.സി.-ക്ക് കൈമാറുവാൻ അനുമതി ചോദിച്ചിരിക്കുകയാണ്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്.

(ഇ) ഈ സർക്കാർ വന്നതിനുശേഷം റിസോർട്ടുകളുമായി മീറ്റിംഗ് കൂടുകയും പാട്ടത്തുക അടയ്ക്കുന്നതിനായി നിർദ്ദേശം നൽകുകയും നോട്ടീസുകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനക്ഷമമായ രണ്ട് റിസോർട്ടുകളും പാട്ട തുക അടച്ചിട്ടുണ്ട്.

**ഉത്തര കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതി**

270 (2269) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര യാത്രാ പ്രസിദ്ധീകരണമായ 'ലോൺലി പ്ലാനറ്റ്' തയ്യാറാക്കിയ വാർഷിക പട്ടികയിൽ വടക്കൻ കേരളം മൂന്നാം സ്ഥാനം നേടിയ സാഹചര്യത്തിൽ ബൃഹത്തായ ടൂറിസം പദ്ധതികൾ അവിടെ നടപ്പാക്കുന്നതിന് ഈ ലോകോത്തര ബഹുമതി സഹായകമാവുമോ;

(ബി) എങ്കിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ഒട്ടേറെ ടൂറിസം സാധ്യത ഉള്ള 'പഴംകുറ്റി മല' , 'ലോകനാർകാവ്' എന്നീ രണ്ട് ടൂറിസം പദ്ധതികൾ പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിൽ ഉത്തര കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ മലബാറിന്റെ ടൂറിസം വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകുന്നത്.

(ബി) പരിശോധിക്കാവുന്നതാണ്.

(സി) ഉത്തര കേരളത്തിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇതിന്റെ മുന്നോടിയായി വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാസർഗോഡ് കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് "മലനാട് -മലബാർ -ക്രൂയിസ്- ടൂറിസം പ്രോജക്റ്റ്" എന്ന ഒരു പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാര ത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**കൊച്ചി ബിനാലെ**

271 (T*2270) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി ബിനാലെയുടെ സ്ഥിരം വേദിക്കായി ബജറ്റിൽ 2 കോടി രൂപ അനുവദിച്ചിട്ടുള്ള ഫോർട്ട് കൊച്ചിയിലെ ആസ്പിൻവാൾ സമുച്ചയവും കബ്രാൽയാർഡും അടക്കം 5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

2017-18-ലെ ബജറ്റ് പ്രസംഗം ഖണ്ഡിക 207 പ്രകാരം കൊച്ചിൻ ബിനാലെയ്ക്കാണ് 2 കോടി രൂപ അനുവദിച്ചിട്ടുള്ളത്. 18-5-2017 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.ടി.)നമ്പർ 235/2017/TSM പ്രകാരം ഫോർട്ട് കൊച്ചിയിലെ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ എറണാകുളം ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**ടൂറിസം മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

272 (2271) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ പുതിയ പദ്ധതികളാണ് ടൂറിസം രംഗത്ത് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ടൂറിസം രംഗത്തെ സാധ്യതകൾ മുതലെടുക്കുന്നതിന് സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾക്ക് (പി.പി.പി. മോഡൽ) സർക്കാർ പ്രാമുഖ്യം നൽകിവരുന്നു. കൊല്ലം ജില്ലയിലെ ചടയമംഗലത്തെ ജഡായുപാറ ടൂറിസം വികസനം, തിരുവനന്തപുരം ജില്ലയിലെ ആക്കുളത്തെ നിർദ്ദിഷ്ട ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ എന്നിവ ഇത്തരത്തിലുള്ള പദ്ധതികളാണ്

**ടൂറിസം വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ**

273 (2272) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയാണ് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ വിവിധ രാജ്യങ്ങളിൽ നിന്നും എത്ര ടൂറിസ്റ്റുകൾ വന്നു എന്നും അവർ ഏതൊക്കെ ജില്ലകൾ സന്ദർശിച്ചു എന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ ടൂറിസം സാധ്യതകൾ ഉള്ള ജില്ല ഏതാണെന്ന് വ്യക്തമാക്കാമോ; ഈ ജില്ലയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ (2014,2015, 2016) കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ (പൗരത്വം തിരിച്ചുള്ള) ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടികയും 2012, 2013 വർഷങ്ങളിലെ വിദേശ വിനോദസഞ്ചാരികളുടെ പൗരത്വം തിരിച്ചുള്ള പട്ടികയും അനുബന്ധമായി ചേർക്കുന്നു.* 2012, 2013 വർഷങ്ങളിലെ വിദേശ വിനോദസഞ്ചാരികളുടെ (പൗരത്വം തിരിച്ചുള്ള) ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. ഇതുകൂടാതെ വിദേശ വിനോദസഞ്ചാരികളുടെ കഴിഞ്ഞ 5 വർഷത്തെ ജില്ല തിരിച്ചുള്ള ഒരു സംക്ഷിപ്ത പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇപ്രകാരമൊരു പ്രത്യേക പരിഗണന ഒരു ജില്ലയ്ക്ക് മാത്രമായി വകുപ്പ് നൽകിയിട്ടില്ല.

**ഓണത്തെ വരവേൽക്കാൻ പരിപാടികൾ**

274 (2273) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണത്തെ വരവേൽക്കാൻ ടൂറിസം വകുപ്പിന്റെ കീഴിൽ എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) കെ.ടി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ പായസമേള നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ.ടി.ഡി.സി. ബ്രാൻഡിൽ ഓണസദ്യക്കാവശ്യമായ വിഭവങ്ങൾ വിപണിയിലെത്തിക്കുമോയെന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഓണാഘോഷം 2017-ന് വേണ്ടി സർക്കാർ മുൻ വർഷങ്ങളിലെപ്പോലെ വിപുലമായ പരിപാടികൾ സംഘടിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് ടൂറിസം ഡിപ്പാർട്ട്മെന്റ് നേരിട്ടും ജില്ലാതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് അതത് ജില്ലാ കളക്ടർ തലവനായ ഡി.റ്റി.പി.സി.-കളുമാണ്. സംസ്ഥാനതല ആഘോഷങ്ങൾ സെപ്റ്റംബർ 3-ാം തീയതി വൈകുന്നേരം കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. തുടർന്ന് സെപ്റ്റംബർ 4 മുതൽ 9 വരെയുള്ള തീയതികളിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 30-ഓളം വേദികളിൽ വിവിധ കലാപരിപാടികൾ അരങ്ങേറുന്നതാണ്. 9-ാം തീയതിയിലുള്ള സമാപനം മുൻവർഷങ്ങളിലേത് പോലെ കേരളത്തിലെ സർക്കാർ, അർദ്ധസർക്കാർ, കേന്ദ്രസർക്കാർ, സ്വകാര്യമേഖലകൾ ചേർന്ന് വിപുലമായ ഘോഷയാത്രയോടുകൂടി സമാപിക്കുന്നതാണ്.

(ബി) ഉണ്ട്. കെ.ടി.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ വിവിധയിനം പായസങ്ങൾ ഉൾപ്പെടുത്തിയുള്ള പായസമേള കെ.ടി.ഡി.സി.-യുടെ 20 യൂണിറ്റുകളിലും ഓണസദ്യ 22 യൂണിറ്റുകളിലും ആഗസ്റ്റ് മാസം 29 മുതൽ സെപ്റ്റംബർ 4 വരെ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഉപ്പേരി, ഏത്തയ്ക്ക വറുത്തത് തുടങ്ങിയവ കെ.ടി.ഡി.സി.-യുടെ ബ്രാൻഡിൽ വിപണിയിലെത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**പാപനാശം കടൽത്തീരത്തെ കുന്നുകൾ**

275 (2274) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിലെ പാപനാശം കടൽത്തീരത്തെ കുന്നുകൾ ഇടിഞ്ഞു പോകാതിരിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) വർക്കലയിലെ വിനോദസഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ടൂറിസം വകുപ്പ് പദ്ധതികളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

(ബി) വർക്കലയിലെ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണം നടന്നുവരുന്നു.

1. വർക്കല ബീച്ചിലെ വിവിധ പ്രോജക്ടുകൾക്കായി 32,08,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

2. വർക്കല ബീച്ചിലെ നിലവിലെ പേ &യൂസ് കംഫർട്ട് സ്റ്റേഷൻ നവീകരണം നിലവിലെ കോൺക്രീറ്റ് റോഡിന്റെ റിപ്പയറിംഗ് ജോലി, ബീച്ചിലേയ്ക്കുള്ള ഡ്രെയിനേജിലെ മുകൾഭാഗത്ത് സ്ലാബ് നിർമ്മിക്കുക എന്നീ പ്രവൃത്തികൾക്കായി 8,77,330 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

3. വർക്കല പാപനാശം ബീച്ചിലെ ഇലക്ട്രിഫിക്കേഷൻ വർക്കിനായി 29,04,315 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ജോലികൾ അന്തിമഘട്ടത്തിലാണ്.

4. വർക്കലയിലെ കാപ്പിൽ ബീച്ചിലും ബോട്ട് ക്ലബ്ബിലും വൈദ്യുതീകരണ പ്രവൃത്തികൾക്കായി 30,00,436 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

**മണിയാർ ഡാം ടൂറിസം പദ്ധതി**

276 (2275) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നിയിലെ മണിയാർ ഡാം കേന്ദ്രീകരിച്ച് എന്തെങ്കിലും ടൂറിസ്റ്റ് പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇവിടേക്ക് വിഭാവനം ചെയ്തിരിക്കുന്നത്; ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ആർക്കാണ് ഇതിന്റെ ചുമതല; ഇത് ഇപ്പോൾ ആരുടെ പക്കലാണുള്ളത്;

(സി) പദ്ധതിക്കായി എന്ത് തുക ചെലവുവരും എന്ന് അറിയിക്കാമോ ; പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മണിയാർ ഡാം കേന്ദ്രീകരിച്ച് പുതിയ ടൂറിസം പദ്ധതിക്കായുള്ള രൂപരേഖ (ഡി.പി.ആർ.) ലഭിച്ചിരുന്നു. താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊപ്പോസലാണ് ലഭിച്ചിരുന്നത്. സെക്യൂരിറ്റി ക്യാബിൻ, യൂട്ടിലിറ്റി സ്പെയ്സ്, ടിക്കറ്റ് കൗണ്ടർ, മണ്ഡപം, വാച്ച് ടവർ പെയ്മെന്റ് ബാൾ ഏരിയ, സയൻസ് പാർക്ക്, ചിൽഡ്രൻസ് പ്ലേ ഏരിയ, പാർക്കിംഗ്, മ്യൂസിക്കൽ ഫൗണ്ടൻ, ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ബട്ടർഫ്ലൈ ഗാർഡൻ, എൻട്രൻസ് ബ്രിഡ്ജ്, നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം, റോപ്പ് കോഴ്സ്, ട്രക്കിംഗ് കേബിൾ കാർ, ട്രീ ഹൗസ്, ആർച്ചറി ആന്റ് ഗോൾഫ് ഏരിയ, വേസ്റ്റ് ഡിസ്പോസൽ സിസ്റ്റം, റെസ്റ്റോറന്റ് കം അഡ്മിൻ കം അക്കോമഡേഷൻ ഡ്രൈവ് ഇൻ അക്വേറിയം തുടങ്ങിയ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കേരള ഇലക്ട്രിക്കൽസ് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. ഇത് നിലവിൽ ടൂറിസം വകുപ്പ് പരിശോധിച്ചുവരുന്നു.

(സി) 42,18,75,573 രൂപയുടെ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റാണ് ലഭ്യമായിട്ടുള്ളത്. കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

**ചുണ്ടൻ വള്ളങ്ങളുടെ നവീകരണം**

277 (2276) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുണ്ടൻ വള്ളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി ഇനി എത്ര രൂപയുടെ ആനുകൂല്യമാണ് വിതരണം ചെയ്യുവാൻ ശേഷിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം വള്ളങ്ങൾക്കാണ് തുക ലഭ്യമാക്കുവാനുള്ളത്;

(സി) അടിയന്തരമായി പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30 ലക്ഷം രൂപയുടെ ആനുകൂല്യമാണ് വിതരണം ചെയ്യുവാൻ ശേഷിച്ചിട്ടുള്ളത്.

(ബി) കരുവാറ്റ, കരുവാറ്റ ശ്രീ വിനായകൻ, കാരിച്ചാൽ, പായിപ്പാടൻ, ശ്രീ. ഗണേശൻ, ദവാസ്, ആനാരി പുത്തൻ, ആയാപറമ്പ് പാണ്ടി, ആയാപറമ്പ് വലിയ ദിവാൻജി, വെള്ളംകുളങ്ങര എന്നീ വള്ളങ്ങൾക്കാണ് തുക ലഭ്യമാക്കാനുള്ളത്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ മീൻവല്ലം പദ്ധതി**

278 (2277) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ മീൻവല്ലം പദ്ധതി ഈ വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ പദ്ധതിക്ക് വനം വകുപ്പ് അനാവശ്യ തടസ്സങ്ങൾ ഉന്നയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ പ്രദേശം വനം വകുപ്പിന്റെ അധീനതയിലാണ്. വനം വകുപ്പിന്റെ പരിഗണനയ്ക്കായി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എറണാകുളം നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

279 (2278) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിൽ നിന്നും എറണാകുളം നിയോജക മണ്ഡലത്തിന് അനുവദിച്ചിട്ടുള്ളതും പ്രവൃത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

ഉത്തരം

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഡർബാർ ഹാൾ ഗ്രൗണ്ട് നവീകരണം-ജില്ലാ നിർമ്മിതി കേന്ദ്ര മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

2. എറണാകുളം സർക്കാർ അതിഥി മന്ദിരത്തിലെ അഞ്ച്, എട്ട് നിലകളുടെ നവീകരണവും സൗകര്യങ്ങളുടെ വിപുലപ്പെടുത്തലും പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

3. പ്രൊവൈഡിംഗ് പോളി കാർബണേറ്റ് ഷീറ്റ് റൂഫിംഗ് ഓവർ ദി ഏട്രിയം ലീക്ക് പ്രൂഫിംഗ് ആന്റ് ജനറൽ ഇംപ്രൂവ്മെന്റ് ഓഫ് ഗസ്റ്റ് ഹൗസ് എറണാകുളം- പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**മാന്നാർ പൈതൃക ഗ്രാമ പദ്ധതി**

280 (2279) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈതൃക ഗ്രാമ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മാന്നാറിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് മാന്നാർ പൈതൃക ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ സംക്ഷിപ്ത റിപ്പോർട്ട് സമർപ്പിക്കുവാനായി ടൂറിസം വകുപ്പ് നിയോഗിച്ച വിദഗ്ദ്ധർ അവിടം സന്ദർശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്ന് സന്ദർശനം നടത്തുമെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ-ഡി) നിലവിൽ പദ്ധതി പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

**ഇടപ്പള്ളി തോടുമായി ബന്ധപ്പെടുത്തി ടൂറിസം വികസനം**

281 (2280) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ മലീമസമായ ഇടപ്പള്ളി തോട് പുനരുദ്ധാരണം നടത്തി ടൂറിസം വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ തോട് വൃത്തിയാക്കുന്നതിനും ടൂറിസവുമായി ബന്ധപ്പെടുത്തി വഞ്ചിയാത്ര, പാർക്ക് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**പട്ടാമ്പി മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ**

282 (2281) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിനോദസഞ്ചാരപദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പട്ടാമ്പിയിൽ ഭാരതപ്പുഴയോരത്ത് വിനോദസഞ്ചാര പദ്ധതികളുടെ സാദ്ധ്യതകൾ പരിശോധിക്കുമോ?

ഉത്തരം

(എ) തിരുവേഗപ്പാറ തൂതപ്പുഴയോരത്ത് വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി സ്ഥാപിച്ച ഫോക്ക്ലോർ പാർക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റ് പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

**ബാലുശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

283 (2282) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്;

(ബി) ബാലുശ്ശേരി ടൂറിസം കോറിഡോറിന്റെ ഭാഗമായ കണയങ്കോട് ടൂറിസം ഹബ്ബ് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ എന്താണ് തടസ്സമെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നമ്പികുളം ഇക്കോ ടൂറിസം പദ്ധതി, വയലട ടൂറിസം പദ്ധതി എന്നീ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിൽ തടസ്സങ്ങളില്ല. എന്നാൽ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.) മുഖേന പ്രവൃത്തി നടത്താൻ നടപടി സ്വീകരിച്ചു വരുന്നു.

**മാനന്തവാടി മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ**

284 (2283) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന ടൂറിസം പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡ് നിർമ്മാണം നടപ്പാക്കുന്നുണ്ടോ;

(ഡി) മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിൽ ടൂറിസം പദ്ധതി നടപ്പാക്കുന്ന സ്ഥലത്തേക്കുള്ള റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സ്ഥലത്തേക്ക് റോഡ് നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പ് ഫണ്ട് അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) 1. ടൂറിസം ഫെസിലിറ്റേഷൻ സെന്റർ-കബനി തീരം

2. പഴശ്ശി പാർക്ക് നവീകരണം-മാനന്തവാടി

3. കുറുവാ ദ്വീപിൽ അടിസ്ഥാന സൗകര്യവികസനം

4. പ്രിയദർശിനി ടി എൺവിറോൺസിൽ അടിസ്ഥാന സൗകര്യ വികസനം

5. പ്രിയദർശിനി ടി എൺവിറോൺസിൽ-മാനന്തവാടി, ഒന്നാംഘട്ടം

6. തീർത്ഥാടനടൂറിസം-വള്ളിയൂർക്കാവ് (പൂർത്തീകരിച്ചു)

7. തിരുനെല്ലി ഫെസിലിറ്റേഷൻ സെന്റർ നവീകരണം (ഡി.ടി.പി.സി. തനത് ഫണ്ട്)

8. പഴശ്ശി പാർക്ക് നവീകരണം (ഡി.ടി.പി.സി. തനത് ഫണ്ട്)

(ബി) നിലവിൽ മറ്റ് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല.

(സി) നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സാധ്യത പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ**

285 (2284) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം ടൂറിസം പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമായും താഴെ പറയുന്ന പത്തിന പരിപാടികളും അജണ്ടയും അടിസ്ഥാനമാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും
2. മേന്മയേറിയ പൊതു ശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചകബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം
8. ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം-തിരിച്ചറിയൽ കാർഡ്
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം
10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽ പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്ന തിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുന്നതാണ്.

സംസ്ഥാനത്തെ ടൂറിസം സീസണെ വരവേൽക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം (2016-ൽ ) സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവിൽ ഒരു ക്യാമ്പയിൻ പോലെ ഈ പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കുകയുണ്ടായി. ടി കേന്ദ്രങ്ങളിലെല്ലാം തന്നെ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ ഈ പദ്ധതിയിലൂടെ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## വിനോദസഞ്ചാര രംഗത്ത് സ്ഥായിയായ വികസനം

286 (2285) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ മദ്യ നിരോധനം, നോട്ടുനിരോധനം, ജി.എസ്.ടി. തുടങ്ങിയ പ്രതികൂല ഘടകങ്ങൾ നിലനിൽക്കെത്തന്നെ വളർച്ച നേടാൻ കഴിയും വിധം കഴിഞ്ഞ ഒരു വർഷം നടപ്പിലാക്കിയ പദ്ധതികൾ അറിയിക്കാമോ;

(ബി) വിനോദസഞ്ചാര രംഗത്തെ വികസനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കുമോ;

(സി) വിനോദസഞ്ചാര രംഗത്ത് സ്ഥായിയായ വികസനം സാധ്യമാക്കുന്നതിനായി ആയുർവേദ ചികിത്സ പോലെയുള്ള സേവനങ്ങളുടെ വിപണനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുമോ?

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയിൽ മദ്യ നിരോധനം, നോട്ടുനിരോധനം, ജി.എസ്.ടി. തുടങ്ങിയ പ്രതികൂല ഘടകങ്ങൾ നിലനിൽക്കെത്തന്നെ വളർച്ച നേടാൻ കഴിയും വിധം കഴിഞ്ഞ ഒരു വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂരിൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.
2. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ "പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി" വികസനം, സ്പിരിച്വൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) "ശ്രീ പത്മനാഭ-ആറന്മുള-ശബരിമല" വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
3. മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

4. പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി എട്ട് പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.

5. ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനവും പരിപാലനവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പെറ്റ് പദ്ധതി ആരംഭിച്ചു.

6. കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദ സഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത്പദ്ധതിയായ മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം-പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

7. ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ-വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ-അതിരപ്പിള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആരംഭിച്ചു.

8. ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ചു.

9. പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

10. ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി.

11. ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം പദ്ധതി നടപ്പിലാക്കി.

12. വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം കുറിച്ചു.

13. ഡി.റ്റി.പി.സി.-കളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളും പുനഃസംഘടിപ്പിച്ചു.

14. ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തീർപ്പാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു.

15. ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കിവരുന്നു.

16. കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 'ജഡായുപാറ ടൂറിസം പദ്ധതി' ആരംഭിച്ചു.

17. അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധി പ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ, ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി നവ മാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു.

18. ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്ന തിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു.

19. നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി 'ഗോ കേരള ആപ്പ്,' 'ലോവസ്റ്റ് യൂണിക് ബിഡ്' എന്നീ വിപണന പരിപാടികൾക്ക് തുടക്കം കുറിച്ചു.

20. ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി.

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പെറ്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമായും താഴെപ്പറയുന്ന പത്തിന പരിപാടികളും അജണ്ടയെയും അടിസ്ഥാനമാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.
2. മേന്മയേറിയ പൊതു ശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം
8. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം-തിരിച്ചറിയൽ കാർഡ്
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം
10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തുന്നതാണ്.

സംസ്ഥാനത്തെ ടൂറിസം സീസണെ വരവേൽക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം (2016-ൽ) സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെയുള്ള കാലയളവിൽ ഒരു ക്യാമ്പയിൻ പോലെ ഈ പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പാക്കുകയുണ്ടായി. ടി കേന്ദ്രങ്ങളിലെല്ലാം തന്നെ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ ഈ പദ്ധതിയിലൂടെ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) വിനോദസഞ്ചാര രംഗത്ത് സ്ഥായിയായ വികസനം സാധ്യമാക്കുന്നതിനായി ആയുർവേദ ചികിത്സയുടെ വിപണനത്തിനായി മിഡിൽ ഈസ്റ്റ് ക്യാമ്പയിനുകൾ, സ്കാന്റിനേവിയൻ ക്യാമ്പയിൻ എന്നിവ നടപ്പാക്കിവരുന്നു.

## ദേശീയപാതകളുടെ സമീപം വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി

287 (2286) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ദേശീയപാതകളുടെ സമീപം കെ.ടി.ഡി.സി.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിശ്രമകേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

വഴിയോര വിശ്രമകേന്ദ്രങ്ങൾ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. അവ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്ന കാര്യം പുതിയ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## കൊടികുത്തിമല വിനോദസഞ്ചാര വികസനം

288 (2287) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ കൊടികുത്തിമല പ്രദേശത്ത് വിനോദസഞ്ചാര വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇക്കോ ടൂറിസം പദ്ധതികൾക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം സഹായമാണ് നൽകിവരുന്നത്; ഇത്തരം പുതിയ കേന്ദ്രങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(സി) കൊടികുത്തിമല പ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിക്കായി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കൺസ്ട്രക്ഷൻ ഓഫ് ചെക് ഡാം സ്കീം-1
2. കൺസ്ട്രക്ഷൻ ഓഫ് ചെക് ഡാം സ്കീം-1
3. കൺസ്ട്രക്ഷൻ ഓഫ് ഫോറസ്റ്റ് ഔട്ട് പോസ്റ്റ് ബിൽഡിംഗ്
4. റെനൊവേഷൻ ഓഫ് വാച്ച് ടവർ
5. വാൽക്ക് വേ സ്റ്റെപ്സ് &പാർക്കിംഗ് സ്പോട്ട്
6. അമിനിറ്റി സെന്റർ & എൻട്രൻസ് ആർക്ക്
7. കൺസ്ട്രക്ഷൻ ഓഫ് വ്യൂ പോയിന്റ്
8. കൺസ്ട്രക്ഷൻ ഓഫ് ടൂറിസം റെസ്റ്റിംഗ് പ്ലേസ്
9. കൺസ്ട്രക്ഷൻ ഓഫ് കഫറ്റേരിയ
10. ബൈനാക്കുലർ ലാംപ് പോസ്റ്റ് & സൈനേജസ്

(ബി) ഇക്കോ ടൂറിസം പദ്ധതികൾ വനപ്രദേശങ്ങളിലാണുള്ളത്. കേന്ദ്ര സംസ്ഥാന വന നിയമങ്ങൾക്കനുസൃതമായി നിയന്ത്രിതമായി മാത്രമേ ഇവിടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. വനം വകുപ്പ് തയ്യാറാക്കി തരുന്ന പദ്ധതി രൂപരേഖ പ്രകാരം ഇക്കോ ടൂറിസം മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇവയ്ക്ക് സർക്കാർ ഭരണാനുമതി നൽകി സാമ്പത്തിക സഹായം നൽകുന്നു. തെൻമലയിൽ ലൈറ്റ് & സൗണ്ട് ഷോ, ഗവി ജംഗിൾ സഫാരി ബസ് സർവ്വീസ്, കോട്ടൂർ എലിഫന്റ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനം, ജഡായുപാറ ടൂറിസം പദ്ധതി തുടങ്ങിയവയാണ് നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ. വിനോദസഞ്ചാരികളെ ആകർഷിക്കുന്ന 56 സ്ഥലങ്ങൾ വിനോദസഞ്ചാര വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതികൾ സമർപ്പിക്കാൻ വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

### പൊൻമുടിയുടെ വികസനത്തിനായി പദ്ധതികൾ

289 (2288) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ 2016-17, 2017-18 ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(സി) ഈ പദ്ധതികൾക്കുവേണ്ടി ഇതേവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 ബജറ്റ് പ്രസംഗത്തിലെ പദ്ധതികൾ താഴെപ്പറയുന്നവയാണ്. പൊൻമുടിയിലെ റോപ് വേ നിർമ്മാണവും അടിസ്ഥാനസൗകര്യ വികസനവും പൊൻമുടിയിലേക്ക് റോപ്പ് വേ നിർമ്മിക്കുന്നതിനായി കൺസൾട്ടൻസിൽ നിന്നും Expression of Interest (EoI)ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി വനം വകുപ്പിന്റെ അനുവാദം അനിവാര്യമാണ്. അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയിൽ ഗസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണം, നവീകരണം, അറ്റകുറ്റപ്പണികൾ എന്നിവയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചു.

1. പൊന്മുടി ഗസ്റ്റ് ഹൗസിലെ ബി ബ്ലോക്കിന്റെ അടിയന്തര അറ്റകുറ്റ പണികൾ

2. പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം (Phase1)

3. പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിലെ ഇലക്ട്രിക്കൽ പ്രവൃത്തി.

4. കെ.ടി.ഡി.സി.-യുടെ 15 കോട്ടേജുകൾ നവീകരിക്കുന്നതിന് ഭരണാനുമതി.

(ബി) 1. പൊന്മുടി ഗസ്റ്റ് ഹൗസിലെ ബി ബ്ലോക്കിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ ആരംഭിച്ചു കഴിഞ്ഞു.

2. പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം (Phase 2) ആരംഭിച്ചിട്ടുണ്ട്.

3. പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ടി വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

4. കെ.ടി.ഡി.സി.-യുടെ 15 കോട്ടേജുകൾ നവീകരിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(സി) ഈ പ്രവൃത്തികൾക്കായി 6,94,53,089 രൂപ പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു കഴിഞ്ഞു. കെ.ടി.ഡി.സി. പദ്ധതിക്ക് വേണ്ടി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാൻ പദ്ധതി

290 (2289) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാരികളുടെ വരവ് എത്രത്തോളം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഇതിനായി ഒരു കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും വിപുലമായ പ്രചരണം സംഘടിപ്പിച്ചും താഴെപ്പറയുന്ന പദ്ധതികളിലൂടെയും വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

1. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.
2. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനത്തിനായും സ്പിരിച്വൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം), ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
3. മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ.
4. പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി എട്ട് പദ്ധതി പ്രൊപ്പോസലുകൾ KIIFB-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.

5. ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനവും പരിപാലനവും ലക്ഷ്യമാക്കിയുള്ള ഗ്രീൻ കാർപ്പെറ്റ് പദ്ധതി.

6. കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദ സഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയായ മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്.

7. ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ, വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ-വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി-ചിമ്മിനി, കാലടി-മലയാറ്റൂർ-അതിരപ്പിള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ.

8. ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ച് ഉത്തരവായി.

9. പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി.

10. ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം.

11. ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം പദ്ധതി.

12. വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന ഇക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം.

13. ഡി.റ്റി.പി.സി.-കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും പുനഃസംഘടന.

14. ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തീർപ്പാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി.

15. ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്നുള്ള കർമ്മ പദ്ധതി.

16. കൊല്ലം ജില്ലയിലെ ചടയമംഗലത്ത് ജഡായുപാറ ടൂറിസം പദ്ധതി.

17. അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ. ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി-നവ മാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു.

18. ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി പ്രചരണ പരിപാടികൾ.

19. നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾക്ക് തുടക്കം.

20. ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസിന് ഭരണാനുമതി നൽകി കഴിഞ്ഞു.

(ബി) അടുത്ത അഞ്ച് വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% കണ്ട് വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) പുതിയതായി സർക്കാർ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന ടൂറിസം നയത്തിൽ ഇക്കാര്യങ്ങൾ ഉൾക്കൊള്ളിച്ചുള്ള കർമ്മ പദ്ധതികൾ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**ചെറുവള്ളി എസ്റ്റേറ്റിലെ ഭൂമിയിന്മേൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അവകാശവാദം**

291 (2290) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല വിമാനത്താവളത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചെറുവള്ളി എസ്റ്റേറ്റിലെ 100 ഏക്കർ ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേതാണെന്ന് ബോർഡ് പ്രസിഡന്റ് അവകാശപ്പെട്ടതായുള്ള 22-7-2017-ലെ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് ദേവസ്വം ബോർഡുൾപ്പെട്ട എന്തെങ്കിലും കേസ് നിലവിൽ ഉണ്ടോ;

(സി) ഇല്ലെങ്കിൽ, നിയമാനുസൃതമല്ലാത്ത കാര്യങ്ങൾ ഉന്നയിച്ച് വിമാനത്താവളം വരുന്നത് ഇല്ലായ്മ ചെയ്യാൻ നടത്തുന്ന അനാവശ്യ പ്രസ്താവനയാണോ ഇതെന്ന് പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇത്തരം പ്രസ്താവനകൾ വിമാനത്താവളം വരുന്നതിനെ പ്രതികൂലമായി ബാധിക്കുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങൾ**

292 (2291) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുന്ന മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ തയ്യാറെടുപ്പിനായി കൈക്കൊണ്ടുവരുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ശബരിമലയിൽ നിർമ്മാണത്തിലിരിക്കുന്ന ആശുപത്രി സമുച്ചയം സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) സന്നിധാനത്തെ മാലിന്യ പ്ലാന്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാണോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വരുന്ന മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ തയ്യാറെടുപ്പുകൾ ചർച്ച ചെയ്യുന്നതിനായി 23-8-2017- ന് ദേവസ്വം വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ആശുപത്രിയുടെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്. ബാക്കി ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) പ്ലാന്റ് പൂർണ്ണ പ്രവർത്തനസജ്ജമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

**ശബരിമല തീർത്ഥാടകർക്കായി ഇടത്താവളങ്ങൾ**

293 (2292) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്കായി വിവിധ കേന്ദ്രങ്ങളിൽ ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വിപുലമായ സൗകര്യങ്ങളോടെ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ചിറങ്ങരയിൽ വിപുലമായ സൗകര്യങ്ങളോടെ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിന് വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ശബരിമല തീർത്ഥാടകർക്കായി പാണഞ്ചേരിയിൽ ഇടത്താവളം**

294 (2293) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയപാതയോട് ചേർന്ന് ഒല്ലൂർ നിയോജക മണ്ഡലത്തിലെ പാണഞ്ചേരിയിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ദേശീയപാതയോട് ചേർന്ന് ഒല്ലൂർ നിയോജക മണ്ഡലത്തിലെ പാണഞ്ചേരി പഞ്ചായത്തിലെ മുടിക്കോട് ശിവക്ഷേത്രം ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ദേവസ്വം ബോർഡിന് കൈമാറിക്കിട്ടിയ ചരിത്ര സ്മാരകങ്ങൾ**

295 (2294) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചരിത്ര പൈതൃകമുൾക്കൊള്ളുന്ന ആറ്റിങ്ങൽ കൊട്ടാരത്തിനോടനുബന്ധിച്ച് ദേവസ്വം ബോർഡിന് കൈമാറിക്കിട്ടിയ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

ആറ്റിങ്ങൽ കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിൽ താന്ത്രിക വിദ്യാപീഠം ആരംഭിക്കുന്നതിനും കൊട്ടാരവും അനുബന്ധ വസ്തുവകകളും സംരക്ഷിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

**ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട അഴിമതിക്കേസ്സുകൾ**

296 (2295) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം അഴിമതിയാണ് നടന്നിട്ടുള്ളത് എന്നറിയാമോ; വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്ര കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; പ്രതികൾ ആരെല്ലാം; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**എരുമേലിയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ നടപടി**

297 (2296) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലിയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ദേവസ്വംബോർഡ് നടപടി തുടങ്ങിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എത്രയും വേഗം മെഡിക്കൽ കോളേജിന്റെ പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇത്തരമൊരു നിർദ്ദേശം ദേവസ്വം ബോർഡിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

**മിത്രാനന്ദപുരം കുളം നവീകരണം**

298 (2297) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീംകോടതി ഉത്തരവ് അനുസരിച്ച് മിത്രാനന്ദപുരം കുളം നവീകരണത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) 2011-16 കാലയളവിൽ സർക്കാർ ഫണ്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടോ ചെലവഴിച്ച് മിത്രാനന്ദപുരം കുളം നവീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മിത്രാനന്ദപുരം കുളം നവീകരണത്തിനായി ഈ സർക്കാർ ഒരു കോടി രൂപ അനുവദിച്ചു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭരണസമിതി നിലപാടുകൾ**

299 (2298) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ഭരണസമിതി സർക്കാരിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേല്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്നുവെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ ഭരണസമിതി ഇപ്രകാരം ഏകപക്ഷീയമായ നിലപാട് സ്വീകരിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) അത്തരം ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ അതതു സമയത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർ

300 (2299) ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനുമായി മാറ്റിവച്ചിരുന്ന തുക മരാമത്ത് പണികൾക്ക് വകമാറ്റിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പളവും പെൻഷനും നല്കുന്നതിനായി ശബരിമല വരുമാനത്തിൽ നിന്ന് നിശ്ചിത തുക ഓരോ വർഷവും നീക്കിവയ്ക്കാറുണ്ടോ; വിശദമാക്കാമോ;

(സി) ചില ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരും കരാറുകാരുമായുമുള്ളതായി പറയപ്പെടുന്ന അവിഹിത ബന്ധത്തെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. മണ്ഡല മകരവിളക്ക് കാലയളവിലെ ശബരിമല വരുമാനത്തിൽ നിന്ന് ഹ്രസ്വകാല നിക്ഷേപങ്ങൾ നടത്തിയാണ് ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകി വരുന്നത്.

(സി) ആക്ഷേപം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം

301 (2300) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയാണ്; 2015-16, 2016-17 വർഷങ്ങളിലെ ബോർഡിന്റെ ആകെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രങ്ങളിലെ വരുമാനത്തിൽ സംഭവിച്ച കുറവ് നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനനഷ്ടം കാരണം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കഴിയുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല, പമ്പ ഗണപതി ക്ഷേത്രം, എരുമേലി ക്ഷേത്രം, ശ്രീകണ്ഠേശ്വര ക്ഷേത്രം (തിരുവനന്തപുരം), തിരുവല്ലം ക്ഷേത്രം, കൊട്ടാരക്കര ഗണപതിക്ഷേത്രം, മലയാലപ്പുഴ ക്ഷേത്രം, ചെട്ടിക്കുളങ്ങര ക്ഷേത്രം, അമ്പലപ്പുഴ ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം, വൈക്കം ക്ഷേത്രം, ചെങ്ങന്നൂർ ക്ഷേത്രം എന്നിവയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങൾ. 2015-16 വർഷത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആകെ വരുമാനം 572,81,74,664 രൂപയും 2016-17-ൽ 613,22,19,737 രൂപയുമാണ്.

(ബി) വരുമാന കുറവ് സംഭവിച്ചിട്ടില്ല.

(സി) ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിൽ തടസ്സം നേരിട്ടിട്ടില്ല.

**ക്ഷേത്രങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

302 (2301) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോഴും തുടരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ആയതിന് തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ക്ഷേത്രങ്ങളിലെ കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനുള്ള പദ്ധതി ഇപ്പോഴും തുടരുന്നുണ്ട്. ഈ വർഷം വകയിരുത്തിയിരുന്ന ഒരു കോടി രൂപ ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്.

**ശ്രീപത്മനാഭസ്വാമി ക്ഷേത്രം സർക്കാർ ഏറ്റെടുക്കുന്ന നടപടി**

303 (2302) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രം സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ശ്രീപത്മനാഭസ്വാമി ക്ഷേത്രം ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചുകൊണ്ട് ബഹു.സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ ശ്രീപത്മനാഭസ്വാമി ക്ഷേത്ര ഭരണത്തിനായി ഗുരുവായൂർ ക്ഷേത്ര ഭരണസമിതിയുടെ മാതൃകയിൽ, ഒരു സമിതി രൂപീകരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്താൻ സർക്കാർ സന്നദ്ധമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II തിരുത്തിയ ഉത്തരം

### 17-5-2017-ലെ നക്ഷത്രചിഹ്നമിട്ട 454-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 454-ന് 17-5-2017-ൽ നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 454-ന് 17-5-2017-ൽ നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III അടിയന്തരപ്രമേയം

### സ്വാശ്രയ മെഡിക്കൽ കോളേജ് ഫീസിലെ അവ്യക്തത

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നടത്താൻ സർക്കാർ വൈകിയതിനെത്തുടർന്നുണ്ടായ സുപ്രീംകോടതി വിധിമൂലം ഫീസ് ഈടാക്കുന്നതിലെ അവ്യക്തത നിലനിൽക്കുന്നതുകൊണ്ടും സാധാരണക്കാർക്ക് എം.ബി.ബി.എസ്.-ന് ചേരാൻ അവസരം നിഷേധിക്കപ്പെടുന്നതുകൊണ്ടും ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സ്വാശ്രയ മാനേജ്മെന്റ് പ്രവേശനവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും കാലതാമസവുമുണ്ടായിട്ടില്ല. എല്ലാ കാലത്തും ചെയ്യുന്നതുപോലെ മാനേജ്മെന്റ് കോടതിയിൽ പോയതിന്റെ ഭാഗമായുണ്ടായിട്ടുള്ള ചില പ്രതിസന്ധികളും പ്രശ്നങ്ങളുമാണ് നിലനിൽക്കുന്നത്. നീറ്റ് റിസൾട്ട് വരുന്നതിന് മുമ്പുതന്നെ മാനേജ്മെന്റുമായി ചർച്ച നടത്തുന്നതിനും

* അനുബന്ധം I ആയി ചേർത്തിട്ടുണ്ട്

ഇത്തവണ പുതുതായി നീറ്റ് മെരിറ്റ് ലിസ്റ്റ് മാത്രമാകുമ്പോൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ചും നേരത്തെതന്നെ സർക്കാർ സർവ്വകക്ഷി യോഗം വിളിച്ചുചേർത്ത് ചർച്ച നടത്തിയിരുന്നു. 23-6-2017-നാണ് നീറ്റ് റിസൾട്ട് വന്നത്. എന്നാൽ മാർച്ച് 20-നുതന്നെ സർവ്വകക്ഷി യോഗം വിളിച്ചുചേർത്ത് ഇക്കാര്യത്തിൽ ചർച്ച നടന്നിരുന്നു. അതുപോലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 27-3-2017-ന് സ്വാശ്രയ മാനേജ്മെന്റുകളുമായും ചർച്ച നടത്തിയിരുന്നു. തുടർന്ന് മെയ് 31-നും ജൂൺ 14-നും ഫീസ് സംബന്ധിച്ച് സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ചകൾ നടത്തിയിരുന്നു. പക്ഷേ ഇത്തവണ സ്വാശ്രയ മാനേജ്മെന്റുകൾ വളരെ ഉയർന്ന ഫീസാണ് ആവശ്യപ്പെട്ടത്. മാനേജ്മെന്റും മെരിറ്റുമെന്ന് വേർതിരിക്കാൻ സാദ്ധ്യമല്ലെന്നും നീറ്റ് മെരിറ്റ് മാത്രമാണെന്ന് വാദിച്ചുകൊണ്ടും 15 ലക്ഷം രൂപവരെ ഫീസായി വേണമെന്നാണ് മാനേജ്മെന്റുകൾ ആവശ്യപ്പെട്ടത്. ഇക്കാര്യത്തിൽ മാനേജ്മെന്റുകളുമായി വിട്ടുവീഴ്ച നടത്താൻ സർക്കാർ തയ്യാറായിരുന്നില്ല. മാനേജ്മെന്റും യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല എന്നുള്ളതാണ് വസ്തുത.

ഇക്കാര്യത്തിൽ മാനേജ്മെന്റ് സർക്കാരുമായി യോജിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഇത് ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് വിടുകയും ആ കമ്മിറ്റി 5 ലക്ഷം രൂപയായി ഫീസ് നിശ്ചയിക്കുകയും ചെയ്തു. ഒന്നാം ഘട്ട അലോട്ട്മെന്റിന് മുമ്പുതന്നെ ഇപ്രകാരം ഫീസ് നിശ്ചയിച്ചിരുന്നു. ഒന്നാം ഘട്ട അലോട്ട്മെന്റ് 8 മുതൽ 18 വരെയാണ് നിശ്ചയിച്ചിരുന്നത്. അതിനുമുമ്പുതന്നെ ഫീ റെഗുലേറ്ററി കമ്മിറ്റി ചേർന്ന് 5 ലക്ഷം രൂപയാണെന്ന് ഫീസ് നിശ്ചയിച്ചിരുന്നു. എന്നാൽ മാനേജ്മെന്റ് ഈ ഫീസ് അംഗീകരിക്കാതെ കോടതിയിൽ പോകുകയാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിലാണ് അവർ അലോട്ട്മെന്റ് പ്രോസസ്സിൽ പങ്കെടുക്കാതിരുന്നത്. മാനേജ്മെന്റ് കോളേജുകൾ സീറ്റ് മാട്രിക്സ് നൽകാത്തതുകൊണ്ടാണ് അവരെ ഒന്നാം ഘട്ട അലോട്ട്മെന്റിൽ പങ്കെടുപ്പിക്കാതിരുന്നത്. അവർ അലോട്ട്മെന്റുമായി സഹകരിച്ചിരുന്നില്ല. ആ സമയത്ത് അവർ 5 ലക്ഷം രൂപ ഫീസ് കുറവാണെന്ന് വാദിച്ചുകൊണ്ട് കോടതിയിൽ പോകുകയാണ് ചെയ്തത്. ഇതിനിടയിൽ ചില മാനേജ്മെന്റുകൾ ഒന്നാംഘട്ട പ്രവേശനം ആരംഭിച്ചു. സർക്കാർ കോളേജുകളിലേക്കുള്ള പ്രവേശനവും സുഗമമായി നടന്നു. മാനേജ്മെന്റുകൾ അതുമായി സഹകരിക്കാത്തതു കൊണ്ട് മാനേജ്മെന്റിലേയ്ക്കുള്ള പ്രവേശനം നടത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷത്തെ ഫീസ് നിരക്കിൽ പ്രവേശനം നടത്തുന്നതിന് സർക്കാരുമായി എഗ്രിമെന്റ് ഒപ്പിടാൻ തയ്യാറാണെന്നുപറഞ്ഞ് ചില മാനേജ്മെന്റുകൾ വന്നിരുന്നു. 9 മാനേജ്മെന്റുകൾ അനൗപചാരികമായി സന്നദ്ധത അറിയിച്ചിരുന്നെങ്കിലും മൂന്ന് മാനേജുമെന്റുകൾ മാത്രമാണ് ഒപ്പിടാൻ തയ്യാറായത്. ഇരുപത്തി അയ്യായിരം രൂപയ്ക്കും രണ്ടര ലക്ഷം രൂപയ്ക്കും കുട്ടികൾക്ക് പഠിക്കാനുള്ള സീറ്റ് കിട്ടുമെന്ന

ആഗ്രഹത്താൽ ഗവൺമെന്റ് ഈ കോളേജുകളുമായി കരാർ ഒപ്പിടാൻ തയ്യാറാകുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ പരിയാരം മെഡിക്കൽ കോളേജ്, എം.ഇ.എസ്. മെഡിക്കൽ കോളേജ്, കാരക്കോണം മെഡിക്കൽ കോളേജ് എന്നിവയാണ് സർക്കാരുമായി കരാർ ഒപ്പിട്ടിട്ടുള്ളത്. മറ്റ് മാനേജ്മെന്റുകൾ സുപ്രീംകോടതിയെ സമീപിക്കുകയും ഉയർന്ന ഫീസ് ഈടാക്കുന്നതിനുള്ള അനുവാദം കോടതിയിൽനിന്ന് വാങ്ങുകയുമാണ് ചെയ്തത്. കുട്ടികൾക്ക് ഏറ്റവും കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള സാദ്ധ്യതയുണ്ടാകണമെന്ന ധാരണ മാത്രമേ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളൂ. അതിനാവശ്യമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാലാകാലങ്ങളായി മാനേജ്മെന്റുകൾ കോടതിയിൽ പോയതിന്റെ ഭാഗമായുണ്ടായിട്ടുള്ള ചില സങ്കീർണ്ണമായ പ്രശ്നങ്ങളാണ് ഇപ്പോഴുമുണ്ടായിട്ടുള്ളത്. അല്ലാതെ സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയുമുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, നാട്ടിൻപുറത്ത് 'കുഴച്ചക്ക പരുവമെന്ന്' ഒരു പ്രയോഗമുണ്ട്. കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകളുടെ കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അഡ്മിഷൻ ഇന്ന് കുഴച്ചക്ക പരുവത്തിലാണ്. ഈ ഗവൺമെന്റിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയുമാണ് എല്ലാ കുട്ടികളേയും രക്ഷിതാക്കളേയും ഉത്കണ്ഠയിലാക്കിയിരിക്കുന്ന ഈ സ്ഥിതിവിശേഷത്തിന് കാരണമായിട്ടുള്ളത്. എറ്റവും അവസാനം സുപ്രീംകോടതിയുടെ വിധി വന്നു. സർക്കാരുമായി കരാറുണ്ടാക്കാത്ത കോളേജുകളിൽ 11 ലക്ഷം രൂപവരെ ഫീസ് ഈടാക്കാം. 5 ലക്ഷത്തിലധികം വരുന്ന ഫീസ് ബാങ്ക് ഗ്യാരന്റിയായോ പ്രത്യേക അക്കൗണ്ടിലോ കൊടുക്കണമെന്നാണ് വിധി. അതിന് തൊട്ടുമുമ്പ് സർക്കാരുമായി കരാറുണ്ടാക്കിയ രണ്ട് കോളേജുകളുടെ കാര്യത്തിൽ ഹൈക്കോടതിയുടെ അനുവാദം കിട്ടിയതാണ്. ആ അനുവാദത്തെ മറികടന്ന് ഓഗസ്റ്റ് 11-ന് എൻട്രൻസ് കമ്മീഷണർ ഇറക്കിയ ഉത്തരവിൽ 5 ലക്ഷം രൂപ ഫീസ്, 6 ലക്ഷം രൂപ സ്ഥിരനിക്ഷേപം, 44 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി എന്നീ പുതിയ ഇനങ്ങൾ അധികമായി കൂട്ടിച്ചേർത്തിരുന്നു. അതിന് പരാതിയുമായി കുട്ടികൾ ഹൈക്കോടതിയെ സമീപിച്ചപ്പോൾ ഹൈക്കോടതി അത് റദ്ദാക്കുകയും 5 ലക്ഷം രൂപ ഫീസും 6 ലക്ഷം രൂപ ബാങ്ക് ഗ്യാരന്റിയും 44 ലക്ഷം രൂപയുടെ ബോണ്ടുമാക്കി ഹൈക്കോടതി അത് മാറ്റി. കോടതി വ്യവഹാരങ്ങളുണ്ടാക്കുന്നതിനു വേണ്ടി തന്നെയാണ് ഹൈക്കോടതിയുടെ പെർമിഷൻ കിട്ടിയ വിഷയത്തിൽപ്പോലും ഈ ഗവൺമെന്റ് അനാവശ്യമായി ഒരുത്തരവിറക്കിയത്. നീറ്റ് മെരിറ്റിൽ രണ്ടായിരത്തിനുതാഴെ റാങ്കുള്ള കുട്ടികൾക്ക് 5 വർഷം പഠിക്കണമെങ്കിൽ ഫീസ് മാത്രം 55 ലക്ഷം രൂപ കൊടുക്കണമെന്നുള്ള സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഹോസ്റ്റൽ ഫീസും മറ്റും വേറെ വേണം. കുട്ടികൾക്കെങ്ങനെ പഠിക്കാൻ സാധിക്കും; ഈ അഡ്മിഷന് ആര് പോകും? ഇങ്ങനെ അവർ പോകാതിരിക്കുമ്പോൾ ഒരു കോടി രൂപ കോഴ കൊടുക്കാൻ തയ്യാറാകുന്ന റാങ്ക് ലിസ്റ്റിൽപ്പെട്ട ബാക്കിയുള്ള

കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടാക്കുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. ഇപ്പോൾ സുപ്രീംകോടതി പറഞ്ഞ 11 ലക്ഷം രൂപ എവിടെനിന്നാണ് കിട്ടിയത്; എന്താണ് അങ്ങനെ നിശ്ചയിക്കാനുള്ള കാരണം? അതിന്റെ പിന്നാമ്പുറങ്ങൾ അന്വേഷിക്കുമ്പോഴാണ് ഇതിന്റെ പുറകിലുള്ള മുഴുവൻ തട്ടിപ്പുകളും പുറത്തുവരുന്നത്. 85 ശതമാനം സീറ്റിലും 5 ലക്ഷം രൂപ ഫീസ് വാങ്ങി അഡ്മിഷൻ നടത്താനുള്ള അനുവാദം കൊടുത്തുകൊണ്ട് ജൂലൈ 17-ാം തീയതി ഹൈക്കോടതിയുടെ ഒരുത്തരവുണ്ടായിരുന്നു. പ്രവേശനം നടത്താതെ മാനേജ്മെന്റുകൾക്ക് ഗോൾ അടിക്കാൻവേണ്ടി ഗോൾ പോസ്റ്റിൽനിന്ന് സർക്കാർ മാറിനിന്നുകൊടുത്തു. 5 ലക്ഷം രൂപയ്ക്ക് 85 സീറ്റിലും അഡ്മിഷൻ നടത്താനുള്ള അവസരമാണ്. ഇരുപത്തി അയ്യായിരം രൂപയ്ക്കും രണ്ടര ലക്ഷത്തിനും കുട്ടികളെ പഠിപ്പിക്കാൻ മാനേജുമെന്റുകൾ തയ്യാറായി മുന്നോട്ടുവന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. വിദ്യാർത്ഥികളോടുള്ള മാനേജുമെന്റിന്റെ ഈ സ്നേഹം കണ്ട് സർക്കാരും മന്ത്രിയും പുളകിതരായിപ്പോയി. 25,000 രൂപയ്ക്ക് പഠിപ്പിക്കാനാണ് മാനേജ്മെന്റ് ചർച്ചയ്ക്ക് വന്നത്. അവിടെവച്ച് 25,000, രണ്ടര ലക്ഷം, 11 ലക്ഷം എന്നിങ്ങനെ ഒരു എഗ്രിമെന്റുണ്ടാക്കി. ഇതിനെതിരെ പരാതിയുമായിട്ടാണ് കരാറുണ്ടാക്കാത്ത മാനേജ്മെന്റുകൾ സുപ്രീം കോടതിയിൽ പോയത്. സർക്കാരുമായി കരാറുണ്ടാക്കിയ മാനേജുമെന്റുകൾക്ക് 11 ലക്ഷം രൂപവരെ ഫീസ് കൊടുത്തിരിക്കുന്നുവെന്നാണ് അവർ സുപ്രീംകോടതിയിൽ പറഞ്ഞത്. എന്തുകൊണ്ട് ഞങ്ങൾക്ക് 11 ലക്ഷം രൂപ തരാൻ പാടില്ലെന്ന അവരുടെ വാദമാണ് സുപ്രീംകോടതി അംഗീകരിച്ചത്. ഒരു സ്ലാബിന്റെ അടിസ്ഥാനത്തിലാണ് ഇരുപത്തി അയ്യായിരം രൂപയും രണ്ടര ലക്ഷം രൂപയും വന്നതെന്ന് സർക്കാരിന്റെ വക്കീൽ എഴുന്നേറ്റ് പറയണമായിരുന്നു. ഈ 11 ലക്ഷം രൂപയുടെ ക്രോസ് സബ്സിഡിയായി പാവപ്പെട്ട കുട്ടികളെ പഠിപ്പിക്കുന്നുണ്ടെന്ന് ദൗർഭാഗ്യവശാൽ സർക്കാരിന്റെ വക്കീൽ സുപ്രീംകോടതിയിൽ പറഞ്ഞില്ല. സുപ്രീംകോടതിയുടെ മുമ്പാകെ സർക്കാർ മാനേജ്മെന്റുകളുമായി എഗ്രിമെന്റുണ്ടാക്കുകയും ആ എഗ്രിമെന്റിൽ 11 ലക്ഷം രൂപ വരെ ഫീസ് കൊടുക്കാമെങ്കിൽ, എഗ്രിമെന്റുണ്ടാക്കാത്ത കോളേജുകൾക്ക് എന്തുകൊണ്ട് കൊടുക്കാൻ പാടില്ലെന്നാണ് സുപ്രീംകോടതി ചോദിച്ചത്. 11 ലക്ഷം രൂപയുടെ എഗ്രിമെന്റുണ്ടാക്കിയത് ശരിയായ നടപടിയാണോ? പഴയകാലത്ത് എഗ്രിമെൻറുണ്ടാക്കിയിട്ടുണ്ടെന്നാണ് മന്ത്രി അതിന് മറുപടി പറഞ്ഞത്. അന്ന് മാനേജ്മെന്റ് സീറ്റിൽ പഠിക്കുന്ന കുട്ടികളുടെ ഫീസെടുത്ത് (ക്രോസ് സബ്സിഡി) പാവപ്പെട്ടവർക്ക് കൊടുത്തിട്ടുണ്ടെന്നാണ് പറയുന്നത്. ആ സാഹചര്യമാണോ ഇപ്പോഴുള്ളത്? അന്ന് 25000-വും 30000-വും റാങ്കുകൾ വരുന്ന, മാനേജ്മെന്റ് സീറ്റിൽ പോകുന്ന കുട്ടികളിൽ നിന്നും കൂടുതൽ ഫീസ് വാങ്ങി താഴെയുള്ളവർക്ക് കൊടുക്കും. എന്നാൽ ഇപ്പോഴത്തെ സ്ഥിതി അതാണോ; കഠിനാധ്വാനം ചെയ്ത് നീറ്റ് പരീക്ഷയെഴുതി 2000-ത്തിനടുത്ത് മെരിറ്റിൽ വന്നിരിക്കുന്ന കുട്ടികൾക്ക്

5 ലക്ഷം രൂപയ്ക്ക് പഠിക്കാൻ അവർക്ക് അവകാശമുള്ളപ്പോൾ അവരുടെ കയ്യിൽ നിന്ന് 11 ലക്ഷം രൂപ വാങ്ങി 25,000 രൂപയ്ക്ക് പഠിപ്പിക്കാൻ വേണ്ടി മാനേജ്മെന്റുമായി ഉണ്ടാക്കിയ കള്ളക്കരാറാണ് ഇതിനെല്ലാം കാരണം. മാനേജ്മെന്റുകൾക്കുള്ള പിന്തുണയാണ് അവർ ചെയ്തുകൊടുത്തത്. 5 ലക്ഷം രൂപയ്ക്ക് പഠിക്കാൻ അവകാശമുള്ളവരോട് 11 ലക്ഷം രൂപ കൊടുക്കണമെന്ന് പറയുമ്പോൾ അവരെങ്ങനെ പോകും? അവർക്ക് പഠിക്കാൻ പറ്റില്ല.

എന്റെ ഒരു സുഹൃത്ത് അയാളുടെ മകളോട് പറഞ്ഞത്, 25 ലക്ഷം രൂപയാണെങ്കിൽ എവിടെ നിന്നെങ്കിലും കടം വാങ്ങി പഠിപ്പിക്കാം. എന്നാൽ 55 ലക്ഷം രൂപയ്ക്കാണെങ്കിൽ പഠിപ്പിക്കാൻ സാധിക്കില്ലെന്നാണ്. ആ കുട്ടി കരച്ചിലാണ്; ആഹാരംപോലും കഴിക്കുന്നില്ല. അങ്ങനെയുള്ള എത്രയോ കുട്ടികളും രക്ഷിതാക്കളും ഉത്കണ്ഠയോടുകൂടി കേരളത്തിലിരിക്കുന്നുവെന്നതിനെപ്പറ്റി ഈ ഗവൺമെന്റിന് എന്തെങ്കിലും ബോധ്യമുണ്ടോ? അലോട്ട്മെന്റ് വൈകിച്ചതാണ് എല്ലാം കുഴപ്പത്തിലാക്കിയത്. ജൂലൈ 16-ാം തീയതി ഹൈക്കോടതി ഉത്തരവ് വന്നിട്ടും ഒരു മാസക്കാലത്തേക്ക് അലോട്ട്മെന്റ് നടത്തുന്നില്ല. ജൂലൈ 22-ാം തീയതി മുതൽ 30-ാം തീയതി വരെ ഗവൺമെന്റ് കോളേജുകളിൽ അലോട്ട്മെന്റ് നടത്തുന്നു. സ്വാശ്രയ മാനേജ്മെന്റിലെ അലോട്ട്മെന്റ് ആഗസ്റ്റ് 8-ാം തീയതി മുതൽ 18-ാം തീയതി വരെയാക്കി മാറ്റിവയ്ക്കുന്നു. യഥാർത്ഥത്തിൽ ഗവൺമെന്റ് കോളേജിൽ നടത്തിയതിനോടൊപ്പം 5 ലക്ഷം രൂപയ്ക്ക് സ്വാശ്രയ മാനേജ്മെന്റിലെ അലോട്ട്മെന്റ് എല്ലാവർഷവും നടത്തുന്നതുപോലെ നടത്തിയിരുന്നുവെങ്കിൽ സുപ്രീം കോടതി ഇപ്പോൾ ഇടപെടുമായിരുന്നോ? ഏതെങ്കിലും കാലത്ത് ഹൈക്കോടതിയോ സുപ്രീം കോടതിയോ അഡ്മിഷൻ ആരംഭിച്ച ഒരു കേസ്സിൽ ഫീസ് ഘടനയുടെ കാര്യം പറഞ്ഞ് ഇടപെട്ടിട്ടുള്ള ഒരു ഓർഡറും ഈ സ്വാശ്രയ മാനേജ്മെന്റുകളുടെ ചരിത്രത്തിലുണ്ടായിട്ടില്ല. കഴിഞ്ഞ മാസം ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടും ഒരു മാസത്തോളം വൈകിച്ച് സ്വാശ്രയ മാനേജുമെന്റുകൾക്ക് കോടതിയിൽ പോകാൻ അവസരം കൊടുത്ത്, അവരവിടെ മിസ് റെപ്രസെന്റേഷൻ നടത്തി, കേരള സർക്കാർ അത് ഡിഫൻഡ് ചെയ്യാതെ ഈ പാവപ്പെട്ട കുട്ടികളുടെ 5 ലക്ഷം രൂപ 11 ലക്ഷം രൂപയാക്കി മാറ്റുകയാണ് ചെയ്തത്. മാത്രമല്ല, ഇതിനകത്തൊരു കള്ളക്കളിയുള്ളതെന്താണെന്നു വച്ചാൽ, അതിലൊറ്റ അലോട്ട്മെന്റ് മാത്രമേയുള്ളൂ. ഒറ്റ അലോട്ട്മെന്റെന്നുപറഞ്ഞാൽ 5 ലക്ഷം രൂപയല്ല 55 ലക്ഷം രൂപയാണെന്നാണ് പെട്ടെന്ന് അവരോട് പറയുന്നത്. അതായത് 5 വർഷത്തേയ്ക്ക് 55 ലക്ഷം രൂപയാണെന്നു പറയുമ്പോൾ ഒരുപാട് കുട്ടികൾ പിന്മാറും. പിന്മാറിക്കഴിഞ്ഞാൽ ഗവൺമെന്റ് ചെയ്യേണ്ടത് പ്രവേശനപ്പട്ടികയിൽ എത്ര സീറ്റുണ്ടോ അതിന്റെ പത്തിരട്ടിയുള്ള പട്ടിക അവർക്കയച്ചുകൊടുക്കണം. അപ്പോൾ മാനേജ്മെന്റിന് അതിൽ നിന്ന് അഡ്മിഷൻ നടത്താം. ഈ കുട്ടികൾ ഹാജരായില്ലായെന്ന് പറഞ്ഞ്

രേഖകളുണ്ടാക്കാറുണ്ട്. കഴിഞ്ഞ വർഷം മാനേജ്മെന്റ് ഇങ്ങനെ വ്യാജരേഖയുണ്ടാക്കിയിട്ടുണ്ട്. ഹാജരാകാത്ത കുട്ടികളെ മാറ്റി ക്യാപ്പിറ്റേഷൻ ഫീ ഒരു കോടി രൂപ കൊടുത്ത് മാനേജ്മെന്റുകൾക്ക് അഡ്മിഷൻ നടത്താൻവേണ്ടിയുള്ള സൗകര്യംകൂടി ഇപ്പോൾ ചെയ്തുകൊടുത്തിരിക്കുകയാണ്.

കേന്ദ്രസർക്കാരിന്റെ രണ്ടാംഘട്ട അലോട്ട്മെന്റ് ആഗസ്റ്റ് 8-ാം തീയതിയായിരുന്നു. സ്വാശ്രയ മാനേജ്മെന്റിലെ അഡ്മിഷൻ നടത്താത്തതുകൊണ്ട് ഈ കുട്ടികൾ രാജ്യത്തിന്റെ ഏതെങ്കിലും ദിക്കിൽ പോയി അഡ്മിഷൻ വാങ്ങും. കേരളത്തിൽ തന്നെ പഠിക്കാൻ കുട്ടികൾക്ക് അവസരം ലഭിക്കാത്തതുകൊണ്ട് അവർ ഇൻഡ്യയുടെ അല്ലെങ്കിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ, സിക്കിമിലും ഹിമാചൽ പ്രദേശിലും ആൻഡമാൻ നിക്കോബാർ ദ്വീപിലുമൊക്കെ പോയി ചേരും. ഇവിടെ കൃത്യമായി അലോട്ട്മെന്റ് നടത്തിയിരുന്നുവെങ്കിൽ ആ കുട്ടികൾക്ക് മെരിറ്റിൽ കേരളത്തിൽ തന്നെ ചേർന്ന് പഠിക്കാനുള്ള സൗകര്യമുണ്ടാകുമായിരുന്നു. ആ സൗകര്യം കൂടിയാണ് ഇവരില്ലാതാക്കിയത്. യഥാർത്ഥത്തിൽ സർക്കാരും മാനേജ്മെന്റുകളും തമ്മിൽ ഒത്തുകളിക്കുകയായിരുന്നു. ആദ്യത്തെ ഒരുത്തരവ് വന്നുകഴിഞ്ഞപ്പോൾ എൻ.ആർ.ഐ. സീറ്റിലെ ഫീസ് ഘടന 20 ലക്ഷം രൂപയാണെന്നും അതിൽ നിന്ന് 5 ലക്ഷം രൂപയെടുത്ത് 15 കുട്ടികളെ സൗജന്യമായി പഠിപ്പിക്കുമെന്നും പറഞ്ഞു. ഇനിയിപ്പോൾ 15 കുട്ടികളെ പഠിപ്പിക്കാൻ പറ്റില്ല. കാരണം, 5 ലക്ഷം രൂപയാണെങ്കിൽ മാത്രമേ 15 കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ 5 ലക്ഷം രൂപയെന്നത് 11 ലക്ഷം രൂപയായി; അപ്പോൾ 7 കുട്ടികളെപ്പോലും പഠിപ്പിക്കാൻ സാധിക്കില്ല. മാത്രമല്ല, ഈ 5 ലക്ഷം രൂപ മാനേജ്മെന്റുകൾ തരുമോ? മാനേജ്മെന്റുകളുടെ അസോസിയേഷൻ ഞങ്ങൾക്ക് തരാൻ സൗകര്യമില്ലായെന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഇതാർക്കാണ് ലഭിക്കുന്നത്? താൻ 11 ലക്ഷം രൂപയ്ക്കാണോ 25,000 രൂപയ്ക്കാണോ പഠിക്കുന്നതെന്ന് അറിഞ്ഞാലല്ലേ ഒരു കുട്ടിക്ക് ഓപ്ഷൻ കൊടുക്കാൻ സാധിക്കുകയുള്ളൂ. 25,000 രൂപയ്ക്ക് എനിക്ക് പഠിക്കാൻ പറ്റുമെങ്കിൽ ഞാൻ ഓപ്ഷൻ കൊടുക്കും. 11 ലക്ഷം രൂപയ്ക്കാണെങ്കിൽ ഞാൻ വേണ്ടെന്ന് വയ്ക്കും. ആർക്കാണ് ഈ 25,000 രൂപ കൊടുക്കാൻ പോകുന്നതെന്നുപോലും വ്യക്തതയില്ല. അത്ര അവ്യക്തമായിട്ടാണ് ഗവൺമെന്റ് ഈ കാര്യങ്ങൾ ചെയ്യുന്നത്.

സ്വാശ്രയ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് ഇവിടെ എന്തെല്ലാം കൺഫ്യൂഷനുണ്ടായി. വിജ്ഞാപനങ്ങൾ കൃത്യമായി വെബ്സൈറ്റിൽ നൽകാതിരിക്കുക, വിജ്ഞാപനത്തിൽ പറയുന്ന സമയത്ത് അലോട്ട്മെന്റ് നടത്താതിരിക്കുക തുടങ്ങി ഉത്തരവുകളുടെ ബഹളമായിരുന്നു. മാനേജ്മെന്റിന് കമ്മ്യൂണിറ്റി തിരിച്ചറിയാൻ സഭയുടെ കത്ത് വേണമെന്ന് പറഞ്ഞ് ആദ്യം ഒരുത്തരവിറക്കി. സഭയുടെ കത്ത് വേണ്ടെന്നുപറഞ്ഞ് രണ്ടാമതൊരു ഉത്തരവിറക്കി. പിന്നീട് ഹൈക്കോടതിയിൽ

പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വേണമെന്നും പറഞ്ഞ് മൂന്നാമതൊരു ഉത്തവിറക്കി. 10 പേരെ വയ്ക്കാതെ 5 പേരെ വച്ച് നിയമം പാസ്സാക്കിയപ്പോൾ അത് ഹൈക്കോടതിയുടെ വിമർശനത്തിന് വിധേയമായി രണ്ടാമത് ചെയ്യേണ്ടി വന്നു. സഭയുടെ കത്ത് വേണമെന്നുള്ള ഉത്തരവിറക്കിയത് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരമാണെന്നാണ് പത്രത്തിൽ കണ്ടത്. അപ്രകാരം ഉത്തരവിറക്കിയ ജോയിന്റ് സെക്രട്ടറിക്കെതിരെ നടപടിയെടുത്ത് ഹൈക്കോടതിയിൽ അറിയിക്കണമെന്ന് പറഞ്ഞ് ഹൈക്കോടതിയുടെ നിർദ്ദേശവുമുണ്ടായി. ഇങ്ങനെ എത്ര ഉത്തരവുകളാണിറക്കിയത്. ഈ ഉത്തരവുകൾ വായിച്ചിട്ട് ഒരു കുട്ടിക്കും കൺഫ്യൂഷൻ മാറുന്നില്ല. മഴക്കാലത്ത് വീട്ടുമുറ്റത്ത് വെള്ളം നിറയുമ്പോൾ കുട്ടികൾ കടലാസ് തോണിയുണ്ടാക്കി കളിക്കുന്നതുപോലെ ഈ സർക്കാർ സ്വാശ്രയ എം.ബി.ബി.എസ്. പ്രവേശനത്തിന് ഉത്തരവുകളിറക്കി കളിക്കുകയാണ്. എൻട്രൻസ് കമ്മീഷണറുടെ ഓഫീസിൽ ആരെങ്കിലും വിളിച്ചാൽ ഫോണെടുക്കില്ല. എന്തുമാത്രം കൺഫ്യൂഷനാണ്; കേരളത്തിൽ എന്തുമാത്രം ഉത്കണ്ഠയാണ് കുട്ടികൾക്കുണ്ടായിരിക്കുന്നത്. എവിടെയാണ് അഡ്മിഷൻ കിട്ടുന്നതെന്നറിയാൻ വയ്യാത്ത സ്ഥിതിയാണിപ്പോഴുള്ളത്.

ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. രാജേന്ദ്രബാബു കമ്മിറ്റി ഫീസ് നിർണ്ണയിച്ചതിനും അതിന് ഹൈക്കോടതി അംഗീകാരം നൽകിയതിനും ശേഷം ബഹുമാനപ്പെട്ട മന്ത്രിയും അഡീഷണൽ ചീഫ് സെക്രട്ടറിയും ഉൾപ്പെട്ട ടീം 5 ലക്ഷം രൂപ ഫീസ് കൊടുത്ത് അഡ്മിഷൻ നടത്താനും അലോട്ട്മെന്റ് നടത്താനും പോയപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ഇടപെടലുണ്ടായി. മുഖ്യമന്ത്രിയുടെ ഓഫീസിൽ മാനേജ്മെന്റുകളെ പ്രതിനിധീകരിച്ച് രണ്ടാളുകൾ വന്ന് സംസാരിക്കുകയും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരാൾ അതിലിടപെട്ട് മാനേജ്മെന്റുകളായി ചർച്ച ചെയ്യണമെന്നാവശ്യപ്പെടുകയും ചെയ്തു. പിന്നീട് നടന്ന ചർച്ചകൾ മുഴുവൻ ആരോഗ്യ വകുപ്പുമന്ത്രിയേയും അഡീഷണൽ ചീഫ് സെക്രട്ടറിയേയും നോക്കുകുത്തികളാക്കി നിർത്തിക്കൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രൈവറ്റ് സെക്രട്ടറിയാണ് കേരളത്തിലെ കുട്ടികളെയും രക്ഷിതാക്കളെയും മുഴുവൻ ഉത്കണ്ഠയിലാക്കിയ മാനേജ്മെന്റുകളുമായിട്ടുള്ള ഈ കരാറുണ്ടാക്കിയത്. ഈ കരാറിനെത്തുടർന്നാണ് കേരളത്തിലെ എം.ബി.ബി.എസ്. പ്രവേശനഫീസ് 55 ലക്ഷം രൂപയും ഒരു കോടിയുമാക്കി ഉയർത്തിയ ദൗർഭാഗ്യകരമായ സാഹചര്യമുണ്ടായിരിക്കുന്നത്. ഇന്ന് ഈ സംശയങ്ങളും ഉത്കണ്ഠകളും മാറുന്നില്ല; കുട്ടികൾ എങ്ങനെ പഠിക്കും? ഇന്ന് വൈകുന്നേരം 5 മണിക്കുമുമ്പ് ജാതി തെളിയിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് ഇന്നലെ ഉത്തരവിറങ്ങുന്നു. ഓപ്ഷൻ കൊടുക്കേണ്ടത് എങ്ങനെ യാണെന്നറിയാതെ കുട്ടികളാകെ പരിഭ്രമത്തിലാണ്. 25,000 രൂപയ്ക്കാണോ ഓപ്ഷൻ കൊടുക്കേണ്ടതെന്നറിയില്ല.

എസ്.സി/എസ്.ടി. വിദ്യാർത്ഥികളുടെ കാര്യം അതിനേക്കാൾ സങ്കടകരമായ രീതിയിലാണ്. അവർക്ക് എത്ര സീറ്റുണ്ടെന്ന് കൃത്യമായി അറിയില്ല; അവരുടെ ഫീസ് 11 ലക്ഷം രൂപയാണെങ്കിൽ അത് സർക്കാർ കൊടുക്കുമോ എന്നതറിയില്ല. എഗ്രിമെന്റ് ഒപ്പിടാത്ത കോളേജുകളിൽ 11 ലക്ഷം രൂപയാണ് ഫീസ്. 55 ലക്ഷം രൂപ ഒരു എസ്.സി./എസ്.ടി. വിദ്യാർത്ഥിക്ക് സർക്കാർ കൊടുക്കുമോ? ഇതൊന്നുമറിയാതെ എങ്ങനെയാണ് ഇന്നുമുതൽ കുട്ടികൾ ഓപ്ഷൻ കൊടുക്കാൻ പോകുന്നത്? ഈ വിഷയം ഇത്രമാത്രം വഷളാക്കിയ, ഇത്രമാത്രം അവതാളത്തിലാക്കിയ ഒരു ഗവൺമെന്റ് ഒരു കാലത്തുമുണ്ടായിട്ടില്ല. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സ്വാശ്രയ മാനേജ്മെന്റുകളുണ്ടായതിനുശേഷം എപ്പോഴും ഇത്തരത്തിലുള്ള ധാരാളം പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. കൺഫ്യൂഷൻ തീർക്കണമെങ്കിൽ പഴയകാലത്തുണ്ടായ കൺഫ്യൂഷനുകളിലേയ്ക്ക് ഊളിയിട്ടിറങ്ങിയാൽ മതിയാകും. ...(ബഹളം)... എല്ലാ വർഷവും അലോട്ട്മെന്റിന്റെ സമയത്ത് മാനേജ്മെന്റുകൾ കോടതിയിൽ പോയി അവർക്കനുകൂലമായ വിധി സമ്പാദിക്കുകയെന്നുള്ളത് തുടർക്കഥയായി വന്നിട്ടുണ്ട്. മുൻ ഗവൺമെന്റുകളുടെ കാലത്ത്, 50:50 എഗ്രിമെന്റുണ്ടാക്കുന്ന സമയത്തുതന്നെ ഒരു കൂട്ടം വിദ്യാർത്ഥികളിൽ നിന്നും ഉയർന്ന ഫീസ് വാങ്ങിയിട്ടാണ് മറ്റ് വിദ്യാർത്ഥികളെ സബ്സിഡിയോടെ പഠിപ്പിച്ചുകൊണ്ടിരുന്നതെന്ന് ഞാൻ പറയാനിടയുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ തന്നെ സൂചിപ്പിച്ചു. സ്വാഭാവികമായിട്ടും നമുക്കത് പറയാതിരിക്കാൻ കഴിയില്ല. ഒരു കൂട്ടം വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കാൻ മാനേജ്മെന്റിനെ അനുവദിച്ചുകൊണ്ടാണ് മറ്റുള്ള കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കാനുള്ള 50:50 കരാറുണ്ടാക്കിയത്. അത് ഈ ഗവൺമെന്റിന്റെ കാലത്തല്ല, മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അങ്ങനെയൊരു എഗ്രിമെന്റുണ്ടാക്കിയത്. അന്ന് മെരിറ്റ് ലിസ്റ്റ് തമ്മിൽ വ്യത്യാസമുണ്ടായിരുന്നു എന്നുള്ള കാര്യം ശരിയാണ്. അന്ന് കേരള എൻട്രൻസ് ലിസ്റ്റുണ്ടായിരുന്നു. ചിലപ്പോൾ ഇതിനേക്കാൾ മോശമായിട്ടുള്ളത് നടന്നിട്ടുണ്ട്. അതായത്, റാങ്ക് ലിസ്റ്റിൽപ്പോലുമില്ലാത്ത കുട്ടികളെ ചേർത്തിട്ടാണ് മാനേജ്മെന്റ് സീറ്റിൽ കോടികൾ കോഴ വാങ്ങി അഡ്മിഷൻ നടന്നിട്ടുള്ളത്. അത് ബഹുമാനപ്പെട്ട മെമ്പർ തന്നെ സമ്മതിക്കുകയുണ്ടായി. നീറ്റ് മെരിറ്റ് ലിസ്റ്റാകുമ്പോൾ മെരിറ്റില്ലാത്ത കുട്ടികളെ എടുക്കാൻ സാധിക്കുകയില്ല. എന്നാൽ മുമ്പ് മെരിറ്റ് ലിസ്റ്റിന്റെ ഏറ്റവും താഴെയുള്ള കുട്ടികളെയെടുത്തിട്ടാണ് ഉയർന്ന ഫീസ് നിശ്ചയിച്ചിരുന്നത്. ആ കരാറുണ്ടാക്കിയത് ഈ ഗവൺമെന്റാണോ? മുൻ ഗവൺമെന്റിന്റെ കാലത്താണ് അങ്ങനെയൊരു കരാറുണ്ടാക്കിയത്. മെരിറ്റ് ലിസ്റ്റിൽ നിന്നും ഏറ്റവും താഴെയുള്ള കുട്ടികളെയെടുത്താണ് മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ നൽകിയിരുന്നത്. അതവിടെ നിന്നുതന്നെ സമ്മതിച്ചിരിക്കുകയാണ്. മാനേജ്മെന്റിന്റെ കാര്യത്തിലും അതുതന്നെയാണ് നടന്നിരുന്നത്. ... (ബഹളം.)...

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് ...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്നിട്ടും മാനേജ്മെന്റുകൾ അവർക്ക് കൂടുതൽ സീറ്റ് കിട്ടുന്നതിനുവേണ്ടി കോടതിയെ സമീപിക്കുന്ന അവസ്ഥയുണ്ടായിരുന്നു. ....(ബഹളം)...... ഇത് ശരിയല്ല. അവർ സംസാരിക്കുമ്പോൾ ആരും ഒന്നും മിണ്ടിയിട്ടില്ല. എനിക്ക് മറുപടി പറയേണ്ടേ; അത് കേൾക്കാൻ നിങ്ങൾ ബാദ്ധ്യസ്ഥരാണ്.

മി. സ്പീക്കർ: അങ്ങ് മറുപടി പറയൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നീറ്റ് മെരിറ്റ് ലിസ്റ്റായതുകൊണ്ടു തന്നെ നേരത്തേ ഉണ്ടായി എന്ന് പറയുന്ന അഴിമതി ഇത്തവണ നടക്കാനിടയില്ല. കാരണം, നീറ്റ് മെരിറ്റ് ലിസ്റ്റിൽ നിന്നുമാത്രമേ ഏത് സീറ്റിലായാലും കുട്ടികളെ എടുക്കാൻ സാധിക്കുകയുള്ളൂ. മുൻപത്തെപ്പോലെ കോടികളുടെ തലവരിപ്പണം വാങ്ങി മെരിറ്റിലില്ലാത്ത കുട്ടികളെ പ്രവേശിപ്പിച്ച് ഫീസ് നിശ്ചയിക്കുന്ന അവസ്ഥയുണ്ടാകില്ലെന്നത് ഉറപ്പാണ്. ഈ സർക്കാർ എന്താണ് ചെയ്തത്; സർക്കാരിന്റെ ഭാഗത്തുനിന്നും ഒരഭാവവും ഉണ്ടായിട്ടില്ലെന്ന് ഞാനാദ്യം മറുപടി പറയുമ്പോൾ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഒന്നാംഘട്ട അലോട്ട്മെന്റിന് മുൻപുതന്നെ ഫീ-റഗുലേറ്ററി കമ്മിറ്റി 5 ലക്ഷം രൂപ ഫീസ് നിശ്ചയിച്ചിരുന്നു. 13-7-2017-ലാണ് ഫീ -റഗുലേറ്ററി കമ്മിറ്റി 5 ലക്ഷമെന്ന ഫീസ് ഘടന നിശ്ചയിക്കുന്നത്. 16-ാം തീയതിയാണ് ഒന്നാംഘട്ട അലോട്ട്മെന്റ് ആരംഭിക്കുന്നത്. 16-ാം തീയതി മുതൽ 24-ാം തീയതി വരെയാണ് ഒന്നാംഘട്ട അലോട്ട്മെന്റ് നടത്തുന്നത്. എന്നാൽ 13-ാം തീയതി നിശ്ചയിച്ച ഫീസ് ഘടനയ്ക്കെതിരെ മാനേജ്മെന്റ് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയാണുണ്ടായത്. സർക്കാർ പറഞ്ഞിട്ടല്ല മാനേജ്മെന്റ് കേസ് ഫയൽ ചെയ്തത്. സർക്കാർ അവർക്ക് കേസിന് പോകാൻ അവസരമുണ്ടാക്കി കൊടുത്തതുകൊണ്ടാണ് ഒന്നാംഘട്ട അലോട്ട്മെന്റിൽ സ്വാശ്രയ മാനേജുമെന്റുകൾ പങ്കെടുക്കാതിരുന്നതെന്നാണ് പറയുന്നത്. അതെന്ത് വാദമാണ്; ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് സർക്കാർ അംഗീകരിച്ചു. അതിനെതിരെ മാനേജുമെന്റുകൾ കോടതിയിൽ പോകുന്നതിനെ നമുക്ക് തടയാൻ സാധിക്കുമോ? 5 ലക്ഷം രൂപ ഫീസ് പോരെന്ന് പറഞ്ഞാണ് മാനേജ്മെന്റുകൾ കോടതിയിൽ കേസ് ഫയൽ ചെയ്തത്. പക്ഷെ 17-7-2017-ൽ ഹൈക്കോടതി 5 ലക്ഷം രൂപ ഫീസ് അംഗീകരിക്കുകയാണ് ചെയ്തത്. അലോട്ട്മെന്റ് പ്രോസസ്സിൽ ഇവരെയെല്ലാം പങ്കെടുപ്പിക്കാൻ കഴിയുമല്ലോയെന്ന് സർക്കാരിന് ആശ്വാസമായിരുന്നു. ഫീ റെഗുലേറ്റി കമ്മിറ്റി നിശ്ചയിച്ച ഫീസ് (5 ലക്ഷം രൂപ) ഹൈക്കോടതി അംഗീകരിക്കുകയും അതുസംബന്ധിച്ച് ആരോഗ്യവകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ പത്രത്തിൽ പ്രസ്താവന കൊടുക്കുകയും ചെയ്തു. ഞങ്ങൾക്ക് ആശ്വാസമായി. കാരണം, കോടതി

ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഫീസ് അംഗീകരിച്ചിരിക്കുന്നു, അത് വർദ്ധിപ്പിച്ച് കൊടുക്കാൻ തയ്യാറായിട്ടില്ല. ഉടനെ അലോട്ട്മെന്റ് പ്രോസസ്സിലേയ്ക്ക് ഞങ്ങൾ പോകാൻ നോക്കുമ്പോഴാണ് അതിനെതിരെ മാനേജ്മെന്റ് സുപ്രീംകോടതിയിൽ പോയത്. ഞങ്ങൾ അവസരം ഉണ്ടാക്കികൊടുത്തിട്ടാണോ മാനേജ്മെന്റ് പോയത്; ഞങ്ങൾ അലോട്ട്മെന്റ് നടത്താൻ തയ്യാറായി നിൽക്കുകയാണ് ചെയ്തത്. സുപ്രീം കോടതിയിൽ മാനേജ്മെന്റ് കേസ്സിന് പോയിരിക്കുകയാണ്. 7-8-2017-ന് അലോട്ട്മെന്റ് ആരംഭിക്കുന്ന ആഴ്ചയിൽ ഹൈക്കോടതി കേസ് പരിഗണിച്ച് വിധി പറയണമെന്ന് പറഞ്ഞിട്ടാണ് 31-7-2017-ന് സുപ്രീംകോടതിവിധി വന്നത്. 8-8-2017-ൽ വീണ്ടും സെക്കന്റ് അലോട്ട്മെന്റ് തുടങ്ങുകയാണ്. ഹൈക്കോടതി വീണ്ടും 9-8-2017-ന് 5 ലക്ഷം രൂപ താൽക്കാലിക ഫീസ് അംഗീകരിച്ച് ഉത്തരവായി. വീണ്ടും അപ്പീൽ പോയത് മാനേജുമെന്റാണ്. സർക്കാർ ഉറ്റുനോക്കി യിരിക്കുകയാണ്. 5 ലക്ഷം രൂപ അംഗീകരിച്ചുകിട്ടിയാൽ അലോട്ട്മെന്റ് പ്രോസസിൽ കോളേജുകളെ പങ്കെടുപ്പിക്കാം. മാനേജ്മെന്റ് സീറ്റ് മാട്രിക്സ് തരുന്നില്ല. മാനേജ്മെന്റ് സീറ്റ് മാട്രിക്സ് തരാത്തത് അവർക്ക് സുപ്രീംകോടതിയിൽ പോയി ഉയർന്ന ഫീസ് ഈടാക്കിപ്പിക്കുന്നതിനുവേണ്ടിയാണ്. കഴിഞ്ഞ തവണ കരാർ ഒപ്പിട്ട കോളേജുകൾ എങ്ങനെയാണ് ഫീസ് ഈടാക്കിയതെന്ന് ഞാനിവിടെ വിശദീകരിക്കുന്നില്ല; സർക്കാരുമായി കരാർ ഒപ്പിടാൻ തയ്യാറാകാത്ത കോളേജുകൾ കോടതിയിൽ പോയി 10 ലക്ഷം രൂപ ഫീസ് വിധിപ്പിച്ചിട്ടുണ്ട്. ആ രീതിയിലാണ് ഇത്തവണയും അവർ വീണ്ടും കോടതിയെ സമീപിച്ചിരിക്കുന്നത്. അല്ലാതെ രണ്ടുകോളേജുമായി എഗ്രിമെന്റുണ്ടാക്കിയത് 11 ലക്ഷം രൂപയാണ്, ആ 11 ലക്ഷം നിങ്ങൾ വാങ്ങിക്കോ എന്നല്ല കോടതി പറഞ്ഞിട്ടുള്ളത്. കോടതി വിധിയിൽ 11 ലക്ഷം രൂപ വാങ്ങാനും പറഞ്ഞിട്ടില്ല. കോടതി വിധി ഇപ്പോഴും പറഞ്ഞിട്ടുള്ളത് ഹൈക്കോടതി അവസാന തീരുമാനം എടുക്കണമെന്നാണ്. മാത്രമല്ല, ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച അഞ്ച് ലക്ഷം രൂപ ഫീസ് സുപ്രീംകോടതി തള്ളിക്കളഞ്ഞിട്ടുമില്ല. പക്ഷെ നാളെ ഫീ റെഗുലേറ്ററി കമ്മിറ്റി അന്തിമ ഫീസ് നിശ്ചയിക്കണമെങ്കിൽ കോളേജിന്റെ മുഴുവൻ റിക്കോർഡുകളും കാര്യങ്ങളുമെല്ലാം പരിശോധിക്കും. ഇത് ഇന്ററിം ഫീസ് ആണ്, ഇൻസ്റ്റിറ്റ്യൂഷൻ വൈസ് ഫീസ് നിശ്ചയിക്കുമ്പോൾ കൂടുതൽ വന്നാൽ അതിനുവേണ്ടി കൂടുതൽ ഡെപ്പോസിറ്റ് ഉണ്ടാക്കണമെന്ന് സുപ്രീംകോടതി പറയുകയാണ്. എന്നിട്ട് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് ഇൻസ്റ്റിറ്റ്യൂഷന് കൂടുതലല്ലെങ്കിൽ ഈ തുക തിരിച്ചുകൊടുക്കണമെന്നും അത് പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. ഇനി കൂടുതലാണെങ്കിൽ മാനേജ്മെന്റിന് വിദ്യാർത്ഥികളിൽനിന്നും പണം കിട്ടാതെ വരും. മാനേജ്മെന്റിനോട് ആ രീതിയിൽ ആനുകൂല്യം കാണിച്ചതിന് സർക്കാർ ഉത്തരവാദിയാണോ? കൂടുതൽ ഫീസുണ്ടെങ്കിൽ മാനേജ്മെന്റ് എടുത്തുകൊള്ളാം, കുറവാണെങ്കിൽ ഈ ഫീസ്

കുട്ടികൾക്ക് തിരിച്ചു കൊടുക്കണമെന്നാണ്. കുട്ടികൾക്ക് ഇക്കാര്യത്തിൽ നല്ല വിഷമമുണ്ട്. കാരണം, വളരെ പെട്ടെന്ന് അവരെവിടെ നിന്നാണ് 6 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റിയുണ്ടാക്കുന്നത്. ബാങ്ക് ഗ്യാരന്റിയും ഡെപ്പോസിറ്റുമൊന്നും ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഏർപ്പാടല്ല. ബാങ്ക് ഗ്യാരന്റിയും ഡെപ്പോസിറ്റും ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ കാലത്ത് എഗ്രിമെന്റുണ്ടാക്കുമ്പോൾ ഉണ്ടായിരുന്ന വ്യവസ്ഥയാണ്. പഴയ എഗ്രിമെന്റ് ബഹുമാനപ്പെട്ട മെമ്പർ വായിച്ചു നോക്കണം. ആ എഗ്രിമെന്റിലെ വ്യവസ്ഥയാണ് ബാങ്ക് ഗ്യാരന്റിയും ഡെപ്പോസിറ്റും. ഇവിടെ പറയുന്നതുകേട്ടാൽ ഈ ഗവൺമെന്റാണ് ആദ്യമായി ബാങ്ക് ഗ്യാരന്റിയും ഡെപ്പോസിറ്റും കൊണ്ടുവന്നതെന്ന് തോന്നും.

കരാറൊപ്പിട്ട കോളേജുകൾക്ക് 40 ലക്ഷം രൂപ ഡെപ്പോസിറ്റ് വയ്ക്കാൻ പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മറ്റൊരാരോപണം. കഴിഞ്ഞ തവണത്തെ കരാറിലെ വ്യവസ്ഥയനുസരിച്ച് അവർകൂടി അംഗീകരിച്ച പ്രോസ്പെക്ടസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥയാണിത്. അത് അഞ്ച് കൊല്ലത്തേയ്ക്കുള്ളതാണ്. അതിന് ഓർഡറൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഒരു നോട്ട് കൊടുത്തിട്ടുണ്ട്. അഞ്ച് വർഷത്തേക്ക് ഇത്രയും രൂപയാകുമെന്ന് കുട്ടികളോട് നേരത്തെ പറയേണ്ടേ; സുപ്രീംകോടതിയുടെ നിർദ്ദേശത്തിലടക്കം ബാങ്ക് ഗ്യാരന്റിയെക്കുറിച്ച് പറഞ്ഞിട്ടുള്ളതല്ലേ; ഞങ്ങൾക്കത് നിഷേധിക്കാൻ കഴിയുന്നതാണോ. സുപ്രീംകോടതി പറഞ്ഞിട്ടുള്ള ഉത്തരവിനകത്ത് ബാങ്ക് ഗ്യാരന്റി ഇല്ലേ; അതുവച്ച് അഞ്ച് കൊല്ലത്തേക്കുകൂടി ഇത്രയും രൂപയാകുമെന്ന കുറിപ്പാണ് കൊടുത്തത്. പക്ഷെ ഞങ്ങൾക്ക് ഇത്രയും കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞ് അവർ കോടതിയെ സമീപിച്ചപ്പോൾ ആ തുക വാങ്ങാൻ പറ്റില്ലെന്ന് കോടതി പറഞ്ഞു. അതായത് ഒരു കൊല്ലത്തേത് 5 ലക്ഷം രൂപ ഫീസും 6 ലക്ഷം രൂപ ബാങ്ക് ഗ്യാരന്റിയും മാത്രമേ ആകുകയുള്ളൂ. അടുത്ത കൊല്ലത്തേയ്ക്കും അതുതന്നെയാണ് വരുന്നത്. ഇതിൽ എന്താണ് വ്യത്യാസം? ഈ ഗവൺമെന്റിറക്കിയ ഉത്തരവ് ഹൈക്കോടതി പറഞ്ഞിട്ട് പിൻവലിച്ചുവെന്ന് വേണമെങ്കിൽ പറയാം. പക്ഷെ എവിടെയാണ് സർക്കാരിന് തെറ്റ് പറ്റിയിട്ടുള്ളത്? സർക്കാർ അഞ്ച് കൊല്ലത്തേത് കാൽക്കുലേറ്റ് ചെയ്തുകൊടുത്ത നോട്ടാണത്. ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ സഭയിൽ വന്ന് എന്തെങ്കിലും പറയരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ വീണ്ടും ഹൈക്കോടതി ഇക്കാര്യം പരിഗണിക്കണമെന്ന് സുപ്രീംകോടതി പറഞ്ഞിരിക്കുകയാണ്. ഹൈക്കോടതി എന്താണ് പറയുകയെന്ന് എനിക്കറിയില്ല. 21-ാം തീയതി ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രതീക്ഷിക്കാനേ പറ്റുകയുള്ളൂ, കോടതി എന്താണ് വിധിക്കുകയെന്നോ, കോടതിയുടെ അന്തിമ ഉത്തരവെന്താണെന്നോ ഗവൺമെന്റിന് ഇപ്പോൾ പറയാനാകില്ല. ഗവൺമെന്റിന്റെ സ്റ്റാൻഡ് വളരെ വ്യക്തമാണ്. അത് മറ്റൊന്നുമല്ല, ഫീ റെഗുലേറ്ററി കമ്മിറ്റി അംഗീകരിച്ച ഫീസ്

ഗവൺമെന്റ് അംഗീകരിക്കുന്നു. സർക്കാരുമായി കരാറൊപ്പിട്ട കോളേജിൽ ഇരുപത്തിഅയ്യായിരവും രണ്ടര ലക്ഷം രൂപയുമാണ് ഫീസ്. കുട്ടികൾ പലരും എന്നെയും വിളിക്കുന്നുണ്ട്. കുട്ടികളോ രക്ഷിതാക്കളോ ആരും എന്നെ കുറ്റപ്പെടുത്തി സംസാരിച്ചിട്ടില്ല. അവർ അവരുടെ സങ്കടം എന്നോട് പറയുകയും സർക്കാരിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നും ചോദിക്കുകയും ചെയ്യാറുണ്ട്. ഹൈക്കോടതിവിധി വരുംവരെ കാത്തിരിക്കുകയേ നിവൃത്തിയുള്ളൂ എന്നാണ് ഞാൻ അവരോട് പറയുന്നത്. സർക്കാരിന് അതിനിടയിൽ വേറൊന്നും ചെയ്യാൻ സാധിക്കില്ല. ചെയ്യാൻ കഴിയുന്ന കാര്യമല്ലേ പറയാൻ പറ്റുകയുള്ളൂ. കോടതിവിധി ഇങ്ങനെ വരാൻ കാരണമെന്തെന്നാണ് രക്ഷിതാക്കളും കുട്ടികളും ചോദിക്കുന്നത്. കോടതിവിധി എന്തുകൊണ്ടാണ് അങ്ങനെ വന്നതെന്ന് എനിക്ക് പറയാൻ സാധിക്കുമോ? ഫീ റെഗുലേറ്ററി കമ്മിറ്റി അംഗീകരിച്ച 5 ലക്ഷം രൂപ ഫീസ് ഹൈക്കോടതി തള്ളിക്കളയില്ലായെന്ന് ഞങ്ങളിപ്പോഴും പ്രതീക്ഷിക്കുകയാണ്. മാനേജ്മെന്റുകൾ കോടതിയിൽ പോയി, മാർച്ച് മാസം മുതൽ തുടങ്ങിയതാണ് ചർച്ചയും അതുപോലെ ഫീസ് നിശ്ചയിക്കുന്ന കാര്യവും മറ്റ് ഇടപെടലുമെല്ലാം. പിന്നെ ഏറ്റവും കടുത്ത ആരോപണം ഒന്നാംഘട്ട അലോട്ട്മെന്റിൽ എന്തുകൊണ്ട് കൊണ്ടുവന്നില്ല എന്നുള്ളതാണ്. ഒന്നാംഘട്ട അലോട്ട്മെന്റിൽ മാനേജ്മെന്റ് സീറ്റ് മാട്രിക്സ് തന്നില്ല, അവർ കോടതിയിൽ പോയി. ഈ ഗവൺമെന്റ് അലോട്ട്മെന്റ് പ്രോസസ്സ് ഏറ്റവും നന്നായി നടപ്പിലാക്കുന്നതിന് എല്ലാ ഇടപെടലുകളും നടത്തിയിട്ടുണ്ട്. ഇതിനിടയിൽ മാനേജ്മെന്റ് കോടതിയിൽ പോയി ഉണ്ടാക്കിയിട്ടുള്ള പ്രശ്നങ്ങളാണ് ഇതിനകത്തുണ്ടായിട്ടുള്ളത്. അത് സർക്കാരിനാൽ നിയന്ത്രിക്കാൻ കഴിയുന്ന കാര്യമല്ലെന്നുള്ളത് ഈ നാട്ടിലെ ജനങ്ങൾക്കെല്ലാം വ്യക്തമായിട്ടുള്ള കാര്യമാണ്. ഇതിൽ സർക്കാരിന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിയെന്നുപറഞ്ഞ് സഭ നിർത്തി വച്ച് ചർച്ച ചെയ്താലും മറ്റൊന്നും തീരുമാനിക്കാൻ പറ്റില്ല, അത് ഏത് സർക്കാരായാലും ഇതേ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

10.00 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ രക്തത്തിൽ എനിക്ക് പങ്കില്ലെന്നുപറഞ്ഞ് പീലാത്തോസിനെപ്പോലെ കൈകഴുകാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിക്ക് കഴിയില്ലെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. കേരളത്തിലെ സ്വാശ്രയ മേഖലയിലുണ്ടായിരിക്കുന്ന ഈ പ്രശ്നം നിരവധി തവണ

സഭ ചർച്ച ചെയ്തതാണ്. കഴിഞ്ഞ നാലഞ്ചുമാസമായി ഇതുമായി ബന്ധപ്പെട്ട് പുതിയൊരു സാഹചര്യം വന്നതിന്റെ വെളിച്ചത്തിൽ വേഗതയിൽ തീർക്കാൻ കഴിയുന്നൊരു പ്രശ്നമായിരുന്നു ഇത്. കഴിഞ്ഞ ഗവൺമെന്റിനെ കുറ്റപ്പെടുത്തിക്കൊണ്ടാണ് ബഹുമാന്യയായ മന്ത്രി കാര്യങ്ങളെല്ലാം പറയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സാഹചര്യമല്ല നിലവിലുള്ളത്. 85 ശതമാനം സീറ്റും നീറ്റ് മെരിറ്റിൽ അഡ്മിറ്റ് ചെയ്യുന്ന അപൂർവ്വമായ സാഹചര്യം ഇന്ത്യയിലൊട്ടാകെ നിലനിൽക്കുകയാണ്. കർണ്ണാടകത്തിലെ ഫീസ് ആറേകാൽ ലക്ഷം രൂപയാണ്. ആൻഡമാൻ നിക്കോബറിലെ ഫീസ് എത്രയാണെന്ന് ശ്രീ. കെ. ടി. ജലീൽ പറയട്ടെ, അദ്ദേഹത്തിന്റെ മകൾക്ക് അവിടെ അഡ്മിഷൻ ലഭിച്ചതാണല്ലോ? ബഹുമാന്യനായ ശ്രീ. കെ. ടി. ജലീലിന്റെ മകൾക്ക് അവിടെ പോകേണ്ടിവന്നത്.......

മി. സ്പീക്കർ: ആ കുട്ടി നാഷണൽ മെരിറ്റിൽ വന്നതുകൊണ്ടാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ആരുടേയും കുറ്റമല്ല, ഇവിടെ അലോട്ട്മെന്റ് നേരത്തെ നടന്നിരുന്നുവെങ്കിൽ ആ കുട്ടിക്ക് ആൻഡമാനിൽ പോകേണ്ടിവരില്ലായിരുന്നു; ഇവിടെ അഡ്മിഷൻ ലഭിക്കുമായിരുന്നു. രണ്ടുദിവസത്തെ സഭാനടപടികളിൽ പങ്കെടുക്കാതെ അദ്ദേഹത്തിന് അവിടെ പോകണമായിരുന്നോ? കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായ സാഹചര്യമല്ല ഇപ്പോഴുള്ളത്. 85 ശതമാനം മെരിറ്റ് സീറ്റിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ കഴിയുന്ന സാഹചര്യത്തിൽ ഗവൺമെന്റിന്റെ തകരാറുകൊണ്ടാണ്, അവധാനതയില്ലായ്മ കൊണ്ടാണ് നാലഞ്ചുമാസമായി ഈ പ്രശ്നങ്ങളെല്ലാം ഇവിടെ നിലനിൽക്കുന്നത്. മൂന്ന് ഓർഡിനൻസ് ഇറക്കിയതും അഞ്ചര ലക്ഷം അഞ്ചുലക്ഷമാക്കിയതും പത്തംഗ കമ്മിറ്റി അഞ്ചംഗ കമ്മിറ്റിയാക്കിയ കാര്യങ്ങളുമെല്ലാം നേരത്തെ ഇവിടെ പറഞ്ഞ കാര്യമായതിനാൽ അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഓരോ ദിവസവും ഇത്രയും ഉത്തരവുകൾ എന്തിനാണ് ഇവിടെ ഇറക്കുന്നത്; ഓരോ ഉത്തരവും അർദ്ധരാത്രിയിലാണ് വെബ്സൈറ്റിൽ വരുന്നത്. ഇപ്പോൾ എം.ബി.ബി.എസ്.-ന് പ്രവേശനം കാത്തിരുന്ന വിദ്യാർത്ഥികളുടെ വീടുകൾ മരണവീട് പോലെയാണ്. കുട്ടികളാകെ വിഷമത്തിലാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇന്നലത്തെയും ഇന്നത്തെയും വിധി വന്നതോടുകൂടി അവരുടെയെല്ലാം സ്വപ്നങ്ങൾക്കുമേൽ തീ കോരിയിട്ട അനുഭവമാണ് കേരളത്തിലുള്ളത്. പതിനൊന്ന് ലക്ഷം രൂപയുടെ ഫീസ് താങ്ങാൻ ഏത് കുടുംബത്തിന് കഴിയും; അഞ്ച് ലക്ഷം രൂപയുടെ ഫീസ് തന്നെ താങ്ങാൻ കഴിയില്ലെന്ന് പരാതി പറയുന്നവരാണ് കുട്ടികൾ. ആ കുട്ടികളുടെ മുഖത്ത് നോക്കുമ്പോൾ രക്ഷകർത്താക്കളുടെ മനസ്സ് തളരുകയാണ്, അവർ പ്രയാസപ്പെടുകയാണ്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രതിനിധാനം ചെയ്യുന്ന കോട്ടയം നിയോജകമണ്ഡലത്തിലെ കുമാരനല്ലൂരിൽ നിന്നും ഒരു രക്ഷകർത്താവ് മൂന്നുനാല്

തവണയായി എന്നെ വിളിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലെ എത്രയോ സ്ഥലങ്ങളിൽ നിന്നും എത്രയെത്ര ആളുകളാണ് ഞങ്ങളെ വിളിക്കുന്നത്; ഡൽഹിയിൽ നിന്നും ഒരു വിദ്യാർത്ഥിനിയുടെ പിതാവ് എന്നെ വിളിച്ചു. എല്ലാ കുടുംബങ്ങളിലുമുള്ള കുട്ടികൾ വിഷമത്തിലാണ്. സ്വാശ്രയ വിദ്യാഭ്യാസരംഗത്ത് വൻദുരന്തമാണ് ഇന്നുണ്ടായിട്ടുള്ളത്. ഞങ്ങൾ ബഹുമാന്യയായ മന്ത്രിയെ കുറ്റപ്പെടുത്തുകയല്ല. മന്ത്രി യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാത്തതിലുള്ള വേദനകൊണ്ടാണ് പറയുന്നത്. 85 ശതമാനം മെരിറ്റ് സീറ്റിൽ കുട്ടികളെ പ്രവേശിപ്പിക്കാൻ അവസരം ലഭിച്ചിട്ടും ആ സാഹചര്യം നിങ്ങൾ വേണ്ടതുപോലെ ഉപയോഗിച്ചില്ല എന്നുള്ളതാണ് ഞങ്ങളുടെ പരാതി. രാജേന്ദ്രബാബു കമ്മിറ്റി ഫീസ് നിശ്ചയിച്ച് അധികം കഴിയുന്നതിനുമുമ്പു തന്നെ ആ ഫീസിന്റെ അടിസ്ഥാനത്തിൽ പ്രവേശന നടപടികളുമായി മുന്നോട്ടു പോകാൻ ഹൈക്കോടതി സംസ്ഥാന ഗവൺമെന്റിന് അനുവാദം കൊടുത്തു. ഹൈക്കോടതി അനുവദിച്ചിട്ടും എന്തുകൊണ്ട് നിങ്ങൾ അഞ്ച് ലക്ഷം രൂപയുടെ ഫീസ് നടപടികളുമായി മുന്നോട്ടുപോയില്ല; സർക്കാർ പ്രവേശനം നടത്താതെ, നടപടി സ്വീകരിക്കാതെ മെല്ലെപ്പോക്ക് നയം സ്വീകരിക്കുകയാണ് ചെയ്തത്. അന്ന് ഹൈക്കോടതി വിധി അനുസരിച്ച് ആദ്യത്തെ അലോട്ട്മെന്റ് നടത്തിയിരുന്നെങ്കിൽ സ്വാശ്രയ മാനേജ്മെന്റുകൾ സുപ്രീംകോടതിയിൽ പോയാലും അത് നിലനിൽക്കി ല്ലായിരുന്നു. ഫീസ് നിശ്ചയിച്ച് അലോട്ട്മെന്റും കഴിഞ്ഞ് കുട്ടികളും ചേർന്നിട്ട് ഇനിയും ഫീസ് ഘടനയിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറയുമായിരുന്നു. നിങ്ങൾ ആ സാഹചര്യമാണ് നഷ്ടപ്പെടുത്തിയത്. സാധാരണഗതിയിൽ പ്രവേശന നടപടികൾ തുടങ്ങിക്കഴിഞ്ഞാൽ കോടതി ഇടപെടാറില്ല. ഇവിടെ പ്രവേശന നടപടികൾ അവസാനിക്കാൻ ഏതാനും ദിവസങ്ങൾ ബാക്കിനിൽക്കെയാണ് ഫീസിൽ മാറ്റം വന്നത്. ഇത്തരം വിഷയങ്ങൾ കോടതിയെ ബോധ്യപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. മാനേജ്മെന്റിനുവേണ്ടി ഹരീഷ് സാൽവെയും സർക്കാരിനുവേണ്ടി ജെ.ഡി. ഗുപ്തയുമാണ് ഹാജരായത്. ഞാൻ ഒരു വക്കീലിനെയും മോശക്കാരായി പറയുന്നില്ല, പക്ഷേ അദ്ദേഹത്തിന്റെ വാദം തികച്ചും ദുർബ്ബലമായിരുന്നു. സർക്കാർ വേണ്ടരീതിയിൽ കാര്യങ്ങൾ അദ്ദേഹത്തെ പഠിപ്പിച്ചോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. സുപ്രീം കോടതിയിൽ സർക്കാരിന്റെ വാദങ്ങൾ ദുർബ്ബലമായതുകൊണ്ടാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത്തരമൊരു വിധി പുറപ്പെടുവിച്ചത്. ബഹുമാന്യയായ മന്ത്രി പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളിലായാണ് പതിനൊന്ന് ലക്ഷം രൂപയുടെ ഫീസ് ഡെപ്പോസിറ്റും നാൽപ്പത്തിനാല് ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടിയും കൊടുക്കണമെന്ന് പറഞ്ഞത്. സി.എസ്.ഐ. മെഡിക്കൽ കോളേജ്, എം.ഇ.എസ്. മെഡിക്കൽ കോളേജ്, പരിയാരം മെഡിക്കൽ കോളേജ് എന്നീ മൂന്ന് കോളേജുകൾ ഗവൺമെന്റുമായി കരാർ ഒപ്പിട്ടിട്ടുണ്ട്. അതിനവർക്ക് കൊടുത്ത ആനുകൂല്യമാണ്,

അതിനെപ്പറ്റി ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതെന്താണ് ....Notwithstanding the aforesaid agreement entered into providing for interest - free refundable deposit is nothing virtually a capitation fee and this is contrary to direction of the apex court." സ്വാശ്രയ മാനേജ്മെന്റുകളുമായി നിങ്ങൾ ഏർപ്പെടുത്തിയ ഈ കരാർ ക്യാപ്പിറ്റേഷൻ ഫീസാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയെക്കൊണ്ട് പറയിച്ച സാഹചര്യം ഇവിടെ എങ്ങനെയുണ്ടായി? കഴിഞ്ഞ കാലത്തെ കാര്യം നിങ്ങൾ പറയരുത്. നാല് തരം ഫീസ് ഏർപ്പെടുത്തി, നിങ്ങളെങ്ങനെയാണ് ഇവരുമായി ഒപ്പിട്ടത്; ദേശാഭിമാനിയിൽ വന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ലേഖനം ഞാൻ വായിച്ചു, അതിൽ മന്ത്രി തന്നെ പറയുന്നു, ഇത് നിലനിൽക്കുമോയെന്ന് എനിക്കറിയില്ല എന്നാണ്. നാല് തരം ഫീസാണ്. എങ്ങനെ നിങ്ങൾക്ക് ഒപ്പിടാൻ സാധിക്കും? ഇത് നിലനിൽക്കുമോ? പരിയാരത്തിന് ഒരു ഫീസ്, ഗവൺമെന്റ് കോളേജുകൾക്ക് ഒരു ഫീസ്, ഇപ്പോൾ സുപ്രീംകോടതി പറഞ്ഞ പതിനൊന്ന് ലക്ഷം രൂപ ഫീസ്. ഒരു രക്ഷകർത്താവ് എന്തുചെയ്യണം; സാധാരണക്കാരനായ ഒരു രക്ഷകർത്താവിന്റെ മാനസികാവസ്ഥ നമ്മൾ മനസ്സിലാക്കണ്ടേ? കേരളത്തിൽ എം.ബി.ബി.എസ്സിനും ഡെന്റൽ കോളേജുകളിലേയ്ക്കും അഡ്മിഷൻ കാത്തുനിൽക്കുന്ന മുഴുവൻ കുട്ടികളും ഇന്ന് പരിഭ്രാന്തിയിലായിരിക്കുന്ന ഒരു സാഹചര്യമാണുള്ളത്. ബഹുമാന്യയായ മന്ത്രി ഒരു കുഴപ്പവുമില്ലായെന്നാണ് പറയുന്നത്. ഈ ഒരു സാഹചര്യമുണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ആർക്കാണ്? സ്വാഭാവികമായും മാനേജ്മെന്റുകൾ കോടതികളിൽ പോകും, അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. മാനേജ്മെന്റുകൾ കോടതിയിൽ പോയാൽ നമ്മൾ ശരിക്കും വാദിക്കണ്ടേ? ഈ വിധിക്കെതിരെ ഹൈക്കോടതിയിൽ ഒരു വിദ്യാർത്ഥി പോയി. നാല് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ നാല് തരം ഫീസ് ഒപ്പിട്ട സാഹചര്യത്തിൽ കുട്ടികൾ കോടതിയിൽ പോയപ്പോൾ ഒന്നര ദിവസമാണ് ദുഷ്യന്തദേവ എന്ന അഡ്വക്കേറ്റ് വാദിച്ചത്. കേരള ഗവൺമെന്റിനുവേണ്ടി ആരാണ് വാദിച്ചത്; എത്ര മണിക്കൂർ വാദിച്ചു; കേരള ഗവൺമെന്റിന്റെ അഭിഭാഷകൻ ആരാണെന്ന് എനിക്കറിയില്ല, പക്ഷേ അദ്ദേഹം ഒരു മണിക്കൂറിൽ താഴെയാണ് വാദിച്ചത്. അവസാനം ദുഷ്യന്തദേവയുടെ വാദം അംഗീകരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. ഞങ്ങൾ ഗവൺമെന്റിനെ കുറ്റപ്പെടുത്തുക മാത്രമല്ല, ഞങ്ങൾ രാഷ്ട്രീയമായും കാണുകയാണ്. ഈ വർഷം ഇവിടത്തെ വിദ്യാർത്ഥികൾക്കല്ലാതെ ഇന്ത്യയിലെ ഒരു കോളേജുകൾക്കും ഈ പ്രശ്നമില്ല. കർണ്ണാടകത്തിൽ ആറര ലക്ഷം രൂപയാണ് ഫീസ്, അവിടെ എൻ.ആർ.ഐ. ക്വാട്ടയിൽ ആളില്ലെങ്കിൽ അത് മാനേജ്മെന്റ് ആക്കാമെന്ന ചെറിയൊരു ഭേദഗതി അവർ വരുത്തിയിട്ടുണ്ടെന്നതൊഴിച്ചാൽ ആറര ലക്ഷം രൂപയ്ക്ക് അവിടെ പഠിക്കാൻ കഴിയുന്ന അന്തരീക്ഷമുണ്ട്. ഇത് സംബന്ധിച്ച ഒരു പ്രശ്നവും തമിഴ്നാട്ടിലോ കർണാടകത്തിലോ ഇന്ത്യയിലെ മറ്റൊരു

സംസ്ഥാനത്തോ ഇല്ല. ഇത്തരത്തിലുള്ള ദുരഭിമാനവും അവധാനതയില്ലായ്മയും കെടുകാര്യസ്ഥതയുമാണ് കേരളത്തിൽ ഈ പ്രശ്നമുണ്ടാക്കിയതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് ശരിയായ നടപടിയാണോ; ഇനി ഈ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നത്; ശ്രീ. വി.ഡി. സതീശൻ ചോദിച്ചതുപോലെ, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പതിനൊന്ന് ലക്ഷം രൂപയുടെ ഫീസ് ഗവൺമെന്റ് കൊടുക്കുമോ? ഞാൻ ക്രിസ്ത്യൻ മാനേജ്മെന്റുകളെ അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു, അവർ പറഞ്ഞു, ഞങ്ങൾക്ക് അഞ്ച് ലക്ഷം രൂപ മതി. കൊള്ളലാഭം എടുക്കുന്ന കുറേ മാനേജ്മെന്റുകളുണ്ട്. ഈ ഗവൺമെന്റ് അവർക്ക് സൗകര്യം ചെയ്തു കൊടുത്തുകൊണ്ടിരിക്കുകയാണ്. ഫീസ് കൂട്ടിയാലും ഞങ്ങൾക്ക് വേണ്ട എന്നാണ്. അങ്ങനെ പറയുന്ന ആളുകളും ഇവിടെയുണ്ട്, അവരെ നമ്മൾ അഭിനന്ദിക്കണം. അവർ കൊള്ളലാഭം വേണ്ടെന്ന് വയ്ക്കുകയാണ്. അതേസമയം തരം നോക്കി കൊള്ളലാഭമെടുക്കാനും unscrupulous ആയ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്ന മാനേജ്മെന്റുകൾക്ക് ഈ ഗവൺമെന്റ് ഒത്താശ ചെയ്തുകൊടുക്കുകയാണ്. ഈ ഗവൺമെന്റ് വിദ്യാർത്ഥികളുടെ ഭാഗത്തല്ല, മാനേജ്മെന്റുകളുടെ ഭാഗത്താണ്. അവധാനതയോടുകൂടി ഈ വിഷയം കൈകാര്യം ചെയ്തിരുന്നുവെങ്കിൽ അഞ്ച് ലക്ഷം രൂപ എന്ന ഫീസിൽത്തന്നെ ഇത് നിൽക്കുമായിരുന്നു. അത് ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞില്ല.

ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഇന്ത്യയിലെ പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ കൊണ്ടുവന്ന് ഹൈക്കോടതിയിൽ വാദിക്കണം. ഹൈക്കോടതിയിൽ ഇന്നത്തെ വക്കീലന്മാർ വാദിച്ചാൽ ഫീസ് വീണ്ടും ഇരട്ടിയാകും. അതുകൊണ്ട് ദയവായി അത് ചെയ്യരുത്. നിങ്ങൾ പ്രഗത്ഭരായ വക്കീലന്മാരെ കൊണ്ടുവന്ന് വാദിക്കണം. നിങ്ങളെന്തുകൊണ്ട് അത് ചെയ്യുന്നില്ല; കേരളത്തിലെ വിദ്യാർത്ഥികളെ ഇതുപോലെ മുൾമുനയിൽ നിർത്തിയ ഒരു കാലഘട്ടമുണ്ടാകില്ല. പതിനൊന്ന് ലക്ഷം രൂപ കൊടുത്ത് ആര് പഠിക്കും; ആർക്ക് പഠിക്കാൻ കഴിയും; ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ദുരന്തമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അഴിക്കുന്തോറും മുറുകുകയും ഒടുവിൽ അഴിക്കാൻ സാദ്ധ്യമല്ലാതാകുകയും ചെയ്യുന്ന ഒരു കടുംകെട്ടാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഇതഴിക്കാൻ നമുക്ക് നിവൃത്തിയില്ലാതായിരിക്കുന്നു. ഇതിന് പരിഹാരമുണ്ടാകണം. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ അവധാനതയോടുകൂടി പെരുമാറണം. അങ്ങനെ പെരുമാറാത്തതുകൊണ്ടാണ് സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൊള്ളയടിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുത്തത്. അതിൽ ശക്തമായ പ്രതിഷേധം ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നു. സർക്കാരിന്റെ കെടുകാര്യസ്ഥതയാണ് ഇക്കാര്യത്തിലുണ്ടായിരിക്കുന്നത്. ഈ വിഷയത്തിലുള്ള മന്ത്രിയുടെ മറുപടിയിൽ ഞങ്ങൾ തൃപ്തരല്ല. ഇതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. ഒ. രാജഗോപാൽ: സർ, പാവപ്പെട്ടവരുടെ ഗവൺമെന്റാണ് ഇതെന്നാണ് പൊതുവേ പറയപ്പെടുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ, ഒരു മന്ത്രിയുടെ മകൾക്കുപോലും നീതി ലഭിക്കാത്ത, നല്ല രീതിയിൽ അഡ്മിഷൻ ലഭിക്കാത്ത സാഹചര്യമാണുണ്ടായിരിക്കുന്നത്. കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയെ ഇല്ലാതാക്കി എന്ന് പറയുന്ന രീതിയിലേക്ക് ഈ പ്രശ്നത്തെ മാറ്റിയിരിക്കുന്നു. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ ഗൗരവം കാണാതെ പരസ്പരം കുറ്റം പറയാൻ മാത്രം സമയം ചെലവഴിച്ച് ജനങ്ങളെ ദുഃസ്ഥിതിയിലെത്തിച്ച കാര്യത്തിൽ ഞാൻ പ്രതിഷേധിക്കുന്നു. ഞാൻ വാക്കൗട്ട് ചെയ്യുന്നു.

മി. സ്പീക്കർ: മന്ത്രിയുടെ മകൾക്ക് നാഷണൽ മെരിറ്റിൽ അഡ്മിഷൻ ലഭിച്ചതുകൊണ്ട് അവിടേയ്ക്ക് പോയതാണ്.

ശ്രീ. ഒ. രാജഗോപാൽ: സർ, സാധാരണക്കാരന്റെ ഒരു ഗവൺമെന്റാണ് ഇവിടെയുള്ളതെന്നാണ് പറയപ്പെടുന്നത്. സാധാരണക്കാർക്ക് മാത്രമല്ല, മന്ത്രിയുടെ മകൾക്കുപോലും നീതി ലഭിക്കാൻ വേണ്ടി ആൻഡമാൻ ദ്വീപിലും സിക്കിമിലും പോകേണ്ട ഗതി വന്നുവെന്നുപറഞ്ഞാൽ പരാജയത്തിന്റെ പ്രത്യക്ഷമായ തെളിവല്ലേ ; അതിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടത് ആവശ്യമാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ ശക്തമായി പ്രതിഷേധിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

## വ്യക്തിപരമായ വിശദീകരണം

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ ഒരു പരാമർശം നടത്തുകയുണ്ടായി. എന്റെ മകൾക്ക് അഖിലേന്ത്യാ ക്വാട്ടയിൽ 50 ശതമാനം മാർക്കിലാണ് അവിടെ അഡ്മിഷൻ ലഭിച്ചത്. ഞാൻ ഒരിക്കലും സ്വാശ്രയ കോളേജിൽ ചേർക്കാൻ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടാണ് അഖിലേന്ത്യാ ക്വാട്ടയിൽ സെമസ്റ്റർ ട്യൂഷൻ ഫീസായ 18,000 രൂപയിൽ പഠിപ്പിക്കാൻ ചേർക്കാൻ പോയത്. അല്ലാതെ സ്വാശ്രയ കോളേജിന്റെ അഡ്മിഷൻ വരട്ടെ എന്ന് പ്രതീക്ഷിച്ച് നിന്നിട്ടില്ല. 5 ലക്ഷം രൂപയാണ് ഫീസെങ്കിൽപ്പോലും ഒരിക്കലും ചേർക്കാൻ കഴിയുമായിരുന്നില്ല. അക്കാര്യം ഞാനിവിടെ വ്യക്തമാക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ...പ്ലീസ്...പ്ലീസ്....

(യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടു ത്തിക്കൊണ്ടിരുന്നു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) തെക്കുപടിഞ്ഞാറൻ കാലവർഷം

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കഴിഞ്ഞ വർഷം തെക്കുപടിഞ്ഞാറൻ കാലവർഷം ലഭിച്ചതിൽ 34 ശതമാനം കുറവാണുണ്ടായിട്ടുള്ളത്. ഈ വർഷം തെക്കുപടിഞ്ഞാറൻ കാലവർഷം ലഭിച്ചതിൽ ഇതിനോടകം തന്നെ 27 ശതമാനം കുറവ് വന്നിട്ടുണ്ട്. സെപ്റ്റംബർ ആകുമ്പോഴേക്കും കാലവർഷത്തിന്റെ ലഭ്യതയുടെ അളവ് ഇനിയും കുറയാനാണ് സാധ്യതയുള്ളത്. വരൾച്ചയും കൃഷിനാശവും സംഭവിച്ചതുകൊണ്ടാണ് രാജ്യത്ത് കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ആത്മഹത്യകളിൽ ഭൂരിഭാഗവുമുണ്ടാകുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് ആത്മഹത്യാനിരക്ക് കുറവാണെങ്കിലും സംസ്ഥാനത്ത് ഇപ്പോൾ രൂപം കൊണ്ടിരിക്കുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ആത്മഹത്യയുടെ എണ്ണം കൂടാനാണ് സാധ്യത. അതോടൊപ്പം ജലജന്യരോഗങ്ങൾമൂലമുള്ള അപകടസാധ്യതകളും വർദ്ധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന്റെ തെളിവായിട്ടാണ് സംസ്ഥാനത്ത് വർഷങ്ങൾക്കുമുമ്പ് നിർമ്മാർജ്ജനം ചെയ്തതായ കോളറപോലുള്ള പകർച്ചവ്യാധികൾ തിരിച്ചുവരുന്നത്. ഇത്തരം പ്രശ്നങ്ങൾ ഗുരുതരമായി വരാതിരിക്കാനും പ്രതിരോധിക്കാനും സംസ്ഥാനത്തെ സംവിധാനങ്ങൾ ഉണർന്ന് പ്രവർത്തിച്ചേ മതിയാകൂ. കേന്ദ്രകൃഷി മന്ത്രാലയം 2016-ൽ പുറത്തിറക്കിയ ഡ്രൗട്ട് മാനേജ്മെന്റ് മാനുവലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാഹചര്യം മുൻനിർത്തി സംസ്ഥാനത്തിന്റേതായ ഒരു ഡ്രൗട്ട് മാനേജ്മെന്റ് മാനുവൽ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ഇതോടൊപ്പം താഴെ പറയുന്ന കാര്യങ്ങളിൽ സർക്കാർ അതീവപ്രാധാന്യം കൽപ്പിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

1. ജലവിഭവം, റവന്യൂ, വനം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വരൾച്ചാനിവാരണത്തിനും പ്രതിരോധത്തിനുമായി ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രത്യേകമായി സ്ഥിരം സമിതികൾ രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ സമിതികൾ പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗരേഖ ഡ്രൗട്ട് മാനേജ്മെന്റ് മാന്വലിൽ കൃത്യമായി പ്രതിപാദിക്കണം.

2. നിലവിലുള്ള ഡാമുകളിലെ ജലനിരപ്പ് സൂചികയ്ക്കനുസരിച്ച് വെള്ളത്തിന്റെ കണക്ക് പറയുന്നുണ്ടെങ്കിലും ഡാമിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മാലിന്യങ്ങളും ഇതിൽ ഉൾപ്പെടുമെന്നുള്ള വസ്തുത നാം വിസ്മരിക്കുന്നു. ജലസംഭരണ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ ചെയ്തതുപോലെ ചെളി മാറ്റാനുള്ള സംവിധാനം ഇവിടെയും ഏർപ്പെടുത്തണം. വരൾച്ചാ പ്രതിരോധത്തിനും കാർഷികമേഖലയിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധചെലുത്തേണ്ടത് അത്യാവശ്യമാണ്. വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ പല പദ്ധതികളും ഇന്നും പൂർത്തീകരിച്ചിട്ടില്ല. കൂടാതെ, വർഷംതോറും കേന്ദ്രം അനുവദിക്കുന്ന തുക വിനിയോഗിക്കാത്തതിനനുസരിച്ച് വാർഷിക പദ്ധതി വിഹിതത്തിലും കുറവ് വന്നിരിക്കുകയാണ്. ഉദാഹരണമായി, കൃഷിക്കും ജലസേചനത്തിനും കൃഷി സംരക്ഷണത്തിനും പ്രാധാന്യം നൽകി 2015-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതിയുടെ സംസ്ഥാനതല പ്ലാനുകൾപോലും സമർപ്പിച്ചത് ഈയിടെയാണ്. കുടിവെള്ളത്തിനായുള്ള ജലക്രാന്തി, ജലഗ്രാമം പദ്ധതികളുടെ അവസ്ഥയും ഇതിന് സമാനമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

3. വരൾച്ചാമേഖലയായി പ്രഖ്യാപിച്ചുകഴിഞ്ഞാൽ കേന്ദ്രത്തിനാവശ്യമായ വിവരങ്ങൾ കൃത്യസമയത്തുതന്നെ കൈമാറാനും വരൾച്ചമൂലമുണ്ടായ നഷ്ടങ്ങൾ തിട്ടപ്പെടുത്തി കേന്ദ്രത്തിന് യഥാസമയം കൈമാറി നഷ്ടപരിഹാരം വാങ്ങുന്നതിനും കൃത്യതയോടെ വകുപ്പുകൾ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. 2016-17-ൽ വരൾച്ചാദുരിതാശ്വാസത്തിനായി നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാടിന് 1793.6 കോടി രൂപയും കർണ്ണാടകത്തിന് 1782.44 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഈ തുക കേന്ദ്രസംസ്ഥാനങ്ങൾക്ക് നൽകുക കേന്ദ്രനികുതിയുടെ 42 ശതമാനത്തിന്

പുറമേയാണ്. എന്നാൽ കേരളം സമർപ്പിച്ചതിൽ യാതൊരു തീരുമാനവും കേന്ദ്രസർക്കാർ ഇതുവരെ കൈക്കൊണ്ടിട്ടില്ല. മാത്രമല്ല, വരൾച്ചമൂലം സംസ്ഥാനത്തിന് കുടിവെള്ളക്ഷാമമാണ് കൂടുതലുണ്ടായിട്ടുള്ളതെന്നും കൃഷിക്ക് വലിയ നാശനഷ്ടം ഉണ്ടായിട്ടില്ലെന്നുമാണ് അനൗദ്യോഗികമായി അറിയാൻ കഴിയുന്നത്. അങ്ങനെയാണോ എന്നുള്ളത് വ്യക്തമാക്കണം. ഇത്തരത്തിലുള്ള സാഹചര്യങ്ങളെ പ്രതിരോധിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതോടൊപ്പം സമയ ബന്ധിതമായി തുക ലഭ്യമാക്കുന്നതിനും സർക്കാർ സമ്മർദ്ദം ചെലുത്തേണ്ടത് വളരെ അത്യാവശ്യമാണ്.

4. വരൾച്ചയ്ക്ക് കാരണമാകുന്ന കാലാവസ്ഥാ വ്യതിയാനവും അതേത്തുടർന്നുണ്ടാകുന്ന ആഗോളതാപനവും ഒരു വസ്തുത തന്നെയാണ്. വികസ്വര രാജ്യങ്ങളിലെ വ്യവസായവത്കരണത്തിന്റെ പരിണിതഫലമായാണ് ഇത് സംഭവിക്കുന്നത്. അതോടൊപ്പംതന്നെ വികസ്വര രാജ്യങ്ങളുടെ ക്രമാതീതമായ നഗരവത്കരണവും ഇതിന്റെ തോത് വർദ്ധിപ്പിക്കുന്നു. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളെ പ്രതിരോധിക്കുന്നതിനും അതിനനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ ലോകത്തിന്റെ പലഭാഗത്തും നടന്നുവരികയാണ്. ഇതിൽ പ്രധാനമായ ഒന്നാണ് ഗ്രീൻ ക്ലൈമറ്റ് ഫണ്ട്. (G.C.F.) വികസിത രാജ്യങ്ങൾ അവരുടെ മലിനീകരണ തോതിന്റെ അടിസ്ഥാനത്തിൽ വികസ്വര രാജ്യങ്ങൾക്ക് നൽകുന്ന ഫണ്ട് എന്ന നിലയിൽ ഇത് അവകാശപ്പെടാൻ നമ്മുടെ രാജ്യത്തിന് അവകാശമുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് നേടിയെടുക്കുന്നതിനായി നബാർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ ക്ലൈമറ്റ് ഫണ്ടിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാനങ്ങൾക്ക് പദ്ധതികൾ സമർപ്പിക്കാമെന്നിരിക്കെ, വരൾച്ചാ പ്രതിരോധവുമായി ബന്ധപ്പെട്ട ബൃഹത്തായ പദ്ധതികൾ കേരളത്തിന് ഇതുവരെ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഒരുവർഷമായി ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പല കാരണങ്ങളാൽ പദ്ധതികൾ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം ഇന്റർനാഷണൽ ഗ്രാന്റുകൾ നമുക്ക് ലഭ്യമാക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ഇത്തരം ബൃഹത്തായ പദ്ധതികൾ സംസ്ഥാനത്തിന്റെ മാത്രം ഫണ്ടുപയോഗിച്ച് നടപ്പിലാക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്.

5. ഇനി ലോകം അഭിമുഖീകരിക്കാൻ പോകുന്ന യുദ്ധം ജലത്തിന് വേണ്ടി യാണെന്ന് പറയുന്നത് ഏറെക്കുറെ ശരിയായി വരുന്ന സൂചനകൾ ലഭിക്കുന്നുണ്ട്. വരൾച്ച നേരിടുന്നതിനായി നമുക്കർഹതപ്പെട്ട വെള്ളം മറ്റ് സംസ്ഥാനങ്ങൾ കൊണ്ടുപോകുന്നത് തടയുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഏകോപിപ്പിക്കാനും നടപ്പിലാക്കാനും നമ്മുടെ വകുപ്പുകൾ പ്രയത്നിക്കുന്നുണ്ടെങ്കിലും തമിഴ്നാടിന്റെ അനധികൃത നിർമ്മാണ പ്രവൃത്തികൾ നമ്മളിൽ അസ്വസ്ഥത സൃഷ്ടിക്കുന്നുണ്ട്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം.

ഭാരതപ്പുഴയിലേക്ക് കുടിവെള്ളത്തിനുവേണ്ടി വിട്ടുകൊടുത്ത വെള്ളം രണ്ട് ദിവസമായി തമിഴ്നാട് കൊണ്ടുപോകുന്നതായി പത്രവാർത്തകളുണ്ട്. അവരുടെ പ്ലാൻ കണ്ടാൽ ഭാരതപ്പുഴയുമായി ബന്ധപ്പെട്ടുള്ള 37 കുടിവെള്ള സ്രോതസ്സുകൾക്കും അടുത്ത പ്രാവശ്യം വെള്ളം കിട്ടാത്ത അവസ്ഥ വരാൻ പോകുന്നെന്ന് തോന്നും. 44 നദികളുണ്ടെന്ന് അവകാശപ്പെടുന്ന നാം അതിലെ ഭൂരിഭാഗം വെള്ളവും കടലിലേക്ക് ഒഴുക്കിവിടുകയാണ്. കുടിവെള്ളത്തിനും കാർഷികാവശ്യങ്ങൾക്കുമായി പുതിയ സ്രോതസ്സുകൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ സർക്കാർ വൻകിട ജലസേചന പദ്ധതികൾ ഒഴിവാക്കുന്നതിനുപകരം അതിന്റെ ആവശ്യകത യെക്കുറിച്ചുള്ള ശാസ്ത്രീയപഠനം നടത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്ന രീതിയിലുള്ള ബൃഹത്തായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ജലസേചന പദ്ധതികൾക്കുള്ള തുക വകയിരുത്താനുള്ള നടപടി സ്വീകരിക്കുകയും വേണം. വരൾച്ചയെ നേരിടുന്നതിനായി ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കുന്നതിനും അതിന്മേൽ നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും കൂടുതൽ ശക്തമായ നിയമം കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം. മേൽ സൂചിപ്പിച്ചതുപോലെ വരൾച്ച ഏറ്റവും കൂടുതൽ ബാധിക്കുന്നത് കർഷകരെയും കർഷകത്തൊഴിലാളികളെയുമാണ്. ഉദാഹരണത്തിന്, പാലക്കാട് ജില്ലയിൽ സർക്കാരിന്റെ നിർദ്ദേശപ്രകാരം രണ്ടാംവിള കൃഷി ചെയ്യാൻ കഴിയാത്തവർക്കും കൃഷി നശിച്ചവർക്കും നഷ്ടപരിഹാരം നൽകാമെന്ന് ബഹു. മുഖ്യമന്ത്രി സർവ്വകക്ഷി യോഗത്തിൽ പറഞ്ഞതാണ്. ആ നഷ്ടപരിഹാരത്തുക ഇതുവരെ ലഭിച്ചിട്ടില്ല. മഴലഭ്യത കുറഞ്ഞതുമൂലം ഒന്നാം വിളകൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ കൃഷിക്കാരും കർഷകത്തൊഴിലാളികളും ജപ്തി ഭീഷണിയിലും കടക്കെണിയിലുമാണ്. ഇത്തരത്തിൽ കഷ്ടപ്പെടുന്ന കർഷകരുടെ ബാദ്ധ്യത വീട്ടുന്നതിനും അവരുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള തുക നൽകുന്നതിനും സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കണം. ഇതിനായി സെസ്സ് പോലുള്ള നികുതിയിൽ ഇളവ് വരുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ ശ്രദ്ധിക്കണം. ഇത്രയും കാര്യങ്ങളാണ് അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരാനുള്ളത്. ഇതിന് അടിയന്തര പരിഹാരമുണ്ടാ ക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ വിശദമായ അവതരണമാണ് ഇവിടെ നടന്നത്. അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങൾക്കും വിശദമായ മറുപടി പറയാൻ ഇപ്പോൾ ഞാൻ തയ്യാറാകുന്നില്ല. കാരണം, അത്രമാത്രം വിഷയങ്ങളാണ് ഇതിലടങ്ങിയിട്ടുള്ളത്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജലത്തിന്റെ ഉപയോഗവും നിർണ്ണായക ഘട്ടങ്ങളിൽ അനുഭവപ്പെടുന്ന മഴക്കുറവും നിലവിലുള്ള ജലസ്രോതസ്സുകളുടെ മലിനീകരണവും സൃഷ്ടിക്കുന്ന പ്രതിസന്ധി നേരിടുന്നതിനായി ഹരിത കേരളം മിഷന്റെ ഭാഗമായി ജലമിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മഴ കുറഞ്ഞുവരുന്ന സ്ഥിതിയിൽ നിലവിലുള്ള പ്രാദേശിക ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പുനരുജ്ജീവിപ്പിച്ച് നാട്ടിലെ ജലസുരക്ഷ പരമാവധി ഉറപ്പാക്കുകയെന്ന സമീപനം സർക്കാർ സ്വീകരിക്കുകയുണ്ടായി. ഇതിന്റെ ഫലമായി കഴിഞ്ഞ ഒരു വർഷക്കാലമായി 3031 പൊതു കിണറുകൾ നിർമ്മിക്കുകയും 15022 പൊതു കിണറുകൾ മഴവെള്ള റീ-ചാർജ്ജിംഗിന് ഉതകുംവിധം വൃത്തിയാക്കുകയും ചെയ്തു. 3855 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 13247 കുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തതോടൊപ്പം 2467 കിലോമീറ്റർ തോടുകളും 1481 കിലോമീറ്റർ കനാലുകളും വൃത്തിയാക്കിയിട്ടുണ്ട്. വിവിധ ഉപനദികൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹിക കൂട്ടായ്മയുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. ജലമാണ് ജീവനെന്ന ക്യാമ്പെയിൻ വഴി ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ബോധവൽക്കരണവും നടത്തി. ലഭിക്കുന്ന മഴവെള്ളം പരമാവധി സംഭരിച്ച് ഉപയോഗിക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമം സ്വീകരിക്കുന്നതിന്റെ ഫലമായി കിണറുകളിലെ മഴവെള്ള പരിപോഷണം, കൂടുതൽ കിണറുകളും തടയണകളും നിർമ്മിച്ച് ജലസംഭരണം തുടങ്ങിയ പ്രവൃത്തികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി കർമ്മസമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കേരളത്തിൽ ജല ദൗർലഭ്യം നേരിടുന്ന ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് എന്നീ ബ്ലോക്കുകളിൽ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി ഈ വർഷം ഏറ്റെടുക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 1971141 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് 3115 പ്രവൃത്തികൾ ഈ മൂന്ന് ബ്ലോക്കുകളിൽ നിർവ്വഹിക്കപ്പെടും. ഇതിന്റെ ഫലമായി ഏകദേശം 8082 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ മാത്രം നടക്കും. ഈ വർഷം ഇതുവരെ മഴയുടെ ലഭ്യതയിൽ സാരമായ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ സൂക്ഷ്മമായി സ്ഥിതി നിരീക്ഷിച്ചുവരികയാണ്. മഴക്കുറവുമൂലം കേരളം നേരിടേണ്ടിവരുന്ന പ്രതിസന്ധിയെ സംബന്ധിച്ച് റൂൾ 300 പ്രകാരമുള്ള ഒരു പ്രസ്താവന സഭയിൽ നടത്താനും ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, മഹാരാഷ്ട്രയിലും തമിഴ്നാട്ടിലുമൊക്കെ കുളങ്ങളിലെയും ഡാമുകളിലെയും ചെളിയെടുക്കുന്നതിന് സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്. അതിലൂടെ സർക്കാരിന് വരുമാനവും കിട്ടും. ആ തരത്തിൽ പ്രവർത്തിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സർവ്വകക്ഷി യോഗത്തിൽ കൃഷി ചെയ്യേണ്ടെന്ന് പറഞ്ഞ കൃഷിക്കാർക്കും കൃഷി നഷ്ടപ്പെട്ട കർഷകർക്കും നഷ്ടപരിഹാരം കൊടുക്കാമെന്ന് പറഞ്ഞിരുന്നു. അത് കൊടുക്കാനുള്ള നടപടിയുണ്ടാകുമോ;

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ചെളിയെടുക്കുകയെന്ന് പറയുന്നത് പൊതുവിൽ നടക്കേണ്ട കാര്യമാണ്. അക്കാര്യം സംബന്ധിച്ച് സർക്കാർതന്നെ പരിശോധിച്ചുവരുന്നുണ്ട്. എങ്ങനെയാണ് നടപടികൾ സ്വീകരിക്കാൻ കഴിയുകയെന്നത് ആലോചനയിലുള്ള കാര്യമാണ്. മറ്റു കാര്യങ്ങൾ വിശദമായി പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

## (2) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള 180 രൂപയുടെ ധനസഹായ പദ്ധതി റബ്ബർ കർഷകരുടെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 200 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഓരോ പ്രശ്നത്തിലും ഗവൺമെന്റിന്റെ സമീപനം ശരിയായ നിലയിലല്ല; ഇന്ന് പ്രതിപക്ഷം ഉന്നയിച്ച മെഡിക്കൽ അഡ്മിഷനുവേണ്ടി കൊടുക്കേണ്ടിവരുന്ന 11 ലക്ഷം രൂപ ഫീസെന്ന ദുരവസ്ഥയുടെ പ്രശ്നമുന്നയിച്ചിട്ട് ആ വിഷയത്തിലും സത്യസന്ധമായ പരിശോധനയ്ക്കോ ആത്മാർത്ഥമായ ഇടപെടലിനോ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഞങ്ങളും ആ വിഷയത്തിൽ വാക്കൗട്ട് നടത്തുകയുണ്ടായി. ഇത്തരം വിഷയങ്ങളിലെല്ലാം ഗവൺമെന്റ് എടുക്കുന്ന സമീപനം ശരിയായ രീതിയിലാണോ; ഇവിടെ ഗുരുതരമായ ആശങ്കയും പ്രതിസന്ധിയുമുണ്ടെന്നത് വസ്തുതയാണ്. ഇതുതന്നെയാണ് റബ്ബർ കർഷകരുടെ വിഷയത്തിനുമുള്ളത്.

ഞാൻ ഇതിനുമുമ്പും ഈ പ്രശ്നം സഭയിലുന്നയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ പ്രാവശ്യം ഈ പ്രശ്നം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ വിഷയത്തിൽ ഇടപെടുകയും മറുപടി നൽകുകയും പരിഹാരമുണ്ടാക്കുമെന്ന് പറയുകയും ചെയ്തിരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള പദ്ധതി ഇന്ന് ഇഴഞ്ഞുനീങ്ങുന്ന അവസ്ഥയിലാണ്. 180 രൂപയുടെ ധനസഹായ പദ്ധതി 200 രൂപയാക്കി വർദ്ധിപ്പിക്കണമെന്നാണ് ഞങ്ങളുന്നയിക്കുന്ന ആവശ്യം. അതിന്റെ പ്രധാനപ്പെട്ട കാരണം, ഈ പദ്ധതി തുടങ്ങുന്ന സമയത്ത്, 80-85 രൂപ റബ്ബറിന് വിലയുണ്ടായിരുന്ന സമയത്ത് 180 രൂപയ്ക്ക് റബ്ബർ സംഭരിക്കുമ്പോൾ സർക്കാരിന്

നഷ്ടം വരുന്നത് 65 രൂപയാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ശ്രീ. കെ. എം. മാണി ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഇത് കൊണ്ടുവരുമ്പോഴും 65 രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുണ്ട്. ഇന്ന് മാർക്കറ്റിലെ വ്യാപാരവില 126 രൂപയാണ്. റബ്ബർ ബോർഡിന്റെ വില 129 രൂപയാണ്. സർക്കാരിന് യഥാർത്ഥത്തിൽ നഷ്ടം വരുന്നത് 21 രൂപ മാത്രമാണ്. ഗവൺമെന്റ് 40/-രൂപകൂടി കൊടുത്താൽ 200 രൂപയ്ക്ക് യു.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് നടപ്പാക്കിയതുപോലെതന്നെ ഇപ്പോഴും ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. റബ്ബർ കർഷകരുടെ ഇന്നത്തെ അവസ്ഥ കണക്കിലെടുത്തുകൊണ്ട് ധനസഹായം 200 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതിയുമായി ബന്ധപ്പെട്ടെടുക്കുന്ന നിലപാട് വളരെ നിർഭാഗ്യകരമായി ട്ടുള്ളതാണെന്നതാണ്. ഇതുവരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തെന്നായിരിക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും മറുപടി പറയുക.

ഞാൻ മനസ്സിലാക്കുന്നത്, രണ്ടാം ഘട്ടത്തിൽ കോടിക്കണക്കിന് രൂപയുടെ ബിൽ വന്നപ്പോൾ 151 കോടി രൂപ മാത്രമാണ് റബ്ബർ കർഷകർക്കുവേണ്ടി പാസ്സാക്കി കൊടുത്തിട്ടുള്ളതെന്നാണ്. ഇപ്പോൾ പാസ്സാകാതെ കിടക്കുന്ന ബില്ലുകൾ നിരവധിയാണ്. റബ്ബർ കർഷകരുടെ ബിൽ ചെല്ലുമ്പോൾ ഒച്ച് ഇഴയുന്നതുപോലെയുള്ള സമീപനമാണ് ധനകാര്യ വകുപ്പ് സ്വീകരിക്കുന്നത്. അതിന്റെ കാരണം 2016 ഒക്ടോബർ-നവംബർ മാസങ്ങളിലും 2017 മാർച്ച് മുതൽ ഇതുവരെയുള്ള മാസങ്ങളിലും റബ്ബർ ഉൽപ്പാദക സംഘങ്ങൾ മുഖേന സമർപ്പിച്ച ബില്ലുകൾ പാസ്സാക്കിയിട്ടില്ലെന്നു ള്ളതാണ്. ഈ ബില്ലുകൾ പാസ്സാക്കി കൊടുക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായി മാത്രം ഈ പദ്ധതിയിൽ തുക വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ പറയുന്നില്ല; കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവശ്യമായ സഹായങ്ങൾ ഉണ്ടാകേണ്ടതുണ്ട്. നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയമനുസരിച്ച് 500 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും നേടിയെടുക്കണമെന്ന് പറഞ്ഞിരുന്നു. പക്ഷെ സംസ്ഥാന ഗവൺമെന്റ് അതിനു വേണ്ടി കാര്യമായ ശ്രമം നടത്തുന്നതായി കാണാൻ കഴിയുന്നില്ല. ഗവൺമെന്റ് ഈ വിഷയത്തെ നിസ്സാരമായി കാണുന്നെന്നാണ് ഞങ്ങൾക്ക് തോന്നുന്നത്. കേന്ദ്ര ഗവൺമെന്റിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അവർ തുക തരാൻ തയ്യാറാകുന്നില്ല. നമ്മൾ പെട്രോൾ, ഡീസൽ ഇനത്തിൽ കൊടുക്കുന്ന സെസ്സിൽ നിന്നുള്ള കേരളത്തിനവകാശപ്പെട്ട ആയിരം കോടി രൂപ കേന്ദ്രസർക്കാരിലുണ്ടെന്ന കാര്യം നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. ഈ കാര്യം പാർലമെന്റിലും ഉന്നയിച്ച വിഷയമാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് 500 കോടി

രൂപ ഈ പദ്ധതിക്കുവേണ്ടി നേടിയെടുക്കാൻ ആത്മാർത്ഥമായ ശ്രമം നടത്തേണ്ടതുണ്ട്, അതിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രികൂടി മുൻകയ്യെടുത്തു കൊണ്ട് പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേന്ദ്രസർക്കാരിന്റെ കർഷകവിരുദ്ധ നിലപാടിനെ ശക്തമായി ഞാൻ വിമർശിക്കുകയാണ്. കാരണം, റബ്ബർ കർഷകർക്ക് ബുദ്ധിമുട്ടുണ്ടായപ്പോൾ അവരെ സഹായിക്കുന്നതിനുപകരം റബ്ബർ ഇറക്കുമതി ചെയ്യാനാണ് കേന്ദ്രഗവൺമെന്റ് തയ്യാറായത്. കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിലായി 70,000 ടൺ റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. ഈ നടപടി ഇരുട്ടടിപോലെ ഇരട്ടി ദ്രോഹമായിട്ടാണ് കർഷകർക്കുമേലുണ്ടായത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് റബ്ബർ ഇറക്കുമതി നിർത്തിവയ്ക്കാനുള്ള ഇടപെടൽ നടത്തേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വളരെ ആത്മാർത്ഥമായ പരിശ്രമം ഈ കാര്യത്തിൽ നടത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും ലഭിച്ച മറുപടിയനുസരിച്ച് ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി റബ്ബർ തടിക്ക് പതിനെട്ട് ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. വിലയിടിവ് പോലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നതിനിടയിൽ റബ്ബർ തടിക്ക് പതിനെട്ട് ശതമാനം നികുതികൂടി ഏർപ്പെടുത്തുന്നത് കർഷകർക്ക് ഏറ്റവും വലിയ ദ്രോഹമായി മാറും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായത്തോടെ റബ്ബർ തടിക്ക് ഏർപ്പെടുത്തിയ പതിനെട്ട് ശതമാനം നികുതി നിർദ്ദേശം പിൻവലിപ്പിക്കുന്നതിനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ഈ ശ്രദ്ധ ക്ഷണിക്കലിന്റെ തുടക്കത്തിൽ പറഞ്ഞതുപോലെ ആരോഗ്യവകുപ്പിൽ ആശങ്കകളുണ്ടായിരിക്കുന്നതുപോലെ തന്നെ നെല്ലിന്റെ കാര്യത്തിലും റബ്ബറിന്റെ കാര്യത്തിലും തുകയെല്ലാം നൽകിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയും. പക്ഷെ അങ്ങ് വസ്തുതാപരമായി പരിശോധിക്കേണ്ട കാര്യമാണിത്. മാസങ്ങളായി കുടിശ്ശിക കിടക്കുകയാണ്. ഈ പദ്ധതിതന്നെ അപകടത്തിലാകുന്ന സ്ഥിതിയാണുള്ളത്. വലിയൊരു പ്രതിസന്ധി റബ്ബർ കർഷകർക്കുണ്ടായപ്പോഴാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. ഈ പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുകയെന്നത് കേരളത്തിന്റെ ആവശ്യമാണ്, റബ്ബർ കർഷകരെ സംരക്ഷിക്കുന്ന തിനാവശ്യമാണ്. നെൽകർഷകരുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ മറുപടി പറഞ്ഞിട്ട് എന്തെങ്കിലും നടപടി

സ്വീകരിച്ചിട്ടുണ്ടോ? 32 കോടിയോളം രൂപയാണ് അപ്പർ കുട്ടനാട്ടിൽ നെല്ല് സംഭരിച്ച ഇനത്തിൽ കുടിശ്ശികയായി കൊടുക്കാനുള്ളത്. വസ്തുതാപരമായി അങ്ങ് ഈ കാര്യങ്ങൾ പരിശോധിക്കണം.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. ആറ് മിനിട്ട് കഴിഞ്ഞു.

ശ്രീ. മോൻസ് ജോസഫ് : സർ നെല്ല് സംഭരണ ഇനത്തിലുള്ള കുടിശ്ശികയും കൊടുത്തുതീർക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം റബ്ബറിന് 200 രൂപയായി റബ്ബർ വിലസ്ഥിരതാ പദ്ധതി വർദ്ധിപ്പിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. ഈ വിഷയങ്ങളിന്മേൽ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ സഹകരണം പ്രതീക്ഷിച്ചു കൊണ്ട് നിർത്തുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഈ വിഷയം പല രീതിയിലും ഗവൺമെന്റ് ചർച്ച ചെയ്ത കാര്യമാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല ഇത്. റബ്ബറുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനമെന്ന് പറയുന്നത് കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന നയമാണെന്ന് ബഹുമാനപ്പെട്ട അംഗത്തിനും ഈ സഭയ്ക്കും അറിയാവുന്ന കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സഭയിൽ ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചത്.

സ്വാഭാവിക റബ്ബറിന്റെ വിലയിൽ ഏറ്റക്കുറച്ചിലുണ്ടാകുന്നതും വില താഴുന്നതു മുൾപ്പെടെയുള്ള കാര്യങ്ങൾ റബ്ബർ കർഷകർക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കുന്നുണ്ട്. ആർ.എസ്.എസ്.-ഗ്രേഡ് സ്വാഭാവിക റബ്ബറിന് 2011 ഏപ്രിൽ 5-ന് കിലോഗ്രാമിന് 245 രൂപയുണ്ടായിരുന്ന സ്ഥാനത്ത് 11-8-2017-ൽ 113 രൂപയായി. അന്നേ ദിവസത്തെ അന്താരാഷ്ട്ര മാർക്കറ്റ് വില 116.73 രൂപയായിരുന്നു. സ്വാഭാവിക റബ്ബറിന്റെ വില താഴുന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി നേരിടുന്നതിനും റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനുമായി കിലോഗ്രാമിന് 150 രൂപ താങ്ങുവില പ്രഖ്യാപിച്ചുകൊണ്ട് റബ്ബർ കർഷകർക്ക് സാമ്പത്തികസഹായം നേരിട്ട് ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെയാണ് സർക്കാർ 3-7-2015-ലെ ഉത്തരവുപ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വിലവ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് രണ്ടാഴ്ചയിലൊരിക്കലാണ് സബ്സിഡി തുക കർഷകർക്ക്

നൽകുന്നത്. അഞ്ച് ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ട് ഹെക്ടറിലുള്ള റബ്ബർ കൃഷിക്കാണ് ആനുകൂല്യം നൽകുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനുള്ള ആനുകൂല്യമാണ് ഈ പദ്ധതിയിൽ നൽകുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ രണ്ടാം ഘട്ടം 2017 ജൂണിൽ അവസാനിച്ചു. മൂന്നാം ഘട്ടം 2017 ജൂലൈ മാസത്തിൽ തുടങ്ങി 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നടപ്പാക്കിവരികയാണ്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവർക്ക്, പുതുതായി രജിസ്റ്റർ ചെയ്യാൻ 13-8-2017 വരെ പദ്ധതിയിൽ ചേരാൻ അവസരം നൽകിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിന്റെ സബ്സിഡിക്കായി കർഷകർ ബില്ലുകൾ സമർപ്പിച്ചു തുടങ്ങിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തുകയും അതിൽനിന്നും 479.15 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി അനുസരിച്ച് 2017 ജൂൺ 15-ാം തീയതി വരെയുള്ള ബില്ലുകളിന്മേൽ 396.55 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനായി 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി കഴിഞ്ഞ വർഷത്തെ റബ്ബറിന്റെ ശരാശരി വിലയുടെ അടിസ്ഥാനത്തിൽ വിപണിയിലെ വിലവിവരങ്ങൾ കണക്കിലെടുത്തുകൊണ്ട് റബ്ബർ കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുവേണ്ടിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ റബ്ബറിന് 150 രൂപ താങ്ങുവിലയായി നിശ്ചയിച്ചിരിക്കുന്നത്. റബ്ബറിന് താങ്ങുവിലയായി നിശ്ചയിച്ചിരിക്കുന്ന 150 രൂപ റബ്ബർ കർഷകർക്ക് ന്യായമായ വില നൽകുന്നതിന് പര്യാപ്തമായതിനാൽ ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച മുകളിൽപ്പറഞ്ഞ പദ്ധതിക്ക് പുറമെ കേന്ദ്ര സർക്കാരിന്റെ ഇടപെടലുകളും ആവശ്യമാണ്. ഇതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. ഇത് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന നിയമസഭ പ്രമേയം പാസ്സാക്കുകയും കേന്ദ്ര സർക്കാരിന് ഈ കാര്യത്തിൽ നിവേദനം നൽകുകയും ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരളത്തിൽ വന്നപ്പോൾ അദ്ദേഹത്തെ നേരിൽക്കണ്ട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളത്. മാത്രമല്ല, ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് സർവ്വകക്ഷി സംഘം നിവേദനം സമർപ്പിക്കുന്നതിനായി പ്രധാനമന്ത്രിയുടെ തീയതിക്കായി കാത്തിരിക്കുകയാണ്; തീയതി ലഭിച്ചുകഴിഞ്ഞാലുടൻ സർവ്വകക്ഷി സംഘം ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കാണുന്നതിനുള്ള നടപടിയിലേയ്ക്ക് പോകുന്നതാണ്. ഇപ്പോൾ ഉണക്ക റബ്ബറിന് ഇറക്കുമതി ചുങ്കം പരമാവധി

വർദ്ധിപ്പിച്ച് 25 ശതമാനമോ 30 രൂപയോ ഏതാണോ കുറവ്, അത് ആക്കുന്നതിനു വേണ്ടിയുള്ള നടപടി സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് സ്വാഭാവിക റബ്ബറുപയോഗിച്ച് ഉപഭോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര വാണിജ്യ വകുപ്പ്, കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടതായുള്ള അറിയിപ്പ് സംസ്ഥാന ഗവൺമെന്റിന് ലഭ്യമായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് 500 കോടി രൂപയിൽ 479 കോടി രൂപ ഇതിനോടകം നൽകിക്കഴിഞ്ഞിട്ടുണ്ട്. രണ്ടാഴ്ചയിലൊരിക്കൽ റബ്ബർ ബോർഡ് നൽകുന്ന ബില്ലാണ് പ്രോസസ്സ് ചെയ്തു കൊടുക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ ബില്ലുകൾ പെന്റിംഗുണ്ടെങ്കിൽ, ഏതെങ്കിലും രീതിയിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കുന്നതാണ്.

മറ്റൊരു കാര്യം, നെല്ലിന്റെ താങ്ങുവിലയുമായി ബന്ധപ്പെട്ട കാര്യത്തിൽ, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് നൽകിയിരിക്കുന്ന കണക്കുപ്രകാരം 198 കോടി രൂപ കഴിഞ്ഞ ഒരാഴ്ച മുമ്പ് അലോട്ട് ചെയ്തത് എല്ലാ കൃഷിക്കാർക്കും നൽകി കൊണ്ടിരിക്കുകയാണ്. അതിന്റെ നടപടി പൂർണ്ണമായിക്കഴിഞ്ഞു. അതിനുപുറമെ പാലക്കാട്, തൃശ്ശൂർ, ജില്ലകളിലെ ജില്ലാ സഹകരണ ബാങ്കുമായി കരാർ ഒപ്പുവച്ച് കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെയും മറ്റ് ബാങ്കുകളുമായി ഒപ്പ് വയ്ക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. പക്ഷെ അതിന് മുമ്പുതന്നെ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിരിക്കുന്ന 198 കോടി രൂപ പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സർവ്വകക്ഷി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുന്നതു സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ തീരുമാനിച്ചതാണ്. അപ്പോയിന്റ്മെന്റ് കിട്ടാതിരുന്നതുകൊണ്ടാകാം ഇതുവരെ അതിന് സാധിക്കാതിരുന്നത്. എങ്കിലും അതിനുവേണ്ടി ശ്രമം തുടരുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. അങ്ങ് റബ്ബർ ബോർഡിന്റെ കാര്യം പറഞ്ഞു. റബ്ബർ ബോർഡ് ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കേണ്ടത് ഒരാവശ്യമായിരിക്കുകയാണ്. ഒക്ടോബർ മുതലുള്ള കുടിശ്ശിക ഒരുപക്ഷേ റബ്ബർ ബോർഡ് പാസ്സാക്കി തരാത്തതായിരിക്കാം. എന്തായാലും സർക്കാർ ഈ വിഷയം പരിശോധിക്കേണ്ടതുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി റബ്ബർ റീപ്ലാന്റ് ചെയ്യുന്നതിന് ഒരു ഹെക്ടറിന് 25,000 രൂപ വരെ റബ്ബർ കർഷകർക്ക് കൊടുത്തുകൊണ്ടിരുന്ന സഹായം റബ്ബർ ബോർഡ് നിർത്തിവച്ചിരിക്കുകയാണ്. റബ്ബർ ബോർഡ് പ്രതിനിധികളെ സർക്കാർ ചർച്ചയ്ക്ക് വിളിക്കണം. കർഷകർക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന റബ്ബർ ബോർഡിനെ ഇന്ന് നിർജ്ജീവമാക്കിയിരിക്കുന്ന അവസ്ഥയിൽ നിന്ന് മാറ്റുന്നതിനുവേണ്ടി സർക്കാർ ഇടപെടുമോ ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങൾ നിഷ്ക്രിയമാക്കുന്നതിനും നിഷ്ഫലമാക്കുന്നതിനുമുള്ള ബോധപൂർവ്വമായ ശ്രമമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ പലതവണ റബ്ബർ ബോർഡിന്റെ ഉദ്യോഗസ്ഥരുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായി. അതിനുശേഷം റബ്ബർ കർഷകർക്കുവേണ്ടി സംസ്ഥാന കൃഷി വകുപ്പുതന്നെ ഇടവിളകൃഷി ഇറക്കുന്നതിനുവേണ്ടി ആദ്യമായി ഒരു സ്കീം തയ്യാറാക്കി അഞ്ച് കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുപുറമെ, റബ്ബർ കൃഷിക്കാർക്കുവേണ്ടി കൃഷി വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സ്കീമുകളും കൂട്ടിയോജിപ്പിക്കുന്നതിന് റബ്ബർ ബോർഡുമായി രണ്ട് തവണ വർക്ക്ഷോപ്പ് വയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ റബ്ബർ കൃഷിക്കാർക്ക് വിലത്തകർച്ചമൂലമുണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെ മറ്റു പദ്ധതികളുമായി ചേർത്തുകൊണ്ട് റബ്ബർ ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആർ.പി.ഐ.എസ്.-മായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഈ ഘട്ടത്തിൽ സർക്കാർ ആരംഭിക്കുന്നതാണ്. മുൻപൊരു കാലത്തും റബ്ബർ ബോർഡ് കൃഷി വകുപ്പുമായി യാതൊരു സഹകരണവും നടത്താറില്ല. ഈ സാഹചര്യത്തിൽ റബ്ബർ ബോർഡിന്റെ പ്രവർത്തനം നിഷ്ക്രിയമാക്കുന്നതിന്റെയും നിഷ്ഫലമാക്കുന്നതിന്റെയും ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനാണ്. കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിയുമായി ഞാൻ നേരിട്ട് സംസാരിച്ചതാണ്. അവർക്ക് ഇക്കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ല. ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ നയം റബ്ബർ കർഷകരെ സഹായിക്കുക എന്നുള്ളതല്ല; അതിനേക്കാൾ കൂടുതലായി ടയർ കമ്പനികളെ സഹായിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ എടുക്കുന്നത്. ആ സമീപനത്തിനെതിരെ ഏകകണ്ഠമായാണ് ഈ നിയമസഭ പ്രമേയം പാസ്സാക്കിയത്. എന്നിട്ടുപോലും അതിനനുകൂലമായി, കേരളത്തിലെ ജനങ്ങളുടെ വികാരത്തിനനുസൃതമായിട്ടുള്ള ഒരു നടപടിപോലും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. അവിടെ നിന്ന് ആകെ വന്നിരിക്കുന്ന ഒരു കത്ത് ഞാൻ നേരത്തെ പറഞ്ഞതുപോലെ റോഡ് ട്രാൻസ്പോർട്ട് വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് നടപ്പിലാക്കാൻ പോകുന്ന കാര്യം മാത്രമാണ്. ബാക്കി എല്ലാ കാര്യത്തിലും വളരെ നിഷേധാത്മകമായ സമീപനമാണ് കേന്ദ്ര സർക്കാർ എടുക്കുന്നതെന്നുള്ള കാര്യം ഞാൻ ഈ സഭയെ ഖേദപൂർവ്വം അറിയിക്കുകയാണ്. ...(ബഹളം)...

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി അവരവരുടെ സീറ്റുകളിലേക്ക് പോകേണ്ടതാണ്. ...(ബഹളം)... പ്ലീസ്.. പ്രസംഗത്തിലൂടെയും മുദ്രാവാക്യത്തിലൂടെയും നിങ്ങളുടെ പ്രതിഷേധം പ്രകടിപ്പിച്ചുകഴിഞ്ഞു. ദയവായി

സഭാ നടപടികളുമായി സഹകരിക്കണം. പ്ലീസ്... സഭാനടപടികളുമായി സഹകരിക്കണം. ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലേക്ക് പോകണം. ...(ബഹളം).. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ് ഇന്ന് ചർച്ചയ്ക്ക് എടുക്കാനുള്ളത്. ഇന്നത്തെ ദിവസം സഹകരിക്കണം. പ്ലീസ്.. സീറ്റുകളിലേയ്ക്ക് പോകണം. ...(ബഹളം)..

സബ്മിഷനുകൾ റദ്ദ് ചെയ്യുന്നു.. സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് ലഭ്യമാക്കണം. അവ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.*

## V റിപ്പോർട്ട് സമർപ്പണം

### വിഷയനിർണ്ണയ സമിതി IX-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## VI ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-18 സാമ്പത്തികവർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VII നിയമനിർമ്മാണകാര്യം

### 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

---

* അനുബന്ധമായി II ആയി ചേർക്കുന്നു

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിരാകരണ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല

(ശ്രീ. വി. ഡി. സതീശൻ സീറ്റിലില്ലാതിരുന്നതിനാൽ 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ശ്രീ. ജെയിംസ് മാത്യുവിന് ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി ഗീത ഗോപി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ഇ. കെ. വിജയന് ഭേദഗതിയെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

# VIII അറിയിപ്പ്

## കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരിചയപ്പെടുത്തൽ

മി. സ്പീക്കർ: പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായുള്ള സോഫ്റ്റ്‌വെയറിന്റെയും സാമാജികർ നൽകുന്ന പരാതികൾ തീർപ്പുകൽപ്പിക്കുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെയും പരിചയപ്പെടുത്തൽ ഇന്ന് വൈകുന്നേരം 4 മണിക്ക് മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നടത്തുന്നതാണെന്നുള്ള വിവരം എല്ലാവരേയും അറിയിക്കുന്നു.

ഓർഡർ.... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് മാസം 17-ാം തീയതി, വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.45-ന് പിരിഞ്ഞു.)

## അനുബന്ധം I

## ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച തിരുത്തിയ ഉത്തരം
## 17-5-2017-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 454

### കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ വികസനം

ശ്രീ. ആർ. രാജേഷ് :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലപാതകളെ വാണിജ്യ അടിസ്ഥാനത്തിൽ യാത്രയ്ക്കും ചരക്കു നീക്കത്തിനുമായി ഉപയോഗിക്കാൻ എത്രമാത്രം സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ദേശീയ ജലപാത 2012-13 വർഷം പൂർത്തിയാകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും അത് യാഥാർത്ഥ്യമാകാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഇതോടനുബന്ധിച്ചുള്ള കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ വികസനത്തിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സംസ്ഥാന ഉൾനാടൻ ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത-3, കൊല്ലം മുതൽ കോവളം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയുമുള്ള സംസ്ഥാന ജലപാതകൾ, ഇവയിലേയ്ക്കുള്ള ഫീഡർ കനാലുകൾ എന്നിവ ഉൾപ്പെടുന്നു. ഇൻലാന്റ് വാട്ടർവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ പരിധിയിലുള്ള ദേശീയജലപാത 3-ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള (കൊടുങ്ങല്ലൂർ) 168 കി.മീ ഭാഗം യാത്രയ്ക്കും ചരക്കുനീക്കത്തിനും അനുയോജ്യമായ രീതിയിൽ വികസിപ്പിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ജലപാതയുടെ വിവിധ ഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങളും കനാൽ നിർമ്മാണവും നടന്നുവരുന്നു. മാഹി മുതൽ വളപട്ടണം വരെ വിവിധ ജലാശയങ്ങളെ ബന്ധപ്പെടുത്തി മൂന്ന് ഭാഗങ്ങളിൽ കനാൽ പുതുതായി നിർമ്മിക്കേണ്ടതായുണ്ട്. കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാത പൂർണ്ണതോതിൽ വാണിജ്യ അടിസ്ഥാനത്തിൽ യാത്രയ്ക്കും ചരക്കുനീക്കത്തിനുമായി

ഉപയോഗിക്കുന്നതിലേക്ക് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും വർക്കല തുരങ്കങ്ങൾ, കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഇ. കെ. കനാൽ തുടങ്ങിയ ഭാഗങ്ങൾ വികസിപ്പിക്കേണ്ടതായിട്ടുമുണ്ട്. ഇതുസംബന്ധിച്ച് സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തി പ്രസ്തുത പ്രവൃത്തികൾക്കുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

(ബി) സംസ്ഥാനത്തെ ജലപാതകളിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത 3-ന്റെ മേൽനോട്ടം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യയാണ് നിർവ്വഹിക്കുന്നത്.

(സി) കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തി വരുന്നു. കോട്ടപ്പുറം-നീലേശ്വരം പാതയിൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കിലോമീറ്റർ ദൂരം National Waterways Act, 2016 പ്രകാരം ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. സംസ്ഥാന ജലപാതകളുടെ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

# അനുബന്ധം II

## സബ്മിഷൻ

### (1) കണ്ണൂർ സൈബർ പാർക്ക് സംബന്ധിച്ച് ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഐ.ടി. മേഖലയിൽ പൊതുവെ നഗരകേന്ദ്രീകൃത സ്വഭാവം നിലനിൽക്കുന്ന പ്രവണതയാണുള്ളത്. ഇത്തരം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഐ.ടി. പാർക്ക് ആരംഭിച്ച് വിജയകരമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് പരിമിതികളുണ്ട്. അതുകൊണ്ട് ഈ സ്ഥലം കൂടുതൽ ഫലപ്രദമായി വ്യവസായ പാർക്കായി വികസിപ്പിക്കാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്. ഇക്കാര്യം പരിശോധിച്ച കിൻഫ്ര ഈ സ്ഥലം വ്യവസായ പാർക്കായി വികസിപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കളക്ടർ സ്ഥലത്തിന്റെ മൂല്യനിർണ്ണയം നടത്തി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ വികസനം കിൻഫ്രയെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണ്. കിൻഫ്ര വികസിപ്പിക്കുന്ന വ്യവസായ പാർക്കിൽ ഐ.ടി. സംരംഭകർക്ക് താൽപ്പര്യമുണ്ടെങ്കിൽ അവർക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് നിർദ്ദേശിക്കുന്നതാണ്.

### (2) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം സംബന്ധിച്ച് ശ്രീ. സി. ദിവാകരൻ, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ, ഓഫീസുകളിൽ പരിശോധന നടത്തിവരുന്നുമുണ്ട്.

ജീവനക്കാർ അധികമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-യിൽ 6000-ത്തോളം ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ സാമ്പത്തിക അനുമതി നൽകാത്ത സാഹചര്യവും നിലവിലുണ്ട്. ചില വിഭാഗങ്ങളിൽ ജീവനക്കാർ അധികം വന്ന പ്രശ്നവും ഉയർന്നുവന്നിട്ടുണ്ട്.

ഇത്തരത്തിൽ അധികമാണെന്ന് കണ്ടെത്തിയ ജീവനക്കാരെ പുനർവിന്യസിക്കണമെന്ന റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട്

ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസത്തിന്റെ സാധ്യതകൾ പരിശോധിച്ചശേഷം മാത്രമേ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

തൃശ്ശൂർ കോർപ്പറേഷന്റെ വൈദ്യുതി വിഭാഗത്തിലും കശുവണ്ടി വികസന കോർപ്പറേഷനിലും കൈത്തറി വികസന കോർപ്പറേഷനിലും ലഭ്യമായ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിലുള്ള റാങ്ക് പട്ടികയിൽനിന്ന് മറ്റ് കമ്പനി/ബോർഡ്/ കോർപ്പറേഷനിലേക്കുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് ത്വരിത പരിശോധന നടത്താൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് തീരുമാനിച്ചിട്ടുണ്ട്.

(3) കാലിക്കറ്റ് എയർപോർട്ടിന്റെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം ടേബിൾ ടോപ്പ് റൺവേയുള്ള എയർപോർട്ടാണ്. നിലവിൽ 2580 മീറ്റർ റൺവേയാണുള്ളത്. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഇക്കഴിഞ്ഞ ജനുവരിയിൽ നടത്തിയ പരിശോധനയിൽ നിലവിലുള്ള റൺവേ B772, A330-300 ഒഴികെയുള്ള ജംബോ വിമാനങ്ങൾ പ്രവർത്തിപ്പിക്കാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. റൺവേയുടെ നീളം 3400 മീറ്ററായും റൺവേ സ്ട്രിപ്പിന്റെ വീതി 300 മീറ്ററായും വർദ്ധിപ്പിച്ചാൽ മാത്രമേ ജംബോ വിമാനങ്ങൾക്ക് സർവ്വീസ് നടത്താൻ കഴിയുകയുള്ളൂ. ഇത് കൂടാതെ പാരലൽ ടാക്സി വേ നിർമ്മിക്കേണ്ടതും റൺവേ എൻഡ് സേഫ്റ്റി ഏരിയയുടെ ദൈർഘ്യം 240 മീറ്റർ വീതമാക്കേണ്ടതുമുണ്ട്.

കോഴിക്കോട് വിമാനത്താവളത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് പള്ളിക്കൽ, കൊണ്ടോട്ടി, നെടിയിരിപ്പ് വില്ലേജുകളിലായി 248.3 ഏക്കർ ഭൂമി റൺവേ വികസനത്തിനും 137 ഏക്കർ ഭൂമി ടെർമിനൽ വികസനത്തിനുമുൾപ്പെടെ ആകെ 485.3 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ഡയറക്ട് നെഗോഷ്യേറ്റഡ് പർച്ചേസിനായി മലപ്പുറം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റൺവേയുടെ വികസനത്തിനായി എയർപോർട്ട് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലും സർക്കാർ പരിശോധിച്ചുവരുന്നു.

(4) കാർഷിക പ്രതിസന്ധിയും നെല്ല് സംഭരണവും സംബന്ധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2016-17 സാമ്പത്തിക വർഷമുണ്ടായ വടക്ക്-കിഴക്ക് കാലവർഷത്തിന്റെ അപര്യാപ്തതയും മലമ്പുഴ ഡാമിൽ നിന്നും കൃഷിക്കായുള്ള ജലദൗർലഭ്യതയുംമൂലമുണ്ടായ വരൾച്ച പാലക്കാട് ജില്ലയിലെ രണ്ടാംവിള നെൽക്കൃഷിയെ സാരമായി ബാധിച്ചു. വരൾച്ചയും ജലദൗർലഭ്യവുമുണ്ടായ സാഹചര്യത്തിൽ കുടിവെള്ള ലഭ്യതയ്ക്ക് മുൻഗണന നൽകേണ്ടി വന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷനായ ജില്ലാ കളക്ടർ പുഴയിൽ നിന്നും മറ്റ് ജലസ്രോതസ്സുകളിൽ നിന്നുമുള്ള വെള്ളം കൃഷി ഉൾപ്പെടെയുള്ള മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനെ വിലക്കിക്കൊണ്ട് ഉത്തരവ് നൽകിയിരുന്നു. ആയതിനാൽ സാധാരണ ഗതിയിൽ 45,188 ഹെക്ടർ സ്ഥലത്ത് രണ്ടാം വിള നെൽക്കൃഷി ചെയ്തുവന്നിരുന്ന പാലക്കാട് ജില്ലയിൽ 2016-17 വർഷം 28,602 ഹെക്ടർ സ്ഥലത്ത് മാത്രമേ കൃഷിയിറക്കാൻ സാധിച്ചുള്ളൂ. ഇതിനുപുറമെ മലമ്പുഴ ജലസേചന പദ്ധതിയുടെ വാലറ്റ പ്രദേശത്തുള്ള 13,990 ഹെക്ടർ സ്ഥലത്ത് തീരെ വെള്ളം ലഭിക്കാത്തതുമൂലം കൃഷിയിറക്കുവാൻ സാധിച്ചില്ല.

പാലക്കാട് ജില്ലയിൽ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 14,302 ഹെക്ടർ സ്ഥലത്തെ നെൽകർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടർ ഒന്നിന് 13,500 രൂപ നിരക്കിൽ ദുരിതാശ്വാസം നൽകുന്നതിനായി 19.30 കോടി രൂപ അനുവദിക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ഹെക്ടർ ഒന്നിന് 12,500 രൂപ നിരക്കിൽ ധനസഹായം ലഭിക്കുന്നതുമാണ്.

കൊടും വരൾച്ചയും മലമ്പുഴ ഡാമിൽ നിന്നുള്ള കനാൽ വെള്ളം തീരെ എത്തിച്ചേരാത്തതുമായ വാലറ്റ പ്രദേശങ്ങളിൽ കൃഷി ഇറക്കുവാൻ സാധിക്കാതെ വന്നതുമൂലം സാമ്പത്തിക പ്രതിസന്ധിയിലായ 13990 ഹെക്ടർ സ്ഥലത്തെ നെൽകർഷകർക്ക് പ്രത്യേക ധനസഹായമായി ഹെക്ടർ ഒന്നിന് 6,000 രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നെൽക്കൃഷി കൂടാതെ വാഴ, തെങ്ങ്, അടയ്ക്ക, പച്ചക്കറി, ജാതി, കുരുമുളക്, റബ്ബർ, നിലക്കടല, കൊക്കോ, വെറ്റില എന്നീ വിളകൾക്കും വരൾച്ചമൂലം കൃഷിനാശം സംഭവിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിക്കുന്നതിനായി കർഷകരിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2016-17 സീസണിൽ പാലക്കാട് ജില്ലയിലെ നെൽകർഷകരിൽനിന്നും സപ്ലൈകോ 1.28 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് 2016-17 സീസണിൽ 281,61,58,835 (ഇരുനൂറ്റി എൺപത്തിയൊന്ന് കോടി അറുപത്തിയൊന്ന് ലക്ഷത്തി അൻപത്തിയെട്ടായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച്) രൂപ നൽകിയിട്ടുണ്ട്. കർഷകർക്ക് ഇനി നൽകാൻ ബാക്കിയുള്ള 8,32,02,842 (എട്ട് കോടി മുപ്പത്തിരണ്ട് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി നാൽപ്പത്തിരണ്ട്) രൂപ വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. രണ്ടാഴ്ചയ്ക്കകം മുഴുവൻ തുകയും കർഷകർക്ക് കൊടുത്തുതീർക്കുന്നതാണ്. അടുത്ത സീസൺ മുതൽ കർഷകരിൽനിന്നും നെല്ല് സംഭരിക്കുമ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന PRS ബാങ്കിൽ സമർപ്പിക്കുന്ന മുറയ്ക്ക് മൂന്നുദിവസത്തിനകം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക അനുവദിച്ച് നൽകുന്നതാണ്.

(5) ഭൂമി ലഭ്യമാക്കൽ സംബന്ധിച്ച് ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

നൽകിയ മറുപടി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽപ്പെട്ട കുറ്റിയാർവാലി ഭാഗത്തെ ഭൂമി വിതരണം ചെയ്യുന്നതിന് 20-11-2008-ലെ ജി.ഒ. (എംഎസ്.) 394/08/റവ. നമ്പർ ഉത്തരവുപ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നതും ആയതിനാൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആദ്യഘട്ടത്തിൽ 10 സെന്റ് വീതം 770 പേർക്കും രണ്ടാം ഘട്ടത്തിൽ 5 സെന്റ് വീതം 2,300 പേർക്കും ഭൂമി അനുവദിച്ചിട്ടുള്ളതാണ്. ഒന്നും രണ്ടും ഘട്ടങ്ങളിൽ ഇപ്രകാരം അനുവദിച്ച ഭൂമിയിൽ യഥാക്രമം 695-ഉം 1,185-ഉം പേർക്ക് പട്ടയം നൽകിയിരുന്നതാണ്. പട്ടയ വിതരണ നടപടികൾ നന്നുവരുന്ന അവസരത്തിൽ ടി പദ്ധതിയിൽ അനർഹർ കടന്നുകൂടിയിട്ടുള്ളതായി വ്യാപകമായി പത്രവാർത്തകളും ആക്ഷേപങ്ങളും ഉണ്ടായതിനെത്തുടർന്ന് ഭൂമി പതിച്ചുകിട്ടിയ കക്ഷികളുടെ വിശദവിവരങ്ങൾ അന്വേഷിക്കുന്നതിനും ഭൂമി ലഭിച്ചിരിക്കുന്നത് യഥാർത്ഥ കക്ഷികൾക്ക് തന്നെയാണോയെന്നും മറ്റുമുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതിനും ദേവികുളം സബ് കളക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതും അന്വേഷണം പുരോഗമിച്ച വരുന്നതുമാണ്. ഇപ്രകാരം പുനഃപരിശോധനാ നടപടികൾ നടന്നുവരുന്നതിനാൽ പാട്ടാദാരൻമാർക്ക് ഭൂമി ഏൽപ്പിച്ചുകൊടുക്കുന്നതടക്കമുള്ള തുടർ നടപടികൾ താൽക്കാലികമായി നിർത്തി വച്ചിട്ടുള്ളതാണ്. കുറ്റിയാർവാലിയിൽ ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്തതും പട്ടയം കൈപ്പറ്റിയതുമായ 700-ഓളം കക്ഷികളിൽ പകുതിയോളം പേർ പട്ടയ വസ്തുക്കൾ എഗ്രിമെന്റ് പ്രകാരം കൈമാറ്റം നടത്തിയിട്ടുള്ളതായി പ്രാദേശിക

അന്വേഷണത്തിൽ അറിയുന്നുണ്ട്. 60-ഓളം കുടുംബങ്ങൾ വീടുപണി കഴിച്ചിട്ടുള്ളതും ആരുംതന്നെ സ്ഥലത്ത് സ്ഥിരതാമസമില്ലാത്തതുമാണ്. മേൽ വിഷയങ്ങളിൽ വിതരണം ചെയ്ത ഓരോ പ്ലോട്ടിലും നേരിട്ട് സ്ഥലപരിശോധന നടത്തിയും ഗുണഭോക്താക്കളുടെ വിശദാംശങ്ങളും തിരിച്ചറിയൽ രേഖകളും മറ്റും പരിശോധിച്ചും അനധികൃതമായി കൈമാറ്റം നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ചും തീർപ്പാക്കേണ്ടതിനാൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്ന് ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

മൂന്നാറിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമത്തിന്റെയും കെ.ഡി.എച്ച്. ആക്ടിന്റെയും അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

## (6) കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം സംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണത്തിനുള്ള ടെണ്ടറിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (L1) കരാറുകാരൻ പിൻമാറിയിരുന്നു. റീ-ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസവും schedule of rate-ൽ വന്ന അധിക ബാദ്ധ്യതയും ഒഴിവാക്കുന്നതിനുവേണ്ടി തൊട്ടടുത്ത നിരക്ക് (L2) രേഖപ്പെടുത്തിയ കരാറുകാരന് നിർമ്മാണ ജോലി ഏൽപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശം കെ.എസ്.ആർ.ടി.സി.-യുടെ ഭരണസമിതി പരിഗണിച്ചു. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കൂടി തേടണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചു വരികയാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചശേഷം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## (7) അയിലം പാലം കമ്മീഷൻ ചെയ്യൽ സംബന്ധിച്ച് ശ്രീ. ബി. സത്യൻ, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, വാമനാപുരം ആറിനു കുറുകെ ആറ്റിങ്ങൽ-ചിറയിൻകീഴ് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന അയിലം പാലത്തിന് 25.32 മീറ്റർ നീളമുള്ള മൂന്ന് സ്പാനുകളാണുള്ളത്.

പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പാലവുമായി ബന്ധിപ്പിക്കുവാൻ വേണ്ടി 350 മീറ്റർ അപ്രോച്ച് റോഡ് അയിലം ഭാഗത്തും 130 മീറ്റർ അപ്രോച്ച് റോഡ് ഗണപതിയാംകോണം ഭാഗത്തുമാണുള്ളത്. അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സംരക്ഷണ ഭിത്തികളുടെ നിർമ്മാണവും മണ്ണ് ഫില്ലിംഗും പൂർത്തീകരിച്ചിട്ടുണ്ട്. അയിലം ജംഗ്ഷനുസമീപം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിരിക്കുന്ന സ്ഥലത്ത് സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് റോഡ് വീതി കൂട്ടേണ്ടതുണ്ട്. കൂടാതെ മെറ്റലിംഗ്, ടാറിംഗ് പണികളാണ് ബാക്കിയുള്ളത്. ഇതിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. അയിലം ജംഗ്ഷന് സമീപം റോഡ് വീതി കൂട്ടുന്നതിലേയ്ക്കായി സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മാണവും മറ്റ് അനുബന്ധ പ്രവൃത്തികളും നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് പുതിയ നിരക്ക് നൽകണമെന്ന അവകാശവാദം കരാറുകാരൻ ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് കരാറിൽ പറഞ്ഞിരിക്കുന്ന നിരക്കിൽത്തന്നെ എത്രയുംവേഗം പണി പൂർത്തിയാക്കണമെന്ന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരൻ ഇതേ ആവശ്യവുമായി കോടതിയെ സമീപിച്ചിട്ടുണ്ട്. കോടതി നിർദ്ദേശം പാലിച്ചുകൊണ്ട് പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (8) എയർപോർട്ട് റോഡ് പുനരുദ്ധാരണം സംബന്ധിച്ച് ശ്രീ. റോജി എം. ജോൺ, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്കമാലി നിയോജക മണ്ഡലത്തിലെ വേങ്ങൂർ നായത്തോട് റോഡ് 3.5 കി.മീ. ദൈർഘ്യമുള്ളതാണ്. ഇതിൽ 0/000 മുതൽ 0/300 വരെയുള്ള ഭാഗം 15 മീറ്ററാക്കി പുനർനിർമ്മിക്കുന്നതിന് 80,57,953 രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി 3-6-2016-ന് ജോലികൾ ആരംഭിച്ചതാണ്. കാനപണി പുരോഗമിക്കുമ്പോൾ ടി റോഡിനോട് ചേർന്നുള്ള ഭൂവുടമകൾ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് കോടതിയെ സമീപിക്കുകയും അതുമൂലം ടി ഭാഗത്ത് കാനപണി താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു. ഇവ തീരുന്ന മുറയ്ക്ക് തുടർന്നുള്ള കാനപണിയും ഈ ഭാഗത്ത് വരുന്ന ടാറിംഗ് പണികളും അനുബന്ധ ജോലികളും പൂർത്തീകരിക്കുവാൻ കഴിയും. കി.മീറ്റർ 0/300 മുതൽ 0/900 വരെ അക്വയർ ചെയ്ത് 15 മീറ്റർ വീതിയാക്കി ഉയർത്തിയിട്ടുണ്ട്. 0/900 മുതൽ 3/500 വരെ രണ്ടാം ഘട്ടമായി ഉൾപ്പെടുത്തി വിശദമായ അലൈൻമെന്റും സ്കെച്ചും സർവ്വേ നടത്തി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ടി റോഡ് 0/000 മുതൽ 1/900 വരെ കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇടുന്നതിനായി വെട്ടിപ്പൊളിച്ചിട്ടുണ്ട്.

ആയതിന്റെ റെസ്റ്റോറേഷൻ തുക ഇതുവരെ നൽകിയിട്ടില്ല. 0/300 മുതൽ 3/500 വരെ നിലവിലുള്ള റോഡ് പുനരുദ്ധാരണ ജോലിക്ക് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി (2016-17) 30.95 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി കരാർ ഉറപ്പിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി തുക കൈമാറുന്ന മുറയ്ക്ക് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(9) അദ്ധ്യാപക നിയമനം സംബന്ധിച്ച് ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് 1986-ൽ ആവിഷ്കരിച്ചതും 1992-ൽ പരിഷ്കരിച്ചതുമായ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഏര്യാ ഇന്റൻസീവ് പ്രോഗ്രാം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ മേഖലയിൽ സ്കൂളുകൾ ആരംഭിക്കാനുള്ള ഈ പദ്ധതിയുടെ ഭാഗമായി ആകെ 41 സ്കൂളുകൾക്ക് കെ.ഇ.ആർ. ചട്ടങ്ങളിൽ ഇളവ് വരുത്തി സംസ്ഥാന സർക്കാർ പ്രവർത്തനാനുമതി നൽകിയിരുന്നു. എന്നാൽ അതിൽ ആകെ 35 സ്കൂളുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ധനസഹായം ഈ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായാണ് ഉപയോഗപ്പെടുത്തിയിരുന്നത്.

ഏര്യാ ഇന്റൻസീവ് പ്രോഗ്രാം പ്രകാരം ആരംഭിച്ച 35 സ്കൂളുകൾക്ക് കെ.ഇ.ആർ. ചട്ടങ്ങൾക്കനുസൃതമായി എയ്ഡഡ് പദവി നൽകുന്നതിനും പ്രസ്തുത സ്കൂളുകളിലെ 238 അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും സർക്കാർ ഉത്തരവ് നമ്പർ 184/2013/പൊ.വി.വ. പ്രകാരം 10-6-2003 മുതൽ മുൻകാല പ്രാബല്യത്തിൽ എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എങ്കിലും ഇത്തരം ചില സ്കൂളുകൾക്ക് ഹെഡ് മാസ്റ്റർ തസ്തിക അനുവദിച്ചുനൽകിയിട്ടില്ല എന്നതും അംഗീകൃത തസ്തികകൾക്ക് പുറമേ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ നിയമനാംഗീകാരം ലഭിച്ചിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങൾ ഉൾപ്പെടെ സ്കൂളുകളുടെ നിലവിലുള്ള അവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് സൂപ്പർ ചെക്ക് ഓഫീസറെയും ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) ബി.എസ്.ഇ.എസ്. താപവൈദ്യുത നിലയത്തിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, എം.എൽ.എ. നൽകിയ സബ്മിഷന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടി

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, എറണാകുളത്തുള്ള ബി.കെ.പി.എൽ. വൈദ്യുതി നിലയത്തിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് 1999-ൽ ഉണ്ടാക്കിയ വൈദ്യുതി വാങ്ങൽ കരാർ 31-10-2015-ൽ അവസാനിച്ചതാണ്. ഇപ്പോൾ ഈ പദ്ധതിയുമായി വൈദ്യുതി ബോർഡിന് ഒരു കരാറും നിലവിലില്ല.

നാഫ്ത ഇന്ധനമായി ഉപയോഗിക്കുന്നതിനാൽ വൈദ്യുതിയുടെ വില വൈദ്യുതി ബോർഡിന് താങ്ങാൻ കഴിഞ്ഞിരുന്നില്ല എന്നതിനാൽ ഈ നിലയത്തിൽ പൂർണ്ണതോതിൽ വൈദ്യുതി ഉൽപ്പാദനം നടന്നിരുന്നില്ല. എങ്കിലും വൈദ്യുതി വാങ്ങാതെ തന്നെ ഫിക്സഡ് ചാർജ് കൊടുത്തുകൊണ്ടാണ് 2015 വരെ ഈ നിലയം നിലനിർത്തിയിരുന്നത്. 1999 മുതൽ 2015 വരെയുള്ള പതിനഞ്ച് കൊല്ലത്തിനുള്ളിൽ 1,264 കോടി രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ വൈദ്യുതി ബോർഡ് ബി.കെ.പി.എൽ.-ന് നൽകിയിട്ടുണ്ട്. വൈദ്യുതി വാങ്ങൽക്കരാർ അവസാനിച്ചതോടെ ഇങ്ങനെ ഫിക്സഡ് ചാർജ് കൊടുക്കേണ്ട ബാദ്ധ്യതയിൽ നിന്ന് വൈദ്യുതി ബോർഡ് ഒഴിവായി.

ഈ നിലയത്തിന്റെ ഇന്ധനം പ്രകൃതി വാതകത്തിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതുണ്ട്. നിലവിലുള്ള വിലയ്ക്ക് പ്രകൃതിവാതകം ഉപയോഗിക്കുന്നത് ഇപ്പോൾ വൈദ്യുതി ബോർഡിന് ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിയുടെ വിലയുമായി താരതമ്യപ്പെടുത്തിയാൽ വളരെ വലുതാണ്. മാത്രമല്ല, വൈദ്യുതി ഉണ്ടാക്കിയാലും ഇല്ലെങ്കിലും നിശ്ചിത അളവിൽ വാതകത്തിന്റെ വില നൽകണമെന്ന നിലയിലുള്ള വാതകം വാങ്ങുന്നതിനുള്ള വ്യവസ്ഥകളും നിലയത്തെ വാതകത്തിലേയ്ക്ക് മാറ്റുന്നതിന് പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

കുറഞ്ഞ വിലയ്ക്ക് വാതകം ലഭിക്കാൻ കഴിയുന്ന നിലയിൽ ദീർഘകാലക്കരാർ ഉണ്ടാക്കാൻ കഴിയുകയും വാതകവാങ്ങൽക്കരാറിലെ വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ താൽപ്പര്യമനുസരിച്ച് മാറ്റാൻ കഴിയുകയും ചെയ്താൽ നിലയത്തിൽനിന്നുള്ള വൈദ്യുതി ലാഭകരമാകും. ഇത്തരം സാദ്ധ്യതകളുണ്ടോ എന്ന് പരിശോധിച്ചു വരികയാണ്.

നിലയം വാതകത്തിലേക്ക് മാറ്റുന്നതിനുള്ള ചെലവുകൾ, കുറഞ്ഞ വിലയ്ക്ക് വാതകം കിട്ടാനുള്ള സാദ്ധ്യതകൾ, വാതകം വാങ്ങൽക്കരാറിലെ വ്യവസ്ഥകൾ എന്നിവ കണക്കിലെടുത്തുകൊണ്ടുമാത്രമേ ഇക്കാര്യത്തിലൊരു തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ പഠനം നടത്തി റിപ്പോർട്ട് നൽകാൻ വൈദ്യുതി ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും.

# അനുബന്ധം III

## 14-8-2017-ലെ രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡേ കെയറുകളിൽ പോലീസ് നിരീക്ഷണ സംവിധാനം

1 (*151) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ.ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡേ കെയറുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ ഭാഗമായി ഏതെങ്കിലും ഡേ കെയറുകളിൽ പോലീസ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഡേ കെയറുകളെ നിയന്ത്രിക്കുന്നതിന് പോലീസിന് മറ്റെന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ-സി) ഡേ കെയറുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ നിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പോലീസ് ജനമൈത്രി സംവിധാനം ഉപയോഗിച്ച് ഡേ കെയറുകളുടെ പ്രവർത്തനത്തെ നിരീക്ഷിച്ചും സ്പെഷ്യൽ ബ്രാഞ്ച് സഹായത്തോടെ രഹസ്യനിരീക്ഷണം നടത്തിയും പ്രവർത്തനം വിലയിരുത്തി വരുന്നുണ്ട്. ഡേ കെയറുകളിൽ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജുവനൈൽ ജസ്റ്റിസ് ആക്ട് POCSO, IPC തുടങ്ങിയ നിയമങ്ങളിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**സൗജന്യ വൈ ഫൈ ലഭ്യമാക്കുന്ന പദ്ധതി**

2 (*152) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ കമ്പനികളാണ് ഈ പദ്ധതിയുമായി സഹകരിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്;

(സി) എത്ര എം.ബി. ഡേറ്റയാണ് സൗജന്യമായി ലഭ്യമാക്കുന്നത്; അധിക ഡേറ്റാ ഉപയോഗത്തിന് എത്ര തുക വാർഷിക ഫീസായി സേവന ദാതാവിന് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ സൗജന്യ വൈ ഫൈ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ചുകൊണ്ട് 31-7-2017 -ൽ വിജ്ഞാപനം പുറപ്പെടുവിച്ചു. 28-8-2017 ആണ് ടെണ്ടർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ഇതിനോടനുബന്ധിച്ചുള്ള പ്രീ-ബിഡ് മീറ്റിംഗ് 7-8-2017 -ൽ നടന്നിരുന്നു.

(ബി) ബി.എസ്.എൻ.എൽ., എയർടെൽ, റിലയൻസ്, സിഫി, റെയിൽടെൽ, ടെൽഎക്സ്, ഏഷ്യാനെറ്റ് എന്നീ കമ്പനികൾ പദ്ധതിയുമായി സഹകരിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

(സി) ഒരു വ്യക്തിക്ക് ഒരു ദിവസം 300 എം.ബി. വരെ ഡാറ്റയാണ് സൗജന്യമായി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. 300 എം.ബി.-ക്ക് മുകളിലും സർക്കാർ സേവനങ്ങൾക്ക് ഇന്റർനെറ്റ് സൗജന്യമായിരിക്കും. അധിക ഡാറ്റാ ഉപയോഗത്തിനുള്ള തുക സംബന്ധിച്ചുള്ള തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്.

**നെല്ലിന്റെ സംഭരണവില**

3 (T*153) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെല്ലിന്റെ സംഭരണവില ലഭിക്കാത്തതിനാൽ കർഷകർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) പ്രസ്തുത തുകയിൽ എന്നുവരെയുള്ളത് കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) വിലയിനത്തിൽ കർഷകർക്ക് നൽകാനുള്ള കേന്ദ്രവിഹിതം ലഭിച്ചിട്ടുണ്ടോ;

(ഡി) നൽകാനുള്ള തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും ഉൾപ്പെടെ 193 കോടി രൂപ കർഷകർക്ക് നൽകുവാനുണ്ടായിരുന്നു. ഈ തുക 5-8-2017 മുതൽ പി.ആർ.എസ്. ലോൺ വഴി നൽകി തുടങ്ങിയിട്ടുണ്ട്.

(ബി) കോട്ടയം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പാഡി പേമെന്റ് ഓഫീസുകൾക്കുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് 15-5-2017 വരെയും ആലപ്പുഴ ജില്ലയിലെ പാഡി പേമെന്റ് ഓഫീസിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് 5-6-2017 വരെയും തൃശ്ശൂർ ജില്ലയിലെ പാഡി പേമെന്റ് ഓഫീസുകൾക്കുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് 19-6-2017 വരെയും നെല്ലിന്റെ സംഭരണ തുക നൽകിയിട്ടുണ്ട്.

(സി) 178.1 കോടി രൂപ കേന്ദ്ര വിഹിതം ഇപ്പോൾ ലഭിച്ചിട്ടുണ്ട്. കർഷകരുടെ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നെല്ല് സംഭരണ തുക അടിയന്തരമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 13-7-2017-ലെ സ.ഉ.(കൈ)നമ്പർ 16/2017/ ഭ.പൊ.വി.വ. ഉത്തരവ് പ്രകാരം കർഷകർക്ക് പി.ആർ.എസ്. ലോൺ നൽകുന്നതിന് ബാങ്കുകളുമായി സപ്ലൈ കോ ധാരണാപത്രം ഒപ്പുവച്ചു. അതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് നെല്ലിന്റെ തുക 5-8-2017 മുതൽ നൽകി തുടങ്ങിയിട്ടുണ്ട്.

**ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ**

4 (*154) ശ്രീ. പി. കെ. ശശി :
ശ്രീ. എസ്. ശർമ്മ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മിഷന്റെ ഭാഗമായി മാലിന്യസംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ:

(സി) ഉറവിടമാലിന്യസംസ്കരണം സംബന്ധിച്ചും പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ചുമുള്ള നയം വ്യക്തമാക്കുമോ;

(ഡി) നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. മുഖ്യമന്ത്രി തലത്തിലും കൃഷി, ജലവിഭവം, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാർ തലത്തിലും അവലോകനം ചെയ്യാറുണ്ട്. കൂടാതെ നവകേരളം കർമ്മ പദ്ധതിയിൽ ഉൾപ്പെട്ട നാല് മിഷനുകളുടേയും അവലോകനം ചീഫ് സെക്രട്ടറി തലത്തിലും നടത്താറുണ്ട്. അതിൽ ഹരിത കേരളം മിഷന്റെ പ്രവർത്തനവും അവലോകനം ചെയ്യാറുണ്ട്.

(ബി) ശുചിത്വ-മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനായി "മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം" എന്ന ഒരു ഊർജ്ജിത മാലിന്യ സംസ്കരണ ക്യാമ്പയിൻ ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിശദമായ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വിശദമായ പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തിവരുന്നു.

(സി) ജൈവമാലിന്യം എവിടെയാണോ ഉണ്ടാകുന്നത് ആ ഉറവിടത്തിൽത്തന്നെ അത് സംസ്കരിക്കുന്നതിനാണ് മുൻതൂക്കം കൊടുക്കുന്നത്. ഉറവിടത്തിൽ സാദ്ധ്യമാകുന്നില്ലെങ്കിൽ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അജൈവമാലിന്യങ്ങൾ പുനരുപയോഗത്തിനോ പുനഃചംക്രമണം നടത്തുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾക്ക് കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തീരാജ്-മുനിസിപ്പൽ നിയമങ്ങളിലെ വ്യവസ്ഥ പ്രകാരം പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവരിൽനിന്നും തത്സമയം 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഇപ്രകാരം പിഴയടയ്ക്കാത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും അതുപ്രകാരം 2000 രൂപ വരെ പിഴ ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉദ്ദേശിക്കുന്നുണ്ട്. ഉറവിടത്തിൽ മാലിന്യ സംസ്കരണം സാദ്ധ്യമാകുന്നില്ലെങ്കിൽ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ചില നഗരങ്ങളിലെങ്കിലും കേന്ദ്രീകൃത മാലിന്യസംസ്കരണം ആവശ്യമായി വരുമെന്നതിനാൽ അതിനാവശ്യമായ നടപടികൾ തദ്ദേശസ്വയം ഭരണ വകുപ്പ് സ്വീകരിക്കുന്നുണ്ട്. കൂടാതെ ഭൂലഭ്യത കുറവുള്ള നഗര പ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി പരിസ്ഥിതി സൗഹൃദപരമായി ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള താല്പര്യപത്രം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) ക്ഷണിച്ചിട്ടുണ്ട്.

## പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ലോക കേരളസഭ എന്ന കൂട്ടായ്മ

5 (*155) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ലോക കേരളസഭ എന്ന കൂട്ടായ്മ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ആരെയെല്ലാമാണ് ലോക കേരളസഭയിൽ പ്രതിനിധികളായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത സഭയുടെ യോഗം ചേരുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലെയും സംസ്ഥാനങ്ങളിലെയും പ്രതിനിധികൾക്ക് ലോക കേരളസഭയിൽ പ്രാതിനിധ്യം നൽകാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, ഉന്നത സാങ്കേതിക മേഖലകളിൽ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം

2. ലോക കേരളസഭ

3. ആഗോള സാംസ്കാരികോത്സവം

4. പ്രവാസികളുടെ ഡാറ്റാബേസ് തയ്യാറാക്കലും അതുപയോഗിച്ച് ക്ഷേമ പദ്ധതികൾ രൂപീകരിക്കുന്നതും

5. നോർക്ക എമർജൻസി കെയർ

(ബി) ഉദ്ദേശിക്കുന്നുണ്ട്. 2-8-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 498/2017/നോർക്ക പ്രകാരം ലോക കേരളസഭ നടത്തുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) കേരള നിയമസഭാ സാമാജികർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രവാസി മലയാളികളുടെ പ്രതിനിധികൾ എന്നിവരെയാണ് പ്രതിനിധികളായി ഉൾപ്പെടുത്തുന്നത്. പ്രസ്തുത സഭയുടെ യോഗം ചേരുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തിവരുന്നു.

(ഡി) തീരുമാനമായിട്ടില്ല.

**പ്രവാസി മലയാളികൾക്കായി സാന്ത്വനം പദ്ധതി**

6 (*156) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ദാസൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവാസി മലയാളികൾക്കായി 'സാന്ത്വനം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം മരണാനന്തര സഹായമായി എത്ര രൂപയാണ് നൽകി വരുന്നത് എന്നറിയിക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സ, വിവാഹ ചെലവുകൾ, വീൽ ചെയറുകളും ക്രച്ചസുകളും വാങ്ങൽ തുടങ്ങിയവയ്ക്ക് നൽകിവരുന്ന പരമാവധി ധനസഹായം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) തിരികെയെത്തിയ, ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസനിധിയായ സാന്ത്വനം പദ്ധതി നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) സാന്ത്വന പദ്ധതിപ്രകാരം മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപയാണ് നൽകി വരുന്നത്.

(ഡി) ഈ പദ്ധതിയിൻകീഴിൽ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ, കുടുംബാംഗങ്ങളുടെ ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് പരമാവധി അമ്പതിനായിരം രൂപ വരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി പതിനയ്യായിരം രൂപ വരെയും പ്രവാസിക്കും കുടുംബാംഗങ്ങൾക്കും വീൽചെയർ, ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് പരമാവധി പതിനായിരം രൂപ വരെയും ഒറ്റത്തവണയായി ധനസഹായം നൽകി വരുന്നുണ്ട്.

**റേഷൻ വിതരണ സംവിധാനം അഴിമതിരഹിതമാക്കാൻ കർമ്മപദ്ധതി**

7 (*157) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണ സംവിധാനത്തിലെ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) റേഷൻ സാധനങ്ങളുടെ ചോർച്ച തടയുന്നതിന് റേഷൻ കടകളിൽ സാധനങ്ങളെത്തിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ രംഗത്തെ അഴിമതി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ലാ-താലൂക്ക്-ന്യായവിലക്കട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുകയും സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ സാധനങ്ങളുടെ മറിച്ചുവിൽപ്പന, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പുതലത്തിൽ നിലവിലുണ്ട്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥൻ നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1955-ലെ അവശ്യ സാധന നിയമപ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ഓരോ റേഷനിംഗ് ഇൻസ്പെക്ടർമാരും പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് പരിശോധന ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന/ജില്ലാതല സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായിട്ടുള്ള ഭക്ഷ്യഭദ്രതാ നിയമം 2013 സമ്പൂർണ്ണമായി നടപ്പിൽ വരുന്നതോടെ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല കൂടുതൽ കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവും ആകും.

(ബി) റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്ന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സപ്ലൈകോ സ്വീകരിച്ചുവരുന്നു.

(സി) TPDS 2001 പ്രകാരം സംസ്ഥാനത്ത് സംസ്ഥാന/ജില്ലാ/ താലൂക്ക്/ പഞ്ചായത്തുതല വിജിലൻസ് സമിതികൾ രൂപീകരിച്ചിരുന്നു. 2013 -ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, സംസ്ഥാന, ജില്ല, ബ്ലോക്ക് റേഷൻ ഡിപ്പോ തലത്തിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ടി നിയമത്തെ ആസ്പദമാക്കിയിട്ടുള്ള ചട്ടങ്ങൾ രൂപവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സംഘടനയെ സമീപിക്കുകയും ടി സംഘടന ഓഡിറ്റിംഗ് നടത്തുന്നതിനെപ്പറ്റി ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയും സംസ്ഥാനത്തൊട്ടാകെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് മറ്റ് സംസ്ഥാനങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ വിവരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതി

8 (*158) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതിയായ ആർദ്രം മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ പൗരൻമാരുടെയും ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരസഞ്ചയം സൃഷ്ടിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) രോഗികളായി കണ്ടെത്തിയിട്ടുള്ളവർക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പകർച്ചവ്യാധികളോടൊപ്പം ജീവിതശൈലീ രോഗങ്ങളുടെയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉതകുന്ന പ്രാഥമിക ആരോഗ്യനയം രൂപീകരിക്കുന്നതിനുള്ള വെല്ലുവിളികൾ എന്തൊക്കെയാണ്;

(ഇ) ഈ വർഷം സംസ്ഥാനത്ത് പകർച്ചവ്യാധികളും വിവിധ തരം പനിയും പടർന്ന പിടിച്ച് ജനസംഖ്യയിൽ 10 ശതമാനത്തിലധികം പേർ അസുഖ ബാധിതരായപ്പോൾ ആർദ്രം മിഷൻ ക്രിയാത്മകമായ എന്ത് ഇടപെടലുകളാണ് നടത്തിയത് എന്ന് വെളിപ്പെടുത്താമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി ആരോഗ്യവകുപ്പിൽ നടപ്പിലാക്കി വരുന്ന ആർദ്രം പദ്ധതിയുടെ പൊതുവെയുള്ള പ്രവർത്തനം ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറി അംഗവുമായിട്ടുള്ള സമിതി വിലയിരുത്തുന്നുണ്ട്. കൂടാതെ ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ (എൻ.എച്ച്.എം.), ആരോഗ്യവകുപ്പ് ഡയറക്ടർ അടങ്ങുന്ന സംസ്ഥാനതല മാനേജ്മെന്റ് യൂണിറ്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ വൈസ് ചെയർമാനുമായുള്ള ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് എന്നിവ ഫാമിലി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും എല്ലാ പ്രദേശത്തെയും എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് പത്ത് ലക്ഷം പേരുടെ ഒരു ബൃഹത് സർവ്വേ നടത്തുന്നതിനായി ആരോഗ്യവകുപ്പ് കേരള ഹെൽത്ത് ഒബ്സർവേറ്ററി എന്ന ഒരു പഠനം ആരംഭിച്ചിരുന്നുവെങ്കിലും പിന്നീട് ചില കാരണങ്ങളാൽ ഈ സർവ്വേ നടത്തുന്നതിലേക്കായി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിനെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) രോഗികളായി കണ്ടെത്തിയിട്ടുള്ളവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ജീവിതശൈലീ രോഗങ്ങൾ ജനങ്ങളുടെ ജീവിതരീതിയിൽ വന്ന കാതലായ ശൈലീ മാറ്റങ്ങളുടെ പരിണിതഫലമായി വന്ന അവസ്ഥയാണ്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, പുകയില, മദ്യപാനം തുടങ്ങിയ ലഹരിയോടുള്ള ആസക്തി, മാനസികപിരിമുറുക്കം എന്നിവയാണ് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണമായി കണ്ടുവരുന്നത്. ഈ ശൈലീ മാറ്റങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ പങ്കാളിത്തമാണ് ഇതിന് ഏറ്റവും പ്രധാനമായ ഘടകം. ആരോഗ്യവകുപ്പിന് പുറമെ മറ്റ് എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ട നടപടികൾ കൂടി ക്രോഡീകരിച്ചെങ്കിൽ മാത്രമേ ആരോഗ്യനയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാധിക്കുകയുള്ളൂ. ഈ ഏകോപനമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ വെല്ലുവിളിയായി കണക്കാക്കപ്പെടുന്നത്.

(ഇ) പൊതുമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ ശക്തിപ്പെടുത്തുക, ആശുപത്രി സംവിധാനങ്ങൾ രോഗീസൗഹൃദമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ആർദ്രം മിഷന് രൂപം കൊടുത്തിട്ടുള്ളത്. ആർദ്രം മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. പനിയും പകർച്ചവ്യാധിയും തടയുന്നതിന് നിലവിലുള്ള സർക്കാർ ആശുപത്രി സംവിധാനങ്ങൾ കുറ്റമറ്റനിലയിലാണ് പ്രവർത്തിച്ചിട്ടുള്ളത്. ആർദ്രം മിഷൻ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതോടെ ചുവടെ ചേർത്തിട്ടുള്ള ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ കഴിയും. പ്രാഥമിക ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ പകർച്ചവ്യാധി നിയന്ത്രണ ചികിത്സാ സംവിധാനങ്ങളിൽ ഉൾപ്പെടുത്തുവാനുള്ള നടപടികളും ഉൾക്കൊള്ളുന്നതാണ്. ജില്ലാ-താലൂക്ക് ആശുപത്രികളുടെ ശാക്തീകരണവും അധികമായി തസ്തിക സൃഷ്ടിക്കലും വഴി ഈ ആശുപത്രികളിലെ പകർച്ചവ്യാധികൾ അടക്കമുള്ള രോഗ ചികിത്സകൾ ശക്തിപ്പെടുത്തിവരികയാണ്. ആരോഗ്യരംഗത്തെ വികേന്ദ്രീകൃത ആസൂത്രണവും പകർച്ചവ്യാധി രോഗങ്ങളെ

നിർണ്ണയിക്കുന്ന സാമൂഹിക ഘടകങ്ങളെ പരിഹരിക്കാനുള്ള നടപടികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ട് വഴി നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. കൈപ്പുസ്തകങ്ങളും എസ്.എച്ച്.ആർ.സി. വഴി തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രാഥമിക തലത്തിലുള്ള സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതി മുഖേന ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ തുടങ്ങിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയതിലൂടെ പ്രാഥമിക തലത്തിൽ തന്നെ രോഗനിർണ്ണയം നടത്താനും മെച്ചപ്പെട്ട ചികിത്സ നൽകുവാനും ആർദ്രം പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്. പകർച്ചവ്യാധി നിയന്ത്രണങ്ങളുമായി കൈക്കൊണ്ട പ്രത്യേക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുക് നിരീക്ഷണവും ശക്തിപ്പെടുത്തി.

2. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ദ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.

3. കൊതുകുസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS) വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്യുകയുണ്ടായി.

4. സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാനവ്യാപകമായി ശുചീകരണ യജ്ഞം നടത്തി.

5. ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലുമായി രണ്ട് കേന്ദ്ര വിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയുണ്ടായി.

6. മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

7. രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

8. മഴക്കാല പൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-3-2017 തീയതിയിൽ യോഗം കൂടി.

9. വിവിധ വകുപ്പുതലവന്മാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2-3-2017 തീയതിയിൽ കൂടി പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് നടപടി കൈക്കൊള്ളുവാൻ തീരുമാനിച്ചു.

10. ഗവ. മെഡിക്കൽ കോളേജ്, സ്വകാര്യ മെഡിക്കൽ കോളേജ് പ്രതിനിധികളുടെ യോഗം ചേർന്ന് സമയബന്ധിതമായി രോഗവിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു.

11. ഐ.എം.എ. വഴി സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് ഡെങ്കി ചികിത്സാ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

12. പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖ വിതരണം, പോസ്റ്റർ, റെയിൽവേ സ്റ്റേഷൻ, സിനിമാ തിയേറ്റർ എന്നിവിടങ്ങളിൽ എൻ.എച്ച്.എം.-ന്റെ സഹായത്തോടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രചരണങ്ങൾ എന്നിവ നടത്തിയിരുന്നു.

**പബ്ലിക് സർവ്വീസ് കമ്മീഷൻ പരിഷ്ക്കരണം**

9 (*159) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ അതിന്റെ നിലവിലെ പ്രവർത്തന രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായുള്ള പരിഷ്ക്കരണ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പരിഷ്ക്കരണനടപടികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ & ബി) ഉണ്ട്.

(സി) നിയമന നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുക എന്നതാണ് പരമപ്രധാനമായ ഉദ്ദേശ്യം. തെരഞ്ഞെടുപ്പിന്റെ പ്രാരംഭഘട്ടമായ പരീക്ഷ കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ നിയമനശിപാർശ നല്കുകയെന്നതും പി.എസ്.സി.-യുടെ പരിഷ്കരണ നടപടിയാണ്.

**ആരോഗ്യമേഖലയിലെ നവീകരണത്തിന് പദ്ധതികൾ**

10 (*160) ശ്രീ. പി. വി. അൻവർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യമേഖലയിൽ സമഗ്രവും ശാസ്ത്രീയവുമായ പുരോഗതിയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിനും പ്രസവ വാർഡുകൾ ആധുനികവൽകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ ആദിവാസി മേഖലയിലെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക പ്രവർത്തനം നടത്തുന്നതിനായി 'ഊരുമിത്രം' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യമേഖലയിൽ സമഗ്രവും ശാസ്ത്രീയവുമായ പുരോഗതിക്കായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നേത്രരോഗ വിഭാഗം :

1976-ൽ ആരംഭിച്ച ദേശീയ അന്ധതാ നിയന്ത്രണ പരിപാടി 2020-ാം മാണ്ടോടുകൂടി അന്ധതയുടെ വ്യാപ്തി നിലവിലുള്ള 1.1% എന്നതിൽ നിന്നും 0.3% എന്ന തോതിലേക്ക് എത്തിക്കാനുള്ള പരിപാടികൾ ദേശീയ

തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലും എല്ലാ വർഷവും പരിപാടികളുടെ നടത്തിപ്പും അവലോകനങ്ങളും കൃത്യമായി നടന്നുവരുന്നു. 2016-17 വർഷത്തിൽ 151774 തിമിര ശസ്ത്രക്രീയകൾ നടന്നു. 2016-17 കാലയളവിൽ വിദ്യാലയങ്ങൾ സന്ദർശിച്ച് 12,91153 കുട്ടികളെ കാഴ്ച പരിശോധനയ്ക്ക് വിധേയരാക്കുകയും അതിൽ 84753 പേർക്ക് കാഴ്ച വൈകല്യം ഉള്ളതായി കണ്ടുപിടിക്കുകയും അർഹരായവർക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനത്ത് കഴിഞ്ഞ വർഷം നേത്രദാനം വഴി ലഭിച്ച 1973 കണ്ണുകൾ നേത്രബാങ്കുകൾ വഴി സംഭരിച്ചിട്ടുണ്ട്. ഈ കാലയളവിൽ സംഭരിച്ച നേത്രപടലങ്ങളിൽ 1502 എണ്ണം നേത്ര പടലാന്ധത ബാധിച്ച വ്യക്തികൾക്ക് ശസ്ത്രക്രിയ വഴി വച്ചുപിടിപ്പിച്ചിട്ടുണ്ട്. ദേശീയ അന്ധതാ നിയന്ത്രണ പരിപാടിയുടെ വിവിധ സേവനങ്ങളും സന്ദേശങ്ങളും പൊതുജനങ്ങളിൽ എത്തിക്കുന്നതിനും അതുവഴി സമൂഹത്തിൽ നേത്ര സംഭരണം, നേത്രദാനം മുതലായ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തൊട്ടാകെ 7026 നേത്രരോഗ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

വിദ്യാലയ നേത്രാരോഗ്യ പരിപാടിയുടെ ഭാഗമായി കുട്ടികളിലെ കാഴ്ചവൈകല്യം കണ്ടുപിടിക്കുന്നതിനും കണ്ണട വിതരണം ചെയ്യുന്നതിനും പുറമെ 8139 അദ്ധ്യാപകർക്ക് കുട്ടികളുടെ കാഴ്ച പരിശോധന നടത്തുന്നതിന് പ്രാഥമിക വിവരങ്ങൾ പഠിപ്പിച്ചുകൊടുത്തിട്ടുണ്ട്. 15 ജില്ലാ സഞ്ചരിക്കുന്ന നേത്രവിഭാഗവും കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ 2 സഞ്ചരിക്കുന്ന കേന്ദ്രീകൃത നേത്രവിഭാഗവും കൂടാതെ ആധുനിക സംവിധാനത്തോടുകൂടി 3 ടെലി ഓഫ്താൽമിക്, ഓഫ്താൽമോളജി യൂണിറ്റുകളും തിരുവനന്തപുരം, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

2. <u>ദന്തൽ വിഭാഗം</u> :

ആരോഗ്യവകുപ്പിലെ ദന്തൽ വിഭാഗത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ കീഴിലെ വിവിധ ഡെന്റൽ യൂണിറ്റുകളിലേക്കായി 24 ആട്ടോമാറ്റിക് ഡെന്റൽ ചെയേഴ്സും 6 ആർ.വി.ജി.(റേഡിയോ വിഷ്വൽ ഗ്രാഫ്)-യും 4 ആട്ടോക്ലേവുകളും 10 സോഫ്റ്റ് റ്റിഷ്യൂ ലേസറുകളും മറ്റ് ഡെന്റൽ മെറ്റീരിയലുകളും കരസ്ഥമാക്കാൻ കഴിഞ്ഞു. മേജർ ഡെന്റൽ എക്യുപ്മെന്റുകൾ വാങ്ങുന്നതിലേക്കായി 100 ലക്ഷം രൂപയും വിവിധ ഡെന്റൽ മെറ്റീരിയൽസ് വാങ്ങുന്നതിലേക്കായി

100 ലക്ഷം രൂപയും കെ.എം.എസ്.സി.എൽ.-ന് കൈമാറുകയുണ്ടായി. ഡെന്റൽ സ്പെഷ്യാലിറ്റി വകുപ്പുകളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 10 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഡെന്റൽ വിഭാഗത്തിന്റെ ശാക്തീകരണ, നവീകരണ പ്രവർത്തനങ്ങൾക്കായി 2017-18-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേജർ ഡെന്റൽ എക്യുപ്മെന്റുകൾ വാങ്ങുന്നതിലേക്കായി 100 ലക്ഷം രൂപയുടെയും നവീനങ്ങളായ ഡെന്റൽ മെറ്റീരിയൽസ് വാങ്ങുന്നതിലേക്കായി 100 ലക്ഷം രൂപയുടെയും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2015-16-ൽ പുതിയതായി സൃഷ്ടിക്കപ്പെട്ട 24 ഡെന്റൽ അസിസ്റ്റന്റ് സർജൻമാർക്കും 24 ഡെന്റൽ ഹൈജീനിസ്റ്റുകൾക്കും 2016-17-ൽ നിയമനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2016-17-ൽ 47 ഡെന്റൽ അസിസ്റ്റന്റ് സർജന്മാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കും ആയതിലേക്ക് നിയമനം നടത്തുകയും ചെയ്തു. സംസ്ഥാനത്തുടനീളം 60 സ്കൂൾ ഡെന്റൽ ഹെൽത്ത് ക്യാമ്പുകൾ ഫലപ്രദമായി സംഘടിപ്പിക്കുവാനും അവയുടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും കഴിഞ്ഞു. ഇതിലേക്കായി 8.20 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

3. കുഷ്ഠരോഗ നിർമ്മാർജ്ജന യജ്ഞം :

NLEP പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സുസ്ഥിര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പ്രവർത്തന പരിപാടികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. 2016 ഒക്ടോബർ 2 -ാം തീയതി ഉദ്ഘാടനം ചെയ്ത ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലേയും അംഗനവാടികളിലേയും കുട്ടികളെ (മൂന്ന് മുതൽ 17 വയസ്സുവരെ) അദ്ധ്യാപകരുടെ/ അംഗനവാടി പ്രവർത്തകരുടെയും സ്കൂൾ ഹെൽത്ത് നഴ്സിന്റെയും സഹകരണത്തോടെ ത്വക്ക് പരിശോധന നടത്തുന്നതിനും വിദഗ്ദ്ധ പരിശോധന ആവശ്യമുള്ളവർക്ക് മെഡിക്കൽ ഓഫീസറുടെയും ത്വക്ക് രോഗ വിദഗ്ദ്ധരുടെയും സേവനം ലഭ്യമാക്കിവരികയുമാണ്.

4. ജീവിത ശൈലീരോഗ നിയന്ത്രണ പരിപാടി :

ജീവിത ശൈലീരോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി തുടർന്ന് വരുന്ന പി.എച്ച്.സി./സി.എച്ച്.സി. ക്ലിനിക്കുകളോടൊപ്പംതന്നെ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ജീവിത ശൈലീരോഗ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

5. <u>ക്ഷയരോഗ നിയന്ത്രണ പരിപാടി</u> :

ഇന്ത്യയിൽ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളം ഡെയിലിരെജിമെൻ ഡോസ് കോമ്പിനേഷൻ 2017 ഫെബ്രുവരി മുതൽ നടപ്പിലാക്കിവരുന്നു.

6. <u>ആർദ്രം പദ്ധതി</u>

സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളിൽ 680 തസ്തികകളും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തി 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കെ.എം.എസ്.സി.-എൽ വഴി ആരംഭിച്ചിട്ടുണ്ട്. ജില്ലാ-താലൂക്കതല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. KIIFB യിൽ ഉൾപ്പെടുത്തിയ ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ താലൂക്കതല ആശുപത്രികളുടെ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴി നടന്നുവരുന്നു.

സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലെ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തിനും പുരോഗതിക്കുമായി ഈ വർഷത്തെ പ്ലാൻ ബജറ്റിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് :

1. ആരോഗ്യവകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുക.

2. ആരോഗ്യവകുപ്പിന് കീഴിലെ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ.

3. മെഡിക്കൽ റോക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ
4. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുക.
5. ഐ.സി.യു., കാത്ത് ലാബ് സൗകര്യങ്ങൾ ഇടുക്കി, വയനാട് ജില്ലാ ആശുപത്രികളിൽ സ്ഥാപിക്കുക.
6. പ്രധാന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുക.
7. ബ്ലഡ് ബാങ്ക് കംപോണന്റ് സെപ്പറേഷൻ യൂണിറ്റുകൾ സ്ഥാപിക്കുക.
8. ഹെൽത്ത് ട്രാൻസ്പോർട്ട് സംവിധാനം മെച്ചപ്പെടുത്തുക.
9. മാനസികാരോഗ്യകേന്ദ്രങ്ങൾ വികസിപ്പിക്കുക.
10. ജില്ലാ മാനസികാരോഗ്യ പ്രോഗ്രാമുകൾ നടപ്പിലാക്കുക.
11. സമഗ്രമായ മാനസികാരോഗ്യ പ്രോഗ്രാമുകൾ നടപ്പിലാക്കുക.
12. ആരോഗ്യ വകുപ്പിന് കീഴിൽ ദന്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.
13. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ
14. ആരോഗ്യ വകുപ്പിന് കീഴിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ
15. അടിയന്തര വൈദ്യസഹായം ശക്തിപ്പെടുത്തൽ.

ഇതിനുപുറമെ സർക്കാർ-സ്വകാര്യ മേഖലയിലെ ആരോഗ്യ ചികിത്സാ പദ്ധതി കുറ്റമറ്റതാക്കുന്നതിനായി കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് (രജി/റഗു.) ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി ക്വാളിറ്റി സ്റ്റാന്റേർഡ്സ് നടപ്പിലാക്കിവരുന്നു. കൂടാതെ ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾക്കായി 1785 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾക്കും സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ ആശുപത്രിക്കുമാണ് അനുവദിച്ചിരിക്കുന്നത്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേർണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായി 19-4-2017-ലെ സ.ഉ. (സാധാ)നമ്പർ 1106/2017/ ആ.കു.വ. പ്രകാരം ഊരുവിഭാഗങ്ങളിൽ നിന്നും ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗോത്രവർഗ്ഗ കോളനികളിൽ താമസക്കാരായ സ്ത്രീകളെ ആ കോളനിയിലെ അംഗങ്ങൾ തന്നെ തെരഞ്ഞെടുക്കുകയും തീവ്രപരിശീലനത്തിലൂടെ അവരെ ആരോഗ്യപ്രവർത്തകരാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

## ടെലിസ്ട്രോക്ക് പദ്ധതി

11 (*161) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പക്ഷാഘാതം ഉണ്ടാകുന്ന രോഗികൾക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് തുടങ്ങിയ ടെലിസ്ട്രോക്ക് പദ്ധതി ഏതൊക്കെ ജില്ലാ ആശുപത്രികളിലാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി തിരുവനന്തപുരം, കണ്ണൂർ ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നോ;

(സി) എങ്കിൽ പ്രസ്തുത തീരുമാനം ഇതുവരെ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി ഈ പദ്ധതി പ്രസ്തുത ആശുപത്രികളിൽ ആരംഭിക്കുമോ;

(ഡി) എല്ലാ ജില്ലാ ആശുപത്രികളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി, പത്തനംതിട്ട ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ടെലിസ്ട്രോക്ക് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയുണ്ടായി.

(ബി) ടെലിസ്ട്രോക്ക് പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയും രണ്ടാം ഘട്ടത്തിൽ കണ്ണൂർ ജില്ലാ ആശുപത്രിയും ഉൾപ്പെടുത്തിയിരുന്നു.

(സി&ഡി) സ്ട്രോക്ക് ചികിത്സ അത്യന്തം സങ്കീർണ്ണമായ ചികിത്സാ രീതിയാണ്. ഇതു കണ്ടെത്തുന്നതിന് സി.റ്റി. സ്കാൻ സംവിധാനം ഉണ്ടായിരിക്കേണ്ടതും അതിൽ പക്ഷാഘാതത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ധ്യവും ആവശ്യമാണ്. ഇതിനുള്ള പരിശീലനം ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിലെ ഫിസിഷ്യന്മാർക്ക് നൽകുകയുണ്ടായി. ടെലി മെഡിസിൻ സംവിധാനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തി മറ്റ് ആശുപത്രികളിലെ ന്യൂറോളജിസ്റ്റുകളുമായി സംവദിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ സാങ്കേതികപരമായ കാരണങ്ങളാൽ തിരുവനന്തപുരത്തും മാനന്തവാടിയിലും രണ്ടാം ഘട്ടത്തിൽ ആരംഭിക്കേണ്ട കണ്ണൂരും ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിരുന്നില്ല. 2015 ഒക്ടോബറിൽ പദ്ധതി മരവിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഭാഗികമയി തടസ്സപ്പെട്ടിരുന്നു. എന്നാൽ പദ്ധതി പുനരാരംഭിക്കുകയും NHM പദ്ധതിയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ടെലിസ്ട്രോക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ടി. മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ**

12 (*162) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി. കമ്പനികളിൽ നിന്നും ജീവനക്കാരെ പിരിച്ചു വിടുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിരിച്ചുവിടപ്പെട്ടവരുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ഇടപെടലുകൾ നടത്തുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ തൊഴിൽരംഗത്ത് യുവാക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) അഭ്യസ്തവിദ്യരായ യുവാക്കളെ സംസ്ഥാനത്തെ ഐ.ടി.മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിൽ ചൂഷണങ്ങൾ, തട്ടിപ്പുകൾ, അനധികൃതമായ കരാർ വ്യവസ്ഥകൾ തുടങ്ങിയവ തടയുന്നതിനായി പാർക്കുകളും കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ തൊഴിൽ നിയമങ്ങൾ, സേവന വേതന വ്യവസ്ഥകളും ചട്ടങ്ങളും ഉൾപ്പെടുത്തി നിലവിലുള്ള നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് പാർക്കുകൾ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പാർക്കുകളുടെ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകളിൽ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ പാർക്കുകൾ സ്വീകരിക്കുന്നുണ്ട്.

(സി) ഐ.ടി. മേഖലയിലെ ചൂഷണങ്ങൾ തടയുന്നതിനായി ഐ.ടി. നയത്തിന്റെ ഭാഗമായി തൊഴിൽ സംരക്ഷണത്തിന് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ നടപടികൾ ഈ സർക്കാരിന്റെ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാർക്കുകളിലെ കമ്പനികളിൽ തൊഴിൽ ചൂഷണങ്ങളും തട്ടിപ്പുകളും തടയുന്നതിനായി കമ്പനികളും പാർക്കുകളുമായുള്ള കരാറിൽ എല്ലാ സേവന വേതന വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളിൽ നിന്നും ട്രെയിനിംഗ് എന്ന പേരിൽ പണം വാങ്ങി പരിശീലനം നൽകാൻ പാടില്ലെന്ന് ഐ.ടി./ ഐ.ടി.ഇ.എസ്. കമ്പനികളും പാർക്കുകളും തമ്മിലുള്ള കരാറിൽ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇൻഫർമേഷൻ ടെക്നോളജി വ്യവസായ രംഗത്തുൾപ്പെടെ വിദ്യാർത്ഥി സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും ഈ മേഖലയിൽ കൂടുതൽ വ്യവസായ സാഹചര്യങ്ങൾ സൃഷ്ടിച്ച് അഭ്യസ്തവിദ്യരായ യുവാക്കളെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഐ.ടി. പോളിസി 2017-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ**

13 (*163) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനും സമഗ്ര വികസനത്തിനും വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാരുടെ വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും വേണ്ടി ചെയ്യുവാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഭിന്നശേഷിക്കാരുടെ അംഗപരിമിതികൾ നേരത്തെ കണ്ടെത്തുക, അനുയോജ്യമായ ഇടപെടലുകൾ നടത്തുക, അവരുടെ ശാരീരികവും മാനസികവുമായ വികാസത്തിന് സഹായിക്കുക തുടങ്ങിയവ ലക്ഷ്യമാക്കി കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുയാത്ര എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് അനുയാത്രയിലൂടെ ഘട്ടം ഘട്ടമായി നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.
2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം.
6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
8. സ്പെഷ്യൽ അങ്കണവാടികൾ
9. പ്രോജക്ട് ഓട്ടിസം
10. കാതോരം
11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
12. ഹെൽപ്പ് ഡെസ്ക്
13. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

14. കറക്ഷൻ സർജറികൾ
15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റീഹാബിലിറ്റേഷൻ
16. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
17. വ്യക്തിഗത പരിപാലന പ്ലാൻ
18. ദേശീയ ശിൽപ്പശാല
19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ധ കേന്ദ്രം
20. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ-എംപവർ
21. പരിക്കുകൾമൂലം ഉണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
22. അനുയാത്ര-വി കെയർ ഫിലിം ഫെസ്റ്റിവൽ ഓൺ ഡിസെബിലിറ്റീസ്

സമഹ്യനീതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്
2. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
3. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം
4. വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം
5. വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക് / വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം
6. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്
7. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
8. വിദ്യാജ്യോതി
9. കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ
10. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

11. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ
12. വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ
13. സ്പെഷ്യൽ അങ്കണവാടികൾ

താഴെപ്പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട് :

1. CDMRP-Community Disability Management and Rehabilitation Programme
2. Alzhimer's Related Disorder Society of India (ARDSI)
3. Epilepsy Care through schools
4. Pallium India
5. State Nodal Agency Centre (SNAC)
6. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി ( NGO)
7. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)
8. Insight Project (SPACE)
9. District Psychiatric Rehabilitation Project (IMHANS)
10. SIMC (State Institute on Mentally Challenged)
11. ആശ്രയ

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അംഗവൈകല്യമുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.
2. അംഗവൈകല്യമുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം - മാനദണ്ഡങ്ങൾക്ക് വിധേയമായി.
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം-മാനദണ്ഡങ്ങൾക്ക് വിധേയമായി.

4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി

5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ

6. സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി

7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി

8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി

9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

10. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി - സംസ്ഥാന തലത്തിൽ നടപ്പാക്കൽ

11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും

12. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം.

13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ് സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

14. ഭിന്നശേഷിക്കാർക്ക് 25000 രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി.

(ബി) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി 2017-18 -ൽ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഭിന്നശേഷിക്കാർക്ക് ഈടില്ലാതെയുള്ള വായ്പ സർക്കാർ സബ്സിഡി നൽകുമ്പോഴും മതിയായ ഈട് നൽകാൻ കഴിയാത്തതിനാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുരുതരമായ ഭിന്നശേഷിയുള്ള വർക്കുപോലും സ്വയം തൊഴിൽ വായ്പയെടുക്കാൻ കഴിയുന്നില്ല. ആയതിനാൽ സ്വന്തം ജാമ്യത്തിൽ വായ്പയായി കുറഞ്ഞ പലിശ നിരക്കിൽ (5%) 25,000 രൂപ വരെ വായ്പയായി നൽകും. ഗുരുതര ഭിന്നശേഷിയുള്ള വ്യക്തികൾ, സ്ത്രീകൾ, വയോജനങ്ങൾ, 14 വയസ്സിന് മുകളിലുള്ള എം.ആർ. കുട്ടികളുടെ രക്ഷിതാക്കൾ എന്നിവർക്ക് പരിഗണന നൽകുന്നതാണ്.

2. നാല് മേഖലാ ഓഫീസുകൾ സജ്ജമാക്കൽ :

കേരളമാകെയുള്ള ഭിന്നശേഷിക്കാർ അവർക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്കായി ഏറെ അകലെയുള്ള ഓഫീസുകളെ ആശ്രയിക്കേണ്ടിവരുന്നു. പൂജപ്പുരയിലെ ഹെഡ് ഓഫീസിന് പുറമെ കോഴിക്കോട്ടും എറണാകുളത്തും മേഖലാ ഓഫീസുകൾ മാത്രമാണ് നിലവിലുള്ളത്. എല്ലാ ജില്ലകളിലും ജില്ലാ/മേഖലാ ഓഫീസുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നാല് ജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതാണ്.

3. ആധുനിക രീതിയിലുള്ള ഉപകരണ നിർമ്മാണ യൂണിറ്റ്

പാറ്റൂരിൽ പ്രവർത്തിച്ചുവരുന്ന നിർമ്മാണ യൂണിറ്റിന്റെ ആധുനിക വൽക്കരണത്തിനായി 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഭിന്നശേഷിക്കാർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ ടെയിലറിംഗ്, ബുക്ക് ബൈന്റിംഗ്, ലെതർ വർക്സ്, കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവ നടത്തിവരുന്നുണ്ട്. ഗാർമെന്റ് മേക്കിംഗിനായുള്ള ചെറുകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി അംഗ പരിമിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി രണ്ട് തരം വായ്പ അനുവദിച്ചുവരുന്നു.

1. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ വായ്പാ പദ്ധതി പ്രകാരം നിലവിൽ പരമാവധി 25,00,000 രൂപ വരെ 5 വർഷ കാലയളവിലേക്ക് വായ്പ കോർപ്പറേഷൻ വിതരണം ചെയ്തുവരുന്നു.

2. സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കിവരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്.

അനുയാത്ര പദ്ധതിയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

**ഓപ്പറേഷൻ ഗുരുകുലം പദ്ധതി**

14 (T*164) ശ്രീ. കെ. രാജൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി ഓപ്പറേഷൻ ഗുരുകുലം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ലഹരിക്കടിമപ്പെടാത്ത കുട്ടികൾക്കും ബോധവൽക്കരണം നൽകുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികൾ മയക്കമരുന്ന് ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള പ്രാഥമിക കൗൺസിലിംഗ് വിദ്യാലയങ്ങളിൽ നടത്തുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം പൂർണ്ണമായും തടയുക എന്ന ലക്ഷ്യത്തോടെ ഓപ്പറേഷൻ ഗുരുകുലം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) വിദ്യാർത്ഥികളിൽ കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം അവരെ കുറ്റകൃത്യങ്ങളിലേയ്ക്ക് നയിക്കുകയും അതുവഴി കുടുംബങ്ങളിലും പൊതു സമൂഹത്തിലും സ്കൂൾ അന്തരീക്ഷത്തിലും അസ്വസ്ഥത ഉളവാക്കുകയും പഠനത്തിൽ നിന്ന് പിറകോട്ട് പോകുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു. വിദ്യാർത്ഥികളിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കി അവരെ നേരായ ജീവിതത്തിലേയ്ക്ക് നയിച്ച് ഉത്തമ പൗരന്മാരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. മറ്റ് പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്കൂൾ, കോളേജ്, പാരലൽ കോളേജ് എന്നിവിടങ്ങളിൽ ആബ്സന്റാകുന്ന വിദ്യാർത്ഥികളുടെ വിവരം മാതാപിതാക്കളെ അറിയിക്കുക.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

2. കൗൺസിലിംഗ് ആവശ്യമായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുക.

3. സ്കൂളുകളിൽ പുകയില, മദ്യം, മയക്കുമരുന്ന് തുടങ്ങിയ പദാർത്ഥങ്ങൾമൂലമുള്ള ദൂഷ്യവശങ്ങളെപ്പറ്റി വീഡിയോ ക്ലിപ്പിംഗ് ഉപയോഗിച്ച് ബോധവൽക്കരണം നടത്തുക.

4. വാർത്താ മാധ്യമങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുക.

5. വിദ്യാർത്ഥികൾ സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കണ്ടെത്തി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക-തുടങ്ങിയവയാണ്

(സി) പദ്ധതിയുണ്ട്. ഈ പദ്ധതി ഒരു കമ്മിറ്റിയുടെ കീഴിൽ കൊണ്ടുവന്ന് ഊർജ്ജിതമായി നടപ്പാക്കാനും എല്ലാ ജില്ലകളിലും നടപ്പിലാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒ.ആർ.സി. (Our Responsibility to Children) എന്ന പേരിൽ ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഓരോ സ്റ്റേഷൻ പരിധിയിലും സാമൂഹിക പ്രതിബദ്ധതയുള്ള ഒരു കൂട്ടം ആൾക്കാരെ പങ്കെടുപ്പിച്ച് 'ലഹരിവിരുദ്ധ കാവലാൾക്കൂട്ടം' എന്ന പേരിൽ ഒരു ഗ്രൂപ്പ് ഉണ്ടാക്കി അവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും ക്ലാസുകളും നൽകി പ്രസ്തുത സ്റ്റേഷൻ പരിധിയിലുള്ള സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോധവൽക്കരണം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിദ്യാർത്ഥികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള പ്രാഥമിക കൗൺസിലിംഗുകൾ വിദ്യാലയങ്ങളിൽ സാമൂഹികക്ഷേമ വകുപ്പും ആരോഗ്യവകുപ്പും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**മലബാർ മേഖലയിൽ ആരോഗ്യരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ**

15 (*165) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിൽ ജനസംഖ്യയ്ക്ക് ആനുപാതികമായി ആരോഗ്യ രംഗത്ത് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പ്രദേശത്തെ ജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ-സി) മലബാർ മേഖലയിൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾക്കുപുറമെ നവകേരള മിഷനിൽപ്പെട്ട ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടെ അടിസ്ഥാന സൗകര്യങ്ങൾ ആനുപാതികമായി വർദ്ധിക്കുന്നതാണ്. ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തി ടി സ്ഥാപനങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ മലബാർ മേഖലയിൽ നിന്നുള്ള 52 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമാക്കി ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള സ്റ്റാന്റേർഡൈസേഷൻ പ്രൊപ്പോസലിൽ മലബാർ മേഖലയിൽ നിന്നുള്ള സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ മലബാർ മേഖലയിലെ 29 ആശുപത്രികൾ ഉൾപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയിലും മലബാർ ക്യാൻസർ സെന്ററിലും സമഗ്ര വികസനം നടപ്പാക്കുന്നതിനുവേണ്ടി കിഫ്ബിയിൽ നിന്നും തുക അനുവദിക്കുകയും അതിന്റെ നിർമ്മാണ ചുമതല BSNL എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ ഓരോ പുതിയ മെഡിക്കൽ കോളേജുകൾ വീതം ആരംഭിക്കുന്നതാണ്. എം.എൽ.എ. ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ മുഖേനയും ആവശ്യമായ അടിസ്ഥാന സൗകര്യവികസനങ്ങൾ ടി മേഖയിലെ വിവിധ സ്ഥാപനങ്ങളിൽ നടന്നുവരുന്നുണ്ട്.

**പ്രവാസികൾക്കായി പുനരധിവാസ പദ്ധതി**

16 (*166) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കായി പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്രവർഷം പ്രവാസ ജീവിതം പൂർത്തിയായവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്;

(സി) ഈ പദ്ധതിക്കായി എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്നും മുൻസർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തൊഴിൽരഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുകയും മൂലധന സബ്സിഡി നൽകുകയും ചെയ്യുക.
2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുക.
3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

(ബി) കുറഞ്ഞത് രണ്ട് വർഷം പ്രവാസ ജീവിതം പൂർത്തിയായവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

(സി) ഈ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 16.35 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ 31-3-2016 വരെ 1104 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

## റേഷൻ കാർഡ് സംബന്ധിച്ച പരാതികൾ

17 (*167) ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് വിതരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്താകെ വീണ്ടും പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരായവർക്ക് സ്വമേധയാ തെറ്റ് തിരുത്തുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്തൊട്ടാകെയുള്ള 14345 റേഷൻ കടകളിലായി ആകെയുള്ള 80,18,030 റേഷൻ കാർഡുകളിൽ ദ്വിഭാഷ കാർഡുള്ള പാലക്കാട് ജില്ലയിൽ ചിറ്റൂർ, കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, ഇടുക്കി ജില്ലയിൽ ദേവികുളം എന്നീ താലൂക്കുകൾ ഒഴികെ ഒന്നാംഘട്ട റേഷൻ കാർഡ് വിതരണം റേഷൻ കടകൾ വഴി പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാംഘട്ട വിതരണം നടന്നുവരുന്നു. നാളിതുവരെ 68,25,550 (അതായത് 84 ശതമാനം) കാർഡുകൾ വിതരണം നടത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസം വിതരണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 4-8-2017 വരെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 186926 പരാതികളും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് 5,88,398 പരാതികളും ലഭ്യമായിട്ടുണ്ട്. ആയതിൽ 27,344 സർക്കാർ ജീവനക്കാർ സ്വയമേ ഒഴിവായതുൾപ്പെടെ 1,27,546 കാർഡുടമകളെ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ലഭ്യമായിട്ടുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. പരാതികൾ സംബന്ധിച്ച വിശദവിവരം* അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട സർക്കാർ ജീവനക്കാർക്ക് ആദ്യം ജൂലൈ 31 വരെയും പിന്നീട് ഓഗസ്റ്റ് 20 വരെയും സ്വമേധയാ ഒഴിവാകുന്നതിനുള്ള അവസരം നൽകിയിട്ടുണ്ട്. കൂടാതെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹർ ഒഴിവാകുന്നതിന് പത്രങ്ങളിൽ കൂടിയുള്ള പരസ്യം റേഷൻ കടകളിൽ പോസ്റ്റർ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പതിക്കുക, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥ തലത്തിലുള്ള അന്വേഷണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ 3(13) ഖണ്ഡിക പ്രകാരം മുൻഗണനാ ലിസ്റ്റ് തുടർച്ചയായ അവലോകനത്തിന് വിധേയമാക്കണമെന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ വിതരണം സുതാര്യമാക്കുവാൻ നടപടി**

18 (*168) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ ഭക്ഷ്യ വസ്തുക്കൾ കരിഞ്ചന്തയിൽ പോകുന്നത് തടയാൻ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ മെഷീനുകൾ സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാനും റേഷൻ വിതരണം സുതാര്യമാക്കുവാനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കൽ എന്നിവയിൽ എന്തൊക്കെ പുരോഗതിയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

(ബി) ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുമ്പോൾ ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ സാധനങ്ങൾ ലഭിക്കുമെന്ന് ഉറപ്പ് വരുത്താൻ സാധിക്കും. റേഷൻ കടകളിൽ നേരിട്ട് വാതിൽപ്പടി വിതരണം മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ സാധനങ്ങളുടെ വിനിയോഗവും സപ്ലൈ ചെയിൻ മാനേജ്മെന്റും ആട്ടോമേറ്റ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എൻ.ഐ.സി. വികസിപ്പിച്ചുവരുന്നു. പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാകാറായി. പരാതി പരിഹാരത്തിനുള്ള സംവിധാനവും വികസിപ്പിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായി നടപ്പാക്കുന്നതോടെ റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമായി മാറും.

(സി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇ-പോസ് മെഷിനുകൾ വാങ്ങുന്നതിനുവേണ്ടി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നുവരികയും ചെയ്യുന്നു. ജി.പി.എസ്. സംവിധാനം ഘടിപ്പിക്കുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുന്നതിന് RFP (Request for Proposal) തയ്യാറാക്കിയിട്ടുണ്ട്.

**വ്യാപകമായ പനി മരണം**

19 (*169) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാപകമായ പനി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പനി മരണങ്ങൾ തടയുന്നതിനായി എന്ത് പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പനി മരണങ്ങൾ തടയുന്നതിനായി സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തെ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗ നിരീക്ഷണവും കൊതുകു നിരീക്ഷണവും ശക്തിപ്പെടുത്തി.
2. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ/സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.
3. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ(ഫോഗിംഗ്) കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്യുകയുണ്ടായി.
4. സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി.

5. മേയ് 19-നം ജൂൺ 19-നം സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) യോഗം രണ്ട് പ്രാവശ്യം കൂടി സംസ്ഥാനത്തെ പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.

6. ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 തീയതിയിലും ആയി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഈ നിർദ്ദേശപ്രകാരം കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

7. മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.

8. രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി. സമയം ദീർഘിപ്പിച്ചു.

9. മഴക്കാല പൂർവ്വ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2-3-2017-നം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6-3-2017-നം യോഗം ചേർന്ന് പകർച്ചവ്യാധി പ്രതിരോധത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ ചർച്ച ചെയ്തു.

10. ഗവ.മെഡിക്കൽ കോളേജ്, സ്വകാര്യ മെഡിക്കൽ കോളേജ്, പ്രതിനിധികളുടെ യോഗം ചേർന്ന് സമയബന്ധിതമായി രോഗ വിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകി.

11. ഐ.എം.എ. വഴി സ്വകാര്യ മേഖലയിലെ ഡോക്ടർമാർക്ക് ഡെങ്കി ചികിത്സാ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.

12. പത്ര, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, മൈക്ക് അനൗൺസ്മെന്റ്, ലഘുലേഖ വിതരണം, പോസ്റ്റർ, റെയിൽവേ സ്റ്റേഷൻ, സിനിമാ തിയേറ്റർ എന്നിവിടങ്ങളിൽ എൻ.എച്ച്.എം.-ന്റെ സഹായത്തോടെയുള്ള പകർച്ചവ്യാധി പ്രതിരോധ പ്രചരണങ്ങൾ എന്നിവ നടത്തിയിരുന്നു.

**മാവേലി സ്റ്റോറുകളിലെ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം**

20 (*170) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ ഗുണനിലവാരമില്ലാത്തവയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ജില്ലാ ഫെയറുകളും താലൂക്കുതല ഫെയറുകളും പ്രത്യേക ഓണച്ചന്തകളും നടത്തുന്നതും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിദേശ മലയാളികൾക്കുള്ള നിയമസഹായം**

21 (*171) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകുന്ന ചില മലയാളികൾ യാതൊരു കുറ്റവും ചെയ്യാതെ വിവിധ രാജ്യങ്ങളിലെ കോടതി വ്യവഹാരങ്ങളിലും മറ്റ് നിയമക്കുരുക്കുകളിലും അകപ്പെട്ട് ജയിലിലാകുകയും കടുത്ത ശിക്ഷകൾ ഏറ്റുവാങ്ങേണ്ടി വരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർക്ക് ആവശ്യമായ നിയമസഹായം നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വിദേശ മലയാളികളുടെ പരാതികൾ പരിഹരിക്കുന്നതിനും വിഷമഘട്ടങ്ങളിൽ ആവശ്യമായ കൗൺസിലിംഗിനും അംഗീകൃത കുടിയേറ്റവും ചൂഷണങ്ങളും സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ/കാൾസെന്ററുകൾ തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സർക്കാരും നോർക്ക റൂട്ട്സും നടത്തുന്ന വിവിധ പദ്ധതികളുടെ വിവര വ്യാപനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽ ജോലിയിൽ തുടരവെ ജോലി സംബന്ധമായ പ്രശ്നം നേരിടുന്നവർ, തൊഴിൽ ദാതാവുമായും സ്പോൺസർമാരുമായും തർക്കങ്ങളിലോ കോടതി വ്യവഹാരങ്ങളിലോ അകപ്പെട്ടവർ, മനഃപൂർവ്വമല്ലാത്ത കാരണങ്ങളാൽ രേഖകൾ നഷ്ടപ്പെട്ടവർ എന്നിവരുടെ സഹായത്തിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അക്കാര്യം ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രശ്നപരിഹാരം നടത്തി അവരെ തിരികെ എത്തിക്കാൻ നോർക്ക വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിദേശത്ത് നിയമസഹായം ആവശ്യമുള്ള പ്രവാസിയുടെ നാട്ടിലുള്ള ബന്ധുക്കൾക്ക് നിയമപരമായ രേഖകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങളും നോർക്ക വകുപ്പ് നൽകി വരുന്നുണ്ട്.

(സി) പ്രവാസികൾക്ക് അടിയന്തര ഘട്ടങ്ങളിൽ തങ്ങളുടെ പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിനും കൂടാതെ സുരക്ഷിത എമിഗ്രേഷൻ സംബന്ധിച്ച് അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി നോർക്ക റൂട്ട്സിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ നിലവിലുണ്ട്.

(ഡി) നോർക്ക വകുപ്പിനെയും നോർക്ക റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ ഇവയുടെ കീഴിലുള്ള വിവിധ ഓഫീസുകൾ, സേവനങ്ങൾ, പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ, പ്രവാസി മലയാളികൾക്ക് അത്യാവശ്യഘട്ടങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിൽ നിന്നും വിളിക്കുന്നവർ 1800-425-3939 ടോൾ ഫ്രീ നമ്പരിലേയ്ക്കും വിദേശത്തുള്ള കേരളീയർ 00914712333339 നമ്പരിലേക്കും വിളിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. വിദേശ രാജ്യങ്ങളിൽ ആഭ്യന്തര കലാപത്തിൽ

കുടുങ്ങിയ മലയാളികളെ സ്വദേശത്ത് കൊണ്ടുവരുന്നതിനും ദുരന്ത ബാധിത പ്രദേശങ്ങളിലകപ്പെട്ട മലയാളികളെ ഒഴിപ്പിക്കേണ്ട സാഹചര്യത്തിലും കാൾസെന്ററിന്റെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നുണ്ട്. വിവിധ പദ്ധതികളുടെ വ്യാപനത്തിന് പ്രത്യേകമായി അനുവദിച്ചിട്ടുള്ളതും പരസ്യ പ്രചാരണത്തിനായി പദ്ധതികളുടെ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ളതുമായ തുക വിനിയോഗിച്ച് പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്തിവരുന്നു.

**ഭക്ഷ്യഭദ്രതാ നിയമം**

22 (*172) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവു വരുത്തുകയുണ്ടായോ;

(ബി) എങ്കിൽ ഇതിന്റെ ഫലമായി പൊതുവിപണിയിൽ അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) പൊതുവിപണിയിലെ അരിവില കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തുകയുണ്ടായി. അനുവദിച്ചിരുന്ന 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം 14.25 ലക്ഷം മെട്രിക് ടണ്ണായി കുറച്ചു.

(ബി &സി) റേഷൻ ഭക്ഷ്യധാന്യങ്ങളിൽ ഉണ്ടായ കുറവ് അരി വില വർദ്ധനവിന് ഒരു കാരണമായിട്ടുണ്ട്. വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പരിശോധിക്കുന്നതിനായി സംസ്ഥാന തലത്തിൽ പ്രൈസ് മോണിറ്ററിംഗ് സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുവിപണിയിലെ അരി വില നിയന്ത്രണാധീനമാക്കുന്നതിനായി മാർക്കറ്റ് ഇടപെടൽ ശക്തമാക്കുകയും സബ്സിഡി നിരക്കിൽ മട്ടയരി, പച്ചരി, കുറുവ അരി, ജയ അരി എന്നീ ജനപ്രിയ ഇനം അരിക്കുപുറമെ ആന്ധ്രാ ഇതര ജയ അരി, ഒ.എം.എസ്.എസ്. പുഴക്കലരി/പച്ചരി എന്നിവ എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലൂടെയും വിതരണം ചെയ്തുവരുന്നു. പൊതു വിപണിയിൽ അരിവില വർദ്ധനവുള്ള സാഹചര്യത്തിൽ പ്രത്യേകം അരിക്കടകൾ നടത്തിയും അരി വിൽപ്പനയ്ക്കായി

പ്രത്യേക കൗണ്ടറുകൾ തുറന്നും കൂടുതൽ സ്റ്റോക്കെത്തിച്ചും സാധ്യമായ എല്ലാ നടപടികളും സപ്ലൈകോ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന അരിക്ക് അളവ് നിയന്ത്രണം ഉള്ളതിനാൽ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ആവശ്യാനുസരണം അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഫ്രീസെയിൽ സബ്സിഡി നിരക്കിലും എല്ലായിനം അരിയും സപ്ലൈകോ വിൽപ്പനശാലകളിൽ ലഭ്യമാക്കിയിട്ടുണ്ട്. അരി വില വർദ്ധിക്കുന്ന സ്ഥിതിവിശേഷം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അരി മില്ല് ഉടമകളും ബ്രോക്കർമാരും ലോബിയായി പ്രവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി ആന്ധ്രാ പ്രദേശിലെ മില്ല് ഉടമകളുമായി പ്രശ്ന പരിഹാരം സംബന്ധിച്ച് ചർച്ച നടത്തി അരിയുടെ വില കൃത്രിമമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## തീപിടിത്തം നേരിടാൻ സ്കൈ ലിഫ്റ്റ് സംവിധാനം

23 (*173) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുനില മന്ദിരങ്ങൾക്ക് തീ പിടിച്ചാൽ അണയ്ക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും അവ പര്യാപ്തമാണോ എന്നും പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്കൈ ലിഫ്റ്റ് സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം വാങ്ങി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സംവിധാനവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും കേരളത്തിലെ മെട്രോ നഗരങ്ങളിലെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പരിശോധിച്ചിട്ടുണ്ട്. ബഹുനില മന്ദിരങ്ങളുടെ ഒക്യുപെൻസി അനുസരിച്ച് നാഷണൽ ബിൽഡിംഗ് കോഡിൽ പ്രതിപാദിക്കുന്ന വിധമുള്ള അഗ്നി സുരക്ഷാ ഉപാധികൾ സ്ഥാപിച്ചിട്ടുണ്ടെന്ന് പരിശോധനാവേളയിൽ ഉറപ്പാക്കാറുണ്ട്. കൂടാതെ ബഹുനില മന്ദിരങ്ങൾക്ക് തീപിടിച്ചാൽ അണയ്ക്കുന്നതിന് പലതരം അഗ്നിശമന വാഹനങ്ങളും വിവിധയിനം ഡെലിവറി ഹോസുകൾ, ബ്രാഞ്ചുകൾ, വിഷവാതകങ്ങളിൽ നിന്നുള്ള സുരക്ഷയ്ക്ക് ബ്രീത്തിംഗ് അപ്പാരറ്റസ്, ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, ചെറിയ ഇനം യന്ത്രങ്ങൾ, വിവിധയിനം ഏണികൾ, തീയിൽ പ്രവേശിക്കുന്നതിന്

ഫയർ പ്രോക്സിമിറ്റി സ്യൂട്ടുകൾ, ലോഹങ്ങൾ മുറിക്കുന്നതിനുള്ള ഓക്സി അസറ്റലിൻ ഷിയേഴ്സ്, ഉയരത്തിൽനിന്നും താഴേക്ക് ചാടി രക്ഷാപ്രവർത്തനം നടത്തുന്നതിന് ജമ്പിംഗ് കുഷനുകൾ, കോൺക്രീറ്റ് മുറിക്കുന്നതിന് പവ്വർ സോ, തടി മുറിക്കുന്നതിന് ചെയിൻസോ എന്നീ ഉപകരണങ്ങളും നിലവിലുണ്ട്.

(ബി &സി) ഇല്ല. സംസ്ഥാനത്തെ ബഹുനില മന്ദിരങ്ങൾക്ക് തീ പിടിച്ചാൽ രക്ഷാപ്രവർത്തനം സുഗമമായി നിർവ്വഹിക്കുന്നതിനുവേണ്ടി 50 മുതൽ 60 മീറ്റർ വരെ ഉയരമുള്ള ഒരു ടേൺ ടേബിൾ ലാഡർ, ഒരു ഏരിയൽ പ്ലാറ്റ്ഫോം ലാഡർ (സ്കൈ ലിഫ്റ്റ്) എന്നിവ വാങ്ങുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 20 കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത നിർദ്ദേശത്തിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മാരകരോഗങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്ന പദ്ധതി

24 (*174) ശ്രീ. അനിൽ അക്കര :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഇൻഷ്വറൻസ് പദ്ധതികളെയും ആരോഗ്യ പദ്ധതികളെയും സംയോജിപ്പിച്ച് കാൻസർ, പക്ഷാഘാതം, കരൾ-വൃക്ക രോഗങ്ങൾ, ഹൃദയാഘാതം തുടങ്ങിയ മാരകരോഗങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്ന ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) എങ്കിൽ ഈ പദ്ധതി മുഖേന എത്ര രോഗികൾക്ക് ചികിത്സ ഉറപ്പാക്കാൻ കഴിഞ്ഞു;

(സി) സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനോടൊപ്പം സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിച്ച് ആശുപത്രികളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ചികിത്സാ ചെലവ് ഏറെ വേണ്ടിവരുന്ന കാൻസർ, പക്ഷാഘാതം, കരൾ-വൃക്ക രോഗങ്ങൾ, ഹൃദയാഘാതം തുടങ്ങിയ മാരകരോഗങ്ങൾക്ക് സൗജന്യ/ മിതമായ നിരക്കിൽ ചികിത്സ നൽകുന്നതിന് വിവിധ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് ഒരു ബൃഹത് പദ്ധതി കൊണ്ടുവരാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതിന്റെ സാങ്കേതിക വശങ്ങൾകൂടി പരിഗണിച്ച് കുറ്റമറ്റ പദ്ധതിയാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ തുടരുന്നതിനാൽ ടി പദ്ധതി പൂർണ്ണരൂപത്തിൽ ആയിട്ടില്ല.

(ബി) ഉത്തരം എ-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീ സൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളിൽ 680 തസ്തികകൾ സൃഷ്ടിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതിയും പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭ്യമാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ-താലൂക്കുതല ആശുപത്രികളിലേക്കുള്ള ആശുപത്രി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. KIIFB ഫണ്ടുപയോഗിച്ച് 44 ഡയാലിസിസ് യൂണിറ്റും 10 കാത്ത് ലാബുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാ-താലൂക്ക് ആശുപത്രികളെ മാസ്റ്റർ പ്ലാൻ അനുസരിച്ച് ഘട്ടം ഘട്ടമായി രോഗീസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

## കാൻസർ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ

25 (*175) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൻസർ രോഗനിർണ്ണയം ആദ്യ ഘട്ടത്തിൽ തന്നെ നടത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് 'ആയുർ ദീപ്തം' പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) കാൻസർ സെന്ററുകളിലെ ചികിത്സാ സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ക്യാൻസറിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ യൂണിറ്റുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനും ഇതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ആയൂർ ദീപ്തം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂര്, കണ്ണപുരം എന്നീ പി.എച്ച്.സി.-കളിൽ പ്രാരംഭ ഘട്ടത്തിൽ ചില കാൻസറുകൾ കണ്ടുപിടിക്കുന്നതിനുള്ള ഏർളി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. മറ്റ് ചില സർക്കാർ ആശുപത്രികളിലും ഇത്തരത്തിലുള്ള ക്ലിനിക്കുകൾ തുടങ്ങാനുള്ള പരിശീലനം മലബാർ കാൻസർ സെന്ററിൽ നടന്നുവരുന്നു. ഈ പദ്ധതി ഒരു പൈലറ്റ് പ്രോഗ്രാമായാണ് നടത്തി വരുന്നത്.

(സി) റീജിയണൽ കാൻസർ സെന്റർ :

റീജിയണൽ ക്യാൻസർ സെന്ററിൽ കാൻസർ ചികിത്സയ്ക്കായി എല്ലാ ആധുനിക സങ്കേതങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക പീഡിയാട്രിക് ഒ.പി.

വിഭാഗം, പുതിയ ഔട്ട്പേഷ്യന്റ് ബ്ലോക്ക്, പെറ്റ് CT സ്കാനർ, ഗാമാ ക്യാമറ തുടങ്ങിയവ അടുത്ത കാലത്ത് കമ്മീഷൻ ചെയ്യുകയുണ്ടായി. ആർ.സി.സി.-യെ ഹൈടെക് രോഗീസൗഹൃദ ആശുപത്രിയായി വികസിപ്പിക്കുന്നതിന് TATA Consultancy സർവ്വീസിന്റെ ഡിജിറ്റൽ നെർവ് സെന്ററിന്റെ ഭാഗമായി മാറുകയുണ്ടായി. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പങ്കാളിത്തത്തോടെയുള്ള അർബുദ ബോധന യജ്ഞം, മുൻകൂർ കാൻസർ നിർണ്ണയ പദ്ധതികൾ, പൊതു മാധ്യമങ്ങളിലൂടെയുള്ള ബോധന പ്രവർത്തനങ്ങൾ, അക്കാദമിക് നിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ, എം.ഡി./ എം.സി.എച്ച്./ ഡി.എം., വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ, കാൻസർ രജിസ്ട്രി പ്രവർത്തനങ്ങൾ, ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ സർവ്വകലാശാലകളുമായുള്ള പങ്കാളിത്തം, കാൻസർ ചികിത്സയിൽ മൾട്ടിഡിസിപ്ലിനറി ക്ലിനിക് തുടങ്ങി വിപുലമായ പദ്ധതികളിലൂടെ ആർ.സി.സി. അതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നിരന്തര പ്രവർത്തനങ്ങളിലാണ്. നമ്മുടെ നാട്ടിൽ കൂടുതലായി കണ്ടുവരുന്ന വായ, സ്തനം, ഗർഭാശയഗളം എന്നീ ഭാഗങ്ങളിലെ ക്യാൻസർ നേരത്തേ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും പരിശീലന പദ്ധതികളും ആർ.സി.സി.-യുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം നടത്തി വരുന്നു. ഇത്തരം ക്യാമ്പുകളിൽ ഗർഭാശയഗള ക്യാൻസർ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള Visual Inspection using Lugols Iodine (VILI), Visual Inspection with Acetic Acid (VIA), പാപ്സ്മീയർ ടെസ്റ്റ് എന്നിവ ചെയ്യുന്നുണ്ട്. സ്തനാർബുദം നേരത്തേ കണ്ടുപിടിക്കുന്നതിനായി സ്തന പരിശോധനയ്ക്ക് പുറമേ ആവശ്യമുള്ള പക്ഷം മാമോഗ്രാഫി Fine Needle Aspiration Cytology (FNAC) ടെസ്റ്റിനും ആർ.സി.സി.-യിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. വദനാർബുദം കണ്ടുപിടിക്കുന്നതിന് വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായ പരിശോധനയും നടത്തുന്നുണ്ട്. ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും കൊല്ലം ജില്ലയിലെ നീണ്ടകരയിലും മുൻകൂർ കാൻസർ നിർണ്ണയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്കും ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകി വരുന്നുണ്ട്. ആർ.സി.സി. മുൻകയ്യെടുത്ത് ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് കാൻസർ

രോഗനിർണ്ണയ പരിശീലനം സംയോജിതമായി നൽകി വരുന്നു. ഇവ കൂടാതെ വിവിധ സംഘടനകളുമായി ചേർന്ന് മുൻകൂർ കാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പുകയില വർജ്ജന ക്ലിനിക്ക് നടത്തുന്നുണ്ട്. ജനങ്ങളെ കാൻസറിനെക്കുറിച്ച് ബോധവൽക്കരിക്കുകയും നല്ലതായ ജീവിതശൈലി അവലംബിക്കുന്ന തിനുള്ള ബോധവൽക്കരണവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകയ്യെടുത്ത് നടത്തി വരുന്നു. കാൻസർ ബോധവൽക്കരണ പരിപാടിയിലൂടെ സമൂഹത്തിൽ മുൻകൂർ രോഗ നിർണ്ണയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുവാനും ഫലപ്രദമായ ചികിത്സ നൽകുവാനും സാധിക്കും. ഇതിലൂടെ രോഗത്തിന്റെയും ചികിത്സയുടെയും തീവ്രത കുറയ്ക്കുവാനും കഴിയുന്നു.

<u>മലബാർ കാൻസർ സെന്റർ</u> :

മലബാർ കാൻസർ സെന്ററിൽ താഴെപ്പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. :

1. ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലി കൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി, സിമുലേറ്റർ ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.

2. ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലാബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം.

3. 4 ഡി സ്കാനർ, സി.ടി. സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി. സ്കാൻ, 500 എം.എ. എക്സ്റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനർ, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.

4. ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം.

5. എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.

6. രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്.

7. ആധുനികസജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തീയറ്റർ കോംപ്ലക്സ്.

8. ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.

9. കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ്.

10. മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും ഡോക്ടർമാർക്കും എം.സി.സി.-യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനം.

11. 200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**കോവളം മുതൽ വളപട്ടണം വരെയുള്ള ദേശീയജലപാതയുടെ വികസനം**

26 (*176) ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം മുതൽ വളപട്ടണംവരെയുള്ള ദേശീയ ജലപാതയുടെ വികസനത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ദേശീയ ജലപാതയുടെ നിർമ്മാണത്തിനായി ഇതിനകം എത്ര തുക ചെലവഴിച്ചു; ഇതുവരെ ദേശീയ ജലപാതയുടെ ഏതൊക്കെ ഭാഗങ്ങളാണ് പൂർത്തിയായിട്ടുള്ളത്;

(സി) ജലപാത വികസനത്തിനായി ഇനി എത്ര സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 17-6-2017-ലെ ജി.ഒ.(എംഎസ്.)നമ്പർ 02/2017/CSIND ഉത്തരവ് പ്രകാരം ഉൾനാടൻ ജലഗതാഗതപാതയുടെ സമയബന്ധിതമായ വികസനത്തിനായി ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയെ SPV ആയി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാരിനും സിയാലിനും 49 ശതമാനം വീതം ഓഹരിയും ബാക്കി രണ്ട് ശതമാനം ഓഹരി കമ്പനിക്ക് തീരുമാനിക്കാവുന്ന വിധത്തിലുമാണ് പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുക. മുഖ്യമന്ത്രി ചെയർമാനായുള്ള 12 അംഗ ഡയറക്ടർ ബോർഡിൽ സർക്കാരിനും കമ്പനിക്കും തുല്യ പ്രാതിനിധ്യമാണ് ഉണ്ടായിരിക്കുക. ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരമായിരിക്കും മാനേജിംഗ് ഡയറക്ടറുടെ നിയമനം നടത്തുക.

(ബി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്ററും 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കിലോമീറ്റർ ഭാഗവുമാണ് ദേശീയ ജലപാത. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) -യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത് എന്നതിനാൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ഭാഗം ഗതാഗത യോഗ്യമായിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ മൂന്ന് പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനായി 0.4587 ഹെക്ടർ സ്ഥലവും വടകര-മാഹി കനാൽ നിർമ്മാണത്തിനായി അധികമായി 34 ഹെക്ടർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. പുതുതായി നിർമ്മിക്കേണ്ട നാവിഗേഷൻ കനാലിന് (മാഹി-വളപട്ടണം) ഏകദേശം 348 ഹെക്ടർ സ്ഥലവും, നീലേശ്വരം-ബേക്കൽ ജലപാതയുടെ വികസനത്തിനായി ഏകദേശം 210 ഹെക്ടർ സ്ഥലവും ആവശ്യമാണ്. ടി ഭാഗങ്ങളിൽ ഡ്രോൺ ഉപയോഗിച്ചുള്ള ഏരിയൽ സർവ്വേ നടന്നുവരുന്നു. ബേക്കൽ മുതൽ കാസർഗോഡ് വരെയുള്ള ഭാഗത്തിന്റെ സാദ്ധ്യതാപഠനവും നടന്നുവരുന്നു.

## രാഷ്ട്രീയ സംഘട്ടനങ്ങൾ

27 (*177) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന ജില്ലയിൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ സംഘട്ടനങ്ങൾ സാധാരണ ജനങ്ങളുടെ സ്വൈര ജീവിതത്തിന് വിഘാതം സൃഷ്ടിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കാണ് ഈ സംഘട്ടനങ്ങളിൽ നാശനഷ്ടം സംഭവിച്ചത്;

(സി) സംഘട്ടനങ്ങളുടെ വിശദാംശം കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവ ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ജനങ്ങളുടെ സ്വൈര ജീവിതത്തിന് വിഘാതം സൃഷ്ടിച്ചിട്ടില്ല.

(ബി) ബി.ജെ.പി.-യുടെയും സി.പി.ഐ.(എം.)-ന്റെയും ഓഫീസുകൾക്ക് നേരെ ആക്രമണം ഉണ്ടായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രധാനപ്പെട്ട പാർട്ടി ഓഫീസുകൾ, രാഷ്ട്രീയ നേതാക്കളുടെ വസതികൾ എന്നിവ കേന്ദ്രീകരിച്ച് പോലീസ് പിക്കറ്റുകളും പട്രോളിംഗും ഏർപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും സർവ്വകക്ഷി യോഗങ്ങൾ നടത്തുകയുണ്ടായി. അക്രമങ്ങൾക്ക് വിരാമം ഉണ്ടാകുവാൻ ഉതകുംവിധമുള്ള തീരുമാനങ്ങൾ കൈകൊള്ളുകയുണ്ടായി.

## സ്ത്രീ സുരക്ഷയ്ക്ക് നൂതന പദ്ധതികൾ

28 (*178) ശ്രീ. എം. മുകേഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. സ്വരാജ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈബർ ക്രൈം സംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആയതിന്റെ ഭാഗമായി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കുറ്റകൃത്യങ്ങൾ അവലോകനം ചെയ്യുന്നത് മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സൈബർ ക്രൈം കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിനുവേണ്ടി നിലവിലുള്ള സംവിധാനങ്ങളായ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ എന്ന ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതാണ്.

(സി) സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന ഉദ്യോഗസ്ഥർക്ക് തെളിവുകൾ ശേഖരിക്കുന്നതിനും മറ്റും സഹായകമാകുന്ന രീതിയിൽ പ്രത്യേക പരിശീലനം നൽകുന്നുണ്ട്. മികച്ച സൈബർ ഫോറൻസിക് ടൂളുകളും ലഭ്യമാക്കിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ അവലോകനം ചെയ്യുന്നതിനായി സബ് ഡിവിഷൻ, സർക്കിൾ

തലത്തിൽ ക്രൈം കോൺഫറൻസുകളും എല്ലാ മാസവും ജില്ലാതല കോൺഫറൻസുകളും നടത്തിവരുന്നു. ഇതിലൂടെ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിലേക്കായി ഓപ്പറേഷൻ പിങ്ക്, പിങ്ക് പട്രോൾ, ബീറ്റ് പട്രോൾ 1091 എന്ന നമ്പരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ, സെൽഫ് ഡിഫൻസ് ക്ലാസ്സുകൾ, പഞ്ചായത്ത് ബീറ്റ്, വിക്ടിം സപ്പോർട്ട് സ്കീം, ആന്റി വിമൺ ഹരാസ്മെന്റ് സെൽ, ജില്ലാ ആന്റി ട്രാഫിക്കിങ് യൂണിറ്റ്, നിർഭയ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## സൗദി അറേബ്യയിലെ സ്വദേശിവൽക്കരണംമൂലമുള്ള തൊഴിൽ നഷ്ടം

29 (*179) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗദി അറേബ്യയിൽ ഷോപ്പിംഗ് മാളുകളിൽ ഈ വർഷം സെപ്റ്റംബർ മുതൽ സ്വദേശീവൽക്കരണം നടപ്പിലാക്കുവാൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം എത്ര മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെടും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) തൊഴിൽരഹിതരാകുന്ന മലയാളികളെ സഹായിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സൗദി അറേബ്യയിലെ ഷോപ്പിംഗ് മാളുകളിൽ സ്വദേശീവൽക്കരണം നടപ്പിലാക്കുന്ന കാര്യം മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല.

(സി) തൊഴിൽരഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന

പദ്ധതിയാണ്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് പതിനഞ്ച് ശതമാനം മൂലധന സബ്സിഡിയും ആദ്യ നാല് വർഷം മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുകയും മൂലധന സബ്സിഡി നൽകുകയും ചെയ്യുക.
2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുക.
3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

**ട്രോമാ കെയർ സംവിധാനവും സുസജ്ജമായ ആംബുലൻസും**

30 (*180) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന പാതകളിൽ എവിടെ അപകടമുണ്ടായാലും പതിനഞ്ച് മിനിറ്റിനകം സുസജ്ജമായ ആംബുലൻസ് എത്തുന്നതിനുള്ള സംവിധാനം നിലവിൽ വരുമോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ട്രോമാ കെയർ സൗകര്യം വിപുലീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്തെ ദേശീയപാതകളിലും സംസ്ഥാനപാതകളിലും മറ്റ് പ്രധാന പാതകളിലും വാഹനാപകടം ഉണ്ടാകുന്ന പക്ഷം അപകടത്തിനിരയാകുന്നവരെ യഥാസമയം മെച്ചപ്പെട്ട ആരോഗ്യ പരിപാലന സംവിധാനമുള്ള ആശുപത്രികളിൽ എത്തിക്കുന്നതിന് കേരള എമർജൻസി മെഡിക്കൽ സർവ്വീസ് എന്ന പേരിൽ സുസജ്ജമായ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ റോഡ് സേഫ്റ്റി അതോറിറ്റിയുടെ സാമ്പത്തിക സഹായം കൂടി പ്രയോജനപ്പെടുത്തി ആംബുലൻസ് സർവ്വീസ് ശക്തമാക്കുന്നതിനും ട്രോമാ കെയറുകൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആംബുലൻസ് പദ്ധതിയുടെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 13.48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്ന ആംബുലൻസ് സർവ്വീസ് (108 ആംബുലൻസ്)-ന്റെ പോരായ്മകൾ പരിഹരിച്ച് കുറ്റമറ്റതും അതിവേഗം സഹായമെത്തിക്കുന്നതിനുതകുന്ന തരത്തിലുമുള്ള ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് ഇതിനകം തന്നെ പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദമായ വിലയിരുത്തലുകൾക്ക് ശേഷം ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം തന്നെ സ്വകാര്യ മേഖലയുടെ സേവനവും പ്രയോജനപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാ കെയർ നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആകെ ചെലവിന്റെ 60% കേന്ദ്രഫണ്ടും നാൽപ്പത് ശതമാനം സംസ്ഥാന വിഹിതവുമാണ്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ കേന്ദ്രവിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ 10.272 കോടി രൂപയിൽ 367.5 ലക്ഷം രൂപ ഒന്നാംഘട്ട വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ അനുവദിച്ചതിൽ 72 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 432 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമാണ്.

(സി) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ മുതലായ പ്രധാന ആശുപത്രികളിൽ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞാൽ മാത്രമേ പൂർണ്ണ തോതിലുള്ള

ട്രോമാ കെയർ സംവിധാനം സംസ്ഥാനത്ത് വ്യാപകമാക്കാൻ കഴിയൂ. ഭാരിച്ച സാമ്പത്തിക ബാധ്യതയും സാങ്കേതിക വിദഗ്ധരുടെ നിരന്തര സേവനവും ആവശ്യമായി വരുന്ന ഒരു വിഷയം എന്ന നിലയിൽ റോഡപകടങ്ങൾ പരമാവധി കുറച്ചുകൊണ്ടു വരാനാണ് വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളിലൂടെ സർക്കാർ ശ്രമിക്കുന്നത്. എന്നിരുന്നാലും കേരളത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ സംഭവിക്കുന്ന ജില്ലകളിലെ മേജർ ആശുപത്രികളിൽ ആദ്യഘട്ടത്തിൽത്തന്നെ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ മേഖലയിലെ നഴ്സിംഗ് വിദ്യാർത്ഥികളെ സ്വകാര്യ ആശുപത്രികളിൽ ജോലിക്ക് നിയോഗിച്ച നടപടി

1 (1639) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ നടത്തിയ സമരത്തെ നേരിടുവാൻ കണ്ണൂർ ജില്ലാ കളക്ടർ നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) സമരം നടന്ന സ്വകാര്യ ആശുപത്രികളിൽ സർക്കാർ മേഖലയിലെ നഴ്സിംഗ് വിദ്യാർത്ഥികളെ ജോലിക്ക് നിയോഗിച്ച് ഉത്തരവിറക്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) നഴ്സിംഗ് പഠനം പൂർത്തിയാക്കി നഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ ഇപ്രകാരം ആശുപത്രികളിൽ ജോലിക്ക് നിയോഗിച്ചത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിലെ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ സമരത്തിന്റെ പശ്ചാത്തലത്തിൽ മുൻകരുതലുകൾ സ്വീകരിക്കുവാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരുടെ സമരംമൂലം പൊതുജന ആരോഗ്യത്തിനും മനുഷ്യ ജീവനുമുള്ള ഭീഷണി നേരിടുവാൻവേണ്ടി മുൻകരുതൽ എന്ന നിലയിൽ സി.ആർ.പി.സി. 144 വകുപ്പിലെ ഉപവകുപ്പ് (1) പ്രകാരം ജില്ലാ മജിസ്ട്രേറ്റിനുള്ള അധികാരം ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആശുപത്രികളിലെ പ്രതിസന്ധി പരിഹരിക്കുവാൻ വേണ്ടി വിവിധ നഴ്സിംഗ് സ്കൂളുകളിലെ സീനിയർ വിദ്യാർത്ഥികളെ അതാത് സർക്കാർ, സ്വകാര്യ ആശുപത്രികളിൽ ബന്ധപ്പെട്ട അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ താൽക്കാലിക സേവനത്തിന് നിയോഗിക്കുകയും പോലീസ് സംരക്ഷണത്തിന് ഉത്തരവിറക്കുകയുമാണ് ചെയ്തിട്ടുള്ളത്. നിരോധനാജ്ഞ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റ് നിയമ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## പി.എസ്.സി. മുഖേനയല്ലാതെ നടത്തിയ നിയമനങ്ങൾ

2 (1640) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകൾ, അനുബന്ധ സ്ഥാപനങ്ങൾ, വെയർ ഹൗസിംഗ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള മറ്റു കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ സർക്കാർ ശമ്പളം (സർക്കാർ ഫണ്ടിൽ നിന്നും നൽകുന്നത്) നൽകുന്ന തസ്തികകളിൽ പി.എസ്.സി. മുഖേനയല്ലാതെ നടത്തിയ നിയമവിരുദ്ധവും നിയമ വിധേയവുമായ നിയമനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം നിയമനങ്ങളിൽ പരാതികളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഉൾപ്പെടെ അന്വേഷണങ്ങൾ നടന്ന കേസ്സുകൾ എത്ര; എത്ര പേരെ കുറ്റക്കാരായി കണ്ടെത്തി ; എത്ര നിയമനങ്ങൾ റദ്ദാക്കി; കോടതികളുമായി ബന്ധപ്പെട്ടുകിടക്കുന്ന എത്ര കേസ്സുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിലെ ഇത്തരം അനധികൃത നിയമനങ്ങൾ റദ്ദാക്കാനും അന്വേഷണങ്ങൾ ഫലപ്രദമാക്കി കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകാനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പൊതു സ്ഥലം കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങൾ

3 (1641) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതു സ്ഥലം കയ്യേറി നിർമ്മിച്ച എത്ര ആരാധനാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആരാധനാലയങ്ങൾ പൊളിച്ചുമാറ്റാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇത്തരം ആരാധനാലയങ്ങൾ ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 979

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങൾ കയ്യേറി നിർമ്മിച്ച ആരാധനാലയങ്ങളുടെ ക്രമവൽക്കരണം/ മാറ്റി സ്ഥാപിക്കൽ/ പൊളിച്ചു നീക്കൽ എന്നീ നടപടികൾ കൈക്കൊള്ളുന്നതിന് എല്ലാ ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തിക്കൊണ്ട് 26-8-2010 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2657/2010/ ആഭ്യന്തരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ഭരണം സുതാര്യവും അഴിമതിമുക്തവുമാക്കാൻ നടപടി**

4 (1643) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭരണം സുതാര്യവും അഴിമതിമുക്തവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 'സീറോ ടോളറൻസ് റ്റു കറപ്ഷൻ' എന്ന ലക്ഷ്യത്തോടെ സർക്കാർ വകുപ്പുകളിലെ അഴിമതി സൂചിക തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അഴിമതി നിർമ്മാർജ്ജനത്തിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അഴിമതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നവർക്ക് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പലപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്.

(ബി) 'സീറോ ടോളറൻസ് റ്റു കറപ്ഷൻ' എന്ന ലക്ഷ്യത്തോടെ സർക്കാർ വകുപ്പുകളിലെ അഴിമതി സൂചിക തയ്യാറാക്കാൻ ആഗോള അഴിമതി വിരുദ്ധ സംഘടനയായ ട്രാൻസ്പെരൻസ് ഇന്റർനാഷണലിന്റെ മാർഗ്ഗ രീതികൾ അവലംബിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അഴിമതി നിർമ്മാർജ്ജനത്തിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി എറൈസിംഗ് കേരള, വിസിൽ നൗ എന്നീ മൊബൈൽ ആപ്പുകൾ വഴി അഴിമതിയെക്കുറിച്ചുള്ള വിവരങ്ങൾ നേരിട്ട് നൽകുവാൻ പൊതുജനങ്ങൾക്ക് അവസരം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) അഴിമതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുന്നവർക്ക് വിസിൽ ബ്ലോവർ അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു കോടി രൂപയിൽ കൂടുതൽ അഴിമതി കണ്ടെത്തുവാൻ സഹായിക്കുന്ന വ്യക്തികൾക്ക് 5 ലക്ഷം രൂപ വീതം പാരിതോഷികം നൽകുന്നതിനുള്ള പദ്ധതിയാണ് വിസിൽ ബ്ലോവർ അവാർഡ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

5 (1644) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൽ.പി. / യു.പി. / ഹൈസ്കൂൾ /ഹയർ സെക്കണ്ടറി / കോളേജ് അദ്ധ്യാപകർക്ക് കെ.എ.എസ്. പരീക്ഷ എഴുതാനുള്ള അർഹതയുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം അദ്ധ്യാപകർക്ക്; ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് കെ.എ.എസ്. പരീക്ഷ എഴുതാൻ അർഹതയുള്ളത് എന്നത് അറിയിക്കാമോ?

ഉത്തരം

(എ-സി) കെ.എ.എസ്. സംബന്ധിച്ച ചട്ടങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

## ആർ.എസ്.ഐ/എ.പി.എസ്.ഐ. തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

6 (1645) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ (എം.ടി.എസ്.ഐ.) തസ്തികയിലേക്ക്, സമാനമായ ആർ.എസ്.ഐ. (റിസർവ് സബ്ഇൻസ്പെക്ടർ)/ എ.പി.എസ്.ഐ. (ആംഡ് പോലീസ് സബ്ഇൻസ്പെക്ടർ) (മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ്) തസ്തികയിലേയ്ക്ക് 18-5-2016-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) 10-11-1975-ലെ സ.ഉ.(എംഎസ്.)24/76/ആഭ്യന്തരം അനുസരിച്ചുള്ള ആർ.എസ്.ഐ./എ.പി.എസ്.ഐ. തസ്തികയും 24-1-2011-ലെ സ.ഉ.(പി)20/11/ (ആഭ്യന്തരം) അനുസരിച്ചുള്ള തസ്തികകളും സമാനമാണോ എന്ന് വിശദീകരിക്കുമോ;

(സി) 10-11-1975-ലെ സ.ഉ.(എംഎസ്.)24/76/ആഭ്യന്തരം അനുസരിച്ച് 18-5-2016-ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്ന തരത്തിൽ ഉത്തരവിൽ ഭേദഗതികൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ & ബി) യോഗ്യതകൾ വ്യത്യാസമുള്ളതിനാൽ MTSI ലിസ്റ്റിൽ നിന്നും RSI/APSI തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ കഴിയില്ല. പോലീസ് വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള മൂന്ന് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 19-11-1975-ലെ സ.ഉ. (കൈ) നമ്പർ 135/75/ആഭ്യന്തരം, 23-2-1976-ലെ സ.ഉ.(കൈ)നമ്പർ 24/76/ ആഭ്യന്തരം എന്നീ സർക്കാർ ഉത്തരവുകൾ പോലീസ് വകുപ്പിൽ മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റുകളിൽ വിവിധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ടി തസ്തികയിലേയ്ക്കുള്ള യോഗ്യത നിർദ്ദേശിച്ചു കൊണ്ടുള്ളതുമാണ്. 24-1-2011-ലെ സ.ഉ. (പി)നമ്പർ 20/11/ആഭ്യന്തരം പ്രകാരമുള്ള ഉത്തരവ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ വിവിധ തസ്തികകൾക്കുള്ള സ്പെഷ്യൽ റൂൾസ് സംബന്ധിച്ചുള്ളതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസം**

7 (1646) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-7-2015-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് II പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയും എന്ന് വിശദമാക്കുമോ;

(ബി) ഈ ലിസ്റ്റുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റ് 2017 ആഗസ്റ്റ് മാസം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(ബി) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നത് തടഞ്ഞുകൊണ്ടുള്ള കോടതി ഉത്തരവുകളൊന്നും നിലിലില്ല.

**കോവളം കൊട്ടാരം ആർ.പി.ഗ്രൂപ്പിന് കൈമാറുന്നതിനുള്ള തീരുമാനം**

8 (1647) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ചരിത്ര സ്മാരകമായ കോവളം കൊട്ടാരം ആർ.പി.ഗ്രൂപ്പിന് കൈമാറുവാനായി മന്ത്രിസഭ എടുത്ത തീരുമാനം ദുരൂഹമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് ഒരു അന്വേഷണ കമ്മീഷനെ നിയമിച്ച് റിപ്പോർട്ട് തേടാൻ തയ്യാറാകുമോ;

(സി) പ്രസ്തുത മന്ത്രിസഭാ യോഗത്തിന്റെ മിനിട്ട്സിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) (എ) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വകുപ്പ് രൂപീകരണം**

9 (1648) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ഏതെങ്കിലും വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ഉണ്ട്. വനിത-ശിശുക്ഷേമ വകുപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്). കേരള സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സൈനികക്ഷേമ വകുപ്പ് രൂപീകരിച്ചുകൊണ്ട് മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

## കാറ്റഗറി സംഘടനകൾ

10 (1649) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളിൽ എത്ര കാറ്റഗറി സംഘടനകൾ പ്രവർത്തിച്ചു വരുന്നു;

(ബി) എല്ലാ കാറ്റഗറി സംഘടനകൾക്കും അംഗീകാരം കിട്ടിയിട്ടുണ്ടോ ;

(സി) കാറ്റഗറി സംഘടനകൾ പൊതുസമ്മേളനങ്ങൾ നടത്തി വരവ്-ചെലവ് കണക്ക് സർക്കാരിനെ ബോധ്യപ്പെടുത്താറുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## എറണാകുളം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

11 (1651) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ നിലവിൽ ഉള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ കുറഞ്ഞത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(സി) 31-1-2018-ൽ അവസാനിക്കുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) 31-3-2015-ൽ നിലവിൽ വന്ന ഈ ലിസ്റ്റിൽ നിന്നും നിയമനം ആരംഭിച്ചത് 5 മാസത്തിനുശേഷം 17-8-2015-ലാണ് എന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും ഒഴിവുകൾ എഴുതി അറിയിക്കുന്ന മുറയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നു. ടി ലിസ്റ്റിൽനിന്നും 581 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ നിയമന ശിപാർശ നൽകുവാനായി അവശേഷിക്കുന്ന 39 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന എല്ലാ ഒഴിവുകളിലേക്കും ടി പട്ടികയിൽനിന്ന് നിയമന ശിപാർശ നൽകുന്നതാണ്.

(ഡി) എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം നിയമന ശിപാർശ നൽകുവാനായി ഉണ്ടായ കാലതാമസം സ്വാഭാവികം മാത്രമാണ്. ഈ കാലയളവിൽ എഴുതി അറിയിക്കപ്പെട്ട എല്ലാ ഒഴിവുകളിലേയ്ക്കും പുതിയ ലിസ്റ്റിൽനിന്നു തന്നെയാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. എൽ.ഡി. ക്ലാർക്ക് തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ കൃത്യമായും മൂന്നുവർഷക്കാലയളവിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുംവിധം ചിട്ടയായി നടത്തുന്ന ഒരു പ്രക്രിയയാണ്. അപ്രകാരം നിലവിലെ റാങ്ക് പട്ടികയുടെ കാലാവധി 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. നിലവിലെ റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കയ്യൂർ രക്തസാക്ഷി സ്മാരക നിർമ്മാണം**

12 (T*1652) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കയ്യൂർ രക്തസാക്ഷി സ്മാരക നിർമ്മാണത്തിന് 2016-17-ൽ ആവശ്യമായ തുക വകയിരുത്തിയിട്ടും നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തി എന്നാരംഭിച്ച് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കയ്യൂർ രക്തസാക്ഷി സ്മാരക നിർമ്മാണത്തിനായി കയ്യൂർ രക്തസാക്ഷി സ്മാരക ട്രസ്റ്റിന് 50 ലക്ഷം രൂപ അനുവദിക്കാമെന്ന് 2016-17 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ യഥാവിധി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസംമൂലം പ്രസ്തുത തുക 2016-17 സാമ്പത്തിക വർഷം വകയിരുത്തി അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

*T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

**മലയാളഭാഷ നിർബന്ധമാക്കിയ നടപടി**

13 (1653) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിദ്യാലയങ്ങളിൽ മലയാള ഭാഷ നിർബന്ധമാക്കിയതിനോട് കർണ്ണാടക ഭാഷാന്യൂനപക്ഷങ്ങൾ സഹകരിക്കാൻ തയ്യാറാകാതെ വരികയും പ്രത്യക്ഷ സമര പരിപാടികൾ സ്വീകരിക്കുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള സമരക്കാരുടെ നടപടികൾ ന്യൂനപക്ഷ പ്രദേശങ്ങളിൽ വിശദീകരിക്കാനും സംശയദൂരീകരണം നടത്താനും സർക്കാർ നേതൃത്വത്തിൽ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലയാളഭാഷാ പഠന ആക്ട് നടപ്പിലാക്കുന്നതുവഴി നിർബന്ധിതമായി മലയാളഭാഷ പഠിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമുള്ള സ്കൂളുകളിൽ ബോധനമാധ്യമം അതത് ഭാഷ തന്നെയായിരിക്കും. അവിടെ മലയാള പഠനത്തിന് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കുക എന്നതാണ് മലയാള ഭാഷാപഠന ആക്ടിലൂടെ സർക്കാർ വിഭാവന ചെയ്യുന്നത്. പ്രസ്തുത ചട്ടങ്ങൾ നിലവിൽ വരുമ്പോൾ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ആശങ്കകൾക്ക് അറുതി വരുമെന്ന് പ്രതീക്ഷിക്കുന്നു.

**ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

14 (1654) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല വകുപ്പുകളിലും ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. കൂടാതെ

ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിനിന്റെ ഭാഗമായി 2016 ഡിസംബർ മാസത്തിലും 2017 മേയ് മാസത്തിലുമായി രണ്ട് ഘട്ടങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ആഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന പരമാവധി ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി VARAM (Vacancy Arising Reporting and Monitoring System) എന്ന സോഫ്റ്റ്‌വെയറും ഇതിനായി ഏർപ്പെടുത്തിയിട്ടുണ്ട്.

**സേവനാവകാശ നിയമം**

15 (1655) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങളും അതിന് ആവശ്യമായി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളും സേവനാവകാശ നിയമപ്രകാരം എഴുതി പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ എല്ലാ സർക്കാർ ഓഫീസുകളിലും പാലിക്കുന്നുണ്ടോ; അപ്രകാരം എഴുതി പ്രദർശിപ്പിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നിശ്ചയിക്കപ്പെട്ട ദിവസങ്ങൾക്കുള്ളിൽ സേവനം നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ടി നിയമത്തിന്റെ ചട്ടങ്ങളുടെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് 20-12-2012-ലെ 14944/എ.ആർ.12(1)/2012/ഉ.ഭ.പ.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## ഹരിത കേരളം പദ്ധതി

16 (T*1656) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) മാലിന്യസംസ്കരണത്തിനായി ഈ പദ്ധതിക്ക് നൽകിയിരിക്കുന്ന പ്രാധാന്യം എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിവരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. കേരളം അഭിമുഖീകരിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പരിപാടിയായ നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന നാല് മിഷനുകളിൽ ഒന്നാണ് ഹരിത കേരളം മിഷൻ. 2016 നവംബർ 10-നാണ് ഈ മിഷനുകൾക്ക് തുടക്കം കുറിച്ചത്. ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ 2016 ഡിസംബർ 8-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.

(ബി) ഹരിത കേരളം മിഷന്റെ പൊതുവായ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

2. പാരിസ്ഥിതിക സുരക്ഷയും ഉൽപ്പാദനക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത പദ്ധതി രൂപീകരിക്കുന്നതിന് പ്രേരകശക്തിയായി പ്രവർത്തിക്കുക.

3. ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക. ജനപങ്കാളിത്തത്തോടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുക.

4. മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭജലസംപോഷണം ഉറപ്പാക്കുക.

5. ഫലവൃക്ഷങ്ങൾ, വിവിധോദ്ദേശ്യമരങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കുക.

(സി) ഹരിത കേരളം മിഷന്റെ ഉപദൗത്യമാണ് ശുചിത്വ മാലിന്യസംസ്കരണം. ചുവടെ ചേർത്ത ലക്ഷ്യങ്ങളോടെയുള്ള പ്രവർത്തനങ്ങളാണ് ഈ ഉപദൗത്യത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

1. പുതിയ നഗര ഖര-മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.

2. ഉത്തരവാദിത്വ മാലിന്യ പരിപാലനരീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യപരിപാലന സംസ്കാരം സൃഷ്ടിക്കുക.

3. സങ്കീർണ്ണമായ മാലിന്യ പരിപാലനപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.

4. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

(ഡി) 1. മുഖ്യമന്ത്രി അദ്ധ്യക്ഷനും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി ഹരിത കേരളം മിഷന്റെ സംസ്ഥാന മിഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

2. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനും ജില്ലാ കളക്ടർ മിഷൻ സെക്രട്ടറി ആന്റ് ചീഫ് കോ-ഓർഡിനേറ്ററുമായി ജില്ലാ മിഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

3. മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ അദ്ധ്യക്ഷനും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി ബ്ലോക്ക് മിഷൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മിഷൻ സെക്രട്ടറിയുമായി ഗ്രാമപഞ്ചായത്തുതല മിഷൻ എന്നിവ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

4. ഹരിത കേരളം മിഷനുകീഴിലുള്ള ശുചിത്വ മാലിന്യസംസ്കരണം, മണ്ണ്-ജല സംരക്ഷണം, കൃഷി വികസനം എന്നീ മൂന്ന് ഉപദൗത്യങ്ങൾക്കും പ്രത്യേകം കർമ്മസേനകൾ രൂപീകരിച്ചു. ജില്ലാ തലത്തിൽ ഈ മൂന്ന് ഉപദൗത്യങ്ങൾക്കുമായി ജില്ലാതല കർമ്മസേനയും നിലവിൽ വന്നു. വാർഷിക പദ്ധതി ആസൂത്രണത്തിനുവേണ്ടി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കുന്ന കാർഷിക മേഖലാ വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ള മേഖലാ വർക്കിംഗ് ഗ്രൂപ്പ്, ശുചിത്വമേഖലാ വർക്കിംഗ് ഗ്രൂപ്പ് എന്നിവ സംയുക്തമായി ഹരിത കേരളം മിഷന്റെ വർക്കിംഗ് ഗ്രൂപ്പായി പ്രവർത്തിച്ചുവരുന്നു.

5. 19-4-2017-ലെ സ.ഉ. (പി) നമ്പർ 10/2017/ആ.സാ.വ. പ്രകാരം വികസനമിഷനുകളുടെ മാർഗ്ഗരേഖ സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചു. 15-7-2017-ലെ സ.ഉ (സാധാ) നമ്പർ 2420/2017/ത.സ്വ.ഭ.വ. പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു. മണ്ണ്-ജലസംരക്ഷണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖയുടെ കരട് തയ്യാറാക്കി.

6. മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം എന്ന പേരിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള ക്യാമ്പയിൻ പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

7. തുടർന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ ഊർജ്ജിത മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കും. ഇതിനായി സംസ്ഥാന-ജില്ലാ-ബ്ലോക്ക്/നഗരസഭാതല പരിശീലനങ്ങൾ നടന്നു

വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകാരം വാങ്ങിയ ശുചിത്വ മാലിന്യസംസ്കരണ പദ്ധതികൾക്ക് ആവശ്യമെങ്കിൽ സെപ്റ്റംബർ 15-നകം ഭേദഗതികൾ വരുത്തുന്നതാണ്. നവംബർ 1-ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**പുതിയതായി സൃഷ്ടിച്ച തസ്തികകൾ**

17 (1657) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ/ പൊതുമേഖല/ അർദ്ധസർക്കാർ/യൂണിവേഴ്സിറ്റികൾ മറ്റ് വകുപ്പുകൾ ഇവയിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഓരോന്നിലും എത്ര തസ്തികകൾ വീതമാണ് സൃഷ്ടിച്ചതെന്നും ആയതിന് വേണ്ടിവരുന്ന വാർഷികച്ചെലവ് എത്ര രൂപയാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനായി വിവിധ ഭരണവകുപ്പുകൾ നിർദ്ദേശിച്ച് ധനകാര്യ വകുപ്പിനയച്ച ശിപാർശകളിൽ ധനവകുപ്പ് നിരാകരിച്ചത് ഏതെല്ലാം വകുപ്പുകളുടെ പ്രൊപ്പോസലുകളാണ്; ഓരോ വകുപ്പും, തസ്തികയും എണ്ണവും, നിരസിച്ചതിനു കാരണവും ഉൾപ്പെടെ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകൾ**

18 (1658) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര കന്നഡ ഭാഷാ ന്യൂനപക്ഷ പഞ്ചായത്തുകളുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും മറ്റും കന്നഡഭാഷാ മാധ്യമങ്ങൾക്ക് ട്രാൻസ്ലേറ്റ് ചെയ്ത് നൽകുന്നതിന് കളക്ടറേറ്റിൽ സംവിധാനം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയം ജില്ലാതല ഭാഷാന്യൂനപക്ഷ കമ്മിറ്റി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ കാസർഗോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ കന്നഡഭാഷാ ട്രാൻസുലേറ്ററായി ഒരു ജീവനക്കാരനെ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ 20 ഭാഷാന്യൂനപക്ഷ പഞ്ചായത്തുകൾ ഉണ്ട്. അവ വോർക്കാടി, മഞ്ചേശ്വരം, മീഞ്ച, എൻമകജെ, പൈവളികെ, കുമ്പള, മംഗൽപാടി, ബദിയഡുക്ക, ബെള്ളൂർ, കംമ്പഡാജെ, ദേലംപ്പാടി, കാറഡുക്ക, മുളയാർ, മധൂർ, മൊഗ്രാൽ, പുത്തൂർ, ചെമ്മനാട്, കുറ്റിക്കോൽ, ബേഡഡുക്ക, ചെങ്കള, പുത്തിഗെ എന്നിവയാണ്.

(ബി) ഉണ്ട്.

(സി & ഡി) 17-6-2017-ൽ നടന്ന കാസർഗോഡ് ജില്ലാതല ഭാഷാ ന്യൂനപക്ഷ സമിതിയുടെ യോഗ നടപടിക്കുറിപ്പ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ, വിവര പൊതുജന സമ്പർക്ക വകുപ്പിന് അയച്ചുകൊടുക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

19 (1659) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) സർക്കാർ വാഹനങ്ങളുടെ പട്ടികയിൽ ഏതെല്ലാം വകുപ്പുകളുടെ വാഹനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) അവധി ദിവസങ്ങളിലും മറ്റും സ്വകാര്യ ആവശ്യത്തിന് സർക്കാർ വാഹനം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് പരിശോധനകൾ നടത്തുന്നതിന് ധനകാര്യ പരിശോധനാ (എൻ.റ്റി.) വിഭാഗത്തെയും എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്ന ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ വാഹനങ്ങളുടെ പട്ടികയിൽ പോലീസ്, എക്സൈസ്, വനം, നീതിന്യായ വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും വാഹനങ്ങൾ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വാഹനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ വാഹനങ്ങളെയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) അവധി ദിവസങ്ങളിലും മറ്റും സ്വകാര്യ ആവശ്യത്തിന് സർക്കാർ വാഹനം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് 24-2-2003-ലെ (എംഎസ്) 113/2003/ധന നമ്പർ ഉത്തരവും, 2-8-2008-ലെ 41/2008/ധന നമ്പർ പരിപത്രവും ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുന്നതിന് ധന പരിശോധനാ (സാങ്കേതികേതര) വിഭാഗത്തെയും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ജില്ലാതല യൂണിറ്റുകളായ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളെയും ചുമതല പെടുത്തിയിട്ടുണ്ട്.

## അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർ

20 (1660) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര സർക്കാർ ഉദ്യോഗസ്ഥർ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നുണ്ട്;

(ബി) ഏത് വകുപ്പിൽ നിന്നാണ് കൂടുതൽ ഉദ്യോഗസ്ഥർ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്തു വരുന്നത്;

(സി) ഉദ്യോഗസ്ഥർക്ക് അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇപ്രകാരം അവധിയെടുത്ത് വിദേശത്ത് ജോലിചെയ്തശേഷം നാട്ടിലെത്തി ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന സമ്പ്രദായം നിർത്തലാക്കണം എന്ന ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിദേശത്ത് ജോലി ചെയ്യുന്നതിന് സർക്കാർ ഉദ്യോഗസ്ഥർക്ക് അവധി അനുവദിക്കുന്നത് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം XII A ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ്. കേരള സർവ്വീസ് ചട്ടങ്ങളിലെ പ്രസക്ത ഭാഗം, സ.ഉ. (അ) നമ്പർ 217/12/ധന. തീയതി 11-4-2012, സ.ഉ. (അ) നമ്പർ 245/12/ധന. തീയതി 27-4-2012, സ.ഉ. (അ) നമ്പർ 529/13/ധന. തീയതി 22-10-2013, സർക്കുലർ നമ്പർ 66/15/ധന. തീയതി 16-7-2015, സ.ഉ. (അ) നമ്പർ 359/15/ധന. തീയതി 13-8-2015 എന്നിവ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ഡി) വിവരം ശേഖരിച്ചു വരുന്നു.

**അംഗപരിമിതരായ ഉദ്യോഗസ്ഥർക്കുള്ള പഞ്ചിംഗ് സംവിധാനം**

21 (1661) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ അംഗപരിമിതരായ ഉദ്യോഗസ്ഥർക്ക് ബയോമെട്രിക് സംവിധാനത്തിൽ വിരൽ വയ്ക്കാതെ ഐ.ഡി. ഉപയോഗിച്ച് പഞ്ചിംഗ് ചെയ്യുന്നതിനുള്ള സൗകര്യം എത്ര പേർക്ക് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ തസ്തികയും പേര് വിവരങ്ങളും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**ഭരണപരിഷ്കാര കമ്മീഷൻ**

22 (1662) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണപരിഷ്കാര കമ്മീഷൻ ഇതിനകം എന്തെങ്കിലും ശിപാർശകളോ നിർദ്ദേശങ്ങളോ സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭരണപരിഷ്കാര കമ്മീഷൻ നൽകിയ ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) കമ്മീഷനംഗങ്ങളായ സി.പി. നായർക്കും നീലാഗംഗാധരനും ശമ്പളവും അലവൻസുകളും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഭരണ പരിഷ്കാര കമ്മീഷൻ നിലവിൽ വന്നശേഷം ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം, യാത്രാബത്ത, മെഡിക്കൽ അലവൻസ് എന്നിവയുൾപ്പടെയുള്ള വിവിധ അലവൻസുകൾ എന്നീ ഇനത്തിൽ ഓരോരുത്തർക്കും നൽകിയ തുക എത്രയാണ്;

(ഇ) ഭരണ പരിഷ്കാര കമ്മീഷനിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ജീവനക്കാർക്ക് ശമ്പളം, അലവൻസ് ഇനങ്ങളിൽ ഇതുവരെ ചെലവായ തുക എത്രയാണ്;

(എഫ്) കമ്മീഷന് ഐ.എം.ജി.-യിൽ ഓഫീസ് തയ്യാറാക്കുന്നതിന് എന്ത് തുക ചെലവഴിച്ചു; പ്രസ്തുത ഓഫീസിൽ കമ്മീഷൻ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കമ്മീഷൻ ശിപാർശകളോ നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടില്ല.

(സി) 4-6-2017-ലെ സ.ഉ.(കൈ) നമ്പർ 15/2017/ഉ.ഭ.പ.വ. പ്രകാരം കമ്മീഷൻ അംഗങ്ങളുടെ ശമ്പളവും അലവൻസുകളും മറ്റാനുകൂല്യങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) നാളിതുവരെ ആകെ 6,27,434 രൂപ ചെയർമാന് ശമ്പളവും മറ്റാനുകൂല്യങ്ങളുമായി നൽകിയിട്ടുണ്ട്. കൂടാതെ യാത്രാബത്തയായി 67,030 രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അലവൻസായി 1,40,779 രൂപയും ചെയർമാന് നൽകിയിട്ടുണ്ട്. കമ്മീഷൻ അംഗങ്ങൾക്ക് നാളിതുവരെ ശമ്പളവും അലവൻസുകളും നൽകിയിട്ടില്ല. കമ്മീഷനംഗമായ ശ്രീ. സി. പി. നായർക്ക് യാത്രാബത്ത, മെഡിക്കൽ അലവൻസ് എന്നീ ഇനങ്ങളിൽ നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. പാർട്ട്ടൈം അംഗമായ ശ്രീ. നീലാഗംഗാധരൻ കമ്മീഷൻ യോഗത്തിൽ പങ്കെടുക്കുന്നതിന് നടത്തിയ യാത്രകളുമായി ബന്ധപ്പെട്ട് യാത്രാബത്ത ഇനത്തിൽ 93,053 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ച 30-8-2016-ലെ സ.ഉ. (കൈ) 21/16/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.* കൂടാതെ ശ്രീമതി ഷീലാ തോമസ് കമ്മീഷന്റെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. കമ്മീഷനിലെ ജീവനക്കാർക്കാകെ 85,48,155 രൂപ നാളിതുവരെ ശമ്പളവും അലവൻസുകളുമായി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) ഭരണപരിഷ്കാര കമ്മീഷന്റെ ഓഫീസ് ഐ.എം.ജി.-യിൽ ഒരുക്കുന്നതിനുവേണ്ടി ആകെ 42,90,000 രൂപ ഇതുവരെ ഐ.എം.ജി. പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് തുകയായി നൽകിയിട്ടുണ്ട്. ഓഫീസ് സജ്ജമാകാത്തതിനാൽ പ്രസ്തുത ഓഫീസിൽ കമ്മീഷൻ പൂർണ്ണമായി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ**

23 (1663) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായി എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; ഈ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് ഇതുവരെ നിയമനം നൽകി; നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) ജില്ലയിൽ കഴിഞ്ഞ തവണ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായി എത്രപേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരുന്നത്; ഇതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിരുന്നു ;

(സി) ജില്ലയിലെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര തവണ നിയമന ശിപാർശ നൽകിയിട്ടുണ്ട്; ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ നിയമന ശിപാർശകൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെ കുറവാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾക്ക് ഉന്നത യോഗ്യതയുള്ളവരെ ഒഴിവാക്കി മുൻകാലപ്രാബല്യത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; നിലവിലെ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ യോഗ്യത ഉള്ളവരെ ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഈ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ കാലയളവിൽ തിരുവനന്തപുരം ജില്ല ഉൾപ്പെടെയുള്ള ജില്ലകളിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടന്നിരുന്നില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകളും എൻ.ജെ.ഡി. ഒഴിവുകളും റിപ്പോർട്ട് ചെയ്താൽ നിയമന ശിപാർശകൾ എത്ര സമയ പരിധിക്കുള്ളിൽ നല്കണമെന്നുള്ളതിന്റെ വിശദാംശം നൽകാമോ ;

(എഫ്) സംസ്ഥാനത്ത് പി.എസ്.സി. വഴി നടത്തുന്ന നിയമനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലാണ് ഏറ്റവും കൂടുതൽ എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ടാവുന്നതെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എൻ.ജെ.ഡി. ഒഴിവുകൾക്ക് പകരമായി നിയമന ശിപാർശകൾ നൽകുന്നതിലെ കാലതാമസം കാരണം ബന്ധപ്പെട്ട വകുപ്പുകളിൽ ജോലി സംബന്ധമായ ബുദ്ധിമുട്ടും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അവസരങ്ങൾ നഷ്ടപ്പെടുന്നതും ഉണ്ടാകുന്നത് ഗൗരവമായി കാണുമോ; ഇതിന് പരിഹാരമായി എൻ.ജെ.ഡി. ഒഴിവുകൾ നികത്തുന്നത് ത്വരിത പ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവെന്റ് തസ്തികയിലെ നിയമനം നടത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ 7167 ഉദ്യോഗാർത്ഥി കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുവരെ 739 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ 170 ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യാൻ ശേഷിക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സെർവന്റ് തസ്തികയിലേക്ക് 29-6-2012 തീയതിയിൽ പ്രസിദ്ധീകരിച്ച മുൻ റാങ്ക് പട്ടികയിൽ 5770 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു. ഈ ലിസ്റ്റിൽനിന്നും 1940 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) നിലവിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ 9 (ഒൻപത്) തവണ നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നുണ്ട്.

(ഡി) ബിരുദധാരികളെ ഒഴിവാക്കിക്കൊണ്ട് ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത പരിഷ്കരിച്ച് പുറപ്പെടുവിച്ച 1-7-2011-ലെ സ.ഉ. (എംഎസ്)2/11/ഉ.ഭ.പ.വ. ഉത്തരവിന്, ടി ഉത്തരവിന്റെ തീയതി (1-7-2011) മുതൽ പ്രാബല്യം നൽകിക്കൊണ്ട് 1966-ലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടം 4-6-2016-ലെ സ.ഉ.(പി)12/2016/ഉ.ഭ.പ.വ. മുഖേന ഭേദഗതി ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞ യോഗ്യതാ ഭേദഗതിക്ക് മുമ്പ് നിലനിന്നിരുന്ന യോഗ്യത പ്രകാരം 14 ജില്ലകളിലേക്കും തയ്യാറാക്കപ്പെട്ട റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർ ത്ഥികളുടെ നിയമനത്തെ ബാധിക്കാതിരിക്കുന്നതിനായി ഒരു 'saving clause' ഉൾപ്പെടുത്തിക്കൊണ്ടും യോഗ്യതാ പരിഷ്കാരത്തിന്റെ പ്രാബല്യം 4-6-2016 മുതലായി മാറ്റം വരുത്തിക്കൊണ്ടും 3-12-2016 തീയതിയിലെ G.O.(P) No.30/16/P&ARD

പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ വീണ്ടും ഭേദഗതി വരുത്തുകയുണ്ടായി. പ്രസ്തുത 'saving clause' പ്രകാരം യോഗ്യതാ പരിഷ്കരണത്തിനുമുമ്പ് നടത്തിയ പരീക്ഷകളിൽനിന്നും തയ്യാറാക്കിയ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ നടത്തുന്നതിന് തടസ്സമില്ല. അതിനാൽ നിലവിലെ റാങ്ക് പട്ടികയിൽ നിന്നും ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പി.എസ്.സി. ഒഴിവാക്കിയിട്ടില്ല.

(ഇ&എഫ്) റാങ്ക് പട്ടിക നിലവിലുള്ളപ്പോൾ, മറ്റ് നിയമ തടസ്സങ്ങൾ ഒന്നുമില്ലാത്ത സാഹചര്യത്തിൽ, റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് കാലതാമസം കൂടാതെ പി.എസ്.സി. നിയമന ശിപാർശ നൽകിവരുന്നുണ്ട്.

**എൻഡോസൾഫാൻ പാക്കേജ്**

24 (1665) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി വിവിധ പ്രവൃത്തികൾക്ക് നബാർഡിൽ നിന്ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; എത്ര എണ്ണം പൂർത്തിയാക്കാനുണ്ട്; വിശദമാക്കാമോ;

(സി) നബാർഡ് നിർദ്ദേശ പ്രകാരം ഈ പ്രവൃത്തികളുടെ നിർമ്മാണ കാലാവധി എന്നാണ് തീരുന്നതെന്ന് വിശദമാക്കാമോ ;

(ഡി) അനുവദിച്ച പ്രവൃത്തികൾ എല്ലാം പൂർത്തിയാകാത്ത സാഹചര്യത്തിൽ സമയപരിധി നീട്ടി ലഭിക്കുന്നതിന് നബാർഡിൽ അപേക്ഷ നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) എങ്കിൽ നബാർഡിന്റെ അനുമതി കിട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നബാർഡ് ആർ.ഐ.ഡി.എഫ്. എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി 234 പദ്ധതികൾക്കായി 141.2527 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു :

| | |
|---|---|
| അംഗൻവാടികൾ | 66 |
| സ്കൂൾ കെട്ടിടങ്ങൾ | 67 |
| ആശുപത്രി കെട്ടിടങ്ങൾ | 44 |
| വെറ്ററിനറി ഡിസ്പെൻസറികൾ | 5 |
| ജലവിതരണ പദ്ധതികൾ | 52 |
| ആകെ | 234 |

(ബി) ഇതിൽ 155 പദ്ധതികൾ മുഴുവനായും പൂർത്തിയായിട്ടുണ്ട്. 62 പദ്ധതികൾ നടന്നുവരുന്നുണ്ട്. 14 പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ട്. 3 പദ്ധതികൾ തുടങ്ങിയിട്ടില്ല.

<u>പൂർത്തിയായവ</u> :

| | |
|---|---|
| എൽ.എസ്.ജി.ഡി. | 119 |
| കേരള വാട്ടർ അതോറിറ്റി | 36 |
| ആകെ | 155 |

<u>നടന്നുവരുന്ന പദ്ധതികൾ</u> :

| | |
|---|---|
| എൽ.എസ്.ജി.ഡി. | 57 |
| കേരള വാട്ടർ അതോറിറ്റി | 5 |
| ആകെ | 62 |

<u>ഉപേക്ഷിച്ചവ</u> :

| | |
|---|---|
| എൽ.എസ്.ജി.ഡി | 5 |
| കേരള വാട്ടർ അതോറിറ്റി | 9 |
| ആകെ | 14 |

<u>തുടങ്ങാൻ ബാക്കിയുള്ളവ</u> :

| | |
|---|---|
| എൽ.എസ്.ജി.ഡി. | 1 |
| കേരള വാട്ടർ അതോറിറ്റി | 2 |
| ആകെ | 3 |

(സി&ഡി) നബാർഡ് ആർ.ഐ.ഡി.എഫ്. എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുന്ന 234 പദ്ധതികളിൽ 225 എണ്ണം ട്രാഞ്ചെ 17-ൽപ്പെട്ടതാണ്. പ്രസ്തുത ട്രാഞ്ചെയുടെ പ്രവർത്തന കാലാവധി 2017 മാർച്ച് വരെ എന്നാണ് നബാർഡിൽ നിന്ന് അറിയിച്ചിട്ടുള്ളത്. ട്രാഞ്ചെ 18-ൽ ഉൾപ്പെടുന്ന 9 പദ്ധതികളുടെ പ്രവർത്തന കാലാവധി നബാർഡ് അറിയിച്ചിട്ടില്ല. നബാർഡ് ആർ.ഐ.ഡി.എഫ്. എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പൂർത്തിയാകാനുള്ള പദ്ധതികളുടെ പ്രവർത്തന കാലാവധി 2018 മാർച്ച് 31 വരെ നീട്ടി നൽകുന്നതിന് നബാർഡിലേക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ച് നബാർഡിൽനിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല.

## കേന്ദ്ര ബജറ്റും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും

25 (1667) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 ലെ കേന്ദ്ര പൊതു ബജറ്റിൽ പരിഗണനയ്ക്കായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി; ഇവയിൽ പരിഗണിക്കപ്പെട്ടവയും പരിഗണിക്കപ്പെടാതെ പോയവയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ബജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ; എങ്കിൽ എപ്പോഴാണ് അത് സമർപ്പിച്ചത്; നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബജറ്റിനു മുൻപ് മുഖ്യമന്ത്രി ആരെല്ലാമായി നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി; ഈ രംഗത്ത് സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരെ ഏകോപിപ്പിക്കുവാൻ ശ്രമിക്കുകയുണ്ടായോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബജറ്റിന് മുന്നോടിയായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജയ്റ്റിലിയുടെ അദ്ധ്യക്ഷതയിൽ 4-1-2017-ൽ കൂടിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ സൂചിപ്പിച്ച ആവശ്യങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി.

1. നോട്ട് നിരോധനം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ വലിയ ഇടിവുണ്ടാക്കി. ഈ സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ കടം വാങ്ങാനുള്ള പരിധി വർദ്ധിപ്പിക്കുന്നതിലേക്കായി FRBM Act ഭേദഗതി ചെയ്യുവാൻ ആവശ്യപ്പെട്ടു.(GSDP-യുടെ 3 ശതമാനത്തിൽ നിന്ന് 4 ശതമാനത്തിലേക്ക്).

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള GDP വളർച്ചാ നിരക്ക് കുറയുവാനുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ സാമ്പത്തിക ഉത്തേജന പാക്കേജായി ബജറ്റിൽ കൂടുതൽ തുക വകയിരുത്തി വിവിധ അടിസ്ഥാന വികസന പ്രോജക്ടുകളിൽ കൂടുതൽ നിക്ഷേപം നടത്താൻ ആവശ്യപ്പെട്ടു.

3. നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് അസംഘടിത മേഖലകളിൽ ഉണ്ടായ കോട്ടം ഒരുപാട് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തി. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി ആക്ടിൻമേൽ അനുവദിച്ച തുക രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 40-50 ദിവസത്തെ തൊഴിലുകൾക്കേ പര്യാപ്തമാകൂ. ആയതിനാൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ നൽകാൻ പര്യാപ്തമായ തുക MGNREGA പ്രകാരം അനുവദിക്കാൻ ആവശ്യപ്പെട്ടു.

4. സംസ്ഥാനത്തിലെ സഹകരണ മേഖലയെ നോട്ട് നിരോധനം സാരമായി ബാധിക്കുകയും അവയുടെ പ്രവർത്തനം ഏറെക്കുറേ നിശ്ചലമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിലെ ജനസംഖ്യയുടെ ഒരു വലിയ വിഭാഗം സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലോണുകളെ ആശ്രയിക്കുന്നവരാണ്. ആയതിനാൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സത്വര നടപടികൾ കൈകൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

5. കേരളത്തിലെ പ്രധാന നാണ്യവിളയായ റബ്ബറിന്റെ വിലയിടിവ് സംസ്ഥാനത്തിലെ റബർ കർഷകരെ സാരമായി ബാധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റബ്ബറിന് ഏറ്റവും കുറഞ്ഞ താങ്ങുവില നിശ്ചയിച്ച് റബ്ബർ വില സുസ്ഥിരപ്പെടുത്തുന്നതിലേയ്ക്കായുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് കേന്ദ്ര സഹായം ആവശ്യപ്പെട്ടു.

6. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും സംസ്ഥാന പദ്ധതികൾക്കുമുള്ള കേന്ദ്ര സഹായം വളരെ താമസിച്ച് മാത്രം ലഭ്യമാകുന്നതിനാൽ അത് പദ്ധതികൾ നടപ്പിലാക്കുന്നതിനെ സാരമായി ബാധിക്കുന്നു. അത്തരത്തിലുള്ള പല സ്കീമുകൾക്കും സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ നിന്ന് തുക മുൻകൂറായി ചെലവഴിക്കേണ്ടിവരികയും തുടർന്ന് അക്കൗണ്ടന്റ് ജനറലിന്റെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ച് ചെലവ് പണം കേന്ദ്ര സർക്കാരിൽ നിന്ന് വാങ്ങുകയും ചെയ്യുന്നു. ഇത് സംസ്ഥാനത്തിന് ഫണ്ട് വാങ്ങിയെടുക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ആയതിനാൽ മേൽ സൂചിപ്പിച്ച പദ്ധതികൾക്കായുള്ള ഫണ്ട് റിലീസിംഗ് പ്രോസസ് ലളിതമാക്കി യഥാസമയം പണം നൽകാൻ ആവശ്യപ്പെട്ടു.

7. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ച സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത/ സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായം വർദ്ധിപ്പിക്കുന്നതിന് ആവശ്യപ്പെട്ടു.

8. കൊച്ചിൻ റിഫൈനറി ഒഴിച്ചുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. മേൽ സാഹചര്യത്തിൽ കൂടുതൽ ഫണ്ട് വിനിയോഗിക്കുന്നതിന് (പ്രത്യേകിച്ച് FACT) അപേക്ഷിച്ചിട്ടുണ്ട്.

(ബി) 2017-18- ലെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തി കേരളത്തിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) അനുവദിക്കണമെന്ന് 23-1-2017-ലെ നിവേദനം പ്രകാരം പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പ്രസ്തുത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരളത്തിന് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിച്ചിട്ടില്ല. നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ വിഷയത്തിൽ മുഖ്യമന്ത്രി 23-1-2017-ന് പ്രധാനമന്ത്രിയുമായി നേരിട്ട് പാർലമെന്റ് മന്ദിരത്തിൽ വച്ച് ചർച്ച നടത്തിയിരുന്നു. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി 13-1-2017-ന് മുഖ്യമന്ത്രി എം.പി.-മാരുടെ ഒരു യോഗം വിളിക്കുകയും സമ്മേളനത്തിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

## സെക്രട്ടേറിയറ്റിലെ ഇ-വേസ്റ്റ് നിർമ്മാർജ്ജനം

26 (T*1669) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലും പരിസരങ്ങളിലും ഇ-വെയ്സ്റ്റുകൾ ഉൾപ്പെടെയുള്ള പാഴ്വസ്തുക്കൾ കൂട്ടിയിട്ട് തടസ്സവും വൃത്തികേടും ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വസ്തുക്കൾ പുനരുപയോഗിക്കുകയോ അല്ലാത്തവ ഒഴിവാക്കുകയോ ചെയ്യുന്നതിനുള്ള തടസ്സം വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കൂട്ടിയിട്ടിരിക്കുന്ന വസ്തുക്കൾ ലേലം ചെയ്യുന്നതിനും അല്ലാത്തവ ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) പുനരുപയോഗ സാധ്യതയുള്ളവ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) സെക്രട്ടേറിയറ്റിനുള്ളിൽ ഇ-വേസ്റ്റുകൾ ഉൾപ്പെടെയുള്ള പാഴ്വസ്തുക്കൾ ധാരാളമായി ഉണ്ടാകുന്നുണ്ട്. ആയതിൽ പുനരുപയോഗസാധ്യതയുള്ളവ ഉപയോഗപ്രദമാക്കി ഉപയോഗിച്ചുവരുന്നു. അല്ലാത്തവ ലേലം ചെയ്തോ അല്ലാതെയോ നീക്കം ചെയ്തുവരുന്നുണ്ട്.

## സർവ്വീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ ബാധ്യത

27 (1670) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ എത്ര ലക്ഷം രൂപവരെയുള്ള ബാധ്യതകളാണ് എഴുതിത്തള്ളിയിരുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ തുക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) സംസ്ഥാന സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ 2 ലക്ഷം രൂപ വരെയുള്ള ബാധ്യതയാണ് സ.ഉ.(പി.)നമ്പർ 591/1997/ധന തീയതി 17-6-1997 പ്രകാരം എഴുതിതള്ളിയിരുന്നത്.

(ബി) സ.ഉ.(പി)നമ്പർ 91/2017/ധന തീയതി 17-7-2017 പ്രകാരം ഈ തുകയുടെ പരിധി 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, ഭവന/വാഹന വായ്പകളുടെ പലിശ, പലിശരഹിത ചികിത്സാ വായ്പ, ഓണം അഡ്വാൻസ്, ക്ലാസ് IV വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പ എന്നീ ബാധ്യതകളാണ് പരിഗണിക്കുന്നത്. മേൽ വിവരിച്ച ഇനങ്ങളിലെ ബാധ്യതകളിൽ മറ്റ് സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും അനുവദിച്ച ബാധ്യതകളും ഉൾപ്പെടുന്നതാണ്. ഉത്തരവ് തീയതി മുതൽ തീർപ്പാക്കുന്ന കേസ്സുകൾക്ക് ഉത്തരവ് ബാധകമാകുന്നതാണ്.

**ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്.**
**ഓഫീസർമാരുടെ ക്ഷാമം**

28 (1671) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറിലുള്ള എത്ര ഓഫീസർമാരെയാണ് നിലവിൽ ആവശ്യമുള്ളത്;

(ബി) നിലവിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് ;

(സി) പ്രസ്തുത ഓഫീസർമാർ ഒരുസമയം ഒന്നിലധികം വകുപ്പുകളുടെ ചുമതലവഹിക്കുന്നത് ഭരണപരമായ അസൗകര്യം സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുക; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. കേഡറിലുള്ള യഥാക്രമം 231, 172, 107 എണ്ണം ഓഫീസർമാരെയാണ് നിലവിൽ ആവശ്യമുള്ളത്.

(ബി) നിലവിൽ ഐ.എ.എസ്.-ൽ 84 ഉദ്യോഗസ്ഥരുടെയും ഐ.പി.എസ്.-ൽ 59 ഉദ്യോഗസ്ഥരുടെയും ഐ.എഫ്.എസ്.-ൽ 39 പേരുടെയും കുറവുണ്ട്.

(സി) എടുത്തുപറയത്തക്ക അസൗകര്യങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. എങ്കിലും നേരിട്ടുള്ള നിയമനത്തിൽ കൂടിയും ഉദ്യോഗക്കയറ്റം മുഖേനയും മേൽപ്പറഞ്ഞ കുറവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സബ് കളക്ടറുടെ സ്ഥാനക്കയറ്റം**

29 (1673) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം സബ് കളക്ടറായിരുന്ന ശ്രീറാം വെങ്കട്ടരാമിന് സ്ഥാനക്കയറ്റം നൽകിയാണോ എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടറായി നിയമിച്ചത്;

(ബി) എങ്കിൽ അദ്ദേഹത്തിന് സ്ഥാനക്കയറ്റം നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സബ് കളക്ടറുടെ ചുമതലയിൽനിന്നും ഒരു വകുപ്പിന്റെ ഡയറക്ടർ ചുമതലയിലേക്ക് മാറ്റി നിയമിക്കുകയാണുണ്ടായത്.

(ബി) ബാധകമല്ല.

**നോട്ട് റദ്ദാക്കൽ നടപടി സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതം**

30 (1674) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ നോട്ട് റദ്ദാക്കൽ നടപടി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഉണ്ടാക്കിയ ആഘാതം എത്രമാത്രമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിഗമനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര വരുമാനത്തെ ഇത് എങ്ങനെ എല്ലാമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നോട്ട് റദ്ദാക്കലിന്റെ സാഹചര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി കൈമാറ്റത്തിൽ കുറവുണ്ടായിട്ടുണ്ടോ;

(ഇ) കറൻസി പിൻവലിക്കൽ സൃഷ്ടിച്ച പ്രത്യാഘാതത്തിൽ നിന്നും സംസ്ഥാനം കരകയറിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതലാവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്‌വ്യവസ്ഥയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം സംഭാവന ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാവട്ടെ 16 ശതമാനവും അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റുകൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ എട്ടിനുശേഷം റിസർവ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ-14-ലെ സഹകരണ ബാങ്കുകളേയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കിക്കൊണ്ടുള്ള ഉത്തരവ്, കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപെടലുകളെയും അവതാളത്തിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബ്ബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി. നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ്

നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനം ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന്) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റെയും ഡിസംബറിൽ വിൽപ്പന നികുതിയിൽ 17.43 ശതമാനത്തിന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹനനികുതിയിൽ 11.44 ശതമാനത്തിന്റെയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റെയും കുറവ് ഉണ്ടായിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിവിടുകയും ചെയ്തിട്ടുള്ളതാണ്. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം ഉണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

<u>ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ</u> :

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശ രഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്ന് കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താല്ക്കാലിക പരിഹാരമുണ്ടാക്കാനായി, എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധന വ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തി.

<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ</u> :

1. കറൻസി പിൻവലിക്കൽ ബജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് മുഖാന്തരം നിരവധി പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകി തുടർ നടപടി സ്വീകരിച്ചു വരുന്നു.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്. എം.എസ്.) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ് വർക്കിംഗ് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

31 (1675) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായി സർക്കാർ ആവിഷ്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ വിവിധ ബോർഡുകളിലേയും കോർപ്പറേഷനുകളിലേയും ജീവനക്കാരെ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം കമ്പനികളാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത വിഷയത്തിൽ എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

## ഹരിത കേരള മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

32 (1677) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരള മിഷൻ ശുചിത്വ-മാലിന്യനിർമ്മാർജ്ജന നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പൊതുസ്ഥലങ്ങൾ മാലിന്യമുക്തമാക്കുന്നത് സംബന്ധിച്ച പൊതു സമീപനം വ്യക്തമാക്കുമോ;

(സി) ശുചിത്വ-മാലിന്യ നിർമ്മാർജ്ജന സംവിധാനവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ഇതിനുള്ള സാങ്കേതികസഹായം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഉണ്ട്. 15-7-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2420/2017/ ത.സ്വ.ഭ.വ. നമ്പരായി ഹരിത കേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക, ഉത്തരവാദിത്വ മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ സംസ്കാരം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാകണം. ഇതിനായി എളുപ്പം ചീഞ്ഞളിയാൻ ഇടയുള്ള ജൈവമാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാത് ദിവസം തന്നെ സംസ്കരിക്കുകയും പുനഃചംക്രമണത്തിലൂടെ സംസ്കരിക്കപ്പെടേണ്ട പ്ലാസ്റ്റിക്കും ചില്ലും ലോഹവുമടക്കമുള്ള മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതാണ് പൊതുസമീപനം.

(സി) ശുചിത്വ മാലിന്യ നിർമ്മാർജ്ജന സംവിധാനവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാങ്കേതിക സഹായങ്ങൾ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. ഇതിനായി അക്രെഡിറ്റഡ് ഏജൻസികളെയും സേവനദാതാക്കളെയും ശുചിത്വമിഷൻ നിയോഗിച്ചിട്ടുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹരിത സ്ഥാപനങ്ങളെ നിയോഗിച്ചും ഹരിതകർമ്മസേനകളുടെ സേവനം പ്രയോജനപ്പെടുത്തിയും മാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സ്വീകരിക്കും. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കാനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

**വായ്പകൾ എഴുതിത്തള്ളാൻ നടപടി**

33 (T*1678) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഏതെങ്കിലും പ്രത്യേക വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് എന്നും ആയതിലേക്കായി എത്ര രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ 20 ലക്ഷത്തോളം വരുന്ന പരിവർത്തിത ദളിത് ക്രൈസ്തവരുടെ വായ്പകൾ എഴുതിത്തള്ളുന്നകാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ, അതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി**

34 (1679) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഓരോ വകുപ്പിനും അനുവദിച്ച തുകയും വകുപ്പ് ചെലവാക്കിയ തുകയും വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലൂടെ സംസ്ഥാനം കൈവരിക്കാൻ ഉദ്ദേശിക്കുന്ന ഭൗതികമായതും അല്ലാത്തതുമായ നേട്ടങ്ങളെ കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) 2012-13, 2013-14 വർഷങ്ങളിൽ ഉപമേഖല തിരിച്ചും 2014-15, 2015-16, 2016-17 വർഷങ്ങളിൽ വകുപ്പ് തിരിച്ച് അനുവദിച്ചതും ചെലവാക്കിയതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം അഞ്ച് വർഷത്തിനുള്ളിൽ നിക്ഷേപം ഇരട്ടിയിലേറെയാക്കിക്കൊണ്ട് സാമ്പത്തിക വളർച്ചയുടെ ആക്കം തിരിച്ച് പിടിക്കുക എന്നതാണ്. പദ്ധതിയുടെ പ്രധാന ഊന്നലുകൾ താഴെപ്പറയുന്നവയാണ് :

---

*T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. സർക്കാർ സ്ഥാപിച്ച നാല് മിഷനുകളിലൂടെ പുതിയ കേരളം കെട്ടിപ്പടുക്കുക. ഈ മിഷനുകൾ സുസ്ഥിര വികസനവും ജനകീയ പങ്കാളിത്തവും താഴെപ്പറയുന്ന മേഖലകളിൽ നടപ്പിലാക്കും.
   - (i) ഉയർന്ന നിലവാരത്തിലുള്ള സ്കൂൾ വിദ്യാഭ്യാസം
   - (ii) ജനസൗഹൃദ ആരോഗ്യ സൗകര്യങ്ങൾ
   - (iii) പരിസ്ഥിതി സൗഹൃദ കൃഷി (ജൈവകൃഷി ഉൾപ്പെടെ)
   - (iv) മാലിന്യ നിർമ്മാർജ്ജനം, വൃത്തിയുള്ള പരിസരം, ചവർ മുക്ത കേരളം
   - (v) വൃത്തിയായ ജലാശയങ്ങൾ, വിപുലമായ ജലവിഭവങ്ങൾ
   - (vi) സുരക്ഷിതമായ ഭവനവും ഉപജീവനമാർഗ്ഗവും
2. കൃഷിയിലും വ്യവസായത്തിലും ഭൗതികോൽപ്പാദന വർദ്ധനവ്
3. തൊഴിൽ, ഉപജീവന സുരക്ഷ, നൈപുണ്യ വികസനം, സംരംഭകത്വം എന്നിവ സൃഷ്ടിക്കൽ
4. കേരളത്തിന്റെ ഭൗതിക സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ
5. ധനപരമായ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ സമൂഹത്തിലും ഉത്പാദന പ്രക്രിയയിലും വ്യാപിപ്പിക്കുക, സുസ്ഥിര വികസനം അഭിവൃദ്ധി പ്പെടുത്തുക, ഭരണരംഗത്തെയും കാര്യനിർവ്വഹണരംഗത്തെയും ആധുനികവൽക്കരിക്കുക.
7. ജനകീയാസൂത്രണ പ്രക്രിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വിപുലമാക്കൽ
8. സാമൂഹ്യ സുരക്ഷിതത്വം വ്യാപിപ്പിക്കുക, സാമൂഹ്യമായ പുറന്തള്ള ലിനെതിരെയുള്ള സമരം വ്യാപിപ്പിക്കുക
9. സംസ്കാരം, പാരമ്പര്യം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക, വിനോദസഞ്ചാരം വികസിപ്പിക്കുക, മറുനാടൻ മലയാളികളുമായി സാംസ്കാരിക സാമ്പത്തിക ബന്ധം സ്ഥാപിക്കുക.

## സി-സ്റ്റെഡ് ജീവനക്കാരുടെ പുനർവിന്യാസം

35 (1680) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള C-STED എന്ന സ്ഥാപനത്തിലെ ഒരു വിഭാഗം ജീവനക്കാരെ മറ്റ് വകുപ്പുകളിൽ പുനർ വിന്യസിച്ചതിന് ശേഷം ബാക്കിയുള്ള ജീവനക്കാരെ പുനർ വിന്യസിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ശേഷിക്കുന്ന ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുമോ;

(സി) ഈ സ്ഥാപനം നിലനിർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) C-STED-ലെ ഒരു വിഭാഗം ജീവനക്കാർ C-STED -ൽ സ്ഥിര നിയമനം ലഭിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് ഹർജിയിലെ വിധിന്യായം നടപ്പിലാക്കുന്നതിനായി സർക്കാർ പ്രസ്തുത ജീവനക്കാരെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പുനർ വ്യന്യസിക്കുന്നതിന് 20-6-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 04/2017/ ശാ.സ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി &സി ) പരിശോധിച്ചുവരുന്നു.

## പുതുവൈപ്പിലെ ഐ.ഒ.സി. പ്ലാന്റിന്റെ നിർമ്മാണം പരിശോധിക്കുന്നതിന് നടപടി

36 (1682) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പിലെ ഐ.ഒ.സി. പ്ലാന്റിന് പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 61 അനുസരിച്ച് ചീഫ് ടൗൺ പ്ലാനറുടെ പ്ലോട്ട് അപ്രൂവൽ ലഭിച്ചിട്ടുണ്ടോ; ഇത് കിട്ടാതെ പണിയുന്ന നിർമ്മാണ പ്രവൃത്തികൾ പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടത്തിന്റെ ലംഘനമാണെന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഐ.ഒ.സി. പ്ലാന്റിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും, സംസ്ഥാന തീരദേശ അതോറിറ്റിയും നൽകിയ അനുമതിയിൽ വേലിയേറ്റ നിരപ്പിൽ നിന്നും 200 മീറ്റർ അകലം പാലിച്ചാണ് പദ്ധതി നടപ്പിലാക്കേണ്ടത് എന്നു പറയുന്നുണ്ടോ; ഇക്കാര്യം പിന്നീട് ഇളവ് ചെയ്ത് നൽകുകയുണ്ടായോ;

(സി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകളിൽ കേരള പഞ്ചായത്തീരാജ് നിയമം/ചട്ടങ്ങൾ ബാധകമാക്കിക്കൊണ്ട് ഏതെങ്കിലും SEZ നയം സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രത്യേക സാമ്പത്തിക മേഖലകളിൽ കേരള പഞ്ചായത്ത് കെട്ടിട ചട്ടം ബാധകമാണോ;

(ഇ) എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ (LITE) എന്നൊരു പദ്ധതിക്ക് പുതുവൈപ്പിൽ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(എഫ്) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ ശിപാർശ പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് വേണ്ടി നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സർക്കാർ ഏജൻസി ഏതാണ്; മേൽ ഏജൻസി നിർമ്മാണ പുരോഗതി വിലയിരുത്തി ഏതെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ജി) ഇന്ത്യയിലെ മറ്റെവിടെയെങ്കിലും പുതുവൈപ്പിലേതുപോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് സമാനമായ എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഇല്ല. ഇതുസംബന്ധിച്ച് എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ പരാതി ലഭ്യമായിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലാ കളക്ടർക്ക് പരാതി ലഭിച്ചിട്ടുള്ളതും ആയതിൽ അന്വേഷണം നടത്തി വരുന്നതുമാണ്.

(ബി) ഉണ്ട്. പിന്നീട് സംസ്ഥാന സർക്കാർ ഇളവ് നൽകിയിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അല്ല

(ഇ) എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ (LITE) എന്ന പദ്ധതിക്ക് പുതുവൈപ്പിൽ താഴെപ്പറയുന്ന അനുവാദങ്ങൾ നൽകിയിട്ടുണ്ട്.

1. Site appraisal clearance granted by the Labour & Rehabilitation (B) department, Government of Kerala vide G.O. (Rt) No. 1673/2009/ LBR dated Thiruvananthapuram, 29-10-2009.

2. Recommendation for CRZ clearance by Science & Technology (A) Department Ref. No. 2126/A2/08/S& TD dated 9-12-2009.

3. Integrated Consent to Establish by Kerala State Pollution Control Board. Ref: Consent No. PCB/HO/EKM/ICE-R/14/2015 dated. 27-8-2015.

4. Factory plan approval order by Director of Factories & Boilers Thiruvananthapuram. Order No. T3/11630/2017/ F&B/R Dis, Dated 25-4-2017.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) ഉണ്ട്. ഇന്നോർ എൽ.പി.ജി. ഇംപോർട്ട് ടെർമിനൽ, തമിഴ്നാട്.

**എയ്ഡഡ് സ്കൂൾ/കോളേജ് മേഖലയിലെ നിയമനത്തിന് എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കുള്ള സംവരണം**

37 (1683) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജോലികളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് എത്ര ശതമാനമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്; ഇതിന്റെ ഇനം തിരിച്ച പട്ടിക ലഭ്യമാക്കാമോ; നിലവിൽ മറ്റ് ഏതൊക്കെ വിഭാഗങ്ങൾക്കാണ് സർക്കാർ ജോലിക്ക് സംവരണം ഉള്ളത്; എത്ര ശതമാനം വീതമാണ് ഓരോ വിഭാഗത്തിനും സംവരണംഉള്ളത്; ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സർക്കാർ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന എയ്ഡഡ് സ്കൂൾ/ കോളേജ് മേഖലയിൽ ഇപ്പോൾ നിയമനത്തിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കുന്നത്; ഇവിടെ സംവരണ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന സാഹചര്യത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കെങ്കിലും ഇവിടെ ജോലിക്ക് സംവരണം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ സർവ്വീസിൽ പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ എസ്.സി. വിഭാഗത്തിന് 8 ശതമാനം, എസ്.ടി. വിഭാഗത്തിന് 2 ശതമാനം, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 40 ശതമാനം എന്നിങ്ങനെയാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. ജാതി തിരിച്ചുള്ള സംവരണ പട്ടിക ചുവടെ ചേർക്കുന്നു:

| | ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ | മറ്റ് തസ്തികകളിൽ |
|---|---|---|
| എസ്.സി. | 8 | 8 |
| എസ്.ടി. | 2 | 2 |
| ഈഴവ | 11 | 14 |
| മുസ്ലീം | 10 | 12 |
| ലാറ്റിൻ കാത്തലിക് | 4 | 4 |
| നാടാർ (ഹിന്ദു ) | 1 | 1 |
| നാടാർ (SIUC) | 2 | 1 |
| ക്രിസ്തുമതം സ്വീകരിച്ച എസ്സി. | 2 | 1 |
| വിശ്വകർമ്മ | 2 | 3 |
| ധീവര | 2 | 1 |
| മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കെല്ലാം കൂടി | 6 | 3 |
| ആകെ സംവരണം | 50% | 50% |

കൂടാതെ ഭിന്നശേഷി വിഭാഗക്കാർക്ക് ഔട്ട് ഓഫ് ടേണായി മൂന്ന് ശതമാനം സംവരണവും നൽകി വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ നിയമനങ്ങൾ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടത്തുന്നത്. സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ മുഴുവൻ നിയമനങ്ങളും മെരിറ്റ് അടിസ്ഥാനമാക്കി നടത്തുകയോ, അല്ലാത്തപക്ഷം ഒന്നിടവിട്ടുള്ള ഒഴിവുകൾ അല്ലെങ്കിൽ 50 ശതമാനം ഒഴിവുകൾ ഒരു പ്രത്യേക വിഭാഗത്തിന് സംവരണം ചെയ്തോ നടത്താമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എയ്ഡഡ് സ്കൂൾ മേഖലയിൽ കേരള വിദ്യാഭ്യാസ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾക്കനുസൃതമായി അതത് മാനേജ്മെന്റുകളാണ് നിയമനങ്ങൾ നടത്തി വരുന്നത്. കേരള വിദ്യാഭ്യാസ ചട്ടത്തിൽ സംവരണ ചട്ടങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

(സി) കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി./എസ്.ടി. സംവരണം കർശനമായി പാലിക്കണമെന്നുള്ള യു.ജി.സി. മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലും 32393/2010, 33205/2010, 9140/2013 എന്നീ നമ്പർ റിട്ട് ഹർജികളിന്മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 25-5-2015-ലെ വിധിയുടെ അടിസ്ഥാനത്തിലും കേരളത്തിലെ ന്യൂനപക്ഷ പദവിയില്ലാത്ത എയ്ഡഡ് കോളേജുകളിലെ അധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ മെരിറ്റ് ക്വാട്ടയിൽ, പി.എസ്.സി. ഏർപ്പെടുത്തിയിട്ടുള്ളതുപോലെ പട്ടികജാതി വിഭാഗത്തിന് 8 ശതമാനം സംവരണവും പട്ടികവർഗ്ഗ വിഭാഗത്തിനുള്ള 2 ശതമാനം സംവരണവും ഏർപ്പെടുത്തി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ്, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ എന്നിവയിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിച്ചിട്ടില്ല.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ റാങ്ക് ലിസ്റ്റ് കാലാവധി

38 (1684) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റ് കാലാവധി ഒരു വർഷമായി വെട്ടികുറച്ചുകൊണ്ടുള്ള തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ അഭാവം നിലനിൽക്കെ വർഷാവർഷം ഈ തസ്തികയിലേക്ക് തെരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ സാധ്യതകളെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ഓരോ ജില്ലയിലും നാമമാത്രമായ നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളൂ എന്നത് പരിഗണിച്ച് ലിസ്റ്റിന്റെ കാലാവധി മൂന്ന് വർഷമാക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയുടെ നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമോ അഥവാ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റിൽനിന്നും അവസാനമായി നിയമന ശിപാർശ ചെയ്യപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെ ആയിരിക്കും.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**എറണാകുളം ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികകൾ**

39 (1685) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളുടെ അനുപാതം 1:1 ആക്കുന്നതിനും ഗ്രേഡ് II തസ്തികകൾ അനുവദിച്ച് കിട്ടുന്നതിനുമായി എറണാകുളം ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II റാങ്ക് ഹോൾഡേഴ്സ് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദീകരിക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

40 (1687) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുവാനായി രൂപീകരിച്ച സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബോർഡിനേറ്റ് സർവ്വീസ് റൂൾസ് വേഗത്തിൽ നടപ്പാക്കുവാൻ എന്തൊക്കെ നടപടികൾ ഇനിയും കൈക്കൊള്ളേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഗവ.സെക്രട്ടേറിയറ്റിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിലൂടെ നിയമനം ലഭിച്ച മറ്റു ജില്ലക്കാരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ കൊഴിഞ്ഞുപോക്ക് സെക്രട്ടേറിയറ്റ് സർവ്വീസിനെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് താഴ്ന്ന വിഭാഗം ജീവനക്കാർക്കായി പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എപ്പോൾ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) SRO 107/16 പ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാരെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 14 ജില്ലകളിലും നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തെ ബാധിക്കാതിരിക്കുന്നതിനുവേണ്ടി സേവിംഗ്സ് ക്ലോസ് ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാറ്റഗറി നമ്പർ 489/2011 പ്രകാരം പി.എസ്.സി. നിയമനം

41 (1688) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 489/2011 പ്രകാരം പി.എസ്.സി. ഏതൊക്കെ സ്ഥാപനങ്ങളിലേക്കാണ് നിയമനം നടത്തേണ്ടതെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) കമ്പനി/ബോർഡ്/കോർപ്പറേഷൻ അസിസ്റ്റന്റ് തസ്തികയിലേക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്ത സ്ഥിതിക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാറ്റഗറി നമ്പർ 489/2011 ആയി വിജ്ഞാപനം പുറപ്പെടുവിച്ച തസ്തികയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ, തസ്തികകൾ എന്നിവ ചുവടെ ചേർക്കുന്നു :

സ്ഥാപനങ്ങൾ:

കെ.എസ്.എഫ്.ഇ. ലിമിറ്റഡ്, കെ.എസ്.ഇ.ബി., തൃശ്ശൂർ കോർപ്പറേഷൻ കെ.എം.സി.എസ്. ഇലക്ട്രിക്കൽ വിംഗ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, മലബാർ സിമന്റ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഡെവലപ്മെന്റ് അതോറിറ്റീസ് ഇൻ കേരള.

<u>തസ്തികകൾ</u> :

ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ/അസിസ്റ്റന്റ് ഗ്രേഡ് II/ക്ലാർക്ക് ഗ്രേഡ് I/ടൈം കീപ്പർ ഗ്രേഡ് II/സീനിയർ അസിസ്റ്റന്റ്/അസിസ്റ്റന്റ്/ജൂനിയർ ക്ലാർക്ക് തുടങ്ങിയവ.

(ബി) റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷനോട് ശിപാർശ ചെയ്യുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് II തസ്തിക**

42 (1689) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ് 2017 ആഗസ്റ്റ് മാസം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ടി. മേഖലയിലെ സ്ത്രീകളുടെ സുരക്ഷിതത്വം**

43 (1690) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് പലപ്പോഴും രാത്രി വൈകിയും ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം ഇവരുടെ സുരക്ഷിതത്വത്തിന് പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വത്തിന് ഓരോ കമ്പനികളും സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ തൊഴിൽ സാധ്യതയ്ക്ക് കുറവുണ്ടാകാത്തവിധത്തിലും മതിയായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന തരത്തിലുമുള്ള ഒരു ഐ.ടി.നയം ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഐ.ടി. കമ്പനികളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വത്തിന് ഓരോ കമ്പനികളും അവരവരുടേതായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പാർക്കും പൊതുവായുള്ള സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ സുഗമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുംവേണ്ടി ചീഫ് സെക്യൂരിറ്റി ഓഫീസറുടെ നേതൃത്വത്തിലുള്ള സെക്യൂരിറ്റി സംവിധാനം പാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പെറ്റീഷൻ കമ്മിറ്റി, വിജിലൻസ് സെൽ എന്നിവയും സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തുന്നുണ്ട്.

(സി) G.O(P) 9/2017/ITD dated 30-6-2017 പ്രകാരം അംഗീകരിച്ച ഐ.ടി. നയം 2017-ൽ ഐ.ടി. മേഖലയിലെ സ്ത്രീകളുടെ സുരക്ഷിതത്വം സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ചുവടെ ചേർക്കുന്നു :

1. 24x7 പ്രവർത്തനവും മൂന്ന് ഷിഫ്റ്റും അനുവദിക്കുന്ന ഐ.ടി./ ഐ.ടി. അനുബന്ധ കമ്പനികളിൽ, സ്ത്രീകൾക്ക് രാത്രി തൊഴിലെടുക്കാനുള്ള അനുവാദം, ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിലയിരുത്തലിന് വിധേയമായിരിക്കും.

2. സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ കമ്പനി നൽകും. (പ്രത്യേകിച്ച് രാത്രി 9 മണിക്കുശേഷം ഔദ്യോഗിക വാഹനത്തിൽ സുരക്ഷയ്ക്കായുള്ള ജീവനക്കാർ ഉൾപ്പെടെ താമസ സ്ഥലങ്ങളിൽ എത്തിക്കുകയും വേണം).

3. പാർക്ക് അധിഷ്ഠിതമായി ക്രഷ്, ഹോസ്റ്റൽ എന്നിവ അടക്കമുള്ള പൊതു സൗകര്യങ്ങൾ കമ്പനികളുടെ പങ്കാളിത്തത്തോടെ ഉറപ്പാക്കും.

4. ഗർഭാവസ്ഥയ്ക്ക് മുമ്പും പിമ്പും വീട്ടിലിരുന്ന് തൊഴിലെടുക്കുവാനുള്ള അവസരം (അവധി ദീർഘിപ്പിക്കൽ), ജോലി സമയം ലഘൂകരിക്കുന്നതിനുള്ള സൗകര്യം (കുറഞ്ഞ വേതനത്തിൽ).

5. ക്രഷ്, സ്കൂൾ സമയം കഴിഞ്ഞ് സംരക്ഷണം ഇവ നടത്തുന്ന യോഗ്യതയുള്ള സ്ത്രീകൾക്ക് (പ്രാദേശികാടിസ്ഥാനത്തിൽ മുൻഗണന) അടിസ്ഥാന സൗകര്യ സഹായവും ലഭ്യമാക്കും.

## ഐ.ടി. മേഖലയിലെ ഉദ്യോഗസ്ഥരെ പിരിച്ചുവിടുന്ന നടപടി

44 (1691) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. മേഖലയിലെ ഉദ്യോഗസ്ഥരെ അനിയന്ത്രിതവും നിയമവിരുദ്ധവുമായി പിരിച്ചുവിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ ഇടപെടലുകളാണ് സർക്കാർ നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഐ. ടി. മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിൽ കുറവ് പരിഹരിക്കുന്നതിന്റെയും വ്യവസായം സുഗമമാക്കുന്നതിന്റെയും ഭാഗമായി ഐ.ടി. മേഖലയിൽ ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായത്തിന്റെ സവിശേഷതകൾക്ക് അനുസൃതമായി തൊഴിൽ മേഖലയെ നിയന്ത്രിക്കുന്ന നിയമങ്ങൾ പ്രസ്തുത മേഖലയുടെ ആവശ്യകതയ്ക്കനുസരിച്ച് രൂപീകരിക്കാൻ കരട് ഐ.ടി. നയത്തിൽ വ്യവസ്ഥയുണ്ട്. അതോടൊപ്പം പാർക്കുകളും കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ തൊഴിൽ നിയമങ്ങളും, സേവനവേതന വ്യവസ്ഥകളും ചട്ടങ്ങളും ഉൾപ്പെട്ട നിലവിലുള്ള നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## വനക്രൈ എന്ന മാൽവെയർ

45 (1693) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനക്രൈ എന്ന മാൽവെയർ കമ്പ്യൂട്ടറുകളെ നിശ്ചലമാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ/സ്വകാര്യമേഖലകളെ ഇത് ബാധിച്ചു; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നികുതിദായകൻ അറിയാതെ ആദായ നികുതി അക്കൗണ്ടിൽ നുഴഞ്ഞുകയറി ഈ-ഫയലിംഗ് നടത്തിയശേഷം റീഫണ്ട് ഇനത്തിൽ വൻതുക തട്ടിയെടുക്കുന്നതും യഥാസമയം ഈ-ഫയലിംഗ് നടത്താത്ത നികുതിദായകരുടെ പാസ്‌വേഡ് റീസെറ്റ് ചെയ്ത് ബാങ്ക് അക്കൗണ്ട്, ടെലിഫോൺ നമ്പർ, ഈ-മെയിൽ വിലാസം എന്നിവ മാറ്റി തട്ടിപ്പ് നടത്തുന്നതും സംബന്ധിച് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം തട്ടിപ്പ് സംസ്ഥാന സൈബർ സെല്ലോ, ഐ. ടി. വകുപ്പുകളോ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഇത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വനക്രൈ എന്ന റാൻസംവെയർ കേരളത്തിലെ ചില പഞ്ചായത്തുകളിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. പഞ്ചായത്തുകളിലെ സൈബർ ആക്രമണമുണ്ടായ കമ്പ്യൂട്ടറുകളിലെ വിവരങ്ങൾ ബാക്കപ്പ് ചെയ്ത് സൂക്ഷിച്ചതിനാൽ നഷ്ടമായില്ല.

**റാൻസംവെയർ ബാധിച്ച സിസ്റ്റങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തുകൾ | ജില്ല | കമ്പ്യൂട്ടർ | സെർവർ | ആകെ |
|---|---|---|---|---|---|
| 1. | തരിയോട് | വയനാട് | 3 | 1 | 4 |
| 2. | അരുവാപ്പുലം | പത്തനംതിട്ട | 1 | 0 | 1 |
| 3. | ഏനാദിമംഗലം | പത്തനംതിട്ട | 1 | 0 | 1 |
| 4. | തൃക്കോവിൽവട്ടം | കൊല്ലം | 19 | 0 | 19 |
| 5. | അന്നമനട | തൃശ്ശൂർ | 2 | 1 | 3 |
| 6. | വരന്തരപ്പിള്ളി | തൃശ്ശൂർ | 1 | 0 | 1 |
| 7. | കുഴൂർ | തൃശ്ശൂർ | 5 | 0 | 5 |
| 8. | കരവാരം | തിരുവനന്തപുരം | 4 | 1 | 5 |
| | ആകെ | | 36 | 3 | 39 |

(ബി) ഇത്തരത്തിലുള്ള പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഇല്ല. ഇത്തരം തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## കൊരട്ടി ഇൻഫോപാർക്ക്

46 (1694) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട നവീകരണത്തിന്റെ ഭാഗമായി 8 നിലകളിലായി ഒരു ലക്ഷത്തിലധികം സ്ക്വയർഫീറ്റ് വിസ്തൃതിയിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടസമുച്ചയത്തിൽ നാളുകൾ പിന്നിട്ടിട്ടും വിഭാവനം ചെയ്തപോലെ ഐ.ടി. കമ്പനികൾ ഇനിയും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടസമുച്ചയത്തിൽ പുതുതായി ഐ.ടി. കമ്പനികൾ പ്രവർത്തനമാരംഭിക്കുന്നതിലേക്കായി എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നൂറുകണക്കിന് യുവാക്കൾക്ക് ഐ.ടി. മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കത്തക്കവിധത്തിൽ പുതിയ കമ്പനികളെ കൊരട്ടി ഇൻഫോപാർക്കിലേക്കാകർഷിക്കുന്നതിനും അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) കൊരട്ടി ഇൻഫോപാർക്ക് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 3.3 ലക്ഷം ച.അടി. വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടി 8 നിലകളിലായി പുതിയ ഒരു ഐ.ടി. മന്ദിരത്തിന്റെ പണി പൂർത്തിയാക്കി 2016 ജനുവരി 21-ാം തീയതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതിന്റെ ഗ്രൗണ്ട് ഫ്ലോറിലേയും ഫസ്റ്റ് ഫ്ലോറിലേയും ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിച്ച് കമ്പനികൾ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. നിലവിൽ ഈ കെട്ടിടത്തിൽ മാത്രമായി 6 കമ്പനികൾ പ്രവർത്തിച്ചുവരുന്നു. കൂടുതൽ കമ്പനികൾ പ്രവർത്തന സന്നദ്ധമായി മുന്നോട്ടുവരുന്ന ഒരു ഘട്ടത്തിലാണ്.

(ബി&സി) ഐ.ടി. മേഖലയിൽ പൊതുവേ നഗരകേന്ദ്രീകൃത സ്വഭാവം നിലനിൽക്കുന്ന ഒരു പ്രവണതയാണുള്ളത്. ഇതിനെ മറികടന്ന് കൊരട്ടി പോലുള്ള പ്രദേശത്തിന്റെ പൊതുസൗകര്യങ്ങൾ ഉയർത്തിക്കാട്ടി കൂടുതൽ കമ്പനികളെ ഗ്രാമപ്രദേശങ്ങളിലേക്ക് ആകർഷിക്കുകയും തദ്വാരാ കൊരട്ടി ഇൻഫോപാർക്കിന്റെയും ആ മേഖലയുടെയും സമഗ്ര വികസനം സാധ്യമാകുന്ന രീതിയിൽ മാർക്കറ്റിംഗ്/ പ്രചരണ പ്രവർത്തനങ്ങൾ ഇൻഫോപാർക്ക് നടത്തിവരുന്നുണ്ട്. ഐ.ടി. പാർക്കുകളിലേക്ക് കമ്പനികളെ ആകർഷിക്കുന്നതിനുവേണ്ടി അന്താരാഷ്ട്ര തലത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള ട്രേഡ് ഫെയറുകളായ GITEX, MOBILE WORLD,

CONCLAVE, NILF, CEBIT തുടങ്ങിയ മേളകളിൽ ജി-ടെക്-ന്റെ നേതൃത്വത്തിൽ വാണിജ്യ പ്രതിനിധി സംഘങ്ങളെ ഇൻഫോപാർക്ക് അയയ്ക്കാറുണ്ട്. കൂടാതെ ദേശീയ അന്തർദ്ദേശീയ വാണിജ്യ മേളകളിൽ കേരള ഐ.ടി.-യുടെ സ്റ്റാളുകൾ ഒരുക്കി ഐ.ടി കമ്പനികളുടെ ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനും, മറ്റ് കമ്പനികളുടെ പ്രതിനിധികളുമായി ആശയവിനിമയം നടത്തുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. കൂടുതൽ കമ്പനികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം സ്റ്റാളുകളിലെത്തുന്ന ഐ.ടി കമ്പനി പ്രതിനിധികളുമായി കൂടികാഴ്ചകൾ നടത്തുകയും കേരള ഐ.ടി.-യുടെ പ്രത്യേകതകൾ/അവസരങ്ങൾ മുതലായവ വിവരിച്ച് അവരെ ക്ഷണിക്കുകയും ചെയ്യാറുണ്ട്.

**ബ്ലൂവെയ്ൽ ഓൺലൈൻ ഗെയിം**

47 (1695) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആത്മഹത്യ പ്രേരണ ഉണ്ടാക്കുന്ന ബ്ലൂവെയ്ൽ എന്ന ഓൺലൈൻ ഗെയിം കേരളത്തിൽ ലഭ്യമാണോ;

(ബി) ഉണ്ടെങ്കിൽ ഈ ഗെയിം കേരളത്തിലെ വെബ്സൈറ്റുകളിൽ നിന്നും നീക്കം ചെയ്യുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആത്മഹത്യയിലേക്ക് തള്ളിവിടുന്ന ബ്ലൂവെയ്ൽ ഓൺലൈൻ ഗെയിം പ്രചാരത്തിലുണ്ടെന്നാണ് ലഭ്യമായ വിവരങ്ങൾ കാണിക്കുന്നതെങ്കിലും അത് കേരളത്തിൽ ലഭ്യമാണെന്നുള്ളതിന്റെയും പ്രസ്തുത ഗെയിം പ്രചരിക്കുന്ന വെബ്സൈറ്റുകളെ സംബന്ധിച്ചും വ്യക്തമായ വിവരങ്ങൾ നിലവിൽ ലഭ്യമല്ല.

(ബി) ഇത്തരം വെബ്സൈറ്റുകൾ നിരോധിക്കുന്നതിനുള്ള അധികാരം ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിനാണ്. ബ്ലൂവെയ്ൽ ഓൺലൈൻ ഗെയിം നിരോധിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**പയ്യന്നൂരിൽ ഐ.ടി. പാർക്ക്**

48 (1696) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഐ. ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഐ. ടി. പാർക്കിനായി നാളിതുവരെ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയതെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഐ. ടി. പാർക്ക് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ഫൗണ്ടേഷൻ പണി, അപ്രോച്ച് റോഡ്, 11KV ഇലക്ട്രിക്കൽ ലൈൻ, ചുറ്റുമതിൽ എന്നിവയുടെ പണി പൂർത്തിയായി. പ്രസ്തുത ഐ.ടി. പാർക്കിനായി നാളിതുവരെ 5 കോടിയോളം രൂപ ചെലവഴിച്ചു.

(സി) ഇത്തരം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഐ.ടി. പാർക്ക് ആരംഭിച്ച് വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് പരിമിതികളുണ്ട്. അതിനാൽ ഈ സ്ഥലം വ്യവസായ പാർക്കിനായി വികസിപ്പിക്കുന്നതിന് കിൻഫ്ര സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുടർ വികസനം കിൻഫ്രയെ ഏൽപ്പിക്കാനുള്ള നടപടികൾ തുടർന്നുവരുന്നു.

**വിമുക്തഭടന്മാരുടെ ക്ഷേമം**

49 (1697) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവർക്കായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) വിമുക്തഭടന്മാരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) കേരളത്തിലെ വിമുക്തഭടന്മാർക്കും വിധവകൾക്കും സ്മാർട്ട് കാർഡ് നൽകുന്ന പദ്ധതി, രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും, വിധവകൾക്കും നൽകുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം, നോൺ ഗ്യാലന്ററി അവാർഡ് ജേതാക്കൾക്ക് നൽകുന്ന ക്യാഷ് അവാർഡ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം എന്നിവ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

50 (1698) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസുകളിലേക്ക് റിപ്പോർട്ടിനായി സമർപ്പിക്കാറുണ്ടോ;

(ബി) ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പല വില്ലേജ് ഓഫീസുകളിലും രോഗികളെ വിളിച്ചുവരുത്തി ഡോക്ടർ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ വീണ്ടും ഹാജരാക്കാൻ ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ തിരുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസുകളിലേക്ക് റിപ്പോർട്ടിനായി അയയ്ക്കാറുണ്ട്.

(ബി) ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സഹിതം തഹസിൽദാർക്ക് സമർപ്പിക്കണമെന്നതാണ് നിലവിലുള്ള നിർദ്ദേശം.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം 6 മാസക്കാലാവധിക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ വീണ്ടും മെഡിക്കൽ രേഖകൾ ആവശ്യപ്പെടാറില്ല. അല്ലാത്ത അപേക്ഷകളിൽ രേഖകൾ ആവശ്യപ്പെടാറുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം

51 (1699) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിന് പകരമായി താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും നൽകിവരുന്നു. അനുവദിക്കുന്ന തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

52 (1700) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെയായി എത്ര പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ നൽകിയെന്ന് അറിയിക്കുമോ; ഇതിൽ ഇതിൽ എത്ര പേർക്ക് ധനസഹായം നൽകി; അവരുടെ പേരു വിവരം, തുക എന്നീ വിശദാംശങ്ങൾ നൽകുമോ;

(ബി) അപേക്ഷിച്ച എത്ര ആളുകൾക്ക് തുക അനുവദിക്കാനുണ്ടെന്ന് വിശദമാക്കുമോ; ശേഷിക്കുന്ന ആളുകൾക്ക് അടിയന്തരമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വേഗത്തിൽ സഹായം ലഭിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ; പുതിയ നടപടികൾമൂലം ദുരിതാശ്വാസം അനുവദിക്കുന്ന നടപടിക്രമങ്ങൾ അനന്തമായി നീളുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) കാൻസർ രോഗികൾ, വൃക്കരോഗികൾ മറ്റ് മാരകമായ രോഗങ്ങൾ എന്നിവ ബാധിച്ച അപേക്ഷകർക്ക് വേഗത്തിൽ സഹായം ലഭ്യമാക്കുവാൻ ആവശ്യമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 155870 പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായത്തിനായി അപേക്ഷ നൽകി. ഇതിൽ 108521 പേർക്ക് ധനസഹായം നൽകി. ധനസഹായം സ്വീകരിച്ചവരുടെ പേര് വിവരവും തുകയും നൽകുന്നത് പ്രായോഗികമല്ല.

(ബി) അപേക്ഷിച്ചതിൽ 21124 ആളുകൾക്ക് തുക അനുവദിക്കാനുണ്ട്. ജില്ലാ കളക്ടർമാരുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിന് പകരമായി താലൂക്ക് അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും നൽകിവരുന്നു. അനുവദിക്കുന്ന തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

53 (1701) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായമായി നാളിതുവരെ അനുവദിച്ച തുക ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചികിത്സാ സഹായത്തിന് ലഭിച്ച അപേക്ഷകളിൽ ഉത്തരവായ എത്ര എണ്ണത്തിന് ഇനി ധനസഹായം നൽകാൻ ഉണ്ട്?

ഉത്തരം

(എ)

| ജില്ല | അനുവദിച്ച തുക (രൂപ) |
|---|---|
| തിരുവനന്തപുരം | 19,38,83,150 |
| കൊല്ലം | 16,78,55,000 |

| | |
|---|---|
| പത്തനംതിട്ട | 4,85,04,000 |
| ആലപ്പുഴ | 16,70,84,500 |
| കോട്ടയം | 15,89,59,848 |
| ഇടുക്കി | 5,08,77,500 |
| എറണാകുളം | 22,11,44,391 |
| തൃശ്ശൂർ | 12,21,18,500 |
| പാലക്കാട് | 8,83,18,900 |
| മലപ്പുറം | 9,41,59,000 |
| കോഴിക്കോട് | 8,20,02,202 |
| വയനാട് | 2,23,38,087 |
| കണ്ണൂർ | 10,58,97,913 |
| കാസർഗോഡ് | 8,14,45,024 |
| ആകെ | 160,45,88,015 |

(ബി) അർഹത നിശ്ചയിക്കപ്പെടാത്ത 732 അപേക്ഷകളിൽ മാത്രമാണ് ധനസഹായം നൽകാൻ ബാക്കിയുള്ളത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

54 (1702) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുക അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കൊല്ലം ജില്ലയിൽ തുക വിതരണം ചെയ്യപ്പെട്ടിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലാ കളക്ടർ അനുവദിച്ച് ഉത്തരവായ ചികിത്സാ ദുരിതാശ്വാസം എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിച്ച് ഫണ്ട് ലഭ്യമായശേഷം താലൂക്ക് ഓഫീസ് മുഖാന്തരമാണ് തുക വിതരണം ചെയ്യുന്നത്. താലൂക്ക് ഓഫീസുകളിൽനിന്നും അക്വിറ്റൻസ് തയ്യാറാക്കി വില്ലേജ് തിരിച്ച് ടി ലിസ്റ്റ് വില്ലേജിൽ കൊടുക്കുന്നുണ്ട്. ബന്ധപ്പെട്ട എല്ലാ കക്ഷികളേയും വിവരം അറിയിച്ച് ധനസഹായ വിതരണം വേഗത്തിൽ നടന്നുവരുന്നു.

(ബി) കൊല്ലം ജില്ലാ കളക്ടർ 8-8-2017 വരെ 3593 കേസ്സുകളിൽ തുക അനുവദിക്കുകയും 1741 കേസ്സുകളിൽ തുക വിതരണം ചെയ്യുന്നതിനായി താലൂക്ക് തഹസിൽദാർമാർക്ക് അനുവദിക്കുകയും ചെയ്തു. ബാക്കിയുള്ള കേസ്സുകളിൽക്കൂടി തുക വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

55 (1703) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യവർഷം (2016 മേയ് 25 മുതൽ 2017 മേയ് 25 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് എത്ര രൂപ ധനസഹായമായി നൽകിയെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ ആദ്യത്തെ ഒരു വർഷം (2011 മേയ് 18 മുതൽ 2012 മേയ് 18 വരെ) മുഖ്യമന്ത്രിയുടെ ദുരിതശ്വാസനിധിയിൽ നിന്ന് എത്ര പേർക്ക് എത്ര രൂപ ധനസഹായമായി നൽകിയിരുന്നുവെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ ആദ്യത്തെ ഒരു വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു വ്യക്തിക്ക് നൽകിയ പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വ്യക്തിയുടെ ദുരിതാവസ്ഥ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാർ ആദ്യത്തെ ഒരു വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒരു വ്യക്തിക്ക് നൽകിയ പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തിക്ക് ദുരിതാശ്വാസനിധിയിൽ നിന്ന് എന്ത് കാരണ ത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ & ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(സി) കണ്ണൂർ ജില്ലയിൽ 12,00,000 രൂപ പൊടിക്കുണ്ട് സ്ഫോടനത്തിൽ ശ്രീ. ബാലൻ. ടി. എന്നയാളുടെ വീട് പൂർണ്ണമായും തകർന്നതിന് നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിൽ 27,00,000 രൂപ മഹാരാഷ്ട്ര കേന്ദ്ര ആയുധപ്പുരയിൽ 31-5-2016-ലുണ്ടായ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ട കാർത്തികപ്പള്ളി താലൂക്കിലെ മേജർ മനോജ് കുമാറിന്റെ കുടുംബത്തിന് വീടും സ്ഥലവും വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്. വസ്തുവിന്റെ രജിസ്ട്രേഷൻ സംബന്ധമായി നടപടികൾ പൂർത്തിയാക്കാത്തതിനാൽ തുക വിതരണം ചെയ്തിട്ടില്ല.

(ഡി) തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളിൽ 10 ലക്ഷം രൂപ വീതം ഓരോ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്.

<u>തിരുവനന്തപുരം</u> :

ശ്രീ. എസ്. ജയകുമാർ (അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ) എന്നയാൾക്ക് സ്പിരിറ്റ് ലോബിയുടെ ആക്രമണത്തിൽ പരിക്കേറ്റതിന് രണ്ട് ഉത്തരവുകളിലായി ആകെ 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

<u>പത്തനംതിട്ട</u> :

മുരളീധരൻ കെ.കെ. കണ്ണാമല, വടക്കേ ചരുവിൽ, കോന്നി എന്ന കക്ഷിക്ക് ടിയാന്റെ ഭാര്യ സെൻസസ് ഡ്യൂട്ടിക്കിടെ പാമ്പ് കടിയേറ്റ് മരിച്ചതിന് 10 ലക്ഷം രൂപ നൽകി.

<u>വയനാട്</u> :

കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ടയാൾക്ക് 10 ലക്ഷം രൂപ നൽകി.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

56 (1704) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വർക്കല താലൂക്കിൽ നിന്നു ലഭിച്ച അപേക്ഷകളിന്മേൽ നാളിതുവരെ എത്ര രൂപ വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിക്കപ്പെട്ടതിൽ എത്ര രൂപ വിതരണം ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനോടകം വർക്കല താലൂക്കിലെ എത്രയാളുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വർക്കല താലൂക്കിൽ ലഭിച്ച അപേക്ഷകളിന്മേൽ നാളിതുവരെ 4,08,59,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ടതിൽ 66,66,000 രൂപ വിതരണം ചെയ്യാനുണ്ട്.

(സി) വർക്കല താലൂക്കിലെ 2414 ആളുകൾക്ക് ഇതിനോടകം ധനസഹായം നൽകിയിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള ധനസഹായം**

57 (1705) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അനുവദിച്ച ധനസഹായം ലഭ്യമാകാത്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇക്കാലയളവിൽ നിരസിക്കപ്പെടുകയുണ്ടായി എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) ദുരിതാശ്വസനിധിയിൽനിന്നുള്ള സഹായത്തിനായി ലഭിച്ച 11271 അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

58 (1706) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 2016-17 സാമ്പത്തിക വർഷം എത്ര തുക സംഭാവനയായി ലഭിച്ചുവെന്നും ഈ കാലയളവിൽ ഇതിൽ നിന്നും എത്ര തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കായി 2016-17 സാമ്പത്തിക വർഷം 15,20,69,370 (പതിനഞ്ച് കോടി ഇരുപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി മുന്നൂറ്റി എഴുപത്) രൂപ സംഭാവനയായി ലഭിച്ചു. ഈ കാലയളവിൽ 131,55,66,606 (നൂറ്റിമുപ്പത്തിയൊന്ന് കോടി അമ്പത്തിയഞ്ച് ലക്ഷത്തി അറുപത്തി ആറായിരത്തി അറുന്നൂറ്റി ആറ്) രൂപ അനുവദിച്ചു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

59 (1707) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം അനുവദിച്ചവരിൽ എത്രപേർക്ക് ഇനിയും തുക നൽകേണ്ടതായിട്ടുണ്ടെന്നും അവർക്ക് സഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

അർഹത നിശ്ചയിക്കപ്പെടാത്ത 732 അപേക്ഷകളിൽ മാത്രമാണ് ധനസഹായം നൽകാൻ ബാക്കിയുള്ളത്. ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ശബരിമലയിൽ എയർപോർട്ട്**

60 (1708) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല എയർപോർട്ട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇനിയും എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനായി അവശേഷിക്കുന്നുണ്ടെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നും വ്യക്തമാക്കാമോ;

(ബി) വിമാനത്താവള നിർമ്മാണം സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതൊക്കെ കമ്പനികളാണ് താൽപ്പര്യപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ ആർക്കാണ് ഇതിന്റെ ചുമതല നൽകിയിട്ടുള്ളത്; എത്ര നാളുകൾക്കകമാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്;

(സി) വിമാനത്താവള പദ്ധതിക്കായി ഉദ്ദേശിച്ചിട്ടുള്ള സ്ഥലം സംബന്ധിച്ച് എന്തെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകുകയും ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപ്പര്യപത്രം ക്ഷണിച്ചു. കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ കെ.എസ്.ഐ.ഡി.സി. സർക്കാരിൽ സമർപ്പിച്ചു. 25-9-2017-ലെ ജി.ഒ. (എംഎസ്.) 76/2017/ ഗതാ. നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ തത്വത്തിലുള്ള അംഗീകാരവും അന്തിമ റിപ്പോർട്ടും വാങ്ങി 9 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും സർക്കാരിന് യാതൊരു തുടർ ബാധ്യതകളും ഉണ്ടായിരിക്കുകയില്ലെന്നും കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികളിൽ നിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ ഒരു കൺസൾട്ടന്റ് എന്ന നിലയിൽ പൂർത്തീകരിക്കേണ്ട എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി 25-4-2017-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശബരിമല വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്തുകൊണ്ട് 21-7-2017-ലെ ജി.ഒ. (എംഎസ്.) 60/2017/ഗതാ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. പ്രസ്തുത ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28-5-2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെതിരെ വിവിധ റിട്ട് ഹർജികൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജികളിൽ 25-11-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റഫറൻസ് ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന് അനുകൂലമായ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച ഉത്തരവുകളുടെ തൽസ്ഥിതി തുടരാനും ഹർജിക്കാർ ടി ഭൂമി കൈമാറാനോ കടപ്പെടുത്താനോ പാടില്ല എന്ന കർശന നിർദ്ദേശവും ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയിട്ടുണ്ട്. കേസ്സുകൾ നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

**കൊച്ചി മെട്രോ**

61 (1709) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോയുടെ തൃപ്പൂണിത്തുറ വരെയുള്ള പദ്ധതികൾക്കായുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്നും ഇതിലേക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) മെട്രോ റെയിൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടിയാൽ കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുമെന്നും പാർക്കിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചതോതിൽ ലഭിക്കുമെന്നുമുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽപ്പാത പേട്ട മുതൽ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെ ദീർഘിപ്പിക്കുന്നതിനും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. പേട്ട മുതൽ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെ റോഡ് നവീകരിക്കുന്നതിനും, സ്റ്റേഷൻ നിർമ്മാണത്തിനുമായി ഏകദേശം 3 ഏക്കർ 65 സെന്റ് സ്ഥലം വേണ്ടിവരുമെന്ന് കണക്കാക്കുന്നു. തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ച് കഴിഞ്ഞു. കൂടാതെ, പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെ റോഡ് വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നടത്തുന്ന സാമൂഹിക പ്രത്യാഘാത പഠനം (Social Impact Assessment Study) അന്തിമ ഘട്ടത്തിലാണ്.

(ബി) ഉണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തേണ്ടതുണ്ട്.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

62 (1710) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിലവിലത്തെ അവസ്ഥ വിശദീകരിക്കാമോ; പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെയുള്ള റീച്ച് എത്ര നാൾക്കുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കും ;

(ബി) മഹാരാജാസ് മുതൽ പേട്ട വരെയുള്ള റീച്ചിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) പേട്ട വരെയുള്ള റീച്ചിൽ ഇനി ഭൂമി ഏറ്റെടുക്കൽ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം കൊച്ചി മെട്രോയ്ക്കായി സർക്കാരിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഇ) എറണാകുളം നഗരത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മെട്രോ അനുബന്ധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള റീച്ച് ഒന്ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തു കഴിഞ്ഞു. പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് വരെയുള്ള റീച്ചിന്റെ നിർമ്മാണ ജോലികൾ ഒക്ടോബർ മാസത്തോടുകൂടി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മഹാരാജാസ് ഗ്രൗണ്ട് മുതൽ കുന്നറ പാർക്ക് വരെയുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുന്നറ പാർക്ക് മുതൽ പേട്ട വരെയുള്ള മെട്രോ ജോലികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

(സി) ഉണ്ട്. പ്രസ്തുത റീച്ചിലെ റോഡ് നവീകരിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ജില്ലാ ഭരണകൂടം പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരം നടത്തിവരുന്നു. കൂടാതെ, ചമ്പക്കര പാലം മുതൽ പേട്ട വരെയുള്ള റോഡ് വീതി കൂട്ടുന്നതിനുള്ള പൊന്നുവില നടപടികളും സ്വീകരിച്ച് വരികയാണ്.

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം കൊച്ചി മെട്രോയ്ക്കായി കീഴ്ക്കട ഇനത്തിൽ 313.59 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) ആലുവ, ഇടപ്പള്ളി, വൈറ്റില എന്നിവിടങ്ങളിലെ ജംഗ്ഷൻ നവീകരണ പ്രവർത്തനങ്ങൾ, പദയാത്രികർക്ക് മാത്രം ഉപയോഗിക്കാനാനുതകുന്ന ആധുനിക നടപ്പാത, സ്റ്റേഷൻ സംബന്ധിയായ വികസന പ്രവർത്തനങ്ങൾ, ഇവിടങ്ങളിലാവശ്യമായ നവീന വൈദ്യുതീകരണ സംവിധാനങ്ങൾ തുടങ്ങിയവയാണ് വാട്ടർ മെട്രോ, മെട്രോ ടാക്സി എന്നിവ കൂടാതെ വിശാലകൊച്ചി നഗരത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന മെട്രോ അനുബന്ധ പ്രവർത്തനങ്ങൾ. ഏകദേശം 161 കോടി രൂപ ചെലവ് വരുന്ന പ്രസ്തുത മെട്രോ അനുബന്ധ സംവിധാനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു.

## കൊച്ചി മെട്രോയിലെ നിയമനം

63 (1711) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിലിന്റെ ആദ്യ 30 ദിവസത്തെ വരുമാനം ദിവസം തിരിച്ച് ലഭ്യമാക്കാമോ;

(ബി) എത്ര ജീവനക്കാരാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്; ജീവനക്കാരുടെ നിയമനം സംബന്ധിച്ച നടപടിക്രമം, ഏജൻസികൾ എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഭിന്നശേഷിക്കാരായവർക്ക് ജോലി നൽകുന്നതിന് പ്രത്യേക പരിഗണനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊച്ചി മെട്രോ റെയിലിന്റെ ആദ്യ 30 ദിവസത്തെ വരുമാനം, ദിവസം തിരിച്ച് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ 479 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിലെ ഒഴിവുകൾ അഖിലേന്ത്യാ തലത്തിൽ എല്ലാ പ്രധാന പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും, അപേക്ഷകരിൽനിന്നും യോഗ്യതയുള്ളവരെ എഴുത്തുപരീക്ഷ/അഭിമുഖത്തിന് ക്ഷണിക്കുകയും അതിൽ വിജയിക്കുന്നവരെ നിയമിക്കുകയുമാണ് ചെയ്യുന്നത്. ജോലിയിൽ മുൻപരിചയമില്ലാത്ത 253 പേരെ നിയമിക്കുന്നതിനായിട്ടുള്ള അഖിലേന്ത്യാ യോഗ്യതാ പരീക്ഷ നടത്തുന്നതിനുവേണ്ടി Institute of Banking Personnel Selection എന്ന സ്ഥാപനത്തെ ഏർപ്പെടുത്തുകയുണ്ടായി.

(സി) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കേന്ദ്ര സർക്കാരിന്റെ സംവരണ നിയമമാണ് പാലിക്കുന്നത്. ഇന്ത്യയിൽ നിലവിൽ പ്രവർത്തനമുള്ള മെട്രോകളിൽ സാങ്കേതിക തസ്തികകളിൽ യാത്രക്കാരുടേയും ജോലിക്കാരുടേയും സുരക്ഷിതത്വം മുൻനിർത്തി ഭിന്നശേഷിക്കാരെ സംവരണത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സാങ്കേതിക ഇതര തസ്തികകളിലേയ്ക്കുള്ള ഭിന്നശേഷിക്കാരുടെ പ്രത്യേക നിയമന പരസ്യം ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാട്ടർ മെട്രോ പദ്ധതി

64 (1712) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന വാട്ടർ മെട്രോ പദ്ധതിയിൽ നിലവിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) എത്ര ഘട്ടമായാണ് പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഓരോ ഘട്ടത്തിലും ഏതെല്ലാം പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് കിടക്കുന്നതും വികസന സാധ്യത യുള്ളതുമായ കൂടുതൽ പ്രദേശങ്ങളിലേക്ക് പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങൾ താഴെ വിവരിച്ചിരിക്കുന്നു :

1. ചേരാനെല്ലൂർ
2. മുളവുകാട്
3. കടമക്കുടി
4. കുമ്പളം
5. വരാപ്പുഴ
6. ഇളംകുന്നപ്പുഴ
7. ഏലൂർ
8. തൃക്കാക്കര
9. തൃപ്പൂണിത്തുറ
10. കൊച്ചി കോർപ്പറേഷൻ

(ബി) രണ്ട് ഘട്ടമായിട്ടാണ് പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഓരോ ഘട്ടത്തിലും ഉൾപ്പെടുന്ന പ്രദേശങ്ങൾ ചുവടെപ്പറയുന്നു :

<u>ഒന്നാം ഘട്ടം</u> :

1. മുളവുകാട്
2. കുമ്പളം
3. തൃക്കാക്കര
4. തൃപ്പൂണിത്തുറ
5. കൊച്ചി കോർപ്പറേഷൻ

<u>രണ്ടാം ഘട്ടം</u> :

1. ചേരാനെല്ലൂർ
2. കടമക്കുടി
3. വരാപ്പുഴ
4. ഇളംകുന്നപ്പുഴ
5. ഏലൂർ

(സി) പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിലേക്കുള്ള വിപുലീകരണം നിലവിൽ പരിഗണനയിലില്ല.

**കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി**

65 (1713) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കാൻ ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നും, ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11-9-2015-ലെ ജി.ഒ.(എംഎസ്.) 74-2015-പി.ഡബ്ല്യൂ.ഡി. പ്രകാരം 6728 കോടി (തിരുവനന്തപുരം-4219 കോടി + കോഴിക്കോട്-2509 കോടി) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകി. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദ രൂപരേഖകളും മറ്റ് വിശദവിവരങ്ങളും 2015 സെപ്തംബറിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നഗരവികസന മന്ത്രാലയം പ്രസ്തുത പദ്ധതിയുടെ വിശകലനവും പരിശോധനയും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയയുടെ ഭാഗമായി വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങളും സംശയങ്ങളും കേരള സർക്കാരിനെ അറിയിക്കുകയും അവയ്ക്കെല്ലാം മറുപടി/വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

(ബി) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമി സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾ നിർമ്മിക്കാൻ ആവശ്യമായ 1.447 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ 8-9-2016-ലെ ജി.ഒ.(എംഎസ്.) 67-2016-പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(സി) പദ്ധതി നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു SPV (Special Purpose Vehicle) രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ നടപടികളായ പാതവികസനം, മേൽപ്പാലങ്ങളുടെ നിർമ്മാണം മുതലായ ജോലികളും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് നടപ്പിലാക്കുന്നത്.

**കൊച്ചിയിലെ വാട്ടർ മെട്രോ പദ്ധതി**

66 (1714) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ റൂട്ടുകൾ ഏതെല്ലാമെന്നും ബോട്ടുജെട്ടികൾ എവിടെയെല്ലാമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) കുമ്പളങ്ങി, പെരുമ്പടപ്പ്, ഇടക്കൊച്ചി ഫിഷ് ഫാമിന് സമീപത്ത് കൂടി പുരാതന കായൽമാർഗ്ഗമായ പഷ്ണിത്തോട്ടിലൂടെ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം വഴി ഇടക്കൊച്ചി, തേവര റൂട്ട് പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി M/s. AECOM Consortium-ത്തെ നിയമിച്ചുകഴിഞ്ഞു. പദ്ധതിക്കാവശ്യമായ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഭൂമി ഏറ്റെടുക്കലിനുള്ള പരിസ്ഥിതി അനുമതി, സർവ്വേയുമായി ബന്ധപ്പെട്ട നടപടികൾ എന്നിവ പുരോഗമിക്കുകയാണ്.

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ റൂട്ടുകളും, ബോട്ടുജെട്ടികളും ചുവടെ ചേർക്കുന്നു :

<u>റൂട്ടുകൾ</u> :

| | | |
|---|---|---|
| സൗത്ത് ചിറ്റൂർ | - | എറണാകുളം |
| ഇടക്കൊച്ചി | - | തേവര |
| എറണാകുളം | - | വൈപ്പിൻ |
| എറണാകുളം | - | മട്ടാഞ്ചേരി |
| ഹൈക്കോർട്ട് | - | മുളവുകാട് |
| വൈറ്റില | - | ഇൻഫോപാർക്ക് |
| കുമ്പളം | - | തേവര |
| ഇൻഫോപാർക്ക് | - | ഇടക്കൊച്ചി |
| മുളവുകാട് | - | സൗത്ത് ചിറ്റൂർ |
| ഇടക്കൊച്ചി | - | വൈപ്പിൻ |
| സൗത്ത് ചിറ്റൂർ | - | ചേരാനെല്ലൂർ |
| എളംകുന്നപ്പുഴ | - | ഹൈക്കോർട്ട് |
| കടമക്കുടി | - | പാലിയംതുരുത്ത് |
| ചെന്നൂർ | - | തുണ്ടത്തുംകടവ് |
| ചാരിയംതുരുത്ത് | - | ചെന്നൂർ |
| കോതാട് | - | അമൃത ഹോസ്പിറ്റൽ |

ബോട്ടുജെട്ടികൾ :

1. സൗത്ത് ചിറ്റൂർ
2. കൊറങ്കോട്ട
3. മുളവുകാട് പഞ്ചായത്ത്
4. പൊന്നാരിമംഗലം
5. ബോൾഗാട്ടി
6. മുളവുകാട് ഹോസ്പിറ്റൽ
7. മുളവുകാട് നോർത്ത്
8. കുമ്പളം
9. നെട്ടൂർ
10. കാക്കനാട്
11. ഇൻഫോപാർക്ക്
12. ഏരൂർ
13. എറണാകുളം
14. വില്ലിംഗ്ടൺ ഐലൻഡ്
15. ഫോർട്ട് കൊച്ചി
16. വൈപ്പിൻ
17. മട്ടാഞ്ചേരി
18. ഹൈക്കോർട്ട്
19. വൈറ്റില
20. താന്തോന്നിത്തുരുത്ത്
21. ഇടക്കൊച്ചി
22. തേവര
23. ചേരാനെല്ലൂർ

24. ആസ്റ്റർ മെഡിസിറ്റി
25. പിഴല
26. കോതാട്
27. ചെന്നൂർ
28. കടമക്കുടി
29. മൂലംപിള്ളി
30. പാലിയംതുരുത്ത്
31. ചാരിയംതുരുത്ത്
32. വരാപ്പുഴ
33. തുണ്ടത്തുംകടവ്
34. എളംകുന്നപ്പുഴ
35. ഏലൂർ
36. തൈക്കൂടം
37. തോപ്പുംപടി
38. അമൃത ഹോസ്പിറ്റൽ

(സി) പ്രസ്തുത റൂട്ട് പദ്ധതിയിൽ ഉൾക്കൊള്ളുന്നില്ല. എന്നാൽ ഇടക്കൊച്ചി-തേവര കരകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള സർവ്വീസ് ഈ പദ്ധതിയുടെ ഭാഗമാണ്.

**പറമ്പിക്കുളം-ആളിയാർ പദ്ധതി**

67 (1715) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പറമ്പിക്കുളം-ആളിയാർ പദ്ധതി സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

(ബി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കരാർ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം തമിഴ്നാട് നിഷേധിച്ചതിനെതിരെ എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ;

(സി) കരാർ അനുസരിച്ച് എത്ര ടി.എം.സി. ജലമാണ് കേരളത്തിന് ലഭിക്കേണ്ടതെന്നും ഇത്തവണ ഇതുവരെ എത്ര ടി.എം.സി. ജലം സംഭരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) തമിഴ്നാട് അതിർത്തി പ്രദേശത്തെ ജനങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന വേളയിൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) (2016-17) ജലവർഷത്തിൽ നാളിതുവരെ പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം മുഴുവൻ ലഭിച്ചിട്ടില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ വ്യവസ്ഥാലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്തംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലമാണ് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേക്കായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാകുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ട് കൊണ്ട് 16-9-2016-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

ഇതിന് പുറമേ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർപ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) കഴിഞ്ഞ ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർ ഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും തമിഴ്നാട് ഷോളയാർ പവർ ഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേയ്ക്ക് ജലം തിരിച്ച് വിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരളാ ജലവിഭവ

വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട തമിഴ്നാട് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർപ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട കേന്ദ്രജല വിഭവ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട് സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാകുകയുണ്ടായി. തുടർന്ന് സംയുക്ത ജലക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ്തടീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർപ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിന് ശേഷം 98-മത് JWRB യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർപ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫ്.-ഉം കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫ്.-ഉം കരാർപ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിന് ശേഷമേ തമിഴ്നാടിന് പി.എ.പി.-യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്ത ശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടു. മാത്രമല്ല 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചതുപോലെ തമിഴ്നാട് മണക്കടവ് വിയറിൽ 2016 നവംബർ II, 2016 ഡിസംബർ I എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാന വാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുമായി. ഇതിന് പുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നിലവച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരള ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, ബൈപ്പാസ് വഴിയോ കരാർപ്രകാരമുള്ള ജലവിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെ തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017

മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ് നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു. എന്നാൽ ശിരുവാണിയിൽ നിന്ന് ജലം പമ്പ് ചെയ്ത് തമിഴ്നാടിന് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ ഇതിന് ഉയർന്ന തലത്തിലുള്ള തീരുമാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി കേരളം പ്രസ്തുത ആവശ്യം തൽക്കാലം നിരാകരിച്ചു. 28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

പി.എ.പി. കരാർ പ്രകാരം കേരളത്തിന് ഏപ്രിൽ ഒന്നും രണ്ടും ദ്വൈവാരങ്ങളിലും മേയ് ഒന്നാം ദ്വൈവാരത്തിലും മണക്കടവിൽ ജലവിഹിതമില്ല. എന്നാൽ കേരളത്തിന്റെ laison officers-ന്റെ സമയോചിതമായ ഇടപെടലുകളുടെ ഫലമായി രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ മണക്കടവ് വിയറിൽ 100 ക്യൂസെക്സ് എന്ന തോതിൽ ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് ജലവിഭവ വകുപ്പ് അധികൃതരുമായി ധാരണയിലായിരുന്നു. എന്നാൽ ആളിയാർ ഡാമിനും മണക്കടവ് വിയറിനുമിടയിൽ നദിയിൽ നിന്ന് തമിഴ്നാട് കർഷകരും മറ്റ് ഗുണഭോക്താക്കളും ഗണ്യമായ തോതിൽ ജലം പമ്പ് ചെയ്തെടുക്കുന്നതിനാൽ 100 ക്യൂസെക്സിനെക്കാൾ കുറഞ്ഞ തോതിലാണെങ്കിലും മണക്കടവിൽ ജലം ലഭ്യമായിരുന്നു. നടപ്പ് ജലവർഷം (2017-18) 1-7-2017-നാണ് ആരംഭിച്ചത്. ഇതിന് മുമ്പ് തന്നെ ഈ വർഷത്തിലെ കൃഷിക്കും വൈദ്യുതോല്പാദനത്തിനും വേണ്ട ജലം പി.എ.പി.-യിൽ നിന്നും ലഭ്യമാക്കാനുള്ള തീവ്രശ്രമങ്ങൾ കേരള സർക്കാരും ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും ആരംഭിച്ചിട്ടുണ്ട്. 27-6-2017-ലെ സർക്കാർ കത്ത് നമ്പർ ISWC2/85/2017/WRD പ്രകാരം പി.എ.പി. ഡാമിന്റെ ഡെഡ് സ്റ്റോറേജിലുള്ള ജലം തമിഴ്നാടിന്റെ കുടിവെള്ളാവശ്യത്തിനായി ഉപയോഗിച്ചുകൊണ്ട് ആളിയാർ ഡാമിലുള്ള 600mcft live storage ആയിട്ടുള്ള ജലം ചിറ്റൂർ പുഴയുടെ ആവശ്യത്തിനായി തുറന്നു വിടണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2017 ആഗസ്റ്റ് ഒന്നാം ദ്വൈവാരത്തിൽ മണക്കടവ് വിയറിൽ ലഭ്യമാക്കിയ ജലവിഹിതം 8.90 ക്യൂസെക്സ് മാത്രമായ സാഹചര്യത്തിൽ മേൽ ആവശ്യം ഉന്നയിച്ച് 7-8-2017-ൽ വീണ്ടും തമിഴ്നാട് സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്.

(സി) പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.-യും കേരള ഷോളയാർ സംഭരണിയിൽ 12,300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ വിഹിതം. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനത് നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ നിന്ന് 2016-17 (കഴിഞ്ഞ ജലവർഷം) കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| മണക്കടവ് വിയർ | : | 4378 എം.സി.എഫ്.ടി. |
| കേരള ഷോളയാർ | : | 8204 എം.സി.എഫ്.ടി. |
| അപ്പർനീരാറിലെ തനത് നീരൊഴുക്ക് | : | 665 എം.സി.എഫ്.ടി. |

നടപ്പ് ജലവർഷം (2017-18) 1-7-2017-ന് ആണ് ആരംഭിച്ചത്. നടപ്പ് ജലവർഷത്തിൽ (2017-18) 7-8-2017 വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മണക്കടവ് വിയർ | : | 194 എം.സി.എഫ്.ടി. |
| കേരള ഷോളയാർ | : | 18.41 എം.സി.എഫ്.ടി. |

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ് ജലവർഷം (2017-18) 1-7-2017-ന് ആണ് ആരംഭിച്ചത്. ഇതിനുമുമ്പുതന്നെ ഈ വർഷത്തിലെ കൃഷിക്കും വൈദ്യുതോൽപ്പാദനത്തിനും വേണ്ട ജലം പി.എ.പി.-യിൽ നിന്നും ലഭ്യമാക്കാനുള്ള തീവ്രശ്രമങ്ങൾ കേരള സർക്കാരും ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും ആരംഭിച്ചിട്ടുണ്ട്. തുടർന്നും കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നതായിരിക്കും.

**പരിസ്ഥിതി ദിനാചരണത്തിനായുള്ള പരസ്യ ചെലവ്**

68 (T*1717) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി ദിനാചരണത്തിന്റെ പ്രചരണത്തിനായി പത്രങ്ങളിൽ പരസ്യം ചെയ്യാൻ എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണത്തിന് വേണ്ടി എത്ര രൂപ ചെലവാക്കിയെന്ന് അറിയിക്കാമോ;

(ഡി) ഇക്കഴിഞ്ഞ പരിസ്ഥിതി ദിനാചരണ പ്രവൃത്തിക്ക് ആകെ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

(ഇ) സ്കൂളുകളിൽ തൈകൾ വിതരണത്തിന് വേണ്ടി എത്തിച്ചിരുന്നോ; വിശദീകരിക്കാമോ ?

ഉത്തരം

(എ) 2017-ലെ പരിസ്ഥിതി ദിനാചരണം വിപുലവും വൈവിദ്ധ്യപൂർണ്ണവുമായ പരിപാടികളോടെ ആചരിക്കുകയുണ്ടായി. 72.05 ലക്ഷം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. കുളങ്ങൾ, മറ്റ് ജലാശയങ്ങൾ, നദീതീരങ്ങൾ, പൊതുസ്ഥലങ്ങൾ, ബീച്ചുകൾ എന്നിവ ശുചിയാക്കുകയും പരിസ്ഥിതി ബോധവൽക്കരണ റാലി, ക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനം, പുസ്തക പ്രദർശനം, വീഡിയോ പ്രദർശനം, പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. ആശുപത്രികൾ, റോഡുകൾ എന്നിവ ശുചീകരിച്ച് പ്ലാസ്റ്റിക് വിമുക്തമാക്കി. സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം സന്നദ്ധസംഘടനകളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും സർക്കാർ ജീവനക്കാരുടെയും പങ്കാളിത്തത്തോടെ ഈ പരിപാടികൾ വൻവിജയമാക്കാൻ സാധിച്ചു.

(ബി&സി) മാധ്യമസ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമെ തുക നൽകാറുള്ളു. നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) 14,51,521 രൂപ ചെലവഴിച്ചു.

(ഇ) വനം വകുപ്പിലെ സാമൂഹ്യവനവൽക്കരണ വിഭാഗം നഴ്സറികളിൽ നിന്നും വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ആയത് ടി സ്ഥലത്തുനിന്നും സ്കൂൾ അധികൃതർ നേരിട്ട് കൈപ്പറ്റുകയുമാണ് ചെയ്തിട്ടുള്ളത്.

**നോർക്ക ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

69 (1718) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾക്കായി നോർക്ക ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവാസികളെ അടിയന്തരമായി സ്വദേശത്തേക്ക് തിരികെ എത്തിക്കേണ്ടി വരുന്ന സാഹചര്യങ്ങളിലേക്കായി ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(സി) നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റുകൾ, വിസ തട്ടിപ്പ് എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വിദേശ രാജ്യങ്ങളിൽ നഴ്സിംഗ്, ഗൃഹജോലി, മറ്റ് സഹായകജോലികൾ എന്നിവയ്ക്കായി വനിതകളാണ് ഭൂരിഭാഗവും നിയോഗിക്കപ്പെടുന്നത് എന്നതിനാൽ വനിത തൊഴിൽ അന്വേഷകർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി സ്ത്രീകൾക്ക് മാത്രമായുള്ള അവബോധപരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) 1. പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം

2. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം

3. തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം

4. മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റ് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ധ്യ പരിശീലനം

5. ലോക കേരള സഭ പദ്ധതി

6. ആഗോള സാംസ്കാരികോത്സവം പദ്ധതി

7. തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി

8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ

9. സ്വപ്ന സാഫല്യം

10. കാൾ സെന്റർ

11. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ

12. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസ് രൂപീകരണവും പദ്ധതി

13. എൻ.ആർ.കെ. ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)

14. എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്

15. നോർക്ക റിക്രൂട്ട്മെന്റ്

16. സാന്ത്വന പദ്ധതി

17. കാരുണ്യം

18. ചെയർമാൻ ഫണ്ട്

(ബി) പ്രവാസികളെ അടിയന്തര സാഹചര്യങ്ങളിൽ നാട്ടിലെത്തിക്കുന്നതിനായി എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്.

(സി&ഡി) Awareness Campaign on Illegal Recruitment & Visa Check എന്ന പദ്ധതി മുഖാന്തരം വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസ തട്ടിപ്പ് എന്നിവർക്കെതിരയുള്ള ബോധവൽക്കരണ പരിപാടികൾ, വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ നൽകിവരുന്നുണ്ട്. കൂടാതെ കേരളത്തിൽനിന്നും വിദേശത്ത് തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾ വിദേശത്തേക്ക് പുറപ്പെടുന്നതിനുമുമ്പ് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളായ വിദേശ രാജ്യങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ, നിയമാനുസൃത റിക്രൂട്ടിംഗ് കമ്പനികളുടെ വിവരങ്ങൾ, വിസ-എമിഗ്രേഷൻ നിയമങ്ങൾ, തൊഴിൽ ഉടമ്പടി, കസ്റ്റംസ് നിയമങ്ങൾ, യാത്രാ നിബന്ധനകൾ, തൊഴിൽ സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി നൽകിവരുന്ന പരിശീലന പരിപാടിയാണ് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം. നഴ്സിംഗ്, ഗൃഹ ജോലി, മറ്റ് സഹായ ജോലികൾ എന്നിവയ്ക്കായി പോകുന്ന വനിതകൾ ചൂഷണത്തിനിരയാകുന്ന സാഹചര്യമുണ്ടെന്ന് കണ്ടെത്തിയതിനാൽ ഇവർക്ക് മാത്രമായി പ്രത്യേകിച്ച് വിശദമായ പരിശീലന പരിപാടിയും നൽകിവരുന്നുണ്ട്.

**നോർക്കയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്ക്**
**നൈപുണ്യ വികസന പദ്ധതി**

70 (1719) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിനായി നോർക്ക വകുപ്പ് നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് ഇപ്രകാരമുള്ള പരിശീലനങ്ങൾ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നൈപുണ്യ സർട്ടിഫിക്കേഷന് പുറമേ ഇതിന്റെ ഭാഗമായി തൊഴിൽ മേളകൾ സംഘടിപ്പിക്കാറുണ്ടോ ; വിശദ വിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് തൊഴിൽപരമായ കഴിവുകൾ മെച്ചപ്പെടുത്തി തൊഴിലിൽ മികവ് പുലർത്തുന്നതിനായി നോർക്ക റൂട്ട്സ് നടത്തി വരുന്ന പരിപാടിയാണ് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി (Skill Upgradation Training Programme).

(ബി) നിലവിൽ സർക്കാർ ഐ.ടി.-കൾ മുഖാന്തരമാണ് വിദേശത്ത് തൊഴിൽ സാധ്യതയുള്ള വിവിധ സാങ്കേതിക മേഖലകളിൽ പരിശീലനം നൽകി വരുന്നത്. കൂടാതെ സർക്കാർ പോളിടെക്നിക്, എഞ്ചിനീയറിംഗ് കോളേജ് എന്നിവയെയും ഉൾപ്പെടുത്തി വിപുലീകരിക്കാൻ പദ്ധതിയുണ്ട്.

(സി) നൈപുണ്യ സർട്ടിഫിക്കേഷന്റെ ഭാഗമായി തൊഴിൽ മേള സംഘടിപ്പിച്ചിട്ടില്ല. എന്നാൽ നൈപുണ്യ സർട്ടിഫിക്കേഷൻ ലഭിച്ച തൊഴിൽ അന്വേഷകരെ കൂടി ഉൾപ്പെടുത്തി നോർക്ക റിക്രൂട്ട്മെന്റ് സംവിധാനമായ ജോബ് പോർട്ടൽ മുഖാന്തരം തൊഴിൽ മേളകൾ ചെയ്യാൻ പദ്ധതിയുണ്ട്.

**പ്രവാസി പുനരധിവാസത്തിന് പദ്ധതി**

71 (1720) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് വർഷമെങ്കിലും പ്രവാസി ജീവിതം പൂർത്തീകരിച്ച് സ്ഥിരമായി മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തയ്യാറാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ, സബ്സിഡി എന്നിവ ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) സംരംഭകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഹ്രസ്വകാല പരിശീലന പദ്ധതികൾ ആരംഭിക്കുമോ;

(ഡി) എങ്കിൽ ഇത്തരം പരിശീലന പദ്ധതികളിൽ സംരംഭകരെ കൂടാതെ മറ്റാരെയൊക്കെ പങ്കെടുക്കപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) പദ്ധതികൾക്ക് എന്ന് തുടക്കം കുറിക്കാനാകുമെന്നും എത്ര തുകയാണ് ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭാക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ് സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യനാലുവർഷം 3 ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പ് വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നൽകിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെയും, ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂടിക്കാഴ്ച നടത്തി സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ഈ ബാങ്കുകൾ ലോൺ അനുവദിക്കുന്നത്.

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു :

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡി നൽകുകയും ചെയ്യുക.

2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുക.

3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

(സി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

താഴെപ്പറയുന്ന സേവനങ്ങളാണ് അവരിൽനിന്ന് പ്രതീക്ഷിക്കുന്നത് :

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക.

2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.

3. പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.

4. അപേക്ഷകർക്ക് ഒരു സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടി ക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം നൽകുക.

5. ഒറ്റയ്ക്കോ ഗ്രൂപ്പ് സംരംഭമായോ അല്ലെങ്കിൽ സ്വയം തൊഴിൽ ചെയ്ത് വരുമാനം നേടുന്നതിനായോ ഉള്ള പ്രത്യേക പരിശീലനം നൽകുക.

ഏകദേശം വിജയകരമായി നടത്താവുന്ന 25 ഇനങ്ങളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്ര പരിശീലന പരിപാടികൂടിയാണ് നടത്താനുദ്ദേശി ക്കുന്നത്. മേൽപ്പറഞ്ഞ നടപടികൾ പുനരധിവാസ പദ്ധതിയുടെ സമഗ്രവും കാര്യക്ഷമവുമായ പ്രവർത്തനത്തിനും കൂടുതൽ ബാങ്കുകളെയും, ധനകാര്യ സ്ഥാപന ങ്ങളെയും പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനും സഹായകരമാവുന്നതാണ്.

(ഡി) നിലവിൽ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൽ ബാങ്ക് വായ്പയ്ക്കായി അപേക്ഷിക്കുന്നവരെ മാത്രമാണ് പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നത്. സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി പദ്ധതിയുമായി സഹകരിക്കുന്ന വാണിജ്യ ബാങ്കുകൾ, കൃഷി വകുപ്പ്, പൗൾട്രി വികസന കോർപ്പറേഷൻ, ജില്ലാ വ്യവസായ കേന്ദ്രം എന്നീ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട മേഖലയിലെ പ്രഗത്ഭരായ ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കുന്നുണ്ട്.

(ഇ) പദ്ധതിയിൽ ഈ വർഷം 16.35 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

## പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരണം

72 (1721) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരണം സംബന്ധിച്ച് സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത് എന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഈ പദ്ധതിയിൽ എത്ര പ്രവാസികൾ അംഗങ്ങളായിട്ടുണ്ടെന്നും, ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സഹായങ്ങൾ നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽരഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് ഇത്. പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയിൻകീഴിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം ഏകദേശം 20000-ത്തിലധികം അപേക്ഷകൾ ലഭിച്ചു. ഈ പദ്ധതി പ്രകാരം 1565 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

**പ്രവാസി മലയാളികളുടെ സഹായത്തിനായി പദ്ധതികൾ**

73 (1722) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പ്രശ്നങ്ങൾമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും നോർക്ക എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇപ്രകാരം മടങ്ങിയെത്തുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി, പലിശയിളവ് അനുവദിച്ചുകൊണ്ടുള്ള വായ്പാപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

(സി) വിദേശ മലയാളികൾക്കും വിദേശത്തുനിന്ന് തിരിച്ചെത്തുന്നവർക്കും നിക്ഷേപങ്ങൾ സംബന്ധിച്ചും ബിസിനസ്സ് സംരംഭങ്ങൾ സംബന്ധിച്ചും വിപുലമായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവിധ പ്രശ്നങ്ങൾമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യനാലുവർഷം 3 ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പ് വയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെയും, ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൂടിക്കാഴ്ച നടത്തി സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിയമങ്ങൾക്ക് വിധേയമായാണ് ഈ ബാങ്കുകൾ ലോൺ അനുവദിക്കുന്നത്.

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു :

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡി നൽകുകയും ചെയ്യുക.

2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുക.

3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

(സി) പ്രവാസി കേരളീയരുടെ സമ്പാദ്യം നാട്ടിലെ ബിസിനസ്സ് സംരംഭങ്ങളിൽ വിജയകരമായി നിക്ഷേപിക്കുന്നതിനും സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപി

ക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ കൈത്താങ്ങൽ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചിട്ടുള്ളത്. നിക്ഷേപ തല്പരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിൽ ഒരു ഏക ജാലക സംവിധാനമായി പ്രവർത്തിക്കും. കുറഞ്ഞ ചെലവിലും നഷ്ടസാധ്യതകൾ വിലയിരുത്തിയും നിക്ഷേപങ്ങൾ നടത്തുവാൻ സെന്റർ സഹായകമാകും. നോർക്ക വകുപ്പിന്റെ പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണ പരിശീലന പരിപാടികൾ സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്നതാണ്. സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെക്കുറിച്ച് താത്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ സെന്റർ ലഭ്യമാക്കും.

## ഖത്തറിലെ മലയാളി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

74 (1723) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗദി അറേബ്യയും യു.എ.ഇ.-യും മറ്റ് അഞ്ച് രാഷ്ട്രങ്ങളും നയതന്ത്രബന്ധം വിച്ഛേദിച്ചതുമൂലം ഖത്തറിലെ മലയാളി സമൂഹത്തിന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഖത്തറിൽ ഏറ്റവും കൂടുതൽ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്ന മലയാളികളെ ഈ തീരുമാനം എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ആശങ്ക അകറ്റുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ചുവരുന്നു. എന്നാൽ പരാതികളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ആശങ്ക വിദേശ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## പ്രവാസികളുടെ ക്ഷേമം

75 (1724) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എന്തെല്ലാം പദ്ധതികളാണ് പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്നത് എന്ന് അറിയിക്കുമോ;

(ബി) പ്രവാസികളുടെ സഹായത്തിനായി നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) പ്രവാസികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നോർക്ക-റൂട്ട്സ് വഴി നടപ്പാക്കി വരുന്നു.

1. പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
2. വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം
3. തൊഴിൽ വൈദഗ്ധ്യ പരിശീലനം
4. മാർക്കറ്റ് ഇന്റലിജൻസ് റിക്രൂട്ട്മെന്റ് മുമ്പും, പിമ്പും നൽകുന്ന സേവനങ്ങൾ, തൊഴിൽ വൈദഗ്ധ്യ പരിശീലനം
5. ലോക കേരള സഭ
6. ആഗോള സാംസ്കാരികോത്സവം പദ്ധതി
7. തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി
8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.)
9. സ്വപ്ന സാഫല്യം
10. കാൾ സെന്റർ
11. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
12. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേസ് ക്രോഡീകരണവും എൻ.ആർ.കെ. ഐ.ഡി. കാർഡ്/പ്രവാസി ഐ.ഡി. കാർഡ് (വിദേശത്തുള്ള പ്രവാസികൾക്ക്)
13. എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്
14. നോർക്ക റിക്രൂട്ട്മെന്റ്
15. സാന്ത്വന പദ്ധതി
16. കാരുണ്യം
17. ചെയർമാൻ ഫണ്ട്

പ്രവാസികളുടെ ക്ഷേമത്തിനായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പെൻഷൻ
2. കുടുംബ പെൻഷൻ
3. അവശതാ പെൻഷൻ
4. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം
5. ചികിത്സാ സഹായം
6. വിവാഹ ധനസഹായം
7. പ്രസവാനുകൂല്യം
8. വിദ്യാഭ്യാസ ആനുകൂല്യം

(ബി) ഉണ്ട്.

(സി) വിശദാംശങ്ങൾ :

1. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ :

നോർക്ക-റൂട്ട്സ് വിദേശ റിക്രൂട്ട്മെന്റ് നടത്തിവരുന്നതിനാൽ സൗദി എംബസ്സിയുടെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ് എന്നിവ അടിയന്തരമായി ലഭിക്കേണ്ടതുണ്ട്. ഇതിനുള്ള അംഗീകാരം സൗദി എംബസ്സിയിൽനിന്നും നേടുന്നതിന് വിദേശകാര്യ മന്ത്രാലയവും സൗദി എംബസ്സിയുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു.

2. ജോബ് പോർട്ടൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത്

ജോബ് പോർട്ടൽ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. പ്രവാസി ഇൻഷ്വറൻസ്

പ്രവാസികൾക്കായി ഒരു ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തുന്ന കാര്യം സജീവമായി പരിശോധിച്ചുവരുന്നു.

## കോട്ടയ്ക്കലിലെ പ്രവാസി ക്ഷേമനിധി ബോർഡ് ലെയ്സൺ ഓഫീസ്

76 (1725) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ പ്രവർത്തിച്ചുവന്നിരുന്ന പ്രവാസി ക്ഷേമനിധി ബോർഡിന്റെ ലെയ്സൺ ഓഫീസ് കോട്ടയ്ക്കലിൽ നിന്ന് മാറ്റുവാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടാണോ നിർത്തുവാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി ഓഫീസിൽ നിന്നും നാളിതുവരെയായി പിരിഞ്ഞ തുകയുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) മറ്റു ജില്ലകളിൽ പിരിഞ്ഞ തുകയുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) ഏറ്റവും കൂടുതൽ പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഏത് ജില്ലയിലാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി ക്ഷേമ ബോർഡിന്റെ കോട്ടയ്ക്കൽ ലെയ്സൺ ഓഫീസിൽ നിലവിൽ ക്ഷേമനിധിയിൽ അംഗമാകുന്നതിന് ഒരു മാസം 70 മുതൽ 100 വരെയുള്ള അപേക്ഷകൾ മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ ലെയ്സൺ ഓഫീസ് മലപ്പുറം ജില്ലാ കളക്ടറേറ്റിലേയ്ക്ക് മാറ്റിയാൽ ജില്ലയിലാകെയുള്ള അംഗങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുമെന്ന വസ്തുത കണക്കിലെടുത്ത് ആയതിനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം ബോർഡ് നൽകിയിരിക്കുകയാണ്. പ്രസ്തുത നിർദ്ദേശമനുസരിച്ച് ഓഫീസ് മലപ്പുറം ജില്ലാ കളക്ടറേറ്റിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഓഫീസ് മാറ്റുന്നത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. കോട്ടയ്ക്കൽ ഓഫീസിൽ ലഭിച്ചിരുന്ന അപേക്ഷകളുടെ എണ്ണം നന്നേ കുറവായ സാഹചര്യത്തിലാണ് ഓഫീസ് മാറ്റുന്ന കാര്യം പരിഗണിച്ചത്.

(ബി&സി) ജില്ലാടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ക്ഷേമ ബോർഡിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് പണം അടയ്ക്കുന്നത്.

(ഡി) കേരള പ്രവാസി ക്ഷേമനിധിയിൽ ഏറ്റവും കൂടുതൽ പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് കൊല്ലം ജില്ലയിൽ നിന്നാണ്.

## വിനായകന്റെ മരണത്തിന് കാരണക്കാരായ പോലീസുകാർക്കെതിരെ ആത്മഹത്യാ പ്രേരണ കുറ്റം

77 (1726) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി പോലീസ് വിനായകൻ എന്ന യുവാവിനെ കസ്റ്റഡിയിലെടുക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് അറസ്റ്റ് ചെയ്ത് വിട്ടയച്ച ശേഷം ആത്മഹത്യ ചെയ്ത വിനായകന് പോലീസ് കസ്റ്റഡിയിൽ മർദ്ദനം ഏറ്റിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

(സി) വിനായകന്റെ മരണത്തിന് കാരണക്കാരായ പോലീസുകാർക്കെതിരെ ആത്മഹത്യാ പ്രേരണ കുറ്റത്തിന് കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭയരഹിതരായി ജീവിക്കുന്നതിന് സാഹചര്യമൊരുക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) പാവറട്ടി പോലീസ് സ്റ്റേഷനിലെ പ്രോസസ്സ് സെർവർ ഡ്യൂട്ടിക്കാരനായ സിവിൽ പോലീസ് ഓഫീസർ 17-7-2017 തീയതി പകൽ 12.00 മണിക്ക് ഡ്യൂട്ടിക്കിടയിൽ മാനിനക്കുന്ന് ഭാഗത്ത് വിജനമായ സ്ഥലത്ത് രണ്ട് ആൺകുട്ടികൾ മോട്ടോർ സൈക്കിളിൽ വന്ന് ഒരു പെൺകുട്ടിയുമായി സംസാരിച്ച നിൽക്കുന്നത് കണ്ടു. പാവറട്ടി, ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ പരിധികളിൽ മോട്ടോർ സൈക്കിളിൽ എത്തി മാല പൊട്ടിക്കുന്ന സംഭവങ്ങൾ വ്യാപകമായതിനെത്തുടർന്ന് അന്വേഷണവും പരിശോധനയും നടത്തുന്നതിന് നിർദ്ദേശമുണ്ടായിരുന്നതിനാൽ മോട്ടോർ സൈക്കിളിൽ വന്ന ആൺകുട്ടികളെ ചോദ്യം ചെയ്യുകയും വാഹനത്തിന് രേഖകളില്ലെന്ന് കാണപ്പെട്ടതിനാൽ മോട്ടോർ സൈക്കിളുമായി പോലീസ് സ്റ്റേഷനിലേക്ക് എത്തുന്നതിന് നിർദ്ദേശിക്കുകയും, വിനായകനെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത്ത് തന്റെ ബൈക്കിലും ശരത്ത് എന്നയാൾ അവരുടെ കൈവശമുണ്ടായിരുന്ന മോട്ടോർ സൈക്കിളിലുമായി പാവറട്ടി പോലീസ് സ്റ്റേഷനിലേക്ക് എത്തുകയുമാണുണ്ടായത്.

(ബി) പോലീസ് കസ്റ്റഡിയിൽ വിനായകന് മർദ്ദനമേറ്റുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പാവറട്ടി പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത്ത്, സീനിയർ സിവിൽ പോലീസ് ഓഫീസർ (ഗ്രേഡ്) സാജൻ എന്നിവർക്കെതിരെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 826/2017 u/s 341, 323, 324 IPC & Sec. 3(2) V(a) SC/ST PoA Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് ക്രൈം നമ്പർ 143/CR/OCW-III/PKD/ 2017 ആയി റീ നമ്പർ ചെയ്ത് 2-8-2017 മുതൽ അന്വേഷിച്ചുവരുന്നു.

(സി) പോലീസുകാർക്കെതിരെ നിലവിൽ IPC വകുപ്പ് 341, 323, 324 & Sec. 3(2) V(a) SC/ST PoA Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആത്മഹത്യാ പ്രേരണ കുറ്റം ഇപ്പോൾ ചുമത്തിയിട്ടില്ല. അന്വേഷണത്തിൽ ബോധ്യമാകുന്ന പക്ഷം പ്രസ്തുത വകുപ്പ് ഉൾപ്പെടുത്തുന്നതാണ്.

(ഡി) പാവറട്ടി പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത്ത്, സീനിയർ സിവിൽ പോലീസ് ഓഫീസർ (ഗ്രേഡ്) സാജൻ എന്നിവരെ തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്.1/3834/2017/ ആർ.സി. പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 826/2017 u/s 341, 323, 324, 34 IPC & Sec. 3(2) V(a) SC/ST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരുന്നു. ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇ. ബാലകൃഷ്ണൻ, പാവറട്ടി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അരുൺ ഷാ എന്നിവർക്കെതിരെ തൃശ്ശൂർ റെയ്ഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ എ.2(a)/പി.ആർ./32/എ.ബി./2017 റ്റി.എസ്.ആർ. തീയതി 29-7-2017 പ്രകാരം വാച്യാന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഇ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭയരഹിതരായി ജീവിക്കുന്നതിന് വേണ്ടുന്ന എല്ലാ സാഹചര്യങ്ങളും നിലവിലുണ്ട്. ഇവർക്കെതിരെ അതിക്രമങ്ങൾ ഉണ്ടായാൽ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

## ജിഷ്ണു പ്രണോയിയുടെ മരണം സംബന്ധിച്ച സി.ബി.ഐ. അന്വേഷണം

78 (1727) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമ്പാടി നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്ന കുടുംബത്തിന്റെ ആവശ്യം സർക്കാർ അംഗീകരിച്ചോ; അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ട് ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയിയുടെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്ന മാതാപിതാക്കളുടെ ആവശ്യം കണക്കിലെടുത്ത് പ്രസ്തുത മരണവുമായി ബന്ധപ്പെട്ട് പഴയന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നമ്പർ 19/2017 എന്ന കേസ് സി.ബി.ഐ. അന്വേഷിക്കുന്നതിന് അനുമതി നൽകി 15-6-2017-ലെ ആഭ്യന്തരം- എസ്.എസ്.എ. 2/46/2017- ആഭ്യന്തരം (എസ്.ആർ.ഒ.-320/2017) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**സി.പി.ഐ.(എം.)- ബി.ജെ.പി. സംഘർഷം**

79 (1728) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് നടന്ന സി.പി.ഐ.(എം.)-ബി.ജെ.പി. സംഘർഷവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയും, ഡി.ജി.പി.-യും ഗവർണറെ സന്ദർശിച്ച് അക്രമം തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് വിശദീകരണം നൽകിയിട്ടുണ്ടോ;

(ബി) ഗവർണർ നൽകിയ നിർദ്ദേശമനുസരിച്ചാണോ മുഖ്യമന്ത്രി ബി.ജെ.പി.- ആർ.എസ്.എസ്. നേതാക്കളുമായി ചർച്ച നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ചർച്ചയിൽ എടുത്തിട്ടുള്ള തീരുമാനം എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഗവർണർ പ്രത്യേക വിശദീകരണം ആവശ്യപ്പെട്ടിരുന്നില്ല.

(ബി) അല്ല.

(സി) സർവ്വകക്ഷിയോഗം കൈക്കൊണ്ട തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഐ.എസ്. ഭീകരബന്ധം ഉള്ളവരായി കണ്ടെത്തിയ മലയാളികൾ**

80 (1729) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര മലയാളികളെ ഐ.എസ്. ഭീകരബന്ധം ഉള്ളവരായി കണ്ടെത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര കേസ്സുകൾ എൻ.ഐ.എ. അന്വേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഏഴ് മലയാളികളെ ഐ.എസ്. ഭീകരബന്ധം ഉള്ളവരായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഇത്തരത്തിലുള്ള നാല് കേസ്സുകൾ എൻ.ഐ.എ. അന്വേഷിക്കുന്നുണ്ട്. മറ്റ് വിവരങ്ങൾ ലഭ്യമല്ല.

**സഭാ തർക്കവുമായി ബന്ധപ്പെട്ടുള്ള പോലീസ് നടപടി**

81 (1730) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ നെച്ചൂർ പള്ളിയിൽ പോലീസ് ലാത്തിച്ചാർജ്ജ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ലാത്തിച്ചാർജ്ജിൽ എത്ര സ്ത്രീകൾക്കും കുട്ടികൾക്കും മർദ്ദനമേറ്റിട്ടുണ്ട്;

(സി) ആയതിന്റെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സഭാ തർക്കവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കേസ്സുകൾ പിൻവലിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 30-7-2017-ന് ഞായറാഴ്ച രാവിലെ 7.30-ന് മണീട് വില്ലേജിൽ നെച്ചൂർ കരയിൽ നെച്ചൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയുടെ വടക്കുവശത്തെ ഷട്ടർ, ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 2036/2010 തീയതി 5-7-2017 ഉത്തരവ് പ്രകാരം മൂവാറ്റുപുഴ ബഹു. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് തുറന്നുകൊടുത്ത സമയം നിർദ്ദേശങ്ങൾ ലംഘിച്ച് യാക്കോബായ വിഭാഗത്തിൽപ്പെട്ട 150-ഓളം പേർ പള്ളിയിൽ തള്ളിക്കയറാൻ വരുന്നതുകണ്ട്, തിരികെ പോകണം എന്ന പോലീസ് നിർദ്ദേശം അവഗണിച്ച് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെ ബലം പ്രയോഗിച്ച് തള്ളിമാറ്റിയും ന്യായവിരോധമായി സംഘം ചേർന്ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുകയും ഓർത്തഡോക്സ് വിഭാഗത്തിന്റെ വികാരിക്ക് വിശുദ്ധ കുർബ്ബാനയും ശുശ്രൂഷയും നടത്താൻ സാധിക്കാതെ തടസ്സം നേരിടുകയും ചെയ്തിട്ടുള്ളതാണ്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും മർദ്ദനമേറ്റിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സഭാ തർക്കവുമായി ബന്ധപ്പെട്ട് 167 കേസ്സുകൾ എറണാകുളം റൂറൽ ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇത്തരത്തിലുള്ള 25 കേസ്സുകൾ മുമ്പ് പിൻവലിച്ചിട്ടുണ്ട്.

## സഭാ തർക്കവുമായി ബന്ധപ്പെട്ട സംഘർഷാവസ്ഥ

82 (1731) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കോലഞ്ചേരി, വരിക്കോലിൽ, മണ്ണത്തൂർ, നെച്ചൂർ എന്നീ ദേവാലയങ്ങളിൽ സഭാ തർക്കവുമായി ബന്ധപ്പെട്ട് സംഘർഷാവസ്ഥ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ദേവാലയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം റൂറൽ ജില്ലയിലെ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾ ചർച്ച്, കോലഞ്ചേരി, സെന്റ് മേരീസ് ചർച്ച്, വരിക്കോലിൽ, മണ്ണത്തൂർ, നെച്ചൂർ എന്നിവിടങ്ങളിൽ ബഹു. ജില്ലാ മജിസ്ട്രേറ്റ്, മൂവാറ്റുപുഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് എന്നീ മേലധികാരികളെ യഥാസമയം അറിയിച്ചുകൊണ്ട് ഓരോ പള്ളികളുടെയും ആഘോഷങ്ങളും മറ്റ് വിശേഷപ്പെട്ട ദിവസങ്ങളും വരുമ്പോൾ അവരുടെ നിർദ്ദേശാനുസരണം കൃത്യവും ഫലപ്രദവുമായി ഇടപെടലുകളിലൂടെ ക്രമസമാധാനം പാലിച്ചുവരുന്നു. ക്രമസമാധാനപാലനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി ഓരോ സമയത്തും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഡിവൈ.എസ്.പി., സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരടങ്ങുന്ന പോലീസ് സംഘത്തെ വിന്യസിച്ചും ആവശ്യമുള്ള ഘട്ടങ്ങളിൽ പോലിസ് പിക്കറ്റിംഗ് ഏർപ്പെടുത്താറുള്ളതുമാണ്.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇരുവിഭാഗങ്ങളിലുള്ളവരുമായി സമാധാന ചർച്ചകൾ നടത്തി. പ്രസ്തുത യോഗത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. ടി യോഗത്തിൽ സുപ്രീംകോടതി വിധി ഇരുകക്ഷികളും പാലിക്കുവാൻ നിർദ്ദേശിച്ചു.

2. പ്രധാന പള്ളിയിലോ അനുബന്ധ സ്ഥാപനങ്ങളിലോ യാക്കോബായ വിഭാഗത്തിലുള്ള വൈദികരോട് പ്രവേശിക്കരുതെന്നും എന്നാൽ വിശ്വാസികൾക്ക് പ്രവേശിക്കാമെന്നും നിർദ്ദേശിച്ചു.

3. യാക്കോബായ വിഭാഗത്തിലെ ആരെങ്കിലും മരണപ്പെട്ടാൽ ടി വിഭാഗത്തിലെ വൈദികൻ ഒഴികെ 20 വിശ്വാസികൾക്ക് സെമിത്തേരിയിൽ പ്രവേശിച്ച് ചടങ്ങുകൾ നടത്താവുന്നതാണെന്നും നിർദ്ദേശിച്ചു.

4. 28-7-2017-ന് നടന്ന ചർച്ചയിൽ പള്ളി ഓർത്തഡോക്സ് വിഭാഗത്തിന് തുറന്നുനൽകുന്നതിനും യാക്കോബായ വിഭാഗത്തിലെ വിശ്വാസികൾക്ക് ആരാധനയിൽ പങ്കെടുക്കുന്നതിന് തടസ്സമില്ലായെന്നും നിർദ്ദേശിച്ചു.

5. ബഹു. സുപ്രീംകോടതി വിധി ലംഘിച്ചാൽ ആവശ്യമായ സംരക്ഷണം നൽകാൻ പോലീസിനോട് നിർദ്ദേശിച്ചു.

കൂടാതെ സുപ്രീംകോടതി വിധി വന്നിട്ടുള്ള സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്.

## ശ്രീ. റ്റി. പി. സെൻകുമാറിനെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അംഗമാക്കുന്ന നടപടി

83 (1732) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മതസ്പർദ്ധ ഉളവാക്കുംവിധം പരാമർശം നടത്തി എന്ന പരാതിയിന്മേൽ ശ്രീ. റ്റി. പി. സെൻകുമാറിനെതിരെയുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അംഗമാക്കരുതെന്ന് ആവശ്യപ്പെട്ട് സർക്കാർ കത്ത് അയച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉത്തരം

ഇല്ല.

**അമിത പലിശക്കാരുടെ ഭീഷണിയുമായി ബന്ധപ്പെട്ട കേസ്സുകൾ**

84 (1734) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മണ്ഡലത്തിൽ അമിത പലിശക്കാരുടെ ഭീഷണിയുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

കായംകുളം നിയോജകമണ്ഡലം പരിധിയിൽ അമിത പലിശക്കാരുടെ ഭീഷണിയുമായി ബന്ധപ്പെട്ട് കായംകുളം പോലിസ് സ്റ്റേഷനിൽ ക്രൈം നമ്പർ 641/2017 u/s 420, 354, 427, 34 IPC & Sec. 3 r/w 17 of Kerala Money Lenders Act & Sec 3 and 4 of Kerala Prohibition of Exorbitant Interest Act പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിലെ രണ്ടാം പ്രതി ഉദീഷിനെ അറസ്റ്റ് ചെയ്തിട്ടുള്ളതും ബഹു. കായംകുളം ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ജാമ്യം നൽകിയിട്ടുള്ളതുമാണ്. ഒന്നും മൂന്നും പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ കേസ്സിന്റെ അന്തിമ റിപ്പോർട്ട് 20-4-2017-ന് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**കേസ് പിൻവലിക്കാൻ നൽകിയ അനുമതി**

85 (1735) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയായിരിക്കെ ശ്രീ. ഉമ്മൻ ചാണ്ടിയെ കണ്ണൂരിൽ വച്ച് ആക്രമിച്ച സംഭവത്തിൽ. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരെ ആക്രമിക്കാനും ജോലി നിർവ്വഹണം തടസ്സപ്പെടുത്തുവാനും ശ്രമിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസ് പിൻവലിക്കുവാൻ പരാതിക്കാരനായ പോലീസ് ഉദ്യോഗസ്ഥന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) കേസ്സിലെ പ്രതികൾ ആരെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതു സാഹചര്യത്തിൽ എന്തു കാരണത്തിന്റെ പേരിലാണ് പരാതിക്കാരൻ കേസ്സ് പിൻവലിക്കാൻ നടപടി സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേസ് പിൻവലിക്കാൻ ആഭ്യന്തര വകുപ്പ് അനുമതി നൽകിയത് മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെയാണോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പ്രതികളെ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി&ഡി) ബാധകമല്ല.

**ശ്രീ. ടി.പി. സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അനുമതി**

86 (1736) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ പോലീസ് മേധാവി ശ്രീ. ടി. പി. സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരുടെ പരാതിയിന്മേലാണ് അനുമതി നൽകിയതെന്നും എന്ത് കുറ്റത്തിന്റെ പേരിലാണെന്നും എന്നാണ് അനുമതി നൽകിയതെന്നും അറിയിക്കുമോ;

(ബി) പ്രോസിക്യൂഷന് അനുമതി തേടിക്കൊണ്ട് പരാതിക്കാരൻ എന്നാണ് കത്ത് നൽകിയത്; നേരത്തേ ഇക്കാര്യത്തിൽ സർക്കാർ അനുമതി നിഷേധിച്ചതായിരുന്നോ എന്നും എങ്കിൽ എന്ത് കാരണത്താലാണ് അന്ന് അനുമതി നിഷേധിച്ചത് എന്നും വ്യക്തമാക്കാമോ;

(സി) കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥരെ കുറിച്ച് രേഖപ്പെടുത്തുന്ന വിവരങ്ങൾ പ്രോസിക്യൂഷന് ഇടയാക്കുന്ന ഒന്നാണോ എന്ന് അറിയിക്കുമോ;

(ഡി) ശ്രീ. ടി. പി. സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകിയ ഫയലിലെ 2017 മേയ് 1 മുതൽ ജൂൺ 30 വരെയുള്ള നോട്ട് ഫയലിന്റെ പ്രസക്തഭാഗം മേശപ്പുറത്തുവയ്ക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 27-6-2015-ൽ ഇ-മെയിൽ മുഖേന അപേക്ഷ നൽകിയിരുന്നതായി 20-4-2017-ൽ അപേക്ഷകൻ നൽകിയ ഓർമ്മക്കുറിപ്പിൽ അറിയിച്ചിരുന്നു. ആൾ ഇന്ത്യാ സർവ്വീസ് (കോൺടക്ട്) റൂൾസ് 1968-ലെ ചട്ടം 17-ൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധി കഴിഞ്ഞതിനാൽ പ്രോസിക്യൂഷൻ അനുമതി ലഭ്യമായതായി കണക്കാക്കി അപേക്ഷകന് ഡോ. ടി. പി. സെൻകുമാർ ഐ.പി.എസ്.-നെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണെന്ന് മറുപടി നൽകുകയുണ്ടായി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥരെ കുറിച്ച് രേഖപ്പെടുത്തുന്ന വിവരങ്ങൾ പ്രോസിക്യൂഷന് ഇടയാക്കുന്നതല്ല.

(ഡി) ശ്രീ. ടി. പി. സെൻകുമാറിനെ പ്രോസിക്യൂട്ട് ചെയ്യുവാൻ അനുമതി നൽകിയിട്ടില്ല.

**വനിതാ പോലീസ് സേനാംഗങ്ങൾ**

87 (1737) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസിലെ വനിതാ സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്ത്രീ സുരക്ഷയ്ക്കായി വനിതാ പോലീസുകാരുടെ സേവനം കൂടുതൽ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനിതാ പോലീസ് സേനാംഗങ്ങളുടെ എണ്ണം 4377 ആണ്.

(ബി) പോലീസിലെ വനിതാ സേനാംഗങ്ങളുടെ എണ്ണം 15% ആയി വർദ്ധിപ്പിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയം ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. അതിന്റെ ആദ്യഘട്ടമായി 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവീൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

(സി) സ്ത്രീ സുരക്ഷയ്ക്കായി വനിതാ പോലീസുകാരുടെ സേവനം കൂടുതൽ ലഭ്യമാക്കിയിട്ടുണ്ട്.

**ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടവർ**

88 (1738) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്രപേരെ പിന്നീട് ആത്മഹത്യ ചെയ്ത നിലയിലോ കൊലപ്പെടുത്തിയ നിലയിലോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പേരുവിവരവും ഇവരെ ചോദ്യം ചെയ്ത കേസ് സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സ്റ്റേഷനിൽ നിന്നും വിട്ടയച്ചതിനുശേഷം ആത്മഹത്യ ചെയ്ത നിലയിൽ ഒരാളെ കണ്ടെത്തിയിട്ടുണ്ട്. കൊലപ്പെടുത്തിയ നിലയിലോ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട നിലയിലോ ആരെയും കണ്ടെത്തിയിട്ടില്ല.

(ബി) പാവറട്ടി പോലീസ് സ്റ്റേഷനിലെ പ്രോസസ്സ് സെർവർ ഡ്യൂട്ടിക്കാരനായ സിവിൽ പോലീസ് ഓഫീസർ 17-7-2017-ന് പകൽ 12.00 മണിക്ക് ഡ്യൂട്ടിക്കിടയിൽ മാനിനക്കുന്ന് ഭാഗത്ത് എത്തിയ സമയം, വിജനമായ സ്ഥലത്ത് രണ്ട് ആൺക്കുട്ടികൾ ഒരു മോട്ടോർ സൈക്കിളിൽ വന്ന് ഒരു പെൺകുട്ടിയുമായി സംസാരിച്ച നിൽക്കുന്നത് കാണപ്പെട്ടു. സമീപ സമയത്ത് പാവറട്ടി, ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ പരിധികളിൽ വ്യാപകമായി മോട്ടോർ സൈക്കിളിൽ എത്തി മാല പൊട്ടിക്കുന്ന സംഭവങ്ങൾ ഉണ്ടായതിനെത്തുടർന്ന് മോട്ടോർ സൈക്കിളുകൾ കേന്ദ്രീകരിച്ച് അന്വേഷണവും പരിശോധനയും നടത്തുന്നതിന് നിർദ്ദേശമുള്ള സമയമായതിനാൽ മോട്ടോർ സൈക്കിളിൽ വന്ന ആൺക്കുട്ടികളെ ചോദ്യം ചെയ്തതിൽ ടിയാൻമാർ ഏങ്ങണ്ടിയൂർ ഭാഗത്തുള്ളവരാണെന്നും വാഹനത്തിന് രേഖകളില്ലെന്നും കാണപ്പെട്ടതിനാൽ മോട്ടോർ സൈക്കിളുമായി പോലീസ് സ്റ്റേഷനിലേക്ക് എത്തുന്നതിന് നിർദ്ദേശിക്കുകയും ആയതുപ്രകാരം വിനായകനെ സി.പി.ഒ. 6802 ശ്രീജിത്ത് തന്റെ ബൈക്കിലും ശരത്ത് എന്നയാൾ അവരുടെ കൈവശമുണ്ടായിരുന്ന KL-45-3631 TVS STAR CITY മോട്ടോർ സൈക്കിളിലുമായി പാവറട്ടി പോലീസ് സ്റ്റേഷനിലേക്ക് എത്തുകയുമാണുണ്ടായത്. തുടർന്ന് ഉച്ചയ്ക്ക് മൂന്ന് മണിയോടെ കുട്ടികളെ രക്ഷാകർത്താക്കളോടൊപ്പം വിട്ടയച്ചിട്ടുള്ളതുമാണ്. പിറ്റേദിവസം 18-7-2017-ന് രാവിലെ 10.30-നും 12.45-നും ഇടയിൽ വീട്ടിൽ മറ്റാരും ഇല്ലാതിരുന്ന സമയത്ത് വിനായക് വീട്ടിൽ കെട്ടിത്തൂങ്ങി മരണപ്പെടുകയുണ്ടായിട്ടുള്ളതാണ്. ഇക്കാര്യത്തിന് വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 803/17 u/s 174 Cr.P.C. ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതും തുടർന്ന് പ്രസ്തുത കേസ് സി.ബി.സി.ഐ.ഡി. ഏറ്റെടുത്ത് അന്വേഷണം നടത്തി വരുന്നതുമാണ്.

**ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെയുള്ള പോലീസ് നടപടി**

89 (1739) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ എത്ര പോലീസ് ലാത്തിച്ചാർജ്ജ്, ടിയർഗ്യാസ് ഷെൽ പ്രയോഗം, ജലപീരങ്കി പ്രയോഗം എന്നിവ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ ജനപ്രതിനിധികളോട് പോലീസ് അപമര്യാദയായി പെരുമാറിയെന്നോ മർദ്ദിച്ചുവെന്നോ ഉള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലം റൂറൽ പോലീസ്**

90 (1740) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് സംവിധാനത്തിൽ ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സ് സംവിധാനവും ടെലികമ്മ്യൂണിക്കേഷൻ വിഭാഗവും ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പോലീസ് ആസ്ഥാനത്ത് കൺട്രോൾ റൂമിലെ നിലവിലെ അംഗബലം എത്രയാണ്; അംഗബലം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ മൂന്ന് വിഷയങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ടാർജറ്റ്**

91 (1741) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ടാർജറ്റ് നിശ്ചയിച്ചു നൽകുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ;

(ബി) ഇപ്രകാരം നിശ്ചിത എണ്ണം കേസ്സുകൾ പ്രതിമാസം രജിസ്റ്റർ ചെയ്യാത്ത സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരെ സമ്മർദ്ദപ്പെടുത്തുന്ന തരത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ പെരുമാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം പ്രതിമാസം നിശ്ചിത എണ്ണം കേസുകൾ രജിസ്റ്റർ ചെയ്യുന്ന പ്രവണത ഉള്ളതുകൊണ്ടാണ് നിരപരാധികളായ പലരേയും കേസുകളിൽ ഉൾപ്പെടുത്തുന്നതെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുന്നതിനും നടപടിക്രമങ്ങൾ പാലിക്കാതെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്ന സംഭവങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലില്ല.

(ബി -ഡി) ബാധകമല്ല.

**പോക്സോ കേസ്സുകളും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിലുള്ള കേസ്സുകളും**

92 (1742) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോക്സോ കേസ്സുകളായും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിലുള്ള കേസ്സുകളിലായും എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇത്തരം കേസ്സുകളിൽ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) 2011-16 ഭരണകാലത്ത് പ്രസ്തുത കാര്യങ്ങളിലുള്ള വകുപ്പിന്റെ സ്ഥിതി വിവരകണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പോക്സോ കേസ്സുകളായും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിലുള്ള കേസ്സുകളിലായും 17819 (All Crime Against Women cases) കേസുകൾ ഈ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരം കേസ്സുകളിൽ പ്രതികളാണെന്ന് തിരിച്ചറിഞ്ഞ 5440 പേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

(സി) 2011-16 ഭരണകാലത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 65162 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളിൽ ആകെ 91096 പ്രതികളുണ്ട്. ഇതിൽ 82729 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 8367 പ്രതികളെ ഇനി അറസ്റ്റ് ചെയ്യാനുണ്ട്.

## പോലീസ് മർദ്ദനം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിന് നടപടി

93 (1743) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവറട്ടി പോലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ച എങ്ങണ്ടിയൂർ സ്വദേശിയായ വിനായകൻ മരിച്ചത് പോലീസ് മർദ്ദനംമൂലമാണെന്ന ആരോപണം അന്വേഷിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) ദളിത് വിഭാഗത്തിൽപ്പെട്ട വിനായകനെ പോലീസ് സ്റ്റേഷനിൽ പോലീസുകാർ ബൂട്ടിട്ട് ചവിട്ടുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് കസ്റ്റഡിയിലെടുത്ത എത്ര പേർ കസ്റ്റഡിയിൽ മരണപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ഡി) കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വിട്ടയച്ചവരിൽ എത്ര പേർ ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ഇ) പോലീസ് കസ്റ്റഡിയിൽ മരണപ്പെടുകയോ പിന്നീട് ആത്മഹത്യ ചെയ്യുകയോ ചെയ്തവരിൽ ദളിത് വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ദളിത് വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരോടുള്ള പോലീസ് അതിക്രമം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വിനായകന് പോലീസിൽ നിന്നും മർദ്ദനമേറ്റുവെന്ന പരാതി സംബന്ധിച്ച് വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 826/2017 u/s 341, 323, 324, 34 IPC & Sec. 3(2) V(a) of SC/ST PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ് ക്രൈം നമ്പർ 143/CR/OCW-III/PKD/2017 ആയി റീ നമ്പർ ചെയ്ത് 2-8-2017 മുതൽ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു.

(ബി) പാവറട്ടി പോലീസ് സ്റ്റേഷനിലെ സി.പി.ഒ. ശ്രീജിത്ത്, എസ്. സി. പി. ഒ. (ഗ്രേഡ്) സാജൻ എന്നിവർക്കെതിരെ തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്.1/3834/2017/ആർ.സി. പ്രകാരം അന്വേഷണവിധേയമായി

സസ്പെന്റ് ചെയ്തിട്ടുള്ളതും കൂടാതെ ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇ. ബാലകൃഷ്ണൻ, പാവറട്ടി പി.എസ്., സബ് ഇൻസ്പെക്ടർ അരുൺ ഷാ എന്നിവർക്കെതിരെ തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.-യുടെ ഉത്തരവ് നമ്പർ എ 29a/PR/32/AB/2017/TSR തീയതി 29-7-2017 പ്രകാരം വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് കസ്റ്റഡിയിലെടുത്ത 3 പേർ കസ്റ്റഡിയിൽ മരണപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| SL. No. | District | Police Station | കസ്റ്റഡിയിൽ മരണപ്പെട്ടിട്ടുള്ളവരുടെ പേരു വിവരം | Crime No. | Section of law |
|---|---|---|---|---|---|
| 1 | Malappuram | Vandoor P.S. | Abdul Latheef, S/o. Muhammed (45) Thondiyil, Vandoor | 348/16 | 174 CrPC |
| 2 | Kollam Rural | Kundara P.S. | Kunjumon (39) | 2604/16 | 174 CrPC |
| 3 | Kannur | Thalassery | Kalinuthu (42), Theni, Mavattam, Andipetty, Salem, Tamil Nadu | 1983/16 | 174 CrPC |

(ഡി) കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വിട്ടയച്ചവരിൽ ഒരാൾ ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| SL. No. | District | Police Station | പേരു വിവരം | Crime No. | Section of law |
|---|---|---|---|---|---|
| 1 | Thrissur City | Pavaratty P.S. | Vinayakan C.K (18), S/o. Krishna, Chakkandan house, Engandiyoor, Chandhappadi West | 803/17 | 174 CrPC |

(ഇ) പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വിട്ടയച്ചവരിൽ ദളിത് വിഭാഗത്തിൽപ്പെട്ട ഒരാൾ ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

(എഫ്) ദളിത് വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരോടുള്ള പോലീസ് അതിക്രമം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടില്ല.

**അരൂർ മണ്ഡലത്തിൽ പോലീസ് ഔട്ട്പോസ്റ്റ്**

94 (1744) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ വല്ലേത്തോട്, അരൂക്കുറ്റി എന്നീ പ്രദേശങ്ങളിൽ പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ദ്വീപ് പഞ്ചായത്തായ പെരുമ്പളത്ത് അടിയന്തര സാഹചര്യങ്ങളിൽ പോലീസിന് എത്തിച്ചേരുന്നതിനായി പൂച്ചാക്കൽ പോലീസ് സ്റ്റേഷന് ഒരു ബോട്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ സംസ്ഥാന പോലീസ് മേധാവിയിൽനിന്ന് നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**പോലീസ് കംപ്ലെയിന്റ് അതോറിറ്റി തീർപ്പുകൽപ്പിച്ച കേസ്സുകൾ**

95 (1745) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് കംപ്ലെയിന്റ് അതോറിറ്റി തീർപ്പുകൽപ്പിച്ച കേസ്സുകളുടെ എണ്ണമെത്ര;

(ബി) ഇതിൽ എത്ര കേസുകളിലാണ് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1410 കേസ്സുകൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(ബി) 31 കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വിവിധ തരത്തിലുള്ള നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) അതോറിറ്റി ശിപാർശ ചെയ്യുന്ന കേസ്സുകളിൽ സംസ്ഥാന പോലീസ് മേധാവിയും യൂണിറ്റ് മേധാവികളും ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനിലും പരിസരങ്ങളിലുമായി കിടക്കുന്ന വാഹനങ്ങൾ**

96 (1746) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലുമായി വാഹനങ്ങൾ കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേസ്സിന്റെ തീർപ്പുണ്ടാകുന്നതു വരെ വാഹനങ്ങൾ പിടിച്ചിട്ടിരിക്കുന്നതുമൂലം അവയ്ക്ക് നാശം സംഭവിക്കുകയും തന്മൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുകയും ചെയ്യുമെന്നത് പരിഗണിച്ച് ഈ സ്ഥിതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേസിന്റെ തീർപ്പുണ്ടാകുന്നതുവരെ, പ്രസ്തുത വാഹനങ്ങൾ ഉപയോഗപ്പെടുത്തി സർക്കാരിന് വരുമാനമുണ്ടാക്കാവുന്നതും എന്നാൽ വാഹനങ്ങൾ പരിപാലിക്കപ്പെട്ടുന്നതുമായ ബദൽമാർഗ്ഗങ്ങൾ ആലോചിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി &സി) കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ കേസ്സുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ ലേലം ചെയ്ത് വിൽക്കുന്നതിന് തടസ്സമുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങളനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ 15-12-2014 തീയതിയിലെ 550/14/ഫിൻ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡിന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ തങ്ങളുടെ അധികാരപരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സന്ദർശനം നടത്തുന്നതിനും വ്യക്തിപരമായ ശ്രദ്ധ ചെലുത്തി പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിലേക്കായി നടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കാൻ സാധിക്കാത്ത വാഹനങ്ങൾ പ്രത്യേക സ്ഥലങ്ങളിൽ മാറ്റി സൂക്ഷിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും എല്ലാ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനാവശ്യമായി വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും വാഹനങ്ങൾ തീർപ്പാക്കുന്നതിൽ നിലവിലെ വ്യവസ്ഥയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനോ പുതിയ വ്യവസ്ഥ രൂപപ്പെടുത്തുന്നതിനോ നിർദ്ദേശങ്ങളുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെറ്റി കേസ്സുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവർത്തിമൂലം വാഹന ഉടമകൾക്കുണ്ടാകുന്ന പ്രയാസങ്ങളും, കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡുവക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലമുണ്ടാകുന്ന മാർഗ്ഗതടസ്സങ്ങളും, പെറ്റി കേസ്സുകളിലും വാഹന അപകട കേസ്സുകളിലും ബന്തവസിൽ എടുക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ 31-1-2017 തീയതിയിലെ 07/2017 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

## സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസ്സുകൾ

97 (1747) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവയിൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് 320 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത 211 കേസ്സുകളുണ്ട്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം 49 കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ അന്വേഷണം പൂർത്തിയാകാത്ത 48 കേസ്സുകളുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 43 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 1 |
| എറണാകുളം | - | 1 |

(സി) ഈ കാലയളവിൽ പോലീസ് സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ കേസ്സുകൾ ഒന്നുംതന്നെയില്ല. അന്വേഷണത്തിന് ആവശ്യമായ സാങ്കേതിക സഹായം മാത്രമാണ് ഹൈടെക് ക്രൈം എൻക്വയറി സെല്ലിനോട് ആവശ്യപ്പെടാറുള്ളത്.

(ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തൃശ്ശൂർ സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിലെ അതിക്രമവുമായി ബന്ധപ്പെട്ട കേസ്

98 (1748) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 ഏപ്രിൽ പതിനേഴിന് രാത്രി തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ച് കയറി ഫയലുകളും രേഖകളും നശിപ്പിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് കുറ്റക്കാരായവരെ കണ്ടെത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 578/17-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സംഭവത്തിൽ ഉൾപ്പെട്ട കുറ്റക്കാരായ എല്ലാവരെയും തിരിച്ചറിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ കുറ്റക്കാരെ മുഴുവൻ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017 ഏപ്രിൽ 17-ാം തീയതി തൃശ്ശൂർ കളക്ടറേറ്റിലേക്ക് അതിക്രമിച്ച കയറിയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 578/17 u/s. 143,147,448,417 r/w 149 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം നടത്തി A1 വിൽസൺ, A2 നന്ദകുമാർ, A3 ജയചന്ദ്രൻ, A4 ബിജു, A5 റാഫേൽ, A6 ഫ്രാൻസിസ്, A7 വിനയൻ, A8 സുമേഷ് എന്നീ 8 പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി-II-ൽ, 22-7-2017 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി ആയത് CC.2064/17 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി&ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് A1 വിൽസൺ, A2 നന്ദകുമാർ, A3 ജയചന്ദ്രൻ, A4 ബിജു, A5 റാഫേൽ, A6 ഫ്രാൻസിസ്, A7 വിനയൻ, A8 സുമേഷ് എന്നീ 8 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരെ 22-7-2017-ാം തീയതി അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും ഇവർക്കെതിരെ ബഹുമാനപ്പെട്ട തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി-II-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

## പോലീസ് സേനയിലെ അച്ചടക്ക നടപടി

99 (1749) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ അന്തസ്സിനും അച്ചടക്കത്തിനും നിരക്കാത്ത നിലയിലുള്ള ചില പോലീസുകാരുടെ പെരുമാറ്റം സേനയ്ക്കും സർക്കാരിനും ചീത്ത പേരുണ്ടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്ന പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

(ബി) സംഭവത്തെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ക്രിമിനൽ കുറ്റകൃത്യം ചെയ്ത പോലീസ് ഉദ്യോഗസ്ഥ ർക്കെതിരെ പരാതി ലഭിച്ചാൽ ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 126 പോലീസ് സേനാംഗങ്ങൾ / ഓഫീസർമാർക്കെതിരെ അച്ചടക്ക/ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട്.

## പോലീസ് വകുപ്പ് ആധുനികവത്ക്കരണത്തിന് വകയിരുത്തിയ തുക

100 (1750) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണത്തിന് (എം.ജി.പി.) ബജറ്റിൽ എത്ര കോടി വകയിരുത്തി യിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിലേക്കായി ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലത്ത് എം.ജി.പി.-യ്ക്കായി ചെലവഴിച്ച തുക എത്ര; ഇനം, വർഷം തിരിച്ച് വ്യക്തമാക്കാമോ ; എന്തിന് വേണ്ടിയാണ് തുക ഉപയോഗിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി 30-7-2017 വരെ വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

1. 2016-17 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ആകെ 47,16,73,000 രൂപ അനുവദിക്കുകയും ആയതിൽ 45,55,87,223 രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്.

2. 2017-18-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 1,210 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽ 2,93,77,109 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്.

3. G.O.(Rt) No.1744/2017/ആഭ്യന്തരം തീയതി 7-7-2017 ആയി 2017-18-ലെ Annual Plan സ്കീമിൽ ഉൾപ്പെടുത്തി 3,965 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ 25 ലക്ഷം രൂപ ഇതുവരെ ചെലവായിട്ടുണ്ട്. വിശദവിവരം അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്.*

4. MoPF പ്രകാരം കേന്ദ്ര ഫണ്ടിൽ കേരളത്തിന് അനുവദിച്ച വിഹിതത്തിൽനിന്നും 42,51,06,962 രൂപ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-7-2017 വരെ പോലീസ് സേനയുടെ ആധുനീകരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്.*

പോലീസ് വകുപ്പിൽ എം.ജി.പി. എന്ന നിലയ്ക്ക് തുക ഉൾക്കൊള്ളിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

**തലസ്ഥാന നഗരിയിലെ ഗതാഗത തടസ്സം**

101 (1751) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള വളരെ തിരക്കേറിയ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഹോട്ടലുകൾ, ജ്യൂസ് കടകൾ, ബേക്കറികൾ എന്നിവയുടെ മുൻ ഭാഗങ്ങളിലായി സ്വകാര്യ വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്യുന്നതുമൂലം സ്ഥിരമായി ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇപ്രകാരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ട്രാഫിക്ക് പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സ്ഥിരമായി ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗതാഗത തടസ്സം ഉണ്ടാകുന്ന വിധത്തിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ സ്റ്റിക്കർ പതിച്ച് തുക ഈടാക്കിവരുന്നതും വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും അപകടം സംഭവിക്കുന്ന വിധത്തിൽ ഗതാഗത തടസ്സമുണ്ടാക്കി പാർക്ക് ചെയ്തിരിക്കുന്ന വാഹന ഉടമകൾക്കെതിരെ സെക്ഷൻ 283 ഐ.പി.സി. പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

**കൊലപാതക കേസ്സുകൾ**

102 (1752) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ കൊലചെയ്യപ്പെട്ട സ്ത്രീകളുടെയും പുരുഷന്മാരുടെയും കുട്ടികളുടെയും എണ്ണം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കേസ്സുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്;

(ഇ) പ്രസ്തുത കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ;

(എഫ്) എത്ര കേസ്സുകളുടെ അന്വേഷണം സി.ബി.ഐ.-ക്ക് വിടുകയുണ്ടായി; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 355 കേസ്സുകളിലായി 381 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേകം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽ 116 സ്ത്രീകളും 214 പുരുഷന്മാരും 51 കുട്ടികളും മരണപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് 54 പ്രതികളെ പിടിക്കൂടാനുണ്ട്.

(സി) ഇതിൽ 221 കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത കേസ്സുകളിൽ വിചാരണ പൂർത്തിയായ കേസ്സുകൾ ഒന്നും തന്നെ ഇല്ല.

(ഇ) പ്രസ്തുത കേസ്സുകളുടെ വിചാരണ പൂർത്തിയാകാത്തതിനാൽ പ്രതികളാരും ശിക്ഷിക്കപ്പെട്ടില്ല.

(എഫ്) പ്രസ്തുത കേസ്സുകൾ ഒന്നുംതന്നെ അന്വേഷണത്തിനായി സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടില്ല.

**നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷൻ**

103 (1753) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ നിയോജക മണ്ഡലത്തിലെ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ നിരീക്ഷണത്തിനായി ഉപയോഗിക്കുന്ന എല്ലാ ബോട്ടുകളും കേടായിരിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അറ്റകുറ്റപ്പണികൾക്കായുള്ള തുക കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാന സുരക്ഷയുടെ കാര്യത്തിൽ വളരെ പ്രാധാന്യമുള്ള തുറമുഖം എന്ന നിലയിൽ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തകരാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്നും തീരസുരക്ഷയ്ക്കായി അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുന്നത്. തീരസുരക്ഷ മൂന്നാംഘട്ടത്തിനായി സംസ്ഥാന പോലീസ് മേധാവി തയ്യാറാക്കി നൽകിയ പ്രൊപ്പോസൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## പോലീസ് മേധാവിയുടെ അധികാരങ്ങളിലെ കൈകടത്തൽ ഒഴിവാക്കാൻ നടപടി

104 (1754) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ടി. പി. സെൻകുമാർ സംസ്ഥാന പോലിസ് മേധാവിയായി 2017-ൽ ചുമതലയേറ്റെടുത്തശേഷം കൈക്കൊണ്ട ഏതെങ്കിലും തീരുമാനം സർക്കാർ മരവിപ്പിക്കുകയോ, റദ്ദാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ പൂർണ്ണ ചുമതലയിൽ ഉൾപ്പെടുന്ന കാര്യങ്ങളിൽപ്പോലും സർക്കാരിന്റെ ഇടപെടൽ ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഇടപെടൽ ഭാവിയിലെങ്കിലും ഒഴിവാക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) പോലീസ് ആസ്ഥാനത്തെ രഹസ്യ വിഭാഗത്തിലെ ജൂനിയർ സൂപ്രണ്ടിനെ സ്ഥലം മാറ്റിയ പോലീസ് മേധാവിയുടെ 9-5-2017-ലെ 165/2017/PHQ, 166/2017/PHQ എന്നീ ഉത്തരവുകൾ സർക്കാർ 20-5-2017-ലെ കത്ത് പ്രകാരം മരവിപ്പിച്ചിട്ടുണ്ട്. കൂടാതെ പോലീസ് ആസ്ഥാനത്തെ ഫയൽ തീർപ്പ് കൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 12-6-2017-ൽ പോലീസ് മേധാവി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ 14-6-2017-ലെ കത്ത് മുഖേന സർക്കാർ മാറ്റിവയ്ക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) സർക്കാരിന് ഭരണപരമായ കാര്യങ്ങളിൽ ഇടപെടാനുള്ള അധികാരമുണ്ട്.

## ജനമൈത്രി പോലീസ് സംവിധാനം

105 (1756) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളിൽ ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ജനമൈത്രി പോലീസിലൂടെ ലഭ്യമാക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സ്ത്രീ സ്വയം സുരക്ഷ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തി അതാത് ജില്ലകളിലെ സ്കൂളുകൾ, കോളേജുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയിലൂടെ സ്ത്രീകളെ സ്വയം പരിശീലനത്തിന്റെ പാഠങ്ങൾ പഠിപ്പിച്ചുവരുന്നുണ്ട്. കൂടാതെ സ്ത്രീ സുരക്ഷ, സ്ത്രീകളുടെ നിയമ പരിരക്ഷ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനുള്ള നിയമ പരിരക്ഷ എന്നിവയടങ്ങിയ ലഘുലേഖകളും കൈപ്പുസ്തകങ്ങളും വിതരണം ചെയ്തുവരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സ്വീകരിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി എല്ലാ പഞ്ചായത്ത് ഓഫീസുകളിലും എല്ലാ ചൊവ്വാഴ്ചയും വനിതാ ബീറ്റ് ഓഫീസറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കായി മദ്യം, മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണ സെമിനാറുകൾ, ജനമൈത്രി സുരക്ഷ പദ്ധതി സംസ്ഥാന തലത്തിൽ നേതൃത്വം നൽകി നടപ്പിലാക്കിയ ലഹരിവിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ, ട്രാഫിക് ബോധവൽക്കരണ പരിപാടികൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ ആദിവാസി ഊരുകൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ബന്ധപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ആദിവാസി ഊരുകളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ പി.എസ്.സി. പരിശീലനം, തൊഴിൽ പരിശീലനം മുതലായവയും നടപ്പിലാക്കിയിട്ടുണ്ട്. ഊരുജ്യോതി എന്ന പേരിൽ ആദിവാസി കുട്ടികൾക്കായി സൗജന്യ ക്ലാസ്സുകളും നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികൾക്കായി കടലോര ജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്.

**എഴുകോൺ പോലീസ് സ്റ്റേഷൻ**

106 (1757) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ പോലീസ് സ്റ്റേഷന് (കൊല്ലം റൂറൽ) സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കി ഉത്തരവായത് എന്നാണ് എന്നറിയിക്കാമോ;

(ബി) എഴുകോൺ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറായോ എന്നും ഭരണാനുമതി നൽകിയോ എന്നും വ്യക്തമാക്കാമോ? ഇതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 4-6-2014 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 238/14/റവന്യൂ പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ഇതിനായുള്ള പ്ലാനും എസ്റ്റിമേറ്റും സംസ്ഥാന പോലീസ് മേധാവി തലത്തിൽനിന്നും കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. 2014-15-ലെ പോലീസ് സേനയുടെ ആധുനികവൽക്കരണം പദ്ധതിയിൽനിന്നും 73.5 ലക്ഷം രൂപ ചെലവിൽ എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടും ഭരണാനുമതിയും നൽകിയിട്ടുണ്ട്.

**പോലീസിനു നേരെയുള്ള ഗുണ്ട - ക്വട്ടേഷൻ ആക്രമണങ്ങൾ**

107 (1758) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുണ്ട-ക്വട്ടേഷൻ ആക്രമണങ്ങളിൽ എത്ര പോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് പോലീസിന് നേരെ ഗുണ്ടാ ആക്രമണം ഉണ്ടായിട്ടുള്ളതെന്നറിയിക്കാമോ;

(സി) ഈ കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര പേരെയെന്നും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കുമെതിരെ കർശന നിലപാട് സ്വീകരിക്കാത്തതുമൂലമാണ് പോലീസുകാർക്ക് നേരെ പോലും ഗുണ്ടാ ആക്രമണം ഉണ്ടാകുന്നത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9 പോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ ദേശത്തിനകം കോളനി, തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കച്ചേരി, പാലക്കാട് ജില്ലയിൽ ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ പരിധിയിൽ വടക്കൻതറ എൽ.പി.സ്കൂൾ എന്നീ സ്ഥലങ്ങളിൽ വച്ചാണ് ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളത്.

(സി) ഈ കേസ്സുകളിൽ ആകെ 17 പ്രതികളുണ്ട്. പ്രതികളെല്ലാവരെയും അറസ്റ്റു ചെയ്തിട്ടുണ്ട്. ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളേയും സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്യാനായി ശക്തമായ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നതും ഇതിനായി ഗുണ്ടാ വിരുദ്ധ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും ഓപ്പറേഷൻ സുരക്ഷ പദ്ധതി തുടർന്നുവരുന്നതും അതുവഴി സമൂഹത്തിൽ ജനങ്ങളുടെ സുരക്ഷയും ക്രമസമാധാനവും ഉറപ്പാക്കിവരുന്നതുമാണ്. ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നേരിട്ട് വിളിച്ചുവരുത്തി ചോദ്യം ചെയ്തും ടിയാൻമാരെപ്പറ്റി രഹസ്യാന്വേഷണ വിഭാഗത്തെക്കൊണ്ടും ഗുണ്ടാ സ്ക്വാഡിനെക്കൊണ്ടും അവരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടി നിയമത്തിലേയും KAAPA നിയമത്തിലെയും വിവിധ വകുപ്പുകൾ പ്രകാരവും കരുതൽ നടപടികൾ സ്വീകരിച്ചും, ഇവർ ഉൾപ്പെട്ട കേസ്സുകളിൽ പരമാവധി ശിക്ഷ ലഭിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചും, ഇവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ട്രാഫിക് നിയമലംഘന കേസ്സുകൾ

108 (1759) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ട്രാഫിക് നിയമലംഘനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ട്രാഫിക് നിയമലംഘനത്തെ തുടർന്ന് എത്ര പേർക്ക് പിഴ ചുമത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഇനത്തിൽ ഈ കാലയളവിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 4,54,811 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 64,31,365 പേർക്ക് പിഴ ചുമത്തിയിട്ടുണ്ട്.

(സി) 95,13,56,633 (തൊണ്ണൂറ്റി അഞ്ച് കോടി പതിമൂന്ന് ലക്ഷത്തി അമ്പത്തി ആറായിരത്തി അറുന്നൂറ്റി മുപ്പത്തിമൂന്ന്) രൂപ വരുമാനം ലഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആത്മഹത്യ ചെയ്തവരുടെ എണ്ണം

109 (1760) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്ത്രീകൾ, കുട്ടികൾ എന്നിവർ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രയാസംമൂലവും കുടുംബപ്രശ്നങ്ങളെത്തുടർന്നും ആത്മഹത്യ ചെയ്തവർ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഡി) കടക്കെണിയിൽപ്പെട്ടും രോഗങ്ങൾമൂലവും ആത്മഹത്യ ചെയ്തവർ എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാനത്ത് 8649 പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ആത്മഹത്യ ചെയ്തതിൽ 1827 സ്ത്രീകളും 289 കുട്ടികളുമാണ്.

(സി) സാമ്പത്തിക പ്രയാസംമൂലം 423 പേരും കുടുംബപ്രശ്നങ്ങളെത്തുടർന്ന് 3082 പേരും ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ഡി) 25 പേർ കടക്കെണിയിൽപ്പെട്ടും 1351 പേർ രോഗങ്ങൾമൂലവും ആത്മഹത്യ ചെയ്തിട്ടുണ്ട്.

## ചാപ്പപടി ഒട്ടുംപുറം ഭാഗത്തെ രാഷ്ട്രീയ സംഘർഷം

110 (1761) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ മുനിസിപ്പാലിറ്റിയിൽ താനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ചാപ്പപടി ഒട്ടുംപുറം ഭാഗത്ത് അടുത്ത കാലത്തുണ്ടായ രാഷ്ട്രീയ സംഘർഷത്തെ കുറിച്ചും തുടർന്നുണ്ടായ പോലീസ് അതിക്രമത്തെക്കുറിച്ചും ന്യൂനപക്ഷ കമ്മീഷൻ ഈ സ്ഥലം സന്ദർശിച്ചശേഷം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

**ജനജീവിതം തടസ്സപ്പെടുത്തുന്ന പ്രതിഷേധങ്ങൾ**

111 (1762) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി എത്ര ഹർത്താൽ, പൊതുപണിമുടക്ക്, ജനജീവിതം തടസ്സപ്പെടുത്തുന്ന മറ്റ് പ്രതിഷേധങ്ങൾ എന്നിവ ഉണ്ടായിട്ടുണ്ട്;

(ബി) ആയതിന്റെ ഫലമായി ഉണ്ടായ അക്രമസംഭവങ്ങളിൽ എത്ര തുകയ്ക്കുള്ള ഗവ./സ്വകാര്യ മുതലുകൾ നശിപ്പിക്കപ്പെട്ടുവെന്നും അതിൽ കെ.എസ്.ആർ.ടി.സി.-യുടെ എത്ര വാഹനം ഉൾപ്പെടുമെന്നും അറിയിക്കുമോ ;

(സി) അക്രമം നടത്തിയവരിൽ നിന്നോ പ്രതിഷേധം പ്രഖ്യാപിച്ച സംഘടനകളിൽ നിന്നോ എന്ത് തുക നഷ്ടപരിഹാരമായി ഈടാക്കി; ഇല്ലെങ്കിൽ ആയത് ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് നൽകിയ നോട്ടീസുകളുടെ അടിസ്ഥാനത്തിൽ ഇനിയും എന്ത് തുക ലഭിക്കാനുണ്ട്; പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടി ഏത് വരെയായി; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നാല് സംസ്ഥാന ഹർത്താലുകൾ ഉൾപ്പെടെ ആകെ 147.

(ബി) ആയതിന്റെ ഫലമായുണ്ടായ അക്രമ സംഭവങ്ങളിൽ 32,26,994 രൂപയ്ക്കുള്ള ഗവ./സ്വകാര്യ മുതലുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽ കെ.എസ്. ആർ.ടി.സി.-യുടെ 22 വാഹനവും ഉൾപ്പെട്ടിട്ടുണ്ട്.

(സി) 1,20,000 രൂപ ഈടാക്കിയിട്ടുണ്ട്.

(ഡി) കേസ്സുകൾ കോടതിയുടെ പരിഗണനയിലായതിനാൽ അവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## കവർച്ച-ഭവനഭേദനക്കേസ്സുകൾ

112 (1763) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ പകൽ സമയത്ത് നടന്ന കവർച്ച-ഭവന ഭേദനക്കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയെന്നും എത്രപേരെ ഇനിയും പിടികൂടാനുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പൊതുസ്ഥലത്തുണ്ടായ പിടിച്ചുപറി സംഭവങ്ങളുമായി ബന്ധപ്പെട്ട് 874 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതേ കാലയളവിൽ പകൽ സമയത്ത് നടന്ന കവർച്ച-ഭവനഭേദന കേസുകളുമായി ബന്ധപ്പെട്ട് 1553 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് 1501 പ്രതികളെ പിടികൂടിയിട്ടുണ്ട്. ഇനി 580 പ്രതികളെ പിടികൂടാനുണ്ട്.

## ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ നടപടികൾ

113 (1764) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്രമസമാധാന നില സംബന്ധിച്ച് മുഖ്യമന്ത്രി, സംസ്ഥാന പോലീസ് മേധാവി എന്നിവരെ രാജ്ഭവനിലേക്ക് വിളിച്ചുവരുത്തി ഗവർണർ വിശദാംശങ്ങൾ ആരാഞ്ഞിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ സംഭവങ്ങളുടെ പശ്ചാത്തലത്തിനാണ് ഈ അസാധാരണ നടപടി ഉണ്ടായതെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ രാഷ്ട്രീയ അതിക്രമങ്ങൾ ആശങ്കാജനകമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(ഡി) തലസ്ഥാനത്ത് ആറ് ദിവസം നിരോധനാജ്ഞ പ്രഖ്യാപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഏതൊക്കെ രാഷ്ട്രീയ പാർട്ടികളാണ് തലസ്ഥാന നഗരിയിലുണ്ടായ അതിക്രമങ്ങൾക്കും കൊലപാതകത്തിനും പിന്നിലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ക്രമസമാധാന നില വീണ്ടെടുക്കുന്നതിന് വേണ്ടിയാണോ 31-7-2017-ൽ ഉയർന്ന പോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ സ്ഥലംമാറ്റം ഉത്തരവായത് എന്നറിയിക്കാമോ;

(എഫ്) കണ്ണൂരിലെ അതിക്രമങ്ങൾ അമർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ചു ചേർത്ത സമാധാന യോഗങ്ങളിലെടുത്ത തീരുമാനം രാഷ്ട്രീയ പാർട്ടികൾ ലംഘിച്ചിട്ടുണ്ടോ; എങ്കിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നടന്ന ചില അനിഷ്ട സംഭവങ്ങളുടെ വിവരങ്ങൾ ഗവർണർ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയും സംസ്ഥാന പോലീസ് മേധാവിയും ഗവർണറെ സന്ദർശിച്ചിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അഞ്ച് ദിവസം നിരോധനാജ്ഞ പ്രഖ്യാപിച്ചിരുന്നു. തലസ്ഥാന നഗരിയിലുണ്ടായ അക്രമ സംഭവങ്ങളെ സംബന്ധിച്ച് അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്, അന്വേഷണം അവസാനിക്കുന്ന മുറയ്ക്ക് മാത്രമേ രാഷ്ട്രീയ പാർട്ടികളുടെ ബന്ധം വെളിപ്പെടുകയുള്ളൂ.

(ഇ) അല്ല.

(എഫ്) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും രാഷ്ട്രീയപാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ ക്രമസമാധാനം ഉറപ്പുവരുത്തുവാൻ കർശനമായ നിർദ്ദേശം പോലീസ് അധികാരികൾക്ക് നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾ പോലീസ് കൈക്കൊണ്ടുവരുന്നു.

**വിനായകൻ ആത്മഹത്യ ചെയ്ത സംഭവം**

114 (1765) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ എങ്ങണ്ടിയൂരിൽ ആത്മഹത്യ ചെയ്ത വിനായകൻ പോലീസ് കസ്റ്റഡിയിൽ ഭീകര മർദ്ദനത്തിന് ഇരയായതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പോലീസുകാർക്ക് എതിരെ കൊലക്കുറ്റത്തിന് കേസ്സെടുക്കുമോ എന്നറിയിക്കാമോ?

ഉത്തരം

പാവറട്ടി പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത്ത്, സീനിയർ സിവിൽ പോലീസ് ഓഫീസർ (ഗ്രേഡ്) സാജൻ എന്നിവർക്കെതിരെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 826/2017 u/s 341, 323, 324 IPC & Sec. 3(2) V(a) SC/ST PoA Act പ്രകാരം രജിസ്റ്റർ ചെയ്ത കേസ് സി.ബി.സി.ഐ.ഡി. ഏറ്റെടുത്ത് ക്രൈം നമ്പർ 143/CR/OCW-III/PKD/2017 ആയി റീ-നമ്പർ ചെയ്ത് 2-8-2017 മുതൽ അന്വേഷിച്ചുവരുന്നു. അന്വേഷണം പ്രാരംഭഘട്ടത്തിലാണ്.

**വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ**

115 (1766) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചില വർഗ്ഗീയ സംഘടനകൾ ബോധപൂർവ്വമായി സംഘർഷം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ ഇടപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വർഗ്ഗീയ സംഘടനകൾ ഓരോ ജില്ലയിലും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ക്രമസമാധാനം തകർക്കുന്ന രീതിയിലുള്ള ഇവരുടെ ആസൂത്രിതമായ പ്രവർത്തനങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വർഗ്ഗീയ സംഘടനകളുടെ പ്രവർത്തനങ്ങൾ രഹസ്യാന്വേഷണ വിഭാഗം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു.

**രാഷ്ട്രീയ അക്രമങ്ങൾ**

116 (1767) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന രാഷ്ട്രീയ അക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഗവർണർ സർക്കാരിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദശം നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ഗവർണർക്ക് നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല. വിവിധ സംഘടനകൾ നൽകിയ നിവേദനങ്ങൾ സർക്കാരിൽ ലഭ്യമാക്കുകയും ആയതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**നിരോധനാജ്ഞ**

117 (1768) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എത്ര തവണ നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) നിരോധനാജ്ഞ പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തര സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വൈപ്പിൻ ഐ.ഒ.സി. പ്ലാന്റിന് എതിരെ സമരം**

118 (T* 1769) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ ഐ.ഒ.സി. പ്ലാന്റിന് എതിരെ നടക്കുന്ന സമരം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഉണ്ടായ പോലീസ് നടപടിയെപ്പറ്റി വകുപ്പ് തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 7-4-2017-ന് എറണാകുളം ഗസ്റ്റ് ഹൗസിൽവച്ച് സമരനേതാക്കളുമായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ചർച്ച നടത്തിയിട്ടുള്ളതും ഈ ചർച്ചയിൽ എം.എൽ.എ., കളക്ടർ, പഞ്ചായത്ത് പ്രസിഡന്റ്, ആലുവ ഡിവൈ.എസ്.പി., ഞാറയ്ക്കൽ പോലീസ് ഇൻസ്പെക്ടർ സമരസമിതി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തിട്ടുള്ളതുമാണ്. തുടർന്ന് 11-5-2017, 21-6-2017 തീയതികളിൽ പ്രശ്നപരിഹാരത്തിനായി ബഹു. മുഖ്യമന്ത്രി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുകയും ഇതുസംബന്ധിച്ച് പഠിക്കുന്നതിനായി വിദഗ്ദ്ധ സമിതിയെ നിയോഗിക്കാനും തീരുമാനിച്ചിട്ടുള്ളതാണ്. 1-8-2017-ന് നിയമസഭ പരിസ്ഥിതി കമ്മിറ്റി പദ്ധതി പ്രദേശം സന്ദർശിക്കുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുള്ളതാണ്.

(ബി) അന്വേഷണം നടത്തിയിട്ടില്ല.

(സി) ബാധകമല്ല.

**ഓപ്പറേഷൻ കുബേര**

119 (1770) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പേറേഷൻ കുബേരയുടെ പ്രവർത്തനം മന്ദീഭവിപ്പിച്ചിട്ടുണ്ടോ;

(ബി) ബ്ലേഡ് മാഫിയകളുടെ പ്രവർത്തനംമൂലം സംസ്ഥാനത്ത് ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബ്ലേഡ് മാഫിയകൾക്കെതിരെ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഡി) പാവപ്പെട്ടവർക്ക് വട്ടിപ്പലിശയ്ക്ക് പണം നൽകി അവരുടെ വസ്തുവകകൾ കൈവശപ്പെടുത്തുന്ന മാഫിയകൾക്കെതിരെ കർശന നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലനിന്നിരുന്ന അപാകതകൾ മാറ്റി കുറ്റവാളികൾ രക്ഷപ്പെടാത്ത തരത്തിൽ പഴുതടച്ച് ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ബ്ലേഡ് മാഫിയകളുടെ പ്രവർത്തനം മാത്രം കാരണമായി സംസ്ഥാനത്ത് ആത്മഹത്യകൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമിത പലിശ ഈടാക്കുന്നവർക്കെതിരെ 194 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 128 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) പാവപ്പെട്ടവർക്ക് വട്ടിപ്പലിശയ്ക്ക് പണം നൽകി വസ്തുവകകൾ കൈവശപ്പെടുത്തുന്ന മാഫിയകൾക്കെതിരെയും അനധികൃത പണമിടപാട് നടത്തുന്നവർക്കെതിരെയും കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## പോലീസിന്റെ അന്വേഷണ നടപടികളിലെ വീഴ്ചകളെപ്പറ്റി വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ട്

120 (1771) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ അന്വേഷണ നടപടിയിലെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ സർക്കാരിന് ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് വിഭാഗത്തിന്റെ അന്വേഷണ നടപടികളിലെ വീഴ്ചകൾ പരിശോധിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തിയിരുന്നോ;

(ഡി) വിജിലൻസ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണോ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) പെരുമ്പാവൂർ ജിഷാ വധക്കേസ്സിലെ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് കാണിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) പരിശോധിച്ചുവരുന്നു.

**ഓൺലൈൻ തട്ടിപ്പ് കേസ്സുകൾ**

121 (1772) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 79 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ 4 കേസ്സുകൾക്ക് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ**

122 (1773) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതരസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടുവരുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും സംവിധാനമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) ഇതരസംസ്ഥാന തൊഴിലാളികൾ പ്രതികളായിട്ടുള്ള എത്ര കഞ്ചാവ്, മയക്കുമരുന്ന് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തേക്ക് ട്രെയിൻ മാർഗ്ഗവും മറ്റും വരുന്ന തൊഴിലാളികൾ ലഹരി വസ്തുക്കൾ കടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനും നിരീക്ഷിക്കാനും ഇവരെ സംബന്ധിച്ച വിശദ വിവരങ്ങൾ ശേഖരിച്ച് അതാതു പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കാനും SHO-മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഇവരുടെ ഫോട്ടോ, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിൽദാതാക്കൾ ശേഖരിക്കുകയും അതിൻപ്രകാരം അവർ നൽകുന്ന വിവരങ്ങൾവച്ച് ഡാറ്റാ ബേസ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ട്. കൂടാതെ ഇ-രേഖ എന്ന സോഫ്റ്റ്‌വെയർ മുഖേനയും ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ചു വരുന്നുണ്ട്. ക്രിമിനൽ സ്വഭാവമുള്ളവരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുകയും പ്രവൃത്തികളിൽ സംശയം തോന്നുന്നവരുടെ വിവരങ്ങൾ അതാത് സംസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ അയച്ച് പരിശോധന നടത്തുകയും ഇവരുടെ വാസസ്ഥലങ്ങളും ജോലിസ്ഥലങ്ങളും പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള 153 കഞ്ചാവ്/മയക്കുമരുന്ന് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ

123 (1775) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വനിതകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1495 പരാതികൾ ലഭിച്ചിട്ടുണ്ട്. 1495 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1410 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 730 പരാതികൾ ലഭിച്ചിട്ടുണ്ട്. 730 കേസ്സുകൾ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പട്ടികജാതി-പട്ടികവർഗ്ഗ വനിതകൾക്ക് എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച് 407 പരാതികൾ ലഭിച്ചിട്ടുണ്ട്. 407 കേസ്സുകൾ രജിസ്റ്റർ ചെയ്തു. പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ സംബന്ധിച്ച് 187 പരാതികൾ ലഭിച്ചിട്ടുണ്ട്. 187 കേസ്സുകൾ രജിസ്റ്റർ ചെയ്തു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം**

124 (T* 1776) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 1492 കേസ്സുകളിൽ 2780 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 80 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട് (Court Disposal only).

(ബി) ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തുന്നു. ടി മീറ്റിംഗിൽ അന്വേഷണാവസ്ഥയിലുള്ള കേസ്സുകളുടെ പുരോഗതി ജില്ലാ പോലീസ് മേധാവി വിലയിരുത്തുന്നതും കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ചെയ്യുന്നു. ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസം കൂടുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തുന്നു. ടി മീറ്റിംഗിൽ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികൾ, പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ, എക്സൈസ് വകുപ്പ് തുടങ്ങിയവയിലെ ഉദ്യോഗസ്ഥരും പങ്കെടുക്കുന്നു. ഇത് കൂടാതെ സർക്കിൾ തലത്തിൽ എല്ലാ മാസവും പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റികൾ നടത്തുന്നു. ടി മീറ്റിംഗുകളിൽ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. ജില്ലാ പോലീസ് മേധാവിയും ഡിവൈ.എസ്.പി.-മാരും ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരികയും ചെയ്യുന്നു. പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന അവലോകന യോഗത്തിൽ കോടതികളിൽ തീർപ്പാക്കാനുള്ള കേസ്സുകളെപ്പറ്റിയും പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങളും ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ പീഡനത്തിന് വിധേയരായ കേസ്സുകൾ

125 (1777) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതിയിലും, പട്ടികവർഗ്ഗത്തിലുംപെട്ട സ്ത്രീകൾ പീഡനത്തിന് വിധേയരായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച കേസ്സുകൾ എത്രയെന്നും വിചാരണ പൂർത്തിയാക്കിയ കേസ്സുകൾ എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ എത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) 275 കേസുകൾ (എസ്.സി. -217, എസ്.ടി.- 58) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 132 കേസ്സുകളിൽ (എസ്.സി.-100, എസ്.ടി.-32) ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ വിചാരണ പൂർത്തിയാക്കിയ കേസ്സുകൾ ഒന്നുംതന്നെയില്ല.

(സി) പ്രസ്തുത കേസ്സുകളെല്ലാം വിചാരണയിലാണ്.

## വൈപ്പിനിലെ പോലീസ് സ്റ്റേഷൻ

126 (1779) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസാന്ദ്രതയേറിയ വൈപ്പിനിൽ നിലവിലുള്ള പോലീസ് സ്റ്റേഷനുകളും അവയിലെ സേനാബലവും കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുവൈപ്പ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും നിലവിലുള്ള ഞാറയ്ക്കൽ, മുനമ്പം പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി പുനഃക്രമീകരിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പുതുവൈപ്പ് കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ ഞാറയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെടുന്ന കൊച്ചി പെട്രോനെറ്റ് LNG ടെർമിനൽ, മുളവുകാട് പോലീസ് സ്റ്റേഷൻ പരിധിയിലാക്കിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ബൈജുവിന്റെ ദുരൂഹ മരണം

127 (1780) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്യുവാനായി കസ്റ്റഡിയിലെടുത്ത പോരുകുഴി സ്വദേശി ഏഴോലിക്കൽ ബൈജുവിന്റെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പോലീസുദ്യോഗസ്ഥരും വനം വകുപ്പ് ഉദ്യോഗസ്ഥരും കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യുന്നവർ പിന്നീട് ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുന്നതായി കാണപ്പെടുന്നത് ഉദ്യോഗസ്ഥരുടെ പീഡനംമൂലമാണെന്ന് കരുതുന്നുണ്ടോ;

(സി) ബൈജുവിനെ മാനസികമായി പീഡിപ്പിച്ച വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പോരുകുഴി സ്വദേശി ഏഴോലിക്കൽ ബൈജുവിന്റെ മരണത്തെക്കുറിച്ച് ഒല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം 1067/17 u/s 57 KP Act altered to 174 Cr.PC ആയി 22-7-2017 തീയതി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി&സി) ഉദ്യോഗസ്ഥരുടെ പീഡനംമൂലമാണ് ഇത്തരത്തിലുള്ള മരണങ്ങളുണ്ടായതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയാൽ അവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

128 (1781) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്.പി.സി.-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.
2. വിദ്യാർത്ഥികളിൽ പൗരബോധം, സമത്വബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണ പാടവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.
3. വിദ്യാർത്ഥികളിൽ സാമൂഹ്യപ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.
4. സാമൂഹിക തിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.

5. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

6. എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.

7. വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക.

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.

9. സ്വഭാവശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാവിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.

10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക.

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിലെ മൂന്ന് സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പട്ടിക്കാട്
2. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പുത്തൂർ
3. ഗവ. ഹയർ സെക്കന്ററി സ്കൂൾ, പീച്ചി

(സി) നിലവിൽ പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ച് പ്രവർത്തിച്ചുവരുന്ന സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ കേഡറ്റുകൾക്ക് ഓരോ വർഷവും യൂണിഫോം, ഭക്ഷണം എന്നിവയ്ക്കായി നിശ്ചിത തുക അനുവദിച്ചുവരുന്നുണ്ട്. എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75 ശതമാനം അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് സർക്കാർ ഉത്തരവ് നമ്പർ (കൈ) 214/2012/ആഭ്യ. തീയതി 4-8-2012 പ്രകാരം പൊതുപരീക്ഷകളിൽ 5 ശതമാനം ഗ്രേസ് മാർക്ക് നൽകിവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

129 (1782) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ ആനാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. യൂണിറ്റ് അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളിൽ ഒരു എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പുതുതായി എസ്.പി.സി. യൂണിറ്റ് അനുവദിക്കാൻ അപേക്ഷ നൽകിയ 100 സ്കൂളുകളുടെ പട്ടികയിൽ ആനാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളും ഉൾപ്പെട്ടിട്ടുണ്ട്. ടി പട്ടിക സർക്കാർ പരിശോധിച്ചുവരുന്നു.

## പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയും ലോക്കപ്പ് മർദ്ദനവും

130 (1783) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയും ലോക്കപ്പ് മർദ്ദനവും ശക്തമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാവറട്ടി പോലീസ് കസ്റ്റഡിയിലെടുത്ത ശേഷം വിട്ടയച്ച വിനായകൻ എന്ന ദളിത് യുവാവ് പിന്നീട് ആത്മഹത്യ ചെയ്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(സി) ഇതുപോലെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത ശേഷം വിട്ടയച്ച ചിലർ സമീപകാലത്ത് ആത്മഹത്യ ചെയ്തതായി റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) മുടി നീട്ടി വളർത്തുന്ന ചെറുപ്പക്കാരെ തിരഞ്ഞ് പിടിച്ച് പോലീസ് അവരെ നിർബന്ധിച്ച് മുടി മുറിപ്പിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പോലീസിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണോ; അല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാവറട്ടി പോലീസ് സ്റ്റേഷനിലെ പ്രോസസ്സ് സെർവർ ഡ്യൂട്ടിക്കാരനായ സിവിൽ പോലീസ് ഓഫീസർ 17-7-2017 തീയതി പകൽ 12 മണിക്ക് ഡ്യൂട്ടിക്കിടയിൽ മാനിനക്കുന്ന് ഭാഗത്ത് വിജനമായ സ്ഥലത്ത് രണ്ട് ആൺകുട്ടികൾ

മോട്ടോർ സൈക്കിളിൽ വന്ന് ഒരു പെൺകുട്ടിയുമായി സംസാരിച്ച് നിൽക്കുന്നത് കണ്ടു. പാവറട്ടി, ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ പരിധികളിൽ മോട്ടോർ സൈക്കിളിലെത്തി മാല പൊട്ടിക്കുന്ന സംഭവങ്ങൾ വ്യാപകമായതിനെത്തുടർന്ന് അന്വേഷണവും പരിശോധനയും നടത്തുന്നതിന് നിർദ്ദേശമുണ്ടായിരുന്നതിനാൽ മോട്ടോർ സൈക്കിളിൽവന്ന ആൺകുട്ടികളെ ചോദ്യം ചെയ്യുകയും വാഹനത്തിന് രേഖകളില്ലെന്ന് കാണപ്പെട്ടതിനാൽ മോട്ടോർ സൈക്കിളുമായി പോലീസ് സ്റ്റേഷനിലേക്ക് എത്തുന്നതിന് നിർദ്ദേശിക്കുകയും, വിനായകനെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത്ത് തന്റെ ബൈക്കിലും ശരത്ത് എന്നയാൾ അവരുടെ കൈവശമുണ്ടായിരുന്ന മോട്ടോർ സൈക്കിളിലുമായി പാവറട്ടി പോലീസ് സ്റ്റേഷനിലേക്ക് എത്തുകയാണുണ്ടായത്. മോട്ടോർ സൈക്കിളിന് രേഖകളില്ലാതിരുന്നതുകൊണ്ടും ഇവർ മാനിനക്കുന്നിൽ എത്തിയതിന് മതിയായ വിശദീകരണം നൽകാൻ സാധിക്കാതിരുന്നതുകൊണ്ടും കുട്ടികളുടെ വീട്ടിൽ വിവരമറിയിക്കുകയും തുടർന്ന് വിനായകന്റെ അച്ഛൻ കൃഷ്ണനും മറ്റൊരാളും പോലീസ് സ്റ്റേഷനിൽ ഹാജരാകുകയും പാവറട്ടി സബ് ഇൻസ്പെക്ടർ അവരുമായി സംസാരിച്ച് പിഴയൊന്നും ഈടാക്കാതെ തന്നെ ഉച്ചയ്ക്ക് 3 മണിയോടെ കുട്ടികളെ അവരോടൊപ്പം വിട്ടയച്ചിട്ടുള്ളതുമാണ്. തുടർന്ന് 18-7-2017 തീയതി രാവിലെ 10.30 മണിക്കും 12.45 മണിക്കും ഇടയിൽ വീട്ടിൽ മറ്റാരും ഇല്ലാതിരുന്ന സമയത്ത് വിനായകൻ ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

(സി) പോലീസ് ചോദ്യം ചെയ്തശേഷം വിട്ടയച്ചവരിൽ ഒരാൾ സമീപകാലത്ത് ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) മുടി നീട്ടി വളർത്തുന്നവരെ തെരഞ്ഞുപിടിച്ച് മുടി മുറിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഏതെങ്കിലും തരത്തിൽ സദാചാര പോലീസ് ചമയുന്ന പോലീസുകാരുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**തലസ്ഥാനത്തെ രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും**

131 (1784) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും സമാധാനജീവിതം താറുമാറാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വീടുകൾക്കും പാർട്ടി ഓഫീസുകൾക്കും നേരെയുണ്ടായ ആക്രമണത്തിന് പുറമെ ഒരാൾ വെട്ടേറ്റു മരിക്കാനും ഇടയായ സാഹചര്യം ഇന്റലിജൻസ് റിപ്പോർട്ട് പോലീസ് അവഗണിച്ചതുമൂലമാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) ഇതു സംബന്ധമായി ഇന്റലിജൻസ് മേധാവിയും ഡി.ജി.പിയും നടത്തിയ പരസ്പരവിരുദ്ധമായ പ്രസ്താവനകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) അക്രമവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവർണർ മുഖ്യമന്ത്രിയെയും ഡി.ജി.പി.-യേയും രാജ്ഭവനിൽ വിളിച്ചുവരുത്തുകയുണ്ടായോ;

(ഇ) എങ്കിൽ സമാധാനം പുനഃസ്ഥാപിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ സമാധാന യോഗം വിളിച്ച് ചേർക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സമാധാനജീവിതം താറുമാറാക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) അത്തരത്തിൽ ഒരു റിപ്പോർട്ടില്ല.

(സി) പരസ്പരവിരുദ്ധമായ പ്രസ്താവനകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ സ്ഥിതിഗതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഗവർണറെ ബോധിപ്പിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും രാഷ്ട്രീയപാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ ക്രമസമാധാനം ഉറപ്പുവരുത്തുവാൻ കർശനമായ നിർദ്ദേശം പോലീസ് അധികാരികൾക്ക് നൽകിയിട്ടുണ്ട്.

**ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ**

132 (1785) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കേസ്സന്വേഷണങ്ങൾ ശാസ്ത്രീയമാക്കുന്നതിനും ഈ രംഗത്തെ അഴിമതി തടയുന്നതിനും കർശനമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഉന്നതതലയോഗങ്ങളും വീഡിയോ കോൺഫറൻസിംഗും സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) ഗുണ്ടകളെയും ക്രിമിനലുകളെയും അറസ്റ്റ് ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സാമൂഹ്യ വിരുദ്ധർക്കും ഗുണ്ടകൾക്കും എതിരെ കാപ്പ നിയമപ്രകാരമുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ക്രമസമാധാനപാലനം ഭദ്രമാക്കുന്നതിനും പോലീസിനെ ജനസൗഹൃദമാക്കുന്നതിനും സർക്കാരിന്റെ വിവിധ പദ്ധതികളായ ജനമൈത്രി സുരക്ഷ പദ്ധതി, സ്ത്രീകൾക്കും കുട്ടികൾക്കും സ്വയരക്ഷയ്ക്കുതകുന്ന വിധത്തിലുള്ള സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ഉൾപ്പെടെ എല്ലാ സ്റ്റേഷനുകളിലും വുമൺ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. പിങ്ക് പട്രോളിംഗും നിർഭയ പോലുള്ള അടിയന്തര പോലീസ് ഹെൽപ്പ് ലൈൻ സൗകര്യങ്ങളും നടപ്പിലാക്കി ക്രമസമാധാനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ Anti Gunda Squad രൂപീകരിച്ചും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. ആധുനിക ടെക്നോളജി ഉപയോഗിച്ച് പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. iAPS, E-mail, Whatsapp, CCTNS, Cyber Dome എന്നിവ നടപ്പിലാക്കിയതുമൂലം പൊതുജനങ്ങൾക്ക് വേഗത്തിൽ കൂടുതൽ മികച്ച സേവനം നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) കേസന്വേഷണങ്ങൾ ശാസ്ത്രീയമാക്കുന്നതിനും ഈ രംഗത്തെ അഴിമതി തടയുന്നതിനും മറ്റുമായി ജില്ലാ ഓഫീസുകളിൽ interrogation room-കൾ സ്ഥാപിച്ച് വീഡിയോ കോൺഫറൻസുകളും ഉന്നതതലയോഗങ്ങളും സംഘടിപ്പിച്ചു വരുന്നു.

(സി) എല്ലാ ജില്ലകളിലും പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ആന്റി ഗുണ്ടാ സ്ക്വാഡിനെ നിയോഗിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതാണ്. ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തുന്നവരെ പ്രത്യേകമായി നിരീക്ഷിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ shadow police ഉദ്യോഗസ്ഥരെയും ഇക്കാര്യത്തിൽ ഉപയോഗിച്ചു വരുന്നു.

(ഡി) സാമൂഹ്യ വിരുദ്ധർക്കും ഗുണ്ടകൾക്കും എതിരെ കാപ്പ നിയമപ്രകാരമുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ട്.

1. തിരുവനന്തപുരം റൂറൽ ജില്ലയിൽ കാപ്പ നിയമപ്രകാരമുള്ള നടപടികളുടെ ഭാഗമായി നടത്തിയ 47-സ്പെഷ്യൽ ഡ്രൈവുകളിൽ നിന്നും 1675 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1780 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

2. പത്തനംതിട്ട ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം എട്ട് പേർക്കെതിരെ കാപ്പ നിയമപ്രകാരം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ആലപ്പുഴ ജില്ലയിൽ സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 27 പേർക്കെതിരെ കാപ്പാനിയമം 3(1) വകുപ്പ് പ്രകാരം നടപടിയെടുത്തിട്ടുണ്ട്. 13 പേരെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ കാപ്പ നിയമം 15(1) പ്രകാരം 15 പേർക്കെതിരെ റിപ്പോർട്ട് തയ്യാറാക്കുകയും ആറ് പേർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

4. എറണാകുളം റൂറൽ ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം മൂന്ന് പേർക്കെതിരെ കാപ്പ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. കൊച്ചി സിറ്റിയിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി Sec.15(4) കാപ്പ പ്രകാരം രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

6. കോട്ടയം ജില്ലയിൽ സ്പെഷ്യൽ ഡ്രൈവുകൾ നടത്തി നാല് പേർക്കെതിരെ കാപ്പ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. തൃശ്ശൂർ റൂറൽ ജില്ലയിൽ കാപ്പ നിയമപ്രകാരം ഒരാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

8. തൃശ്ശൂർ സിറ്റി ജില്ലയിൽ സ്പെഷ്യൽ ഡ്രൈവ് പ്രകാരം 66 പേർക്കെതിരെ 151 Cr.P.C. പ്രകാരം 13 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

9. മലപ്പുറം ജില്ലയിൽ 17 പേർക്കെതിരെ കാപ്പ നിയമപ്രകാരം നടപടിയെടുത്തിട്ടുണ്ട്.

## പുതുവൈപ്പിനിലെ എൽ.പി.ജി. ടെർമിനൽ സമരം

133 (1786) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പിൽ എൽ.പി.ജി. ടെർമിനൽ നിർമ്മാണ പ്രവർത്തനത്തിനെതിരെ പ്രതിഷേധിച്ച സമരസമിതി പ്രവർത്തകരെ ലാത്തിച്ചാർജ്ജ് ചെയ്ത പോലീസുദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ അന്തിമ വിധി വരുന്നതുവരെ ടെർമിനൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കാമെന്നും പദ്ധതി പ്രദേശത്ത് നിന്നും പോലീസിനെ പിൻവലിക്കാമെന്നും ഫിഷറീസ് മന്ത്രിയുമായി നടന്ന ചർച്ചയിൽ ധാരണയായിരുന്നോ;

(സി) എങ്കിൽ പ്രസ്തുത ധാരണക്ക് വിരുദ്ധമായി 18-6-2017-ൽ പദ്ധതി പ്രദേശത്തേക്ക് തൊഴിലാളികളെ എത്തിച്ച് ടെർമിനൽ നിർമ്മാണ ജോലികൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ലാത്തിച്ചാർജ്ജിന് കാരണക്കാരനായ സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണറെ സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ കത്ത് നൽകിയിരുന്നോ. എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി&സി) ഇല്ല. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണലിൽ നിലവിലുള്ള കേസ്സുമായി ഇപ്പോൾ ഉന്നയിച്ചിട്ടുള്ള വിഷയങ്ങളെ ബന്ധിപ്പിക്കേണ്ടതില്ലെന്നും ഈ പദ്ധതി ഇപ്പോൾ നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന സ്ഥലത്ത് നിന്നും മാറ്റാൻ കഴിയുകയില്ലെന്നും സമരസമിതി പ്രവർത്തകരെ അറിയിച്ചിരുന്നു. കൂടാതെ സമരക്കാരുടെ ആവശ്യങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാമെന്നും അതുവരെ ഇക്കാര്യത്തിൽ സാവകാശം നൽകണമെന്നും അവരോട് അഭ്യർത്ഥിച്ചിരുന്നു. വ്യവസായ വകുപ്പുമന്ത്രി 7-4-2017 തീയതി മേൽ പ്രശ്നം ചർച്ച ചെയ്യുന്നതിനായി എറണാകുളം ഗസ്റ്റ് ഹൗസിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർത്തിട്ടുള്ളതാണ്. ഇതിന്റെ തുടർച്ചയായി 11-5-2017 തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമരസമിതി അംഗങ്ങളുമായി ചർച്ച നടത്തിയിട്ടുള്ളതുമാണ്. 27-5-2017 തീയതി ജില്ലാ കളക്ടർ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർത്തിട്ടുള്ളതാണ്. തുടർന്ന് 4-6-2017 തീയതി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രാദേശിക

നേതാക്കളുടെ യോഗവും 17-6-2017 തീയതി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ജില്ലാതല നേതാക്കളുടെ യോഗവും വിളിച്ച് ചേർത്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ബഹുമാനപ്പെട്ട ചെന്നൈ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെയും ഉത്തരവുകൾ നടപ്പിലാക്കുന്നതിനായി 14-6-2017 മുതൽ കമ്പനിയുടെ ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് ആവശ്യമായ പോലീസ് സംരക്ഷണം നൽകുവാൻ ജില്ലാ കളക്ടർ,, ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) കത്ത് ലഭിച്ചിട്ടില്ല.

**തൊണ്ടർനാട് പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി**

134 (1787) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച, മാനന്തവാടി മണ്ഡലത്തിലെ തൊണ്ടർനാട് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തൊണ്ടർനാട് പോലീസ് സ്റ്റേഷൻ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മാനന്തവാടി പോലീസ് സർക്കിൾ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൊണ്ടർനാട് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**നെടുങ്കണ്ടത്ത് എസ്.എൻ.ഡി.പി. ശാഖാ ഓഫീസ് ആക്രമിച്ച സംഭവം**

135 (1789) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുങ്കണ്ടത്ത് എസ്.എൻ.ഡി.പി. ശാഖാ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്രപേർക്കെതിരെ കേസ്സെടുത്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും അറിയിക്കുമോ;

(ബി) പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എസ്.എൻ.ഡി.പി. ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 581/17 നമ്പർ കേസ്സിലെ 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ക്രൈം 582/17 നമ്പർ കേസ്സിൽ നിലവിൽ 6 പേർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) നിലവിലുള്ള അന്വേഷണത്തിൽ എസ്.എൻ.ഡി.പി.-യിലെ ഇരു വിഭാഗങ്ങൾ തമ്മിലാണ് സംഘർഷമുണ്ടായതെന്ന് വ്യക്തമായിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിവരുന്നുണ്ട്.

**ക്ഷേത്രങ്ങളിലെ ആയുധ പരിശീലനം**

136 (1790) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രങ്ങളിൽ ആയുധ പരിശീലനം നടക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ക്ഷേത്രങ്ങളിലാണ് ഇത്തരത്തിൽ പരിശീലനങ്ങൾ നൽകുന്നത്; വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ചില ക്ഷേത്ര പരിസരങ്ങളിൽ ആർ.എസ്.എസ്. ശാഖയിൽ കുറുവടി ഉപയോഗിച്ച് പരിശീലനം നടത്തുന്നതായി അറിവായിട്ടുണ്ട്. വിശദ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**ഹർത്താലുമായി ബന്ധപ്പെട്ട അക്രമങ്ങൾ**

137 (1791) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-7-2017-ൽ നടന്ന ഹർത്താലുമായി ബന്ധപ്പെട്ട് ബി.ജെ.പി. പ്രവർത്തകർ സംസ്ഥാനത്തിന്റെ പലഭാഗത്തും അക്രമങ്ങൾ നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അക്രമസംഭവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല, നിയോജകമണ്ഡലം എന്നിവ തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്രമം നടത്തിയവർക്കെതിരെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 30-7-2017-ന് നടന്ന ഹർത്താലുമായി ബന്ധപ്പെട്ട് ഉണ്ടായ അക്രമ സംഭവങ്ങളിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 65 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളുടെ വിവരങ്ങൾ ജില്ല, നിയോജകമണ്ഡലം എന്നീ തലങ്ങളിൽ തരംതിരിച്ച് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

**ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി**

138 (1792) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ജില്ലാ ഭരണകൂടത്തിന്റെ അനുമതി വേണമെന്ന് 2005-ൽ ആഭ്യന്തരവകുപ്പ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഇത്തരം അനുമതിയോ നിരാകരണമോ ജില്ലാ ഭരണകൂടത്തിൽ നിന്ന് യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് ജില്ലാ ഭരണകൂടത്തിന്റെ തീരുമാനത്തിന് സമയപരിധി നിശ്ചയിക്കാൻ സർക്കാർ തയ്യാറാവുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ മുഖാന്തരം ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അപേക്ഷകളിൽ പോലീസ്, ആർ.ഡി.ഒ.-മാർ മുഖാന്തരം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണാനുമതി നൽകുകയോ നിരാകരിക്കുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവുകളാണ് നൽകുന്നത്. സമയപരിധി നിശ്ചയിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹർത്താലുകളുടെ കണക്ക്

139 (1793) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 മേയ് 24-ന് ശേഷം പ്രതിപക്ഷ പാർട്ടികളും ബി.ജെ.പി.-യും നിയമസഭയിൽ പ്രാതിനിധ്യമില്ലാത്ത ഇതര സംഘടനകളും നിരന്തരം ഹർത്താൽ പ്രഖ്യാപിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീയതിക്കുശേഷം കേരളത്തിൽ എത്ര സംസ്ഥാന ഹർത്താലുകൾ നടന്നുവെന്നും അവ ഏതൊക്കെ തീയതികളിലാണെന്നും ഹർത്താൽ ആഹ്വാനം ചെയ്ത പ്രസ്ഥാനങ്ങളുടെ പേര് എന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത തീയതിക്കുശേഷം സംസ്ഥാനത്ത് എത്ര ജില്ലാ ഹർത്താലുകൾ നടന്നുവെന്നും ഏതൊക്കെ പ്രസ്ഥാനങ്ങളുടെ ആഹ്വാനപ്രകാരമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇക്കാലയളവിൽ സംസ്ഥാനത്ത് എത്ര പ്രാദേശിക ഹർത്താലുകൾ നടന്നുവെന്നും അവ ഏതൊക്കെ പ്രദേശങ്ങളിലാണെന്നും, ഹർത്താൽ നടന്ന തീയതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## അക്രമങ്ങൾക്ക് ശാശ്വത പരിഹാരം

140 (1794) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെ എത്ര അക്രമങ്ങളുണ്ടായി എന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെ എത്ര അക്രമങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; സ്ത്രീ സുരക്ഷയ്ക്ക് സംസ്ഥാന സർക്കാർ എന്തല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; അവ പ്രാബല്യത്തിൽ വരുത്തിയോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് പട്ടിക ജാതി / പട്ടിക വർഗ്ഗക്കാരോടുള്ള അക്രമങ്ങൾ പെരുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലയളവിൽ പട്ടിക ജാതി/പട്ടിക വർഗ്ഗ സമുദായക്കാർക്കെതിരെ എത്ര അക്രമങ്ങളുണ്ടായിട്ടുണ്ട്; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര അക്രമങ്ങളാണ് ഉണ്ടായിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങളാണ് ഉണ്ടായിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന രാഷ്ട്രീയ അക്രമങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി പ്രാദേശിക തലത്തിലും സംസ്ഥാനതലത്തിലും രാഷ്ട്രീയപാർട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സമാധാന ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ ക്രമസമാധാനം ഉറപ്പുവരുത്താൻ കർശനമായ നിർദ്ദേശം പോലീസ് അധികാരികൾക്ക് നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ 13 കേസ്സുകളിലായി 14 രാഷ്ട്രീയ കൊലപാതകങ്ങളാണ് ഉണ്ടായിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**തിരുവനന്തപുരത്തെ രാജേഷിന്റെ കൊലപാതകം**

141 (1795) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ആർ.എസ്.എസ്. കാര്യവാഹക് രാജേഷിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഗൂഢാലോചനാ കുറ്റത്തിന് കേസെടുത്തിട്ടുണ്ടോ;

(ബി) കൊല്ലപ്പെട്ട രാജേഷിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുമോ; എങ്കിൽ എന്ത് തുകയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) രാജേഷിന്റെ ഇളയ സഹോദരൻ രാജീവിന്റെ ജീവന് ഭീഷണിയുള്ള സാഹചര്യത്തിൽ കുടുംബാംഗങ്ങൾക്ക് സംരക്ഷണം നൽകുമോ എന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ ഇത്തരം സന്ദർഭങ്ങളിൽ നഷ്ടപരിഹാരം സർക്കാർ നൽകുന്നില്ല.

(സി) ജീവന് ഭീഷണിയുള്ളതായി പരാതി ലഭിക്കുകയോ ബോദ്ധ്യപ്പെടുകയോ ചെയ്തിട്ടില്ല.

**പൊതുനിരത്തുകളിലെ പ്രകടനം**

142 (1796) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതു നിരത്തുകളിൽ പ്രകടനം നടത്തിയ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉൾപ്പെട്ട വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഗോസംരക്ഷണത്തിന്റെ പേരിൽ അക്രമം**

143 (1797) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോസംരക്ഷണത്തിന്റെ പേരിൽ രാജ്യത്താകമാനം അക്രമം നടന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ സംസ്ഥാനത്ത് സംഭവിച്ച ആക്രമണങ്ങൾ എന്തെല്ലാം എന്നും, ആക്രമണങ്ങളെ പ്രതിരോധിക്കാനും/തടയാനും പ്രസ്തുത പ്രവർത്തനങ്ങളിൽ ജനങ്ങൾ ഭാഗമാകാതിരിക്കാനും എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) ഗോസംരക്ഷണം സംസ്ഥാന വിഷയമായതിനാൽ, പശുവിന്റെ പേരിൽ ജനങ്ങളെ കൊല്ലുന്നതും, പരിക്കേല്പിക്കുന്നതും, അക്രമം അഴിച്ചുവിടുന്നതും ഇവയെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് കൊണ്ടുവരുന്നതിനുപയോഗിക്കുന്ന വാഹനങ്ങൾ ആക്രമിക്കപ്പെടുന്നതും തടയുവാൻ ഈ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് ഒരു സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എറണാകുളം റൂറൽ ജില്ലയിൽ കരുമല്ലൂർ വില്ലേജിൽ വെസ്റ്റ് വെളിയത്തുനാട് കരയിൽ കാരുകുന്ന് ഭാഗത്ത് കുഴക്കംതല വീട്ടിൽ തോമസ് മകൻ ജേക്കബ് എന്നയാൾ 15-3-2017-ൽ ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ഹാജരായി, താൻ പശുവിനെ വെട്ടി ഇറച്ചിയാക്കിക്കൊണ്ടിരിക്കെ പ്രദേശത്തുള്ള അനി, ശരത്ത്, ബൈജു, ഗിരീഷ് തുടങ്ങി കണ്ടാൽ അറിയാവുന്ന പത്തോളം പേർ ചേർന്ന് വെട്ടിയ ഇറച്ചിയിൽ മണ്ണ് വാരിയിട്ട് നാശനഷ്ടം വരുത്തിയതായി മൊഴി നൽകിയതിന്റെയ ടിസ്ഥാനത്തിൽ ക്രൈം 413/17 u/s 143, 147, 447, 427, 506, 294(b) r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഇത്തരം സംഭവങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഗോസംരക്ഷണത്തിന്റെ പേരിൽ അക്രമങ്ങളോ ജനങ്ങളെ കൊല്ലുന്നതോ വാഹനങ്ങൾ തടയുന്നതോ ആയ സംഭവങ്ങളുണ്ടായാൽ നിലവിലുള്ള നിയമപ്രകാരം കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**
**ആരംഭിക്കുന്നതിന് നടപടി**

144 (1798) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരക്കേറിയ കരുനാഗപ്പള്ളി നഗരത്തിൽ ട്രാഫിക് സംവിധാനങ്ങളും ട്രാഫിക് ലംഘനങ്ങളും നിയന്ത്രിക്കുന്നതിനായി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ട്രാഫിക് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കരുനാഗപ്പള്ളിയിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താൽക്കാലിക ക്രമീകരണമെന്ന നിലയിൽ ഒരു ട്രാഫിക് സംവിധാനം നിലവിലുണ്ട്. കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവി കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പിൻവലിക്കപ്പെട്ട കേസ്സുകൾ

145 (1799) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പിൻവലിച്ച കേസ്സുകൾ ഏതെല്ലാം സെക്ഷനുകൾ അനുസരിച്ച് ഏതൊക്കെ ക്രൈം നമ്പരുകൾ പ്രകാരം ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയാണെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) കേസ്സുകളുടെ ഏത് ഘട്ടത്തിലാണ് ഇവ പിൻവലിച്ചതെന്നും ഇവയുടെ ചാർജ്ജ് ഷീറ്റുകൾ കോടതിയിൽ സമർപ്പിച്ചിരുന്നോയെന്നും വിശദമാക്കുമോ;

(ഡി) ഒന്നിൽ കൂടുതൽ കേസ്സുകളിൽ പ്രതിചേർക്കപ്പെട്ട എത്രപേർ പിൻവലിക്കപ്പെട്ട കേസ്സുകളിൽ ഉൾപ്പെട്ടിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കേസ്സുകൾ ആരുടെയെങ്കിലും അപേക്ഷയുടെ അടിസ്ഥാനത്തിലാണോ പിൻവലിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 129 കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി &സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 18 പേർ

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ

146 (1800) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നും ഇവയിൽ എത്ര കേസ്സുകളിലാണ് പ്രതികളെ പിടികൂടിയിട്ടുള്ളതെന്നും ഇനി എത്ര കേസ്സുകളിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്യാനുണ്ടെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിലോ പോലീസ് വകുപ്പിന്റെ ഓഫീസുകളിലോ, അപേക്ഷ സമർപ്പിക്കുന്നതിനോ ഉദ്യോഗസ്ഥരെ നേരിൽ കാണുന്നതിനോ എത്തിയ ഏതെങ്കിലും വനിതകൾക്കുനേരെ പോലീസിന്റെ ഭാഗത്ത് നിന്നും കയ്യേറ്റമുണ്ടായ സംഭവം നടന്നിട്ടുണ്ടോ; എങ്കിൽ ഇത് സ്ത്രീ സുരക്ഷ സംബന്ധിച്ച സർക്കാർ നയത്തിനെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 17819 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 15474 കേസ്സുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട്. 2345 കേസ്സുകളിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്യാനുണ്ട്.

(ബി) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി വനിതാ സെല്ലുകളും 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന വനിതാ ഹെൽപ്പ് ലൈനുകളും നിലവിലുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തരസഹായം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ 'Woman Self Defence Training Programme' എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. ഈ പരിശീലന പരിപാടിയിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥിനികൾ, വീട്ടമ്മമാർ, പലവിധ ഓഫീസിൽ നിന്നുള്ള സ്ത്രീകൾ, കുടുംബശ്രീ യൂണിറ്റ് മെമ്പർമാർ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ, കോളേജ് എന്നീ തലങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ഇത്തരം നടപടികൾ സ്വീകരിച്ചതിന്റെ ഫലപ്രാപ്തി ഉന്നത ഉദ്യോഗസ്ഥ തലത്തിൽ എല്ലാ മാസവും അവലോകനം ചെയ്യുകയും ചെയ്തുവരുന്നു. മേൽപ്രവർത്തനങ്ങളിലൂടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിലോ പോലീസ് വകുപ്പിന്റെ ഓഫീസുകളിലോ അപേക്ഷ സമർപ്പിക്കുന്നതിനോ ഉദ്യോഗസ്ഥരെ നേരിൽ കാണുന്നതിനോ എത്തിയ ഏതെങ്കിലും വനിതകൾക്കുനേരെ പോലീസിന്റെ ഭാഗത്ത് നിന്നും കയ്യേറ്റമുണ്ടായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ

147 (1801) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു; തട്ടിക്കൊണ്ടുപോയ കുട്ടികളിൽ എത്ര പേരെ ഇനിയും കണ്ടെത്താനുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ലൈംഗിക പീഡനത്തെ തുടർന്നും അല്ലാതെയും എത്ര കുട്ടികൾ കൊല ചെയ്യപ്പെട്ടിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കുട്ടികളെ തട്ടിക്കൊണ്ടുപോയ 218 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 218 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 249 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തട്ടിക്കൊണ്ടുപോയ കുട്ടികളിൽ 3 പേരെ ഇനിയും കണ്ടെത്താനുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച 2965 പരാതികൾ ലഭിക്കുകയും 2965 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) ലൈംഗിക പീഡനത്തെ തുടർന്ന് കുട്ടികളാരും തന്നെ കൊലചെയ്യ പെട്ടിട്ടില്ല. അല്ലാതെ 52 കുട്ടികൾ കൊലചെയ്യപ്പെടുകയും ഇതുമായി ബന്ധപ്പെട്ട് 40 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 43 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

## മുഖ്യമന്ത്രിയായിരിക്കെ ശ്രീ. ഉമ്മൻ ചാണ്ടിയെ ആക്രമിച്ച കേസ്

148 (1802) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയായിരിക്കെ ശ്രീ. ഉമ്മൻ ചാണ്ടിയെ 2013 ഒക്ടോബർ 27-ന് കണ്ണൂരിൽ വെച്ച് ഒരു സംഘം ആക്രമിച്ചത് സംബന്ധിച്ച് പോലീസ് കേസ്സെടുത്തിരുന്നോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും പ്രതികൾ ആരെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസ് പിൻവലിക്കാൻ ആരുടെയെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആരാണ് പരാതി നൽകിയതെന്നും പരാതിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1637/13 u/s. 143, 147, 148, 341, 353, 332, 324, 307 r/w 149 IPC & Sec.3(1) of PDPP Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത കേസ് പിൻവലിക്കാൻ അപേക്ഷ ലഭിച്ചിട്ടില്ല.

**മദ്യവില്പനശാലക്കെതിരെയുള്ള സമരത്തിൽ ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-യുടെ പേരിൽ കേസ്**

149 (1803) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബെവ്കോ ചില്ലറ മദ്യവില്പനശാല താന്നിവിളയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനെതിരെ സമരം ചെയ്തതിന് ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.-യെ പ്രതിയാക്കി പോലീസ് കേസ്സെടുത്തിട്ടുണ്ടോ;

(ബി) ഈ കേസ്സിൽ എത്ര പ്രതികളാണുള്ളതെന്നും ജൂലൈ 31 വരെ പോലീസ് ആരെയെല്ലാം അറസ്റ്റ് ചെയ്തുവെന്നും വെളിപ്പെടുത്തുമോ;

(സി) സമരത്തിൽ പങ്കെടുത്ത പള്ളിച്ചൽ പഞ്ചായത്ത് അംഗം വിശ്വാമിത്രൻ വിജയൻ, ബാലരാമപുരം ശശി എന്നിവർ കേസ്സിൽ പ്രതികളാണോയെന്നും ഇവരെ അറസ്റ്റ് ചെയ്തുവോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി കേസ്സിൽ 300-ഓളം പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ഇതിൽ 2017 ജൂലൈ 31 വരെയുള്ള കാലയളവിൽ എം.എൽ.എ.-യെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ടിയാൾക്കാരെ പ്രതിസ്ഥാനത്ത് ചേർത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ബേക്കൽ പോലീസ് ക്രൈം നമ്പർ 16/17 സംബന്ധിച്ച വിശദാംശം**

150 (1804) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 16/17 കെ. ദേവകി കൊലക്കേസ്, ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ കേസ്സിൽ ആരെയെങ്കിലും ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 16/17 കെ. ദേവകി കൊലക്കേസ് ഇപ്പോൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം (സി.ബി.സി.ഐ.ഡി., എച്ച്.എച്ച്.ഡബ്ല്യൂ-3) കണ്ണൂർ സബ് യൂണിറ്റിലെ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. (CBCID Cr.No.109//Cr./ HHW-III/KKD/17)

(ബി) ഈ കേസ്സിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ കണ്ടെത്തുന്നതിന് സഹായകരമായ തെളിവുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

**സി-ഡിറ്റ് ജോയിന്റ് ഡയറക്ടർക്കെതിരെയുള്ള വിൻജിലസ് കേസ്**

151 (1806) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. ഉണ്ണികൃഷ്ണനെതിരെയുള്ള വിജിലൻസ് കേസിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസിന്റെ അന്തിമ അന്വേഷണ റിപ്പോർട്ട് ലഭിച്ചോ;

(സി) എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സി-ഡിറ്റ് ജോയിന്റ് ഡയറക്ടർ ശ്രീ. ഉണ്ണികൃഷ്ണനെതിരെയുള്ള വി.സി.2/12/എസ്.ഐ.യു.-1/ഐ.കെ.എം. നമ്പർ വിജിലൻസ് കേസ്സിന്റ അന്വേഷണം പൂർത്തിയായി. 22-10-2016 തീയതിയിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.

**ടോമിൻ ജെ. തച്ചങ്കരിക്കെതിരായ വിജിലൻസ് കേസ്**

152 (1807) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി നിരോധന നിയമപ്രകാരം എ.ഡി.ജി.പി. ടോമിൻ ജെ. തച്ചങ്കരിക്കെതിരെ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഗുരുതരമായ ആരോപണങ്ങളിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥനെ പോലീസ് ആസ്ഥാനത്ത് ഉന്നതപദവിയിൽ നിയമിക്കുവാനുണ്ടായ സാഹചര്യമെന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ടോമിൻ ജെ. തച്ചങ്കരിയെ എന്തുകൊണ്ട് സസ്പെന്റ് ചെയ്യുന്നില്ല എന്ന 11-7-2017-ലെ കേരള ഹൈക്കോടതിയുടെ വാക്കാലുള്ള പരാമർശം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അതുപ്രകാരം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ 'റ്റി' സെക്ഷനിൽ നിന്നും തച്ചങ്കരിക്കെതിരെയുള്ള കേസ്സുകളെ സംബന്ധിക്കുന്ന രഹസ്യഫയലുകൾ നഷ്ടപ്പെട്ടുവെന്ന് മുൻ സംസ്ഥാന പോലീസ് മേധാവി പരാതി നൽകിയിരുന്നോ;

(ഇ) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയോയെന്നും എങ്കിൽ പ്രസ്തുത പരാതി വസ്തുതാപരമാണോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ നിലവിലുള്ള എ.ഡി.ജി.പി.-ക്ക് പുറമെ മറ്റൊരു എ.ഡി.ജി.പി. തസ്തിക കൂടി പുതുതായി സൃഷ്ടിക്കണമെന്നും ഈ തസ്തികയിലേക്ക് പോലീസ് ആസ്ഥാനത്ത് എ.ഡി.ജി.പി. ആയ ശ്രീ. അനിൽകാന്ത് ഐ.പി.എസ്.-നെ നിയമിക്കണമെന്നും വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്ത സാഹചര്യത്തിൽ ശ്രീ. അനിൽകാന്ത് ഐ.പി.എസ്.-നെ വിജിലൻസ് ആസ്ഥാനത്ത് പുതുതായി സൃഷ്ടിച്ച എക്സ് കേഡർ തസ്തികയിൽ നിയമിക്കുകയുണ്ടായി. ഇതുവഴി പോലീസ് ആസ്ഥാനത്ത് ഉണ്ടായ ഒഴിവ് നികത്തുന്നതിനായാണ് ശ്രീ. ടോമിൻ ജെ. തച്ചങ്കരിയെ എ.ഡി.ജി.പി. (ഹെഡ്ക്വാർട്ടേഴ്സ്) ആയി നിയമനം നടത്തിയത്.

(സി) ശ്രീ. ടോമിൻ ജെ. തച്ചങ്കരി, ഐ.പി.എസ്.-നെ സസ്പെന്റ് ചെയ്യേണ്ട സാഹചര്യം ഉണ്ടായിരുന്നില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) പോലീസ് ആസ്ഥാനത്തെ 'റ്റി' സെക്ഷനിൽ നിന്നും ശ്രീ. ടോമിൻ ജെ. തച്ചങ്കരിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ സംബന്ധിച്ച ഫയലുകളുടെ പകർപ്പുകൾ ടിയാൻ എടുത്തിരുന്നുവെന്ന വിവരം അറിയാൻ കഴിഞ്ഞിരുന്നുവെന്നുള്ളതാണ് അന്നത്തെ പോലീസ് മേധാവിയായിരുന്ന ശ്രീ. ടി. പി. സെൻകുമാർ ശ്രീ. തച്ചങ്കരിക്കെതിരെ സർക്കാരിന് നൽകിയ പരാതിയിൽ ബോധിപ്പിച്ചത്.

(ഇ) പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം പോലീസ് ആസ്ഥാനത്തെ എ.ഐ.ജി.-യും മാനേജരും പോലീസ് ആസ്ഥാനത്തെ 'റ്റി' സെക്ഷനിലെ ഫയലുകൾ സംബന്ധിച്ച് സീറ്റടിസ്ഥാനത്തിൽ വിശദമായ ഓഡിറ്റ് നടത്തി പ്രസ്തുത സെക്ഷനിൽ നിന്നും ഫയലുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി.

**സ്വകാര്യ മെഡിക്കൽ കോളേജ് കോഴ കേസ്സിന്റെ നിലവിലെ സ്ഥിതി**

153 (1808) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മെഡിക്കൽ കോളേജ് കോഴ കേസ്സിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ; ഇത് ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ കേസ്സിലെ സതീഷ് നായർ എന്ന ഡൽഹി സ്വദേശിയുടെ പങ്ക് എന്താണ്; ടിയാന്റെ മേൽവിലാസം വെളിപ്പെടുത്തുമോ;

(സി) കേസ്സിലെ പ്രതികൾ ആരൊക്കെ ; പേര്, അഡ്രസ്സ് എന്നിവ സഹിതം വിശദമാക്കുമോ; കേസ്സിലെ വാദി ആരാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ, കേസ് സംബന്ധിച്ച് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുള്ളതായി അറിവുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. പ്രസ്തുത അന്വേഷണം പൂർത്തിയായാൽ മാത്രമേ വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഡി) വിവരം ലഭ്യമല്ല.

**വിജിലൻസ് മാന്വൽ പരിഷ്കരണം**

154 (1809) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിജിലൻസ് മാന്വൽ ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് എന്നാണ് എന്നറിയിക്കാമോ; എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർക്കുലറിന്റെ നിയമസാധുത വിശദമായി പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം വിജിലൻസ് ഡയറക്ടർക്ക് നൽകുന്നത് ഏത് ചട്ട പ്രകാരമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 22-2-2001 തീയതിയിൽ പ്രസിദ്ധീകരിച്ച വിജിലൻസ് മാനുവൽ പരിഷ്കരിച്ചിട്ടില്ല.

(ബി) വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വിജിലൻസ് ഡയറക്ടറുടെ 25-5-2017 തീയതിയിലെ 02/17 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) വിജിലൻസ് മാനുവലിലെ ഖണ്ഡിക 56 പ്രകാരവും 12-5-1992 തീയതിയിലെ ജി.ഒ.(പി) 65/92/വിജി., 29-3-2017 തീയതിയിലെ ജി.ഒ.(പി) 09/2017/വിജി. എന്നീ നമ്പർ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നൽകിയതുപോലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനുള്ള അധികാരം വിജിലൻസ് ഡയറക്ടർക്കുണ്ട്. കൂടാതെ നിലവിലുള്ള വിവിധ ചട്ടങ്ങൾ, വിജിലൻസ് മാനുവൽ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ ഉള്ളിൽ നിന്നുകൊണ്ട് ആവശ്യമുള്ള നടപടികളെടുക്കാനുള്ള അധികാരവും വിജിലൻസ് ഡയറക്ടറുടെ പദവിയിൽ നിക്ഷിപ്തമാണ്.

## വിജിലൻസ് റിപ്പോർട്ടുകൾ അട്ടിമറിച്ചതിന് നടപടി നേരിട്ട എസ്.പി.-യുടെ നിയമനം

155 (1810) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് റിപ്പോർട്ടുകൾ അട്ടിമറിച്ചതിന് നടപടി നേരിട്ട പോലീസ് സൂപ്രണ്ട് ശ്രീ. ബി. അശോകനെ വിജിലൻസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ-I-ൽ ഒന്നിൽ നിയമിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സുപ്രധാന വിജിലൻസ് കേസ്സുകൾ അന്വേഷിക്കുന്ന പ്രസ്തുത യൂണിറ്റിൽ അഴിമതി കേസുകൾ അട്ടിമറിക്കുന്നതിന് കൂട്ടുനിന്നുവെന്ന് ആരോപിതനായ ഉദ്യോഗസ്ഥനെ നിയമിച്ചത് എന്തടിസ്ഥാനത്തിലാണ്;

(സി) ഇദ്ദേഹത്തെ വിജിലൻസിൽ നിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ കത്ത് നൽകിയിരുന്നോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. ബി. അശോകൻ, ഐ.പി.എസ്.-നെ 6-6-2017 തീയതിയിലെ ജി.ഒ. (ആർ.ടി.) നമ്പർ 3558/2017/ജി.എ.ഡി. ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ൽ പോലീസ് സൂപ്രണ്ടായി നിയമിച്ചിരുന്നു. ശ്രീ. അശോകനെതിരെ ഒരു അച്ചടക്കനടപടിയും നിലവിലില്ല.

(ബി&സി) 31-7-2017 തീയതിയിലെ ജി.ഒ.(ആർ.ടി.) 4850/2017/ ജി.എ.ഡി. നമ്പർ ഉത്തരവുപ്രകാരം ശ്രീ. ബി. അശോകൻ, ഐ.പി.എസ്.-നെ കൊല്ലം റൂറൽ പോലീസ് സൂപ്രണ്ടായി മാറ്റി നിയമിച്ചിട്ടുണ്ട്. ടിയാനെ മാറ്റുന്നതിനായി വിജിലൻസ് ഡയറക്ടർ കത്ത് നൽകിയിരുന്നില്ല.

**സംസ്ഥാനത്തെ വിജിലൻസ് കോടതികൾ**

156 (T*1811) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കേരളത്തിൽ എത്ര വിജിലൻസ് കോടതികൾ ഉണ്ട് ; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അവയിൽ ഓരോ കോടതികളിലും നിലവിൽ എത്ര ഉദ്യോഗസ്ഥർ വീതമുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(സി) നിലവിലുള്ള വിജിലൻസ് കോടതികൾ സംസ്ഥാനത്തെ വിജിലൻസ് കേസ്സുകൾ തീർക്കാൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) പുതിയ വിജിലൻസ് കോടതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഉത്തരം

(എ) നിലവിൽ കേരളത്തിൽ 6 വിജിലൻസ് കോടതികൾ പ്രവർത്തിച്ച വരുന്നു. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരത്തും, കോട്ടയം ജില്ലയിൽ കോട്ടയത്തും, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിലും, തൃശ്ശൂർ ജില്ലയിൽ തൃശ്ശൂരും, കോഴിക്കോട് ജില്ലയിൽ കോഴിക്കോട്ടും, കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലുമാണ് പ്രസ്തുത കോടതികൾ.

(ബി) എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതികൾ

| തസ്തിക | തിരുവനന്തപുരം | കോട്ടയം | തൃശ്ശൂർ | മൂവാറ്റുപുഴ | തലശ്ശേരി | കോഴിക്കോട് |
|---|---|---|---|---|---|---|
| ഇ.സി. & എസ്.ജെ. | 1 | 1 | 1 | 1 | 1 | 1 |
| മാനേജർ | 1 | 1 | 1 | 1 | 1 | 1 |
| അസിസ്റ്റന്റ് | 5 | 3 | 3 | 3 | 3 | 3 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 3 | 2 | 2 | 2 | 2 | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 1 | 1 | 1 | 1 | 1 |
| ഡഫേദാർ | 1 | 1 | 1 | 1 | 1 | 1 |
| ഡ്രൈവർ | 0 | 1 | 1 | 1 | 1 | 1 |
| സ്വീപ്പർ കം വാച്ച്മാൻ | 1 | 1 | 1 | 1 | 0 | 1 |
| ഓഫീസ് അറ്റൻഡന്റ് | 0 | 2 | 2 | 1 | 2 | 5 |
| ആകെ | 13 | 13 | 13 | 12 | 12 | 16 |

(സി) കരുതുന്നില്ല.

(ഡി) ശിപാർശകളൊന്നും നിലവിലില്ല.

## സർക്കാർ ജീവനക്കാരുടെ അഴിമതി

157 (1812) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഇടയിലുള്ള അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അഴിമതി കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പല പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരാതികളിന്മേൽ അന്വേഷണം, മിന്നൽ പരിശോധന, ത്വരിത പരിശോധന, വിജിലൻസ് അന്വേഷണം, ഓഫീസ് സന്ദർശനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് 286 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## വിജിലൻസിനെ ശക്തിപ്പെടുത്തി അഴിമതി അവസാനിപ്പിക്കുന്നതിന് നടപടി

158 (1813) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ അഴിമതി വിമുക്തമാക്കും, അഴിമതിക്ക് അന്ത്യം കുറിച്ച് സദ്ഭരണം ഉറപ്പാക്കും തുടങ്ങിയ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ അധികാരമേറ്റാലുടൻ ഒരു കലണ്ടർ തയ്യാറാക്കുമെന്നും വിജിലൻസിന്റെ പ്രവർത്തനങ്ങളും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിക്കുമെന്നും ഉള്ള വാഗ്ദാനങ്ങൾ നിറവേറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏക അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(സി) ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന അന്വേഷണ ഏജൻസിയായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സി.ബി.ഐ.യിലെയും സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിലെയും അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് അലവൻസുകളും താരതമ്യം ചെയ്തുള്ള പഠന റിപ്പോർട്ടുകളോ ആയത് സംബന്ധമായ മറ്റ് വിശദാംശങ്ങളോ ലഭ്യമാണോ; എങ്കിൽ ആയതിന്റെ പകർപ്പോ വിശദാംശങ്ങളോ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വിജിലൻസ് അന്വേഷണത്തെയും പ്രോസിക്യൂഷൻ നടപടികളെയും കുറിച്ച് പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയോഗിക്കുന്നത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 16-12-2016-ലെ സ.ഉ. (സാധാ) നമ്പർ 34/2016/വിജി. പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 24 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കണ്ണൂർ, മലപ്പുറം യൂണിറ്റ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷം 3 കോടി രൂപ അനുവദിക്കുകയും പ്രസ്തുത സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി മലപ്പുറം ഓഫീസിന് 190 ലക്ഷം രൂപയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിയും കണ്ണൂർ ഓഫീസിന്റെ നിർമ്മാണത്തിനായി 202 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ 2017-18 സാമ്പത്തിക വർഷം ഡയറക്ടറേറ്റിലും എറണാകുളം യൂണിറ്റിലും അഡീഷണൽ കൺസ്ട്രക്ഷനും ഇടുക്കി യൂണിറ്റിന് കെട്ടിട നിർമ്മാണത്തിനുമായി 3 കോടി രൂപ അനുവദിക്കുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശാസ്ത്രീയമായ അന്വേഷണ സംവിധാനങ്ങൾക്കായി സി-ഡാക്കിൽ നിന്നും ഒരു പോർട്ടബിൾ ഫോറൻസിക് ടൂൾ കിറ്റ് 30, 32GB ഒ.റ്റി.ജി. പെൻഡ്രൈവുകൾ വാങ്ങിയിട്ടുണ്ട്. അതോടൊപ്പം നവീകരണ ഫണ്ടിൽനിന്ന് 40 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 20 പ്രിന്റർ, 40 യു.പി.എസ്., 53 ലാപ്ടോപ്പ്, 29 ഹാൻഡിക്യാം എന്നിവ വാങ്ങിയിട്ടുണ്ട്.

(സി) ലഭ്യമല്ല.

**വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

159 (1814) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ (ഡിവൈ.എസ്.പി., സി.ഐ. റാങ്കുകളിൽ) എത്ര തസ്തികകൾ പുതിയതായി അനുവദിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥർക്കും എക്സിക്യൂട്ടീവ് സ്റ്റാഫിനും ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തികാനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏക അഴിമതി അന്വേഷണ ഏജൻസിയായ വിജിലൻസിന് ഒരു മാസം ശരാശരി എത്ര പരാതികളാണ് അന്വേഷണത്തിന് പ്രാഥമിക പരിശോധനയ്ക്കായി ലഭിക്കുന്നത്;

(ഡി) വിജിലൻസിൽ ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമാനുസരണം അധികാരമുള്ള ഉദ്യോഗസ്ഥരുടെ (ഡിവൈ. എസ്.പി., സി.ഐ. റാങ്കുകളിലുള്ള )നിലവിലെ എണ്ണം എത്രയാണ്;

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവദിച്ച സമയപരിധിയായി ഒരു പരാതിക്ക് 42 ദിവസം എന്ന കണക്കിൽ ഒരു മാസം സംസ്ഥാന വിജിലൻസിന് ലഭിക്കുന്ന ശരാശരി പരാതികളുടെ എണ്ണത്തിന് ആനുപാതികമായി വിജിലൻസിൽ എത്ര അന്വേഷണ ഉദ്യോഗസ്ഥർ (ഡി.വൈ.എസ്.പി., സി.ഐ. റാങ്കുകളിലുള്ള ) ആണ് വേണ്ടതെന്ന് പറയുമോ;

(എഫ്) വിജിലൻസിലെ എല്ലാ അന്വേഷണ ഉദ്യോഗസ്ഥർക്കും കാലഹരണ പെടാത്തതും ക്ഷമതയുള്ളതുമായ വാഹനങ്ങൾ ലഭ്യമാണോ; വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാർ ഉണ്ടോയെന്നും ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലും യൂണിറ്റുകളിലുമാണ് വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർമാരുടെ കുറവുള്ളതെന്നും വ്യക്തമാക്കുമോ ;

(ജി) ആവശ്യത്തിന് വാഹനങ്ങളും, ഡ്രൈവർമാരും, അന്വേഷണ ഉദ്യോഗസ്ഥരും സാമ്പത്തികാനുകൂല്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകാതെ സംസ്ഥാന വിജിലൻസിനെ ഉപയോഗിച്ച് അഴിമതി വിമുക്ത കേരളവും സദ്ഭരണവും പ്രാവർത്തികമാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന തന്ത്രങ്ങളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല.

(ബി) വിജിലൻസിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർക്ക് വൺ സ്റ്റെപ്പ് പ്രൊമോഷനും ഇൻസെന്റീവും നൽകുന്നത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) ഒരു മാസം ശരാശരി അഞ്ഞൂറോളം പരാതികൾ പ്രാഥമിക പരിശോധനയ്ക്കായി ലഭിക്കാറുണ്ട്.

(ഡി) ഡിവൈ.എസ്.പി. - 34

ഇൻസ്പെക്ടർ ഓഫ് പോലിസ് - 96

(ഇ) നിലവിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിന് വിജിലൻസിൽ അന്വേഷണ ഉദ്യോഗസ്ഥർ അപര്യാപ്തമാണ്. വിജിലൻസിന് ലഭിക്കുന്ന പരാതികളെല്ലാം സുപ്രീംകോടതി വിധിപ്രകാരം പരിശോധിക്കേണ്ടവയാകണമെന്നില്ല.

(എഫ്) വിജിലൻസിലെ എല്ലാ അന്വേഷണ ഉദ്യോഗസ്ഥർക്കും കാര്യക്ഷമതയുള്ള വാഹനങ്ങൾ ലഭ്യമാണ്. എന്നാൽ ഡ്രൈവർമാരുടെ കുറവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഓഫീസ് | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1 തിരുവനന്തപുരം | 1 |
| 2 | സ്പെഷ്യൽ സെൽ, തിരുവനന്തപുരം | 3 |
| 3 | ദക്ഷിണ മേഖല, തിരുവനന്തപുരം | 2 |
| 4 | തിരുവനന്തപുരം യൂണിറ്റ് | 3 |
| 5 | കൊല്ലം യൂണിറ്റ് | 2 |
| 6 | ആലപ്പുഴ യൂണിറ്റ് | 1 |
| 7 | കോട്ടയം യൂണിറ്റ് | 1 |
| 8 | ഇടുക്കി യൂണിറ്റ് | 1 |
| 9 | സ്പെഷ്യൽ സെൽ, എറണാകുളം | 1 |
| 10 | എറണാകുളം യൂണിറ്റ് | 2 |

| (1) | (2) | (3) |
|---|---|---|
| 11 | തൃശ്ശൂർ യൂണിറ്റ് | 1 |
| 12 | പാലക്കാട് യൂണിറ്റ് | 1 |
| 13 | മലപ്പുറം യൂണിറ്റ് | 2 |
| 14 | സ്പെഷ്യൽ സെൽ, കോഴിക്കോട് | 2 |
| 15 | കോഴിക്കോട് യൂണിറ്റ് | 1 |
| 16 | ഉത്തരമേഖല, കോഴിക്കോട് | 1 |

(ജി) ലഭ്യമായ ഉദ്യോഗസ്ഥരും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ച് അഴിമതി വിമുക്ത കേരളവും സദ്ഭരണവും പ്രാവർത്തികമാക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

## 2011-2016 കാലയളവിലെ മന്ത്രിമാർക്കെതിരെയുള്ള അഴിമതി കേസ്സുകൾ

160 (1815) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

2011-2016 കാലയളവിലെ സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ അഴിമതി കേസ്സുകളുണ്ടായിരുന്നു; എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ?

ഉത്തരം

2011-2016 കാലയളവിലെ സർക്കാരിലെ 9 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ രണ്ടെണ്ണം അന്വേഷണം പൂർത്തിയായി. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുന്ദമംഗലം കോടതിക്ക് പുതിയ കെട്ടിടം

161 (T*1816) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറ്റാണ്ടുകൾ പഴക്കമുള്ള കെട്ടിടത്തിലാണ് കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്തെ കോടതി പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോടതിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ ഹൈക്കോടതി നാളിതുവരെ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല. അപ്രകാരം നിർദ്ദേശം ലഭിക്കുന്നപക്ഷം ആയത് പരിശോധിക്കുന്നതാണ്.

## കായംകുളം കോടതി കോംപ്ലക്സ് നിർമ്മാണം

162 (T*1817) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം കോടതി കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള 15 കോടി രൂപയുടെ പ്രൊപ്പോസൽ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറിൽനിന്ന് ലഭിക്കുകയും പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരത്തിനായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിനുള്ള ഘട്ടത്തിലുമാണ്.

## മലപ്പുറം കുടുംബകോടതി കെട്ടിട നിർമ്മാണം

163 (T* 1818) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കുടുംബകോടതി കെട്ടിടനിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദീകരിക്കാമോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) നീതിന്യായ വകുപ്പിന് ഭൂമി കൈമാറി ഒരു വർഷം പിന്നിട്ടിട്ടും കെട്ടിട നിർമ്മാണ നടപടികൾ വൈകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നടപടികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) മലപ്പുറം കുടുംബകോടതി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് 25.11 സെന്റ് ഭൂമി നീതിന്യായ വകുപ്പിന് കൈമാറുകയും പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് രൂപരേഖയും എസ്റ്റിമേറ്റും ലഭ്യമാക്കണമെന്ന് മഞ്ചേരി ജില്ലാ ജഡ്ജിന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു. നിലവിൽ രൂപരേഖയും എസ്റ്റിമേറ്റും ഹൈക്കോടതിയിൽ ലഭിച്ചിട്ടില്ല.

(സി) രൂപരേഖയും എസ്റ്റിമേറ്റും ഹൈക്കോടതി പരിശോധിച്ച് അംഗീകരിച്ച തിനുശേഷം പൊതുമരാമത്ത് വകുപ്പ് നിർമ്മാണത്തിന് ഭരണാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കേണ്ടതുണ്ട്. അതിനുശേഷം മാത്രമേ പ്രസ്തുത കോടതി കെട്ടിടം നിർമ്മാണം ആരംഭിക്കുകയുള്ളൂ.

**തലശ്ശേരി ഫയർസ്റ്റേഷൻ**

164 (1819) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാവുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തലശ്ശേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്റ്റേഷൻ കെട്ടിടത്തോട് ചേർന്ന് ബഹുനില മന്ദിരം നിർമ്മിക്കു ന്നതിനുള്ള അനുമതി ആർക്കിയോളജി വകുപ്പിൽ നിന്നും ലഭിക്കുവാൻ സാദ്ധ്യതയി ല്ലാത്തതിനാൽ രണ്ട് ഒറ്റനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർക്കിയോളജി വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആർക്കിയോളജി വകുപ്പിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

**കോങ്ങാട് ഫയർ സ്റ്റേഷൻ കെട്ടിടം**

165 (1820) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അനുവദിച്ച കോങ്ങാട് ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണവും തസ്തിക അനുവദിച്ച് നൽകലും ഏതു ഘട്ടത്തിലാണെന്ന വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് ഫയർ സ്റ്റേഷന് ആവശ്യമായ ഭൂമി മൃഗസംരക്ഷണ വകുപ്പിൽ നിന്നും സ.ഉ.(M.S.) No. 206/17/Rev തീയതി 19-6-2017 ഉത്തരവ് പ്രകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും അനുവദിച്ച സ്ഥലം തിരികെയെടുക്കുമെന്നുള്ള നിബന്ധനയുള്ളതുകൊണ്ട് അടിയന്തരമായി ഇത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. തസ്തിക അനുവദിക്കുന്നതിനായി ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) 19-6-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 206/2017/റവ. പ്രകാരം കോങ്ങാട് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതിന് പ്രസ്തുത വകുപ്പ് പാലക്കാട് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**മട്ടാഞ്ചേരി ഫയർ സ്റ്റേഷന് മിനി വാൻ**

166 (1821) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർഫോഴ്സ് വകുപ്പ് നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങളെക്കാൾ കുറഞ്ഞ വീതിയിലും നീളത്തിലുമുള്ള മിനി വാനുകൾ നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ കൊച്ചി നിയോജകമണ്ഡലത്തിലെ പശ്ചിമ കൊച്ചി മേഖലയിലെ റോഡുകളുടെ വീതികുറഞ്ഞ അവസ്ഥ കണക്കിലെടുത്ത് ഒരു മിനി ഫയർ വാൻ മട്ടാഞ്ചേരി ഫയർ സ്റ്റേഷന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരത്തിലുള്ള മതിയായ വാഹനങ്ങൾ വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് മട്ടാഞ്ചേരി നിലയത്തിലും വാഹനം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി**

167 (1822) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കണം എന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഒൻപത് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട പ്രസ്തുത മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) കിനാലൂർ വ്യവസായ സമുച്ചയം, കക്കയം പവർഹൗസ് തുടങ്ങി ഒട്ടേറെ പരമപ്രധാന സ്ഥാപനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിലോ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഏജൻസിയായ റിസ്ക് മാനേജ്മെന്റ് സൊലൂഷൻ ഓഫ് ഇന്ത്യ നടത്തിയ റിപ്പോർട്ടിലോ ബാലുശ്ശേരി ഉൾപ്പെട്ടിട്ടില്ല. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലവും ലഭ്യമായിട്ടില്ല.

(സി) ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതികൾക്ക് ജയിലിൽ പ്രത്യേക സൗകര്യങ്ങൾ**

168 (1823) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിലെ പ്രതി പൂജപ്പുര സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിച്ചുവെന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത പ്രതികൾ പൂജപ്പുര സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസറെ മർദ്ദിച്ചുവെന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി.പി. കേസിലെ പ്രതികൾക്ക് പ്രത്യേക സൗകര്യങ്ങൾ ലഭിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ പ്രത്യേക പരിഗണനകളാണ് പ്രതികൾക്ക് ജയിലിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൂജപ്പുര പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) സി.നമ്പർ 9330 റഫീഖ് എന്ന തടവുകാരനെതിരെ ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ കേസ് നിലവിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**വയനാട് ജില്ലയിലെ ജയിലുകൾ**

169 (1824) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ രണ്ട് ജയിലുകളിലും ഉൾക്കൊള്ളാൻ കഴിയാവുന്നതിലും അധികം തടവുകാരെ പാർപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജില്ലയിൽ പുതിയ ജയിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) ശിക്ഷാ തടവുകാരെ വയനാട് ജില്ലയിൽത്തന്നെ പാർപ്പിക്കുന്ന തരത്തിൽ വയനാട്ടിൽ ജയിൽ നിർമ്മിക്കുന്ന കാര്യം പരിഗണിക്കാമോ;

(ഡി) മാനന്തവാടി ജില്ലാ ജയിലിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ജയിലിൽ പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)ഉണ്ട്.

(സി) ജില്ലാ ജയിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള 5 ഏക്കർ സ്ഥലം ജയിൽ വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(ഡി) ഉണ്ട്.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

## നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ആംബുലൻസ് ലഭ്യമാക്കാൻ നടപടി

170 (1825) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെട്ടുകാൽത്തേരി തുറന്ന ജയിലിൽ എത്ര പ്രതികളെ പാർപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ 50 വയസ്സിനുമേൽ പ്രായമുള്ളവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രായാധിക്യമുള്ളവരുൾപ്പെടെയുള്ള പ്രതികളെ പാർപ്പിച്ചിരിക്കുന്ന നെട്ടുകാൽത്തേരി തുറന്ന ജയിലിൽ അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനായി ആംബുലൻസ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അടിയന്തരമായി ഒരു ആംബുലൻസ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) 382 തടവുകാർ

(ബി) 94 തടവുകാർ

(സി) അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നതിനായി ഒരു ആംബുലൻസ് നിലവിലുണ്ട്.

(ഡി) ബാധകമല്ല.

## പാർവ്വതീ പുത്തനാർ നവീകരണം

171 (T* 1828) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർവതീ പുത്തനാറിനെ ജലഗതാഗതത്തിന് യോഗ്യമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) പാർവതീ പുത്തനാറിന്റെ നവീകരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര രൂപ ചെലവഴിച്ചിരുന്നു; വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

### ഉത്തരം

(എ) പാർവ്വതീ പുത്തനാറിന്റെ ശുചീകരണം, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് നാളിതുവരെ 26 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതിൽ 24 പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവൃത്തിയുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* KIIFB-യുടെ ധനസഹായത്തോടുകൂടി 16.14 കി.മീ. നീളം വരുന്ന പാർവ്വതീ പുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്. കനാൽ പാർശ്വങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികൃതരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുത്തശേഷം രണ്ടാംഘട്ട പദ്ധതി തയ്യാറാക്കുന്നതാണ്.

(ബി) ഉണ്ട്. NATPAC-ന്റെ പഠനറിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

(സി) പാർവ്വതീ പുത്തനാറിന്റെ നവീകരണത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 140.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തിരുവനന്തപുരം-കാസർഗോഡ് ജലപാത

172 (1829) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ജലപാത യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുള്ള 590 കിലോമീറ്റർ നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്ററും 2016-ലെ കേന്ദ്രസർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കിലോമീറ്റർ ഭാഗവും ദേശീയ ജലപാത (NW-3) യാണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യാണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കിലോമീറ്റർ കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കിലോമീറ്റർ എന്നീ ഭാഗത്തിന്റെ പ്രവൃത്തികളാണ് ഇപ്പോൾ നടത്തിവരുന്നത്. വിവിധ ഭാഗങ്ങളിൽ ജലപാതയുടെ പുനരുദ്ധാരണ പ്രവൃത്തികളും വടകര മുതൽ മാഹി വരെ കനാലിന്റെ നിർമ്മാണവും നടന്നുവരുന്നു. 17-6-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്) നമ്പർ 2/2017 സി.എസ്.ഐ.എൻ.ഡി. പ്രകാരം ഉൾനാടൻ ജലഗതാഗത പാതയുടെ സമയബന്ധിതമായ വികസനത്തിനായി ഒരു പ്രത്യേക പൊതുമേഖലാ കമ്പനിയായി എസ്.പി.വി. രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് അമിത ഫീസ്

173 (1830) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ചികിത്സയ്ക്കായി അമിത ഫീസ് ഈടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളുടെ നിലവാരം നിശ്ചയിച്ച്, വിവിധതരം ചികിത്സകൾക്ക് ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10-8-2017-ന് അവതരിപ്പിച്ചിട്ടുണ്ട്. ബിൽ നിയമമാകുന്ന മുറയ്ക്ക് അനിയന്ത്രിതമായ ഫീസ് ഈടാക്കുന്ന സ്വകാര്യ ലാബുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

**അർബുദരോഗ ചികിത്സാ വിദഗ്ദ്ധർ**

174 (1831) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ അർബുദ രോഗചികിത്സ വിദഗ്ദ്ധർ ഉണ്ടോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് അർബുദ രോഗചികിത്സ വിദഗ്ദ്ധർ ഉള്ളത്; വിശദവിവരങ്ങൾ നൽകുമോ;

(സി) വർദ്ധിച്ചുവരുന്ന രോഗബാധിതരെ കണക്കിലെടുത്ത് പ്രസ്തുത തസ്തികയുടെ എണ്ണം കൂടുതൽ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റേഡിയോളജി യോഗ്യതയോ റേഡിയോ ഡയഗ്നോസ്റ്റിക്സ് യോഗ്യതയോ ഉള്ള ഡോക്ടർമാരെയാണ് ജൂനിയർ കൺസൾട്ടന്റ് (റേഡിയോളജി/ റേഡിയോ ഡയഗ്നോസ്റ്റിക്സ്) തസ്തികയിൽ നിയമിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ പേരൂർക്കട മാതൃകാ ജില്ലാ ആശുപത്രി, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ടി വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് തസ്തികയുണ്ട്. നിലവിൽ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്പെഷ്യലിസ്റ്റുകൾ റേഡിയോ ഡയഗ്നോസ്റ്റിക്സ് യോഗ്യത നേടിയവരാണ്. റേഡിയോളജി യോഗ്യതയുള്ള സ്പെഷ്യലിസ്റ്റുകളാണ് അർബുദരോഗ ചികിത്സ നടത്താറുള്ളത്. ആയതിനാൽ നിലവിൽ സ്പെഷ്യാലിറ്റി വിഭാഗത്തിൽ അർബുദ രോഗ ചികിത്സാ വിദഗ്ദ്ധർ തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നില്ല. ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്നതിന് തിരുവനന്തപുരം

ജനറൽ ആശുപത്രിക്ക് ഫണ്ട് അനുവദിക്കുകയുണ്ടായി. 2 ഡോക്ടർ, 4 സ്റ്റാഫ് നഴ്സ് എന്നിവർക്ക് തിരുവനന്തപുരം ആർ.സി.സി.-യിൽ വച്ച് അർബുദ ചികിത്സയ്ക്കുള്ള വിദഗ്ധ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാം മെഷീൻ വാങ്ങി നൽകുകയും സ്തനാർബുദ പരിശോധന ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

## ഡി.എച്ച്.എസ്.-ലെ ക്ലറിക്കൽ ജീവനക്കാര്യം

175 (1832) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡി.എച്ച്.എസ്.-ൽ എത്ര ക്ലറിക്കൽ ജീവനക്കാർ ഉണ്ട്; മൂന്ന് വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്നവരുടെ പേര്, തസ്തിക, നിലവിൽ ചെയ്യുന്ന ജോലി എന്നിവ ; വ്യക്തമാക്കാമോ ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 156 ക്ലറിക്കൽ ജീവനക്കാർ ഉണ്ട്. 3 വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന 90 ജീവനക്കാർ ഉണ്ട്. പ്രസ്തുത ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ ചെയ്യുന്ന ജോലി എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന നടപടി

176 (1833) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക വഴി സർക്കാർ ലക്ഷ്യമിടുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ പി.എച്ച്.സി-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) മങ്കട നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ മാറ്റപ്പെട്ട കുടുംബാരോഗ്യ കേന്ദ്രത്തിൽ എന്തെല്ലാം സൗകര്യങ്ങൾ നൽകാനാണ് ആലോചിക്കുന്നതെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീ സൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷൻ. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളിൽ 680 തസ്തികകളും പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് യോഗം കഴിഞ്ഞിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ നടന്നു കഴിഞ്ഞു. അതനുസരിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി.എൽ. വഴി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി) മങ്കട നിയോജകമണ്ഡലത്തിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിലേയ്ക്ക് തെരഞ്ഞെടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രമാണ് 'പാങ്ങ് പ്രാഥമിക ആരോഗ്യ കേന്ദ്രം. ടി കേന്ദ്രത്തിലേക്ക് ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്ന രീതിയിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ**

177 (1834) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയുടെ നിലവിലെ നടപടികൾ എന്തൊക്കെയായി ;

(ബി) ഇപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ പുതിയതായി എന്തൊക്കെ സൗകര്യങ്ങളാണ് ലഭിക്കുക എന്ന് വ്യക്തമാക്കുമോ;

(സി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 680 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീ സൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയ്ക്കും കേന്ദ്രത്തിലേക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജീവിതശൈലീരോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യങ്ങളൊരുക്കുവാനായി പദ്ധതി ഇനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## ലാബ് ടെസ്റ്റുകൾ കുറ്റമറ്റതാക്കാൻ നടപടി

178 (1836) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലും പ്രൈവറ്റ് ലബോറട്ടറികളിലും രോഗം നിർണ്ണയിക്കുന്നതിനായി നടത്തുന്ന ലാബ് ടെസ്റ്റുകൾ പലതിനും കൃത്യതയില്ലാത്തതിനാൽ രോഗമില്ലാത്ത പലരെയും രോഗികളാക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാബ് ടെസ്റ്റുകൾ കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയും;

(സി) കേരളത്തിൽ പല പ്രൈവറ്റ് ലാബുകളും സർക്കാരിന്റെ നിയമാനുസൃതമായ ഉത്തരവോടെയല്ല പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ കഴിയും;

(ഡി) കേരളത്തിലെ അംഗീകൃത ലാബുകളുടെ എണ്ണം എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ആശുപത്രി ലാബുകളുടെയും, പ്രൈവറ്റ് ലാബുകളുടെയും പ്രവർത്തനം നിരീക്ഷിക്കാൻ ഓരോ ജില്ലയിലും പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സ്വകാര്യ ചികിത്സാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പിന് നിലവിൽ സംവിധാനമില്ല. എന്നാൽ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10-8-2017-ന് അവതരിപ്പിക്കുകയുണ്ടായി. ബിൽ നിയമമാകുന്ന മുറയ്ക്ക് ലാബുകളുടെ പ്രവർത്തന നിലവാരവും പരിശോധന നിലവാരവും കുറ്റമറ്റതാക്കാൻ സാധിക്കുന്നതാണ്.

(ഡി) കേരളത്തിലെ അംഗീകൃത ലാബുകളുടെ പൂർണ്ണമായ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഇ) നിലവിൽ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ കീഴിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

**മാരക രാസവസ്തുക്കൾ കലർത്തിയ ജ്യൂസ് വിതരണം**

179 (1837) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന മാരക രാസവസ്തുക്കൾ കലർത്തിയ ഐസ്ക്രീം പൗഡർ ചേർത്ത വിവിധതരം ജ്യൂസുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ വ്യാപകമായി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ജ്യൂസ് ഉല്പാദനം നടത്തുന്നതിന് ഏതെല്ലാം കേന്ദ്ര - സംസ്ഥാന ഏജൻസികളുടെ അനുമതി ആവശ്യമാണെന്നും മാനദണ്ഡം എന്താണെന്നും സംബന്ധിച്ച വിശദ വിവരം നൽകുമോ;

(സി) പ്രസ്തുത കമ്പനികളുടെ ഉല്പന്നങ്ങളിൽ രാസ പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) എങ്കിൽ സർക്കാർ ലാബിൽ പരിശോധിക്കുന്നതിന് മാത്രം ഗുണമേന്മയുള്ള സാമ്പിളുകൾ നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനായി ഭക്ഷ്യ വകുപ്പിന്റെ സഹകരണത്തോടെ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധനയിൽ ഇപ്രകാരം മാരക വസ്തുക്കൾ കലർത്തിയ ജ്യൂസ് ഉല്പാദനവും വിതരണവും കണ്ടെത്തിയിട്ടില്ല.

(ബി) ജ്യൂസ് തുടങ്ങിയ പാനീയങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും ഉല്പാദനം നടത്തുന്നതിന് ഭക്ഷ്യ സുരക്ഷ ലൈസൻസ്/രജിസ്ട്രേഷൻ ആവശ്യമാണ്. കൂടാതെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

(സി) രാസപരിശോധനകൾ നടത്തുന്നതിനുവേണ്ടി ഭക്ഷണപദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

**മങ്കട സി.എച്ച്.സി. ഏകീകരണം**

180 (1838) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട സി.എച്ച്.സി.-യെ ഏകീകരിക്കുന്നതിനുള്ള (സ്റ്റാൻഡേർഡൈസേഷൻ) നടപടികൾ ഏത് ഘട്ടത്തിലാണ് നിലവിൽ ഉള്ളത്;

(ബി) ഇതിന്റെ ഭാഗമായി ഡി.എച്ച്.എസ്-ൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) സി.എച്ച്.സി.-യിലെ മാനദണ്ഡ പ്രകാരം മങ്കട സി.എച്ച്.സി.-യിൽ സൗകര്യങ്ങളും ജീവനക്കാരെയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനും ജില്ല/താലൂക്കുതല ആശുപത്രികളുടെ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സി.എച്ച്.സി.-കളെ സ്റ്റാൻഡേർഡൈസ് ചെയ്യാനുള്ള പ്രൊപ്പോസലിൽ മങ്കട സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

**മങ്കട സി.എച്ച്.സി.-യെ സ്റ്റാൻഡേർഡൈസ് ചെയ്യാൻ നടപടി**

181 (1839) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട നിയോജകമണ്ഡലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിൽ പരിശോധിച്ചു വന്ന ഫയൽ തിരികെ ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ, ഫയലിലെ ഏതെല്ലാം ശിപാർശകളാണ് ധനകാര്യ വകുപ്പ് അംഗീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) 2017-18 സാമ്പത്തിക വർഷം തന്നെ മങ്കട സി.എച്ച്.സി.-യെ സ്റ്റാൻഡേർഡൈസ് ചെയ്യുവാൻ സാധിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനും ജില്ല/താലൂക്കുതല ആശുപത്രികളുടെ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ ക്രമീകരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സി.എച്ച്.സി.-കളെ സ്റ്റാൻഡേർഡൈസ് ചെയ്യാനുള്ള പ്രൊപ്പോസലിൽ മങ്കട സി.എച്ച്സി. ഉൾപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

**പുതിയ ആരോഗ്യനയം**

182 (1840) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പുതിയ ആരോഗ്യ നയം തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നയം തയ്യാറായിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഡി) പുതിയ ആരോഗ്യ നയത്തിൽ ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക ഊന്നൽ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) പുതിയ ആരോഗ്യ നയരൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സമഗ്രവും സന്തുലിതവുമായ ആരോഗ്യപരിപാലനം ഉറപ്പാക്കുന്നതിനോടൊപ്പം സമൂഹത്തിലെ ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നു.

**ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെ ഫണ്ട് വിനിയോഗം**

183 (1841) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ഫണ്ട് വിനിയോഗത്തിൽ പാളിച്ചകളുണ്ടെന്ന സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ കേരളത്തിന് അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ; ഈ ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) കേരളത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യമിഷനുമായി ബന്ധപ്പെട്ട എത്ര കരാർ ജോലികൾ ഉണ്ട് ; തുക സഹിതം വ്യക്തമാക്കാമോ

(ഇ) ഈ ജോലികൾ ഇപ്പോൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ

(എഫ്) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ട് വിനിയോഗത്തിൽ പാളിച്ചകൾ ഉണ്ടെന്നുള്ള സി.ആന്റ്.എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ചില പദ്ധതികളിൽ ലഭിച്ച ഫണ്ട് മുഴുവൻ ചെലവഴിക്കാത്തിനാലാണ്. ഈ തുക അടുത്ത വർഷം ഉപയോഗിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അതിനുള്ള കർമ്മ പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) 2016-17 സാമ്പത്തികവർഷം ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പ്രവർത്തനങ്ങൾക്കായി 422.12 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് അംഗീകരിച്ചത്. ഇതിൽ 220 കോടി രൂപയാണ് കേന്ദ്ര വിഹിതം. ഇതിൽ 191.9 കോടി രൂപ കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചു. ഇതിൽ സംസ്ഥാന വിഹിതമായി മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ 302.8 കോടി രൂപയും പ്രസ്തുത സാമ്പത്തിക വർഷം ലഭിച്ചു. ഇതിൽ 462.15 കോടി രൂപ 2016-17 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

(സി) ചെലവഴിച്ച പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി-എഫ്) കേരളത്തിൽ ദേശീയ ഗ്രാമീണ ആരോഗ്യ മിഷനുമായി ബന്ധപ്പെട്ട് നിലവിൽ 22 കരാർ ജോലികൾ നടക്കുന്നുണ്ട്. വിശദാംശങ്ങൾ തുക സഹിതം അനുബന്ധമായി ചേർക്കുന്നു.*

## സമഗ്ര പ്രാഥമിക ആരോഗ്യ പദ്ധതി

184 (1842) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് സമഗ്ര പ്രാഥമിക ആരോഗ്യപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അങ്കമാലി നിയോജക മണ്ഡലത്തിലെ മലയോര പഞ്ചായത്തായ അയ്യമ്പുഴയെ കുടുംബാരോഗ്യകേന്ദ്രമായി വികസിപ്പിക്കുന്നതിനായി നിർദ്ദേശിച്ച് കൊണ്ട് 14-3-2017-ൽ സമർപ്പിച്ച കത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കപ്പെടാത്തതിന്റെ കാരണം വിശദമാക്കാമോ ?

### ഉത്തരം

സ.ഉ. (ആർറ്റി.) 845/2017/ആ.കു.വ. തീയതി 28-3-2017 പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതിൽ അയ്യമ്പുഴ പി.എച്ച്.സി. ഉൾപ്പെട്ടിട്ടില്ല. അയ്യമ്പുഴ പി.എച്ച്.സി.-യെ അടുത്ത ഘട്ടത്തിൽ പരിഗണിക്കുന്നതാണ്.

## കോന്നി സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള അപേക്ഷ

185 (1843) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി ബ്ലോക്ക് പഞ്ചായത്ത് മുഖാന്തരം കോന്നി സി.എച്ച്.സി., കോന്നി താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് അപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇല്ലെങ്കിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് ഏതു സി.എച്ച്.സി.-യെയാണ് താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് അപേക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏതു സി.എച്ച്.സി.-യെയാണ് താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന കാര്യം നാളിതുവരെ സ്ഥിരീകരിച്ചിട്ടില്ലെങ്കിൽ ആയത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) തണ്ണിത്തോട് സി.എച്ച്.സി. താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി കൈക്കൊള്ളുവാൻ ബ്ലോക്ക് പഞ്ചായത്ത് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പ്രസ്തുത അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ 25-3-2013-ലെ സ.ഉ. (എംഎസ്) 103/213/ആ.കു.വ. പ്രകാരം കോന്നി സി.എച്ച്.സി.-യെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ഡി) ഇല്ല. നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രിയുടെ വിഷയം മാത്രമേ ഇപ്പോൾ സർക്കാർ പരിഗണിക്കുന്നുള്ളൂ. ഇതിൽ ടി ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

**റാന്നി താലൂക്ക് ആശുപത്രി നവീകരണങ്ങൾ**

186 (1844) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്ക് ആശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത്;

(ബി) പ്രസ്തുത ആശുപത്രിക്ക് അനുവദിച്ച കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പുതിയ ഒ.പി. ബ്ലോക്കിൽ ഇതിനായി സ്ഥലം കണ്ടെത്തി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റാന്നി താലൂക്ക് ആശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം ആരംഭിച്ചത് 27-12-2010-ലാണ്. ഇലക്ട്രിക്കൽ സംബന്ധമായ അവസാന വർക്കുകൾ, കറന്റ് കണക്ഷൻ, ഫയർ & സേഫ്റ്റി വർക്ക്, ലിഫ്റ്റ് ട്രയൽ റൺ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റാന്നി താലൂക്കാശുപത്രിയിൽ കാരുണ്യ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും പ്രവർത്തനാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല. ഇപ്പോൾ മാന്ദ്യവിരുദ്ധ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി റാന്നി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല. പുതിയ ഒ.പി. ബ്ലോക്കിന്റെ ഒന്നാംനിലയിലാണ് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

**ആരോഗ്യ വകുപ്പിലെ തസ്തികകൾ**

187 (1845) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്;

(ബി) ജില്ലയിൽ വകുപ്പിന് കീഴിലെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(സി) മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ബെഡ് സ്ട്രെംഗ്ത് ഉയർത്തുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ 58 തസ്തികകൾ സൃഷ്ടിച്ചു.

(ബി) 161 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ടി തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പരിഗണനയിലുണ്ട്.

## വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ

188 (1846) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ 'കിഫ്ബി'യിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികൾ ഏതു ഘട്ടം വരെ ആയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നബാർഡിൽ നിന്നും അനുവദിച്ച 41 കോടി രൂപയാണ് പ്രാരംഭ മൂലധനമായുള്ളത്. ഈ സ്ഥാപനത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കാരണം അവിടേയ്ക്ക് റോഡുമാർഗ്ഗം എത്തിച്ചേരുന്നതിന് ഒട്ടേറെ തടസ്സങ്ങളുണ്ട്. എന്നിരുന്നാലും പിന്നോക്ക ജില്ലയിൽപ്പെട്ട നിർദ്ദിഷ്ട മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ മതിയായ പ്രാമുഖ്യം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഇൻകെൽ സാദ്ധ്യതാപഠനം നടത്തിവരികയാണ്. ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളാണ് പ്രധാനമായും കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായ പദ്ധതികളിൽ വയനാട് മെഡിക്കൽ കോളേജിനെ ഉൾപ്പെടുത്തുന്നതിന്റെ സാദ്ധ്യത പരിശോധിച്ചുവരികയാണ്.

## കുട്ടനാട്ടിലെ ജലജന്യരോഗങ്ങൾ

189 (1847) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലജന്യ രോഗങ്ങളുടെ ഈറ്റില്ലമായി കുട്ടനാട് മാറിയതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എലിപ്പനി ബാധിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്നവരിൽ ഭൂരിപക്ഷവും കുട്ടനാട്ടുകാരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടനാട്ടിൽ, എപ്പിഡമിയോളജിക്കൽ സർവ്വേ നടത്തി നിർദ്ധനരായ കർഷക തൊഴിലാളികളെയും കർഷകരെയും മാരകരോഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുമോ?

<u>ഉത്തരം</u>

(എ) ജലജന്യരോഗങ്ങളായ അക്യൂട്ട് ഡെയറിയൽ ഡിസീസ്, കോളറ, ടൈഫോയ്ഡ് എന്നീ രോഗങ്ങൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് ആലപ്പുഴ ജില്ലയിൽ വളരെ കുറവാണ്. എന്നാൽ എലിപ്പനി 163 കേസ്സും ഒരു മരണവും ഉണ്ടായിട്ടുണ്ട്. വ്യക്തിശുചിത്വമില്ലായ്മ, ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ്, സാനിട്ടറി കക്കൂസുകളുടെ അഭാവം, പരിസര മലിനീകരണം എന്നിവയാണ് ജലജന്യരോഗങ്ങൾക്കുള്ള കാരണങ്ങൾ.

(ബി) എലിപ്പനി ബാധിച്ച് ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്നവർ ആലപ്പുഴ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരാണ്. ഭൂരിഭാഗവും കുട്ടനാട്ടുകാരല്ല.

(സി) തത്കാലം പരിഗണനയിലില്ല.

**കൊച്ചി കരുവേലിപ്പടി ഗവൺമെന്റ് മഹാരാജാസ് താലൂക്കാശുപത്രി**

190 (1848) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിലേക്ക് 2017-18 സാമ്പത്തിക വർഷത്തെ എച്ച്.എം.സി. ഗ്രീൻബുക്കുകൾ പ്രകാരമുള്ള പദ്ധതിയിലേക്ക് എന്തൊക്കെ ഉപകരണങ്ങളാണ് ആശുപത്രി അധികൃതർ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടത് എന്നറിയിക്കാമോ;

(ബി) ഇതിൽ ഏതൊക്കെ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ പ്രസ്തുത ഉപകരണങ്ങൾ എന്നേക്ക് അനുവദിച്ചു നൽകുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) താഴെപ്പറയുന്ന ഉപകരണങ്ങളാണ് ആശുപത്രി അധികൃതർ ഗ്രീൻബുക്ക് പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്താൻ നൽകിയിട്ടുള്ളത് :

| | | |
|---|---|---|
| 1 | Defibrillator with Cardiac monitor | 2 Nos. |
| 2 | Multiparameter monitor | 2 |
| 3 | Multiparameter monitor with capnogram | 1 |

| | | |
|---|---|---|
| 4 | Nerve Locator | 1 |
| 5 | Multichannel ECG machine 12 Channel | 1 |
| 6 | Multichannel ECG machine 3 Channel | 1 |
| 7 | Pulse Oximeter | 3 |
| 8 | Suction Apparatus | 4 |
| 9 | Refrigerator 300 Ltr | 1 |
| 10 | Autoclave (Vertical) | 1 |
| 11 | OT light shadowless Mobile Single Dome | 1 |
| 12 | 3.5&4.5 system plate & screw instrumentation set | 1 |
| 13 | C-arm | 1 |
| 14 | Fumeral interlocking instrumentation set | 1 |
| 15 | Hemi arthroplasty instrumentation set | 1 |
| 16 | Plaster Cutter | 1 |
| 17 | Proxymal fumeral nail instrumentation set | 1 |
| 18 | Tibia interlocking nail instrumentation with distal jig. | 1 |
| 19 | Computerized Radiography | 1 |

(ബി) ആവശ്യപ്പെട്ട ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് നിർദ്ദേശം നൽകുകയും ഉപകരണങ്ങൾക്കുള്ള തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ഡിസംബർ മാസത്തോടുകൂടി ഉപകരണങ്ങൾ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ചീമേനി ആശുപത്രിയുടെ സേവനം

191 (1849) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ചീമേനി തുറന്ന ജയിലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ആശുപത്രിയുടെ സേവനം പരിസരവാസികൾക്ക് കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ ചീമേനി തുറന്ന ജയിലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ആശുപത്രിയുടെ സേവനം പരിസരവാസികൾക്കുകൂടി തുറന്നു കൊടുക്കുന്നത് ജയിൽ സുരക്ഷയെ സാരമായി ബാധിക്കുമെന്നതിനാൽ പ്രായോഗികമല്ല.

## സ്ത്രീ-പുരുഷ വന്ധ്യംകരണത്തിന് വിധേയരായ വ്യക്തികൾക്ക് നൽകിയ സഹായത്തുകയുടെ വിവരം

192 (1850) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജ് പി. പി. യൂണിറ്റിൽ 2013 മുതൽ നാളിതുവരെ സ്ത്രീ-പുരുഷ വന്ധ്യംകരണത്തിന് വിധേയരായ വ്യക്തികൾക്ക് ഓരോ മാസം നൽകിയ സഹായത്തുക എത്രയാണെന്നുള്ള വിവരം വ്യക്തമാക്കാമോ;

(ബി) വന്ധ്യംകരണത്തിന് വിധേയമാകുന്ന വ്യക്തികൾക്ക് നൽകുന്ന പ്രോത്സാഹന തുക വിതരണം ചെയ്യുന്നത് ആരാണ് ; ടി തുക കൃത്യമായി അർഹർക്ക് കിട്ടുന്നുവെന്ന് പി. പി. മെഡിക്കൽ ഓഫീസർ ബന്ധപ്പെട്ട അധികാരികൾക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യുന്നുണ്ടോ ;

(സി) വന്ധ്യംകരണ ശസ്ത്രക്രിയ സംഘടിപ്പിക്കുന്ന ഡോക്ടർമാർക്കും മറ്റ് സ്റ്റാഫിനും ലഭിക്കുന്ന ഇൻസെന്റീവിന്റെ വിശദാംശം ലഭ്യമാക്കാമോ ; 2013 മുതൽ നാളിതുവരെ ജീവനക്കാർക്ക് ലഭിച്ച ഇൻസെന്റീവിന്റെ വിശദാംശം മാസം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പി. പി. യൂണിറ്റിൽ നിലവിലെ പി. എച്ച്. എൻ. നിയമിതയായത് മുതൽ വന്ധ്യംകരണത്തിന് വിധേയരായ വ്യക്തികൾക്ക് നൽകിയ തുക, ജീവനക്കാർക്ക് നൽകിയ ഇൻസെന്റീവ്, പി. പി. യൂണിറ്റ് പ്രവർത്തനത്തിന് നൽകിയ തുക ഇവയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ തല അന്വേഷണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2013-17 ജൂലൈ വരെയുള്ള പി.പി.എസ്.-എൻ.എസ്.വി.-യുടെ ഓരോ മാസവും കൊടുത്തിട്ടുള്ള തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ ഓഫീസിൽ നിന്നാണ് തുക നൽകാറുള്ളത്. ഈ തുക ഉപഭോക്താവിന് കിട്ടുന്നുണ്ടോ എന്ന് പി.പി. യൂണിറ്റ് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്യാറില്ല.

(സി) വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) ഇത്തരത്തിൽ അന്വേഷണം നടത്തേണ്ടതായ സാഹചര്യം ഉണ്ടായിട്ടില്ല.

**പനി മരണം**

193 (1851) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം പകർച്ചപ്പനി, ഡെങ്കിപ്പനി, എന്നിവമൂലം എത്രപേർ മരണപ്പെട്ടിട്ടുണ്ട്; സ്വകാര്യ ആശുപത്രികളിലെയും സർക്കാർ ആശുപത്രികളിലെയും കണക്കുകൾ തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മയും മഴക്കാല പൂർവ്വ ശുചീകരണം നടത്താത്തതുമാണ് ഇപ്രകാരം സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ കാരണമായി എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) സ്വകാര്യ ആശുപത്രികളിലെ കണക്കുകൾ ലഭ്യമല്ല. സർക്കാർ ആശുപത്രിയിലെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

194 (1852) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികളാൽ നടത്തപ്പെടുന്ന ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിതരണം നടത്തുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകാനുള്ള തുക കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശിക തുക ഉടൻ കൊടുത്തു തീർക്കുന്നതിനും അതാത് മാസങ്ങളിൽ തന്നെ ബില്ലുകൾ മാറ്റി നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇവിടത്തെ " പേഷ്യന്റ് എംപ്ലോയീസ് " ആയി ജോലി ചെയ്ത് വിരമിച്ച അന്തേവാസികൾക്കുള്ള ഫിനാൻഷ്യൽ അസിസ്റ്റൻസ് കുടിശ്ശിക കൊടുത്തുതീർത്ത് തുടർന്ന് അതാത് മാസങ്ങളിൽതന്നെ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഓണത്തിന് മുൻപ് മേൽപ്പറഞ്ഞ മുഴുവൻ കുടിശ്ശികകളും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇവിടത്തെ അന്തേവാസികളുടെ റേഷൻ കാർഡ്/പെർമിറ്റ് ബി.പി.എൽ. ആയി നിലനിർത്തി ഭക്ഷ്യ സാധനങ്ങൾ അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികളാൽ നടത്തപ്പെടുന്ന ഭക്ഷ്യ-ഭക്ഷ്യേതര സാധനങ്ങളുടെ വിതരണം നടത്തുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കുടിശ്ശിക തീർത്ത് 16,00,000 (പതിനാറ് ലക്ഷം) രൂപ 1-8-2017-ൽ അനുവദിച്ചിട്ടുണ്ട്. അതാത് മാസങ്ങളിൽ തന്നെ ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി&ഡി) 'പേഷ്യന്റ് എംപ്ലോയീസ് ആയി ജോലി ചെയ്ത് വിരമിച്ച അന്തേവാസികൾക്കുള്ള ഫിനാൻഷ്യൽ അസിസ്റ്റൻസ് കുടിശ്ശിക ഓണത്തിന് മുമ്പ് അനുവദിച്ച് നൽകുന്നതിനും തുടർന്ന് അതാത് മാസങ്ങളിൽ തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ഇ) സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങൾ, ത്വക്ക് രോഗാശുപത്രികൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**നൂറനാട് ലെപ്രസി സാനിറ്റോറിയം**

195 (1853) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിനും പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) നബാർഡ് ഫണ്ടിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത തുക ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് നബാർഡ് പദ്ധതിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 4030 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. നബാർഡ് ഫണ്ടിൽ നിന്നും 2000 ലക്ഷം രൂപയും സംസ്ഥാന സർക്കാർ ഓഹരിയായി 352.94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 1677.06 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പരിഗണനയിലാണ്.

**കക്കോടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പദവി ഉയർത്തൽ**

196 (1854) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കക്കോടി പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബ ക്ഷേമകേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തിയിൽ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്നും ഈ പദ്ധതിക്കായി എത്ര രൂപ നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ ആകെ 680 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കക്കോടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്ന രീതിയിൽ തസ്തികകൾ

സൃഷ്ടിച്ചിട്ടുണ്ട്. ഇവ കൂടാതെ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്ലെറ്റ് സൗകര്യങ്ങൾ എന്നിവയും കേന്ദ്രത്തിലേക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു.

## നാഷണൽ ഹെൽത്ത് മിഷന്റെ കീഴിലുള്ള നഴ്സുമാരുടെ ശമ്പളം

197 (1856) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ നഴ്സുമാരുടെ ശമ്പളം 20,000 രൂപയായി നിജപ്പെടുത്തിയ സർക്കാർ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ എൻ.എച്ച്.എം.-ന്റെ കീഴിൽ ജോലി ചെയ്തുവരുന്ന നഴ്സുമാരുടെ വേതനവും ഇരുപതിനായിരം രൂപയായി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 2017-18 സാമ്പത്തിക വർഷം നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്തുവരുന്ന നഴ്സുമാരുടെ ശമ്പളം എത്ര രൂപയായി ഉയർത്തുന്നതിനാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ എത്ര രൂപയായി നിജപ്പെടുത്തിയാണ് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചത്; വിശദമാക്കാമോ?

ഉത്തരം

(എ) 2017-18-ൽ കേന്ദ്രസർക്കാർ അംഗീകരിച്ച ആർ.ഒ.പി. പ്രകാരം എൻ.എച്ച്.എം-ന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സുമാർക്ക് നിലവിലുള്ള ശമ്പളത്തിന്റെ 5% വർദ്ധന നൽകാനാണ് കഴിയുക.

(ബി) 2017-18 സാമ്പത്തിക വർഷം നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്തുവരുന്ന നഴ്സുമാരുടെ ശമ്പളം നിലവിൽ വാങ്ങുന്നതിന്റെ 15% ആക്കി ഉയർത്തണമെന്ന് പി.ഐ.പി. വഴി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

(സി) കേന്ദ്ര സർക്കാരിന്റെ ആർ.ഒ.പി. പ്രകാരം നിലവിൽ വാങ്ങുന്നതിന്റെ 5%.

## അർബുദ നിർണ്ണയ ക്ലിനിക്കുകൾ

198 (1857) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക അർബുദ നിർണ്ണയ ക്ലിനിക്കുകൾ എവിടെയൊക്കെയാണ് പ്രവർത്തിച്ചുവരുന്നത് ;

(ബി) പ്രസ്തുത ക്ലിനിക്കുകളുടെ ഭൗതിക സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എത്ര ഡോക്ടർമാരും മറ്റ് ആരോഗ്യപ്രവർത്തകരും ഇവിടെ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) പ്രാഥമിക അർബുദ നിർണ്ണയ ക്ലിനിക്കുകൾക്കുവേണ്ടി പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ?

### ഉത്തരം

(എ) പ്രാഥമിക അർബുദ നിർണ്ണയ ക്ലിനിക്കുകൾ ആരോഗ്യ വകുപ്പിനുകീഴിലും ആർ.സി.സി.-യുടെ നേതൃത്വത്തിലും മെഡിക്കൽ കോളേജുകളിലും നിലവിലുണ്ട്. ക്യാൻസർ കെയർ പദ്ധതിയിൽ കാൻസർ രോഗ ചികിത്സയോടൊപ്പം തന്നെ രോഗനിർണ്ണയവും നടത്തിവരുന്നു. പ്രധാനമായും സ്തനാർബുദം, ഗർഭാശയ കാൻസർ, വദനാർബുദം എന്നിവയുടെ നിർണ്ണയമാണ് ആരോഗ്യ വകുപ്പിലൂടെ നടത്തി വരുന്നത്. ആർ.സി.സി.-യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തും നീണ്ടകരയിലും കോഴഞ്ചേരിയിലും പാലക്കാട്ടും കാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പ്രാഥമിക അർബുദ നിർണ്ണയ ക്ലിനിക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) എല്ലാ സാമ്പത്തികവർഷവും ആരോഗ്യ വകുപ്പിന്റെ കാൻസർ കെയർ പദ്ധതിയുടെ വാർഷിക ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത പദ്ധതിയായ NPCDCS-യിലൂടെയും ജില്ലകളിലെ കാൻസർ നിർണ്ണയ ചികിത്സാ കേന്ദ്രങ്ങൾ സജ്ജീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാറുണ്ട്. പരിമിതമായ ഭൗതിക സാഹചര്യങ്ങളാണ് ആരോഗ്യ വകുപ്പിന് കീഴിലുള്ള കാൻസർ നിർണ്ണയ കേന്ദ്രങ്ങളിൽ നിലവിലുള്ളത്.

(സി) പരിശീലനം ലഭിച്ച 16 ഡോക്ടർമാരും 44 നഴ്സുമാരും 16 സ്പെഷ്യ ലിസ്റ്റുമാരും നിലവിൽ ആരോഗ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ NPCDCS-യിലൂടെയും കൂടാതെ എല്ലാ സാമ്പത്തിക വർഷവും ആരോഗ്യവകുപ്പിന്റെ കാൻസർ കെയർ പദ്ധതിയുടെ വാർഷിക ഫണ്ട് ഉപയോഗിച്ച് ജില്ലകളിലെ കാൻസർ നിർണ്ണയ ചികിത്സാ കേന്ദ്രങ്ങൾ സജ്ജീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ആരോഗ്യവകുപ്പിൽ ആശ്രിത നിയമനം**

199 (1858) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമന ഉത്തരവായതിൽ എത്ര പേർക്ക് നിയമനം നൽകാൻ ബാക്കിയുണ്ട്;

(ബി) കണ്ണൂർ ജില്ലയിൽ അവസാനമായി ഇപ്രകാരം നിയമനം നല്കിയത് എപ്പോഴാണ്;

(സി) ആശ്രിത നിയമനം ലഭിക്കേണ്ടവർക്ക് വേഗത്തിൽ നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം 199 പേർക്ക് നിയമനം നൽകുവാൻ ബാക്കിയുണ്ട്.

(ബി) 20-11-2013-ലെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരമാണ് കണ്ണൂർ ജില്ലയിൽ അവസാനമായി നിയമനം നൽകിയത്.

(സി) സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നടത്തിയ ക്ലാർക്കുമാരിൽ ഇനി 37 എണ്ണം ക്രമപ്പെടുത്താനുണ്ട്. നിലവിലുള്ള ഒഴിവുകളിൽ മേൽപ്പടി സൂപ്പർ ന്യൂമററി നിയമനങ്ങൾ ക്രമപ്പെടുത്തുന്ന നടപടി പൂർത്തിയായി കഴിഞ്ഞാൽ മാത്രമേ പുതിയ ആശ്രിത നിയമനങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

**എയ്ഡ്സ് കൺട്രോൾ സൊസൈറ്റി**

200 (1859) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ;

(ബി) വിവിധ വകുപ്പുകളുമായി സഹകരിച്ച് എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) എച്ച്.ഐ.വി. ബാധിതരായ വ്യക്തികൾക്ക് ആന്റി റിട്രോവൈറൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എച്ച്.ഐ.വി./എയ്ഡ്സ്, സന്നദ്ധ രക്തദാനം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ഗ്രാമപഞ്ചായത്തുകൾ, കോളേജുകൾ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ക്ലാസ്സുകളും ദിനാചരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ടോ;

(ഇ) റേഷൻ കാർഡിലെ വരുമാന പരിധി, എ.പി.എൽ./ബി.പി.എൽ വിഭാഗം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാതെ എച്ച്.ഐ.വി. അണുബാധിതരെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആരോഗ്യ വകുപ്പുമായി സഹകരിച്ച് സ്ത്രീ ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാരായ പുരുഷന്മാർ, മയക്കമരുന്ന് കുത്തിവയ്ക്കുന്നവർ, ഇതര സംസ്ഥാന തൊഴിലാളികൾ, ഭിന്നലിംഗക്കാർ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ തുടങ്ങിയ എച്ച്.ഐ.വി. പിടിപെടാൻ സാധ്യതയുള്ള അപകടകരമായ ലൈംഗിക ശീലമുള്ളവർക്ക് ലൈംഗിക രോഗ ചികിത്സയും ത്രൈമാസ ലൈംഗികാരോഗ്യ പരിശോധനകളും നടത്തിവരുന്നു. കൂടാതെ, ദേശീയ ആരോഗ്യദൗത്യവുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ക്കിടയിൽ എച്ച്.ഐ.വി./എയ്ഡ്സും മറ്റ് സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണവും ആരോഗ്യ പരിശോധനാ ക്യാമ്പുകളും നടത്തിവരുന്നു. ഇതുകൂടാതെ, സാമൂഹ്യനീതി, തദ്ദേശ സ്വയംഭരണം, തൊഴിൽ, വ്യവസായം, വിനോദസഞ്ചാരം, പോലീസ് എന്നീ വകുപ്പുകളുമായി സഹകരിച്ച് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തിവരുന്ന എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അതത് വകുപ്പുകളിലെ ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി വിവിധ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ എച്ച.ഐ.വി. ബാധിതരായ വ്യക്തികൾക്ക് ആന്റി റിട്രോവൈറൽ ട്രീറ്റ്മെന്റ് സെന്ററുകൾ (ART) വഴി സൗജന്യമായി ആന്റി റിട്രോവൈറൽ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. 5-8-2016-ലെ സ.ഉ. (സാധാ) നമ്പർ 972/2016/തൊഴിൽ പ്രകാരം എച്ച്.ഐ.വി. അണുബാധിതരെ റേഷൻ കാർഡിന്റെ വരുമാനപരിധി, എ.പി.എൽ./ബി.പി.എൽ. വിഭാഗം എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാതെ എച്ച.ഐ.വി. അണുബാധിതർ എന്ന പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ 5479 കുടുംബങ്ങൾ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്.

**കക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഒ.പി. ബ്ലോക്ക്**

201 (1860) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കക്കാട് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഒ. പി. ബ്ലോക്കിന്റെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും അനുമതി ലഭിച്ച് നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കക്കാട് പി.എച്ച്.സി.യുടെ ഒ. പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാതിക്കുടം (കക്കാട്) പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് പുതിയ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല വഹിക്കുന്നത്. ബിൽഡിംഗിന്റെ ഫ്ലോറിംഗ്, പ്ലമ്പിംഗ് & ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കാനുണ്ട്. ടി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് നിലവിലുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനായി ഐ.പി. കെട്ടിടത്തിൽ ഒ.പി. പ്രവർത്തിച്ച് വരികയാണ്.

**ആർദ്രം പദ്ധതി**

202 (1861) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും, ഉപകേന്ദ്രങ്ങളുടെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ആർദ്രം പദ്ധതിപ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിനായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പട്ടികയിൽ ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന, ആറാട്ടുപുഴ എന്നീ പി.എച്ച്.സി.-കൾ ഉൾപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഒരു ലാബ് ടെക്നീഷ്യൻ എന്ന രീതിയിലുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യം, ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ പരിചരണം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ആസ്ത്മ രോഗങ്ങൾക്കുള്ള "ശ്വാസ്" ക്ലിനിക്കും വിഷാദരോഗ ചികിത്സയ്ക്കുള്ള "ആശ്വാസ്" ക്ലിനിക്കും ടി സ്ഥാപനത്തിൽ തുടങ്ങിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യമൊരുക്കുന്നതിനായി 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ലാബ് സൗകര്യമൊരുക്കുന്നതിനായി 5 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആർദ്രം പദ്ധതി**

203 (1862) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പി.എച്ച്.സി.-കൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ആനുകൂല്യങ്ങളാണ് ഈ പി.എച്ച്.സി.-കൾക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പി.എച്ച്.സി.-കളിൽ ഈ പദ്ധതി പ്രകാരം പുതിയ തസ്തികകളിൽ ഡോക്ടർ, നഴ്സ് എന്നിവരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) പി.എച്ച്.സി. മണലൂർ, പി.എച്ച്.സി. വെങ്കിടങ്ങ് (പാടൂർ) എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് മണലൂർ മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട 170 പി.എച്ച്.സി.-കളിലായി 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ ലാബ് സൗകര്യം, അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ വികസിപ്പിച്ചും ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, സൗകര്യങ്ങൾ ക്രമീകരിക്കുക എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയും ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പരിചരണം എന്നിവയും ലഭ്യമാക്കുന്നതാണ്.

(സി) ഒരു ഡോക്ടർ, രണ്ട് നഴ്സ് എന്നീ തസ്തികകൾ വീതം ടി.പി.എച്ച്.സി.-കളിൽ നിയമിച്ചിട്ടുണ്ട്.

**ആർദ്രം പദ്ധതി**

204 (1863) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിലേക്ക് തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വണ്ടാഴി, കിഴക്കഞ്ചേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ ആലത്തൂർ താലൂക്ക് ആശുപത്രിയെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പി.എച്ച്.സി.-കളിൽ ഓരോ മെഡിക്കൽ ആഫീസർമാരുടെയും രണ്ടുവീതം സ്റ്റാഫ് നഴ്സമാരുടെയും ഓരോ ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യം എന്നിവയും കേന്ദ്രത്തിലേക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരു റവന്യൂ താലൂക്കിൽ നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ ഒരു താലൂക്കാശുപത്രി വികസിപ്പിക്കാനും ആർദ്രം പദ്ധതി ലക്ഷ്യമിടുന്നു. അതിലേക്ക് രണ്ടുവീതം സ്റ്റാഫ് നഴ്സമാരുടെയും ഓരോ ലാബ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഡോക്ടർമാരുടേതടക്കം മറ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

**ആർദ്രം പദ്ധതി**

205 (1864) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

കോങ്ങാട് മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളാണ് മങ്കര പ്രാഥമിക ആരോഗ്യ കേന്ദ്രവും കല്ലാടിക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രവും. ടി ആശുപത്രികളിൽ ഓരോ മെഡിക്കൽ ആഫീസർമാരുടെയും രണ്ടുവീതം സ്റ്റാഫ് നഴ്സമാരുടെയും ഓരോ ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യം എന്നിവയും കേന്ദ്രത്തിലേക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

## എറണാകുളം ജനറൽ ഹോസ്പിറ്റലിൽ സൂപ്പർ സ്പെഷ്യാലിറ്റി, കാൻസർ ബ്ലോക്കുകൾ

206 (1865) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എറണാകുളം ജനറൽ ഹോസ്പിറ്റലിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിനും കാൻസർ ബ്ലോക്കിനും മറ്റ് ആധുനിക സൗകര്യങ്ങൾക്കുമായി കിഫ്ബിയിൽ നിന്നും അനുവദിച്ച 76 കോടി രൂപയുടെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

എറണാകുളം ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, കാൻസർ ബ്ലോക്ക് മറ്റ് സൗകര്യങ്ങൾക്കുമായി കിഫ്ബിയിൽ നിന്നും 76,17,49,372 രൂപയുടെ അംഗീകാരം നൽകുകയും ടി പദ്ധതിയുടെ നിർമ്മാണ ചുമതല ഇൻകെൽ എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും ഇൻകെൽ തയ്യാറാക്കി കിഫ്ബിയിലും തുടർന്ന് ടൗൺ പ്ലാനിംഗ് വകുപ്പിലും സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാൻ അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ നേത്ര രോഗത്തിന് ഒ.പി. സൗകര്യം

207 (1866) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ കണ്ണാശുപത്രിയിലെ രോഗികളുടെ വൻതിരക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം രോഗികൾക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ;

(സി) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും നേത്രരോഗത്തിന് പ്രത്യേക ഒ.പി. സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) നേത്രരോഗം അടക്കമുള്ള എല്ലാ രോഗങ്ങളുടെയും പ്രാഥമികാരോഗ്യ പരിചരണം ഉദ്ദേശിച്ച് പ്രവർത്തിക്കുന്നവയാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. നേത്രരോഗങ്ങളുടെ പ്രാഥമികാരോഗ്യ പരിചരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ വഴി ചെയ്തുവരുന്നുണ്ട്. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ ഓപ്ടോമെട്രിസ്റ്റുകൾ വഴി കണ്ണുകളുടെ കാഴ്ച പരിശോധന മുതലായ കാര്യങ്ങളും ചെയ്യുന്നുണ്ട്. കണ്ണ് ഡോക്ടറുടെ വിദഗ്ദ്ധ സേവനം ആവശ്യമുള്ള രോഗികളെ താലൂക്കുതല ആശുപത്രികളിലേക്ക് റഫർ ചെയ്യുകയാണ് ചെയ്യുന്നത്. ഈ സൗകര്യങ്ങൾ തുടർന്നും ലഭ്യമാക്കുന്നതാണ്.

**കോതമംഗലം താലൂക്കാശുപത്രിയിലെ ഡോക്ടർ തസ്തിക**

208 (1867) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികയാണുള്ളതെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഏതെങ്കിലും വിഭാഗത്തിൽ ഡോക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ സൂപ്രണ്ട് തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ; എങ്കിൽ സൂപ്രണ്ടിനെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ)

| തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് | ഒഴിവ് |
|---|---|---|---|
| (1) | (2) | (3) | (4) |
| കൺസൾട്ടന്റ്- ഗൈനക്കോളജി | 1 | 1 | ഇല്ല |
| കൺസൾട്ടന്റ്- പീഡിയാട്രിക്സ് | 1 | 1 | ഇല്ല |
| കൺസൾട്ടന്റ്- ജനറൽ മെഡിസിൻ | 1 | 0 | 1 |

| (1) | (2) | (3) | (4) |
|---|---|---|---|
| ജൂനിയർ കൺസൾട്ടന്റ്-ഓർത്തോ | 1 | 1 | ഇല്ല |
| ജൂനിയർ കൺസൾട്ടന്റ്-ഇ.എൻ.റ്റി. | 2 | 2 | ഇല്ല |
| ജൂനിയർ കൺസൾട്ടന്റ്-പീഡിയാട്രിക്സ് | 1 | 1 | ഇല്ല |
| ജൂനിയർ കൺസൾട്ടന്റ്-മെഡിസിൻ | 1 | 1 | ഇല്ല |
| ജൂനിയർ കൺസൾട്ടന്റ്-അനസ്തീഷ്യ | 1 | 1 | ഇല്ല |
| ജൂനിയർ കൺസൾട്ടന്റ്-ഡെർമറ്റോളജി | 1 | 1 | ഇല്ല |
| ജൂനിയർ കൺസൾട്ടന്റ്-ഒഫ്ത്താൽമോളജി | 1 | 1 | ഇല്ല |
| ജൂനിയർ കൺസൾട്ടന്റ്-സർജൻ | 2 | 2 | ഇല്ല |
| സൂപ്രണ്ട് (അസിസ്റ്റന്റ് ഡയറക്ടർ) | 1 | 0 | 1 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 | 4 | ഇല്ല |

(ബി) നിലവിൽ കൺസൾട്ടന്റ് മെഡിസിൻ തസ്തികയും അസിസ്റ്റന്റ് ഡയറക്ടർ (സൂപ്രണ്ട്) തസ്തികയും ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) ഉണ്ട്. ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കോതമംഗലം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

209 (1868) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

ഉത്തരം

നിലവിൽ ഡയാലിസിസ് യൂണിറ്റുകളുള്ള ആശുപത്രികൾക്ക് പുറമേ ഭൗതിക സാഹചര്യങ്ങളും മുൻഗണനാക്രമവും അടിസ്ഥാനപ്പെടുത്തി 44 കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി പട്ടികയിൽ കോതമംഗലം താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല.

## വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

210 (1869) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് യൂണിറ്റ് എന്ന് മുതൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വർക്കല താലൂക്ക് ആശുപത്രിയിൽ വാർഷിക പദ്ധതി 2016-17-ൽ ഉൾപ്പെടുത്തി അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, വിതരണ കമ്പനിയുമായി ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഡയാലിസിസ് കേന്ദ്രത്തിന്റെ മരാമത്ത് പണികൾ പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പ്രസ്തുത പണി പൂർത്തിയാകുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് ചികിത്സ ആരംഭിക്കുവാൻ കഴിയുന്നതാണ്.

## നാദാപുരം ഗവൺമെന്റ് ആശുപത്രി

211 (1870) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാദാപുരം ഗവൺമെന്റ് ആശുപത്രിയിലെ പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം എന്ന് സാധ്യമാകുമെന്ന് അറിയിക്കാമോ; ഉദ്ഘാടനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

പ്രസ്തുത കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ, പ്ലമ്പിംഗ് എന്നീ വർക്കുകൾ പൂർത്തീകരിക്കേണ്ടതുണ്ട്. ടി പ്രവൃത്തികൾക്കുവേണ്ടി വരുന്ന ചെലവിനെപ്പറ്റിയുള്ള വിവരങ്ങൾ നാദാപുരം താലൂക്ക് ആശുപത്രി സൂപ്രണ്ടിനെ അറിയിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. എഞ്ചിനീയറോട് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിവരം ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർദ്രം പദ്ധതിയുടെ കൊല്ലം ജില്ലയിലെ പ്രവർത്തന പുരോഗതി**

212 (1871) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിൽ കൊല്ലം ജില്ലയിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) വെളിയം, ഉമ്മന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചാത്തന്നൂർ, തെന്മല, ഇരവിപുരം, പെരുമൺ, ഉമ്മന്നൂർ, ചവറ, കുലശേഖരപുരം, ചടയമംഗലം, വിളക്കുടി, ഇളമ്പള്ളൂർ, എസ്.എൻ.പുരം, വെളിയം എന്നീ 12 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയിൽ ചാത്തന്നൂർ, ഇരവിപുരം, പെരുമൺ, കുലശേഖരപുരം, ചടയമംഗലം, വിളക്കുടി, ഇളമ്പള്ളൂർ, വെളിയം എന്നീ എട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ 2017 സെപ്റ്റംബർ 17-നും മറ്റുള്ളവ ഈ സാമ്പത്തിക വർഷം അവസാനത്തോടെയും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആശുപത്രികളിൽ ഓരോ ഡോക്ടറുടെയും സ്റ്റാഫ് നഴ്സിന്റെയും ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഈ ആശുപത്രികളിൽ ആശ്വാസം ക്ലിനിക്, ആരോഗ്യസേന രൂപീകരണം, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനായുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൂടലിൽ വനിതകളുടെയും കുട്ടികളുടെയും ആശുപത്രി

213 (1872) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതകളുടെയും കുട്ടികളുടെയും ആശുപത്രി കൂടലിൽ ആരംഭിക്കുന്നതിനായി എന്നാണ് നടപടികൾ സ്വീകരിച്ചത് ; വ്യക്തമാക്കാമോ;

(ബി) കൂടൽ പി.എച്ച്.സി.-യിൽ നിലവിലുള്ള സ്ഥലത്ത് വനിതകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുന്നതിന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പൂർത്തീകരിച്ചത്;

(സി) ആയതിലേക്ക് ആവശ്യമായ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി ആരാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഇതിലേക്ക് എന്തെല്ലാം നടപടികൾ നടന്നു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിലേക്ക് എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഏതെല്ലാം ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ആശുപത്രി എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്ന സ്ഥലത്തിൽ കൂടൽ ആശുപത്രിയിലെ സ്ഥലവും ഉൾപ്പെട്ടിട്ടുണ്ട്.

(ബി-ഡി) കോന്നിയിൽ പുതിയ മെഡിക്കൽ കോളേജിന് നിർദ്ദേശം വന്ന സാഹചര്യത്തിൽ മല്ലപ്പള്ളി താലൂക്കാശുപത്രി, കൂടൽ പ്രാഥമികാരോഗ്യ കേന്ദ്രം, റാന്നി-പഴവങ്ങാടി പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ മൂന്ന് സ്ഥലങ്ങൾ പരിഗണനയ്ക്ക് വന്നിട്ടുണ്ട്. ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നതും ഭാവി വികസനത്തിന് മതിയായ സ്ഥലം ലഭ്യമായതുമായ ഒരു സ്ഥലം കണ്ടെത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം നിശ്ചയിച്ച് കഴിഞ്ഞതിനുശേഷം മാത്രമേ ടെൻഡർ നടപടികളിലേക്ക് കടക്കാൻ സാധിക്കുകയുള്ളൂ.

(ഇ&എഫ്) 16-11-2013-ലെ സ.ഉ.(സാധാ) നമ്പർ 3822/2013/ആ.കു.വ. ഉത്തരവ് പ്രകാരം സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 311 ലക്ഷം രൂപ അനുവദിച്ചു. ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ടി തുക പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയിട്ടുണ്ട്.

**കായംകുളം താലൂക്കാശുപത്രിയിലെ മാലിന്യ സംസ്കരണം**

214 (1873) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താലൂക്കാശുപത്രിയിൽ ആശുപത്രി മാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് കത്തിക്കുന്നതുമൂലം രോഗികൾക്കും കാത്തിരുപ്പുകാർക്കും ഏറെ ബുദ്ധിമുട്ട് ഉണ്ടാകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ശാസ്ത്രീയമായ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം താലൂക്കാശുപത്രിയിൽ പേപ്പർ വേസ്റ്റ് മാത്രമാണ് കത്തിക്കുന്നത്. ബയോ മെഡിക്കൽ വേസ്റ്റ് "ഇമേജ്" എന്ന സ്ഥാപനം മുഖേനയും ആഹാരാവശിഷ്ടങ്ങൾ നഗരസഭ മുഖേനയും പ്ലാസ്റ്റിക് വേസ്റ്റുകൾ "വേണാട്" എന്ന സ്ഥാപനം മുഖേനയുമാണ് നീക്കം ചെയ്യുന്നത്.

(ബി) കായംകുളം താലൂക്കാശുപത്രിയിൽ മാലിന്യം സംസ്കരിക്കുന്നതിനായി 12-ാം പഞ്ചവത്സര പദ്ധതിയുടെ 2017-18 ഏക വർഷ പ്രോജക്ടിൽ ഒരു ഫർണസ് സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ഫർണസ് സ്ഥാപിക്കുന്ന മുറയ്ക്ക് പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

**കായംകുളം താലൂക്കാശുപത്രിയിൽ ലാൻഡ്ഫോൺ സൗകര്യം**

215 (1874) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ ലാൻഡ്ഫോൺ സൗകര്യം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കായംകുളം താലൂക്കാശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ നിലവിൽ മൊബൈൽ ഫോൺ കണക്ഷനാണ് ഉപയോഗിച്ചുവരുന്നത്. ലാൻഡ്ഫോൺ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### താലൂക്ക്, ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ്

216 (1875) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക്/ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ ചുവടെ ചേർത്തിട്ടുള്ള ആശുപത്രികളിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. ജില്ലാ ആശുപത്രി, കൊല്ലം.
2. ജില്ലാ ആശുപത്രി, പത്തനംതിട്ട.
3. ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി.
4. ജനറൽ ആശുപത്രി, ആലപ്പുഴ.
5. ജില്ലാ ആശുപത്രി, തിരൂർ.
6. ജില്ലാ ആശുപത്രി, കണ്ണൂർ.
7. ജനറൽ ആശുപത്രി, തൃശ്ശൂർ.

(ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### കോടഞ്ചേരി സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ

217 (1876) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എച്ച്.സി. ആയി പദവിയുയർത്തിയ കോടഞ്ചേരി സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പുതുതായി സൃഷ്ടിക്കേണ്ട തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയതായി തസ്തികകൾ സൃഷ്ടിച്ച് ഈ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ആരോഗ്യസ്ഥാപനങ്ങളിൽ ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കോട്ടൂർ പി.എച്ച്.സി.-യുടെ നവീകരണം

218 (1877) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കോട്ടൂർ പി.എച്ച്.സി.യുടെ നവീകരണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ആർദ്രം പദ്ധതി പ്രകാരം ആശുപത്രികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്താനുള്ള പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)ഉണ്ട്.

(സി) സംസ്ഥാനത്തെ ആരോഗ്യമേഖലയിലെ ചികിത്സാ സംവിധാനങ്ങളെ എല്ലാ രീതിയിലും രോഗീസൗഹൃദമാക്കുന്നതിനുള്ള സംരംഭമാണ് ആർദ്രം മിഷനിലൂടെ ഉദ്ദേശിക്കുന്നത്. ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിച്ചുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുത്ത 170 പി.എച്ച്.സി.-കളിൽ ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സ് ഒരു ലാബ് ടെക്നീഷ്യൻ എന്ന രീതിയിൽ ആകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളെ ഉയർത്തുന്നതിന് 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറി സൗകര്യം ലഭിക്കുന്നതിന് 2017-2018 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകൾ നടന്നുകഴിഞ്ഞു. അതനുസരിച്ച്

ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ കെ.എം.എസ്.സി.എൽ. വഴി ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### ചിറ്റാർ സി.എച്ച്.സി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

219 (1878) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി മണ്ഡലത്തിൽ ചിറ്റാർ സി.എച്ച്.സി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുവരെയായി;

(ബി) ഇതിനായി നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) നാളിതുവരെ തുടർനടപടികൾ കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സി.എച്ച്.സി.-യുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി&സി) ചിറ്റാർ സി.എച്ച്.സി.-യിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി ഒരു കോടി ഇരുപത് ലക്ഷം രൂപ സ.ഉ. (ആർടി.)2162/2015/ആ.കു.വ. തീയതി 10-7-2015 പ്രകാരം അനുവദിച്ചിരുന്നു. ഈ സ്ഥലത്തുനിന്നും മരം മുറിക്കുന്നതിനും ലേലവില നിശ്ചയിച്ചു നൽകുന്നതിനും റാന്നി ബ്ലോക്ക് പഞ്ചായത്തിനും സോഷ്യൽ ഫോറസ്ട്രി വകുപ്പിനും കത്ത് നൽകിയിരുന്നു. മരംമുറിക്കുന്നതിനുള്ള അനുമതി സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്നും 4-8-2017-ന് ലഭ്യമായിട്ടുണ്ട്. അതിൻപ്രകാരം ലേല നോട്ടീസ് പരസ്യപ്പെടുത്തുകയും ലേലം/ക്വട്ടേഷൻ 18-8-2017-ന് തുറക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സൈറ്റ് ക്ലിയറൻസ് നടത്തിയതിന് ശേഷം പി.ഡബ്ല്യൂ.ഡി.-ക്ക് സൈറ്റ് കൈമാറി ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ

220 (1879) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയവ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ പട്ടിക തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 302 ഒഴിവുകൾ.

(ബി) ലഭ്യമായിട്ടുണ്ട്.

(സി) 13138/എഫ്2/2005/ആ.കു.വ. തീയതി 24-5-2005 സർക്കുലർ പ്രകാരം പാർട്ട് ടൈം സ്വീപ്പർ നിയമനത്തിന് എസ്.എസ്.എൽ.സി. വരെ യോഗ്യതയുള്ളവരെ മാത്രമേ പരിഗണിക്കുന്നുള്ളൂ. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ലിസ്റ്റിൽ എസ്.എസ്.എൽ.സി.-ക്ക് മുകളിൽ യോഗ്യതയുള്ളവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരെ അഭിമുഖത്തിന് ക്ഷണിച്ചശേഷം ജോലിക്ക് പരിഗണിക്കാതിരിക്കുന്നത് അനുചിതമാകയാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ആയതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ

221 (1880) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ എത്ര ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്; ഇതിൽ ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഓരോ ആശുപത്രിയുടെ ഏരിയകളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ ചെയ്യേണ്ട ജോലികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 5 ഹെൽത്ത് ഇൻസ്പെക്ടർമാർ ജോലി ചെയ്യുന്നുണ്ട്. രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രം, കിഴക്കഞ്ചേരി-1, പ്രാഥമികാരോഗ്യ കേന്ദ്രം, കുനിശ്ശേരി-1.

(ബി) 1. ഫീൽഡ് സൂപ്പർവിഷൻ.

2. ഫീൽഡ് വിഭാഗം ജീവനക്കാരുടെ പൊതുവായിട്ടുള്ള ഭരണ കാര്യങ്ങൾ നിർവ്വഹിക്കൽ.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രാഥമികാരോഗ്യ പ്രവർത്തനങ്ങൾ ഏകീകരിച്ച് നടപ്പിലാക്കുക.

4. ഫീൽഡ് വിഭാഗം ജീവനക്കാരുടെ വിവരശേഖരണവും സൂക്ഷിക്കലും.

5. പരിശീലനപരിപാടി സംഘടിപ്പിക്കലും നടപ്പാക്കലും.

6. ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട മീറ്റിംഗുകളും സംഘാടനവും.

7. ഐ.സി.ഡി.എസ്. മീറ്റിംഗിൽ പങ്കെടുക്കുക.

8. ആവശ്യപ്പെടുന്നെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മീറ്റിംഗുകളിൽ പങ്കെടുക്കുക.

9. ദേശീയ ആരോഗ്യ പരിപാടികൾ സംഘടിപ്പിച്ച് നടപ്പാക്കുക.

10. ശിശു പ്രജനനപരിപാടി നടപ്പിലാക്കുക.

11. മലേറിയ നിയന്ത്രണപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

12. Revised National Tuberculosis Control Programme നടപ്പിലാക്കുക.

13. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കുക.

14. അന്ധതാനിവാരണ പരിപാടി നടപ്പിലാക്കുക.

15. സേവന മേഖലയിലെ ഏരിയാ മാപ്പും അടിസ്ഥാന വിവര ശേഖരണവും സൂക്ഷിക്കുക.

16. അഡ്വാൻസ് പ്രോഗ്രാം തയ്യാറാക്കലും ഫീൽഡ് വിസിറ്റ് വിവരം ഉൾക്കൊള്ളുന്ന ഡയറി തയ്യാറാക്കലും.

17. മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന ഔദ്യോഗിക ജോലികൾ നിർവ്വഹിക്കൽ തുടങ്ങിയവയാണ് ഹെൽത്ത് ഇൻസ്പെക്ടർമാർ ചെയ്യേണ്ട ജോലികൾ.

## ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ പ്രശ്നങ്ങൾ

222 (1881) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 2-6-2017-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ഹരിപ്പാട് വച്ച് നടത്തിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 2-6-2017-ലെ യോഗതീരുമാനങ്ങൾ :

1. ആറ് മാസമായി ഒഴിഞ്ഞു കിടന്ന സൂപ്രണ്ടിന്റെ തസ്തികയിൽ നിയമനം നടത്താൻ അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തി.
2. പ്രസവവാർഡ് പ്രവർത്തനം സുഗമമാക്കുന്നതിനായി രണ്ട് ഗൈനക്കോളജിസ്റ്റുമാരെ നിയമിക്കുവാൻ ആവശ്യപ്പെട്ടു.
3. എൻ.ഡി.സി. ക്ലിനിക്കിലേയ്ക്ക് ഡോക്ടറെ നിയമിക്കുവാൻ ആവശ്യപ്പെട്ടു.
4. ആശുപത്രിയിലേയ്ക്ക് ഒരു ഡയാലിസിസ് മെഷീൻ കൂടി സ്ഥാപിക്കുവാനും ഒരു ടെക്നീഷ്യനെക്കൂടി നിയമിക്കുവാനും ആവശ്യപ്പെടാൻ തീരുമാനിച്ചു.
5. പുതുക്കിപ്പണിത ഓപ്പറേഷൻ തിയേറ്റർ തുറന്നു പ്രവർത്തിക്കുവാൻ ഒരു അനസ്തേഷ്യ മെഷീൻ വേണം. കെ.എം.എസ്.സി.എൽ.-നോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.
6. എം.പി. ഫണ്ടിൽ നിന്ന് ആശുപത്രിക്ക് അനുവദിച്ച ആംബുലൻസ് DMO വഴി വാങ്ങാൻ കഴിയാതെ വന്നതിനാൽ ഇപ്പോൾ DHS-ലേക്ക് അനന്തര നടപടികൾക്കായി കൈമാറിയെന്ന് DMO അറിയിച്ചു. ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിന്ന് ഒരു ആംബുലൻസ് തല്ക്കാലം അനുവദിക്കണമെന്ന് DMO അറിയിച്ചു.
7. ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം നല്ലരീതിയിൽ നടത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന് യോഗം ആവശ്യപ്പെടുകയും Additional Director, Dr.Bindhu Mohan-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

8. ആശുപത്രിയിൽ പണികഴിപ്പിച്ച പുതിയ കെട്ടിടം പണി പൂർത്തീകരിച്ച് കൈമാറിയിട്ടില്ല. അടിയന്തരമായി പണി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാംവിധം പ്രവർത്തന സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ടു.

9. ആശുപത്രി വികസനം സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി.

10. ആശുപത്രിയിൽ സി.സി.ടി.വി. സ്ഥാപിക്കുവാൻ ആവശ്യമായ തുക ആർ.എസ്.ബി.വൈ. ഫണ്ടിൽ നിന്ന് വിനിയോഗിക്കുവാൻ തീരുമാനിച്ചു.

(ബി) <u>സ്വീകരിച്ച നടപടികൾ</u> :

1. സൂപ്രണ്ട് ചാർജ്ജെടുത്തു.

2. ഗൈനക്കോളജിസ്റ്റുമാരെ നിയമിക്കുകയും അവധിയിലായിരുന്ന ഗൈനക്കോളജിസ്റ്റ് ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു.

3. പുതുക്കിപ്പണിത തിയേറ്റർ പ്രവർത്തിപ്പിക്കുന്നതിന് നടപടികളായി.

4. പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിലേക്കാവശ്യമായ ഇലക്ട്രിക്കൽ പാനൽ ബോർഡ് എത്തിച്ചിട്ടുണ്ട്. X-ray room lead പാനലിങ്ങ് കഴിഞ്ഞു. ഫയർ എസ്റ്റിങ്ഷൻ കൂടി സ്ഥാപിച്ച് ഉടൻ തുടങ്ങുന്നതാണ്.

5. ആശുപത്രി വികസനത്തിന് മാസ്റ്റർ പ്ലാൻ സൂപ്രണ്ടിന്റെ ചുമതലകളിൽ തയ്യാറാക്കി വരുന്നു.

**ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് സെന്ററുകൾ**

223 (1882) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫീമെയിൽ ഹെൽത്ത് സൂപ്പർവൈസറി (എഫ്.എച്ച്.എസ്.) ട്രെയിനിംഗ് സെന്ററുകൾ ഉണ്ട് ;

(ബി) പ്രസ്തുത സെന്ററുകളിൽ ഒരേ സമയം എത്ര പേർക്കാണ് ട്രെയിനിംഗ് നല്കുന്നത് ;

(സി) ഓരോ ട്രെയിനിംഗ് സെന്ററിന്റെയും മേലധികാരി ആരാണ് ; അവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ;

(ഡി) എല്ലാ ട്രെയിനിംഗ് സെന്ററുകളിലും ഒരേ സ്റ്റാഫ് പാറ്റേൺ ആണോ നിലവിലുള്ളത് ; അല്ലെങ്കിൽ ഇത് ഏകോപിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2 എണ്ണം

(ബി) 100 പേർക്ക് (50+50)

(സി) പ്രിൻസിപ്പാൾ, കോഴിക്കോട് ട്രെയിനിംഗ് സെന്ററിലെ പ്രിൻസിപ്പാളിന്റെ യോഗ്യത ബി.എസ്.സി. നഴ്സിംഗും തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിന്റെ കീഴിൽ പ്രവർത്തിക്കുന്ന എഫ്.എച്ച്.എസ്. ട്രെയിനിംഗ് സെന്ററിന്റെ പ്രിൻസിപ്പാളിന്റെ യോഗ്യത എം.ബി.ബി.എസ്.-ഉം ആണ്.

(ഡി) അല്ല. തിരുവനന്തപുരത്തുള്ള എഫ്.എച്ച്.എസ്. ട്രെയിനിംഗ് സെന്റർ പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂളിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ പ്രസ്തുത സ്കൂളിന്റെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്.

**ഫലപ്രദമായ പൊതുജനാരോഗ്യ സംവിധാനം**

224 (1883) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫലപ്രദമായ പൊതുജനാരോഗ്യ സംവിധാനത്തിന്റെ അടിസ്ഥാനമായ 'രോഗവും ചികിത്സയും സംബന്ധിച്ച വിവരശേഖരണം' കേരളത്തിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിവരം നൽകുന്നതിൽ സ്വകാര്യ ആശുപത്രികൾ ഉദാസീനത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പകർച്ചവ്യാധി പിടിപ്പെട്ട് ചികിത്സയ്ക്കെത്തിയവരുടെ കണക്ക് നൽകിയില്ലെങ്കിൽ വളരെ തുച്ഛമായ പിഴയടച്ച് നടപടി ഒഴിവാക്കാൻ സഹായകരമായ കേരള പൊതുജനാരോഗ്യ നിയമത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് തയ്യാറാകുമോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്

(ബി&സി) പരിശോധിച്ചുവരുന്നു.

## കൊതുകുജന്യ സാംക്രമിക രോഗങ്ങൾ

225 (1884) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൺസൂൺ കാലത്ത് കൊതുകുജന്യ സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി കൊണ്ട് നടപ്പിലാക്കുമോ;

(സി) ഇത്തരം രോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും തടയുന്നതിനും ശാശ്വതപരിഹാരങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തന രേഖയാണ് ആരോഗ്യവകുപ്പ് മുൻവർഷങ്ങളിലെന്നപോലെ ഈ വർഷവും തയ്യാറാക്കിയിട്ടുള്ളത്. അതിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, രോഗ നിരീക്ഷണം, രോഗചികിത്സ, ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ, രോഗ നിയന്ത്രണം തുടങ്ങിയ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം മുതൽ തീവ്ര പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി സ്ഥായിയായ രീതിയിൽത്തന്നെ തുടർന്ന് പോകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(സി) നടത്തിയിട്ടുണ്ട്.

1. MCVR മണിപ്പാൽ - ഡെങ്കിപ്പനി, എച്ച്1 എൻ1 പഠനം
2. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി -ഡെങ്കിപ്പനി പഠനം
3. VCRC കോട്ടയം-ഈഡിസ് കൊതുകുകളിൽ ഡെങ്കി, സിക്ക എന്നീ വൈറസുകളെക്കുറിച്ചുള്ള പഠനം
4. കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ്, മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ഇവരുടെ പഠനങ്ങൾ വഴി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കിയിട്ടുള്ളതുമാണ്.

## മെഡിക്കൽ കോളേജുകളിലെ ചികിത്സ

226 (1885) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ സ്കാനിംഗ്, ലബോറട്ടറി പരിശോധനകൾക്കായി വിവിധ ഭാഗങ്ങളിൽ അലയേണ്ടതായി വരുന്നതും, ഗുരുതരപരിക്കുപറ്റി വന്നവരെ സ്കാനിംഗിനും മറ്റും കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനായി ലബോറട്ടറികൾ, സ്കാനിംഗ് മുതലായ പരിശോധനകേന്ദ്രങ്ങൾ ആശുപത്രി കോമ്പൗണ്ടിൽ തന്നെ ക്രമീകരിക്കുന്നതിനും, ഗുരുതര അപകടങ്ങളിൽപ്പെട്ട് വരുന്നവർക്ക് അടിയന്തര ചികിത്സ നൽകുന്നതിനും, പരിശോധന സൗകര്യങ്ങൾ കാഷ്വാലിറ്റിയോട് ചേർന്ന് സജ്ജീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ആശുപത്രി കോമ്പൗണ്ടിനുള്ളിൽ തന്നെ ലബോറട്ടറികളും സ്കാനിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഗുരുതരമായി പരിക്കുപറ്റിയ രോഗികൾക്ക് ആവശ്യമായ പരിശോധനകൾ കാഷ്വാലിറ്റിക്കു സമീപം ക്രമീകരിച്ചുകൊണ്ടുള്ള നവീകരിച്ച കാഷ്വാലിറ്റിയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പി.എം.എസ്.എസ്.വൈ. പദ്ധതി പ്രകാരം പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിൽ എം.ആർ.ഐ., സി.ടി. സ്കാനിംഗുകൾ ക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധനാ സൗകര്യങ്ങൾ കാഷ്വാലിറ്റിയോട് ചേർന്ന് സജ്ജീകരിക്കുന്ന വിധത്തിൽ മെഡിക്കൽ കോളേജുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## മൂന്നാറിൽ സർക്കാർ ആശുപത്രി

227 (1886) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ ആധുനിക രീതിയിലുള്ള സർക്കാർ ആശുപത്രി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഏതൊരു സ്ഥലത്തും സർക്കാർ ആശുപത്രി അനുവദിക്കുന്നത് അതാത് പ്രദേശത്തെ ജനസംഖ്യയും ലഭ്യമായ ആതുരസേവനങ്ങളും ഉൾപ്പെടെയുള്ള വിവിധ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ്. മൂന്നാറിൽ സർക്കാർ ആശുപത്രിക്കുവേണ്ടി വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന പക്ഷം അക്കാര്യം പരിശോധിക്കുന്നതാണ്.

**കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി**

228 (1887) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ 2014 ആഗസ്റ്റ് മാസം വരെ നിലവിലുണ്ടായിരുന്നതും കാൻസർ രോഗികൾക്ക് വലിയ ആശ്വാസമായിരുന്നതുമായ 'കാൻസർ കെയർ ഫോർ ലൈഫ്' പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1986-ൽ കേവലം 101 രൂപ അംഗത്വ ഫീസോടുകൂടി ആർ.സി.സി.-യിൽ ആരംഭിച്ച 'കാൻസർ കെയർ ഫോർ ലൈഫ്' പദ്ധതി 1991-ൽ അവസാനിച്ചിരുന്നു. ഒന്നാംഘട്ട പദ്ധതിക്കുശേഷം 500 രൂപ അംഗത്വ ഫീസോടുകൂടി രണ്ടാംഘട്ട പദ്ധതി 1992-ൽ ആരംഭിച്ചു. 1997-ൽ മൂന്നാംഘട്ട പദ്ധതിക്ക് മുന്നോടിയായി ഇത് നിർത്തലാക്കി. 1997-ൽ തുടങ്ങിയ മൂന്നാംഘട്ട പദ്ധതിയിൽ 500 രൂപയുടെയും 10,000 രൂപയുടെയും അംഗത്വം ഉണ്ടായിരുന്നു. 2014 ആഗസ്റ്റ് മാസത്തിൽ ഈ പദ്ധതിയും നിർത്തലാക്കുകയുണ്ടായി. ശാസ്ത്രീയമായ രീതിയിൽ നാലാംഘട്ട പദ്ധതി തുടങ്ങുന്നതിലേക്കാണ് ഈ പദ്ധതി അവസാനിപ്പിച്ചത്. കഴിഞ്ഞകാല പദ്ധതികളുടെ അനുഭവത്തിൽ നിന്നുള്ള പാഠം ഉൾക്കൊണ്ടുകൊണ്ട് ന്യൂനതകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമവും പ്രായോഗികവുമായ നാലാംഘട്ട പദ്ധതി ആവിഷ്കരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാൻസർ രോഗികളുടെ സ്ഥിതി വിവരകണക്കുകൾ, രോഗവും ചികിത്സാ ചെലവുകളും തമ്മിലുള്ള ബന്ധം, വിവിധ കാൻസർ ചികിത്സാ പ്രോട്ടോകോളുകൾ, കഴിഞ്ഞകാല പദ്ധതികളുടെ പരിമിതികൾ എന്നിവയെക്കുറിച്ചുള്ള വിലയിരുത്തൽ പൂർത്തിയായിട്ടുണ്ട്. പുതിയ പദ്ധതിക്കുള്ള താരിഫും തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കി നിയമ വിദഗ്ദ്ധന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തിയായാൽ ഉടൻതന്നെ പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ്. ആറു മാസത്തിനുള്ളിൽ പദ്ധതി തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം

229 (1888) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) ട്രോമാകെയർ സംവിധാനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ സ.ഉ.(ആർ.ടി.)നമ്പർ 1184/പി.ഡബ്ല്യൂ.ഡി./09 തീയതി 14-8-2009 പ്രകാരം 1.13 കോടി രൂപ ട്രോമാകെയർ യൂണിറ്റിന് അനുവദിക്കുകയും ഒന്നാംഘട്ട നിർമ്മാണം 20-12-2010-ൽ ആരംഭിക്കുകയും 31-3-2013-ൽ പൂർത്തിയാക്കുകയും രണ്ടാംഘട്ട നിർമ്മാണം 101 കോടി രൂപ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിലേയ്ക്കായി പ്ലാൻ പദ്ധതി 2016-17 പ്രകാരം ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 88,15,092 രൂപ കൈമാറിയിട്ടുണ്ട്. സി.ടി. സ്കാൻ ഫെസിലിറ്റിക്ക് വേണ്ടി പ്ലാൻ പദ്ധതി 2017-18 പ്രകാരം 1,93,86,762 രൂപയുടെ ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

## അഖിലേന്ത്യാ മെഡിക്കൽ സർവ്വീസ് കേഡർ

230 (1889) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ മേഖലയിൽ അഖിലേന്ത്യാ മെഡിക്കൽ സർവ്വീസ് കേഡർ രൂപവത്കരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത കേഡർ രൂപവൽക്കരിക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(സി) സംസ്ഥാനങ്ങളും കേന്ദ്ര ആരോഗ്യ സർവ്വീസും തമ്മിലുള്ള അകലം കുറയ്ക്കുന്നതിന് അഖിലേന്ത്യാ കേഡർ രൂപീകരണം സഹായിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. 'ആരോഗ്യം' സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയമായതിനാൽ അഖിലേന്ത്യാ മെഡിക്കൽ സർവ്വീസിനെ സംസ്ഥാന സർക്കാർ പിന്തുണയ്ക്കുന്നില്ലെന്ന അഭിപ്രായമാണ് അറിയിച്ചിട്ടുള്ളത്.

**സർക്കാർ ആശുപത്രികളുടെ ശുചിത്വം**

231 (1890) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളുടെ ശുചിത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശുചിത്വം ഉറപ്പാക്കുന്നതിനായി ആശുപത്രികൾ കേന്ദ്രീകരിച്ച് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ആശുപത്രികളിലെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ജനകീയ കമ്മിറ്റികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രികളുടെ ശുചിത്വം ഉറപ്പാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ കായകൽപ്പ് (kayakalp) എന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതുകൂടാതെ എല്ലാ ആശുപത്രികളിലും അണുബാധ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ നിന്നും ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

1. എല്ലാ ആശുപത്രികളിലും അണുബാധ തടയുന്നതിനായി ആശുപത്രി ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റി (Hospital Infection Control Committee) രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
2. വലിയ ആശുപത്രികളിൽ ബയോമെഡിക്കൽ മാലിന്യം (Biomedical Waste) IMAGE വഴി നിർമ്മാർജ്ജനം ചെയ്യുന്നു.

(സി) തൽക്കാലം പരിഗണനയിലില്ല.

## പാലിയേറ്റീവ് കെയർ നഴ്സുമാർ

232 (1891) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിച്ചുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ ആരോഗ്യവകുപ്പ് ഏറ്റെടുത്ത് സ്ഥിരനിയമനം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

സംസ്ഥാന പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രാഥമിക തലത്തിലുള്ള ഗൃഹ സന്ദർശന പദ്ധതി (ഹോം കെയർ) തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിൽ ഗൃഹ സന്ദർശനം നടത്തി സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരെ നിയമിച്ചിരിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. ഇവരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ചും സ്ഥിരപ്പെടുത്തുന്നതുപോലെയുള്ള തീരുമാനമെടുക്കേണ്ടതും തദ്ദേശസ്വയംഭരണ വകുപ്പാണ്.

## കുന്നത്തൂർ താലൂക്ക് ആശുപത്രി

233 (1892) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തൂർ താലൂക്ക് ആശുപത്രിയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ പ്രൊമോഷൻ തസ്തികകളും, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയിയിൽ കഴിഞ്ഞ ഒരു വർഷം നടന്ന സ്വാഭാവിക/ സിസേറിയൻ പ്രസവങ്ങൾ സംബന്ധിച്ച കണക്ക് മാസം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ആശുപത്രിയിൽ കഴിഞ്ഞ 6 മാസത്തെ ഒ.പി, കിടത്തി ചികിത്സ എന്നിവ സംബന്ധിച്ചുള്ള കണക്ക് ഇനവും മാസവും തിരിച്ച് വ്യക്തമാക്കാമോ; അവിടത്തെ ജീവനക്കാരുടെ കഴിഞ്ഞ 6 മാസത്തെ ഹാജർ കണക്ക് മാസം തിരിച്ച നൽകാമോ ;

(ഇ) കഴിഞ്ഞ 6 മാസം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ നടന്ന പ്രസവങ്ങളിൽ എത്ര പേർ കുന്നത്തൂർ താലൂക്ക് പരിധിയിലുള്ളവരാണെന്ന മാസം തിരിച്ച് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത ആശുപത്രിയുടെ പട്ടികയിൽ ശാസ്താംകോട്ട താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടുണ്ട്. ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി&ഡി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

| | | |
|---|---|---|
| (ഇ) | 2017 ഫെബ്രുവരി | 6 പേർ |
| | 2017 മാർച്ച് | 16 പേർ |
| | 2017 ഏപ്രിൽ | 26 പേർ |
| | 2017 മേയ് | 19 പേർ |
| | 2017 ജൂൺ | 14 പേർ |
| | 2017 ജൂലൈ | 29 പേർ |

## കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ നിയമനം

234 (1893) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, മിനിസ്റ്റീരിയൽ എന്നീ ഓരോ വിഭാഗത്തിലും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തസ്തികകളിൽ എത്രയും വേഗം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ ഒഴിഞ്ഞുക്കിടക്കുന്ന തസ്തികകൾ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| തസ്തിക | എണ്ണം |
|---|---|
| കൺസൾട്ടന്റ് (സർജറി) | 1 |
| ജൂനിയർ കൺസൾട്ടന്റ് | 1 |
| മെഡിസിൻ | 1 |
| ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | 1 |
| അസി. സർജൻ (സി.എം.ഒ.) | 1 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 |
| ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 |
| ലാബ് ടെക്നീഷ്യൻ | 1 |
| ഹെഡ് ക്ലാർക്ക് | 1 |
| ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 1 |

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**പകർച്ചപ്പനി**

235 (1894) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ പകർച്ചപ്പനികൾ വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൊതുകുകൾ, എലികൾ മുതലായവ പെരുകുന്നത് തടയുന്നതിനായി എന്തെല്ലാം മുൻ കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം പകർച്ച വ്യാധികൾക്കെതിരെ എല്ലാ സർക്കാർ ആശുപത്രികളിലും മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പകർച്ചപ്പനികൾ വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടി രോഗങ്ങളെക്കുറിച്ചും രോഗപ്രതിരോധത്തെപ്പറ്റിയും വ്യക്തമായ ബോധവൽക്കരണം പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്. ലഘുലേഖ വിതരണം, പോസ്റ്റർ, ആരോഗ്യ വിദ്യാഭ്യാസം, സെമിനാർ, സംവാദം, ചോദ്യോത്തരവേദി എന്നിവ വഴിയും കൂടാതെ മൈക്ക് അനൗൺസ്മെന്റ്, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും കൃത്യമായി ബോധവൽക്കരണം നടത്തിവരുന്നു.

(ബി) കൊതുകുകൾ, എലികൾ മുതലായവ പെരുകുന്നത് തടയുന്നതിനായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. മാലിന്യം കുന്നുകൂടുന്നിടത്ത് എലി, കൊതുക് പെരുകുന്നത് തടയുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്ന പ്രചരണത്തിന് നേതൃത്വം നൽകി.
2. ആഴ്ച തോറുമുള്ള ഡ്രൈഡേ ആചരണം.
3. കൊതുകുജന്യ രോഗം ഉണ്ടാകുന്ന സ്ഥലങ്ങളിൽ ഫോഗിംഗ്, ഐ.ആർ.എസ്. ഐ.എസ്.എസ്. തുടങ്ങിയ രാസ നിയന്ത്രണ മാർഗ്ഗങ്ങൾ നടത്തുന്നു.
4. കൃഷിവകുപ്പും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് എലി നശീകരണ പ്രവർത്തനങ്ങൾ.

(സി) സ്വീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയും കാരുണ്യ ഫാർമസി വഴിയും ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ലോക്കൽ പർച്ചേസ് വഴി മരുന്നുകൾ വാങ്ങുവാൻ ജില്ലാ മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

## ആശുപത്രികളുടെ പദവി ഉയർത്തൽ

236 (1895) ശ്രീ. എ. എൻ. ഷംസീർ :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരവധി സി.എച്ച്.സി.-കളെ താലൂക്ക് ആശുപത്രികളായി ഉയർത്തിയതായി പ്രഖ്യാപിച്ചെങ്കിലും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ടി സ്ഥാപനങ്ങളിൽ ആകെ 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, സൗകര്യങ്ങൾ ക്രമീകരിക്കുക, കമ്പ്യൂട്ടറൈസ്ഡ് ഒ. പി. രജിസ്ട്രേഷൻ, മെച്ചപ്പെട്ട ഇരിപ്പിടം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യം, ജീവിത ശൈലീ രോഗങ്ങളടക്കമുള്ള വിവിധ രോഗങ്ങളുടെ പരിചരണം എന്നിവ ലഭ്യമാക്കുവാനുള്ള നടപടി നടന്നുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യമൊരുക്കുന്നതിനായി 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ലാബ് സൗകര്യമൊരുക്കുന്നതിനായി 5 കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് വരുന്നു.

**തിരുവനന്തപുരം ജില്ലാ ആശുപത്രിയുടെ ട്രൈബൽ ഫണ്ടിന്റെ വിനിയോഗം**

237 (1896) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികളുടെ ചികിത്സയ്ക്കുവേണ്ടി തിരുവനന്തപുരം ജില്ലാ ആശുപത്രിയുടെ ട്രൈബൽ ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷം എന്തു തുക വകയിരുത്തി ; അതിൽ എത്ര തുക ചെലവായി; വിശദമാക്കാമോ;

(ബി) ആദിവാസി മേഖലയിൽ പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ അമിതമായ ഉപയോഗംമൂലം ഉണ്ടാകുന്ന അസുഖങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവയെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലാ ആശുപത്രിയുടെ ട്രൈബൽ ഫണ്ടിൽ നിന്നും ചെലവായ തുകയുടെ വിശദാംശങ്ങൾ.

| | |
|---|---|
| 2016-17 സാമ്പത്തിക വർഷത്തെ മുൻ നീക്കിയിരിപ്പ് | 11,93,764 |
| 2016-17-ൽ ലഭിച്ച തുക | 5,00,000 |
| ആകെ | 16,93,764 |
| കീഴ് സ്ഥാപനങ്ങളിലേക്ക് അനുവദിച്ച തുക | 12,25,000 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ എല്ലാ മാസവും ജില്ലാ പ്രാരംഭ അർബുദ നിർണ്ണയ ടീമിന്റെ നേതൃത്വത്തിൽ 2016-17-ൽ അർബുദ നിർണ്ണയ ക്യാമ്പ് നടത്തുകയുണ്ടായി. 2017-18-ലും അർബുദ നിർണ്ണയ ക്യാമ്പ് നടത്തിവരുന്നു. അമ്പൂരി, നന്ദിയോട്, കോട്ടൂർ (കുറ്റിച്ചൽ), കല്ലറ എന്നിവിടങ്ങളിൽ ക്യാമ്പ് നടന്നു. 5 വയസ്സ് മുതൽ പുകയില ഉപയോഗം നടത്തി വരുന്ന കുട്ടികളെയും മുതിർന്നവരെയും കണ്ട് പ്രാരംഭദശയിലുള്ള അർബുദരോഗ നിർണ്ണയം നടത്താനിടയായി. കുറ്റിച്ചൽ മേഖലയിൽ മുമ്പ് കണ്ടുപിടിച്ച ഒരു അർബുദ രോഗി തുടർ നിരീക്ഷണത്തിലാണ്. അർബുദരോഗ സാധ്യതയുള്ള ഇരുപത്തിയഞ്ചിലേറെ രോഗികൾ തുടർ പരിശോധനയിലാണ്. വീര്യംകൂടിയ "ചുക്ക " എന്ന പേരിലുള്ള പുകയില തണ്ടാണ് ഇവർ ഉപയോഗിക്കുന്നത്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംമൂലം ഗുരുതരമായ രോഗങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

238 (1897) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; ആയതിന്റെ പുരോഗതി വിശദീകരിക്കുമോ;

(ബി) ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതെങ്കിലും ഏജൻസി ഏറ്റെടുത്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഡയാലിസിസ് യൂണിറ്റ് എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള മരാമത്ത് പണികൾ പൂർത്തിയാക്കുന്നതിന് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയെയും ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) മരാമത്ത് പണി പൂർത്തിയായിക്കഴിഞ്ഞാൽ ആവശ്യമുള്ള ഉപകരണം സ്ഥാപിച്ച് ഡയാലിസിസ് കേന്ദ്രം പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്.

## തിരുവനന്തപുരം ജില്ലയിലെ ഡയാലിസിസ് യൂണിറ്റുകൾ

239 (1898) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റുകളിൽ ഡയാലിസിസ് ചെയ്യുന്നതിന് ഫീസ് ഈടാക്കാറുണ്ടോ; എങ്കിൽ ഫീസ് എത്ര രൂപയാണെന്നും ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) കൂടുതൽ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി, ഫോർട്ട് താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) 1. തിരുവനന്തപുരം ജനറൽ ആശുപത്രി ഒരു തവണ 650 രൂപ.

2. ഫോർട്ട് താലൂക്ക് ആശുപത്രി-600 രൂപ (APL കാർഡ്), 400 രൂപ (BPL കാർഡ്)

3. നെയ്യാറ്റിൻകര ജനറൽ ആശുപത്രി-600 രൂപ (APL കാർഡ്), 400 രൂപ (BPL കാർഡ്)

(സി) ഉണ്ട്. പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല താലൂക്ക് ആശുപത്രിയിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പാറശ്ശാല, ജില്ലാ ആശുപത്രി നെടുമങ്ങാട് എന്നിവിടങ്ങളിൽ KIIFB പദ്ധതി പ്രകാരവും ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2017-2018 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ തസ്തിക സൃഷ്ടിക്കൽ

240 (1899) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ 2006-11 കാലഘട്ടത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനായി പരിഗണനയിലുള്ളവ ഏതെല്ലാം; വിശദാംശം നൽകുമോ ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തിരുവങ്ങൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ, കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിരവധി അപേക്ഷകൾ സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അപേക്ഷകൾ പരിഗണിച്ച് തസ്തിക നിർണ്ണയത്തിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ ഉണ്ടാകുമോയെന്നും ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കുകയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്രൊപ്പോസലുകൾ മാത്രമാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.എച്ച്.സി.-കളെ സ്റ്റാൻഡേർഡൈസ് ചെയ്യാനുള്ള പ്രൊപ്പോസലിൽ തിരുവങ്ങൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.ഐ. സ്കാൻ, സി.ടി. സ്കാൻ സംവിധാനങ്ങൾ**

241 (1900) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം .ആർ .ഐ. സ്കാൻ, സി.ടി. സ്കാൻ ഉൾപ്പെടെയുള്ള വിവിധ ടെസ്റ്റുകൾ നടത്തുന്നതിന് രോഗികൾക്ക് മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ട് സി.ടി. സ്കാനും ഒരു എം.ആർ.ഐ. സ്കാനുമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. മൂന്നാമതൊരു സി.ടി. സ്കാൻ വാങ്ങുന്നതിനായി 3.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ഡിസംബർ മാസത്തോടെ പ്രവർത്തനസജ്ജമാകും. കൂടാതെ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് വഴി നാലാമത് ഒരു സി.ടി. സ്കാനും ഒരു എം.ആർ.ഐ. സ്കാനും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. 2017 ഡിസംബർ മാസത്തോടുകൂടി പുതുതായി സ്ഥാപിക്കുന്ന രണ്ട് സി.ടി. സ്കാനും ഒരു എം.ആർ.ഐ. സ്കാനും പ്രവർത്തനസജ്ജമാകുന്നതോടെ എം.ആർ.ഐ. സ്കാനിനും സി.ടി. സ്കാനിനും രോഗികൾ ഇപ്പോൾ നേരിടുന്ന അവസ്ഥയ്ക്ക് പരിഹാരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി.- കളെ അപ്ഗ്രേഡ് ചെയ്യുന്നത്**

242 (1901) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി.-കളെ അപ്ഗ്രേഡു ചെയ്യുന്നത് സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ;

(ബി) പി.എച്ച്.സി.-കളെ അപ്ഗ്രേഡു ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.-കളെ അപ്ഗ്രേഡു ചെയ്യുവാനുള്ള നടപടികൾ ആരോഗ്യവകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്;

(സി) ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളാക്കി മാറ്റുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) സെക്രട്ടേറിയറ്റിൽ ഇത് സംബന്ധിച്ചുള്ള ഫയലുകളുടെ വിശദ വിവരവും ഫയൽ നമ്പരുകളും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്നതാണ് ഇപ്പോൾ സർക്കാർ ഉദ്ദേശിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ പട്ടികയിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ പൊന്മള പി.എച്ച്.സി. ഉൾപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ ടി വിഷയവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല.

(ഡി&ഇ) നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ വിഷയം കൈകാര്യം ചെയ്യുന്ന സർക്കാർ ഫയൽ നമ്പർ 7/എം.1/2017/ആ.കു.വ. ആണ്.

**ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

243 (1902) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളിലാണ് ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിട്ടുള്ളത് ; ഇതിനാവശ്യമായ ചെലവിന്റെ എത്ര ശതമാനം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ട്രോമാ കെയർ അനുവദിച്ച ആശുപത്രികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് ;

(സി) കരുനാഗപ്പള്ളി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ (കേന്ദ്ര വിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ) 10.272 കോടി രൂപയിൽ 367.5 ലക്ഷം രൂപ ഒന്നാംഘട്ട കേന്ദ്ര വിഹിതമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ അനുവദിച്ചതിൽ 72 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും 432 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമാണ്. ഇതിനാവശ്യമായ ചെലവിന്റെ 60% ആണ് കേന്ദ്ര സർക്കാർ ഏറ്റെടുക്കുന്നത്.

(ബി) കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരം രണ്ട് ലെവൽ 1 സെന്ററുകൾ തമ്മിൽ 750 കിലോമീറ്ററിൽ കുറയാത്ത ദൂരം ആവശ്യമാണ്. കോഴിക്കോട് മെഡിക്കൽ കോളേജ് ലെവൽ 1 സെന്ററിൽ ഉൾപ്പെടുത്തിയതിനാൽ കേരളത്തിലെ മറ്റൊരു മെഡിക്കൽ കോളേജിനും ഈ ദൂരപരിധിയുടെ മാനദണ്ഡപ്രകാരം ലെവൽ 1 സെന്ററിന് അനുമതി ലഭിക്കാൻ സാധ്യതയില്ല.

(സി) കരുനാഗപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിനുള്ള പരിശോധനകൾ**

244 (T*1903) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഭിക്കുന്ന പച്ചക്കറികളിൽ വിഷാംശം ഉള്ളതായി ഏതെങ്കിലും പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ; ഈ വിഷയത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) ചെക്ക്പോസ്റ്റിനോടനുബന്ധിച്ച് ഇതിനുള്ള ലാബുകൾ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) സഞ്ചരിക്കുന്ന ലാബുകൾ നിലവിൽ എത്രയെണ്ണം ഉണ്ട്; അപ്രകാരമുള്ള പരിശോധനകളിൽ നിന്നും ലഭിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) ഏതെല്ലാം വിഷാംശങ്ങളാണ് ഇത്തരം പരിശോധനകളിൽ നിന്നും കണ്ടെത്തിയത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഭിക്കുന്ന പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിനായി ഭക്ഷ്യ സുരക്ഷാവകുപ്പ് പഠനം നടത്തിയിട്ടില്ല. എന്നാൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി&ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ രണ്ട് സഞ്ചരിക്കുന്ന ലാബുകളുണ്ട്. ഈ ലാബുകളിൽ പച്ചക്കറികൾ പരിശോധിക്കുന്നതിനുള്ള സംവിധാനമില്ല.

## പകർച്ചവ്യാധി മരണങ്ങൾ

245 (1904) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പനിയും മറ്റ് പകർച്ചവ്യാധികളുംമൂലം 2017 ജൂലൈ 31 വരെ എത്ര മരണങ്ങളാണ് സംഭവിച്ചിട്ടുള്ളതെന്ന് (സ്ഥിരീകരിച്ചിട്ടുള്ളത്/ സംശയിക്കുന്നത്) വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ വ്യക്തമായ മുന്നറിയിപ്പുണ്ടായിട്ടും എച്ച്1 എൻ1, ഡെങ്കി തുടങ്ങിയ പകർച്ചപ്പനികൾ തടയാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പരിശോധിച്ചിട്ടുണ്ട്.

1. കാലാവസ്ഥാ വ്യതിയാനങ്ങൾ താപനിലയിലുണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ.
2. ഖര, ദ്രവ, മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മ.
3. കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4. ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും.

5. സാമൂഹിക ശുചിത്വത്തിലുള്ള താല്പര്യക്കുറവ്.

6. ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കാനുള്ള സൗകര്യ കുറവ്.

7. വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ എന്നിവമൂലമാണ് എച്ച്1 എൻ1, ഡെങ്കി തുടങ്ങിയ പകർച്ചപ്പനികൾ ഫലപ്രദമായി തടയാൻ സാധിക്കാത്തത്.

**അട്ടപ്പാടിയിലെ നവജാതശിശുക്കളുടെ മരണം**

246 (1905) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അട്ടപ്പാടി മേഖലയിൽ എത്ര നവജാതശിശുക്കൾ മരണപ്പെട്ടെന്നും ഇതിനുള്ള കാരണങ്ങൾ എന്താണെന്നും വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം പരിഹാര നടപടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 15 കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്.

കാരണങ്ങൾ :

ജന്മവൈകല്യം, പൂർണ്ണവളർച്ച ഇല്ലാത്തത്, കുടൽ സംബന്ധമായ അസുഖം, തൂക്കക്കുറവ്, ഹൃദയ സംബന്ധമായ ജന്മവൈകല്യം, മിൽക് ആസ്പിറേഷൻ.

(ബി) ജന്മവൈകല്യം നേരത്തെ കണ്ടുപിടിക്കുന്നതിനായി ഗർഭാവസ്ഥയിൽ തന്നെ റേഡിയോളജിസ്റ്റിന്റെ സഹായത്തോടെ ഗർഭിണികൾക്ക് അനോമലി സ്കാൻ നടത്തുകയും വേണ്ട വൈദ്യസഹായം നൽകുകയും ചെയ്യുന്നു. എല്ലാ ഗർഭിണികൾക്കും ഗർഭപൂർവ്വ (Antenatal) പരിശോധന നൽകുന്നു. ആവശ്യമുള്ള ഗർഭിണികൾക്ക് വിദഗ്ധ ചികിത്സ നൽകുകയും ആവശ്യമെങ്കിൽ മെഡിക്കൽ കോളേജുകളിൽ വച്ച് പ്രസവം നടത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്യുന്നു. പോഷകാഹാര കുറവുള്ള കുട്ടികളെ ചികിത്സിക്കുന്നതിനും പോഷകാഹാരം നൽകുന്നതിനുമായി അഗളി, ഷോളാപ്പൂർ, പുതൂർ എന്നിവിടങ്ങളിൽ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. കൗമാരക്കാരായ പെൺകുട്ടികളുടെ വിളർച്ച കണ്ടെത്തി യഥാസമയം

ചികിത്സിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഗർഭിണികളുടെ വിളർച്ച കണ്ടെത്തി ചികിത്സ നൽകുകയും അതുവഴി നവജാത ശിശുവിനുള്ള ഭാരകുറവ്, കാലേക്കുട്ടിയുള്ള പ്രസവം (Pre term labour) എന്നിവ ഒഴിവാക്കുകയും ചെയ്യുന്നു. ന്യൂബോൺ മെറ്റബോളിക് സ്ക്രീനിംഗ് (നവജാത ശിശുക്കളിലുള്ള ഉപാപചയ അപാകതകൾ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ്) നടത്തുകയും രോഗാവസ്ഥ കണ്ടെത്തിയാൽ ചികിത്സ നൽകുകയും ചെയ്യുന്നു. ആദിവാസി മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (Mobile Medical Units) പ്രവർത്തിക്കുന്നു. ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് തുടങ്ങിയ വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിച്ചു വരുന്നു. അതുകൊണ്ട് കുട്ടികൾക്ക് യഥാസമയം ചികിത്സ നൽകുന്നതിന് കഴിയും. ജെ.എസ്.വൈ., ജെ.എസ്.എസ്.കെ. എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. അടുത്തടുത്തായുള്ള പ്രസവങ്ങൾ അമ്മയുടെ ആരോഗ്യനില തകരാറിലാക്കുകയും അതുവഴി നവജാത ശിശുക്കളുടെ ഭാരക്കുറവും നേരത്തേയുള്ള പ്രസവത്തിനും കാരണമാകുന്നു. അതിനാൽ പ്രസവങ്ങൾ തമ്മിലുള്ള അകലം കൂട്ടാനായി കുടുംബാസൂത്രണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആഹാരസാധനങ്ങളിലെ വിഷാംശം കണ്ടെത്തുന്നതിനുള്ള നടപടികൾ**

247 (1906) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കറികളിലും മറ്റ് സ്റ്റോറുകളിലും പ്ലാസ്റ്റിക് കവറുകളിൽ ലഭ്യമാകുന്ന ആഹാരസാധനങ്ങളിൽ വിഷാംശത്തിന്റെ അളവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏത് വിഷാംശമാണ് ബേക്കറി സാധനങ്ങളിൽ കാണുന്നത്;

(ബി) പ്രസ്തുത ഭക്ഷണ പദാർത്ഥങ്ങളിൽ മായം കലർന്നതും മാരകമായ രോഗങ്ങൾക്ക് കാരണമാകുന്നതുമായ രാസപദാർത്ഥങ്ങൾ കണ്ടതായുള്ള ചില മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിശോധനയിൽ ഇത്തരത്തിൽ കണ്ടെത്തിയ സ്ഥാപനങ്ങളുടെ പേര് വിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ നിലവിൽ നിയമമുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഭക്ഷണപദാർത്ഥങ്ങൾ നിർമ്മിക്കുന്നതും വിൽക്കുന്നതുമായ സ്ഥാപനങ്ങൾക്ക് നിലവിൽ ആരാണ് ലൈസൻസ് നൽകുന്നത് ; ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ സർട്ടിഫിക്കറ്റ് വാങ്ങണമെന്നുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്കും നൽകുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ബേക്കറികളിലും മറ്റ് സ്റ്റോറുകളിലും പ്ലാസ്റ്റിക് കവറുകളിൽ ലഭ്യമാകുന്ന ആഹാര സാധനങ്ങളിൽ വിഷാംശം അടങ്ങിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ഭക്ഷണപദാർത്ഥങ്ങളിൽ ചേർക്കുന്ന കൃത്രിമ നിറങ്ങളായ ടാർട്ടറാസിൻ, സൺസെറ്റ് യെല്ലോ എന്നിവയും ഈന്തപ്പഴത്തിൽ യീസ്റ്റ് മോൾഡ്, ഇൻസെക്റ്റ് എഗ്ഗ് എന്നിവയും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെട്ട ഭക്ഷണപദാർത്ഥങ്ങളുടെ സാമ്പിളുകൾ എടുത്ത് പരിശോധനയ്ക്ക് അയയ്ക്കുകയും അതിന്റെയടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) കൃത്രിമ നിറങ്ങൾ ചേർത്തതായി കണ്ടെത്തിയ സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| (1) | (2) |
| 1 | ബെസ്റ്റ് ബേക്കറി, തെങ്ങണ, ചങ്ങനാശ്ശേരി |
| 2 | അർച്ചന ബേക്കറി, മരങ്ങാട്ടുപിള്ളി |
| 3 | ന്യൂ എ.ആർ. ബേക്കറി, ചങ്ങനാശ്ശേരി |
| 4 | റോയൽ ബേക്കറി, ഏറ്റുമാനൂർ |
| 5 | കാലിക്കറ്റ് ചിപ്സ് സെന്റർ, കോട്ടയം |
| 6 | ബേക്ക് ഹൗസ്, കോട്ടയം |
| 7 | മദീന ബേക്കറി, കാക്കനാട് |
| 8 | ഉദയ ഫുഡ്സ്, കോലഞ്ചേരി |
| 9 | റോയൽ സ്വീറ്റ്സ്, അക്ബർ ബിൽഡിംഗ്, ആലുവ |
| 10 | കേരള സ്റ്റോഴ്സ്, മുനമ്പം |

| (1) | (2) |
|---|---|
| 11 | റോയൽ ഫുഡ്സ്, പുതുശ്ശേരി റോഡ്, തൃപ്പൂണിത്തുറ |
| 12 | ഹൊറിസൊൺ ട്രെയിഡിംഗ് കമ്പനി, കോൺവെന്റ് റോഡ്, കൊച്ചി |
| 13 | റോയൽ ഫുഡ്സ്, ആർ.എസ്. റോഡ്, കുട്ടൻശ്ശേരി, ആലുവ |
| 14 | സ്പിക് & സ്പാം മാർക്കറ്റിംഗ്, കളുത, വടുതല |
| 15 | ബിസ്മി ഹൈപ്പർ മാർക്കറ്റ്, കലൂർ |
| 16 | ലയൺ ഡേറ്റ്സ് ഇംപെക്സ് പ്രൈവറ്റ് ലിമിറ്റഡ്, വടുതല |
| 17 | ഷീൻ ബേക്കറി, പിലാത്തറ ബസ് സ്റ്റാന്റ്, കണ്ണൂർ |
| 18 | ഹൈപ്പർ ബേക്ക്സ്, ഫാസ്റ്റ് ഫുഡ് & കൂൾബാർ, തലശ്ശേരി |
| 19 | അയ്യങ്കാർ ബേക്കറി, ഫോർട്ട് റോഡ് കണ്ണൂർ |
| 20 | അയ്യങ്കാർ ബേക്കറി, ഫുഡ് പ്രോഡക്ട്സ്, ആരാമ്പ്രം |
| 21 | ഇല്ലം ബേക്കറി, പന്തീരംകാവ് |
| 22 | കെ.സി. ബേക്കറി, ബാലുശ്ശേരി |
| 23 | അരോമ ബേക്കറി, കല്ലാച്ചി |
| 24 | മാസ്റ്റർ ഫുഡ്സ് കവർ ബേക്കറി & കൺഫക്ഷനറി, കുഞ്ഞിപ്പ |
| 25 | ഗ്രാന്റ് ബേക്കേഴ്സ്, ബൈപ്പാസ് റോഡ്, മാങ്കാവ് |
| 26 | ഫ്രഷ് ഹൽവ, ഈസ്റ്റ് റോഡ്, കൊയിലാണ്ടി |
| 27 | റൂബി ബേക്കറി, ന്യൂ ബസ് സ്റ്റാന്റ്, കൊയിലാണ്ടി |

(ഡി) ഉണ്ട്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 സെക്ഷൻ 32,36(3)(a), ഫുഡ് സേഫ്റ്റി റൂൾ 2.1.2(2)(V) പ്രകാരവും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് റെഗുലേഷൻ (ലൈസൻസിംഗ് & രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്സ്) സെക്ഷൻ 2.1.8 വ്യവസ്ഥകൾക്ക് അനുസൃതമായും നടപടി സ്വീകരിക്കാവുന്നതാണ്.

(ഇ) ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം അധികാരപ്പെടുത്തിയ ഓഫീസർമാരാണ് ലൈസൻസ് നൽകുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസ് / രജിസ്ട്രേഷൻ വാങ്ങണമെന്നുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

**അട്ടപ്പാടിയിൽ ശിശുമരണങ്ങൾ**

248 (1907) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) 2017 മേയ് മാസത്തിൽ മാത്രം അഞ്ച് ശിശുമരണങ്ങൾ ഉണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശിശുമരണം ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 15 മരണം.

(ബി) നാല് മരണങ്ങളാണ് മെയ് മാസത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആ മരണങ്ങളെല്ലാം തന്നെ അന്വേഷണം നടത്തി വിലയിരുത്തിയിട്ടുണ്ട്.

(സി) ഗർഭിണികൾക്കായുള്ള ഗർഭകാല ക്ലിനിക്കുകൾ കൂടാതെ ഗർഭിണികൾക്ക് പ്രത്യേക പരിചരണം നൽകുന്ന പദ്ധതിയായ PMSMA പ്രോഗ്രാം എല്ലാ മാസവും 9-ാം തീയതി അട്ടപ്പാടി മേഖലയിൽ നടത്തിവരുന്നുണ്ട്. ഗർഭാവസ്ഥയുടെ രണ്ടാം ഘട്ടത്തിൽ ജന്മവൈകല്യങ്ങൾ ഗർഭാവസ്ഥയിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള അനോമലി സ്കാൻ, രക്തപരിശോധനകളും ചികിത്സയും നടത്തിവരുന്നു. High Risk ഗർഭിണികളെ കണ്ടെത്തി വിദഗ്ദ്ധ ചികിത്സയ്ക്കായി കൂടുതൽ സൗകര്യമുള്ള ആശുപത്രിയിലേക്ക് അയയ്ക്കുന്നതിനുള്ള സൗകര്യവും ഈ പദ്ധതിയിലൂടെ ചെയ്തു വരുന്നു. കൃത്യമായ ഗർഭസംരക്ഷണം നൽകുന്നതുമൂലം ശിശുമരണം ഒരു പരിധിവരെ ഒഴിവാക്കാനും കഴിയും.

## ആരോഗ്യ വകുപ്പിലെ സ്റ്റാന്റഡേർഡൈഡെസേഷൻ പദ്ധതി

249 (1908) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ വിവിധ വിഭാഗം സ്ഥാപനങ്ങളിൽ നിശ്ചിത സൗകര്യങ്ങളോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കാനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാൻഡേർഡൈഡെസേഷൻ പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) എറണാകുളം ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പടുത്തിയിട്ടുള്ളതെന്നും ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്റ്റാൻഡേർഡൈഡെസേഷന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ/താലൂക്കുതല ആശുപത്രികളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങളിലേക്ക് 197 സ്റ്റാഫ് നഴ്സിന്റെയും 84 ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർ അടക്കമുള്ള മറ്റ് വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ ആശുപത്രികളിൽ ആശ്വാസം ക്ലിനിക്, ആരോഗ്യസേന രൂപീകരണം, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കുടിവെള്ളം-ടോയ്‌ലെറ്റ് സൗകര്യങ്ങൾ, സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനായുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ കരുമാല്ലൂർ, ചേരാനല്ലൂർ, തൃക്കാക്കര, ഗോതുരുത്ത്, മഴുവന്നൂർ, ഏഴൂർ, പായിപ്ര, കോടനാട്, ചൊവ്വര, നായരമ്പലം, തിരുമാറാടി, ചെല്ലാനം, കുട്ടമ്പുഴ, മഞ്ഞപ്ര, വാഴക്കുളം എന്നീ 15 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ജനറൽ ആശുപത്രി ജില്ലാതല ആശുപത്രി വിഭാഗത്തിലും താലൂക്ക് ആശുപത്രികളായ കൊച്ചി, കരുവേലിപ്പടി, കോതമംഗലം, നോർത്ത് പറവൂർ, പെരുമ്പാവൂർ, മൂവാറ്റുപുഴ, ആലുവ, പിറവം, അങ്കമാലി എന്നിവ താലൂക്കുതല

വിഭാഗത്തിലും ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലേക്ക് 14 സ്റ്റാഫ് നഴ്സിന്റെയും രണ്ട് ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർ അടക്കമുള്ള മറ്റ് വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഈ ആശുപത്രികളിൽ ആശ്വാസം ക്ലിനിക്, ആരോഗ്യസേന രൂപീകരണം, കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യം, കുടിവെള്ളം-ടോയ്‌ലെറ്റ് സൗകര്യങ്ങൾ, സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവൽക്കരണത്തിനായുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### വട്ടിയൂർക്കാവ് പ്രൈമറി ഹെൽത്ത് സെന്റർ

250 (1909) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്രെഡിറ്റേഷൻ പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ വട്ടിയൂർക്കാവ് പ്രൈമറി ഹെൽത്ത് സെന്ററിൽ എന്തൊക്കെ സേവനങ്ങളാണ് രോഗികൾക്ക് ലഭിച്ചുവരുന്നത്;

(ബി) വട്ടിയൂർക്കാവ് പ്രൈമറി ഹെൽത്ത് സെന്ററിനെ കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ് ഹോസ്പിറ്റൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഇവിടെ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്രെഡിറ്റേഷൻ പ്രോഗ്രാമിന്റെ ഭാഗമായി വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 9 മണി വരെയുള്ള 2 ഷിഫ്റ്റായാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഫീവർ ക്ലീനിക്, എൻ.സി.ഡി. ക്ലിനിക്, ആന്റിനേറ്റൽ ക്ലിനിക്, ലാബ് സൗകര്യം എന്നീ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയിട്ടുണ്ട്.

(ബി) വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യകേന്ദ്രത്തിന് 2012-ൽ ക്യാഷ് അക്രെഡിറ്റേഷൻ ലഭിച്ചു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന സേവനങ്ങൾ ഈ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

1. രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.

2. രോഗികളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും പ്രദർശിപ്പിച്ചു.

3. ഒ.പി., ലാബ്. ഫാർമസി എന്നീ വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം ഏർപ്പെടുത്തി.

4. ഒ.പി.-യിൽ രോഗികൾക്ക് ശുദ്ധമായ കുടിവെള്ള സൗകര്യം ലഭ്യമാക്കി.

5. രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വീൽ ചെയറുകളിലും ട്രോളികളിലും സുരക്ഷാ ബൽറ്റുകൾ നിർബന്ധമാക്കി.

6. ഒ.പി. വിഭാഗത്തിന്റെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.

7. ഇൻജെക്ഷൻ റൂമിലും, ഒ.പി.-യിലും എത്തുന്ന രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തി.

8. ദുരന്തനിവാരണം, ആശുപത്രിയിൽ അണുബാധ നിയന്ത്രണം, ആശുപത്രിയിലെ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ ജീവനക്കാർക്ക് പരിശീലനം നൽകി.

9. മുലയൂട്ടുന്ന അമ്മമാർക്ക് അവരുടെ സ്വകാര്യത ഉറപ്പുവരുത്തു ന്നതിനുവേണ്ടി പ്രത്യേക മുറി തയ്യാറാക്കി.

10. ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിനായി IMAGE- മായി കരാർ ഒപ്പിട്ടു.

11. രോഗീ പരിചരണ വിഭാഗങ്ങളിൽ എൽബോടാപ്പുകൾ സ്ഥാപിച്ചു.

12. ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിലേക്ക് നടപടി സ്വീകരിച്ചു.

13. ടോക്കൺ സംവിധാനം ഏർപ്പെടുത്തി.

14. ഓരോ ജീവനക്കാർക്കും പ്രത്യേകം പേർസണൽ റെക്കോർഡുകൾ തയ്യാറാക്കി.

15. വാർഡുകളിലും ഫാർമസികളിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടെയ്നറുകളിലാണ് സൂക്ഷിക്കുന്നത്.

16. ഫാർമസിയിൽ ശുചിത്വവും, വായുസഞ്ചാരം ഉള്ളതുമായ അറകളിൽ മരുന്നുസൂക്ഷിക്കുന്നു.

17. നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്തരീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചു.

18. രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രിയിൽ തുടർനടപടികൾ സ്വീകരിച്ചു.

19. രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയശേഷം മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം ഉറപ്പുവരുത്തി.

20. എല്ലാ ജീവനക്കാർക്കും തുടർപരിശീലനം ഉറപ്പാക്കി, കൂടാതെ ദേശീയ പദ്ധതികൾ കൃത്യമായി നടപ്പിലാക്കി.

**രക്തപരിശോധനയ്ക്ക് അന്യായമായ ഫീസ്**

251 (1910) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പനി മരണങ്ങൾ വ്യാപകമായ അവസരത്തിൽ പല സ്വകാര്യ ലാബുകളും രക്തപരിശോധനയ്ക്ക് അന്യായമായ ഫീസ് ഈടാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനിയന്ത്രിതമായ ഫീസ് ഈടാക്കുന്ന സ്വകാര്യ ലാബുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) സ്വകാര്യ ലാബുകളെ നിയന്ത്രിക്കുന്നതിനായി കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിരുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമസഭയുടെ നടപ്പ് സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റെഗുലേഷൻ) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ 10-8-2017-ന് അവതരിപ്പിച്ചിട്ടുണ്ട്. ബിൽ നിയമമാകുന്ന മുറയ്ക്ക് അനിയന്ത്രിതമായ ഫീസ് ഈടാക്കുന്ന സ്വകാര്യ ലാബുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

## ഇറച്ചിക്കോഴികളിൽ വൈറസ് ബാധ

252 (1911) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ വൈറസ് ബാധ സ്ഥിരീകരിച്ച് മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ നൽകാമോ;

(ബി) ഇത്തരം ഇറച്ചിക്കോഴികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും രോഗബാധയില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് പൊതുജനാരോഗ്യം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴികളിൽ വൈറസ് ബാധയുണ്ടെന്ന മാധ്യമ വാർത്തകൾ അടിസ്ഥാനരഹിതമാണ്.

(ബി) ഇറച്ചിക്കോഴികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും വൈറസ് ബാധയില്ലെന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള ആധുനിക സംവിധാനങ്ങൾ ഭക്ഷ്യ സുരക്ഷാവകുപ്പിൽ ഇപ്പോൾ ലഭ്യമല്ല. എന്നാൽ ഈ സംവിധാനമുള്ള വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ ആയത് പരിശോധിച്ചിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാ ഉല്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള അനലറ്റിക്കൽ ലാബിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാവകുപ്പിൽ പുതുതായി തുടങ്ങിയ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനവും ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെ പരിശോധനയ്ക്കായി വിനിയോഗിക്കുന്നതാണ്. ഫുഡ്സേഫ്റ്റി ലാബിൽ പരിശോധിക്കാൻ സംവിധാനം ലഭ്യമല്ലെങ്കിൽ മറ്റ് ലാബുകളിൽ അയച്ച് പരിശോധിക്കാറുണ്ട്.

**രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യവിൽപ്പന തടയാൻ നടപടി**

253 (1912) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങൾ വിപണിയിൽ വിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മത്സ്യവിൽപ്പന തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമാകുന്ന സോഡിയം ബെൻസ്വയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നു എന്നുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗ സ്ഥന്മാരുടെ യോഗം ഭക്ഷ്യസുരക്ഷാ കമ്മീഷണർ വിളിച്ചുകൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലം ചെയ്യുകയും വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യത്തിന്റെയും മത്സ്യത്തിൽ ചേർക്കുന്ന ഐസ്സിന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിലാണ് പരിശോധന നടത്തിയത്. പ്രസ്തുത പരിശോധനയിൽ സോഡിയം ബെൻസ്വയേറ്റിന്റെ സാന്നിദ്ധ്യവും ഐസ്സിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും കണ്ടെത്തുകയുണ്ടായി. ഇതേ തുടർന്ന് സാഗർ റാണിയുടെ രണ്ടാംഘട്ടത്തിൽ ഉപഭോക്താക്കളെയും മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായി ബോധവൽക്കരിക്കുന്നതിനായി ഓരോ ജില്ലകളിലും മിനിമം മൂന്ന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേരള അക്രെഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽ (KASH) പദ്ധതി

254 (1914) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കേരള അക്രെഡിറ്റേഷൻ സ്റ്റാൻന്റേർഡ്സ് ഫോർ ഹോസ്പിറ്റൽ (KASH) പദ്ധതിയിൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രം ഏതാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പി.എച്ച്.സി.യിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് കേരള അക്രെഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽ (KASH) പദ്ധതിയിൽ തെരഞ്ഞെടുത്തിരിക്കുന്നത്.

(ബി) ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തിക സൃഷ്ടിച്ച് തൃശ്ശൂർ ജില്ലയിലെ മണലൂർ പ്രാഥമികാ രോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കാനും കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്കുള്ള മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ശൗചാലയ സൗകര്യങ്ങൾ എന്നിവയും ജീവിതശൈലീരോഗങ്ങളടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമികപരിചരണം എന്നിവ ലഭ്യമാക്കുന്നതിനുവേണ്ട നടപടികളും ലാബ് സൗകര്യമൊരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

### ദേശീയ കുടുംബക്ഷേമ പദ്ധതി

255 (1915) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ കുടുംബക്ഷേമ പദ്ധതി (എൻ.എഫ്.ബി.എസ്) കുന്നത്തൂർ താലൂക്കിൽ ഏത് വർഷം ഏത് മാസം വരെ വിതരണം ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയിൽ കുന്നത്തൂർ താലൂക്കിന് അനുവദിച്ച തുക വിതരണം ചെയ്യാനുള്ള അപേക്ഷകരുടെ പേര് വിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2013 ഡിസംബർ മാസം വരെ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായ ദേശീയ കുടുംബക്ഷേമ പദ്ധതിക്കുള്ള ധനസഹായം കേന്ദ്രസർക്കാരിൽ നിന്നുമാണ് ലഭിക്കുന്നത്. 2016 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ നിന്ന് കുന്നത്തുർ താലൂക്കിന് നാല് ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

## എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്കുള്ള അലോട്ട്മെന്റുകൾ

256 (1916) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്., ബി.ഡി.എസ്. കോഴ്സുകൾക്ക് ഈ വർഷം എത്ര അലോട്ട്മെന്റുകളാണ് നടത്തുവാൻ നിശ്ചയിച്ചിട്ടുള്ളത്;

(ബി) അലോട്ട്മെന്റിന് ശേഷമുള്ള ഒഴിവുകളിലേക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് സർക്കാരാണോ അതോ സ്വാശ്രയ മനേജ്മെന്റുകളാണോ ; വ്യക്തമാക്കാമോ ;

(സി) സുപ്രീംകോടതി വിധി അനുസരിച്ച് അലോട്ട്മെന്റിന് ശേഷമുള്ള ഒഴിവുകളുടെ 10 ഇരട്ടി വിദ്യാർത്ഥികളുടെ പട്ടിക മാനേജ്മെന്റുകൾക്ക് പ്രവേശന കമ്മീഷണർ കൈമാറേണ്ടതുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സർക്കാരും സ്വകാര്യ മാനേജ്മെന്റുകളും തമ്മിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടോ;

(ഇ) സ്വാശ്രയ കോളേജുകളിലെ അഡ്മിഷന് രണ്ട് അലോട്ട്മെന്റുകൾ നടത്തി വിദ്യാർത്ഥികൾക്ക് പരമാവധി സീറ്റിൽ പ്രവേശനം നൽകാതെ മാനേജ്മെന്റുകൾക്ക് സഹായകമായ നിലപാട് എടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഈ വർഷം രണ്ട് അലോട്ട്മെന്റുകളും സ്പോട്ട് അഡ്മിഷനും മുഖേന എല്ലാ അഡ്മിഷനും നടത്തുവാനാണ് പ്രവേശന പരീക്ഷാ കമ്മീഷണർ നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) രണ്ട് അലോട്ട്മെന്റുകളും സ്പോട്ട് അഡ്മിഷനും മുഖേന വിദ്യാർത്ഥികൾക്ക് പരമാവധി സീറ്റിൽ പ്രവേശനം നൽകുന്നതിനാണ് നിലവിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തീരുമാനിച്ചിട്ടുള്ളത്.

**എം.ബി.ബി.എസ്., ബി.ഡി.എസ്. പ്രവേശനത്തിന്**
**ഏകീകൃത ഫീസ്**

257 (1917) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ബി.ബി.എസ്./,ബി.ഡി.എസ്. പ്രവേശനത്തിന് കഴിഞ്ഞ വർഷത്തെ ഫീസ് ഘടനയിൽ എത്ര സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരുമായി കരാർ ഒപ്പു വയ്ക്കുകയോ, സന്നദ്ധത പ്രകടിപ്പിക്കുകയോ ചെയ്തിട്ടുണ്ട് ; ഏതൊക്കെ കോളേജുകളാണ് ; വിശദമാക്കുമോ ;

(ബി) നാലുതരം ഫീസ് ഈടാക്കുവാൻ സമ്മതിച്ച 100 സീറ്റുള്ള ഒരു മെഡിക്കൽ കോളേജിന് പ്രതിവർഷം എത്ര കോടി രൂപയാണ് ഫീസിനത്തിൽ ലഭിക്കുന്നത് ;

(സി) അതുപ്രകാരം രാജേന്ദ്രബാബു കമ്മീഷൻ നിശ്ചയിച്ച ഏകീകൃത ഫീസ് നടപ്പിലാക്കിയാൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ തുക പ്രസ്തുത മാനേജ്മെന്റുകൾക്ക് ലഭിക്കുകയില്ലേ;

(ഡി) ഏകീകൃത ഫീസ് നടപ്പിലാക്കുന്നതിനെതിരെ സ്വാശ്രയ മാനേജ്മെന്റുകൾ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; എത്ര ലക്ഷം രൂപ ഫീസ് ഈടാക്കുവാൻ അനുവദിക്കണമെന്നാണ് പ്രസ്തുത മാനേജ്മെന്റുകൾ ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) സർക്കാരുമായി നടത്തിയ ആദ്യഘട്ട ചർച്ചയിൽ മുൻവർഷത്തെ ഫീസ് നടപ്പിലാക്കുന്നതിൽ വിയോജിപ്പ് പ്രകടിപ്പിച്ച സ്വാശ്രയ മാനേജ്മെന്റുകൾ രാജേന്ദ്രബാബു കമ്മിറ്റി ഏകീകൃത ഫീസ് നിശ്ചയിച്ച ശേഷം മുൻവർഷത്തെ ഫീസ് ഈടാക്കിക്കൊണ്ട് അഡ്മിഷന് തയ്യാറായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷത്തെ ഫീസ് ഘടനയനുസരിച്ച് എം.ബി.ബി.എസ്./ ബി.ഡി.എസ്. പ്രവേശനം നടത്തുവാൻ താഴെപ്പറയുന്ന പത്ത് സ്വാശ്രയ മെഡിക്കൽ കോളേജുകൾ കരാർ ഒപ്പിടാൻ സന്നദ്ധത അറിയിച്ചിരുന്നു.

1. പരിയാരം മെഡിക്കൽ കേളേജ്
2. പരിയാരം ഡെന്റൽ കോളേജ്
3. എം.ഇ.എസ്. പെരിന്തൽമണ്ണ
4. ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം
5. അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്
6. ശ്രീ. ഗോകുലം മെഡിക്കൽ കോളേജ് &റിസർച്ച് സെന്റർ
7. മലബാർ മെഡിക്കൽ കോളേജ്
8. പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്
9. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്
10. കണ്ണൂർ മെഡിക്കൽ കോളേജ്

ഇതിൽ പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ഡെന്റൽ കോളേജ്, എം.ഇ.എസ്. പെരിന്തൽമണ്ണ, ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ്, കാരക്കോണം എന്നിവയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) പരിയാരം മെഡിക്കൽ കോളേജ് - 6,35,85,000 രൂപ. മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ - 6,90,00,000 രൂപ.

(സി) പരിയാരം ഒഴികെ മറ്റ് മാനേജ്മെന്റുകൾക്ക് കൂടുതൽ തുക ലഭിക്കും.

(ഡി) ഉണ്ട്. വിശദാംശങ്ങൾ ലഭ്യമല്ല.

(ഇ) മുൻവർഷത്തെ ഫീസ് ഘടന നിലനിർത്തി കരാർ ഒപ്പിടുന്നതിന് സ്വാശ്രയ മാനേജ്മെന്റുകൾക്ക് സർക്കാർ അവസരം നൽകിയിരുന്നു.

## പരിയാരം സഹകരണ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. പ്രവേശനം

258 (1918) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിന് കോളേജ് മാനേജ്മെന്റ് സർക്കാരുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) സ്വാശ്രയ മാനേജ്മെന്റുകൾ 20 ശതമാനം സീറ്റിൽ 25,000 രൂപ ഫീസ് ഈടാക്കി ബി.പി.എൽ., എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുമ്പോൾ പരിയാരം കോളേജിൽ പ്രസ്തുത വിഭാഗത്തിൽ നിന്നും 40,000 രൂപ ഫീസായി ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) സമർത്ഥരായ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കുവാനുള്ള സാഹചര്യമൊരുക്കേണ്ട സഹകരണ സ്ഥാപനം തന്നെ അന്യായമായ ഫീസ് ഈടാക്കുന്ന നടപടി സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് എപ്രകാരം സഹായകരമാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ ഫീസ് നിലനിർത്തിക്കൊണ്ട് ഇക്കൊല്ലവും MBBS പ്രവേശനം നടത്തുന്നതിൽ സർക്കാരും പരിയാരം മെഡിക്കൽ കോളേജും തമ്മിൽ 24-7-2017-ന് കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) ബി.പി.എൽ. വിഭാഗത്തിലെ അർഹരായ കുട്ടികൾക്ക് 25,000 രൂപ ഫീസ് നിരക്കിലും SEBC വിഭാഗത്തിൽപ്പെട്ട അർഹരായ കുട്ടികൾക്ക് 45,000 രൂപ നിരക്കിലും പഠിപ്പിക്കുവാനാണ് പരിയാരം മെഡിക്കൽ കോളേജുമായി കരാറായത്. ഇതേ നിരക്കിലാണ് കഴിഞ്ഞ വർഷവും കരാറിൽ ഏർപ്പെട്ടത്.

(സി) പരിയാരം മെഡിക്കൽ കോളേജിൽ അന്യായമായ ഫീസ് ഈടാക്കുന്നില്ല.

## സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത അവസ്ഥ

259 (1919) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മഞ്ചേരി മെഡിക്കൽ കോളേജിലെ എല്ലാ വകുപ്പുകളിലും ആവശ്യത്തിന് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അദ്ധ്യാപകരെ ഉടൻ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള മെഡിക്കൽ കോളേജിലെ പ്രവേശന തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്കും സ്ഥാനക്കയറ്റം വഴി നികത്തേണ്ട തസ്തികകൾ ഡി.പി.സി.-ക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ മെഡിക്കൽ കോളേജുകളിൽ എറണാകുളത്ത് 166-ഉം മഞ്ചേരി മെഡിക്കൽ കോളേജിൽ 221-ഉം കൊല്ലം മെഡിക്കൽ കോളേജിൽ 121-ഉം അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി&ഡി) ഉണ്ട്.

## ഫാർമസി കോളേജുകളുടെ പി.സി.ഐ. അംഗീകാരം

260 (1920) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭൂരിഭാഗം ഫാർമസി കോളേജുകൾക്കും പി.സി.ഐ. അംഗീകാരമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല കോളേജുകൾക്കും മുമ്പ് ലഭിച്ച അംഗീകാരത്തിന്റെ പിൻബലത്തിലാണ് ഇപ്പോഴും പ്രവേശനം നടത്തുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(സി) കോഴ്സ് ആരംഭിച്ചതിനുശേഷം പരിശോധന നടത്തുമ്പോൾ അംഗീകാരം പുതുക്കി ലഭിച്ചില്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പരിശോധനയിൽ അംഗീകാരം റദ്ദായാൽ പാഴാകുന്നത് വിദ്യാർത്ഥികളുടെ നാല് വർഷവും ഫീസിനത്തിൽ അവർ നൽകിയ ലക്ഷങ്ങളുമാണെന്ന വസ്തുത പരിശോധിക്കുകയുണ്ടായോ ;

(ഇ) പി.സി.ഐ പരിശോധന സമയബന്ധിതമായി നടത്തുന്നതിനും അംഗീകാരമുള്ള സ്ഥാപനങ്ങൾ മാത്രം പ്രവർത്തിപ്പിക്കുന്നതിനും സർക്കാർ തലത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ഫാർമസി കോളേജുകൾക്കും 2016-17 വരെ പി.സി.ഐ. അംഗീകാരമുണ്ട്. ഇതിൽ ഭൂരിഭാഗം കോളേജുകൾക്കും പി.സി.ഐ. അംഗീകാരം 2017-ന് ശേഷവും പുതുക്കിയിട്ടുണ്ട്. ചില കോളേജുകളിൽ മാത്രം പരിശോധന നടത്തി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷനും എ.ഐ.സി.ടി.ഇ./ പി.സി.ഐ. എന്നീ സ്ഥാപനങ്ങളുടെ അംഗീകാരവുമുള്ള കോളേജുകളിൽ മാത്രമേ സർക്കാർ മെരിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനം നടത്തിയിട്ടുള്ളൂ. അതിനാൽ വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാകുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

(ഡി) സ്വാശ്രയ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ അതാത് കോളേജുകൾക്ക് ആരോഗ്യ സർവ്വകലാശാല/ എ.ഐ.സി.ടി.ഇ./പി.സി.ഐ. എന്നിവയുടെ അംഗീകാരമുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

(ഇ) സമയബന്ധിതമായി പി.സി.ഐ. പരിശോധന നടത്തുവാൻ അതാത് കോളേജുകൾ തന്നെ നടപടികൾ സ്വീകരിക്കുകയും പി.സി.ഐ.-യെ അറിയിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ നടപടികൾ കൈക്കൊള്ളേണ്ടതില്ല.

**മെഡിക്കൽ പ്രവേശന രംഗത്തെ അനിശ്ചിതാവസ്ഥ**

261 (1921) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ച 5 സ്വകാര്യ മെഡിക്കൽ കോളേജ് ഉൾപ്പെടെ 6 മെഡിക്കൽ കോളേജുകൾക്ക് 2017-18 അദ്ധ്യയന വർഷം മെഡിക്കൽ കൗൺസിൽ പ്രവേശനാനുമതി നിഷേധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇക്കാരണത്താൽ 'നീറ്റ്'-ൽ ഉയർന്ന റാങ്ക് നേടിയ എത്ര വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. പ്രവേശനം ആണ് അനിശ്ചിതാവസ്ഥയിലാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ പ്രവേശന രംഗത്ത് ഈ വർഷം സർക്കാരും സ്വാശ്രയ മാനേജ്മെന്റുകളും ഉണ്ടാക്കിയിട്ടുള്ള ആശങ്ക സമർത്ഥരായ വിദ്യാർത്ഥികൾ സംസ്ഥാനത്തെ പഠനം ഉപേക്ഷിച്ച് അന്യസംസ്ഥാനങ്ങളിൽ അഡ്മിഷൻതേടേണ്ട സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ ഭൗതികസൗകര്യങ്ങൾ ഒരുക്കാത്തതുമൂലം സമർത്ഥരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കുന്നതിനുള്ള അവസരം ഇല്ലാതായതായി കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 2017-18 അദ്ധ്യയന വർഷം ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രവേശനാനുമതി നിഷേധിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയന വർഷത്തിൽ കഴിഞ്ഞ വർഷത്തേതിൽ നിന്നും 750 എം.ബി.ബി.എസ്. സീറ്റുകൾ സ്വാശ്രയ രംഗത്ത് കുറവുണ്ടാകാൻ ഇടയുണ്ട്.

(സി) മെഡിക്കൽ പ്രവേശനം സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ ഏതെങ്കിലും തരത്തിലുള്ള ആശങ്ക സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാക്കിയിട്ടില്ല.

(ഡി) ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിന് കേന്ദ്ര റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരം നഷ്ടപ്പെട്ടതിനാൽ അവിടെ ഈ വർഷം പ്രവേശനം സാദ്ധ്യമല്ല.

## മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രവേശനാനുമതി നിഷേധം

262 (1922) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര സ്വാശ്രയ മെഡിക്കൽ കേളേജുകൾക്കാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ പ്രവേശനാനുമതി നിഷേധിച്ചിട്ടുള്ളത്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(ബി) പ്രവേശനാനുമതി നിഷേധിക്കാൻ എന്തൊക്കെ കാരണങ്ങളാണ് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷം താഴെപ്പറയുന്ന ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രവേശനാനുമതി നിഷേധിച്ചിട്ടുണ്ട്.

1. ഡി.എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (150 സീറ്റ്)
2. കേരള മെഡിക്കൽ കോളേജ്, പാലക്കാട് (150 സീറ്റ്)
3. അൽ-അസ്ഹർ മെഡിക്കൽ കോളേജ്, തൊടുപുഴ. (150 സീറ്റ്)
4. മൗണ്ട് സിയോൺ മെഡിക്കൽ കോളേജ്, പത്തനംതിട്ട (100 സീറ്റ്)
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ (150 സീറ്റിൽ നിന്ന് 100 സീറ്റായി കുറച്ചു)
6. എസ്.ആർ. മെഡിക്കൽ കോളേജ് & റിസർച്ച് സെന്റർ, തിരുവനന്തപുരം (100 സീറ്റ്)

(ബി) പ്രവേശനാനുമതി നിഷേധിക്കാൻ ഇടയായതിന്റെ വിശദാംശങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

## സംസ്ഥാനത്ത് 'എയിംസ്'

263 (1924) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയിംസ് അനുവദിക്കുന്നത് സംബന്ധിച്ച് 2014 മാർച്ചിൽ കേന്ദ്രസർക്കാർ ഉറപ്പ് നൽകിയിരുന്നോ;

(ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) എയിംസ് പ്രഖ്യാപിച്ച ശേഷം ആസാം തുടങ്ങിയ സംസ്ഥാനങ്ങളിൽ പോലും എയിംസ് അനുവദിച്ചപ്പോൾ കേരളത്തിൽ ഇതുവരെ അനുവദിക്കാത്തതിന്റെ കാരണം എന്താണ്;

(ഡി) സംസ്ഥാനത്ത് എയിംസ് തുടങ്ങുന്നതിനായി കണ്ടെത്തി കേന്ദ്രത്തെ അറിയിച്ച സ്ഥലം ഏതാണ്;

(ഇ) പ്രധാനമന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ചയിൽ എയിംസ് അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) എല്ലാ സംസ്ഥാനങ്ങളിലും 'എയിംസ്' പോലുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി അനുയോജ്യമായ മൂന്നോ നാലോ സ്ഥലങ്ങൾ കണ്ടെത്തുവാൻവേണ്ടി 2014 ജൂണിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(ബി) 'എയിംസ്' സ്ഥാപിക്കുന്നതിന് ഉചിതമായ സ്ഥലം കണ്ടെത്തി കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) 2015-16 ബജറ്റ് പ്രഖ്യാപനത്തിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുടർന്നുള്ള ഘട്ടത്തിൽ പരിഗണിക്കാമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

(ഡി) കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC-യുടെ കൈവശമുള്ള 200 ഏക്കർ സ്ഥലമാണ് സംസ്ഥാനത്ത് 'എയിംസ്' തുടങ്ങുന്നതിനായി കണ്ടെത്തി കേന്ദ്ര സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

(ഇ) രേഖാമൂലമുള്ള ഉറപ്പൊന്നും ലഭിച്ചിട്ടില്ല.

## ഗവൺമെന്റ് ആയുർവേദ കോളേജിൽ പഞ്ചകർമ്മ ചികിത്സ

264 (1925) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജക മണ്ഡലത്തിലെ പൂജപ്പുരയിലുള്ള ഗവ. ആയുർവേദ കോളേജിനെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ; ഇതിനു വേണ്ട വിശദമായ പ്രോജക്റ്റ് തയ്യാറാക്കാമോ;

(ബി) ഇതിനായി അടുത്ത സാമ്പത്തിക വർഷം തുക വകയിരുത്തുമോ;

(സി) നിശ്ചിത വരുമാനത്തിൽ താഴെയുള്ളവർക്ക് സൗജന്യ പഞ്ചകർമ്മ ചികിത്സ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയെ ലോകോത്തര നിലവാരത്തിലുള്ള ഒരു സ്ഥാപനമായി ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ പ്രസ്തുത ആശുപത്രിയുടെ വികസനത്തിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആശുപത്രി ക്യാമ്പസ്സിനുള്ളിൽ ഒരു ഒഫ്ത്താൽമോളജി & പാരാ സർജ്ജിക്കൽ & കാൻസർ കെയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, പഞ്ചകർമ്മ ആശുപത്രിയിൽ വൃദ്ധജന പരിപാലനത്തിനായി ഒരു ജെറിയാട്രിക് കെയർ സെന്റർ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി 75 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പഞ്ചകർമ്മ ആശുപത്രി ക്യാമ്പസ്സിൽ സി.പി.സി.എസ്.ഇ.എ. നിഷ്കർഷിക്കുന്ന തരത്തിലുള്ള ഒരു അനിമൽ ഹൗസ് നിർമ്മിക്കുന്നതിന് 40 ലക്ഷം രൂപ 2016-17-ൽ അനുവദിച്ചിട്ടുണ്ട്. പഞ്ചകർമ്മ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മുഖേന പുതിയ പേവാർഡ് നിർമ്മാണ നടപടികൾ പൂർത്തിയായി വരുന്നു. പഞ്ചകർമ്മ ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണ പ്രവർത്തനവും അന്തിമ ഘട്ടത്തിലാണ്. പഞ്ചകർമ്മ ആശുപത്രി ക്യാമ്പസ്സിനുള്ളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഭാവി വികസനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് മുൻ വർഷങ്ങളിലേതു പോലെ അടുത്ത സാമ്പത്തിക വർഷവും തുക വകയിരുത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) നിലവിൽ നിശ്ചിത വരുമാനത്തിൽ താഴെയുള്ളവർക്ക് ചികിത്സയും ഭക്ഷണവും സൗജന്യമായി നൽകിവരുന്നു.

## ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്

265 (1926) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന് കീഴിൽ എത്ര അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഓഫീസുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്നും ഓരോ ഓഫീസിനും കീഴിൽ വരുന്ന ജില്ലകൾ ഏതെല്ലാമെന്നും അറിയിക്കാമോ;

(സി) മലപ്പുറം, കോട്ടയം ജില്ലകളിൽ അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരുടെ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഏറ്റവും ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ ഇത്തരമൊരു ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന് കീഴിൽ ആറ് (6) അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോൾ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി)

| ക്രമ നമ്പർ | അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം | പരിധിയിൽ വരുന്ന ജില്ലകൾ |
|---|---|---|
| (1) | (2) | (3) |
| 1 | അത്താണി ലെയിൻ, വഞ്ചിയൂർ പി.ഒ. തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | മന്നാനിയ ഷോപ്പിംഗ് കോംപ്ലക്സ് ആണ്ടാമുക്കം, കൊല്ലം | കൊല്ലം, പത്തനംതിട്ട, കോട്ടയം |
| 3 | സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം | ആലപ്പുഴ, എറണാകുളം, ഇടുക്കി |

| (1) | (2) | (3) |
|---|---|---|
| 4 | ചേറ്റൂർ രാമനിലയം ജംഗ്ഷൻ ഷോപ്പിംഗ് കോംപ്ലക്സ്, ജവഹർ ബാലഭവന് സമീപം ചെമ്പൂക്കാവ്, തൃശ്ശൂർ | തൃശ്ശൂർ, പാലക്കാട് |
| 5 | സിവിൽ സ്റ്റേഷൻ, കോഴിക്കോട് | കോഴിക്കോട്, മലപ്പുറം, വയനാട് |
| 6 | കക്കാട് റോഡ്, കണ്ണൂർ | കണ്ണൂർ, കാസർഗോഡ് |

(സി&ഡി) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തി പഠനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**മരുന്നുകളുടെ ഗുണനിലവാരം**

266 (1927) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിലേറെയും ഗുണനിലവാരമില്ലാത്തവയാണെന്നും കൃത്യമായി ഗുണനിലവാരം പരിശോധിക്കാൻ മതിയായ സംവിധാനങ്ങളില്ലെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര മെഡിക്കൽ സ്റ്റോറുകളുണ്ട്; അവയിലൂടെ വിൽക്കപ്പെടുന്ന എത്ര ശതമാനം മരുന്നുകളാണ് പരിശോധിക്കപ്പെടുന്നത്;

(സി) മെഡിക്കൽ സ്റ്റോറുകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ടോ; നടത്തിയ പരിശോധനയുടെ പൂർണ്ണവിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ഡി) വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിന് അടിയന്തിര പരിഹാരം കാണുന്നതിനും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് നിലവിൽ 13877 ചില്ലറ ഔഷധ വ്യാപാരികളുണ്ട്. നിലവിലെ സംവിധാനങ്ങൾ പ്രകാരം മൊത്തം 3 ലക്ഷത്തോളം ബാച്ച് മരുന്നുകളുടെ 3% ആണ് റാൻഡം സാമ്പ്ലിംഗ് വഴി പരിശോധനയ്ക്ക് വിധേയമാക്കുന്നത്.

(സി) ഏറ്റവും കുറഞ്ഞത് വർഷത്തിലൊരിക്കലെങ്കിലും മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തണമെന്നാണ് ഡ്രഗ്സ് കോസ്മെറ്റിക്സ് ആക്ട് & റൂൾസ് അനുശാസിക്കുന്നത്. ആയത് അനുസരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധനകൾ നടത്തുന്നുണ്ട്. 2017-18 കാലയളവിൽ നടത്തിയ പരിശോധനകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം എണ്ണായിരത്തോളം സാമ്പിളുകൾ ഗുണനിലവാര പരിശോധയ്ക്ക് വിധേയമാകുന്നുണ്ട്.

(ഇ) കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 5%-ത്തിൽ താഴെ മാത്രമാണ്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇങ്ങനെ മരുന്ന് പരിശോധനാ ലാബുകളുടെ എണ്ണം അഞ്ചാകുന്നതോടുകൂടി സംഭരണത്തിലുള്ള മരുന്നുകളുടെ റാൻഡം സാംമ്പ്ലിംഗ് കൂടുതൽ കാര്യക്ഷമമാകുന്നതാണ്.

**സർക്കാരിന്റെ കീഴിലുള്ള മരുന്നുകടകളിൽ ഒരേ മരുന്നിന് പല വില**

267 (1928) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ UDF സർക്കാർ കാലയളവിലും തുടർന്നും സർക്കാരിന്റെ കീഴിലുള്ള മരുന്നുകടകളിൽ ഒരേ മരുന്നിന് പല വില ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതു തടയുവാനും മരുന്നു കമ്പനികളുമായി ചർച്ച നടത്തി വില നിശ്ചയിച്ച് ആ വില മാത്രം ഈടാക്കി ജനങ്ങൾക്കു നൽകുന്ന ഒരു ഏകീകൃത സംഭരണ -വിതരണ -വിപണന നയം രൂപീകരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ ഇപ്രകാരം മരുന്നിന് / മെഡിക്കൽ ഉപകരണങ്ങൾക്ക് ഇത്തരം സർക്കാർ നിയമന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ഈടാക്കിവരുന്ന വില ഏകീകരിക്കാൻ 2012 ആഗസ്റ്റ് മാസം ഉത്തരവ് നൽകിയശേഷം എന്തു തുടർനടപടികളാണ് സ്വീകരിച്ചത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ജനങ്ങൾക്ക് വിലക്കുറവിലും ഒരേ വിലയിലും മരുന്നുകൾ നൽകുവാൻ ആരോഗ്യവകുപ്പ് എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ സംരംഭങ്ങളായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്നിവ നടത്തിവരുന്ന മാവേലി മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, കാരുണ്യാ ഫാർമസികൾ എന്നിവ ഒരേ മരുന്നിന് വ്യത്യസ്ത വില ഈടാക്കുന്നതായി കണ്ടുവരുന്നുണ്ട്. എന്നാൽ ഈ വിലകളെല്ലാം തന്നെ മരുന്നിൽ കാണിച്ചിരിക്കുന്ന പരമാവധി ചില്ലറ വിൽപ്പന വിലയേക്കാൾ (MRP) വളരെ താഴെയാണ്. സംഭരണ പ്രക്രിയയിലും സംഭരണത്തിന്റെ തോതിലുള്ള വ്യത്യാസങ്ങൾ കാരണം വ്യത്യസ്ത വിലയ്ക്കാണ് ഓരോ സ്ഥാപനങ്ങൾക്കും മരുന്നുകൾ ലഭിക്കുന്നത്. ഈ വിലയിൽ നിന്നും ഓരോ സ്ഥാപനങ്ങളും വ്യത്യസ്ത ലാഭ വിഹിതം കണക്കാക്കിയാണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡറിന്റെ (Drugs Price Control Order) പരിധിക്കുള്ളിൽ തന്നെയാണ് ഈ വിൽപ്പന വിലയെന്നതിനാൽ നിയമലംഘനങ്ങളൊന്നും ഉള്ളതായി കാണുന്നില്ല.

(സി&ഡി) ഈ സ്ഥാപനങ്ങൾക്ക് ഒരേ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കണമെങ്കിൽ എല്ലാ സ്ഥാപനങ്ങളും ചേർന്ന് ഏകീകൃത സംഭരണ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. മെഡിക്കൽ സ്റ്റോറുകൾ സ്ഥിതി ചെയ്യുന്ന ഇടമനുസരിച്ചാണ് മരുന്നുകളുടെ ആവശ്യകതയിൽ മാറ്റം വരുന്നത്. ആയതിനാൽ ഏകീകൃത സംഭരണ രീതി പൂർണ്ണമായും പ്രായോഗികമല്ല.

**ഹോമിയോ മെഡിക്കൽ കോളേജുകളിലെ ലാബ് ടെക്നീഷ്യൻമാർ**

268 (1929) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോമിയോ മെഡിക്കൽ കോളേജുകളിൽ നിലവിൽ എത്ര ലാബ് ടെക്നീഷ്യന്മാരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ സ്ഥലംമാറ്റത്തിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) നിലവിലുള്ള മാനദണ്ഡം ലംഘിച്ച് ഒരേ സ്ഥലത്ത് തന്നെ തുടരുന്ന ലാബ് ടെക്നീഷ്യൻമാരെ മാനദണ്ഡം അനുസരിച്ച് സ്ഥലം മാറ്റുമോ ?

ഉത്തരം

(എ) 7 തസ്തികകളിലായി 7 ലാബ് ടെക്നീഷ്യൻമാർ നിലവിലുണ്ട്.

(ബി&സി) അതത് കാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ലാബ് ടെക്നീഷ്യൻമാരുടെ സ്ഥലംമാറ്റം നടത്തിവരുന്നത്. തിരുവനന്തപുരം, കോഴിക്കോട് സർക്കാർ ഹോമിയോ കോളേജുകളിലെ ജീവനക്കാർ മാത്രമാണ് ഹോമിയോപ്പതി വിദ്യാഭ്യാസ വിഭാഗത്തിന്റെ പരിധിയിൽ വരുന്നത്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച 25-2-2017-ലെ സ.ഉ.(പി) നമ്പർ 03/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവാണ് പൊതുസ്ഥലംമാറ്റത്തിന് നിലവിൽ ബാധകമായിട്ടുള്ളത്. എന്നാൽ നടപ്പ് വർഷം ഈ വിഭാഗത്തിൽ നിന്നും പൊതുസ്ഥലംമാറ്റ അപേക്ഷയൊന്നും തന്നെ ലഭിച്ചിട്ടില്ല.

**ഹരിപ്പാട് ഹോമിയോ ഡിസ്‌പെൻസറി**

269 (1930) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ വാടക നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിച്ച് വാടക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഇല്ല.

**യോഗ, പ്രകൃതി ചികിത്സാ ആശുപത്രികളിലെ നിയമനം**

270 (1931) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ യോഗ പ്രകൃതി ചികിത്സാ ആശുപത്രികളിൽ ജോലി നോക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ ആയുഷ് വിഭാഗം നടത്തുന്ന കോഴ്സ് പാസ്സായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിലും ഇവിടെ ആയുർവേദ നഴ്സുമാരാണ് ജോലി ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയുർവേദവും യോഗ, പ്രകൃതി ചികിത്സയും രണ്ടു തരം ചികിത്സാ രീതികളായതിനാൽ, കേന്ദ്രസർക്കാരിന്റെ ആയുഷ് വിഭാഗം നടത്തുന്ന നഴ്സിംഗ് കോഴ്സായ ട്രീറ്റ്മെന്റ് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സ് (ടി.എ.ടി.സി) അംഗീകരിച്ച് പ്രസ്തുത കോഴ്സ് പാസ്സായവരെ യോഗ, പ്രകൃതി ചികിത്സാ ആശുപത്രികളിൽ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കേരളത്തിലെ പ്രകൃതി ചികിത്സാ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ കേരളത്തിൽ പഠിച്ചവരാണോ; ഇവരുടെ പഠനകോഴ്സുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഭാരതീയ ചികിത്സാ വകുപ്പിലെ യോഗ പ്രകൃതി ചികിത്സാ ആശുപത്രികളിൽ ആയുർവേദ നഴ്സുമാരാണ് ജോലി ചെയ്യുന്നത്.

(ബി) കേന്ദ്ര സർക്കാരിന്റെ ആയുഷ് വിഭാഗം നടത്തുന്ന നഴ്സിംഗ് കോഴ്സായ ട്രീറ്റ്മെന്റ് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സ് (ടി.എ.ടി.സി.) പാസ്സായവരെ യോഗ, പ്രകൃതി ചികിത്സാ ആശുപത്രികളിലെ നഴ്സ് ഗ്രേഡ്-2 ആയി നിയമിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) അല്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഡോക്ടർമാരുടെ പഠന കോഴ്സ് സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്.

**പടന്നക്കാട് ആയുർവേദ ആശുപത്രി**

271 (1932) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ പടന്നക്കാട് പ്രവർത്തിക്കുന്ന ജില്ലാ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്ത് 100 ബെഡ്ഡുള്ള സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഈ സ്ഥാപനം അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുന്നതിന് നിലവിൽ കെട്ടിട സൗകര്യമില്ല. ഇപ്പോൾ ഒ.പി.-യായി പ്രവർത്തിക്കുന്ന കെട്ടിടത്തിലാണ് രോഗികളെ കിടത്തി വരുന്നത്. 50 ബെഡ് ആശുപത്രിയുടെ പഴയ കെട്ടിടം പൊളിച്ചിട്ടിരിക്കുകയാണ്. കെട്ടിടം പുതുക്കി പണിയുന്നതിന് നിലവിൽ നാല് കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ പണി ആരംഭഘട്ടത്തിലാണ്. ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി ആശുപത്രി 100 ബെഡ്ഡുള്ള സ്ഥാപനമാക്കി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഐ.സി.ഡി.എസ്. സൂപ്പർവൈസർ റാങ്ക് ലിസ്റ്റ്**

272 (1933) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നിലവിലുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ 31-7-2017-ാം തീയതിയിലെ ജനറൽ വിഭാഗത്തിൽ നിലവിലെ ഫിസിക്കൽ കേഡർ സ്ട്രെംഗ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിൽ ജനറൽ വിഭാഗത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനായി ഓരോ ജില്ലയിലും എത്ര ഒഴിവുകൾ വീതം ശേഷിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ജനറൽ റാങ്ക് ലിസ്റ്റിൽ നിന്നും 443 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) ജനറൽ വിഭാഗത്തിൽ 31-7-2017-ാം തീയതിയിലെ കേഡർ സ്ട്രെംഗ്ത് 698 ആണ്.

(സി) ജനറൽ വിഭാഗത്തിൽ 72 ഒഴിവുകളാണ് നിലവിലുള്ളത്. ആയതിൽ 34 ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ PSC-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന അടിസ്ഥാനത്തിൽ നാല് വിഭാഗങ്ങളിലായാണ് സൂപ്പർവൈസർ തസ്തികയിൽ നിയമനം നടത്തുന്നത്. ആയതിനാൽ ജില്ലാടിസ്ഥാനത്തിൽ സൂപ്പർവൈസർ തസ്തികയിൽ ഓരോ വിഭാഗത്തിനായി പ്രത്യേകം പ്രത്യേകം കേഡർ സ്ട്രെംഗ്ത് നിജപ്പെടുത്തിയിട്ടില്ല.

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

273 (1934) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കിവരുന്ന ആശ്വാസ കിരണം പദ്ധതി, കാൻസർ സുരക്ഷ, താലോലം, ശ്രുതി തരംഗം, സ്നേഹസ്പർശം, വയോമിത്രം പദ്ധതി, ഹംഗർഫ്രീ സിറ്റി പദ്ധതി, സ്നേഹ സാന്ത്വനം പദ്ധതി, സമാശ്വാസം പദ്ധതി, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, കാരുണ്യം ഡെപ്പോസിറ്റ് സ്കീം, പ്രത്യാശ വിവാഹ ധനസഹായ പദ്ധതി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ഓരോ പദ്ധതിക്കും എത്ര തുക വീതം വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1. ആശ്വാസകിരണം പദ്ധതി :

2016-17 വർഷത്തിൽ ആശ്വാസകിരണം പദ്ധതിക്കായി 8270.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ഇതിനായി 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺ മാസം വരെ 1.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2. കാൻസർ സുരക്ഷ :

2016-17 സാമ്പത്തിക വർഷം 904 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ഈ പദ്ധതിയ്ക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. താലോലം :

2016-17 സാമ്പത്തിക വർഷം 1051 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. ശ്രുതിതരംഗം :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 197.23 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ഇതിനായി 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2017 ജൂൺ വരെ 16.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

5. സ്നേഹസ്പർശം :

2016-17 സാമ്പത്തിക വർഷം 256.35 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 ജൂൺ വരെ 44.16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

6. വയോമിത്രം :

2016-17 സാമ്പത്തിക വർഷം 1097.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

7. ഹംഗർ ഫ്രീ സിറ്റി :

2016-17 സാമ്പത്തിക വർഷം 195.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. സ്നേഹസാന്ത്വനം :

2016-17 സാമ്പത്തിക വർഷം 1009.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2017 ജൂൺ വരെ 167.93 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

9. സമാശ്വാസം :

2016-17 സാമ്പത്തിക വർഷം 565 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

10. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് :

ആധുനിക ആഡിറ്ററി വെർബൽ തെറാപ്പി ലാബിനായി ഇരിങ്ങാലക്കുട നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷന് 76,70,978 രൂപ നൽകി. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിന് 82,45,000 രൂപയും നൽകിയിട്ടുണ്ട്. അംഗപരിമിതർക്കായുള്ള സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഗുണഭോക്തൃവിഹിതമായ 3.57 കോടി രൂപ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം ഡെപ്പോസിറ്റ് അഡ്വാൻസായി നൽകിയിട്ടുണ്ട്. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് 19 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതിനായി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

11. <u>കാരുണ്യ ഡെപ്പോസിറ്റ് സ്കീം</u> :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സഹായം നൽകിയിട്ടില്ല.

12. <u>പ്രത്യാശാ വിവാഹ ധനസഹായ പദ്ധതി</u> :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സഹായം നൽകിയിട്ടില്ല.

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

## ബഡ്സ് സ്കൂളുകൾ

274 (1935) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കാമോ; എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സർക്കാരിന്റെ 29-7-2009-ലെ സ.ഉ.(എംഎസ്.) നമ്പർ 148/09/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.* എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

## ക്രെഷ് വർക്കർമാരുടെ ഓണറേറിയം

275 (1936) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ദേശീയ ക്രെഷ് പദ്ധതി പ്രകാരം സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന ക്രെഷ് വർക്കർമാർക്ക് ഇപ്പോൾ നൽകിവരുന്ന ഓണറേറിയം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ക്രെഷ് വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് തീയതി മുതലാണ് വർദ്ധനയ്ക്ക് പ്രാബല്യം നൽകാൻ ഉദ്ദേശിക്കുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) രാജീവ്ഗാന്ധി ദേശീയ ക്രെഷ് പദ്ധതി പ്രകാരം സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്രെഷ് വർക്കർമാർക്ക് ഇപ്പോൾ 3000 രൂപ ഓണറേറിയം നൽകി വരുന്നു.

(ബി) ക്രെഷ് വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികൾ**

276 (1937) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളും സാമൂഹ്യക്ഷേമ ബോർഡ് നടപ്പിലാക്കിയ പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.*

**സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്തുവരുന്ന പെൻഷൻ**

277 (1938) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിടപ്പുരോഗികൾക്കും, ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്കും സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്തുവരുന്ന പെൻഷൻ മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി ലഭ്യമാക്കാൻ കാര്യക്ഷമമായ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള 2016 ആഗസ്റ്റ് 15 വരെയുള്ള അപേക്ഷകളും കെട്ടിക്കിടന്ന 2011, 2012, 2013, 2014, 2015, 2016 മേയ് വരെയുള്ള 23804

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അപേക്ഷകളും യഥാസമയം ധനസഹായം ലഭിക്കുന്നില്ല എന്നുള്ള ഗുണഭോക്താക്കളുടെ പരാതികളും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 90251 പേർക്ക് 2016 ജൂൺ മുതൽ 2017 മാർച്ച് വരെ 67,83,79,799 രൂപ വിതരണം ചെയ്തിട്ടുള്ളതാണ്. നേരത്തെ 2012, 2013, 2014-ൽ അപേക്ഷിച്ചിട്ടുള്ളതും തുടർന്ന് ധനസഹായം നൽകാതിരുന്നതുമായ അപേക്ഷകരുടെ പരാതികൾ ലഭിച്ചുവരുന്നത് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനുള്ള സത്വര നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ച് വരികയാണ്.

**വയോമിത്രം പദ്ധതി**

278 (1939) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും വ്യക്തമാക്കുമോ?

ഉത്തരം

വയോമിത്രം പദ്ധതി പ്രകാരം 65 വയസ്സ് കഴിഞ്ഞ മുനിസിപ്പൽ-കോർപ്പറേഷൻ മേഖലകളിലെ വയോജനങ്ങൾക്ക് വിവിധ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറുടെ സേവനവും അവർ താമസിക്കുന്ന പ്രദേശത്ത് പോയി അവർക്ക് ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ആവശ്യമായ മരുന്നുകളും സൗജന്യമായി രണ്ട് ആഴ്ചയിലൊരിക്കൽ വിതരണം ചെയ്തുവരുന്നു. 65 വയസ്സിന് മുകളിലുള്ള വയോജനങ്ങൾക്ക് വയോമിത്രം പദ്ധതിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന് വരുമാന പരിധി ബാധകമല്ല. വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനുതകുന്ന കലാപരിപാടികൾ, ഉല്ലാസയാത്രകൾ എന്നിവ മൂന്ന് മാസത്തിലൊരിക്കൽ നഗരസഭകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു.

**ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

279 (1940) ശ്രീ. ബി. സത്യൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ട്രാൻസ്ജെൻഡർ ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കുമോ;

(സി) ഈ വിഭാഗക്കാരുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഇവർക്കായി തൊഴിൽ പരിശീലന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ട്രാൻസ്ജെൻഡർ വിഭാഗക്കാരുടെ ക്ഷേമത്തിനായി ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ട്രാൻസ്ജെൻഡർമാരായ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും മുതിർന്നവർക്കും വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമായി ബോധവൽക്കരണ ശില്പശാല നടത്തുന്നുണ്ട്. സഹപാഠികളുടെയും അദ്ധ്യാപകരുടെയും അവഗണനയും അവഹേളനവും കാരണം പഠനം പൂർത്തിയാക്കാതെ പോയ ട്രാൻസ്ജെൻഡർമാരെ സർവ്വേ നടത്തി കണ്ടുപിടിച്ച് തുടർ വിദ്യാഭ്യാസം നൽകുന്ന പദ്ധതി സംസ്ഥാന സാക്ഷരതാമിഷൻ സമർപ്പിച്ചിട്ടുണ്ട്. ആയതിന് തുടർ വിദ്യാഭ്യാസം ചെയ്യാൻ ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർമാർക്കിടയിൽ സർവ്വേ നടത്തുന്നതിന് മാത്രമായി സാക്ഷരതാമിഷന് 4,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർമാർക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം നയിക്കുന്നതിനായി ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ട്രാൻസ്ജെൻഡർമാർക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 9-3-2017-ലെ സ.ഉ.(അച്ചടി) നമ്പർ 03/2017/സാ.നീ.വ. പ്രകാരം സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും ജില്ലാതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും രൂപീകരിക്കുകയും 22-4-2017-ലെ സ.ഉ.(സാധാ)നമ്പർ 250/2017/സാ.നീ.വ. പ്രകാരം ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയുടെ അഞ്ച് പ്രതിനിധികളെ സംസ്ഥാനതല ട്രാൻസ്ജെൻഡർ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ ഒന്നാമത് യോഗം 1-7-2017-ൽ ചേർന്നിട്ടുള്ളതാണ്.

(സി) ട്രാൻസ്ജെൻഡർമാരുടെ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് 2-8-2017-ന് സംസ്ഥാനതല ബോധവൽക്കരണ ശിൽപ്പശാല നടത്തിയിരുന്നു. ഇതിൻ പ്രകാരം ഇവരുടെ ക്ഷേമം, അവകാശങ്ങൾ എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഠനം പൂർത്തിയാക്കാതെ പോയ ട്രാൻസ്ജെൻഡർമാരുടെ സർവ്വേ നടത്തി കണ്ടുപിടിച്ച് അവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്ന പദ്ധതി സാക്ഷരതാ മിഷന്റെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) അതാത് ജില്ലകളിലെ ട്രാൻസ്ജെൻഡർമാർക്ക് അഭികാമ്യമായ മേഖലയിൽ തൊഴിൽ പരിശീലനം നൽകി അവരെ പ്രാപ്തരാക്കുന്നതിന് എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും മുൻകൂറായി 5,00,000 രൂപ അനുവദിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**അംഗൻവാടി വർക്കർമാർക്ക് ശമ്പളസ്കെയിൽ**

280 (1941) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്ക് ശമ്പള സ്കെയിൽ അനുവദിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ: ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

നിലവിൽ ഇക്കാര്യം സർക്കാർ പരിഗണനയിലില്ല.

**അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായുള്ള ക്ഷേമനിധി**

281 (1942) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായുള്ള ക്ഷേമനിധി പ്രകാരം അവർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) നിലവിലുള്ള ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അംഗൻവാടി പ്രവർത്തകർക്ക് ക്ഷേമനിധിയിൽ നിന്നും നിലവിൽ പെൻഷനായ വർക്കർക്ക് 1000 രൂപയും ഹെൽപ്പർക്ക് 600 രൂപയും മാസ പെൻഷനായും ഗ്രാറ്റുവിറ്റിയായി വർക്കർക്ക് 15,000 രൂപയും ഹെൽപ്പർക്ക് 10,000 രൂപയും, സർവ്വീസിൽ നിന്ന് വിരമിക്കുകയും രാജിവയ്ക്കുന്നതുമായ അംഗൻവാടി പ്രവർത്തകർക്ക് അവർ അടച്ച തുകയും സർക്കാർ വിഹിതവും 11% ബാങ്ക്

പലിശയും ഉൾപ്പെടുന്ന തുകയും മരണാനന്തരാനുകൂല്യമായി 10,000 രൂപയും എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങുന്ന അംഗൻവാടി ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പായി 1000 രൂപയും, വൈദ്യസഹായമായി 5000 രൂപയും ആനുകൂല്യങ്ങളായി അനുവദിക്കുന്നുണ്ട്.

(ബി) ക്ഷേമനിധിക്ക് പുതിയ ചട്ടവും പദ്ധതിയും തയ്യാറാക്കി അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**വയോജനക്ഷേമം**

282 (1943) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്ക് വേണ്ടി 'സായംപ്രഭ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുതിർന്നവരോട് ആദരവ് വർദ്ധിപ്പിക്കുന്നതിന് 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' എന്ന പേരിൽ വിപുലമായ പരിപാടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) വിവിധ രോഗങ്ങളാൽ കിടപ്പിലായ വയോജനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടോ;

(ഡി) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സംസ്ഥാനത്ത് കൂടുതൽ വൃദ്ധസദനങ്ങളും പകൽവീടുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്കുവേണ്ടി നടപ്പിലാക്കുന്ന 'സായംപ്രഭ പദ്ധതി' പ്രാരംഭഘട്ടത്തിലാണ്. വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി 'സായംപ്രഭ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2235-02-104-82 (പി) ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് 1,96,00,000 രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് സൗജന്യമായി ദന്തനിര വച്ച് കൊടുക്കുന്നതിന് 'മന്ദഹാസം' എന്ന പേരിലുള്ള പദ്ധതിക്കും 2017-18 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. അടങ്കൽ തുക 77 ലക്ഷം രൂപയാണ്. തെരഞ്ഞെടുക്കപ്പെടുന്ന 1500 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

(ബി) 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' എന്ന ആശയത്തിന്റെ ഭാഗമായി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, നഗരസഭകൾ, ജില്ല, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ വഴി മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും Elder Friendly City ആയി രൂപാന്തരപ്പെടുത്തുന്നതിന് നഗരസഭകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി പദ്ധതികൾ ആവിഷ്കരിക്കുന്നുമുണ്ട്. 2017-18 വർഷം 'വളരുന്ന കേരളം വളർത്തിയവർക്ക് ആദരം' ഗ്രാമപ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിൽ ആരോഗ്യ സംരക്ഷണവും, മാനസിക ഉല്ലാസവും, പാലിയേറ്റീവ് കെയർ, വയോജനങ്ങൾക്ക് സർക്കാർ വഴിയുള്ള ആനുകൂല്യങ്ങളുടെ വിവരങ്ങൾ നൽകുന്ന ഹെൽപ്പ് ഡെസ്ക് എന്നിവ ആരംഭിക്കുവാനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കിടപ്പിലായ വയോജനങ്ങൾക്കായി നഗരസഭകളിൽ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രികളിലെ പാലിയേറ്റീവ് കെയർ യൂണിറ്റുമായി സഹകരിച്ച് 'വയോമിത്രം' പദ്ധതി വഴി സഹായങ്ങൾ നൽകുന്നുണ്ട്. 2017-18 സാമ്പത്തിക വർഷാവസാനത്തോടുകൂടി ഗ്രാമപ്രദേശങ്ങളി ലേയ്ക്കുകൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപടി സ്വീകരിച്ചു വരുന്നു.

(ഡി) 'സായംപ്രഭ' പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന തെരഞ്ഞെടുക്കപ്പെട്ട 70 പകൽ പരിപാലന കേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്കുപുറമേ കെയർ ഗിവർമാരുടെ സേവനം, യോഗ/മെഡിറ്റേഷൻ, കൗൺസിലിംഗ്, വൈദ്യപരിശോധന, പോഷകാഹാരം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവയെ 'സായംപ്രഭ' ഹോമാക്കി മാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 16 സർക്കാർ വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ളതും എൻ.ജി.ഒ.-കൾ നടത്തുന്നതുമായ 576 വൃദ്ധസദനങ്ങളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**വനിതകൾക്കായി പ്രത്യേക വകുപ്പ്**

283 (1944) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതകൾക്കായുള്ള പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏങ്കിൽ വനിതാശിശുവികസന വകുപ്പ് ഏത് തീയതി മുതൽ പ്രത്യേകമായി പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി 30-6-2017-ലെ സ.ഉ. (കൈ) നമ്പർ 24/2017/സാ.നീ.വ. പ്രകാരം വനിതാ ശിശുവികസന വകുപ്പ് രൂപീകരിച്ചും വകുപ്പിന്റെ പ്രവർത്തനത്തിനായി ഡയറക്ടർ, ജില്ലാ ഓഫീസർമാർ, ലാ ആഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സപ്പോർട്ടിംഗ് സ്റ്റാഫ് ഉടങ്ങിയ തസ്തികകൾ സൃഷ്ടിച്ചും ഉത്തരവായിട്ടുണ്ട്.

(ബി) വിവിധ തലങ്ങളിൽ വകുപ്പിനെ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും സ്വീകരിച്ച് വരുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രത്യേകമായി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി വികലാംഗക്ഷേമ കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ**

284 (1945) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ ഈടോ ജാമ്യമോ ഇല്ലാതെ വായ്പ അനുവദിക്കുന്നതിന് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എത്ര തുകയാണ് വായ്പ അനുവദിക്കുന്നതെന്നും പലിശ നിരക്ക് എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ ഈടോ, ജാമ്യമോ ഇല്ലാതെ 5% പലിശനിരക്കിൽ മൂന്ന് വർഷ കാലാവധിയിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 25,000 രൂപ വരെ വായ്പ അനുവദിക്കുന്നതിനായി 2017-18 വർഷത്തെ ബജറ്റിൽ 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഭിന്നലിംഗക്കാരുടെ സുരക്ഷയ്ക്കായുള്ള പദ്ധതികൾ**

285 (1946) ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. കെ.യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നലിംഗക്കാരുടെ സുരക്ഷയ്ക്കായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇവർക്കായുള്ള ക്ഷേമപദ്ധതികളുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് തിരിച്ചറിയൽ കാർഡുകൾ, പെൻഷൻ തുടങ്ങിയവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭിന്നലിംഗക്കാർക്ക് നൈറ്റ് സ്റ്റേ ഹോമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഭിന്നലിംഗക്കാരുടെ ക്ഷേമം സംരക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും അദ്ധ്യാപകർക്കും പോലീസ് വകുപ്പിനും ആരോഗ്യവകുപ്പിനും ബോധവൽക്കരണ ശില്പശാല നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ജെന്റേഴ്സിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പെൻഷൻ പദ്ധതിക്കുമാത്രമായി 3 കോടി രൂപ ടി സാമ്പത്തിക വർഷത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്. തിരിച്ചറിയൽ കാർഡ്, പെൻഷൻ തുടങ്ങിയവ നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(ഡി) എറണാകുളം ജില്ലയിൽ Safety Home ആരംഭിക്കുന്നതിന് 1-7-2017-ൽ കൂടിയ ട്രാൻസ്ജെന്റർ ജസ്റ്റിസ് ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**അംഗപരിമിതർക്കുള്ള ആനുകൂല്യങ്ങൾ**

286 (1947) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ നീതി വകുപ്പിൽ നിന്നും അംഗപരിമിതർക്ക് ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്നും ഇതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) അംഗപരിമിതർക്ക് മത്സര പരീക്ഷകൾക്ക് എത്തിച്ചേരുന്നതിനും തിരികെ പോരുന്നതിനും ടി.എ. അനുവദിച്ചു നൽകുന്നുണ്ടോ എന്ന് അറിയിക്കാമോ;

(സി) അംഗപരിമിതർക്കായുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അംഗപരിമിതർക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്
2. അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
3. കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം
4. വികലാംഗ ദുരിതാശ്വാസനിധി ചികിത്സാ ധനസഹായം
5. വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/ വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം
6. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്
7. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
8 വിദ്യാജ്യോതി

9. കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ

10. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി

11. തൊഴിൽപരിശീലന കേന്ദ്രങ്ങൾ

12. വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ

13. സ്പെഷ്യൽ അങ്കണവാടികൾ

14. അംഗപരിമിതരുടെ നിയമനം

താഴെ പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട് :

1. CDMRP – Community Disability Management and Rehabilitation Programme
2. Alzhiemer's Related Disorder Society of India (ARDSI)
3. Epilepsy Care through Schools
4. Pallium India
5. State Nodal Agency Centre (SNAC)
6. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)
7. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)
8. Insight Project (SPACE)
9. District Psychiatric Rehabilitation Project (IMHANS)
10. SIMC (State Institute on Mentally Challenged)

ആശ്രയ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.

2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

3. അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
4. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ
5. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം
6. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ
7. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ
8. സ്പെഷ്യൽ അങ്കണവാടികൾ
9. പ്രോജക്ട് ഓട്ടിസം
10. കാതോരം
11. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)
12. ഹെൽപ്പ് ഡെസ്ക്
13. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ
14. കറക്ഷൻ സർജറികൾ
15. സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ കമ്മ്യൂണിറ്റി റിഹാബിലിറ്റേഷൻ
16. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും
17. വ്യക്തിഗത പരിപാലന പ്ലാൻ
18. ദേശീയ ശില്പശാല
19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം
20. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ - എംപവർ
21. പരിക്കുകൾമൂലം ഉണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ
22. അനുയാത്ര– വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്

കേരള സംസ്ഥാന വികലാംഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അംഗവൈകല്യമുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. അംഗവൈകല്യമുള്ളവർക്കുവേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി

3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി

4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി

5. നാഷണൽ ഹാന്റിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ

6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി

7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി

8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി

9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ

10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി സംസ്ഥാന തലത്തിൽ നടപ്പാക്കൽ

11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും

12. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം

13. കാഴ്ചവൈകല്യമുള്ള യുവതീ യുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി

14. ഭിന്നശേഷിക്കാർക്ക് 25,000 രൂപ വരെ ജാമ്യമില്ലാത്ത വായ്പ നൽകുന്ന പദ്ധതി

(ബി) ഉണ്ട്.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിൽ ഭിന്നശേഷി ക്കാർക്കായി 6 പ്രത്യേക എക്സ്ചേഞ്ചുകൾ നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിക്കാർക്കുവേണ്ടി "കൈവല്യ" എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ മേധാവിയായിട്ടുള്ള സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്കാണ്. ഈ പദ്ധതിയിൽ (1) കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നൽകുന്നതിനായുള്ള "വൊക്കേഷണൽ & കരിയർ ഗൈഡൻസ്" (2) ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുള്ള "കപ്പാസിറ്റി ബിൽഡിംഗ്" (3) തൊഴിൽ മേഖലകളിലെ മത്സര പരീക്ഷകളിൽ പങ്കെടുത്ത് വിജയം വരിക്കുന്നതിനായി "മത്സര പരീക്ഷാ പരിശീലനം" (4) സ്വയം തൊഴിൽ സംരംഭങ്ങൾക്കായി "പലിശരഹിത വായ്പാ പദ്ധതി" എന്നിങ്ങനെ നാല് ഘടകങ്ങളുണ്ട്. ഉദ്യോഗാർത്ഥികളെ ഭിന്നശേഷിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി അനുയോജ്യമായ ഒന്നോ അതിലധികമോ ഘടക പദ്ധതികളിലൂടെ സ്വയംപ്രാപ്തരാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കീഴിൽ ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## കോതമംഗലം താലൂക്കിൽ വിതരണം ചെയ്ത റേഷൻ കാർഡുകളിലെ അപാകത പരിഹരിക്കാൻ നടപടി

287 (1948) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ വിതരണം ചെയ്ത പുതിയ റേഷൻ കാർഡിൽ ബി.പി.എൽ. ആനുകൂല്യത്തിന് അർഹരായ പലരും എ.പി.എൽ ആയതായി എത്ര പരാതികൾ കോതമംഗലം താലൂക്കിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ പരാതികളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) അപാകതകൾ പരിഹരിച്ച കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കോതമംഗലം താലൂക്കിൽ ലഭ്യമായ 3127 അപേക്ഷകൾ പരിഹരിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) നിലവിലെ റേഷൻ കാർഡുകളുടെ വിതരണം പൂർത്തീകരിച്ചതിന് ശേഷം കാർഡിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി**

288 (1949) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങളോ തടസ്സങ്ങളോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) മലപ്പുറം നഗരസഭയിലെ ഹാജിയാർ പള്ളിയിൽ പുതിയ പൊതുവിതരണ കേന്ദ്രം അനുവദിക്കണമെന്ന അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട് റേഷൻ കാർഡുകളുടെ എണ്ണം ഏകീകരിച്ച് നൽകി റേഷൻ കടകളുടെ പുനഃക്രമീകരണം പുരോഗമിച്ചുവരുന്ന സാഹചര്യത്തിൽ പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ പരിശോധിക്കുന്നതിന് കൂടുതൽ സമയം വേണ്ടിവരുമെന്നതിനാൽ ഇക്കാര്യം തൽക്കാലം പരിഗണിക്കുന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 10, 1 എന്ന രീതിയിൽ ആകെ 11 പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഹാജിയാർപള്ളിയിൽ പുതിയ റേഷൻകട അനുവദിക്കുന്നതിനായി 13-10-2014-ൽ മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ 3-3-2014-ൽ ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പുതിയ റേഷൻകട അനുവദിക്കുന്നത് സംബന്ധിച്ച് നടന്ന യോഗത്തിൽ റേഷൻ വ്യാപാരി ലൈസൻസികളുടെ മരണത്തെ തുടർന്നുള്ള അനന്തരാവകാശ നിയമനം, വ്യാപാരികളുടെ അനാരോഗ്യം, വാർദ്ധക്യം എന്നീ കാരണങ്ങളാലുള്ള അനന്തരാവകാശ നിയമനം നടത്താമെന്നും പുതിയ റേഷൻ കടകൾ തൽക്കാലം അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

**ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടാതിരുന്നവർ**

289 (1950) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ അർഹരായ പലരും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഉണ്ട്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 514103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിലും റേഷൻകട തലത്തിലും ക്രോഡീകരിച്ച് നടപടികൾ നടന്നുവരുന്നു. അനർഹരെ ഒഴിവാക്കുന്നതിന് ഫീൽഡുതല പരിശോധന ഉൾപ്പെടെ നടന്നുവരുന്നു.

**ബി.പി.എൽ. മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി**

290 (1951) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ബി.പി.എൽ. പട്ടിക അസാധുവായിട്ടുണ്ടോ;

(ബി) ബി.പി.എൽ. പട്ടികയ്ക്ക് പകരമുള്ള മുൻഗണനാപ്പട്ടിക കേന്ദ്ര സർക്കാരിന്റെ മറ്റ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(സി) സൗജന്യ ചികിത്സാ സഹായത്തിന് ഭക്ഷ്യഭദ്രതാ നിയമത്തിന് കീഴിലെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടവർക്ക് അർഹതയുണ്ടോ എന്നറിയിക്കുമോ;

(ഡി) ബി.പി.എൽ. മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ. വിഭാഗത്തിന് പകരം റേഷൻ വിതരണത്തിനായി എ.എ.വൈ./മുൻഗണനാ/ മുൻഗണനേതര വിഭാഗം എന്നീ വിഭാഗങ്ങളാണ് പൊതുവിതരണ സമ്പ്രദായത്തിലുള്ളത്.

റേഷൻ വിതരണത്തിനുവേണ്ടി മാത്രമാണ് റേഷൻ കാർഡ് വിതരണം ചെയ്തിട്ടുള്ളത്. എന്നിരുന്നാലും മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ഗുരുതരരോഗം ബാധിച്ചവർക്ക് ചികിത്സാ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോറിറ്റി' എന്ന് രേഖപ്പെടുത്തി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നത് തദ്ദേശഭരണ വകുപ്പാണ്. ഇതിനുവേണ്ടിയുള്ള മാനദണ്ഡങ്ങളും പ്രസ്തുത വകുപ്പാണ് നിശ്ചയിച്ചിട്ടുള്ളത്. ബി.പി.എൽ. മാനദണ്ഡ മനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 98 ലക്ഷം ആളുകളാണുള്ളത്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള മുൻഗണനാ പട്ടികയിൽ 1.54 കോടി ആളുകളുണ്ട്.

**പുതിയ റേഷൻ കാർഡ് വിതരണം**

291 (1952) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ട റേഷൻ കാർഡുടമകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മുൻഗണനേതരപ്പട്ടികയിൽ ആകെ എത്ര റേഷൻ കാർഡുടമകളാണു ള്ളതെന്നും വ്യക്തമാക്കുമോ;

(സി) മുൻഗണനാപട്ടികയിൽ ഉൾപ്പെടുവാൻ അർഹതയുണ്ടായിട്ടും വിവിധ കാരണങ്ങളാൽ പട്ടികമാറി റേഷൻ കാർഡ് ലഭിച്ചവർക്ക് മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തി റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ 80,18,030 കാർഡുടമകളാണ് സംസ്ഥാനത്തുള്ളത്. താഴെ കാണുംവിധം 4 തരം റേഷൻ കാർഡുകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| എ.എ.വൈ. കാർഡ് | - | 595800 |
| മുൻഗണനാ കാർഡ് | - | 2906709 |
| മുൻഗണനേതര (സബ്സിഡി) | - | 2935436 |
| മുൻഗണനേതരം (നോൺ സബ്സിഡി) | - | 1580085 |
| ആകെ | - | 8018030 |

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 514103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിൽ നടപടികൾ നടന്നുവരുന്നു. റേഷൻ കടകൾ വഴി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കക്ഷികളെ നേരിൽ കേട്ട് അന്തിമ തീരുമാനമെടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**പുതിയ റേഷൻ കാർഡുകൾ അനുവദിക്കാൻ നടപടി**

292 (1953) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾ പുതുക്കി നൽകാൻ എടുത്ത രണ്ട് വർഷ കാലയളവിൽ പുതിയ റേഷൻ കാർഡുകൾ അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാലയളവിൽ നിർമ്മിക്കപ്പെട്ട പുതിയ വീടുകൾക്ക് റേഷൻ കാർഡുകൾ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്.

**ഭക്ഷണ പദാർത്ഥങ്ങളുടെ വില നിശ്ചയിക്കുന്നതിന് സംവിധാനം**

293 (1954) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണപദാർത്ഥങ്ങൾക്ക് തോന്നിയപോലെ വില ഈടാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇപ്രകാരം വില ഈടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് സ്ഥിരമായി റദ്ദുചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഭക്ഷണപദാർത്ഥങ്ങൾക്ക് വില നിശ്ചയിക്കുന്നതിനായി ഒരു സ്ഥിര സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഒരേ ആഹാര സാധനത്തിന് ഓരോ ഹോട്ടലുകളിലും ഓരോ വിലയാണ് നിശ്ചയിക്കുന്നതെന്ന കാര്യം വകുപ്പ് പരിശോധിക്കുമോ;

(ഡി) ഭക്ഷണപദാർത്ഥങ്ങൾക്ക് വില നിശ്ചയിക്കുന്നതിനായി എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തുയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; മാനദണ്ഡം പാലിക്കാതെ വില നിശ്ചയിക്കുന്ന ഹോട്ടലുകളുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരത്തിൽ ലൈസൻസ് റദ്ദ് ചെയ്ത ഹോട്ടലുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യവസ്തുക്കൾക്ക് ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടില്ല. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമം ഇല്ല. എന്നാൽ അവശ്യസാധനങ്ങളുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവിന് ആനുപാതികമായി ഹോട്ടലുകളിൽ ഒരേ ഭക്ഷണത്തിന്റെ വിലയിൽത്തന്നെ നേരിയ വ്യത്യാസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതും, ഉറപ്പുവരുത്തുന്നതും, ടി സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതും ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിലാണ് വില ഈടാക്കുന്നത്. ആയതിനാൽ തന്നെ ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10-8-2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. എന്നാൽ ആയത് നിയമംമൂലം ഏകീകരിക്കുന്നതിന് സാധുത ഇല്ലെന്നും അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്.

(ഡി) നിലവിലെ നിയമം അനുസരിച്ച് ഹോട്ടൽ ഭക്ഷണത്തിന്റെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിർബന്ധമുണ്ട്. ഇത് ഉറപ്പുവരുത്താനായും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണസാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഈ വകുപ്പിൽ ലഭ്യമല്ല.

## നെല്ല് സംഭരണ കുടിശ്ശിക തുക

294 (T*1955) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കുടിശ്ശിക തുക കർഷകർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

ഉണ്ട്. 13-7-2017-ലെ സ.ഉ.(കൈ)നമ്പർ 16/2017/ഭ.പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കുടിശ്ശിക തുക നൽകുന്നതിന്റെ ഭാഗമായുള്ള ലോൺ നൽകുന്നതിന്, സപ്ലൈകോ ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ തുക 5-8-2017 മുതൽ നൽകി തുടങ്ങിയിട്ടുമുണ്ട്.

## റേഷൻ കാർഡ് മുൻഗണനാ പട്ടികയിലെ അനർഹർ

295 (1956) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ റേഷൻ കാർഡിൽ മുൻഗണനാ പട്ടികയിൽനിന്ന് അനർഹരെ ഒഴിവാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 13866 |
| കൊല്ലം | 8527 |
| പത്തനംതിട്ട | 3280 |
| കോട്ടയം | 5132 |
| ആലപ്പുഴ | 6062 |
| എറണാകുളം | 9531 |

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| | |
|---|---|
| ഇടുക്കി | 804 |
| തൃശ്ശൂർ | 20815 |
| പാലക്കാട് | 24607 |
| മലപ്പുറം | 12344 |
| കോഴിക്കോട് | 9938 |
| വയനാട് | 1375 |
| കണ്ണൂർ | 4684 |
| കാസർഗോഡ് | 6571 |
| ആകെ | 127536 |

**നെല്ല് സംഭരണം**

296 (T* 1957) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ പാഡി കോർപ്പറേഷൻ മുഖേന കഴിഞ്ഞ സീസണിൽ സംസ്ഥാനത്ത് ആകെ എത്ര ടൺ നെല്ലാണ് സംഭരിച്ചത്;

(ബി) ഇതിനു വിലയായി കർഷകർക്ക് നൽകാനുള്ള തുക എത്രയാണെന്നും ഇതിനകം എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) 1,93,42,78,483 രൂപ നൽകുവാൻ ബാക്കിയുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കടം വാങ്ങി കൃഷി ചെയ്ത കർഷകർക്ക് നെല്ലിന്റെ വില യഥാസമയം ലഭിക്കാത്തത് കാരണം അവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ തുക എന്നത്തേക്ക് നൽകാനാകും; വിശദാംശങ്ങൾ നൽകുമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) 2016-17 സീസണിൽ 452810.206 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) 2016-17 സീസണിൽ നെല്ല് സംഭരിച്ച ഇനത്തിൽ സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും ഉൾപ്പെടെ 193 ( നൂറ്റിതൊണ്ണൂറ്റി മൂന്ന് കോടി രൂപ മാത്രം) കോടി രൂപ കർഷകർക്ക് നൽകുവാനുള്ളതും 825,79,51,152 (എണ്ണൂറ്റി ഇരുപത്തിയഞ്ച് കോടി എഴുപത്തിയൊമ്പത് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി ഒരുനൂറ്റി അമ്പത്തിരണ്ട് രൂപമാത്രം) രൂപ നാളിതുവരെ നൽകിയിട്ടുള്ളതുമാകുന്നു.

(സി&ഡി) ഉണ്ട്.

(ഇ) 13-7-2017-ലെ സ.ഉ.(കൈ) നമ്പർ 16/2017/ഭ.പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കുടിശ്ശിക തുക നൽകുന്നതിന്റെ ഭാഗമായുള്ള ലോൺ നൽകുന്നതിന് സപ്ലൈകോ ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ തുക 5-8-2017 മുതൽ നൽകി തുടങ്ങിയിട്ടുമുണ്ട്.

**റേഷൻ കടകളുടെ പരിഷ്കരണം**

297 (1958) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ ഉൾപ്പെടെയുള്ള പൊതുവിതരണ രംഗത്ത് കാലോചിതമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആവശ്യത്തിനുതകുന്നതും ഗുണനിലവാരമുള്ളതുമായ നിത്യോപയോഗ സാധനങ്ങളുടെ വിതരണ കേന്ദ്രമായി റേഷൻ കടകളെ മാറ്റുന്ന കാര്യം പരിഗണ നയിലുണ്ടോ;

(സി) എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആധാർ അധിഷ്ഠിത റേഷൻ കാർഡുകൾ വിതരണം ചെയ്തുവരുന്നു. പൊതുവിതരണ രംഗത്ത് വ്യക്തിഗത ഭക്ഷ്യധാന്യ മൊത്തവ്യാപാരികളെ (333 എണ്ണം) ഒഴിവാക്കി ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ച് അംഗീകൃത ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർമാരാൽ റേഷൻ ഡിപ്പോകളിലെത്തിക്കുന്ന

'വാതിൽപ്പടി വിതരണം' ഗവൺമെന്റ് അംഗീകൃത ഏജൻസിയായ സപ്ലൈകോയെ ഏൽപ്പിച്ചു. ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) ഉപകരണങ്ങൾ റേഷൻ കടകളിൽ സ്ഥാപിക്കുന്നതുവഴി യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രം റേഷൻ വിതരണം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി റേഷൻ വിതരണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ച് കൂടുതൽ സുതാര്യമാക്കാൻ കഴിയും. കൂടാതെ പൊതുവിതരണ സംവിധാനത്തിലെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതല പരാതി പരിഹാര സംവിധാനം എ.ഡി.എം.-ന്റെ കീഴിൽ എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനതല കമ്മീഷൻ നിലവിൽ വരുന്നതുവരെ 'സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് ചുമതല നൽകിയിട്ടുണ്ട്. ഓൺലൈൻ അലോക്കേഷൻ പ്രാവർത്തികമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ എൻ.ഐ.സി. രൂപപ്പെടുത്തിവരുന്നു.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**റേഷൻ കാർഡ് വിതരണത്തിലെ അപാകത**

298 (1959) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം നടത്തിയപ്പോൾ നിലവിലുള്ള ബി.പി.എൽ കാർഡുടമകൾ എ.പി.എൽ. ആയതു സംബന്ധിച്ചും, അനർഹർക്ക് ബി.പി.എൽ കാർഡ് ലഭിച്ചതു സംബന്ധിച്ചും അർഹർക്ക് അത് ലഭിക്കാത്തത് സംബന്ധിച്ചും നിരവധി പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അനർഹരെ ഒഴിവാക്കുമ്പോൾ, ഒരു ജില്ലയിൽ നിന്നും ഒഴിവാക്കപ്പെട്ടുന്നവരുടെ എണ്ണത്തിന് തുല്യമായി അതേ ജില്ലയിലെ തന്നെ അർഹരായവരെ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനും, അങ്ങനെ അർഹർ ആരുമില്ലെന്നുള്ള അവസ്ഥയിൽ മാത്രം അത് മറ്റ് ജില്ലയിലേക്ക് മാറ്റുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിലവിൽ മുൻഗണനാ പട്ടികയുടെ റാങ്കിംഗ് തീരുമാനിച്ചിട്ടുള്ളത് സംസ്ഥാന തലത്തിലാണ്.

**നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക**

299 (1960) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകുവാനുണ്ടോ;

(ബി) നിലവിൽ എന്ത് വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്; അതിൽ സംസ്ഥാന വിഹിതം എത്രയാണ്;

(സി) സംഭരിച്ച നെല്ലിന്റെ രസീത് ബാങ്കിൽ ഹാജരാക്കുന്ന മുറയ്ക്ക് കർഷകരുടെ അക്കൗണ്ടിൽ പണം ലഭ്യമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-17 സീസണിൽ 22.50 രൂപയ്ക്കാണ് നെല്ല് സംഭരിച്ചിരുന്നത്. ഇതിൽ സംസ്ഥാന വിഹിതം 7.80 രൂപയാണ്.

(സി) ഉണ്ട്.

**റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി**

300 (1961) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനും, അർഹരായ എല്ലാപേർക്കും അവശ്യസാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) അരിയുടെ വില പൊതുമാർക്കറ്റിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ, അരിവില പിടിച്ചുനിർത്തുന്നതിനും കുത്തരി, ജയ അരി എന്നിവ റേഷൻ കടകളിൽക്കൂടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016 നവംബർ മുതൽ സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുകയും മൊത്തവിതരണ ഡിപ്പോകളെ ഒഴിവാക്കി സപ്ലൈകോ നേരിട്ട് എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിൽ എത്തിച്ചുവരികയും ചെയ്യുന്നു. മുൻഗണനാ വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകിവരുന്നു. എല്ലാ കാർഡ് ഉടമകൾക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകത്തക്കവിധം ടൈഡ്ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുകയും ടി വിഭാഗത്തിലെ 12114127 പേർക്ക് 2 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 2 രൂപ നിരക്കിൽ നൽകിവരികയും ചെയ്യുന്നു. ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) ഉപകരണങ്ങൾ റേഷൻ കടകളിൽ സ്ഥാപിക്കുന്നതുവഴി യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രം റേഷൻ വിതരണം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി റേഷൻ വിതരണം കമ്പ്യൂട്ടർശൃംഖലയുമായി ബന്ധിപ്പിച്ച് കൂടുതൽ സുതാര്യമാക്കാൻ കഴിയും. കൂടാതെ പൊതുവിതരണ സംവിധാനത്തിലെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതല പരാതി പരിഹാര സംവിധാനം എ.ഡി.എം.-ന്റെ കീഴിൽ എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. ഓൺലൈൻ അലോക്കേഷൻ പ്രാവർത്തികമാക്കുന്നതിനുള്ള സോഫ്റ്റ്‍വെയർ എൻ.ഐ.സി. രൂപപ്പെടുത്തിവരുന്നു.

(ബി) കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ നടത്തി അരിയുടെ കൃത്രിമ ദൗർലഭ്യം സൃഷ്ടിക്കുന്നത് തടയിടുന്നതിനായി പൊതുവിപണിയിലും, പൊതുവിതരണ ശൃംഖലയിലും വകുപ്പ് തലത്തിലുള്ള ശക്തമായ പരിശോധനകൾ നടത്തിവരുന്നു. ഈ വർഷാരംഭത്തിൽ 'ജയ' ബ്രാന്റിലുള്ള അരിയുടെ മാത്രം വില വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഭക്ഷ്യധാന്യ വ്യാപാരികളുടെ യോഗം ജനുവരിയിൽ വിളിച്ച് വില വർദ്ധനവിനുണ്ടായ സാഹചര്യങ്ങൾ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ കളക്ടർമാർ ഭക്ഷ്യധാന്യ വ്യാപാരികളുമായി ചർച്ച ചെയ്യുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇടപെടൽ മുഖേന ഏപ്രിൽ മാസത്തോടെ 'ജയ' ബ്രാന്റ് അരിയുടെ വില സാധാരണ വിലയിൽ എത്തിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ മുഖാന്തരം ശക്തമായ വിപണി ഇടപെടൽ നടത്തുകയും കൺസ്യൂമർഫെഡ് അരിക്കടകൾ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തു. 2017 ഓണത്തിനോടനുബന്ധിച്ച് അരി, മറ്റ് പയറുവർഗ്ഗങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുവേണ്ടി ആന്ധ്ര സർക്കാരുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്നതിന് മന്ത്രിതല ചർച്ച നടത്തുകയും ആയതിനുള്ള തുടർനടപടികൾ സപ്ലൈകോ വഴി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## റേഷൻ കാർഡിലെ മുൻഗണനാ പട്ടിക അംഗീകരിക്കുന്നതിന് ഗ്രാമസഭകൾക്ക് അധികാരം

301 (1962) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റേഷൻ കാർഡിലെ മുൻഗണനാ പട്ടിക അംഗീകരിക്കുന്നതിന് ഗ്രാമസഭകൾക്ക് അധികാരം നൽകുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ വകുപ്പ് 11 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള നിയുക്ത ഉദ്യോഗസ്ഥനും ചേർന്ന് പുതുക്കിയ മുൻഗണനാ പട്ടിക പരിശോധിക്കേണ്ടതും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനം വഴി അംഗീകരിക്കേണ്ടതുമാണ്.

## റേഷൻ സാധനങ്ങളുടെ വിതരണം

302 (1963) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പൊതുജനങ്ങൾക്കുള്ള റേഷൻ വിതരണത്തിൽ കൃത്രിമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) നിലവിൽ ഒരു കുടുംബത്തിന് നൽകുന്ന റേഷൻ സാധനങ്ങൾ എന്തെല്ലാമാണെന്നും ഏത് അളവിലാണ് നൽകുന്നത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് 11 AWD (ഓതറൈസ്ഡ് ഹോൾസെയിൽ ഡിപ്പോ)കളുടെയും 178 ARD (ഓതറൈസ്ഡ് റീറ്റെയിൽ ഡിപ്പോ) 3KWD (കെറോസിൻ ഹോൾസെയിൽ ഡിപ്പോ)കളുടെയും അംഗീകാരം സസ്പെൻഡ് ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട് 178.82 ലക്ഷം രൂപയുള്ള സാധനങ്ങൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്.

(സി) എ.എ.വൈ. വിഭഗത്തിൽപ്പെട്ടവർക്ക് കാർഡിന് 28 കി.ഗ്രാം അരിയും 7 കി. ഗ്രാം ഗോതമ്പും മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും 4 കി. ഗ്രാം അരിയും 1 കി. ഗ്രാം ഗോതമ്പും സൗജന്യമായി നൽകുന്നു. മുൻഗണനേതര വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഓരോ അംഗത്തിനും 2 കി. ഗ്രാം. അരി കിലോഗ്രാമിന് 2 രൂപ നിരക്കിൽ ഓരോ കാർഡിനും 1 കി. ഗ്രാം. ഫോർട്ടിഫൈഡ് ആട്ട വീതം കി. ഗ്രാമിന് 15 രൂപ നിരക്കിലും നൽകും. രണ്ടുരൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെടാത്ത മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ കാർഡിനും അരിയും ഗോതമ്പുമുൾപ്പെടെ 3 കി. ഗ്രാം ഭക്ഷ്യധാന്യം അരി കി. ഗ്രാമിന് 8.90 രൂപ നിരക്കിലും ഗോതമ്പ് കി. ഗ്രാമിന് 6.70 രൂപ നിരക്കിലും ഓരോ കാർഡിനും 2 കി. ഗ്രാം ഫോർട്ടിഫൈഡ് ആട്ട വീതം കി. ഗ്രാമിന് 15 രൂപ നിരക്കിലും ലഭിക്കും. വൈദ്യുതീകരിച്ച വീടുള്ള കാർഡുടമകൾക്ക് മണ്ണെണ്ണ അര ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത വീടുള്ള കാർഡുടമകൾക്ക് 4 ലിറ്റർ വീതവും ലിറ്ററിന് 18 രൂപ നിരക്കിൽ ഓരോ മാസവും നൽകുന്നു.

**റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം**

303 (1964) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം ഏതൊക്കെ ജില്ലകളിൽ പൂർത്തീകരിച്ചു എന്നറിയിക്കാമോ; ഇനി എത്ര ജില്ലകളിൽ വാതിൽപ്പടി വിതരണം പൂർത്തീകരിക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റേഷൻ കടകളിൽ വ്യാപാരികൾക്ക് അനുവദിച്ച അളവിൽ ഭക്ഷ്യധാന്യങ്ങൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് അനുവദനീയമായ അളവിൽ കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) റേഷൻ സാധനങ്ങൾ വാങ്ങാത്ത ഉപഭോക്താക്കളുടെ ഭക്ഷ്യധാന്യവിഹിതം എതു തരത്തിൽ വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം സംസ്ഥാനത്തെ 14 ജില്ലകളിലും പൂർണ്ണമായ നിലയിൽ നടന്നുവരുന്നു.

(ബി) റേഷൻ വ്യാപാരികൾക്ക് അതാത് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും നിശ്ചയിക്കുന്ന അളവിൽ ഭക്ഷ്യധാന്യങ്ങൾ, സപ്ലൈകോ NFSA ഡിപ്പോകളിൽ നിന്നും റേഷൻ കടകളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്നു. ഭക്ഷ്യധാന്യങ്ങളുടെ തൂക്കം ഉറപ്പാക്കുവാൻ റേഷൻ വ്യാപാരികളുടെ സാന്നിദ്ധ്യം അനുവദിച്ചിട്ടുണ്ട്.

(സി) ഉപഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവ്, വില എന്നിവ സംബന്ധിച്ച് ഓരോ മാസവും മാധ്യമങ്ങൾ മുഖേന അറിയിപ്പ് നൽകുകയും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ റേഷൻ കടകളിലും ഇതുസംബന്ധിച്ചുള്ള ബോർഡ് പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റേഷൻ സാധനങ്ങൾ ഉപഭോക്താക്കൾക്ക് അനുവദനീയമായ അളവിൽ കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ പരിശോധനകൾ നടത്തുകയും ലഭ്യമാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നുമുണ്ട്.

(ഡി) ഒരു ഉപഭോക്താവ് ടിയാന്റെ വിഹിതം വാങ്ങിയില്ലെങ്കിൽ തുടർമാസം പ്രസ്തുത റേഷൻ കടയ്ക്ക് നൽകുന്ന വിഹിതത്തിൽ നിന്ന് പ്രസ്തുത നീക്കിബാക്കി കുറച്ചായിരിക്കും അനുവദിക്കുന്നത്.

**റേഷൻ കാർഡുകളിലെ തെറ്റുകൾ**

304 (1965) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ 62,63 നമ്പർ റേഷൻ കടകളുടെ പരിധിയിൽ വരുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങളുടെ റേഷൻ കാർഡുകളിൽ വ്യാപകമായി തെറ്റുകൾ കടന്നു കൂടിയതിനാൽ റേഷൻ കാർഡ് വിതരണം തടസ്സപ്പെട്ടിട്ടുള്ളതും റേഷൻ സാധനങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ക്ലറിക്കൽ പിഴവുമൂലം തടസ്സപ്പെട്ടിരിക്കുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഏതാനും കാർഡുകളിൽ ചില തെറ്റുകൾ കടന്നുകൂടിയ സാഹചര്യത്തിൽ അവർക്ക് കാർഡ് വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഈ കാർഡുടമകൾക്ക് റേഷൻ വിഹിതം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റേഷൻ കാർഡുകളിലെ മുൻഗണനാക്രമം

305 (1966) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പുതുതായി അനുവദിച്ച റേഷൻ കാർഡുകളിലെ മുൻഗണനാക്രമം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എത്ര പരാതികൾ തീർപ്പാക്കിയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ദരിദ്ര കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് ഉറപ്പുവരുത്താൻ നടപടി

306 (1967) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇനിയും വിതരണം ചെയ്യാനുള്ള റേഷൻ കാർഡുകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി റേഷൻ കാർഡുകൾ ലഭിച്ചിട്ടുള്ളവർ ഉടൻ തന്നെ തിരിച്ചു നൽകി പുതിയത് സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് പത്ര/ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യം നൽകുവാനും ആയതിന് സമയപരിധി നിശ്ചയിക്കുവാനും അവർക്ക് യഥാസമയം കാർഡുകൾ ലഭിക്കാനുള്ള സൗകര്യം നൽകുവാനുമായി വകുപ്പ് എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) പുതുക്കിയ റേഷൻ കാർഡ് ലഭിച്ചവരിൽ എത്രപേർ സർക്കാർ/അർദ്ധ സർക്കാർ/ഐ.റ്റി. മേഖല/പൊതുമേഖലാ ഉദ്യോഗസ്ഥർ/പെൻഷൻകാർ ഉണ്ട് എന്ന കണക്ക് വകുപ്പ് പരിശോധിച്ചുവോ; എങ്കിൽ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ എത്രപേർ മുൻഗണനാ വിഭാഗത്തിലെ കാർഡുകൾ അനധികൃതമായി വാങ്ങിയിട്ടുണ്ട്; അതിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഇ) റേഷൻ കാർഡുകൾ പുതുക്കി നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിക്കേണ്ട അധികാരികൾ ആരെല്ലാമായിരുന്നു; ഏതെല്ലാം വകുപ്പുകളെ ഇതിൽ ഏകോപിപ്പിച്ചു; എന്ത് പ്രവർത്തനങ്ങൾക്കനുസൃതമായി ഇതു നൽകി എന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) സംസ്ഥാനത്തെ പല ദരിദ്രരും മുൻഗണനാ ലിസ്റ്റിൽ നിന്നും പുറത്താകുകയും അനർഹർ ഉൾപ്പെട്ടതും പരിശോധിച്ച് മുൻഗണന ലഭിക്കേണ്ട ദരിദ്ര കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് ഉറപ്പുവരുത്താൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | എ.എ.വൈ. | - | 94528 |
| | മുൻഗണനാ | - | 478,207 |
| | പൊതുവിഭാഗം (സബ്സിഡി) | - | 429065 |
| | പൊതുവിഭാഗം (നോൺ സബ്സിഡി) | - | 190680 |
| | ആകെ | - | 1192480 |

(ബി) 6-8-2017-ന് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഉൾപ്പെടെ വിശദമായ പരസ്യം പത്രമാധ്യമങ്ങളിലൂടെ നൽകിയിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്ന സമയത്ത് തന്നെ കാർഡുകളിൽ 'പൊതുവിഭാഗം' എന്ന സീൽ പതിപ്പിച്ച് നൽകുന്നതിനും റേഷൻ കാർഡിന്റെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ റേഷൻ കാർഡ് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പുതുക്കിയ റേഷൻ കാർഡ് ലഭിച്ചവരെ തൊഴിൽ മേഖലയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശോധന നടത്തിയിട്ടില്ല.

(ഡി) സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സഹകരണ മേഖലയിൽ ജോലി നോക്കുന്നവർ, സർവ്വീസ് പെൻഷൻകാർ എന്നിവർ ഉൾപ്പെടെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട 52123 പേർ സ്വമേധയാ ഒഴിയുന്നതിനായി അപേക്ഷ സമർപ്പിച്ച് കാർഡുകൾ മാറ്റിവാങ്ങിയിട്ടുണ്ട്. ഇവരുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ശേഖരിച്ചിട്ടില്ല.

(ഇ) താലൂക്ക് സപ്ലൈ ഓഫീസർമാരാണ് റേഷൻ കാർഡ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷ പരിശോധിക്കാൻ ചുമതലപ്പെട്ട ഓഫീസർമാർ. തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയത്.

(എഫ്) മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യം, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളെയും, സർക്കാർ ജോലി ഉൾപ്പെടെ സ്ഥിരവരുമാനമുള്ളവരെ ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളെയും മറ്റു മാനദണ്ഡങ്ങൾ മാറ്റിവച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.

**റേഷൻ മുൻഗണനാപ്പട്ടികയുടെ മാനദണ്ഡങ്ങൾ**

307 (1968) ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമമനുസരിച്ചുള്ള റേഷൻ മുൻഗണനാ പട്ടികയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) നേരത്തെ പ്രസിദ്ധീകരിച്ച അന്തിമ പട്ടികയിൽ അനർഹർ കടന്നു കൂടിയതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എത്ര പരാതികളാണ് ഇതിനകം ലഭിച്ചത്;

(സി) അനർഹരെ ഒഴിവാക്കി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. തീയതി 27-4-2012, സർക്കാർ ഉത്തരവ് (കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ. തീയതി 14-1-2011 എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1,86,926 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) അനർഹരെ ഒഴിവാക്കി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

## മാവേലി/സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ

308 (1969) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മാവേലി/സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവയിലൂടെ വില കുറച്ച് വിതരണം ചെയ്യുന്ന സാധനങ്ങളുടെ ലഭ്യത എല്ലായിപ്പോഴും ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൂടുതൽ സ്റ്റോറുകൾ ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ?

ഉത്തരം

(എ) 980 മാവേലി സ്റ്റോറുകളും 405 സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ ലഭ്യത എല്ലായിപ്പോഴും ഉറപ്പുവരുത്തുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ലഭ്യമാക്കിയതിനുശേഷം മാത്രമേ ഫ്രീസെയിൽ നിരക്കിൽ നൽകാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിൽപ്പനശാലകളിലെ സ്റ്റോക്കിന്റെ ലഭ്യത അവലോകനം ചെയ്യുകയും കുറവുള്ള സ്ഥലങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(സി) സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിലാണ് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകിവരുന്നത്. നിലവിൽ വിൽപ്പനശാലകൾ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം

309 (1970) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ നാമങ്ങളിൽ അറിയപ്പെടുന്ന സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിലൂടെ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അത്തരത്തിൽ വിതരണം നടത്തുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; നിലവിൽ ഇവ പ്രവർത്തനക്ഷമമാണോ എന്നറിയിക്കുമോ;

(സി) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാരം കർശനമായി പാലിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ;

(ഡി) തലസ്ഥാന നഗരിക്കുള്ളിലെ മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി, ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കൾ വിൽപ്പന നടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളിലൂടെയും സബ്സിഡി നിരക്കിൽ അരി, പയർവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, പഞ്ചസാര എന്നീ അവശ്യ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

(ബി) സപ്ലൈകോയുടെ ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോതലത്തിലും വില്പനശാലാതലത്തിലും കർശനമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ജില്ലയിലുമുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഓരോ ഡിപ്പോയിലേയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഭക്ഷ്യവസ്തുക്കൾ വിശദമായി പരിശോധിച്ചതിനുശേഷമാണ് ഡിപ്പോകളിൽ സ്വീകരിക്കുന്നതും വില്പനയ്ക്കായി വില്പനശാലകളിലേക്ക് അയയ്ക്കുന്നതും, ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ സി.എഫ്.ആർ.ഡി. (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്/ ആർ.എ.എൽ. (റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി) മറ്റ് എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രെഡിറ്റഡ് ലാബുകളിലേയ്ക്ക് നൽകിയ ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. വില്പനശാലകളിൽ നിന്നും ഡിപ്പോകളിൽ നിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ശേഖരിച്ച് സി.എഫ്.ആർ.ഡി. (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്) മറ്റ് എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രെഡിറ്റഡ് ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നു.

(സി) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പരിശോധനാ വിഭാഗത്തിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തലസ്ഥാന നഗരിക്കുള്ളിലെ മാവേലി സ്റ്റോറുകളിൽ ഭക്ഷ്യയോഗ്യമല്ലാത്ത കാലഹരണപ്പെട്ട ഭക്ഷണസാധനങ്ങൾ പ്രദർശിപ്പിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നത് കണ്ടെത്താൻ മിന്നൽ പരിശോധന നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## സിവിൽ സപ്ലൈസ് ഗോഡൗണുകളിലെ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാര പരിശോധന

310 (1971) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യസാധനങ്ങളുടെ സാമ്പിൾ ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കാറുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സപ്ലൈകോയുടെ ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോതലത്തിലും വില്പനശാലാതലത്തിലും കർശനമായ ഗുണനിലവാരനിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ജില്ലയിലുമുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഭക്ഷ്യവസ്തുക്കൾ വിശദമായി പരിശോധിച്ചതിനുശേഷമാണ് ഡിപ്പോകളിൽ സ്വീകരിക്കുന്നതും വില്പനയ്ക്കായി വില്പനശാലകളിലേയ്ക്ക് അയയ്ക്കുന്നതും. ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ സി.എഫ്.ആർ.ഡി. (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്)/ ആർ.എ.എൽ. (റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി) മറ്റ് എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രെഡിറ്റഡ് ലാബുകളിലേക്ക് നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്. വില്പനശാലകളിൽ നിന്നും ഡിപ്പോകളിൽ നിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ശേഖരിച്ച് സി.എഫ്.ആർ.ഡി. (കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്)/മറ്റ് എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രെഡിറ്റഡ് ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നു.

## ഹോട്ടൽ ഭക്ഷണ വില നിയന്ത്രണം

311 (1972) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടൽ ഭക്ഷണ വില നിയന്ത്രിക്കുന്നതിന് ഹോട്ടൽ വില നിയന്ത്രണ നിയമം നടപ്പിലാക്കാൻ തയ്യാറാകുമോ;

(ബി) ഹോട്ടൽ വില നിയന്ത്രിക്കുന്നതിനായി ജില്ലാതല ഭക്ഷണ വില ക്രമീകരണ അതോറിറ്റികൾ രൂപീകരിക്കുന്നതിന് തയ്യാറാകുമോ;

(സി) പാൽ, പച്ചക്കറി, ഇറച്ചി എന്നിവയ്ക്ക് വില കൂടുമ്പോൾ വില വർദ്ധിപ്പിക്കുന്നത് പോലെ വില കുറയുമ്പോൾ ഭക്ഷണവില കുറയ്ക്കുന്നതിനും പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യുമോ?

<u>ഉത്തരം</u>

(എ-സി) ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10-8-2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധുതയില്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ "2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" -ന് പ്രസക്തിയില്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു. ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**മണ്ണെണ്ണ വിതരണം**

312 (1973) <u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ച സംസ്ഥാനത്ത് രണ്ട് ലക്ഷത്തി എഴുപത്തി ഏഴായിരത്തി ഇരുന്നൂറ്റി പത്ത് വീടുകളിൽ വൈദ്യുതി ഇല്ലാത്തതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം നാല് ലിറ്റർ മണ്ണെണ്ണ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അനർഹർക്കും മത്സ്യബന്ധന ബോട്ടുകൾക്ക് തിരിമറി നടത്തിയും മണ്ണെണ്ണ നൽകി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ കേന്ദ്രസർക്കാർ നൽകുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിലെ ജൂൺ 2017-ലെ സ്ഥിതിവിവര കണക്കുപ്രകാരം 179860 (ഒരു ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി എണ്ണൂറ്റി അറുപത്) കുടുംബങ്ങളാണ് വൈദ്യുതീകരിക്കാത്തതായി നിലവിലുള്ളത്. അവർക്ക് പ്രതിമാസം കാർഡൊന്നിന് 4 ലിറ്റർ മണ്ണെണ്ണയാണ് വിതരണം നടത്തിവരുന്നത്.

(ബി) 2017 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭ്യമായ മണ്ണെണ്ണയുടെ അളവിൽ കുറവ് വന്നിട്ടുണ്ടെങ്കിലും ആയതിന്റെ കാരണം പരാമർശിക്കപ്പെട്ടിട്ടില്ല.

**മണ്ണെണ്ണ വിഹിതം**

313 (1974) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിൽ നിന്നുള്ള പ്രതിമാസ മണ്ണെണ്ണ വിഹിതം എത്രയാണ്; ഇതിൽ നിന്ന് മത്സ്യബന്ധന ബോട്ടുകൾക്ക് നൽകുന്ന മണ്ണെണ്ണ എത്രയാണ്;

(ബി) വൈദ്യുതീകരിച്ചതും അല്ലാത്തതുമായ വീടുകൾക്ക് എത്ര ലിറ്റർ മണ്ണെണ്ണ വീതം നൽകുന്നുണ്ട്;

(സി) കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ വൈദ്യുതീകരിക്കാത്ത വീടുകൾക്ക് ഇനി മണ്ണെണ്ണ നൽകേണ്ട ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണ ആവശ്യമുണ്ടെങ്കിൽ സംസ്ഥാനം പ്രത്യേക അപേക്ഷ നൽകേണ്ടതുണ്ടോ; എങ്കിൽ കേരളം അപേക്ഷ നൽകിയിട്ടു ണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഇ) റേഷൻ കടകളിലൂടെ മാത്രം വിതരണം ചെയ്യാൻ കേന്ദ്രം നൽകുന്ന മണ്ണെണ്ണ ഇപ്പോഴും തിരിമറി നടത്തുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കേന്ദ്രം നൽകുന്നതിൽ നിന്ന് എത്ര ലിറ്റർ മണ്ണെണ്ണയാണ് മത്സ്യബന്ധന ബോട്ടുകൾക്കും കാർഷിക ആവശ്യത്തിനും നൽകുന്നത്; ഈ രണ്ടു ആവശ്യങ്ങൾക്കും മണ്ണെണ്ണ നൽകുന്നതാണ് കേരളത്തിന്റെ വിഹിതം വെട്ടിക്കുറയ്ക്കാൻ കാരണം എന്നത് ശരിയാണോ; മണ്ണെണ്ണ മാറ്റി വിറ്റതിനെതിരെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ എതിർപ്പിന്റെ കൂടി അടിസ്ഥാനത്തിലാണോ വിഹിതം കുറഞ്ഞതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-2018 വർഷത്തിലെ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലേക്കുള്ള മണ്ണെണ്ണ വിഹിതം 15456 കിലോ ലിറ്ററാണ്. ഇതിൽ നിന്ന് മത്സ്യബന്ധന മേഖലയ്ക്ക് 3164 കിലോ ലിറ്റർ മണ്ണെണ്ണ അനുവദിച്ച നൽകിയിട്ടുണ്ട്.

(ബി) വൈദ്യുതീകരിച്ച വീടുകൾക്ക് അര ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്ററും മണ്ണെണ്ണ വീതമാണ് നൽകുന്നത്.

(സി) വകുപ്പിലെ വിവരങ്ങളനുസരിച്ച് കുറേ വീടുകൾ കൂടി വൈദ്യുതീകരിക്കാനുണ്ട്. ആയതിനാൽ അവയ്ക്ക് മണ്ണെണ്ണ നൽകേണ്ടതുണ്ട്.

(ഡി) മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇത്തരം ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) 2017-18 ഒന്നാം പാദത്തിൽ മത്സ്യബന്ധന മേഖലയ്ക്ക് 3164 കിലോ ലിറ്റർ മണ്ണെണ്ണയും കാർഷിക മേഖലയ്ക്ക് 45 കിലോ ലിറ്റർ മണ്ണെണ്ണയും അനുവദിച്ചിട്ടുണ്ട്. പി.ഡി.എസ്. മണ്ണെണ്ണ പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമാണ് കേന്ദ്രം ലഭ്യമാക്കുന്നത്. എൽ.പി.ജി. കണക്ഷനുകളിലും വൈദ്യുതീകരിച്ച വീടുകളിലും ഉണ്ടായ വർദ്ധനയാണ് വിഹിതം വെട്ടിക്കുറയ്ക്കാനുണ്ടായ കാരണമായി കേന്ദ്ര സർക്കാർ പറയുന്നത്. പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധനം ഉൾപ്പെടെയുള്ള മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചതിനാൽ 2014-15 കാലയളവിൽ മണ്ണെണ്ണ വിഹിതം വെട്ടിക്കുറിച്ചുവെങ്കിലും സംസ്ഥാനത്തിന്റെ അപേക്ഷ പരിഗണിച്ച് അത് പുനഃസ്ഥാപിച്ച നൽകുകയും ചെയ്തിരുന്നു.

**പുതുതായി ഫോട്ടോ എടുത്ത് കാർഡ് പുതുക്കുന്നതിനുള്ള അവസരം**

314 (1975) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡ് പുതുക്കുന്ന സമയത്ത് ഫോട്ടോ എടുത്ത് കാർഡ് പുതുക്കാൻ കഴിയാത്തവർക്ക് ഫോട്ടോ എടുത്ത് കാർഡ് പുതുക്കുന്നതിനുള്ള അവസരം നൽകുമോ; ഏത് മാസം മുതൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ;

(ബി) അർഹത ഉണ്ടായിട്ടും മുൻഗണനാ വിഭാഗത്തിൽപ്പെടാതെ പോയവർക്ക് അത് പരിഹരിച്ച് കൊടുക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻകാർഡ് പുതുക്കൽ ഒരു തുടർ പ്രക്രിയയാണ്. പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്.

(ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് 514103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിൽ ക്രോഡീകരിച്ച് നടപടികൾ നടന്നുവരുന്നു. അനർഹരായവരെ പൂർണ്ണമായും ഒഴിവാക്കുന്നതുവഴി കൂടുതൽ അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്.

**ദേവികുളം മണ്ഡലത്തിലെ റേഷൻ കടകളുടെ പ്രവർത്തനം**

315 (1976) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകളാണ് പ്രവർത്തിക്കുന്നതെന്നും അവയുടെ പ്രവർത്തനം കൃത്യമായ രീതിയിലാണോ നടക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ക്രമക്കേടുകൾ നടത്തുന്ന ഏതെങ്കിലും റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ദേവികുളം നിയോജക മണ്ഡലത്തിൽ 119 റേഷൻ കടകൾ നിലവിലുണ്ട്. ഏതെങ്കിലും റേഷൻ കടയിൽ ക്രമക്കേട് കണ്ടെത്തിയാൽ കേരള റേഷനിംഗ് ഓർഡർ, 1966 പ്രകാരം കർശന നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ബാധകമല്ല.

**പാചകവാതക സിലിണ്ടറിനുള്ള സബ്സിഡി**

316 (1977) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക സിലിണ്ടറിന് സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം സാധാരണക്കാർക്കുണ്ടാക്കിയേക്കാവുന്ന ബുദ്ധിമുട്ടുകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയും പരിശോധിച്ചിട്ടുണ്ടോ; സബ്സിഡി നിർത്തലാക്കുന്ന പക്ഷം ആയതിന്റെ ആഘാതം ലഘൂകരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ആശ്വാസ നടപടികളുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമുള്ള പക്ഷം ഈ വിഷയത്തിൽ പ്രത്യേക പരിഗണന നൽകി കേരളത്തിന് മാത്രമായി ഒരു പാക്കേജ് പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പാചകവാതക സിലിണ്ടറിന് സബ്സിഡി നിർത്തലാക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം സാധാരണക്കാർക്ക് ഉണ്ടാക്കിയേക്കാവുന്ന ബുദ്ധിമുട്ടുകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയും പരിഗണിച്ച് സബ്സിഡി നിലനിർത്തുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നത് സഹിതമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പുതുക്കി നൽകിയിട്ടുള്ള റേഷൻ കാർഡുകൾ**

317 (1978) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂരിലെ തലപ്പിള്ളി താലൂക്ക് സിവിൽ സപ്ലൈസ് ആഫീസിന് കീഴിൽ എത്ര റേഷൻ കാർഡുകൾ പുതുക്കി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) അതിൽ എ.എ.വൈ. വിഭാഗം, മുൻഗണനാ വിഭാഗം, പൊതുവിഭാഗം, സബ്സിഡി എന്നീ വിഭാഗങ്ങളിൽ എത്ര റേഷൻ കാർഡുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തെറ്റായ വിവരങ്ങൾ ഡിക്ലറേഷനുകളിൽ നൽകി മുൻഗണനാ വിഭാഗത്തിൽ കയറിക്കൂടിയവരെ കണ്ടെത്തി ഒഴിവാക്കിയതു പ്രകാരം എത്ര റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ നിന്നും മാറ്റിയിട്ടുണ്ട്;

(ഡി) അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിന് വീടുകൾ കയറി പരിശോധന നടത്തിവരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,53,106

| | | |
|---|---|---|
| (ബി) | എ.എ.വൈ. | 10,450 |
| | മുൻഗണനാ വിഭാഗം | 69,287 |
| | പൊതുവിഭാഗം (സബ്സിഡി) | 49,070 |
| | പൊതുവിഭാഗം (നോൺ സബ്സിഡി) | 24,299 |

(സി) നിലവിൽ 1,33,857 അനർഹരെ ഒഴിവാക്കിയിട്ടുണ്ട്.

(ഡി) താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് വീടുകളിൽ പോയി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പരിശോധന തുടർന്നുവരുന്നു.

**ചിറ്റൂർ താലൂക്കിലെ റേഷൻ കാർഡ് വിതരണം**

318 (1979) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ താലൂക്കിലെ റേഷൻ കാർഡ് വിതരണം എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ നാളിതുവരെ കാർഡ് വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ&ബി) ചിറ്റൂർ താലൂക്കിൽ എല്ലാ കാർഡുകളും ദ്വിഭാഷാ കാർഡുകളാണ്. ടി. കാർഡുകളുടെ ഉൾപേജുകളിൽ തമിഴും മലയാളവും ഭാഷകളിൽ വിവരങ്ങൾ അച്ചടിക്കേണ്ടതുള്ളതിനാൽ കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിക്ക്, അച്ചടിച്ച് നൽകുവാൻ കൂടുതൽ സമയം ആവശ്യമായതിനാൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. 2017 ആഗസ്റ്റ് 16-ാം തീയതിയോടുകൂടി വിതരണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ദ്വിഭാഷാ കാർഡുകളുള്ള സ്ഥലങ്ങളിൽ മാത്രമേ ഈ കാലതാമസം ഉണ്ടായിട്ടുള്ളു.

**മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർ**

319 (1980) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരായ എത്രപേർ ഇതിനകം റേഷൻ കാർഡ് മാറ്റി നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർ സർക്കാർ ഉദ്യോഗസ്ഥരാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) അപേക്ഷ സമർപ്പിക്കേണ്ട തീയതി ഇതിനകം നീട്ടിയിട്ടുണ്ടോ; എങ്കിൽ എന്നുവരെയാണ് നീട്ടിയത്; ഈ കാലയളവിൽ എത്രപേർ മുൻഗണനാപ്പട്ടികയിൽ നിന്ന് പുറത്താകുമെന്നാണ് കരുതുന്നത്;

(ഡി) അന്തിമ തീയതിക്കുശേഷവും മുൻഗണനാ കാർഡ് കൈവശംവയ്ക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

(ഇ) മുൻഗണനാ റേഷൻകാർഡ് ആരൊക്കെയാണ് തിരികെ നൽകേണ്ടത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) 1,86,926 പേർ അപേക്ഷ സമർപ്പിച്ചതിൽ 27344 പേർ സർക്കാർ ഉദ്യോഗസ്ഥരാണ്.

(സി) 2017 ആഗസ്റ്റ് 20-നകം സർക്കാർ ഉദ്യോഗസ്ഥർ അവരവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സ.ഉ.(കൈ) നമ്പർ 112/2012/ത.സ്വ.ഭ.വ. തീയതി 27-4-2012, സ.ഉ.(സാധാ) നമ്പർ 116/17/ഭ.പൊ.വി.വ. തീയതി 12-4-2017 എന്നിവയിലെ മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനേതര വിഭാഗത്തിൽപ്പെടുന്നവർ സ്വയം ഒഴിവാകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. അനർഹരായ എല്ലാവരെയും മുൻഗണനാ പട്ടികയിൽ നിന്നും പുറത്താക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) വകുപ്പുതല നടപടി സ്വീകരിക്കുന്നതിനോടൊപ്പം തന്നെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ നിർദ്ദിഷ്ട വകുപ്പ് പ്രകാരവും 1955-ലെ അവശ്യസാധന നിയമപ്രകാരവും നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, സംസ്ഥാന ജില്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ, പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ, പ്രതിമാസം 25,000 രൂപയോ അതിൽ കൂടുതലോ വരുമാനമുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ലാറ്റോ ഉള്ള കുടുംബങ്ങൾ, വിദേശത്ത് ജോലി ചെയ്യുന്ന ഉയർന്ന വരുമാനമുള്ള കുടുംബങ്ങൾ, നാല് ചക്ര വാഹനം സ്വന്തമായി ഉപയോഗിക്കുന്നവർ ഉൾപ്പെട്ട കുടുംബങ്ങൾ, ഒരേക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലമുള്ളവർ (പട്ടികവർഗ്ഗ വിഭാഗമൊഴികെ) എന്നിവരാണ് മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാകേണ്ടവർ.

## സ്പെഷ്യൽ ഓണച്ചന്തകൾ

320 (1981) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സ്പെഷ്യൽ ഓണചന്തകൾ ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ഓണച്ചന്തയെങ്കിലും പ്രവർത്തിക്കുന്നതാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

321 (1982) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിന് നടപടി സ്വീകരിക്കുമെന്ന് പലതവണ സർക്കാർ വാഗ്ദാനം നൽകിയിരുന്നതാണെങ്കിലും ഇപ്പോഴും വളരെക്കൂടിയ വിലയ്ക്കാണ് അവ മാർക്കറ്റിൽ ലഭിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അവസ്ഥയ്ക്ക് കാരണമെന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) നേരിയ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം മുതലായ കാരണങ്ങളാൽ ഉത്പാദക സംസ്ഥാനങ്ങളിൽ ഉത്പാദനം കുറഞ്ഞതുമൂലം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകാറുണ്ട്. ഈ പ്രതികൂല സാഹചര്യങ്ങളിലും സബ്സിഡി വിലകളിൽ സ്ഥിരത ഉറപ്പാക്കികൊണ്ടും, സപ്ലൈകോ വിൽപ്പനശാലകളിൽ അധികം സ്റ്റോക്ക് എത്തിക്കുന്നത് വഴിയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാട്ടാക്കട മണ്ഡലത്തിൽ നിന്നും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകൾ**

322 (1983) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ നിന്നും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അനർഹരെ ഒഴിവാക്കുന്നതിനും അർഹരെ ഉൾപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 4937 അപേക്ഷകൾ.

(ബി) അനർഹരെ ഒഴിവാക്കി അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 20-8-2017 വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇന്ത്യൻ ക്രിമിനൽ ശിക്ഷാ നിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും, സ്ഥാപന മേധാവികൾക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3 (13)-ന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

**ആന്ധ്രയിൽ നിന്നും അരി സംഭരിക്കുന്നതിനുള്ള നടപടി**

323 (1984) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് അരി സംഭരിച്ച് നൽകാമെന്ന് ആന്ധ്രാപ്രദേശ് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ധാരണാ പത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ;

(ബി) ആന്ധ്രയിൽ നിന്നും ലഭിക്കുന്ന അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എന്ത് വിലയ്ക്കാണ് പ്രസ്തുത അരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ആന്ധ്രയിൽ നിന്നും അരി എത്തുന്നതോടുകൂടി, പൊതു കമ്പോളത്തിൽ 50 രൂപക്ക് മുകളിലെത്തിയ അരിവില കുറയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോയ്ക്ക് വേണ്ടി മില്ലുടമകളിൽ നിന്ന് ഇടനിലക്കാരില്ലാതെ അരി ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ ചർച്ച നടത്തുകയും ആവശ്യമായ സഹായങ്ങൾ ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടില്ല.

(ബി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതാണ്.

(സി) അരിയുടെ വാങ്ങൽ വില, കൈകാര്യ ചെലവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് വിൽപ്പന വില നിശ്ചയിക്കുന്നത്. വാങ്ങൽ വിലയുടെ അടിസ്ഥാനത്തിൽ വിൽപ്പന വില നിശ്ചയിക്കുന്നതാണ്.

(ഡി) ആന്ധ്രാപ്രദേശിൽ നിന്നുള്ള അരിയുടെ ലഭ്യത വർദ്ധിക്കുന്നതോടെ വില കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

## സർക്കാർ പെട്രോൾ പമ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

324 (1985) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹർത്താൽ/പൊതു പണിമുടക്ക് എന്നിവ നടക്കുന്ന അവസരങ്ങളിൽ സ്വകാര്യ പമ്പുകൾക്കൊപ്പം സർക്കാർ മേഖലയിലുള്ള പെട്രോൾ പമ്പുകളും അടച്ചിടുന്നുണ്ടോ; ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ പോലീസ് കാവലേർപ്പെടുത്തി സർക്കാർ പെട്രോൾ പമ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഹർത്താൽ/പൊതുപണിമുടക്ക് നടക്കുന്ന അവസരങ്ങളിൽ സപ്ലൈകോ പെട്രോൾ പമ്പുകൾ തുറന്ന് പ്രവർത്തിക്കാറുണ്ട്. എന്നാൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് പോലീസിന്റെ അഭിപ്രായം കണക്കിലെടുത്ത് ചിലപ്പോൾ അടച്ചിടാറുണ്ടെങ്കിലും ഹർത്താൽ അവസാനിക്കുന്ന സമയം മുതൽ പെട്രോൾ പമ്പുകൾ പ്രവർത്തനം പുനരാരംഭിക്കാറുണ്ട്.

## ഭക്ഷ്യധാന്യ ഇറക്കുമതിക്ക് കരാർ

325 (1986) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ ഇറക്കുമതിയ്ക്ക് ആന്ധ്രാ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ വിശദമാക്കുമോ;

(സി) ഓണക്കാലത്ത് രൂക്ഷമായ വിലക്കയറ്റവും സാധനങ്ങളുടെ ദൗർലഭ്യവും പരിഹരിക്കുന്നതിന് ഈ കരാർ പ്രയോജനപ്പെടുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകുമോ?

(ഡി) ഇല്ലെങ്കിൽ ഓണക്കാലത്ത് വിപണി ഇടപെടലുകൾ ശക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഇല്ല. ആന്ധ്രാപ്രദേശിൽ നിന്ന് നേരിട്ട് അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർതലത്തിൽ ഒരു ഉന്നതതല സംഘം ആന്ധ്രാപ്രദേശ് സന്ദർശിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ സപ്ലൈകോയ്ക്ക് ആവശ്യമായ അരി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തരം മില്ലുകളിൽ നിന്നും നേരിട്ട് വാങ്ങി നൽകാമെന്ന് തീരുമാനമായിട്ടുണ്ട്.

(ഡി) ഉത്സവ കാലത്തെ പ്രത്യേക വിപണി ഇടപെടലിന്റെ ഭാഗമായി ഇപ്പോൾ പ്രവർത്തിക്കുന്ന വൽപ്പനശാലകൾക്കു പുറമേ ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം സപ്ലൈകോ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പന ശാലകളിലൂടെയും ഓണച്ചന്തകളിലൂടെയും മിതമായ നിരക്കിൽ എല്ലാ ഇനം അവശ്യസാധനങ്ങളും ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സപ്ലൈകോ മുഖേന നടത്തിയിട്ടുണ്ട്.

## ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലെ പൊതുവിതരണ വകുപ്പിന്റെ മരുന്ന് വിൽപ്പനശാല

326 (1987) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ വകുപ്പിന്റെ മരുന്ന് വില്പന ശാലയുടെ വാടകയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വില്പനശാല 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട് പൊതുവിതരണ വകുപ്പിൽ നിലവിലുള്ള ഫയൽ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശാസ്താംകോട്ട മാവേലി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്ന ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 9/1294 നമ്പർ കെട്ടിടം ബ്ലോക്ക് പഞ്ചായത്തിന്റെ 25-3-2008-ലെ 3(6) നമ്പർ തീരുമാനപ്രകാരം വാടകരഹിതമായി ഉപയോഗിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതാണ്.

(ബി & സി) നിലവിലുള്ള വിറ്റുവരവും രാത്രികാലങ്ങളിൽ പ്രവർത്തിച്ചാൽ പ്രതീക്ഷിക്കാവുന്ന വിറ്റുവരവും കണക്കിലെടുത്ത് സാധ്യത പരിശോധിക്കുന്നതാണ്. ടി സ്ഥാപനത്തിന്റെ വാടക കുടിശ്ശികയുമായി ബന്ധപ്പെട്ട് പൊതുവിതരണ വകുപ്പിൽ നിലവിൽ ഫയലുകളൊന്നും തന്നെയില്ല.

## കോട്ടയ്ക്കലിലെ ഇന്ത്യന്നൂരിൽ മാവേലി സ്റ്റോർ

327 (1988) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ, ഇന്ത്യനൂരിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് പാലക്കാട് റീജിയണൽ മാനേജരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. മാവേലി സ്റ്റോറുകളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്. ആവശ്യമായ ജീവനക്കാർ ലഭ്യമല്ലാത്തതുമൂലം ഒന്നിലധികം വിൽപ്പനശാലകളുടെ ചുമതല ഒരേ ജീവനക്കാർക്ക് നൽകിയാണ് നിലവിൽ പ്രവർത്തിപ്പിച്ചുവരുന്നത്. ജീവനക്കാർ ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയ്ക്കൽ ഇന്ത്യന്നൂരിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ അരിവിഹിതം

328 (1989) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ അരിവിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഓണത്തിന് കാർഡുടമകൾക്ക് അഞ്ച് കിലോ അരി സൗജന്യമായോ കുറഞ്ഞവിലയ്ക്കോ നൽകുന്നതിന് പദ്ധതിയുണ്ടോ;

(സി) എങ്കിൽ ഇതിനായി എത്ര ക്വിന്റൽ അരി അനുവദിക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ അളവ്, അധിക വിഹിതം (അഡ്ഹോക്) ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ

അളവിനേക്കാൾ കുറവായതിനാൽ, ഒരു ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന നിലയിൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(ബി & സി) ഓണത്തിന് മുൻഗണനേതര വിഭാഗത്തിലെ കാർഡുടമകൾക്ക് അഞ്ച് കിലോഗ്രാം അരി വീതം നല്കുന്നതിനായി 22578 മെട്രിക് ടൺ (225780 ക്വിന്റൽ) അരി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചാലക്കുടിയിലുള്ള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോ**

329 (1990) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ വാടകയ്ക്കു പ്രവർത്തിച്ചിരുന്ന ചാലക്കുടിയിലെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോ ഒഴിപ്പിക്കുന്നതിനായി കോടതി ഉത്തരവായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിലെ മുഴുവൻ റേഷൻകടകൾക്കും പഞ്ചസാരയും ആട്ടയും അടക്കമുള്ള അവശ്യ വസ്തുക്കളും, വിദ്യാഭ്യാസ സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള മുഴുവൻ കുട്ടികൾക്കും അവശ്യസാധനങ്ങളും ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിലെ മുഴുവൻ മാവേലി സ്റ്റോറുകൾക്കും അവശ്യസാധനങ്ങളും വിതരണം ചെയ്തുവരുന്നതുമായ പ്രസ്തുത ഗോഡൗൺ നിലനിർത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. ചാലക്കുടി ഡിപ്പോ ഓഫീസ്/ഗോഡൗൺ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടം ഒഴിഞ്ഞുനൽകണമെന്ന കീഴ്കോടതി ഉത്തരവിനെതിരെ, ബഹു. ഹൈക്കോടതിയിൽ നൽകിയ ഹർജിയിന്മേൽ, ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ നടപടികൾ നിർത്തിവയ്ക്കാൻ ഉത്തരവായിട്ടുള്ളതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**റേഷൻ കാർഡിൽ പുതുതായി അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

330 (1991) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ കാർഡിൽ പുതുതായി ആളുകളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ ;

(ബി) ഇതിന് അപേക്ഷ സ്വീകരിക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനുള്ള സമയക്രമം തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഇ) ഇല്ലെങ്കിൽ പുതിയ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള സമയക്രമം, നിബന്ധനകൾ, അപേക്ഷ നൽകി എത്ര ദിവസത്തിനകം കാർഡ് നൽകും തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) നിലവിൽ പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം നടന്നുവരികയാണ്. വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകൾ (ജനന സർട്ടിഫിക്കറ്റ്, റിഡക്ഷൻ സർട്ടിഫിക്കറ്റ്, നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്, നോൺ റിന്യൂവൽ സർട്ടിഫിക്കറ്റ്, എം.എൽ.എ., എം.പി., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകൾ) സഹിതം അതാത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷിക്കാവുന്നതാണ്.

(സി-ഇ) റേഷൻ കാർഡ് വിതരണം പൂർത്തിയാക്കിയതിനുശേഷം പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന സമയക്രമം പത്ര/ദൃശ്യ മാധ്യമങ്ങൾ വഴിയും റേഷൻ കടകൾ വഴിയും അറിയിക്കുന്നതാണ്. പുതിയ റേഷൻകാർഡിനായി അപേക്ഷിക്കുമ്പോൾ നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും, ആവശ്യമായ രേഖകൾ ഉൾപ്പെടെ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ നൽകാവുന്നതാണ്. ഫീൽഡ്തല അന്വേഷണം ആവശ്യമില്ലാത്ത അപേക്ഷയാണെങ്കിൽ അപേക്ഷ നൽകുന്ന അന്നേ ദിവസവും, ഫീൽഡ്തല അന്വേഷണം ആവശ്യമുണ്ടെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിലും റേഷൻ കാർഡ് നൽകുന്നതിനുള്ള സംവിധാനം തുടരുന്നതാണ്.

**മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി**

331 (1992) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ഡിപ്പാർട്ട്മെന്റ് 2017 ജൂലൈയിൽ താനൂരിൽ നടത്തിയ അദാലത്തിൽ റേഷൻ കാർഡ് മുൻഗണനാ പട്ടിക സംബന്ധിച്ച് ലഭിച്ച പരാതികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) പട്ടിക തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകതകൾ നിമിത്തം അർഹരായിട്ടും മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെപോയ നിർദ്ധനരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/2011/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ ത.സ്വ.ഭ.വ. എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളെയും, സർക്കാർ ജോലി ഉൾപ്പെടെ സ്ഥിരവരുമാനമുള്ളവരെ ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളേയും മറ്റു മാനദണ്ഡങ്ങൾ മാറ്റിവച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നത് സംബന്ധിച്ച കർശന നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനായി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

**ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം**

332 (1993) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാരുടെയും അടിസ്ഥാനസൗകര്യങ്ങളുടെയും അഭാവമാണ് സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം സുഗമമായി നടക്കാത്തതിന് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സിവിൽ സപ്ലൈസ് വകുപ്പിലും സിവിൽ സപ്ലൈസ് കോർപ്പറേഷനിലും ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നിയമനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജീവനക്കാരുടെ കുറവ് സുഗമമായ പ്രവർത്തനങ്ങൾക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്.

(ബി & സി) സിവിൽ സപ്ലൈസ് വകുപ്പിലും സപ്ലൈകോയിലുമായി 412 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് പൊതുവിതരണ ഡയറക്ടർ, എം.ഡി. സപ്ലൈകോ എന്നിവർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വാതിൽപ്പടി വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിനായി കേരളത്തിലെ 75 താലൂക്കുകളിലുമായി 148 ഗോഡൗണുകൾ, സപ്ലൈകോ സജ്ജീകരിച്ചിട്ടുണ്ട്. ഈ ഗോഡൗണുകളിൽ ത്രാസ്, കമ്പ്യൂട്ടർ, ഫർണിച്ചർ, ഇന്റർനെറ്റ്, ഫോൺ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിവരുന്നു. വാതിൽപ്പടി വിതരണത്തിനുള്ള വിട്ടെടുപ്പും റേഷൻ കടകൾക്കുള്ള വിതരണവും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. റേഷൻ കടകളിലേയ്ക്കുള്ള 2017 ജൂലൈ മാസത്തിന്റെ ഭക്ഷ്യധാന്യങ്ങളുടെ വിതരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് മാസത്തെ റേഷൻ കടകളിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം നടന്നു വരുന്നു.

**റേഷൻ കാർഡുകളിലെ അപാകത പരിഹരിക്കുന്നതിന് സമയപരിധി**

333 (1994) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി നൽകിയ റേഷൻ കാർഡിലെ അപാകതകൾ പരിഹരിക്കുന്നതിന് സമയപരിധി നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

നിലവിൽ ലഭിച്ചിട്ടുള്ള പരാതികൾ ആഗസ്റ്റ് 31-നകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ സ്വീകരിച്ച നടപടികൾ**

334 (1995) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ മുഖാന്തരം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സർക്കാർ നിശ്ചയിക്കുന്ന തുകയ്ക്ക് ഉപഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനായി സപ്ലൈകോ മുഖേന താഴെപ്പറയുന്ന കാര്യങ്ങൾ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ബ്രാൻഡിൽ ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യസാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങൾ MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നു.

(ബി) സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സബ്സിഡി നിരക്കിലുള്ള അവശ്യസാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിനെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഇത്തരം സാധനങ്ങളുടെ വിതരണം റേഷൻ കാർഡ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്.

**വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടി**

335 (1996) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി നിലവിൽ വന്നതുമൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്കുൾപ്പെടെ വൻ വിലക്കയറ്റമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നികുതിയുടെ മറവിൽ സംസ്ഥാനത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തുന്നതിന് ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി.-യുടെ മറവിൽ സൃഷ്ടിക്കുന്ന വിലവർധന നിയന്ത്രിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഉത്സവകാലം മുൻ നിർത്തി സംസ്ഥാനത്തെ ജനങ്ങളെ ബുദ്ധിമുട്ടിക്കും വിധം നടത്തുന്ന കരിഞ്ചന്ത പോലുള്ളവ തടയുന്നതിന് എന്തെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന നടത്തിവരുന്നുണ്ട്. ഓണക്കാലത്ത് ജില്ലാ/താലൂക്ക്/സിറ്റി തലത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും, സംസ്ഥാന തലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉത്സവകാലത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി സംസ്ഥാന/ജില്ലാതല സ്പെഷ്യൽ പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധന**

336 (1997) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയശേഷം ലീഗൽ മെട്രോളജി വകുപ്പ് പരിശോധന ശക്തമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പരിശോധനയുടെ ഭാഗമായി 2017, ജൂലൈ മാസത്തിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തതെന്നറിയിക്കുമോ;

(സി) പ്രസ്തുത പരിശോധനകളുടെ അടിസ്ഥാനത്തിൽ എത്ര രൂപ പിഴ ഈടാക്കിയെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മിന്നൽ പരിശോധനകളും പ്രത്യേക പരിശോധനകളും നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) 2017 ജൂലൈ മാസത്തിൽ MRP യേക്കാൾ അധികവില ഈടാക്കിയത് സംബന്ധിച്ച് 48 കേസുകളും 1,55,000 രൂപയും പാക്കേജ്ഡ് കമ്മോഡിറ്റീസിന്റെ മറ്റു നിയമ ലംഘനങ്ങൾക്ക് 337 കേസ്സുകളും 23,45,500 രൂപയും, മറ്റു നിയമ ലംഘനങ്ങൾ ഉൾപ്പെടെ ആകെ 2565 കേസ്സുകളും 70,06,000 രൂപ രാജി ഫീസും ഈടാക്കിയിട്ടുണ്ട്.

(സി) 70,06,000 രൂപ രാജി ഫീസ് ഈടാക്കിയിട്ടുണ്ട്.

**ലീഗൽ മെട്രോളജി വിഭാഗം സ്വീകരിച്ച നടപടികൾ**

337 (1998) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വിഭാഗം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എറണാകുളം ജില്ലയിൽ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വിഭാഗം സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. നിശ്ചിത കാലയളവുകളിൽ അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പാക്കി മുദ്ര പതിപ്പിക്കുന്നു.

2. തുടർച്ചയായ മിന്നൽ പരിശോധനകൾ നടത്തിയും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അടിയന്തര നടപടികൾ സ്വീകരിച്ചും ലീഗൽ മെട്രോളജി നിയമത്തിന്റെയും ചട്ടങ്ങളുടെയും ലംഘനങ്ങൾക്കും നിയമ നടപടികൾ സ്വീകരിക്കുന്നു.

3. ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കാനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

(ബി) ഉണ്ട്. 2472 സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(സി) 2455 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2452 കേസ്സുകളിൽ നിന്നായി 46 ലക്ഷം രൂപ രാജി ഫീസിനത്തിൽ ഈടാക്കുകയും മൂന്ന് കേസ്സുകൾ കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

## പെട്രോൾ പമ്പുകളിലെ കൃത്രിമം

338 (1999) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ പമ്പുകളിൽ പ്രത്യേക ഇലക്ട്രോണിക് ചിപ്പ് സ്ഥാപിച്ചും ക്രമരഹിതമായ മറ്റു മാർഗ്ഗങ്ങളിലൂടെയും അളവിൽ കൃത്രിമം കാണിക്കുന്നത് പരിശോധിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എറണാകുളം ജില്ലയിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ഇക്കാലയളവിൽ ലീഗൽ മെട്രോളജി വിഭാഗം എത്ര കേസ്സുകൾ എടുത്തുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽ ഇലക്ട്രോണിക് ചിപ്പ് ഉപയോഗിച്ച് അളവിൽ വ്യത്യാസം നടത്തി ഉപഭോക്തൃ ചൂഷണം മാധ്യമങ്ങളിലൂടെ അറിഞ്ഞപ്പോൾ തന്നെ ഇതുമായി ബന്ധപ്പെട്ട കർശനമായ പരിശോധനകൾ സംസ്ഥാനത്തും നടത്തിയിരുന്നു. സിവിൽ സപ്ലൈസ് വകുപ്പ്, ലീഗൽ മെട്രോളജി, എണ്ണക്കമ്പനികൾ, ഡിസ്പെൻസിംഗ് മെഷീനുകളുടെ നിർമ്മാതാക്കൾ എന്നിവരെ ഉൾപ്പെടുത്തി സ്പെഷ്യൽ ടാക്സ്ഫോഴ്സ് ടീം രൂപീകരിച്ച് ഓരോ ജില്ലയിലും പരിശോധനകൾ നടത്തിവരുന്നു. സപ്ലൈകോ പമ്പുകളിൽ കൃത്രിമം കാണിക്കുന്നത് തടയുന്നതിനായി ഓട്ടോമേറ്റഡ് മെഷീനുകളിലൂടെയാണ് ഇന്ധനം വിതരണം ചെയ്യുന്നത്.

(ബി) എറണാകുളം ജില്ലയിൽ 65 പമ്പുകളിൽ ലീഗൽ മെട്രോളജിയുടെ നേതൃത്വത്തിൽ പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ എണ്ണക്കമ്പനി ഉദ്യോഗസ്ഥന്മാർ 561 പരിശോധനകളും അവരുടെ തന്നെ മൾട്ടി ഡിസിപ്ലിനറി ടീം 285 പരിശോധനകളും നടത്തിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് കൃത്രിമങ്ങളൊന്നും കണ്ടെത്താൻ സാധിക്കാത്തതിനാൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(14-8-2017-ലെ നക്ഷത്രചിഹ്നമിടാത്ത 1642, 1650, 1664, 1666, 1668, 1672, 1676, 1681, 1686, 1692, 1716, 1733, 1755, 1774, 1778, 1788, 1805, 1826, 1827, 1835, 1855, 1913, 1923 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)